ദിവ്യബോധനം ഗ്രന്ഥാവലി - 23

# ക്രൈസ്തവ ആദ്ധ്യാത്മികത

## (ഒരു പൊതു പഠനം)

*(Malayalam)*

**Chraisthava Adhyalmikatha**
(Christian Spirituality)

**Fr. C. C. Cherian, B.Sc; B.D; B.Lib. Sc; M.Th.**

Published by : **Divyabodhanam Publications**
Orthodox Seminary, P.B. 98, Kottayam
First Published : Sept. 1997
Second Edition : July 2017
Copyright reserved
Number of copies : 1000
D.T.P. & Printing : Sophia Print House, Kottayam
Price: **Rs. 100/-**

ദിവ്യബോധനം ഗ്രന്ഥാവലി - 23

# ക്രൈസ്തവ ആദ്ധ്യാത്മികത

## (ഒരു പൊതു പഠനം)

ഫാ. സി. സി. ചെറിയാൻ

ദിവ്യബോധനം പബ്ലിക്കേഷൻസ്
ഓർത്തഡോക്സ് സെമിനാരി
കോട്ടയം - 686 001

വില: 100.00

# പ്രസ്താവന

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഏറ്റവും അഭിമാനകരമായ 'ദിവ്യ ബോധനം' വിശ്വാസപഠനപദ്ധതി ഡിഗ്രി തലത്തിലേക്ക് ഉയർന്നതിൽ നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം. ഇതിനോടകം ആയിരത്തിൽപരം സ്ത്രീപുരുഷന്മാർ സർട്ടിഫിക്കറ്റ് ഡിപ്ളോമാ കോഴ്സുകൾ പൂർത്തിയാക്കിയിട്ടുണ്ട്.

ഓർത്തഡോക്സ് വൈദിക സെമിനാരിയിലെ പ്രഗൽഭരായ അദ്ധ്യാപകരുടെ കൂട്ടായ ശ്രമത്തിന്റെ ഫലമായി പ്രസിദ്ധീകരിക്കുന്ന ദിവ്യ ബോധനം പുസ്തകങ്ങൾ മലങ്കരസഭയിലും ഇതരസഭകളിലും വളരെയേറെ ഉപയോഗിക്കപ്പെടുന്നു എന്നത് നമുക്ക് അഭിമാനകരമാണ്. വി. വേദപുസ്തകം, സഭയുടെ വിശ്വാസം, ആരാധന, ചരിത്രം, മിഷണറി ദൗത്യം, എക്യുമെനിസം, അജപാലന ശുശ്രൂഷ എന്നിവയെക്കുറിച്ചെല്ലാം ആധികാരികമായും അതേസമയം ലളിതമായും പ്രതിപാദിക്കുന്ന ഈ പുസ്തകങ്ങൾക്ക് ഇനിയും പ്രചാരവും പ്രസക്തിയും ഉണ്ടാകുമെന്നുള്ളതിൽ സംശയമില്ല.

ദിവ്യബോധനം ഗ്രന്ഥാവലിയിലൂടെ നമ്മുടെ ജനങ്ങൾക്ക് ആഴമായ വേദജ്ഞാനവും വിശുദ്ധജീവിതവും ക്രിസ്തീയ ജീവിതത്തിന്റെ ധാർമ്മികവും സാമൂഹികവുമായ വെല്ലുവിളികളെ സ്വീകരിക്കാനുള്ള മനസ്സൊരുക്കവും ലഭിക്കണമെന്ന് ഇതിന്റെ പ്രവർത്തകർ ആഗ്രഹിക്കുന്നു. അയ്മേനികളുടെ വിശിഷ്യ സ്ത്രീകളുടെ വേദശാസ്ത്ര വിദ്യാഭ്യാസത്തിന് എക്യുമെനിക്കൽ തലങ്ങളിൽ പ്രത്യേകം പ്രാധാന്യം നൽകുന്നുണ്ട്. മലങ്കര ഓർത്തഡോക്സ് സഭ ഇക്കാര്യം ഗൗരവമായി പരിഗണിച്ചാണ് ദിവ്യബോധന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

ദിവ്യബോധനം കോ-ഓർഡിനേറ്ററും ഓർത്തഡോക്സ് വൈദിക സെമിനാരി ലൈബ്രേറിയനുമായ റവ. ഫാ. സി. സി. ചെറിയാന്റെ ക്രിസ്തീയ ആദ്ധ്യാത്മികതയെക്കുറിച്ച് പൊതുവെയും, പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ ആദ്ധ്യാത്മിക പാരമ്പര്യത്തെക്കുറിച്ച് സവിശേഷമായും പ്രതിപാദിക്കുന്ന ഈ പുസ്തകം അവതരിപ്പിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. ആത്മീയ ശിക്ഷണത്തെക്കുറിച്ച് ധാരാളം പഠിക്കുകയും സ്വന്തം ജീവിതത്തിലും പൗരോഹിത്യ ശുശ്രൂഷയിലും അതിനെ പകർത്തുവാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു ആത്മികാന്വേഷകൻ കൂടിയാണ് ഗ്രന്ഥകർത്താവ്.

ഇന്ന് ക്രൈസ്തവവും ക്രൈസ്തവേതരവുമായ മണ്ഡലങ്ങളിൽ ലോകമാസകലം വിചിന്തനം ചെയ്യപ്പെടുന്ന വിഷയമാണ് ആദ്ധ്യാത്മി

കത (Spirituality). വ്യക്തമായ ഒരു നിർവചനം അതിന് കൊടുക്കാനാവില്ല. വ്യക്തിയുടെയും സമൂഹത്തിന്റെയും സമസ്ത ജീവിത മണ്ഡലങ്ങളേയും ആഴമായി സ്പർശിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന ഒരു ആത്മികശക്തിയെക്കുറിച്ചുള്ള അവബോധമാണ് പുതിയ ആത്മികാന്വേഷണത്തിന്റെ കാതൽ. ക്രിസ്തീയ പശ്ചാത്തലത്തിൽ 'പരിശുദ്ധാത്മാവിലുള്ള ജീവിതം' എന്ന് ആദ്ധ്യാത്മികതയെ ലളിതമായി നിർവ്വചിക്കാം. മനുഷ്യനും ഈ ദ്രവ്യപ്രപഞ്ചവും മുഴുവൻ ത്രിയേക ദൈവത്തിന്റെ തേജസ്സിൽ പങ്കാളിയാകാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നതാണ് നമ്മുടെ ആത്മിക പരിശീലനത്തിന്റെ ആധാരം. കർത്താവായ യേശുക്രിസ്തുവിന്റെ മാനുഷിക ജനനം, രൂപാന്തരാനുഭവം, മരണം, ഉയിർപ്പ് തുടങ്ങിയ അനുഭവങ്ങൾ നമ്മുടെ ആത്മികതയുടെ ഉറവിടവും മാനദണ്ഡവുമാണ്. പരിശുദ്ധാത്മാവ് ഈ അനുഭവങ്ങളെ സ്വാംശീകരിക്കാൻ നമ്മെ നിരന്തരം പ്രചോദിപ്പിക്കുന്നു.

ഉപവാസത്തെക്കുറിച്ച് ഫാ. ചെറിയാൻ എഴുതിയ പുസ്തകം ഇതിനകം വളരെ അംഗീകാരം നേടിയിട്ടുണ്ട്. ആത്മികത ബുദ്ധിപരമായ ഒരു വ്യായാമമല്ല, അനുഭവത്തിലൂടെ ഊതി തെളിയിക്കേണ്ട അഗ്നിയാണ് എന്ന് ആ പുസ്തകവും ഇപ്പോൾ അവതരിപ്പിക്കുന്ന ഈ ഗ്രന്ഥവും നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. വേദശാസ്ത്രം ബൗദ്ധികമായ ഒരു പഠനം മാത്രമാണെന്ന ചിന്ത വളരെ അപകടകാരിയാണ്. ആഴമായ ഈശ്വരാനുഭവവും ത്രിത്വരഹസ്യത്തിലുള്ള പങ്കാളിത്തവും പ്രാർത്ഥനയും മനുഷ്യസ്നേഹവുമുള്ളവർക്കേ ശരിയായ അർത്ഥത്തിൽ വേദശാസ്ത്രം പഠിക്കാനും പഠിപ്പിക്കാനും കഴിയൂ. അതുവച്ചു നോക്കുമ്പോൾ വളരെ കുറവുള്ളവരാണ് നാം. എങ്കിലും ആത്മിക ജീവിതത്തിന്റെ വൈവിധ്യവും ആഴവും ഉയരവും അനുഭവിക്കാനുള്ള ശ്രമത്തിൽ നാം മടുത്തുപോകാതിരിക്കാൻ ഇതുപോലുള്ള ഗ്രന്ഥങ്ങൾ സഹായിക്കുന്നു.

യറുശലേമിലെ താന്തൂർ എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ബ. ചെറിയാൻ അച്ചൻ നടത്തിയ ഹ്രസ്വ പഠനവും വിശുദ്ധനാട്ടിലെ സന്ദർശനവും ഈ പുസ്തകത്തിന് പ്രേരകമായിട്ടുണ്ട്. ദിവ്യബോധനം പരമ്പരയിലെ മറ്റു ഗ്രന്ഥങ്ങൾപോലെ നമ്മുടെ ജനങ്ങൾക്കുവേണ്ടി സ്നേഹപൂർവ്വം ഞങ്ങൾ ഈ ഗ്രന്ഥവും സമർപ്പിക്കുന്നു.

**ഫാ. ഡോ. കെ.എം. ജോർജ്ജ്**

(പ്രസിഡണ്ട്, ദിവ്യബോധനം)

സ്ലീബാ പെരുന്നാൾ (സെപ്റ്റംബർ 14, 1997)
പഴയസെമിനാരി, കോട്ടയം

# പ്രസാധകക്കുറിപ്പ്

ആദ്ധ്യാത്മികതയുടെ പേരിൽ പല നൂതന പ്രവണതകളും പരീക്ഷണങ്ങളും വിവിധ കേന്ദ്രങ്ങളിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ക്രൈസ്തവ ആദ്ധ്യാത്മികതയെപ്പറ്റി ഒരു പൊതു പഠനം പ്രസക്തമായി തോന്നി. ഏതെങ്കിലും ഒരു സമീപനത്തിന്റെ തെറ്റും ശരിയും വിധിക്കുകയല്ല, ഈ വിഷയത്തിന്റെ വിവിധ സമീപനങ്ങളെ വേദവെളിച്ചത്തിലും സഭാചരിത്ര പശ്ചാത്തലത്തിലും പഠിതാക്കളെ പരിചയപ്പെടുത്തുക മാത്രമെ ഈ പഠനം ലക്ഷ്യമാക്കുന്നുള്ളു. അവരവരുടെ ആദ്ധ്യാത്മികതയെ വിലയിരുത്തി കൂടുതൽ ഫലപ്രദമായി പ്രയോഗിക്കാൻ ഒരു മാർഗദർശനം ലഭിക്കുവാൻ വായനക്കാരെ ഒരു പരിധിവരെ ഈ പഠനം സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആദ്ധ്യാത്മികതയുടെ പൊതുവിവരണം, വിവിധ ക്രൈസ്തവ കാഴ്ചപ്പാടുകൾ, പൗരസ്ത്യ ക്രൈസ്തവ സമീപനത്തിന്റെ പ്രമാണങ്ങൾ, പ്രയോഗങ്ങൾ എന്നിവയാണ് 24 പാഠങ്ങളിലായി വിവരിച്ചിരിക്കുന്നത്.

ദിവ്യബോധനം പ്രവർത്തനങ്ങൾക്കായി നിർലോപമായ അനുഗ്രഹാശിസ്സുകൾ നൽകിക്കൊണ്ടിരിക്കുന്ന ഈ പ്രസ്ഥാനത്തിന്റെ രക്ഷാധികാരികൂടിയായ പ. മോറാൻ മാർ ബസ്സേലിയോസ് മാർതോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനിയോടുള്ള വിധേയത്വവും ആദരവും വിനയപുരസ്സരം സമർപ്പിക്കുന്നു. ഈ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നത് പ്രസ്ഥാനം പ്രസിഡന്റ് അഭി. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ, സെമിനാരി പ്രിൻസിപ്പൽ റവ. ഡോ. ഒ. തോമസ്, ഡയറക്ടർ റവ. ഫാ. റ്റി. ജെ. ജോഷ്വാ, രജിസ്ട്രാർ റവ. ഫാ. ഡോ. നൈനാൻ കെ. ജോർജ്ജ്, സെൻട്രൽ ഓർഗനൈസർ പ്രൊഫ. ഡോ. വർഗ്ഗീസ് മാത്യു എന്നിവരടങ്ങുന്ന ദിവ്യബോധനം കേന്ദ്രകമ്മിറ്റിയാണ്.

സർവ്വോപരി സകല നന്മകൾക്കും കാരണഭൂതനായ സർവ്വശക്തനായ ദൈവത്തിനു സ്തുതി അർപ്പിച്ചുകൊണ്ട് ഈ ഗ്രന്ഥം ദിവ്യബോധനം ഗ്രന്ഥാവലിയിൽ പ്രസിദ്ധീകരിക്കുന്നു.

ദിവ്യബോധനം കേന്ദ്രകമ്മിറ്റിക്കു വേണ്ടി

**ഫാ. ഡോ. നൈനാൻ കെ. ജോർജ്ജ്**
(രജിസ്ട്രാർ)

# പ്രസാധകക്കുറിപ്പ്

## (പരിഷ്കരിച്ച പതിപ്പിന്റെ)

ദിവ്യബോധനം പഠന പുസ്തകസമുച്ചയത്തിലെ 23-ാമത്തെ പുസ്തകം, ബഹുമാനപ്പെട്ട സി. സി. ചെറിയാനച്ചൻ എഴുതിയ 'ക്രൈസ്തവ ആദ്ധ്യാത്മികത'യുടെ പുതുക്കിയ പതിപ്പ് ഇപ്പോൾ പ്രസിദ്ധീകരിക്കുകയാണ്. ഗ്രന്ഥകർത്താവ് തന്നെ പുനർവായന നടത്തി പരിഷ്ക്കരിച്ച പതിപ്പാണ് ഇത്.

ദിവ്യബോധനം ഡിഗ്രി പഠനപദ്ധതിയായ GOCE യുടെ പരമ്പരയിലെ മൂന്നാം പുസ്തകം പഠിതാക്കൾക്കു മാത്രമല്ല, പൊതുവിശ്വാസ സമൂഹത്തിന് 'അവരവരുടെ ആദ്ധ്യാത്മികതയെ വിലയിരുത്തി കൂടുതൽ ഫലപ്രദമായി പ്രയോഗിക്കുവാൻ' ഉപകാരപ്രദമാണ്. ഈ പുസ്തകം ദിവ്യബോധനം പബ്ലിക്കേഷൻസ് വളരെ സന്തോഷത്തോടെ പുനഃപ്രസിദ്ധീകരിക്കുന്നു.

**ഫാ. ഏലിയാസ് കെ. വി.**
(കോ-ഓർഡിനേറ്റർ, ദിവ്യബോധനം)

കോട്ടയം
10-07-2017

# ആമുഖം

'ദൈവത്തിങ്കലേക്ക് തിരിയുക' എന്ന ആശയത്തിന് ഇന്ന് എന്നത്തേക്കാളുമേറെ പ്രസക്തിയുണ്ട്. മനുഷ്യനേയും പ്രപഞ്ചത്തേയും പറ്റി ദൈവത്തിന്റെ ഉദ്ദേശ്യം തിരിച്ചറിഞ്ഞ് അതിനോട് സഹകരിക്കാനുള്ള തയ്യാറെടുപ്പായിട്ടാണ് ആദ്ധ്യാത്മികതയെ മനസ്സിലാക്കേണ്ടത്. മാനുഷികനിലയിൽ നല്ലതെന്ന് തോന്നുന്ന 'ലൗകിക' പദ്ധതികളെ, ദൈവേഷ്ടമായി അംഗീകരിപ്പിച്ച് 'ഉദ്ദിഷ്ഠ കാര്യം' സാധിച്ചെടുക്കാനുള്ള ഒരു എളുപ്പവിദ്യയായി ആദ്ധ്യാത്മികതയെ പരിഗണിക്കുന്ന പ്രവണതയെ നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഉപഭോഗസംസ്കാരത്തിന്റെ അതിപ്രസരത്താൽ ദൈവത്തെപ്പോലും സ്വന്തം കാര്യസാധ്യത്തിനും ധനസമ്പാദനത്തിനും, സുഖലോലുപതയ്ക്കുമുള്ള ഒരു 'ഉപാധി'യായി ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു 'ആദ്ധ്യാത്മികത' വളർന്നു വന്നിരിക്കുന്നു. കഷ്ടത, ദാരിദ്ര്യം എന്നിവയിലും സന്തോഷിക്കാൻ കഴിയുന്ന ആദ്ധ്യാത്മികതയാണ് ക്രിസ്തുവിന്റെ മാർഗ്ഗമായി കരുതപ്പെട്ടു പോന്നത്. ഇന്ന് ആ സമീപനം അപഹസിക്കപ്പെട്ട് തിരസ്കരിക്കപ്പെട്ടിരിക്കുന്നു.

മനുഷ്യൻ പ്രകൃതിയിലേക്ക് ഇഴുകിച്ചേരുമ്പോഴേ "മനുഷ്യപ്രകൃതി" പൂർണമാകൂ. അതേസമയം അവൻ ദൈവപ്രകൃതിയും സ്വായത്തമാക്കേണ്ടിയിരിക്കുന്നു. ഇതൊരു പരസ്പരപൂരക പ്രക്രിയയാണ്. ദൈവസ്വരൂപം വഹിക്കുന്ന മനുഷ്യൻ ദൈവസാദൃശ്യത്തിലേക്ക് വളർന്ന്, ദൈവത്തോടും മനുഷ്യരോടും പ്രപഞ്ചത്തോടും സകല സൃഷ്ടിജാലങ്ങളോടും ഇണങ്ങിച്ചേർന്ന് അധിവസിക്കുക; അതിനായി സ്വയം ആത്മികാഭ്യസനം നടത്തുക - ഇതാണ് ആദ്ധ്യാത്മികതയുടെ ലക്ഷ്യവും മാർഗ്ഗവും. 'ലൗകിക നേട്ടങ്ങൾ' മാത്രം ലക്ഷ്യമാക്കുന്ന ആത്മികതയാണ് ഇന്നത്തെ ശാപം. 'ആത്മിക നേട്ടങ്ങൾ'ക്കായി ലൗകികത ഉപയോഗിക്കുന്ന സമീപനമാണുണ്ടാകേണ്ടത്. 'ദൈവാഗ്രഹം' മനസ്സിൽ വന്നാലേ "ദ്രവ്യാഗ്രഹം" മാറിപ്പോകൂ. ദ്രവ്യത്തേക്കാൾ കൂടുതൽ ദൈവത്തിൽ ആശ്രയിക്കാനുള്ള 'വിശ്വാസം' ഉണ്ടെങ്കിലേ "ആദ്ധ്യാത്മികത" ശരിപ്പെടുകയുള്ളു. മനുഷ്യനെയും ദൈവത്തേയും സ്നേഹിക്കാനും വസ്തുക്കളെ ആയതിനായി ഉപയോഗിക്കാനും ചെലവഴിക്കാനും നാം പഠിക്കേണ്ടിയിരിക്കുന്നു. യേശുക്രിസ്തു മാതൃകയായും പരിശുദ്ധാത്മാവ് പ്രേരകശക്തിയായും നമ്മിൽ പ്രവർത്തിക്കുമ്പോഴാണ് ആദ്ധ്യാത്മികത വളരുന്നത്.

ആദ്ധ്യാത്മികതയെപ്പറ്റി വിവിധ പഠിപ്പിക്കലുകൾ ഉണ്ടായതുകൊണ്ടാകാം ഇന്ന് വിവിധതരം ആദ്ധ്യാത്മിക പ്രവണതകളും പ്രതിഭാസങ്ങളും പരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. പഴയതിനെ തള്ളി, 'പുതു

മയും പുതുക്കലും' അന്വേഷിക്കുന്നവർക്ക് അനുയോജ്യമായ 'ആദ്ധ്യാത്മികത' സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ ക്രിസ്തീയ കാഴ്ചപ്പാടിൽ "ആദ്ധ്യാത്മികതയെ"പറ്റി വേദപുസ്തകം, സഭാചരിത്രം, ആദ്ധ്യാത്മിക പാരമ്പര്യങ്ങൾ എന്നിവയിൽ ഊന്നൽ നൽകിക്കൊണ്ടുള്ള അന്വേഷണ പഠനത്തിന് പ്രസക്തിയേറിയിട്ടുണ്ട്.

ആദിമസഭയിൽ നിലനിന്നിരുന്ന ആദ്ധ്യാത്മിക ജീവിതത്തെ മനസ്സിലാക്കാനും, വിലയിരുത്താനും അതിന്റെ അടിസ്ഥാനത്തിൽ ആധുനിക സഭയുടെ നിലനിൽപിനും വളർച്ചയ്ക്കും ആവശ്യമായ ആത്മീയ ജീവിത ശൈലി രൂപപ്പെടുത്താനും ഈ പഠനം സഹായകമാകുമെന്ന് കരുതുന്നു. പാശ്ചാത്യ സഭകളിൽ ആദ്ധ്യാത്മികതയെപ്പറ്റി വളരെ വ്യാപകമായ പഠനവും പരീക്ഷണങ്ങളും കാലാകാലങ്ങളായി നടന്നിട്ടുണ്ട്. "പാശ്ചാത്യ ക്രൈസ്തവ ആദ്ധ്യാത്മികത"യിൽ ആധികാരികമായി പല ഗ്രന്ഥങ്ങളും പ്രസിദ്ധീകൃതമായിട്ടുണ്ട്. എന്നാൽ ഓർത്തഡോക്സ് സഭകൾ ഉൾപ്പെടുന്ന "പൗരസ്ത്യ ക്രൈസ്തവ ആദ്ധ്യാത്മികത" പൗരാണിക പാരമ്പര്യത്തിന് ഊന്നൽ നൽകുന്നതുകൊണ്ടാകാം പുതിയ പരീക്ഷണങ്ങൾക്കൊന്നും മുതിർന്നു കണ്ടിട്ടില്ല. അതുകൊണ്ടുതന്നെ പഠനങ്ങളും പരീക്ഷണങ്ങളും പൊതുവെ പരിമിതങ്ങളാണ്. ഈ മേഖലയിൽ, മലയാള ഭാഷയിൽ പ്രസിദ്ധീകൃതങ്ങളായ ഗ്രന്ഥങ്ങൾ തുലോം വിരളമാണ്. ഈ സാഹചര്യത്തിൽ ഇത്തരമൊരു ഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ ഇടയായതിൽ അതിയായ സന്തോഷമുണ്ട്.

പുണ്യഭൂമിയായ യെരുശലേമിലിരുന്നാണ് ഞാൻ ഈ ഗ്രന്ഥം എഴുതി പൂർത്തിയാക്കിയത്. ഈ ഗ്രന്ഥരചന നടത്തുന്നതിന് ഗവേഷണ സൗകര്യം നൽകിയ യെരുശലേമിലെ 'താന്തൂർ എക്യൂമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്' ഡയറക്ടർ റവ. ഫാ. തോമസ് സ്ട്രാൻസ്കി, അതിനായി അവസരവും അനുവാദവും നല്കി ആവശ്യമായ സ്കോളർഷിപ്പ് ക്രമീകരിച്ചുതന്ന സെമിനാരി പ്രിൻസിപ്പൽ റവ. ഫാ. ഡോ. കെ. എം. ജോർജ്, ഈ ഗ്രന്ഥത്തിന്റെ കയ്യെഴുത്തുപ്രതി പരിശോധിച്ച് വേണ്ട തിരുത്തലുകൾ നിർദ്ദേശിച്ച എന്റെ വന്ദ്യഗുരുഭൂതൻ റവ. ഫാ. ടി. ജെ. ജോഷ്വാ, വിഷയക്രമീകരണത്തിൽ മാർഗ്ഗനിർദ്ദേശം നൽകിയ സെമിനാരി അദ്ധ്യാപകൻ റവ. ഫാ. ഡോ. കെ. ജെ. ഗബ്രിയേൽ, ഈ ഗ്രന്ഥത്തിന്റെ അച്ചടി ഭംഗിയായി നിർവഹിച്ച കോട്ടയം നാഷണൽസിറ്റി പ്രസ്സ് ഭാരവാഹികൾ എന്നിവരോട് എന്റെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

**ഫാ. സി. സി. ചെറിയാൻ**

(ഗ്രന്ഥകർത്താവ്)

ശൂനോയൊ

ആഗസ്റ്റ് 15, 1997

# ഉള്ളടക്കം


പ്രസ്താവന 5

പ്രസാധകക്കുറിപ്പ് 7

ആമുഖം 9

### യൂണിറ്റ് 1

## ആദ്ധ്യാത്മികത: ഒരാമുഖ പഠനം

1 ആദ്ധ്യാത്മികത: ഒരു പൊതു അവലോകനം 13

2 ആദ്ധ്യാത്മികത: മറ്റു മതങ്ങളിൽ (യഹൂദ, ഇസ്ലാം മതങ്ങൾ) 23

3 ആദ്ധ്യാത്മികത: ഹൈന്ദവ ധർമ്മത്തിൽ 31

4 ആദ്ധ്യാത്മികത: വേദപുസ്തക വെളിച്ചത്തിൽ 40

5 ആദ്ധ്യാത്മികത: സഭാപിതാക്കന്മാരുടെ കാഴ്ചപ്പാടിൽ 48

6 ആദ്ധ്യാത്മികത: സന്യാസജീവിതത്തിൽ 57

### യൂണിറ്റ് 2

## ക്രൈസ്തവ ആദ്ധ്യാത്മികത: വിവിധ കാഴ്ചപ്പാടുകൾ

1 ആദ്ധ്യാത്മികത: ദേശീയ സവിശേഷതകൾ 69

2 ആദ്ധ്യാത്മികത: റോമൻ കത്തോലിക്കാ സഭയിൽ 77

3 ആദ്ധ്യാത്മികത: പ്രോട്ടസ്റ്റന്റ് സഭകളിൽ 87

4 ആദ്ധ്യാത്മികത: ചില നൂതന പ്രവണതകൾ 95

5 ആദ്ധ്യാത്മികത: ഓർത്തഡോക്സ് വീക്ഷണത്തിൽ 106

6 ആദ്ധ്യാത്മികത: ഓർത്തഡോക്സ് സഭകളിൽ 116

## യൂണിറ്റ് 3

## പൗരസ്ത്യ ആദ്ധ്യാത്മികത: അടിസ്ഥാന പ്രമാണങ്ങൾ


1 ദൈവത്തിൽ വസിക്കുക 125

2 പുതുജീവൻ പ്രാപിക്കുക 137

3 ലോക കളങ്കമേൽക്കാതെ ജീവിക്കുക 148

4 സാമൂഹ്യജീവിതം അഭ്യസിക്കുക 160

5 ആത്മീയ ജീവിതം പരിശീലിക്കുക 170

6 അനുതാപചിന്ത നിലനിർത്തുക 180


## യൂണിറ്റ് 4

## പൗരസ്ത്യ ആദ്ധ്യാത്മികത: പ്രയോഗവും പുരോഗതിയും


1 ആത്മീയ പോരാട്ടത്തിലേക്ക് 192

2 ചിന്താതലത്തിൽ വിജയിക്കുവാൻ 202

3 ദൈവഹിതവും സൽപ്രവൃത്തികളും 215

4 ദൈവസംസർഗ്ഗം: പ്രാർത്ഥനയിലൂടെ 225

5 ധ്യാനാത്മക ജീവിതം
1. ലക്ഷ്യങ്ങളും മാർഗ്ഗങ്ങളും 237

6 ധ്യാനാത്മക ജീവിതം
2. പുരോഗതിയും ഫലപ്രാപ്തിയും 244

Bibliography 253

# യൂണിറ്റ് 1

# ആദ്ധ്യാത്മികത: ഒരാമുഖ പഠനം

## പാഠം 1

## ആദ്ധ്യാത്മികത: ഒരു പൊതു അവലോകനം

**ആമുഖം**

ദൈവാത്മാവിനാൽ പ്രചോദിപ്പിക്കപ്പെടുന്ന അനുഭവങ്ങൾക്കായി മനുഷ്യൻ കാംക്ഷിക്കുന്നു. ആത്മികജീവിത്തിൽ നിലനിൽക്കുക എന്നത് ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ സ്വാഭാവികാവസ്ഥയാണ്. ദൈവാത്മാവിന്റെ പ്രേരണകൾക്കെതിരെ പ്രവർത്തിക്കുന്ന പൈശാചിക ശക്തികളെ തിരിച്ചറിഞ്ഞ് അവയ്ക്കെതിരെ പോരാടി ജയിക്കുവാൻ ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന മനുഷ്യന് ദൈവിക സംരക്ഷണവും ആത്മീയശക്തിയും ലഭിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് ആദ്ധ്യാത്മികതയുടെ അടിസ്ഥാന പ്രമാണം.

ആത്മീയ ജീവിതം തെരഞ്ഞെടുക്കുവാനും അതിന്റെ ആഴങ്ങളിലേക്ക് എത്തിച്ചേരാനും മനസ്സോടെ പരിശ്രമിക്കുന്ന മനുഷ്യരുടെ അദ്ധ്വാനം ദൈവം വിലമതിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇക്കാര്യം വെളിപ്പെടുത്തുന്ന നിരവധി അനുഭവങ്ങൾ വിശുദ്ധന്മാരുടെ ജീവചരിത്രങ്ങളിൽ കാണാം. വിവിധ മതങ്ങളിൽ ആത്മീയ ജീവിതത്തിനുവേണ്ടിയുള്ള അന്വേഷണവും പരിശീലനരീതികളും വ്യത്യാസപ്പെട്ടാണിരിക്കുന്നത്. ക്രിസ്തീയ സഭാവിഭാഗങ്ങളിൽ തന്നെയും വിവിധ രീതികളാണ് ആചരിക്കപ്പെട്ടു വരുന്നത്. ആരാധനാരീതികളിലും അനുഷ്ഠാനക്രമങ്ങളിലും, ഉപദേശ പ്രമാണങ്ങളിലുമെല്ലാം വ്യത്യാസങ്ങൾ കണ്ടേക്കാമെങ്കിലും ആത്യന്തികമായി മനുഷ്യനും ദൈവവും പ്രപഞ്ചവും തമ്മിലുള്ള ഐക്യത്തിലേക്ക് നയിക്കുക എന്നതാണ് എല്ലാ ആത്മീയാനുഭവങ്ങളിലൂടേയും സാധിക്കാനുള്ളത്.

അതേസമയം, കാലദേശഭാഷാസംസ്കാര ഭേദങ്ങൾക്കനുസരിച്ച് ആദ്ധ്യാത്മികത വ്യത്യാസപ്പെട്ടിരിക്കുമെന്നതും പ്രധാന കാര്യമാണ്. പാശ്ചാത്യ, പൗരസ്ത്യ പാരമ്പര്യങ്ങൾ വ്യത്യസ്ത സമീപനങ്ങൾ പുലർത്തുന്നതും അതുകൊണ്ടു തന്നെയാണ്. ഓരോരുത്തരും വളർന്നുവന്ന സാഹചര്യങ്ങൾക്കും സഭാപാരമ്പര്യങ്ങൾക്കും അനുയോജ്യമായവിധത്തിൽ ആദ്ധ്യാത്മികത വികസിപ്പിച്ചെടുക്കാൻ പരിശ്രമിക്കുന്നതാണ് നല്ലത്. ആ നിലയിൽ ചിന്തിക്കുമ്പോൾ, ഓർത്തഡോക്സ് സഭകൾ

പുലർത്തിപ്പോന്ന പൗരസ്ത്യ ക്രൈസ്തവ പാരമ്പര്യത്തെ അവതരിപ്പി ക്കുന്നതിന് കൂടുതൽ പ്രസക്തിയുണ്ടെന്ന് തോന്നിയതിനാലാണ് ഇപ്ര കാരമൊരു പഠനത്തിനു തുനിയുന്നത്.

'ആദ്ധ്യാത്മികത' (Spirituality) എന്ന പദം പല തരത്തിൽ വ്യാഖ്യാ നിക്കപ്പെടുന്നുണ്ട്. പല തെറ്റിദ്ധാരണകളും നിലവിലുണ്ടു താനും. 'ആദ്ധ്യാത്മികത' എന്ന പേരിൽ പല നൂതന പ്രതിഭാസങ്ങളും ആധു നിക കാലഘട്ടത്തിൽ വളർന്നു വരുന്നതിനാൽ സാധാരണജനങ്ങൾ ആശയക്കുഴപ്പത്തിലായിത്തീരുന്നുമുണ്ട്. യേശുക്രിസ്തു ലക്ഷ്യംവച്ച ജീവിതമൂല്യങ്ങളേയും, ജീവിച്ചു കാണിച്ച ജീവിത തത്വങ്ങളേയും, തകിടം മറിച്ചുകൊണ്ടുള്ള നവീന പ്രതിഭാസങ്ങളെ തിരിച്ചറിഞ്ഞ്, യഥാ ർത്ഥ ക്രിസ്തീയജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് മാർഗ്ഗ നിർദ്ദേശം നൽകുവാൻ സഭയ്ക്ക് ചുമതലയുണ്ട്.

17-ാം നൂറ്റാണ്ടിൽ ഫ്രാൻസിൽ റോമൻ കത്തോലിക്കാ സഭയിലെ ആദ്ധ്യാത്മികതയെ സൂചിപ്പിക്കാനാണ് Spirituality എന്ന പദം ആദ്യമായി ഉപയോഗിച്ചതെങ്കിലും, ഇന്ന് പ്രോട്ടസ്റ്റന്റ്, ഓർത്തഡോക്സ് സഭകളി ലെല്ലാം ഈ പദം ശ്രദ്ധേയമായിത്തീർന്നിരിക്കുന്നു. പലതരത്തിലുള്ള പരീക്ഷണങ്ങളും പുതുമകളും ഈ മേഖലയിൽ അനുദിനം പ്രത്യക്ഷ പ്പെടുന്നതിനാൽ, ആദ്ധ്യാത്മികതയുടെ അടിസ്ഥാന രൂപഭാവങ്ങൾ വിക ലമായിപ്പോകുന്നു. ഈ സാഹചര്യത്തിൽ ഈ വിഷയത്തെപ്പറ്റി ഒരു അന്വേഷണവും പഠനവും ആവശ്യമായി വന്നിരിക്കുന്നു.

'ആദ്ധ്യാത്മികത' പഠിക്കുക എന്നതിനേക്കാൾ ജീവിക്കുക എന്ന താണ് ആവശ്യമായിരിക്കുന്നത്. ബുദ്ധിപരമായി കുറെ അറിവ് നേടുന്ന തല്ല, അറിഞ്ഞ കാര്യങ്ങൾ 'ജീവിക്കുക' എന്നതാണ് പ്രധാനം. ആദ്ധ്യാ ത്മികത ഒരു ജീവിതക്രമമാണ്. ആത്മീയ ജീവിതശൈലിയാണ്. ഒരു രുചിച്ചറിയലാണ്. അപ്രകാരമുള്ള ഒരു ആത്മീയ അനുഭവത്തിലേക്ക് ഈ പഠനം നയിക്കുമെന്ന പ്രതീക്ഷയിൽ, ഒരാത്മീയ തീർത്ഥാടനത്തി ലേക്ക് എന്നവണ്ണം എല്ലാവരേയും ഈ പഠനത്തിനായി ക്ഷണിച്ചു കൊള്ളുന്നു.

പൗരസ്ത്യ ഓർത്തഡോക്സ് ആദ്ധ്യാത്മികതയാണ് പ്രധാനമായി പഠനവിധേയമാക്കുന്നതെങ്കിലും, പ്രോട്ടസ്റ്റന്റ്, റോമൻ കത്തോലിക്കാ വിഭാഗങ്ങളിൽ പ്രയോഗത്തിലിരിക്കുന്ന പാശ്ചാത്യ ആദ്ധ്യാത്മികതയും പരാമർശിക്കപ്പെടുന്നുണ്ട്. ഒന്നാം ഭാഗത്തിൽ, ആദ്ധ്യാത്മികതയുടെ ഒരു പൊതുവിവരണവും, രണ്ടാം ഭാഗത്തിൽ, വിവിധ ക്രൈസ്തവ സഭാ വീക്ഷണങ്ങളും, മൂന്നാം ഭാഗത്തിൽ പൗരസ്ത്യ ആദ്ധ്യാത്മികതയുടെ അടിസ്ഥാനങ്ങളും തത്വങ്ങളും നാലാം ഭാഗത്തിൽ പ്രയോഗവും പുരോ ഗതിയും ചർച്ച ചെയ്യപ്പെടുന്നു.

## എന്താണ് ആദ്ധ്യാത്മികത?

Spiritualite എന്ന ഫ്രഞ്ച് വാക്ക് ഈ ലോക ജീവിതവുമായി യാതൊരു ബന്ധവുമില്ലാത്ത ജീവിതരീതിക്കാണ് ആദ്യമായി ഫ്രാൻസിലെ കത്തോലിക്കാ സഭയിൽ ഉപയോഗിക്കാൻ തുടങ്ങിയത്. പിന്നീട് പ്രാർത്ഥനയും അച്ചടക്കവും പാലിച്ച് ഉന്നതമായ ആത്മീയാനുഭവത്തിലെത്തിച്ചേരാനുള്ള മാർഗ്ഗമായി പലരും അത് സ്വീകരിച്ചു. വേദശാസ്ത്രം തന്നെ മൂന്നു തലത്തിൽ വിഭജിച്ച് മനസ്സിലാക്കുവാൻ ആരംഭിച്ചതും കത്തോലിക്കാ സഭയിൽ 'ആദ്ധ്യാത്മികത'യ്ക്കും പ്രാധാന്യം കൊടുത്തുകൊണ്ടായിരുന്നു. Dogmatic Theology, Moral Theology, Spiritual Theology എന്നിങ്ങനെ ബുദ്ധി, ശരീരം, ആത്മാവ് എന്നിവയുടെ പരിപോഷണത്തിനായി വിഭജിച്ച് പഠിപ്പിക്കുവാൻ തുടങ്ങി. 'Spirituality' ആത്മാവിനെ മാത്രം ബാധിക്കുന്നതായും മറ്റു രണ്ടു ശാഖകളും മനസ്സിനേയും ശരീരത്തേയും ബാധിക്കുന്നവയുമാണെന്നവിധത്തിൽ വേദശാസ്ത്രം വിഭജിക്കപ്പെട്ടപ്പോൾ, മനുഷ്യന്റെ പൂർണ്ണത അഥവാ ആത്മശരീര മനസ്സുകളുടെ മുഴുവനുമായുള്ള വളർച്ച, അവഗണിക്കപ്പെടുകയുണ്ടായി.

'Spirituality' എന്നത് അക്രൈസ്തവ മതങ്ങളിലും ആചാരങ്ങളിലും ഉള്ളതായി കാണുന്നുണ്ട്. അത് 'ഭൂതബാധ'യുടെ ആവിഷ്കാരങ്ങളായി (Spiritualism) ചിലർ മനസ്സിലാക്കി. അതുകൊണ്ടു കൂടിയാകാം, ഓർത്തഡോക്സ് സഭകളിൽ ആദ്ധ്യാത്മികത (Spirituality) എന്ന ഒരു പ്രത്യേക ശാഖയ്ക്ക് പൊതുവെ അംഗീകാരം കിട്ടിയില്ല. ക്രിസ്തീയ ജീവിതം (Christian Life) എന്ന പ്രയോഗമാണ് ഓർത്തഡോക്സ് സഭകളിൽ പൊതുവെ സ്വീകാര്യമായിരുന്നത്. പിന്നീട് ആദ്ധ്യാത്മികതയുടെ വിവിധ വശങ്ങൾ വെളിപ്പെടുത്തുന്ന പഠനങ്ങളും സമീപനങ്ങളും വിവിധ സഭകളിൽ വളർന്നു വന്നപ്പോൾ ഓർത്തഡോക്സ് സഭകളിലും ആ നിലയിലുള്ള ഒരു സമീപനം ആത്മീയതലത്തിൽ രൂപംപ്രാപിച്ചു വന്നു.

ആദ്ധ്യാത്മികത ഒരു 'രഹസ്യതന്ത്രം' ആയി ചിലർ അവതരിപ്പിക്കുകയും, ആ രഹസ്യതന്ത്രം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതാണ് ആദ്ധ്യാത്മികതയുടെ പ്രധാന സംഗതി എന്ന ഒരു ധാരണ പരത്തുകയും അങ്ങനെ അനേകംപേർ സ്വാർത്ഥലാഭത്തിനായി ആത്മീയ ഗുരുക്കന്മാരും പിതാക്കന്മാരുമായി സ്വയം പ്രഖ്യാപിച്ച് മനുഷ്യരെ വഴിതെറ്റിക്കുകയും ചെയ്തിട്ടുണ്ട്. അനുയായികളെ ആത്മഹത്യയിലേക്കു വരെ എത്തിച്ച ആത്മീയ ഗുരുക്കന്മാരും കാലാകാലങ്ങളിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിട്ടുണ്ട്. ഇപ്രകാരമുള്ള സാഹചര്യത്തിൽ, ആശയക്കുഴപ്പങ്ങൾ കഴിയുന്നതും ഒഴിവാക്കുവാനും നേരായ രീതിയിൽ ആദ്ധ്യാത്മിക ജീവിതം കെട്ടിപ്പടുക്കാനും സഹായിക്കുന്നവിധത്തിൽ

ആദ്ധ്യാത്മികതയെപ്പറ്റി കൂടുതൽ പഠനങ്ങളും ഗവേഷണങ്ങളും പരിശീലനമുറകളും ഈ നൂറ്റാണ്ടിൽ വിവിധ സഭകളിലായി പ്രബലപ്പെട്ടു വരുന്നുണ്ട്.

## 1. ക്രിസ്തീയ ആദ്ധ്യാത്മികത: ചില പ്രത്യേകതകൾ (Christian Spirituality)

ക്രിസ്തീയ ആദ്ധ്യാത്മികതയുടെ പ്രത്യേകതകളായി എടുത്തു പറയാവുന്ന ചില കാര്യങ്ങൾ താഴെ ചേർക്കുന്നു.

1) ആന്തരിക ജീവിത വിശുദ്ധിയും അനുഭവങ്ങളും പ്രാപിക്കുന്നതോടൊപ്പം ബാഹ്യമായ ജീവിതക്രമത്തിലും സാരമായ, പ്രകടമായ മാറ്റം ഉണ്ടാകണം. പ്രാർത്ഥന, ശിക്ഷണം, അനുതാപം, ദൈവസ്നേഹം, മനുഷ്യപ്രീതി, പ്രകൃതിയോടുള്ള താദാത്മ്യം ഇവയെല്ലാം ഒത്തൊരുമിച്ച് വളർത്തിയെടുക്കാൻ കഴിയുന്നെങ്കിൽ മാത്രമേ അതിനെ ക്രിസ്തീയ ആദ്ധ്യാത്മികതയായി പരിഗണിക്കാൻ സാധിക്കൂ.

2) ദൈവത്തോടുള്ള അടുപ്പവും വിധേയത്വവും അനുസരണവും പാലിക്കുന്നതോടൊപ്പം മനുഷ്യരോടും, സകല ജീവജാലങ്ങളോടും പ്രകൃതി മുഴുവനോടും കൂടി ഒന്നായി ചേർന്ന് ഒത്തൊരുമിച്ച് വസിക്കുന്ന, ഏദൻ തോട്ടത്തിന്റെ അനുഭവത്തിലേക്ക് നയിക്കുന്നതാകണം ക്രിസ്തീയ ആദ്ധ്യാത്മികത.

3) നിഷ്ഠയോടെയുള്ള ജീവിതം, മനസ്സിന്റെ അഭിലാഷങ്ങളെ കടിഞ്ഞാണിട്ട് നിർത്തുവാനുള്ള കഴിവ്, സ്വയപരിത്യാഗം, നിസ്വാർത്ഥത, സ്വർഗ്ഗീയ നന്മകൾ പ്രാപിക്കേണ്ടതിന് ലൗകികനേട്ടങ്ങൾ, ലൗകിക ആഡംബരങ്ങൾ, സുഖലോലുപത എന്നിവ ഒഴിഞ്ഞ് ലളിതജീവിതം നയിക്കുക, സ്വർഗ്ഗരാജ്യത്തെ ലക്ഷ്യമാക്കി ജീവിക്കുക തുടങ്ങിയവ ക്രിസ്തീയ ആദ്ധ്യാത്മികതയുടെ പ്രധാന ജീവിതരീതികളായി പരിഗണിച്ച് പരിശീലിക്കണം.

4) ലോകത്തിൽ തന്നെ ജീവിക്കണം; എന്നാൽ 'ലോകക്കാർ' ആകാതെ സ്വയം സൂക്ഷിക്കണം. വള്ളം വെള്ളത്തിലാണെങ്കിലും വള്ളത്തിനകത്ത് വെള്ളം കയറിയാൽ മുങ്ങിപ്പോകുമെന്നോർത്ത്, കരുതലോടെ, ലോകത്തിലുള്ള കളങ്കങ്ങൾ പറ്റാതെ ജീവിക്കണം. മരുഭൂമിയിലോ, ആശ്രമങ്ങളിലോ, ഭവനങ്ങളിലോ, ധ്യാനത്തിനായും മറ്റും വേർപെട്ടിരിക്കുന്നത് ആശ്രമസ്ഥർക്കും കുടുംബസ്ഥർക്കും ഒരുപോലെ നല്ലതാണ്. അതോടൊപ്പം തന്നെ, ലഭിച്ച 'ആദ്ധ്യാത്മികത' സമൂഹവുമായി പങ്കിട്ട് ജീവിക്കുവാനും അങ്ങനെ പരസ്പരബന്ധത്തിൽ വളർന്നു വരുവാനും ക്രിസ്തീയ ആദ്ധ്യാത്മികത ലക്ഷ്യമാക്കുന്നു.

5) ദൈവത്തിലും ദൈവിക കാര്യങ്ങളിലും ശരിയായി സന്തോഷം കണ്ടെത്തുവാൻ കഴിയണം. ആത്മീയകാര്യങ്ങളിൽ കൂടുതലായി താൽപ ര്യമുണ്ടാകുവാൻ ഇടയാകുന്നവിധത്തിലായിരിക്കണം ക്രിസ്തീയ ആദ്ധ്യാത്മികത പരിശീലിക്കേണ്ടത്.

6) യഥാർത്ഥമായ അനുതാപവും മാനസ്സാന്തരവും ലക്ഷ്യമാക്കുന്നി ല്ലെങ്കിൽ, അത് ക്രിസ്തീയ ആദ്ധ്യാത്മികതയല്ല തന്നെ. ദൈവേഷ്ട ത്തിന്, സ്വന്ത ഇഷ്ടത്തെ വിട്ടുകൊടുക്കുന്ന അനുഭവമാണ് ക്രിസ്തീയ ആദ്ധ്യാത്മികതയുടെ പ്രധാന വശം.

7) ദൈവസ്നേഹം മനുഷ്യസ്നേഹത്തിലേക്ക് നയിക്കുന്നതായി അനു ഭവപ്പെടണം. മറ്റുള്ളവരെ കരുതുവാനും സഹായിക്കുവാനും സേവിക്കു വാനുമുള്ള മനോഭാവത്തിലേക്ക് വളരുവാൻ കഴിയുന്നില്ലെങ്കിൽ അത്തരം ആദ്ധ്യാത്മികത ക്രിസ്തീയമാണെന്ന് പറഞ്ഞു കൂടാ.

ഇത്രയും പൊതുവായി പറഞ്ഞു കഴിഞ്ഞ്, ഇനി ക്രൈസ്തവ സഭ കളിലെ മൂന്നു വിഭാഗങ്ങളുടെ കാഴ്ചപ്പാടും സമീപനങ്ങളും ഊന്നലു കളും ചുരുക്കമായി നമുക്കൊന്ന് പരിശോധിക്കാം. വ്യക്തമായി അളന്നു മുറിച്ച് വിവരിക്കാൻ കഴിയുന്ന ഒരു വിഷയമല്ല 'ആദ്ധ്യാത്മികത' എന്നി രുന്നാലും പ്രത്യേകമായി കാണുന്ന ചില സമീപനങ്ങൾ ഇവിടെ ചുരു ക്കമായി സൂചിപ്പിക്കുന്നു. ഓരോ വിഭാഗത്തേയുംപറ്റി വിശദമായ പഠനം പിന്നീട് വരുന്നുണ്ട്.

## II വിവിധ ക്രൈസ്തവ പാരമ്പര്യങ്ങൾ

### 1) ഓർത്തഡോക്സ് പാരമ്പര്യത്തിൽ

മനുഷ്യനും, മൃഗങ്ങളും, പക്ഷികളും, സസ്യങ്ങളും സകല സൃഷ്ടിയും ഉൾപ്പെടുന്ന ഒരൊറ്റ സമൂഹത്തിന്റെ രൂപാന്തരവും വളർച്ച യുമാണ് മനുഷ്യന്റെ ദൈവവുമായുള്ള അടുപ്പം മൂലം ആദ്ധ്യാത്മികത യിലൂടെ നേടിയെടുക്കാനുള്ളത്. മനുഷ്യന്റെ പാപം നിമിത്തം, സകല സൃഷ്ടിയും ദ്രവത്വവും നാശവും ഏറ്റുവാങ്ങിയതിനാൽ മനുഷ്യന്റെ അനുസരണവും ആത്മീയ വളർച്ചയും മൂലം സകല സൃഷ്ടികളും രക്ഷ യ്ക്കായി (പുതിയ ആകാശവും പുതിയ ഭൂമിയും) കാത്തിരിക്കുന്നു. അതി നാൽ മനുഷ്യൻ ആത്മീയതയിൽ വളരേണ്ടത്, അവന്റെ ആവശ്യം മാത്ര മല്ല, ചുമതലയും കൂടിയാണ്. അതിനാൽ ഓരോ മനുഷ്യനും 'ആദ്ധ്യാ ത്മികതയിൽ' വളർന്ന് ദൈവമക്കളായി രൂപാന്തരം പ്രാപിച്ച് എല്ലാ സൃഷ്ടിക്കും ദൈവം രൂപാന്തരം കൊടുക്കുവാൻ അവൻ മുഖാന്തരമാ യിത്തീരണം. സമൂഹമായി, ഒത്തൊരുമിച്ച് വളരുന്നതിന് വ്യക്തികൾ അവരവരുടെ നിലയിൽ ആത്മീയാനുഷ്ഠാനങ്ങളിലൂടെ അദ്ധ്വാനിക്കുക.

### 2) റോമൻ കത്തോലിക്കാ സമീപനം

ഓരോ വ്യക്തിയും അവനവന്റെ സ്വന്ത നിലയിൽ അദ്ധ്വാനിക്കുമ്പോൾ, അത് അവന് സ്വയം പ്രയോജനപ്പെടുന്നു. പരിശ്രമിക്കാത്തവന് എല്ലാം നഷ്ടപ്പെടുന്നു. വ്യക്തിഗതമായ ആദ്ധ്യാത്മികതയാണ് നാം ഇവിടെ കാണുന്നത്. വ്യക്തിപരമായി നിർവഹിക്കാവുന്ന ആത്മീയ അഭ്യസനങ്ങൾക്കാണ് പ്രാധാന്യം. വി. കുർബ്ബാന പോലും പുരോഹിതൻ മാത്രമായി ചൊല്ലാൻ കത്തോലിക്കാ സഭയിൽ അവസരമുണ്ട്. വ്യക്തിഗതമായ ആത്മീയ അനുഷ്ഠാനക്രമങ്ങളും, രീതികളും അഭ്യസനമുറകളും പല വിധത്തിൽ രൂപംകൊണ്ടുവന്നു. അങ്ങനെ വ്യക്തിപരമായി എത്ര മാത്രം അദ്ധ്വാനിക്കാമോ അത്രയും പരിശ്രമിച്ച് നേടിയെടുക്കുന്നതാണ് 'ക്രിസ്തീയ പരിപൂർണ്ണത' എന്ന് അവർ ധരിക്കുന്നതിനാൽ നിരവധി അനുഷ്ഠാന രീതികൾ ഉണ്ടായെന്നു മാത്രമല്ല, സ്വന്ത പരിശ്രമഫലമായി നേടിയെടുക്കുന്നതാണ് ആദ്ധ്യാത്മികത എന്ന തെറ്റായ ഒരു ചിന്ത വ്യക്തികളിൽ ഉണ്ടാകാമെന്നൊരു വിമർശനം അതേപ്പറ്റി പറയാറുണ്ട്.

വ്യക്തികളുടെ പരിശ്രമം ആയതിനാൽ അനുഭവ പരിചയമുള്ള ആത്മീയ ഗുരുക്കന്മാരുടെ ശിക്ഷണത്തിലും മേൽനോട്ടത്തിലും നയിക്കുന്ന ജീവിതക്രമവും, അതിനനുയോജ്യമായ നിയമാവലികളും രൂപം പ്രാപിച്ചു വന്നു. പിന്നീട്, കുറെ നിയമങ്ങൾ പാലിക്കുക എന്നതാണ് 'ആദ്ധ്യാത്മികത' എന്ന ധ്വനിയും ഉയർന്നു വന്നു. 'നിയമങ്ങൾ' കാലാകാലങ്ങളിൽ അതതു ദേശങ്ങൾക്കും, സമൂഹങ്ങൾക്കുമൊത്ത് മാറി മാറി വന്നു. യാന്ത്രികമായ 'ആത്മീയതയെ' ചോദ്യം ചെയ്തുകൊണ്ടാണ് കത്തോലിക്കാ സഭയിൽ 16-ാം നൂറ്റാണ്ടിൽ നവീകരണ പ്രസ്ഥാനം ഉടലെടുത്തത്.

വിമർശനങ്ങളും ന്യൂനതകളും വിലയിരുത്തിക്കൊണ്ട്, ആധുനിക കത്തോലിക്കാ സഭയിൽ, വളരെയേറെ ഫലപ്രദമായ ആദ്ധ്യാത്മിക വളർച്ചയ്ക്കുള്ള നിരവധി സംവിധാനങ്ങൾ വളർന്നു വന്നിട്ടുണ്ട്. 'ആദ്ധ്യാത്മികത' സംബന്ധിച്ച് വളരെയേറെ പരീക്ഷണങ്ങളും പഠനങ്ങളും നടക്കുന്നുണ്ട്. നല്ല നല്ല ഗ്രന്ഥങ്ങളും പ്രസിദ്ധീകൃതമാകുന്നു. പുതിയ ഉണർവ്വും ഉണ്ടായിട്ടുണ്ട്.

### 3) പ്രോട്ടസ്റ്റന്റ് സമീപനങ്ങൾ

ദൈവകൃപ ഒന്നുകൊണ്ടു മാത്രം മനുഷ്യന് പാപമോചനവും രക്ഷയും ലഭിക്കുന്നതിനാൽ, മനുഷ്യന്റെ പരിശ്രമങ്ങൾ ഒന്നുംതന്നെ ആവശ്യമില്ല എന്നും, രക്ഷയുടെ സന്തോഷത്തേക്കാൾ വലിയ ഒരു കാര്യവും സ്വന്ത പരിശ്രമഫലമായി നേടാനില്ലെന്നും, അതുകൊണ്ട് മനുഷ്യൻ ചെയ്യുന്ന ആദ്ധ്യാത്മിക അഭ്യസനങ്ങൾ ഒന്നും ആവശ്യമില്ലെന്നുമാണ് പ്രോട്ടസ്റ്റന്റ്

സഭകളിലെ വലിയ വിഭാഗവും കരുതുന്നത്. രക്ഷ ദൈവത്തിന്റെ ദാനമാണെന്നും, അത് ദൈവം എല്ലാവർക്കും സൗജന്യമായിത്തരുന്നതിനാൽ, കൂടുതൽ നിയമാവലികളും ആചാരാനുഷ്ഠാനങ്ങളുമൊക്കെ വ്യർത്ഥമാണെന്നും ആണ് അവരുടെ പൊതുവായ ചിന്താഗതി. ദൈവം തരുന്നതിനേക്കാൾ വലുതായ ഒരു കാര്യവും നേടാനില്ലെന്നും, സ്വയപരിശ്രമം ദൈവദാനത്തിന്റെ മാറ്റ് വർദ്ധിപ്പിക്കുന്നില്ലെന്നും അവർ വാദിക്കുന്നു. ഉപവാസം, പെരുന്നാളുകൾ, തീർത്ഥാടനം തുടങ്ങിയ ആത്മീയാനുഷ്ഠാനങ്ങളൊന്നും ആവശ്യമില്ലെന്നാണ് അവരുടെ പക്ഷം. എല്ലാവിധമായ മതാനുഷ്ഠാനങ്ങളോടും, ആദ്ധ്യാത്മികമായ ശിക്ഷണക്രമങ്ങളോടും അവർക്ക് പൊതുവെ വെറുപ്പും ചിലർക്ക് വിദ്വേഷവുമാണ്. സന്യാസപ്രസ്ഥാനങ്ങളും അതിനോട് ചേർന്ന നിഷ്ഠകളും അനാവശ്യമാണെന്നു വരെ ചില നവീകരണ സഭകൾ പറയുന്നുണ്ട്.

16-ാം നൂറ്റാണ്ടിലെ നവീകരണ പ്രസ്ഥാനക്കാർ അക്കാലത്തെ ആദ്ധ്യാത്മികതയെ സ്വീകരിക്കുകയും പരിശീലിക്കുകയും ചെയ്തിരുന്നു എന്ന് ചരിത്രം നോക്കിയാൽ കാണാവുന്നതാണ്. മദ്ധ്യശതകങ്ങളിലെ ആദ്ധ്യാത്മിക പാരമ്പര്യങ്ങളെ ഒന്നുംതന്നെ നവീകരണക്കാർ നിരാകരിച്ചതായി കാണുന്നില്ല. വിശുദ്ധന്മാരായവരെ ബഹുമാനിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ 18, 19 നൂറ്റാണ്ടുകളിലെ നവോത്ഥാനഫലമായി, പാവനമായി കരുതിയിരുന്ന പല ക്രിസ്തീയ പാരമ്പര്യങ്ങളും നവീകരണ സഭകൾ നിരാകരിക്കുകയുണ്ടായി. അക്കൂട്ടത്തിലാണ് 'ആത്മീയശിക്ഷണക്രമവും' നഷ്ടപ്പെട്ടു പോയത് എന്നു ന്യായമായി ഊഹിക്കാം.

ആധുനിക പ്രോട്ടസ്റ്റന്റ് സഭകളിൽ, പലവിധത്തിലുള്ള 'ആദ്ധ്യാത്മികത' വളർന്നു വരുന്നു എന്നതും പുതിയ പ്രതിഭാസമാണ്. സഭകളുടെ ദേശ, കാല, സംസ്ക്കാരങ്ങളുടെ വ്യത്യാസമനുസരിച്ച് 'ആദ്ധ്യാത്മിക' രീതികളും മാറി വരുന്നു എന്നതാണ് പരമാർത്ഥം.

ക്രിസ്തീയ പാരമ്പര്യങ്ങൾ പലതും പരസ്പരം ഉൾക്കൊള്ളാൻ ശ്രമിച്ചതിന്റെ ഫലമായി, വ്യക്തമായ വ്യത്യാസങ്ങൾ സാവധാനം മാഞ്ഞു വരുന്നതായിട്ടാണ് കണ്ടുവരുന്നത്. പുരോഗമനവും സങ്കലനവും ഒരുപോലെ നടന്നു വരുന്നു. ആദ്യകാലങ്ങളിൽ പ്ലേറ്റോയുടെ തത്വചിന്ത ക്രിസ്തീയ സഭയെ സ്വാധീനിച്ചിട്ടുണ്ട്. ഇന്നും പല പുതിയ ചിന്താധാരകളും (സാമൂഹ്യവും രാഷ്ട്രീയവും, സാമ്പത്തികവും, വൈജ്ഞാനികവും, ശാസ്ത്രീയവുമായവ) ആധുനിക ക്രൈസ്തവ വിശ്വാസത്തെയും ആത്മീയതയേയും സ്വാധീനിക്കുന്നുണ്ട് എന്നത് നിഷേധിക്കാൻ കഴിയാത്ത പരമാർത്ഥമാണ്. ഒന്നാം നൂറ്റാണ്ടിലെ സഭയായി എന്നും സഭയ്ക്ക് നിലനിൽക്കാൻ കഴിയില്ല. അത് വളർന്നുകൊണ്ടിരിക്കും.

പുതിയ പഠനങ്ങളും സംഭാഷണങ്ങളും സഭാകാര്യങ്ങളിൽ പുതിയ അദ്ധ്യായങ്ങൾ എഴുതി ചേർക്കുമെന്ന് ന്യായമായി പ്രതീക്ഷിക്കണം. അത് ക്രൈസ്തവ പാരമ്പര്യത്തിൽ നിന്നും വേരറ്റുപോകാതെ സൂക്ഷിക്കണമെന്ന് മാത്രം.

## III ആധുനിക സമീപനങ്ങൾ

### 1. ആദ്ധ്യാത്മികത: ചില ഊന്നലുകൾ

ആദ്ധ്യാത്മികതയുടെ ആഴത്തിലേക്ക് കടക്കുമ്പോൾ ചില ചോദ്യങ്ങൾ ഉയർന്നു വരുന്നു. ഒന്നാമത്, ആദ്ധ്യാത്മികതയുടെ അന്തഃസത്ത എന്താണ്? രണ്ടാമത്തേത്, എങ്ങനെയാണ് ആദ്ധ്യാത്മികത ഒരു പഠന വിഷയമായി കൈകാര്യം ചെയ്യാൻ കഴിയുന്നത്? ദൈവശാസ്ത്രവുമായി അത് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? ഈ ചോദ്യങ്ങളിലേക്ക് കടക്കുന്നതിനു മുമ്പ്, ആദ്ധ്യാത്മികത 'ഇന്നതല്ല' എന്ന് പറഞ്ഞ് തുടങ്ങുകയാണ് എളുപ്പമെന്ന് തോന്നുന്നു. 1) ആദ്ധ്യാത്മികത എന്നത് ക്രിസ്തീയ സഭകളുടെ മാത്രം കുത്തകയല്ല. എല്ലാ മതങ്ങളിലും, എല്ലാ ദേശങ്ങളിലും വിവിധതരത്തിൽ അത് വളർന്നു വന്നിട്ടുണ്ട്. 2) ഒരു പ്രത്യേക വേദശാസ്ത്രമോ, ചിന്താധാരയോ മാത്രം സ്വീകരിക്കുകയല്ല, എല്ലാ മനുഷ്യരിലുമുള്ള ദൈവാഭിമുഖ്യത്തിന്റെ പ്രകടനമായിട്ടാണ് ആദ്ധ്യാത്മികതയെ കാണേണ്ടത്. 3) 'പരിപൂർണത' പ്രാപിച്ചുവോ എന്നതല്ല, അതിലേക്ക് വളർന്നുകൊണ്ടിരിക്കുവാൻ സഹായിക്കുന്നതാണോ എന്നതാണ് ആദ്ധ്യാത്മികതയുടെ ആധികാരികതയ്ക്ക് അടിസ്ഥാനം. 4) ആത്മാവിന്റെ മാത്രമായോ ആന്തരികം മാത്രമായോ ഉള്ള അനുഭവമല്ല, മനുഷ്യന്റെ സാമൂഹ്യവും സാംസ്കാരികവും ഭൗതികവുമായ എല്ലാ മേഖലകളേയും ബാധിക്കുന്ന അനുഭവത്തിലേയ്ക്കാണ് ആദ്ധ്യാത്മികത നയിക്കേണ്ടത്. ആദ്ധ്യാത്മികത ക്രിസ്തീയതലത്തിൽ ഒരു ആത്മീയ അനുഭവമാണെന്നും, ആയതിനാൽ ദൈവശാസ്ത്രപരമായതും, സഭാപരമായതുമായ അടിസ്ഥാനവും വളർച്ചയും ഉണ്ടാകേണ്ടതാണെന്നും സമ്മതിക്കണം. യേശുക്രിസ്തുവാകുന്ന വ്യക്തിയെ കേന്ദ്രീകരിച്ചും ആരാധിച്ചും മാതൃകയാക്കിയും വളർത്തിയെടുക്കേണ്ട ഒരു ജീവിതാനുഭവമാണ് അത് എന്ന് ചുരുക്കമായി പറയാം. കാല-ദേശ പരിഗണനകൾ അതിനെ രൂപപ്പെടുത്താമെങ്കിലും അടിസ്ഥാനപരമായി മനുഷ്യന് പ്രതീക്ഷിക്കാവുന്ന പരിപൂർണതയിലേക്ക് വളരുവാനുള്ള നിരന്തര പരിശ്രമമാണ് ആദ്ധ്യാത്മികതയായി കണക്കാക്കപ്പെടുന്നത്.

### 2. ആദ്ധ്യാത്മികത: ഒരു പഠന വിഷയം

ആദ്ധ്യാത്മികത പഠനവിധേയമാക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്.

**1)** *Descriptive & Analytic:* ജീവിതാനുഭവങ്ങളുടെ വിവരങ്ങളും അപഗ്രഥനവുമാണ് പ്രധാനം. സ്വന്ത ജീവിതാനുഭവവുമായി പരിശോധിച്ച് ഉറപ്പാക്കുകയാണ് ആവശ്യം. 2) *Interdisciplinary approach:* എല്ലാവിധ വിജ്ഞാനമേഖലകളിലും രീതികളിലും കൂടി അന്വേഷണം വ്യാപിപ്പിക്കണം. വേദപുസ്തകം, സഭാശാസ്ത്രം എന്നിവയ്ക്കു പുറമെ മനഃശാസ്ത്രം, സാമൂഹ്യശാസ്ത്രം, തത്വശാസ്ത്രം തുടങ്ങിയവയെല്ലാം പഠനവിധേയമാക്കിയെങ്കിലേ, ശരിയായ ഒരു 'ആത്മീയത' വളർത്തിയെടുക്കാൻ കഴിയൂ. 3) *A Cross Cultural & Ecumenical Approach:* പല മതങ്ങളിലേയും, സംസ്ക്കാരങ്ങളിലേയും ക്രൈസ്തവ പാരമ്പര്യങ്ങളിലേയും, ചിന്താധാരകളുമായി ബന്ധിപ്പിച്ച് പഠിക്കണം. 4) *Holistic & Inclusive approach:* മനുഷ്യനിലെ ശാരീരിക, മാനസിക, ആത്മീയ പൂർണതയാണ് ലക്ഷ്യമാക്കേണ്ടത്. ഒന്നിനെ നിരസിച്ച് വേറൊന്നിനെ മാത്രം വളർത്തുന്ന രീതി അഭിലഷണീയമല്ല. 5) *Participant Discipline:* ഏകമായിട്ടല്ല, സമൂഹവുമായി ബന്ധപ്പെട്ട് മാത്രമേ ക്രിസ്ത്രീയ ആദ്ധ്യാത്മികത പക്വത പ്രാപിക്കുകയുള്ളു. ദൈവത്തോട് അടുക്കുന്നതും മനുഷ്യരുമായി അടുക്കുന്നതും പരസ്പരപൂരകമായ അനുഭവങ്ങളാണെന്നോർക്കണം. 6) *Concretely based on individual:* ആദ്ധ്യാത്മികത, സമൂഹവുമായി ബന്ധപ്പെട്ടാണ് വരുന്നതെങ്കിലും, വ്യക്തിഗതമായ വിശ്വാസവും പരിശ്രമവും പരിശീലനവുമാണ് ആദ്ധ്യാത്മികതയുടെ അടിസ്ഥാനം. സമൂഹത്തെ ഏല്പിച്ചു മാറിയിരിക്കുന്നതല്ല എന്നു ചുരുക്കം. 7) *Tripple objective:* ആത്മീയത എന്താണെന്ന് മനസ്സിലാക്കുക, അത് സ്വന്ത ജീവിതത്തിൽ പാലിക്കുക, അത് മറ്റുള്ളവരിലേക്ക് സംക്രമിപ്പിക്കുക എന്നീ ത്രിവിധ ചുമതലയാണ് ആദ്ധ്യാത്മികത പഠിക്കുന്നതു വഴി ഉണ്ടാകുന്നത്.

### 3) ആദ്ധ്യാത്മികതയും വേദശാസ്ത്രവും

ആദ്ധ്യാത്മികത പഠനവിഷയം എന്ന നിലയിലും ജീവിതാനുഭവം എന്ന നിലയിലും വേദശാസ്ത്രവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ജീവിതാനുഭവത്തിലൂടെ ഉരുത്തിരിഞ്ഞ ആദ്ധ്യാത്മികതയാണ് വേദശാസ്ത്രചിന്തകളെ രൂപപ്പെടുത്തുന്നത്. അങ്ങനെ കാലാകാലങ്ങളിൽ രൂപപ്പെട്ടു വന്ന വേദശാസ്ത്ര ചിന്തകൾ, വരുന്ന തലമുറയ്ക്ക് ജീവിതാനുഭവത്തിലേയ്ക്ക് നയിക്കുന്ന ആദ്ധ്യാത്മികത വളർത്തിയെടുക്കാൻ വഴികാട്ടിയായിത്തീരുന്നു. അങ്ങനെ പരസ്പര പൂരകങ്ങളായിട്ടാണ് വേദശാസ്ത്രവും ആദ്ധ്യാത്മികതയും വളർന്നുകൊണ്ടിരിക്കുന്നത്. പുതിയ നിയമത്തിൽ ഈ പ്രതിഭാസം കൂടുതലായി കാണുന്നുണ്ട്. ആദിമ ക്രിസ്ത്യാനികളുടെ ജീവിതാനുഭവങ്ങളിലൂടെയാണ് വേദശാസ്ത്ര ചിന്തകളും വിശ്വാസപ്രമാണങ്ങളും രൂപംപ്രാപിച്ചു വന്നത്. കാലാകാലങ്ങ

ളിൽ ഉണ്ടായ ജീവിതാനുഭവങ്ങൾ പുതിയ പുതിയ വേദശാസ്ത്ര ചിന്തകളും, അവ പിന്നീട് പുതിയ പുതിയ ആദ്ധ്യാത്മികതകളും രൂപപ്പെട്ടു വരുവാൻ മുഖാന്തരങ്ങളായി. ക്രിസ്തീയ ജീവിതാനുഭവത്തിന് വിധേയമായിട്ടാണ് എല്ലാ വേദശാസ്ത്ര ചിന്തകളും രൂപപ്പെട്ടു വന്നത്. ക്രിസ്തീയ ജീവിതാനുഭവത്തിന്റെ ഉന്നതങ്ങളിലേയ്ക്ക് നയിക്കാത്ത വേദശാസ്ത്രങ്ങളൊക്കെ നിരസിക്കപ്പെടേണ്ടവയാണ്. ആകയാൽ, വിശ്വാസ സമർത്ഥനം (Apologetics) എന്നതും ക്രിസ്തീയ ആദ്ധ്യാത്മികതയുടെ ഭാഗമായി പിതാക്കന്മാർ പരിഗണിച്ചു. അതിലേയ്ക്കുള്ള ഒരുക്കമെന്നവിധം വേദപഠനം, വിശ്വാസപഠനം എന്നിവയും ആദ്ധ്യാത്മികതയുടെ ഭാഗമായിത്തന്നെ പരിഗണിക്കണം. ബുദ്ധിയും ഭക്തിയും പരസ്പരം സമീകരിച്ച് പ്രവർത്തിക്കേണ്ട മേഖലയാണ് ആദ്ധ്യാത്മികത. ബുദ്ധിയില്ലാത്ത ഭക്തിയും, ഭക്തിയില്ലാത്ത ബുദ്ധിയും ഒരുപോലെ ബലഹീനമാണ്.

പക്വമായ വേദശാസ്ത്രാടിസ്ഥാനമുണ്ടെങ്കിലേ ശരിയായ ആദ്ധ്യാത്മികത വളർന്നു വരികയുള്ളു. അടിസ്ഥാനം ശരിയാകാതെ വരുന്നതിനാൽ പലവിധ ആദ്ധ്യാത്മികതകളും വികലമായിത്തീരാറുണ്ടെന്നുള്ളതിന് പല ഉദാഹരണങ്ങൾ സഭാചരിത്രത്തിൽ ചൂണ്ടിക്കാണിക്കാനുണ്ടാകും. ആയതിനാൽ, ശരിയായ വേദശാസ്ത്ര ചിന്തകൾ സ്വീകരിച്ച്, പാലിച്ച് വരുന്ന സഭയിൽ മാത്രമേ, ആദ്ധ്യാത്മികതയുടെ ആരോഗ്യകരമായ വളർച്ച പ്രതീക്ഷിക്കേണ്ടതുള്ളു.

**4. പരിശുദ്ധാത്മാവും ആദ്ധ്യാത്മികതയും**

പരിശുദ്ധാത്മാവിന്റെ നടത്തിപ്പിന് വിധേയമായി ജീവിക്കുന്നതാണ് ആത്മീയ ജീവിതം, ആത്മീയ മനുഷ്യൻ എന്ന വിശേഷണം പൗലൂസ് ശ്ലീഹാ നൽകുന്നത് ഈ അർത്ഥത്തിലാണ്. 'ജഡിക മനുഷ്യൻ' ദൃശ്യമായതും ദ്രവിച്ചു പോകുന്നതുമായ ലൗകിക വസ്തുക്കളെ ആഗ്രഹിച്ച് ജീവിക്കുമ്പോൾ, ആത്മീയ മനുഷ്യൻ ദ്രവിച്ചു പോകാത്തതും അദൃശ്യവുമായ ദൈവിക കാര്യങ്ങളെ ആഗ്രഹിച്ചു കഴിയുന്നു. ജഡികമനുഷ്യൻ ജഡത്തിന്റെ പ്രവൃത്തി ചെയ്തു നാശത്തിലേക്ക് ജീർണ്ണിച്ചുകൊണ്ടിരിക്കുമ്പോൾ, ആത്മീയ മനുഷ്യൻ ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിച്ചു ജീവങ്കലേക്ക് വളർന്നുകൊണ്ടിരിക്കുന്നു (ഗലാതൃലേഖനം 5-ാം അദ്ധ്യായം കാണുക).

പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങൾ പ്രാപിക്കുവാൻ തക്ക വിശുദ്ധിയിലും വിനയത്തിലും വളരുക എന്നതാണ് ആത്മീയ മനുഷ്യൻ ലക്ഷ്യമാക്കുന്നത്. ഈ ലോകപ്രകാരം എത്രമാത്രം സമ്പാദിച്ച് സുഖിക്കാം എന്നാണ് ജഡിക മനുഷ്യന്റെ ലക്ഷ്യം. എന്നാൽ ലോകപ്രകാരം ദാരി

ദ്രവ്യവും കഷ്ടതയും ത്യാഗവും സഹിക്കേണ്ടി വന്നാലും ഈ ലോക ജീവിതത്തിനപ്പുറത്ത് നിത്യജീവന്റെ സന്തോഷത്തിൽ പങ്കുചേരാമെന്ന പ്രത്യാശയോടെ, ജഡത്തിന്റെ പ്രവൃത്തികളെ ഉപേക്ഷിച്ച്, ആത്മാവിന്റെ വളർച്ച ലക്ഷ്യമാക്കി പ്രവൃത്തിക്കുന്നവനാണ് ആത്മീയ മനുഷ്യൻ. ഇപ്രകാരം ആത്മീയ ജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ വഴികാട്ടിയായും, ആശ്വാസപ്രദനായും, ഉപദേഷ്ടാവായും ശക്തിദായകനായും പരിശുദ്ധാത്മാവ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ജഡിക ജീവിതം ആഗ്രഹിക്കുന്നവർക്ക് പരിശുദ്ധാത്മസഹായം ലഭിക്കുന്നില്ലെന്ന് മാത്രമല്ല, അശുദ്ധാത്മാവിന്റെ സ്വാധീനത്തിൽ ആത്മീയമായി തളർന്നു പോകുകയും ചെയ്യുന്നു.

ഇപ്രകാരം, മനുഷ്യനിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വളർച്ചയും തളർച്ചയും തിരിച്ചറിഞ്ഞ്, യഥാർത്ഥമായ ആത്മീയ വളർച്ചയിലെത്തിച്ചേരാൻ സഹായകമായവിധത്തിലായിരിക്കണം 'ആദ്ധ്യാത്മികത' എന്ന വിഷയം നാം കൈകാര്യം ചെയ്യേണ്ടത്.

## പാഠം 2

# ആദ്ധ്യാത്മികത: മറ്റു മതങ്ങളിൽ*

### I ആദ്ധ്യാത്മികതയും മറ്റു മതങ്ങളും

"ക്രിസ്തീയ ആദ്ധ്യാത്മികത" ഒറ്റപ്പെട്ട ഒരു ദ്വീപ് പോലെ നിൽക്കാൻ സാധ്യമല്ല. മറ്റു മതങ്ങളുടെ ആദ്ധ്യാത്മികതകളുമായി ഇടപഴകുവാനും പരസ്പരം സ്വാധീനിക്കാനും ഇടയായിക്കാണും. യഹൂദ, ഇസ്ലാം, ബുദ്ധ, ജൈന, ഹൈന്ദവ മതവിശ്വാസങ്ങളും അവയുടെയെല്ലാം ആദ്ധ്യാത്മികതകളും ക്രൈസ്തവ ആദ്ധ്യാത്മികതയെ സ്വാധീനിച്ചിട്ടുണ്ടാവും. മറ്റു മതങ്ങളിലെ നല്ല പാരമ്പര്യങ്ങളെ ക്രൈസ്തവ പാരമ്പര്യത്തിൽ സമന്വയിപ്പിക്കുവാൻ മുൻകാലങ്ങളിൽ സഭാനേതൃത്വം അറിഞ്ഞും അറിയാതെയും ശ്രദ്ധിച്ചിട്ടുണ്ടെന്നുള്ളതിന് ചരിത്രം സാക്ഷി നിൽക്കുന്നു.

യേശുക്രിസ്തുവിന്റെ 'മനുഷ്യാവതാര തത്വം' പരിഗണിക്കുമ്പോൾ, ദൈവം മനുഷ്യസ്വഭാവം ധരിച്ചതുപോലെ, ക്രിസ്തീയ സഭ മറ്റു മതങ്ങളിലേക്ക് അവതാരം ചെയ്ത് അവരെ കൂടി ദൈവത്തിലേക്ക് അടുപ്പിക്കുവാൻ പരിശ്രമിക്കേണ്ടിയിരിക്കുന്നു. അവരുടെ ആത്മീയതയെല്ലാം തിന്മ

* ഏകദൈവ വിശ്വാസമുള്ള രണ്ടു മതങ്ങളാണ് ഇവിടെ പഠനവിധേയമാക്കുന്നത്.

യാണെന്നോ, മോശമാണെന്നോ ചിന്തിക്കാതെ, അവരോട് കഴിയുന്നത്ര ബഹുമാനത്തോടെ താദാത്മ്യം പ്രാപിക്കുവാൻ ശ്രമിക്കണം. "യഹൂദനെ നേടുവാൻ യഹൂദനെപ്പോലെയായി" പ്രവർത്തിച്ച പൗലൂസ് ശ്ലീഹായുടെ (1 കൊരി. 9:20) പ്രവർത്തനശൈലി ക്രിസ്തീയ ജീവിതക്രമത്തിലും ആദ്ധ്യാത്മിക ശൈലിയിലും പകർത്തുവാനും നമുക്കുള്ള നന്മയെ മറ്റുള്ളവരിലേക്ക് പകർന്നു കൊടുക്കുവാനും ക്രൈസ്തവ ആദ്ധ്യാത്മികത തടസമാകേണ്ടതില്ല. മതസഹിഷ്ണുതയല്ല (Toleration) മതസൗഹാർദ്ദതയാണ് (Harmony) നമുക്ക് വേണ്ടത്. ഇഷ്ടമില്ലാത്തതിനെയാണല്ലോ നാം സഹിക്കുന്നത്. ഇഷ്ടമില്ലാതെയിരിപ്പാൻ പാടില്ല; സൗഹൃദമായി കഴിയാൻ സാധിക്കണം.

പിതാവായ ദൈവത്തിലേക്കുള്ള 'ഏകവഴി'യായി നസ്രായനായ യേശുവിനെ സ്വീകരിക്കുന്നവരാണല്ലോ എല്ലാ ക്രിസ്ത്യാനികളും. എന്നാൽ യേശുക്രിസ്തു കാണിച്ച 'ഏകവഴി' സ്വീകരിച്ച് ജീവിക്കുന്ന എല്ലാവരേയും സ്വീകരിക്കാൻ പിതാവാംദൈവം സന്നദ്ധമാകുമെന്നതിനാൽ ആരെയും നിരോധിക്കുവാനോ, നിഷേധിക്കുവാനോ ക്രിസ്ത്യാനിക്ക് അവകാശമില്ല. 'എന്റെ തൊഴുത്തിൽപെടാത്ത ആടുകൾ എനിക്കുണ്ട്' എന്ന് യേശുക്രിസ്തു പറഞ്ഞത് (യോഹ. 10:16) മറ്റുള്ള മതങ്ങളിലുള്ളവരെ കൂടി ഉദ്ദേശിച്ചായിരിക്കണം. രക്ഷിക്കുവാനുള്ള ദൈവത്തിന്റെ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കാൻ അവകാശമില്ലെന്ന് കരുതുവാനും, എല്ലാവരേയും ഒന്നായിക്കണ്ട് സ്നേഹിക്കാനും നമുക്ക് കഴിയണം. ഓരോ മതത്തിന്റെയും പ്രമാണങ്ങളേയും, പാരമ്പര്യങ്ങളേയും, ആദ്ധ്യാത്മികതകളേയും നിരാകരിക്കാതെ തന്നെ, യഥാർത്ഥമായ 'ഏകവഴി'യിലേക്ക് അവരെ നയിക്കുവാനും ക്രൈസ്തവരായ നാമും ആ 'വഴിയിലൂടെ' ദൈവരാജ്യത്തിലെത്തിച്ചേരാനും നമ്മുടെ ക്രിസ്തീയ ആദ്ധ്യാത്മികത വഴി നമുക്ക് സാധ്യമാകണം.

"ക്രിസ്തീയ ആദ്ധ്യാത്മികത" താഴെ പറയുന്ന ചില അപകടമേഖലകൾ തരണം ചെയ്യേണ്ടതുണ്ട്.

1. ലൗകികതയും, സുഖലോലുപതയും ദൈവത്തിൽ നിന്നും മനുഷ്യനെ അകറ്റുന്ന പ്രതിഭാസങ്ങളായി നിലകൊള്ളുന്നു. യേശു ലോകത്തിൽ 'സഭ' സ്ഥാപിച്ചു; എന്നാൽ പിശാച് സഭയിൽ 'ലോകം' സ്ഥാപിച്ചിരിക്കുന്നു. അതീവ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ട മേഖലയാണിത്.

2. മറ്റു മതങ്ങളുമായുള്ള സംസർഗം മൂലം സ്വന്ത വിശ്വാസം ക്ഷയിപ്പിക്കാനോ, സ്വന്തമായ രീതികൾ ഉപേക്ഷിക്കുവാനോ ഇടയാകാതെ സൂക്ഷിക്കണം. 'Spirituality', 'Spiritualism' (ഭൂതാരാധന) ആയി തെറ്റിപ്പോകാനിടയാകാതെ സൂക്ഷിക്കണം.

3. ആദ്ധ്യാത്മികതയുടെയും വിശ്വാസത്തിന്റെയും പേരിൽ അതിരു കടന്ന വിമർശനങ്ങൾ ഉണ്ടാകുന്നത് ക്രൈസ്തവ ഐക്യത്തേയും മൂല്യ ങ്ങളേയും തകർക്കുവാൻ ഇടയാകാതെ സൂക്ഷിക്കണം.

മനുഷ്യഹൃദയങ്ങൾ അന്യോന്യവും, ദൈവവുമായും ബന്ധപ്പെടട്ടെ. ദൈവത്തിൽ വസിക്കുന്നത് എല്ലാവരുടേയും ലക്ഷ്യവും മാർഗവും ആയി രിക്കണം. ക്രിസ്തീയ മർമ്മങ്ങളാൽ പിടിക്കപ്പെട്ടവരായി ദൈവമക്കൾ ആയിത്തീരുന്നതായിരിക്കണം യഥാർത്ഥമായ 'ആദ്ധ്യാത്മികത.' മറ്റു മത ങ്ങളുടെ ആദ്ധ്യാത്മികത കൂടി പരിശോധിച്ച്, അവയിലെ നല്ല അംശം തെരഞ്ഞെടുക്കുവാൻ നമുക്ക് കഴിയണം.

## II ആദ്ധ്യാത്മികത യഹൂദമതത്തിൽ

ക്രിസ്തീയ ആദ്ധ്യാത്മികതയുടെ പല വശങ്ങളും യഹൂദമതത്തിലെ ആദ്ധ്യാത്മികതയുമായി ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ ക്രൈസ്തവ ആദ്ധ്യാത്മികത മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ ഇസ്രായേല്യ ആദ്ധ്യാ ത്മികത കൂടി മനസ്സിലാക്കാനുള്ള ശ്രമം പ്രയോജനപ്പെടുമെന്ന് കരുതാം. ആദ്ധ്യാത്മികത (Spirituality) എന്ന പദം സാധാരണയായി എബ്രായർ ഉപയോഗിക്കാറില്ലാത്തതിനാൽ വ്യക്തമായ ഒരു "യഹൂദ ആദ്ധ്യാത്മി കത" വിവരിക്കുവാൻ പ്രയാസമാണ്.

യഹൂദ റാബിമാർ, ദൈവേഷ്ടത്തിന് മനുഷ്യൻ വിധേയപ്പെട്ട്, ന്യായ പ്രമാണങ്ങൾ അനുസരിച്ച് വിശുദ്ധി പ്രാപിക്കുക എന്ന ഉപദേശമാണ് പ്രധാനമായി നൽകുന്നത്. തോറ, മിഷ്ന, മിഡ്രാഷ്, തൽമുദ്, ഹലാക്കാ തുടങ്ങിയ ഗ്രന്ഥ സംഹിതകളും വ്യാഖ്യാനങ്ങളും, മനുഷ്യനെ ദൈവേ ഷ്ടത്തിന് പൂർണമായി വിധേയപ്പെടുവാൻ സഹായിക്കുന്നവയാണ്.

ക്രൈസ്തവ ആദ്ധ്യാത്മികതയുമായി താരതമ്യപ്പെടുത്തി നോക്കു മ്പോൾ ചില സാമ്യങ്ങളും ചില വ്യത്യാസങ്ങളും കണ്ടെത്താൻ പ്രയാ സമില്ല.

താഴെ പറയുന്ന വ്യത്യാസങ്ങൾ എടുത്തു പറയാവുന്നവയാണ്. യഹൂദ വിശ്വാസത്തിന്റെ പ്രത്യേകതകൾ:

1. ദൈവവുമായുള്ള സാമീപ്യവും സംയോഗവും സമൂഹമായോ, സമൂ ഹത്തിനുവേണ്ടിയോ ആണ് മനുഷ്യൻ നിർവഹിക്കുന്നത്. വ്യക്തിഗത മായ ആത്മികത പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

2. യോഗാത്മകവും ഭാവനാപൂർണവുമായ സമീപനം വൈകാരിക-ബൗദ്ധികതലങ്ങളിൽ ഒരു പരിധിക്ക് അപ്പുറം സ്വീകാര്യമല്ല.

3. തത്വചിന്ത, യോഗാത്മകത എന്നിവയിലല്ലാതെ, യഹൂദ ആരാധന

യിൽ ആദ്ധ്യാത്മികതയ്ക്ക് വലിയ സ്ഥാനമില്ല; അനുഷ്ഠാനങ്ങളാണ് പ്രധാനം.

4. ശരീരം, ആത്മാവ്, എന്നിവ രണ്ടും എതിരല്ല, പരസ്പര സഹായി കളും പൂരകങ്ങളുമാണ്.

5. ദൈവിക സ്നേഹം, ലൗകികസ്നേഹം എന്നീ വേർതിരിവുകളാവശ്യമില്ല.

6. തിന്മയെ 'വ്യക്തി'യായി ചിത്രീകരിക്കുകയോ, വ്യക്തിപരമായ 'ശക്തി'യായി അവതരിപ്പിക്കുകയോ ചെയ്യുന്നില്ല.

7. ആദ്ധ്യാത്മികതയുടെ വിവിധ പരിപാടികളെപ്പറ്റിയുള്ള വിവരണങ്ങളോ, കാഴ്ചപ്പാടുകളോ ഇല്ല.

ന്യായപ്രമാണം ശരിയായി പഠിക്കുക, ശബത്ത് ശരിയായി ആചരിക്കുക എന്നിവയ്ക്ക് സഹായകമായി നിരവധി റാബിമാരുടെ വ്യാഖ്യാനങ്ങളും ഉപദേശങ്ങളും ആശ്രയിക്കാവുന്നതാണ്. അപ്രകാരമുള്ള ഗ്രന്ഥസമുച്ചയത്തിന് മൊത്തമായി പറയുന്നതും 'Kituvim' എന്നാണ്. അവയെ ആശ്രയിച്ച്, നല്ല നിലയിൽ ന്യായപ്രമാണം വ്യാഖ്യാനിക്കുകയും പഠിക്കുകയും ചെയ്ത ഉത്തമ യഹൂദനായി ജീവിക്കുക എന്നതാണ് യഹൂദ ആദ്ധ്യാത്മികതയായി എടുത്തു പറയാവുന്നത്. പഠനം കൊണ്ട് എന്തെങ്കിലും 'സ്വന്തമഹത്വം' ആർക്കും ഉണ്ടാകുന്നില്ല. അതു മൂലമുണ്ടാകുന്ന സന്തോഷമാണ്, പഠനത്തിന്റെ പ്രതിഫലം. സ്വന്തം ചുമതലയായി നിത്യവും തോറ വായിച്ച് പഠിക്കുക എന്നത്, മറ്റെല്ലാ സന്തോഷപ്രവൃത്തികളേയുംപോലെ പ്രോത്സാഹിപ്പിക്കപ്പെടുന്നു. യഹൂദർ ആരാധനയേക്കാൾ കൂടുതൽ ന്യായപ്രമാണ പഠനത്തിനും ആചരണത്തിനും മുൻതൂക്കം നൽകുന്ന പതിവും കണ്ടുവരുന്നുണ്ട്.

പ്രാർത്ഥനാ ജീവിതം വളരെ പ്രധാനമായിത്തന്നെ യഹൂദന്മാർ ആചരിക്കുന്നു. ദിവസം മൂന്നുനേരം പ്രാർത്ഥന എല്ലാവർക്കും ബാധകമാണ്. ന്യായപ്രമാണത്തിനായി 'സമർപ്പിക്കപ്പെട്ട' (Consecrated) ജീവിതരീതി, ജനായത്ത ആരാധന, മന്ത്രപ്പട്ടയിൽ (Phylactry) ന്യായപ്രമാണം എഴുതി ധരിക്കുക എന്നിവ സാധാരണ പതിവാണ്. ഭവനങ്ങളിൽ സുനഗോഗുകളിലെന്നപോലെ ആരാധിക്കാനും ആചരിക്കാനുമുള്ള അനുഷ്ഠാനങ്ങൾ ഉണ്ട്. ഭക്ഷണമേശ ബലിപീഠമായും ഗൃഹനാഥൻ പുരോഹിതനായും, ഓരോ മുറിയും ഓരോ ദേവാലയമായും കരുതുന്ന "ഭക്തി" യഹൂദന്മാരിലുണ്ട് (ആവ. 6:9). വസ്ത്രം, ഭക്ഷണം എന്നിവ യഹൂദന് യോജിച്ചതായിരിക്കണം; വിശുദ്ധി സംരക്ഷിക്കുവാൻ പ്രത്യേക അനുഷ്ഠാനത്തോടെയുള്ള സ്നാനം (ritual bath) ഉണ്ട്. ഇത് എല്ലാ സാധാരണ യഹൂദനും പാലിച്ചുവരുന്ന രീതികളാണ്.

എന്നാൽ 'കബാല' (Kabbalah) എന്ന പ്രത്യേക യോഗാത്മക പാരമ്പര്യപ്രകാരം പല രീതികളും പിന്നീട് ആദ്ധ്യാത്മികതയായി സ്വീകരിക്കപ്പെട്ടിട്ടുണ്ട്. ഇവരിൽ പ്രധാനമായ ഒരു പ്രസ്ഥാനമാണ് ഹസിഡിക് പ്രസ്ഥാനം (Hassidic Movement). സമൂഹത്തിലെ ഉയർന്ന തട്ടിലുള്ളവരാണ് ഈ പാരമ്പര്യം കൂടുതലായി പിന്തുടരുന്നത്. താത്വികവും അമൂർത്തവുമാണ് പഠിപ്പിക്കലുകൾ. ദൈവത്തിലേക്ക് ഉയർത്തപ്പെടുക എന്ന യോഗാത്മ സമീപനമാണ് സോഹാർ (Zohar) എന്നത്. ഈ പാരമ്പര്യത്തിന്റെ മഹത്വം അറിയിക്കുന്ന ഒരു പദ്ധതിയാണ്. ദൈവത്തിൽ നിന്നും ഒരു ശക്തി (Divine Sparks) വിഗിരണം ചെയ്യപ്പെടുന്നുണ്ടെന്നും, അത് ആഗിരണം ചെയ്ത് മനുഷ്യനും പ്രപഞ്ചവും ദൈവത്തിങ്കലേക്ക് ആകർഷിക്കപ്പെടുകയും ഉയർത്തപ്പെടുകയും ചെയ്യുന്നുണ്ടെന്നുമാണ് ഈ ഉപദേശം. സകല സൃഷ്ടിയേയും ഉദ്ധരിച്ച് ദൈവസന്നിധിയിലേക്ക് ഉയർത്താൻ ഈ പദ്ധതി മൂലം സാധിക്കുമത്രെ. കുറച്ചുകൂടി ഉയർന്ന ആദ്ധ്യാത്മികതയാണ് Kavanah (Intention) എന്നത്. 16-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന റാബി ഇസഹാക് ലോറിയ (Issac Lauria) യുടെ ജീവിതത്തിലും പ്രവർത്തിയിലുമാണ് ഇത് വ്യക്തമായി കാണുന്നത്. യിസ്രായേലിലെ 'സഫേദി'ൽ അദ്ദേഹത്തിന്റെ ശവകുടീരം ഒരു തീർത്ഥാടനകേന്ദ്രമായി ഇന്നും നിലനിൽക്കുന്നുണ്ട്.

18-ാം നൂറ്റാണ്ടിൽ പോളണ്ടിൽ ആരംഭിച്ച 'ഹസ്സിഡിൻ' (Hassidin) യഹൂദ ആദ്ധ്യാത്മികതയുടെ വലിയ ഒരു പ്രസ്ഥാനമാണ്. ക്രൈസ്തവരായ മെത്തോഡിസ്റ്റ് ആദ്ധ്യാത്മികതയും റഷ്യൻ ഓർത്തഡോക്സ് ആദ്ധ്യാത്മികതയുമായി വളരെ ബന്ധവും സാമ്യവും ഇതിനുണ്ട്. റഷ്യൻ ഓർത്തഡോക്സ് സഭാപശ്ചാത്തലത്തിൽ ദസ്തയേവിസ്കി രചിച്ച പ്രശസ്ത നോവലായ 'കാരമസോവ് സഹോദരന്മാർ', ഹസ്സിഡിൻ നോവലായ 'റെബെ' എന്നിവ തമ്മിൽ അടുത്ത സാമ്യമുണ്ട്.

മറ്റൊരു പ്രസ്ഥാനമായ 'Movement of Pious' ആരംഭിച്ചത് 'Baal Shem Lov' എന്നയാളാണ്. മലയിൽ ധ്യാനിച്ചുകൊണ്ട് ന്യായപ്രമാണം പഠിക്കുകയും, ഗ്രാമങ്ങൾതോറും ചുറ്റിനടന്ന് ജനങ്ങളെ പഠിപ്പിക്കുകയും സാധാരണക്കാരുടെ ആദ്ധ്യാത്മികത മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്തു. സുനഗോഗുകളില്ലാതെ വയലുകളിലും കുന്നുകളിലും ആരാധിക്കുവാൻ തുടങ്ങിയപ്പോൾ അദ്ദേഹത്തെ യഹൂദനേതാക്കന്മാർ ശപിക്കുന്നുണ്ട്. ഭരണകർത്താക്കളുടെയും ജനങ്ങളുടെയും പിന്തുണ അദ്ദേഹത്തിനുണ്ടായിരുന്നതിനാൽ അദ്ദേഹത്തെ പുറത്താക്കിയില്ല. അദ്ദേഹത്തിന്റെ ശിഷ്യന്മാർ സ്നേഹത്തിനും, പ്രസന്നതയ്ക്കും, ഭക്തിക്കും പേരുകേട്ടവരായിരുന്നു. ന്യായപ്രമാണത്തിനെതിരാണെന്നും, മശിഹായുടെ അനുകൂലികളുമാണെന്ന് കുറ്റപ്പെടുത്തുന്ന സമീപനങ്ങളും അവരെപ്പറ്റി

ഉണ്ടായിട്ടുണ്ട്. ദൈവസാന്നിധ്യം എടുത്തുകാട്ടുകയും, സാധുക്കളുടെയും ലളിതമായി ജീവിക്കുന്നവരുടെയും കൂടെയാണ് ദൈവമെന്നും, അനുതപിക്കുന്ന പാപികളോട് ദൈവം കരുണയുള്ളവനാണെന്നും അവർ പഠിപ്പിച്ചു. ബാൽഷെം എഴുതിയ പ്രാർത്ഥനകൾ പൊതുവായി സ്വീകരിക്കപ്പെടുകയും ഗീതരൂപത്തിൽ പരക്കെ വ്യാപിക്കുകയും ചെയ്തു .

"Tsadikkin" എന്ന ഒരു ഗ്രൂപ്പ് ഇതുപോലെ വളർന്നു വന്ന മറ്റൊരു പ്രസ്ഥാനമാണ്. ഇവരിൽ പല നല്ല ഗുരുക്കന്മാരുണ്ടായിട്ടുണ്ട്. ദൈവത്തിന്റെ അടുത്ത് ചെല്ലുവാനും യോജിച്ചു ജീവിക്കാനും കഴിയുമെന്ന് ഇവർ പഠിപ്പിക്കുന്നു. Nahman Braslav എന്നയാൾ ദൈവവുമായുള്ള അകലം എടുത്തു കാണിച്ചുകൊണ്ട് ഈ വാദഗതിയെ എതിർത്തു. പൈശാചിക ശക്തി, വെളിപാടിന്റെ പ്രാധാന്യം, മിശിഹായുടെ വരവിനായുള്ള പ്രത്യാശ എന്നിവ പ്രധാന ആശയങ്ങളാണ്. പ്രതീകാത്മകമായി, കഥകളിലൂടെയാണ് ഇദ്ദേഹം പഠിപ്പിച്ചിരുന്നത്.

ഇന്നും ഇപ്രകാരമുള്ള പ്രസ്ഥാനങ്ങൾ വഴി പൗരാണികതയും, ഭക്തിയും, ആദ്ധ്യാത്മികതയും നിലനിർത്തുവാൻ യഹൂദന്മാർ ശ്രദ്ധിച്ചു വരുന്നു. ഓരോ പ്രസ്ഥാനത്തിനും, അതിന്റെ സ്ഥാപകന്റെ മാർഗനിർദ്ദേശങ്ങളും ആശയങ്ങളുമനുസരിച്ചുള്ള പ്രവർത്തനശൈലിയുണ്ടെന്നു മാത്രം. താഴെ പറയുന്നവയാണ് പ്രധാന ആധുനിക പ്രസ്ഥാനങ്ങൾ.

1) Lubavitcher: ഭക്തിയാണ് ഊന്നൽ. ന്യായപ്രമാണം പാലിക്കാത്തവരെ കണ്ടെത്തി പ്രത്യേകം ആകർഷിക്കാനും, പരിശീലിപ്പിച്ച് എടുക്കാനും ലക്ഷ്യം വയ്ക്കുന്നു. 2) Gerer: ഇവർ പാണ്ഡിത്യത്തിന് പ്രസിദ്ധരാണ്. 3) Bratslaver: ഇവർ യോഗാത്മകതയിലും മിസ്റ്റിക്കൽ അനുഭവത്തിനും പ്രാധാന്യം നൽകുന്നു.

ആധുനിക പണ്ഡിതരാണ് Rav cook (1935), Joshua Heshecl (1972) എന്നിവർ.

യഹൂദന്മാരുടെ ഏറ്റവും പുതിയ ആരാധനക്രമത്തിൽ, പരിഷ്കാരങ്ങളും, സ്വാതന്ത്ര്യവും വ്യക്തിഗത പ്രാർത്ഥനകളും, ധ്യാനവുമെല്ലാം പ്രാധാന്യം നൽകി കൊടുത്തിട്ടുണ്ട്. ക്രിസ്ത്യാനികളുടെ ആരാധന പോലെ തന്നെ രൂപംനൽകി ആരാധന നടത്തുന്ന ഒരു ആധുനിക പ്രസ്ഥാനമാണ് അമേരിക്കയിലെ Chavurah Movement.

ക്രിസ്തീയ ആദ്ധ്യാത്മികത ഒരു പരിധി വരെ യഹൂദന്മാർക്കും, യഹൂദരീതികൾ ഒരു പരിധി വരെ ക്രിസ്ത്യാനികൾക്കും, പ്രയോജനകരമായവിധത്തിൽ മതസംവാദങ്ങൾ വഴി മനസ്സിലാക്കുവാനുള്ള പരിശ്രമങ്ങൾ നടത്താവുന്നതും, നടത്തേണ്ടതുമാണ്. അപ്പോൾ രണ്ടു വിഭാഗ

ങ്ങൾക്കും കൂടുതൽ ഉണർവും ഉറപ്പും ഉണ്ടായിത്തീരുമെന്നു പ്രതീക്ഷിക്കാം.

## III ആദ്ധ്യാത്മികത ഇസ്ലാം മതത്തിൽ

അബ്രഹാമിന്റെ മക്കൾ എന്ന നിലയിൽ ക്രിസ്ത്യാനികളും യഹൂദന്മാരും, മുസ്ലീങ്ങളും ഒരേ ആദ്ധ്യാത്മിക പാരമ്പര്യത്തിനുടമകളാണ്.

1) "ഏക ദൈവവിശ്വാസം", മുഹമ്മദ് അവസാന 'പ്രവാചകൻ' എന്നീ അടിസ്ഥാന പ്രമാണങ്ങൾ ഓരോ മുസ്ലീമും ദിവസവും പല പ്രാവശ്യം ഉരുവിടുന്നു. അഞ്ചു തൂണുകളായി പാലിക്കുന്നവയാണ് വിശ്വാസം, പ്രാർത്ഥന, ദാനധർമ്മം, ഉപവാസം, തീർത്ഥാടനം എന്നിവ.

2) പ്രാർത്ഥന: 5 നേരം പ്രാർത്ഥന, മുഖം, തല, കാൽ, കൈ എന്നിവ കഴുകിയ ശേഷം നടത്തണം. മെക്കയിലെ മോസ്ക് ലക്ഷ്യമാക്കി എവിടെയായാലും നിലത്തു പായ് വിരിച്ചു പ്രാർത്ഥിക്കുന്നു. 'ദൈവം വലിയവൻ' എന്നു പറഞ്ഞുകൊണ്ടാണ് പ്രാർത്ഥന ആരംഭിക്കുന്നത്. പിന്നീട് കൊറാനിലെ ഒന്നാം അദ്ധ്യായം വായിക്കുന്നു. കുമ്പിടീൽ പല പ്രാവശ്യം നടത്തുന്നു. കൊറാൻ വായന, രഹസ്യപ്രാർത്ഥന എന്നിവ ഉൾക്കൊള്ളുന്ന സ്വന്തമായ പ്രാർത്ഥനകൾ നടത്താറുണ്ട്. ദൈവത്തിന്റെ 99 പേരുകൾ ആവർത്തിക്കുന്നതിനുള്ള ജപമാല ഉപയോഗിക്കാറുണ്ട്. പുരുഷന്മാർക്ക് എവിടെ നിന്നും പ്രാർത്ഥിക്കാം. എന്നാൽ സ്ത്രീകൾക്ക് വീടുകളിലാണ് അനുവാദമുള്ളത്. മസ്ജിദ് എന്ന് അറിയപ്പെടുന്ന മുസ്ലീം ദേവാലയത്തിൽ ബിംബങ്ങളോ പടങ്ങളോ ഒന്നും പാടില്ല. ജനത്തെ പ്രാർത്ഥനയ്ക്ക് വിളിച്ചു കൂട്ടേണ്ടതിന് ഉയർന്ന ഗോപുരങ്ങൾ ഉണ്ട്. വെള്ളിയാഴ്ച ഉച്ചയോടെ എല്ലാവരും മസ്ജിദിൽ പ്രാർത്ഥനയ്ക്ക് വന്നെത്തണം. പ്രാർത്ഥന നയിക്കുന്നയാൾ 'ഇമാം' എന്നും അറിയപ്പെടുന്നു.

3) ദാനധർമ്മം (Zakat): സാധുക്കൾക്കു ദാനം നല്കുന്നു. അനാഥരായ ദരിദ്രർക്കും, സ്വന്തക്കാർക്കും നൽകാവുന്നതാണ്. പ്രത്യേക സംഭാവന ഉണ്ടാകാറുണ്ടെങ്കിലും പതിവായുള്ള പണപ്പിരിവ് ഇല്ല.

4) ഉപവാസം: പ്രായപൂർത്തിയായ എല്ലാവർക്കും നിർബന്ധമാണ്. നോമ്പുകാലങ്ങളിൽ സൂര്യോദയം മുതൽ സൂര്യാസ്തമനം വരെ യാതൊന്നും ഭക്ഷിക്കാനോ കുടിക്കാനോ പാടില്ല. പുകവലി, ലൈംഗിക ബന്ധം എന്നിവയും ഈ സമയത്ത് പാടില്ല. കുട്ടികൾക്കും, ഗർഭിണികൾക്കും രോഗികൾക്കും ഇളവ് അനുവദിച്ചിട്ടുണ്ട്. ചില രാജ്യങ്ങളിൽ ഫാക്ടറി ജോലിക്കാർ, വിദ്യാർത്ഥികൾ, പട്ടാളക്കാർ എന്നിവർക്കും ഇളവ് അനുവദിച്ചിട്ടുണ്ട്.

5) ഹജ്ജ് അഥവാ തീർത്ഥാടനം: ജീവിതത്തിലൊരിക്കലെങ്കിലും മെക്ക

യിൽ തീർത്ഥാടനത്തിനു പോകണമെന്നത് അഭികാമ്യമായി കരുതുന്നു. 'ക്ആബാ' കല്ലിനു ചുറ്റും 7 പ്രാവശ്യം വലംവയ്ക്കുക, അതു മുത്തുക, അറാഫാത്ത് മലയിലെത്തി രാത്രി മുഴുവൻ ചെലവഴിക്കുക, 10-ാം ദിവസം പാപങ്ങൾ ഏറ്റുപറയുക, ആടിനെ ബലി കഴിച്ച് പെരുന്നാൾ ആഘോഷിക്കുക, മുഹമ്മദ് നബിയുടെ കബറിടം സ്ഥിതിചെയ്യുന്ന മദീന സന്ദർശിക്കുക എന്നതൊക്കെ ഹജ്ജ് തീർത്ഥാടനത്തിന്റെ ഭാഗമാണ്. മെക്കയിലെ Zam Zam കിണറ്റിൽ നിന്നും (ഹാഗാർ കണ്ടെത്തിയ നീരുറവ) വെള്ളം നാട്ടിലേക്ക് തീർത്ഥാടകർ കൊണ്ടുപോകാറുണ്ട്. 'ക്ആബാ' മൂടിയ തുണിക്കഷണവും വിശുദ്ധ വസ്തുവായി കൊണ്ടുപോകാറുണ്ട്. പെരുന്നാളുകൾ Id-al-kabir, Id-al-Fitr എന്നിവയാണ്. 'റംദാൻ' ആരംഭത്തിലും അവസാനത്തിലും ആചരിക്കുന്നു. പ്രവാചകന്മാരുടെയും വിശുദ്ധന്മാരുടെയും 'കബറുകൾ' വിശുദ്ധമായി സൂക്ഷിക്കുകയും അവിടേയും തീർത്ഥാടനം നടത്തുകയും ചെയ്യുന്ന പതിവുണ്ട്. ശവക്കോട്ടകൾ ഭംഗിയായി സൂക്ഷിക്കുകയും മരിച്ചുപോയവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന പതിവുണ്ട്. ന്യായവിധിയിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നവരിൽ ഏറ്റവും വലിയ സ്ഥാനത്ത് മുഹമ്മദ് പ്രവാചകനെ മുസ്ലീങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്.

മുസ്ലീങ്ങളിൽ സുന്നികൾ (80%) എന്നും 'ഷിയാ'കൾ (20%) എന്നും രണ്ടു ഭാഗങ്ങളുണ്ട്. സുന്നികൾ പാരമ്പര്യങ്ങളേയും ആചാരങ്ങളേയും മുറുകെ പിടിക്കുന്നവരും 'ഷിയാ'കൾ അതു നിർബന്ധമില്ലാത്തവരുമാണ്. ഇവർ തമ്മിൽ ചിലപ്പോഴൊക്കെ ആശയസംഘട്ടനം ഉണ്ടാകാറുണ്ട്. ഷിയാകളിൽ പല ഉപവിഭാഗങ്ങൾ ഉണ്ടായി. മുഹമ്മദ് നബിയുടെ 'ദൈവവിളി' പ്രോത്സാഹിപ്പിക്കപ്പെട്ടത് മെക്കയിലെ ഒരു പൗരസ്ത്യ ക്രിസ്ത്യാനി സന്യാസിയായ 'ബാഹിറ' വഴിയാണ്. മെക്കയിൽ വ്യവസ്ഥാപിതമായ ക്രിസ്തീയ സഭയോ, വേദപുസ്തക തർജമയോ ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ ക്രിസ്ത്യാനികൾ തമ്മിൽ തർക്കിച്ചുകൊണ്ടിരുന്ന സാഹചര്യത്തിൽ മുഹമ്മദു നബിക്ക് ഇസ്ലാംമതം പ്രചരിപ്പിക്കാൻ എളുപ്പമായ സാഹചര്യമുണ്ടായിരുന്നു.

**സൂഫിസം** (Sufism): ഇസ്ലാം മതത്തിലെ 'ആദ്ധ്യാത്മികത' ചൂണ്ടിക്കാണിക്കാവുന്ന പ്രസ്ഥാനമാണ് സൂഫിസം. സ്വയം ആത്മീയജീവിതത്തിനായി ഒരാൾ സമർപ്പിക്കപ്പെടുന്ന അനുഭവത്തിന് 'Jasawuf' എന്നു പറയുന്നു. അങ്ങനെയാണ് 'Sufi' എന്ന പദം ഉണ്ടായത് എന്നും, ഗ്രീക്ക് പദമായ 'സോഫിയ'യിൽ നിന്നാണ് 'സൂഫി' എന്ന പദം ഉണ്ടായതെന്നും രണ്ടഭിപ്രായമുണ്ട്.

മുഹമ്മദ് നബി തന്നെ ഒരു 'സൂഫി' ആയിരുന്നു എന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ട്. മുഹമ്മദിന് ദൈവദർശനവും വെളിപ്പാടുകളും ലഭി

ച്ചത്, മനുഷ്യന്റെ ആത്മാവ് സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെടുന്നതിന്റെ മുൻകുറിയാണെന്ന് 'സൂഫികൾ' പറയുന്നുണ്ട്. ഇസ്ലാം വളർച്ച പ്രാപിച്ച മദ്ധ്യപൗരസ്ത്യ ദേശങ്ങളിൽ അനേകം സന്യാസികളും ഏകാന്തവാസികളുമുണ്ടായിരുന്നു. അവരുടെ ജീവിതരീതികളാൽ ആകർഷിക്കപ്പെട്ടതിനാലും കൂടിയാകാം 'സൂഫിസം' ഈ പ്രദേശങ്ങളിൽ വളർച്ച പ്രാപിച്ചത്. ക്രിസ്തീയ ആശ്രമങ്ങൾ മുസ്ലിം സൂഫികൾക്ക് സ്വാഗതം നൽകി. ക്രിസ്ത്യാനികളെ സ്നേഹിതരായി മുസ്ലീങ്ങൾ കരുതുന്നുണ്ട്.

ചില മിസ്റ്റിക്ക് സമൂഹങ്ങൾ, അന്ധവിശ്വാസത്തിലേക്കും, അധാർമ്മികതയിലേക്കും വഴുതി വീണതിന്റെ ഫലമായി, ഇസ്ലാം മതത്തിന്റെ വിലക്കുകളുമുണ്ടായിട്ടുണ്ട്.

**പാഠം 3**

## ആദ്ധ്യാത്മികത: ഹൈന്ദവ ധർമ്മത്തിൽ

### ആമുഖം

ആദ്ധ്യാത്മികതയെപ്പറ്റി ഭാരത പശ്ചാത്തലത്തിൽ പഠനം നടത്തുമ്പോൾ ഹൈന്ദവ മതത്തിലെ പ്രധാനപ്പെട്ട ആദ്ധ്യാത്മിക പാരമ്പര്യങ്ങളെ ഒരു ചെറിയ അളവിലെങ്കിലും മനസിലാക്കുവാൻ ശ്രമിക്കേണ്ടത് ആവശ്യമാണ്. ക്രിസ്തീയ ആദ്ധ്യാത്മികതയാണ് പ്രധാനമായി പരിഗണിക്കുന്നതെങ്കിലും, ഭാരത ക്രിസ്ത്യാനികൾ എന്ന നിലയിൽ ഭാരതീയ സംസ്കാരവും, ദർശനങ്ങളും, സമീപനങ്ങളും, അനുഷ്ഠാന രീതികളുമെല്ലാം അറിഞ്ഞും അറിയാതെയും നമ്മെ സ്വാധീനിക്കുന്നു എന്നതിനാൽ, അവയെപ്പറ്റിയുള്ള അവബോധം ആദ്ധ്യാത്മിക ജീവിതത്തിൽ വളരെയേറെ പ്രാധാന്യമർഹിക്കുന്നുണ്ട്.

ഹൈന്ദവ സമീപനം വിശദമായി വിലയിരുത്തുവാൻ ഇവിടെ തുനിയുന്നില്ല. വിശദമായ പഠനം അർഹിക്കുന്ന ബൃഹത്തായ ഒരു വിഷയമാണെങ്കിലും, സംക്ഷിപ്തമായി പ്രധാന ഊന്നലുകളിലേക്ക് വിരൽ ചൂണ്ടുക മാത്രമെ ഇവിടെ സാധിക്കുകയുള്ളു.

ജീവിതവും ചരിത്രവും ഒരു തീർത്ഥയാത്രയായും, മോക്ഷമെന്ന ലക്ഷ്യം പ്രാപിക്കുവാനായി ഭക്തജനം നടത്തുന്ന അനുഷ്ഠാനങ്ങൾ ആത്മികതയായും പൊതുവെ വിവക്ഷിക്കപ്പെടാവുന്നതാണ്. ധർമ്മം, അർത്ഥം, കാമം, മോക്ഷം (പുരുഷാർത്ഥങ്ങൾ) എന്നീ ചതുർവിധ ലക്ഷ്യങ്ങൾ നേടുന്നതിനായി ജ്ഞാന-കർമ്മ-ഭക്തി മാർഗങ്ങളിൽ കൂടി, സഞ്ചരിക്കുവാനും, ബ്രഹ്മചര്യം, ഗൃഹസ്ഥാശ്രമം, വാനപ്രസ്ഥം, സന്യാസം

എന്നീ "ചതുരാശ്രമ ജീവിതം വഴി" പൂർണതിലേക്ക് വളർന്ന് സത്, ചിത്, ആനന്ദം എന്ന അനുഭവത്തിലെത്തി ജീവൻമുക്തി, അഥവാ മോക്ഷം പ്രാപിക്കുക എന്ന ലക്ഷ്യപ്രാപ്തിക്കായി മനുഷ്യൻ പുനർജന്മം പോലും സ്വീകരിക്കേണ്ടി വരുന്ന വിപുലമായ ഒരു ആദ്ധ്യാത്മിക പാരമ്പര്യമാണ് ഹൈവന്ദമതത്തിൽ നാം കാണുന്നത്.

ഈ ആദ്ധ്യാത്മിക പാരമ്പര്യത്തെ നിലനിർത്തുന്ന ഹൈന്ദവതത്വശാസ്ത്രം വളരെ സമ്പന്നമാണ്. സ്ഥൂലശരീരമായ പ്രപഞ്ചവും സൂക്ഷ്മശരീരമായ മനുഷ്യാത്മാവും തമ്മിലുള്ള ബന്ധത്തിലൂടെ പരബ്രഹ്മമായ പരമാത്മാവിൽ ലയിച്ചുചേരുന്ന പ്രക്രിയ ഹൈന്ദവ ആദ്ധ്യാത്മികതയുടെ പ്രധാന ഘടകമാണ്. ഈ ലോകജീവിതത്തോട് വിരക്തി പൂണ്ട് ഈശ്വരാഭിമുഖ്യത്തിലെത്തിച്ചേരുന്ന പ്രക്രിയയിൽ വിവിധ തലങ്ങളിൽ വിരക്തി (detachment) പാലിക്കപ്പെടണമെന്ന് നിഷ്കർഷിക്കുന്നു.

## A. ഹൈന്ദവ ആദ്ധ്യാത്മികത: ഒരു വിഹഗ വീക്ഷണം

### 1. മോക്ഷം ആത്യന്തിക ലക്ഷ്യം

ഈ ലോകജീവിതത്തിലെ വിവിധ ഘട്ടങ്ങൾ കടന്ന്, പുനർജന്മം വഴി സായൂജ്യം പ്രാപിച്ച്, മനുഷ്യനിലെ ജീവാത്മാവ് ശരീരത്തിൽ നിന്നും ലോകസാഗരത്തിൽ നിന്നും സ്വതന്ത്രമായിത്തീർന്ന് പരമാത്മാവിൽ ലയിച്ചു ചേരുന്ന മോക്ഷാനുഭവമാണ് ഹൈന്ദവ ആദ്ധ്യാത്മികതയുടെ പരമ ലക്ഷ്യം. ഇത് പ്രാപിക്കുവാനായി ലക്ഷ്യത്തെപ്പറ്റിയുള്ള വ്യക്തമായ ഉൾകാഴ്ചയും അത് നേടുന്നതിലേക്കുള്ള വ്യക്തമായ മാർഗവും, അതിൽ സഞ്ചരിക്കുന്നതിനുള്ള വ്യക്തമായ രീതികളും ഭക്തൻ അറിഞ്ഞിരിക്കേണ്ടതുണ്ട്. ആയതിനാൽ ജ്ഞാനമാർഗമാണ്, സാധാരണഗതിയിൽ മോക്ഷമാർഗമായി പ്രോത്സാഹിപ്പിക്കപ്പെടുന്നത്. വേദങ്ങൾ, ഉപനിഷത്തുക്കൾ തുടങ്ങിയവ വഴി ലഭിക്കുന്ന വിജ്ഞാനം (വിദ്യ) സമ്പാദിച്ച് അജ്ഞാനമാകുന്ന (അവിദ്യ) അന്ധകാരത്തെ നീക്കം ചെയ്യുക എന്നതാണ് ഈ മാർഗത്തിന്റെ പ്രാധാന്യം. മായ, അഹങ്കാരം എന്നിവ വരുത്തുന്ന അജ്ഞാനമാണ് മനുഷ്യനെ തിന്മയിലേക്ക് നയിക്കുന്നത്. ആയതിനാൽ അജ്ഞാനം നീക്കുന്നതാണ് നന്മയിലേക്ക് വളരുവാനും, അതുവഴി മോക്ഷം പ്രാപിക്കുവാനുള്ള എഴുപ്പവഴിയായി പരിഗണിക്കുന്നത്. ബുദ്ധിയ്ക്കും മനസിനും അപ്പുറത്തുള്ള അതീന്ദ്രിയജ്ഞാനമാണത്. അത് സത്യം, ചിത്തം, ആനന്ദം (സച്ചിതാനന്ദം) എന്നിവയെപ്പറ്റിയുള്ള ഒരു സമ്പൂർണ്ണാനുഭവമാണ് (Experience). സത്തയെപ്പറ്റി (ദൈവത്തെപ്പറ്റി), ശുദ്ധമനസ് (ചിത്തം) ഉൾക്കൊള്ളുന്ന വിജ്ഞാനം മൂലം ഉണ്ടാകുന്ന ആനന്ദാനുഭവമാണ് (Bliss) മോക്ഷം എന്നത്.

ഇപ്രകാരമുള്ള മോക്ഷാനുഭവം ലഭിക്കുന്നതിനായി ദൈവമൊഴികെയുള്ള മറ്റെല്ലാം അയഥാർത്ഥ്യങ്ങളാണെന്ന് തിരിച്ചറിഞ്ഞ്, അവയോട് നിസ്സംഗതയും വിരക്തിയും പാലിച്ച് ജീവിക്കുക എന്നതാണ് ഹൈന്ദവ ആദ്ധ്യാത്മികത. ഈ ജീവിതചര്യയുടെ പൂർണ്ണതയായി മൗനത്തേയും ശാന്തിയേയും പരിഗണിക്കുന്ന പാരമ്പര്യവും കാണുന്നുണ്ട്.

മോക്ഷത്തിലേക്ക് നയിക്കുന്ന മറ്റു മൂന്നു അനുക്രമഘടകങ്ങളാണ് ധർമ്മം (Justice) അർത്ഥം (Wealth) കാമം (enjoyment) എന്നിവ. മോക്ഷപ്രാപ്തിക്ക് അനുയോജ്യമായവിധത്തിൽ മാത്രം ധനസമ്പാദനവും ജീവിതാസ്വാദനവും നടത്തണമെന്നും ധർമ്മത്തിൽ അധിഷ്ഠിതമായിരിക്കണമെന്നും, അധർമ്മമായി വന്നാൽ മോക്ഷം നഷ്ടപ്പെടുമെന്നുമാണ് വിവക്ഷിക്കുന്നത്. ഈ ജീവിത വീക്ഷണം പാലിച്ചുകൊണ്ടും ഈ ലോകത്തിൽ വസിച്ചുകൊണ്ടും മോക്ഷം കൈവരിക്കുന്ന അവസ്ഥയെ “ജീവൻമുക്തി” എന്നു പറയുന്നു.

**2. അദ്വൈതം, പൂർണം, ശാന്തി**

വ്യക്തിയും, പ്രപഞ്ചവും, ദൈവവും ഒന്നാണെന്ന ജ്ഞാനം ഗ്രഹിക്കുന്നതാണ് പൂർണതയുടെ ലക്ഷണമെന്നും, അതുവഴിയാണ് യഥാർത്ഥ പക്വതയും ശാന്തിയും ലഭിക്കുന്നത് എന്നും മനസ്സിലാക്കി അതിനായി ശ്രമിക്കുന്ന ജീവിതമാണ് ആത്മീയജീവിതം. എല്ലാ വസ്തുക്കളും വേറിട്ട് നിൽക്കുന്നതാണെന്ന ബോധ്യം അജ്ഞതയും മായയുമാകയാൽ മനുഷ്യനും ദൈവവും പ്രപഞ്ചവും ഒന്നാകുന്നു എന്ന ജ്ഞാനം പ്രാപിക്കേണ്ടിയിരിക്കുന്നു. ഞാൻ എന്ന ഭാവം (അഹംഭാവം) കേന്ദ്രമാക്കുന്നതിന് പകരം, ദൈവം കേന്ദ്രമായുള്ള ജീവിതരീതി സ്വായത്തമാക്കുക എന്നതാണ് ലക്ഷ്യമാക്കുന്നത്. ദൈവത്തെ സ്വന്തം കേന്ദ്രമാക്കി, പ്രപഞ്ചത്തോടും മറ്റു സൃഷ്ടികളോടും ബന്ധപ്പെടുന്ന അവസ്ഥയിലാണ് പൂർണത കൈവരിക്കുന്നത് എന്ന് ചുരുക്കം.

ഇപ്രകാരമുള്ള ഒരു ബന്ധം രൂപപ്പെട്ടു വരുന്നതിനായി പ്രപഞ്ചത്തിന്റെ താളാത്മകതയും (rta) അതിൽ മനുഷ്യന്റെ വിവിധ ധർമ്മങ്ങളും തിരിച്ചറിയേണ്ടത് ആവശ്യമാണ്. കുലധർമ്മം, ദേശധർമ്മം, ആശ്രമധർമ്മം, യുഗധർമ്മം, മാനവധർമ്മം എന്നിങ്ങനെ വിവിധ നിലകളിൽ ഹൈന്ദവധർമ്മത്തെ പണ്ഡിതന്മാർ വിവരിക്കുന്നുണ്ട്. യാഗങ്ങൾ (യജ്ഞങ്ങൾ) വഴിയായി അനുദിനജീവിതത്തിൽ സമൂഹത്തിനുവേണ്ടി സ്വയത്തെ ത്യജിക്കുന്നതിനുള്ള ആഹ്വാനവും പ്രാധാന്യമർഹിക്കുന്നു. മനുഷ്യരക്ഷ എന്നത് വ്യക്തിപരമായല്ല, സാമൂഹ്യവും സാർവലൗകികവുമായവിധത്തിലാണ് കാണുന്നത്. ദൈവത്തോട് പ്രാർത്ഥിക്കുന്നതും ദൈവികവെളിപാടിനും നിയോഗത്തിനുമനുസരിച്ച് പ്രവർത്തിക്കുന്നതും

തമ്മിലും അതുപോലെ ദൈവത്തിൽ നിന്ന് സ്വീകരിക്കുന്നതും ദൈവത്തിനായി സ്വയം സമർപ്പിച്ച് ജീവിക്കുന്നതും തമ്മിലും വളരെയേറെ ബന്ധമുണ്ട്. അദ്വൈതത്തിലൂടെ പൂർണതയിലേക്കും, പിന്നീട് ശാന്തിയിലേക്കും എത്തിച്ചേരുന്ന അവസ്ഥയിലാണ് ഈ ബന്ധം നിലനിർത്താൻ കഴിയുക.

സകലത്തിലും ഈശ്വര സാന്നിദ്ധ്യം ദർശിക്കാൻ കഴിയുന്നതും ഞാൻ തന്നെ ഈശ്വരഭാവമാണെന്ന് കണ്ടെത്താൻ കഴിയുന്നതും (അഹം ബ്രഹ്മാസ്മി) ഹൈന്ദവ ആദ്ധ്യാത്മികതയുടെ പ്രത്യേകതയാണ്. ആകയാൽ, പുറത്ത്, ദൂരെ നിൽക്കുന്ന ഒരു ദൈവത്തെ അന്വേഷിച്ച് തേടിപ്പോകുന്ന സമീപനമല്ല, അന്തര്യാമിയായി, അവനവനിൽ തന്നെ വസിക്കുന്ന ഈശ്വരനെ കണ്ടെത്താനുള്ള പരിശ്രമമാണ് ഹൈന്ദവ ആദ്ധ്യാത്മികതയുടെ പ്രധാന വശം. ഇതിന്റെ പാരമ്യതയിലാണ് "അഹം ബ്രഹ്മാസ്മി", "തത്വമസി" എന്നീ ഋഷിവാക്യങ്ങൾ അന്വർത്ഥമാകുന്നത്.

### 3. കർമ്മ-ജ്ഞാന-ഭക്തി മാർഗങ്ങൾ

മോക്ഷമാകുന്ന ഏക ലക്ഷ്യത്തിലെത്തിച്ചേരാൻ ത്രിവിധ മാർഗങ്ങൾ ഹൈന്ദവ മതം നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ ഹൈന്ദവ വേദങ്ങളും ഉപനിഷത്തുക്കളും, പുരാണേതിഹാസങ്ങളുമെല്ലാം, വളരെയേറെ പ്രയോജനകരമായ പൊതു മാർഗദർശനം നൽകുന്നവയാണ്. കർമ്മമാർഗത്തിന് ബ്രാഹ്മണ കൃതികളും, ജ്ഞാനമാർഗത്തിന് ഉപനിഷത്തുക്കളും, ഭക്തിമാർഗത്തിന് ഇതിഹാസങ്ങളും പുരാണങ്ങളും പ്രത്യേക മാർഗനിർദ്ദേശം നൽകുന്നു.

അനുഭവജ്ഞാനവും യോഗാത്മക ജ്ഞാനവും (Contemplative wisdom) ജ്ഞാനമാർഗ്ഗത്തെ സഹായിക്കുന്നവയാണ്. സമർപ്പിതസ്നേഹവും, ഭക്തിപൂർവ്വമായ സ്വയപരിത്യാഗവും ഭക്തിമാർഗ്ഗത്തിൽ മനുഷ്യനെ നയിക്കുന്നു. ഫലത്തെപ്പറ്റി ആശങ്കയില്ലാതെ, നിസ്വാർത്ഥമായി ചുമതലകൾ നിർവ്വഹിക്കുന്ന ജീവിതപ്രമാണമായി കർമ്മമാർഗ്ഗത്തെ കാണാൻ തുടങ്ങിയത് ഭക്തിമാർഗ്ഗത്തിന്റെ പശ്ചാത്തലത്തിലാണ്. ആരംഭദശയിൽ കർമ്മമാർഗ്ഗമെന്നത് ആചാരാനുഷ്ഠാനങ്ങളും ബലികർമ്മങ്ങളുമായിരുന്നു.

### 4. ചതുർവിധ ആശ്രമ ജീവിതം

ഈശ്വരനിൽ ലയിച്ചു ചേരാനുള്ള ജീവിതയാത്രയിൽ പൂർണ്ണതയിലെത്തുന്നതിന് നാലു ഘട്ടങ്ങളാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. യൗവ്വനകാലത്ത് വേദം പഠിച്ചും നിഷ്ഠജീവിതം നയിച്ചും ഈശ്വരനെ കണ്ടെത്താനുള്ള ജീവിതശൈലി സ്വീകരിക്കുകയാണ് ആദ്യഘട്ടമായ

*ബ്രഹ്മചര്യം* വഴി സാധിക്കേണ്ടത്. ബ്രഹ്മത്തിൽ ചരിക്കുന്നവനാണ് ബ്രഹ്മചാരി. രണ്ടാം ഘട്ടമായ *ഗൃഹസ്ഥാശ്രമ*ത്തിൽ വിവാഹം, കുടുംബം, സമൂഹം എന്നിവയ്ക്ക് പ്രാധാന്യം നൽകി, തത്സംബന്ധമായ ധർമ്മങ്ങൾ നിർവഹിച്ച് ജീവിക്കുക. ഇപ്രകാരം ലോകജീവിതത്തിൽ ജീവിക്കുന്നവനെങ്കിലും അന്തിമ ലക്ഷ്യമായ മോക്ഷം നഷ്ടമാകാതിരിക്കാൻ തക്ക ആദ്ധ്യാത്മികത വളർത്തിയെടുക്കാൻ ഏകനായോ, കുടുംബസമേതമോ വനത്തിൽ പോയി താമസിക്കുന്ന അനുഭവമാണ് *വാനപ്രസ്ഥം.* ഈ മൂന്നു ഘട്ടത്തിലും വ്യക്തിതാൽപര്യങ്ങൾക്കും ലോകകാര്യങ്ങൾക്കും പ്രസക്തിയുണ്ടാകുമെന്നതിനാൽ, സർവ്വസംഗപരിത്യാഗിയായി ജിവിക്കുന്ന അവസ്ഥയാണ് നാലാം ഘട്ടമായ *സന്യാസം.* സംയക്കായി ന്യസിച്ചവൻ അഥവാ ഉചിതമായി ഉപേക്ഷിച്ചവൻ ആണ് സന്യാസി.

ഈ നാലു ഘട്ടങ്ങളിൽ കൂടി ശരീരപ്രകാരം ജീവിക്കുവാൻ എല്ലാവർക്കും കഴിഞ്ഞില്ലെങ്കിലും ഇപ്രകാരമുള്ള ഘട്ടങ്ങൾ മാനസികതലത്തിലെങ്കിലും കൈകാര്യം ചെയ്യാൻ സാധിക്കേണ്ടതാണ്. ഒന്നാം ഘട്ടത്തിൽ ഈശ്വരനിൽ ജീവിക്കുന്ന അനുഭവവും, രണ്ടാം ഘട്ടത്തിൽ സമൂഹത്തോടുള്ള കടമകൾ നിർവഹിക്കുന്ന അനുഭവവും, മൂന്നാം ഘട്ടത്തിൽ ദൈവത്തിലേക്കു തന്നെയുള്ള തിരിച്ചുവരവും, നാലാം ഘട്ടത്തിൽ ദൈവത്തിൽ ലയിച്ചു ചേരാനായി മറ്റ് സകലവും പരിത്യജിക്കുന്നതും ഹൈന്ദവ ആദ്ധ്യാത്മികതയുടെ പ്രത്യേക ഊന്നലുകളാണ്.

### 5. പഞ്ചകോശങ്ങൾ (Five fold Sheathes)

പ്രപഞ്ചം സ്ഥൂലകോശമായും (Macro cosm) മനുഷ്യാത്മാവ് സൂക്ഷ്മകോശമായും (Micro cosm) ഹൈന്ദവ ദർശനത്തിൽ വിവരിക്കപ്പെടുന്നു. ഒരു ക്ഷേത്രത്തിന്റെ ചുറ്റുമതിലുകൾ പോലെയാണ് ഈ 5 ആവരണങ്ങൾ. അമ്പലത്തിലേക്ക് തീർത്ഥയാത്ര ചെയ്യുമ്പോൾ പൂജ നടത്തുന്നതിനായി ഈ ആവരണങ്ങൾ (പ്രഹാരങ്ങൾ) കടന്നശേഷമാണ് മൂലസ്ഥാനത്ത് അഥവാ, ഗർഭഗൃഹത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ദൈവ വിഗ്രഹത്തെ ദർശിക്കുവാൻ കഴിയുന്നത്. ലോകപ്രകാരമുള്ള പഞ്ചകോശങ്ങളാകുന്ന ആവരണങ്ങളെ ഒന്നൊന്നായി നീക്കി ദൈവസാക്ഷാൽക്കാരം പ്രാപിക്കുകയാണ് ആദ്ധ്യാത്മികതയുടെ ഘട്ടങ്ങൾ, അന്നമയകോശം, പ്രാണമയകോശം, മനോമയകോശം, വിജ്ഞാനമയകോശം, ആനന്ദമയകോശം എന്നിവയാണ് പഞ്ചകോശങ്ങളായി വിവരിക്കപ്പെടുന്നത്. ഇവയെ തരണംചെയ്ത് കഴിയുമ്പോഴേ യഥാർത്ഥ ദൈവദർശനം സാധ്യമാകൂ. ഭക്ഷണത്തിലൂടെ ശാരീരികമായി നാം ആർജിക്കുന്ന ഊർജം പ്രാണനേയും മനസ്സിനേയും വിജ്ഞാനത്തേയും അതിജീവിച്ച് സൂക്ഷ്മാത്മാവിനെ ആനന്ദാനുഭവത്തിലേക്ക് എത്തിക്കുന്നു.

### 6. ഷഡ് ദർശനങ്ങൾ (Six Schools Of Indian Philosophy)

ദൈവം, പ്രപഞ്ചം, മനുഷ്യൻ എന്ന യാഥാർത്ഥ്യത്തെ മനസ്സിലാക്കുന്നതിലും അവതരിപ്പിക്കുന്നതിലും വിവിധ സമീപനങ്ങൾ ഹൈന്ദവമതത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. ഇവ വിവിധങ്ങളാണെങ്കിലും പരസ്പര പൂരകങ്ങളായാണ് വിവരിക്കപ്പെടുന്നത്. മതവിശ്വാസവും തത്വചിന്തയും രണ്ടായി കാണുന്നില്ല. അതുപോലെ തന്നെയാണ് വേദശാസ്ത്രവും ആദ്ധ്യാത്മികതയും. ഈ ഷഡ് ദർശനങ്ങളുടെ വക്താക്കൾ ഒരേ സമയം തന്നെ തത്വചിന്തകരും ആദ്ധ്യാത്മിക ഗുരുക്കന്മാരുമായിരുന്നു. അതുകൊണ്ടു തന്നെ അവരുടെ ദർശനങ്ങൾ ഒരു ആദ്ധ്യാത്മിക സ്രോതസ്സായി പരിഗണിക്കാൻ കഴിയും. വൈശേഷിക, ന്യായ, സാംഖ്യ, യോഗ, മീമാംസ, വേദാന്ത എന്നിവയാണ് ഈ ആറ് ഹൈന്ദവദർശനങ്ങൾ. ഇവയിൽ അവസാനത്തേതായി കൊടുത്തിരിക്കുന്ന വേദാന്ത ദർശനത്തെപ്പറ്റിയാണ് കൂടുതൽ പഠനങ്ങളും ചർച്ചകളും നടന്നിട്ടുള്ളത്. ശ്രീശങ്കരൻ, രാമാനുജൻ, നിമ്പാർക്കൻ, മാധവൻ, വല്ലഭൻ എന്നീ ആചാര്യന്മാർ വേദാന്ത സാഹിത്യത്തെപ്പറ്റി വ്യാഖ്യാനങ്ങൾ നൽകിയിട്ടുള്ളത് ആദ്ധ്യാത്മികതയെപ്പറ്റിയുള്ള പഠനങ്ങളിൽ പ്രസക്തങ്ങളാണ്.

### 7. ജീവൻ മുക്തി

ആദ്ധ്യാത്മികതയുടെ പാരമ്യതയിൽ, ജീവിച്ചിരിക്കെത്തന്നെ ഈ ലോകബന്ധങ്ങളിൽ നിന്നും മോചനം അഥവാ മുക്തി നേടുക എന്നതാണ് 'ജീവൻ മുക്തി' എന്ന പദം കൊണ്ടർത്ഥമാക്കുന്നത്. ഇങ്ങനെയുള്ളവർ ദൈവത്തെപ്പറ്റിയല്ലാതെ മറ്റൊന്നും പറയാൻ കഴിയാത്തവരാണ്. തപോധനൻ (തപസ്സ് ധനമായി കരുതുന്നവൻ), ഋഷി (ദൈവദർശനം പ്രാപിച്ചവൻ), ജ്ഞാനയോഗി (ദൈവജ്ഞാനം ലഭിച്ചവൻ), ആത്മവിദ്വാൻ (ആത്മീയ പരിജ്ഞാനം പ്രാപിച്ചവൻ), മുനി (മൗനം പാലിക്കുന്നവൻ, മൗനത്തിൽ കൂടി മാത്രം ആശയവിനിമയം ചെയ്യുന്നവൻ) എന്നീ നിലകളിൽ ജീവൻമുക്തി പ്രാപിച്ചവർ എത്തിച്ചേരുന്നു. യഥാർത്ഥ ദൈവദർശനം ലഭിച്ചവന് അത് പൂർണമായി പ്രകടിപ്പിക്കാൻ കഴിയുന്നില്ല, പ്രകടിപ്പിക്കുന്നവന് പൂർണ്ണ ദർശനം ലഭിച്ചിട്ടില്ല. ഇതാണ് ജീവൻ മുക്തന്റെ അവസ്ഥ.

### 8. അഷ്ടാംഗ യോഗ

ജീവൻ മുക്തി അഥവാ മോക്ഷപ്രാപ്തി ലഭിക്കേണ്ടതിനായി വിവിധ സിദ്ധികൾ പാലിക്കാനുള്ളതായി കാണുന്നു. സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടിരിക്കുന്ന 'അഷ്ടാംഗയോഗ' എന്നതാണ് പ്രധാന പരിശീലനക്രമമായി (സാധനയായി) വിവരിക്കപ്പെടുന്നത്. താഴെ പറയുന്ന 8

ഘട്ടങ്ങളായിട്ടാണ് പതഞ്ജലി മഹർഷി ഈ സാധനയെ അവതരിപ്പി ക്കുന്നത്.

യമ (abstensions), നിയമ (observances), ആസന (postures), പ്രാണാ യാമ (regulation of breath), പ്രത്യാഹാര (withdrawal of senses), ധാരണ (fixation of mind), ധ്യാന (meditation), സമാധി (complete quietness).

മേൽപറഞ്ഞ സാധനകൾ പരിശീലിക്കുക എന്നത് ആദ്ധ്യാത്മിക വള ർച്ചയ്ക്ക് അത്യന്താപേക്ഷിതമായി ഹൈന്ദവമതം നിർദ്ദേശിക്കുന്നു.

## B ഹൈന്ദവ-ക്രൈസ്തവ ആദ്ധ്യാത്മികത: ചില പൊതു ഘടകങ്ങൾ

ഹൈന്ദവ ആദ്ധ്യാത്മികതയെപ്പറ്റി മനസ്സിലാക്കുമ്പോൾ ക്രൈസ്തവ സമീപനത്തിലെ ചില പൊതു ഘടകങ്ങൾ കാണുന്നുണ്ട്. പ്രത്യേകിച്ചും പൗരസ്ത്യ ക്രൈസ്തവ ആദ്ധ്യാത്മികതയിൽ. വിശദമായ വിവരണങ്ങൾ കൂടാതെ ആ ഘടകങ്ങൾ ഏവയാണെന്നു പരിശോധിക്കാം.

### 1. അനുഭവാധിഷ്ഠിത വിജ്ഞാനം (Experiential Knowledge)

ബുദ്ധിപരമായി കുറെ കാര്യങ്ങൾ ഗ്രഹിക്കുക, താത്വികമായി കുറെ അറിവുകൾ സമ്പാദിക്കുക എന്ന പാശ്ചാത്യ രീതിയെക്കാൾ, ആന്തരിക അനുഭവത്തിനും, ജീവിതാനുഭവങ്ങളിൽകൂടി രുചിച്ചറിഞ്ഞ കാര്യങ്ങൾ ക്കുമാണ് പ്രാധാന്യം നൽകുന്നത്. എന്തെല്ലാം തത്വങ്ങൾ ഉണ്ടെന്നതല്ല, അവ എത്രമാത്രം ജീവിതാനുഭവവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന താണ് പ്രധാനം. അതുകൊണ്ട് ഏതു പ്രമാണങ്ങൾ പറയുന്നവരാ യാലും, ഈശ്വരാഭിമുഖ്യത്തിലേക്കും ആത്മീയാനുഭവത്തിലേക്കും നയി ക്കാനുതകുന്നവയാണ് അവയെങ്കിൽ ഭാരതമനസ്സ് അവയെ സ്വീകരിക്കും. മതസൗഹാർദ്ദതയുടെ അന്തരീക്ഷം ഭാരതത്തിലും, ഹൈന്ദവ ദർശന ത്തിലും നിലനിൽക്കുന്നത് ഈ അടിസ്ഥാനത്തിലാണ്.

### 2 രഹസ്യാത്മക സ്വഭാവം (Mystery of Being - Transcendance of God)

നിലനിൽക്കുന്നതെന്തും, അവയെ താങ്ങിനിർത്തുന്ന അദൃശ്യശക്തി യുടെ അടിസ്ഥാനത്തിന്മേലാണെന്നും, ആ അദൃശ്യ ശക്തിയെ ദൃശ്യ മാനദണ്ഡങ്ങൾ വഴി പൂർണമായി അപഗ്രഥിച്ചറിയാൻ നിവൃത്തിയില്ലാ യ്കയാൽ അതിനെ പൂജിക്കുവാനും ആരാധിക്കുവാനും മാത്രമെ കഴിയൂ. അതുകൊണ്ട് സകലത്തിന്റെയും ഉണ്മയായ, പരംപൊരുളായ ദൈവത്തെ മനസ്സിലാക്കാനാവാത്തവണ്ണം നിർഗുണബ്രഹ്മമായും അളന്നു കൂടാനാ വാത്ത മഹാരഹസ്യമായും കരുതുന്നു. ദൈവത്തിൽ വസിച്ചുകൊണ്ട്

ദൈവത്തെ മനസ്സിലാക്കുക എന്ന തത്വമാണ് കൂടുതൽ സ്വീകാര്യമായി കാണുന്നത്.

### 3. ഈശ്വര സാന്നിധ്യം (Immenence of God)

ദൈവം തന്റെ പരമസത്തയിൽ നിർഗുണനായിരിക്കെത്തന്നെ പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്ന ഈശ്വരസാന്നിധ്യം മനുഷ്യനിൽ ആത്മികത വളർത്തുവാൻ ആവശ്യമാണെന്ന് വരുന്നു. സൃഷ്ടിയിലെ ഓരോ ഘടകവും ദൈവത്തെ പ്രതിനിധാനം ചെയ്യുന്നു എന്ന അർത്ഥത്തിൽ ചിന്തിച്ചാൽ (Pantheism) ബഹുദൈവ വിശ്വാസവും പ്രാകൃത മതരീതികളും പുനഃസ്ഥാപിക്കപ്പെടുമെന്ന ഒരപകടം വരാതെ സൂക്ഷിക്കേണ്ടതാണ്. ഈശ്വരാവതാരങ്ങളെ ഹൈന്ദവമതം സ്വീകരിക്കുന്നതിനാൽ യേശുവിന്റെ മനുഷ്യാവതാരവും അവർക്ക് മനസ്സിലാക്കാൻ പ്രയാസമില്ല. ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നീ ത്രിമൂർത്തികളും വി. ത്രിത്വവും തമ്മിൽ ചില താരതമ്യങ്ങൾ നടത്താൻ ഇടയാകാറുണ്ട്. ശ്രീരാമൻ, ശ്രീകൃഷ്ണൻ തുടങ്ങിയ പുണ്യപുരുഷന്മാർ ഈശ്വരാവതാരമായി ചിത്രീകരിക്കപ്പെടുന്നുണ്ട്. മനുഷ്യനിൽ കാണപ്പെടേണ്ട സുകൃതങ്ങളുടെയെല്ലാം മൂർത്തീകരണമായിട്ടാണ് സഗുണബ്രഹ്മത്തെ ഭക്തൻ ദർശിക്കുന്നത്

### 4. വെളിപാടുകൾ, ദർശനങ്ങൾ, യോഗാത്മാനുഭൂതികൾ (Mystical Revelations)

ദൈവിക വെളിപാടുകൾ, സ്വർഗീയാനുഭൂതികൾ എന്നിവ ആദ്ധ്യാത്മിക വളർച്ചയിൽ ഭക്തനെ സഹായിക്കുന്ന ഘടകങ്ങളായി സ്വീകരിക്കപ്പെടുന്നു. ആത്മിക യാഥാർത്ഥ്യങ്ങൾക്ക് ബുദ്ധിപരമായ ഒരു അടിസ്ഥാനം അന്വേഷിക്കുന്ന രീതി കാണുന്നില്ല. തൽഫലമായി അന്ധവിശ്വാസങ്ങൾക്കും സത്യവിശ്വാസങ്ങൾക്കും ഇടയിലുള്ള അതിർത്തിയും അന്തരവും നിർണയിക്കാൻ സാധ്യമല്ലാതെ വരുന്നു എന്ന ഒരു അപകടവും കാണുന്നുണ്ട്.

### 5. തീർത്ഥാടനം, മോക്ഷയാത്ര (Pilgriamage)

ഒരു ആരംഭവും, ഒരു ലക്ഷ്യവും, ഒരു മാർഗവും, ഒരു യാത്രയും, അതിനുള്ള ഒരുക്കവും കൂടിചേർന്നതാണ് ആദ്ധ്യാത്മികത. ആരംഭം മാറിപ്പോയാലും, മാർഗ്ഗങ്ങൾ വ്യത്യാസപ്പെട്ടാലും ലക്ഷ്യം മാറിപ്പോകാത്ത യാത്ര തന്നെയാണ് ആദ്ധ്യാത്മിക ജീവിതം. യാത്ര ചെയ്തുകൊണ്ടേയിരിക്കുക എന്ന തത്വം വളരെ പ്രധാനമാണ്. ലക്ഷ്യത്തിലേക്ക് എത്തുന്നതിന് തടസ്സമായി നിൽക്കുന്നവയെ എല്ലാം ത്യജിക്കുന്ന അനുഭവമാണ് ചതുരാശ്രമം വഴിയായുള്ള 'സന്യാസ'മായി കരുതുന്നത്.

### 6 ലോക പരിത്യാഗം (Renunciation)

മോക്ഷപ്രാപ്തി നേടേണ്ടതിന് ധർമ്മാർത്ഥകാമം വഴി പരിശ്രമിക്കുമ്പോഴും ദൈവത്തെ നേടാൻ ദൈവമല്ലാത്ത മറ്റെല്ലാത്തിനേയും പരിത്യജിക്കുക എന്നതും ആദ്ധ്യാത്മികതയുടെ പരമപ്രധാനമായ കാര്യമാണ്. ഏതു ജീവാവസ്ഥയിൽ കഴിയുന്നവരായാലും സ്വാർത്ഥതയെ ത്യജിച്ച്, ലോകത്തേയും ജഡത്തേയും ആത്മീയ വളർച്ചയ്ക്കുവേണ്ടി പ്രയോജനകരമായി ഉപയോഗിക്കുമ്പോഴാണ്, യഥാർത്ഥമായ ആദ്ധ്യാത്മിക വളർച്ച സാധ്യമായിത്തീരുന്നത്. ലോകത്തെ, മായയായി കണക്കാക്കി, മായയല്ലാത്ത ദൈവത്തെ പ്രാപിക്കുവാൻ ലോകത്തെ പ്രയോജനപ്പെടുത്തുക എന്നതാണ് ആവശ്യമായിരിക്കുന്നത്. ലോകനിഷേധം എന്നത് യഥാർത്ഥ ആദ്ധ്യാത്മികതയുടെ ലക്ഷണമല്ല.

### 7. യാഗം, യജ്ഞം (Sacrifice)

സ്വയപരിത്യാഗത്തിന്റെ അനുഭവത്തിൽ വളരുന്നവൻ മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി ആത്മയാഗം (സ്വയനിഗ്രഹം) നടത്തുന്നതിൽ തൽപരനായിത്തീരുന്നു. മറ്റുള്ളവർക്ക് നന്മയും സൗഖ്യവും ലഭിക്കേണ്ടതിന് സ്വയം ബലിയായിത്തീരുന്ന പ്രക്രിയയ്ക്കു (യജ്ഞം) സന്തോഷത്തോടെ വിധേയപ്പെടുന്നു (ലോകാ സമസ്താ സുഖിനോ ഭവന്തു). സ്വന്തം സുഖത്തേക്കാൾ മറ്റുള്ളവരുടെ സുഖത്തിനായി ജീവിതം മുഴുവൻ ഉഴിഞ്ഞു വയ്ക്കുന്നതിൽ ആനന്ദം കണ്ടെത്തുന്ന ഒരനുഭവമാണത്.

### 8. മുക്തി–സ്വാതന്ത്ര്യം (Moksha-Liberation)

സ്വന്തം കാര്യം നടത്തണമെന്ന താൽപര്യത്തിൽ നിന്നും മുക്തി പ്രാപിച്ച്, ഈശ്വരന്റെ ഇഷ്ടം ചെയ്യുവാനായി താൻ തന്നെ ഈശ്വരനിലായിത്തീരുന്നതിനുള്ള സമ്പൂർണ സ്വാതന്ത്ര്യം ലഭിക്കുന്നത് സ്വയപരിത്യാഗം വഴിയാണ്. മറ്റൊരർത്ഥത്തിൽ, പരിത്യാഗവും യജ്ഞവും വഴി, മനുഷ്യൻ ദൈവേഷ്ടം ചെയ്യുന്നതിന് സ്വതന്ത്രനായിത്തീരുന്നു. ലൗകികമായ, ഭൗതികമായ, ജഡികമായ താല്പര്യങ്ങളൊന്നും അവനെ നന്മ ചെയ്യുന്നതിൽ നിന്നും തടഞ്ഞു നിർത്തുന്നില്ലെന്ന് സാരം. തന്നോടു തന്നെയും, മറ്റുള്ളവരോടും ദൈവത്തോടും ശരിയായവിധത്തിൽ പ്രതികരിക്കുന്നതിനെ തടസ്സപ്പെടുത്തുന്ന എല്ലാ ഘടകങ്ങളിൽ നിന്നുമുള്ള സ്വാതന്ത്ര്യമാണ് 'മുക്തി.' ജീവിച്ചിരിക്കുമ്പോൾ തന്നെ ഇപ്രകാരമുള്ള അവസ്ഥ പ്രാപിക്കുന്നവനെ 'ജീവൻമുക്തൻ' എന്നു പറയുന്നതും ഈ അർത്ഥത്തിലാണ്.

### 9. സമ്പൂർണ സമീപനം (Wholistic Approach)

മനുഷ്യൻ പ്രപഞ്ചത്തോടും സമസൃഷ്ടങ്ങളോടും ചേർന്നാണ് പൂർണ

തയിലേക്ക് വളരുന്നത്. ഈ മൂന്നു യാഥാർത്ഥ്യങ്ങളേയും അംഗീകരിച്ചുകൊണ്ട് ആത്മികതയും സാമൂഹികതയും, ഭൗതികതയും കൈകാര്യം ചെയ്യുവാൻ മനുഷ്യന് പ്രത്യേകം ചുമതലയുണ്ട്. ഒന്ന് ഒന്നിനെ തളർത്താതെയും, എല്ലാം എല്ലാറ്റിനേയും വളർത്തിക്കൊണ്ടുമുള്ള ഒരു സമ്പൂർണ സമീപനമാണ് ഹൈന്ദവ ആത്മികത കൈക്കൊള്ളുന്നത്. പ്രപഞ്ചത്തിന്റെ താളാത്മകത നഷ്ടപ്പെടാത്ത ഭൗതികത, മനുഷ്യബന്ധങ്ങൾക്ക് ഉലച്ചിൽ തട്ടാത്ത ആദ്ധ്യാത്മികത, ദൈവവുമായുള്ള ബന്ധത്തിന് കോട്ടം വരാത്ത മാനവികത, പരിസ്ഥിതി പരിപാലനം എന്നിവ സംരക്ഷിക്കുകയെന്നതാണ് ആവശ്യമായിരിക്കുന്നത്.

**10. ആദ്ധ്യാത്മികത: ഒരു ജീവിതശൈലി (Spirituality - A Lifestyle)**

കുറെ പ്രമാണങ്ങളും ദർശനങ്ങളും ആദർശങ്ങളും അവതരിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുക എന്നതല്ല, അവ അനുദിന ജീവിതത്തിൽ 'ജീവിച്ച് കാണിക്കുക' എന്നതാണ് പരമപ്രധാനം. ഹൈന്ദവമതത്തിലെ പ്രധാന ഊന്നലും ഇതു തന്നെയാണ്. ക്രൈസ്തവ ആദ്ധ്യാത്മികതയും ആ ഒരു സമീപനം തന്നെയാണ് സ്വീകരിച്ചു പോരുന്നത്.

ഭാരതപശ്ചാത്തലത്തിൽ ഹൈന്ദവ മതത്തിലെ ആദ്ധ്യാത്മികതയെ വിലയിരുത്തുമ്പോൾ ക്രൈസ്തവ പാരമ്പര്യങ്ങളുമായി ഇണങ്ങിപ്പോകുന്ന പല ഘടകങ്ങൾ നമുക്ക് ഇപ്രകാരം കണ്ടെത്താനാകും. അവയെ കൂടുതൽ ആഴത്തിൽ ഗ്രഹിച്ച് യഥാർത്ഥമായ ഒരു ഭാരത ക്രൈസ്തവ ആദ്ധ്യാത്മികത വികസിപ്പിച്ചെടുക്കാൻ ഈ പഠനം പ്രയോജനം ചെയ്യുമെന്ന് പ്രതീക്ഷിക്കാം.

**പാഠം 4**

# ആദ്ധ്യാത്മികത: വേദപുസ്തക വെളിച്ചത്തിൽ

## ആമുഖം

ക്രിസ്തീയമായതെല്ലാം വി. വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കുന്നതുപോലെ ആദ്ധ്യാത്മികതയും വേദപുസ്തകാടിസ്ഥാനത്തിൽ പഠിക്കുന്നത് ആവശ്യമാണ്. ആവേശമുളവാക്കുന്ന അനുഭവത്തിലേക്ക് നയിക്കുവാൻ അത് പര്യാപ്തവുമാണ്. വേദപുസ്തക വ്യാഖ്യാന രീതികളെ സംബന്ധിച്ച് കാലാകാലങ്ങളിൽ പലവിധ വീക്ഷണഗതികൾ വിവിധ സഭാവിഭാഗങ്ങൾ പുലർത്തി വന്നിട്ടുണ്ടെങ്കിലും, ദൈവവചനം ആരാധനയ്ക്കും, ധ്യാനത്തിനും, പഠനത്തിനും, പ്രാർത്ഥ

നകൾക്കും പ്രസംഗങ്ങൾക്കും മറ്റും ധാരാളമായി ഉപയോഗിക്കുന്നതിൽ യാതൊരുവിധ നിയന്ത്രണങ്ങളും സഭാതലങ്ങളിൽ ഇല്ലാതിരിക്കുന്ന സാഹചര്യത്തിൽ ആദ്ധ്യാത്മികത വളർത്തുന്നതിൽ വി. വേദപുസ്തക ത്തിനുള്ള പങ്ക് വളരെ വലുതാണ്. വ്യക്തിഗതമായ സ്വകാര്യ പ്രാർത്ഥ നകളിൽ വി. സുവിശേഷങ്ങളിൽ നിന്നും സങ്കീർത്തനങ്ങളിൽ നിന്നും വളരെയേറെ ഉദ്ധരണികൾ ഉപയോഗിക്കുന്നുണ്ട്. പൊതു ആരാധനയ്ക്കാ ണെങ്കിൽ വി. വേദപുസ്തകം മുഴുവനായും തന്നെ പല തലങ്ങളിലായി ഉപയോഗിച്ചു വരുന്നുണ്ട്. ആര്, എപ്പോൾ, എന്തിന്, ആർക്ക് എഴുതി എന്നീ വിശദാംശങ്ങൾ ഒന്നും സാധാരണയായി പരിശോധിക്കാതെ തന്നെ, വി. വേദഭാഗത്ത് അടങ്ങിയിരിക്കുന്ന 'ആത്മീയ സന്ദേശം' ഉൾ ക്കൊള്ളുവാനുള്ള ശ്രമമാണ് വേദപുസ്തകാടിസ്ഥാനത്തിൽ വളർന്നു വരുന്ന ആദ്ധ്യാത്മികതയുടെ പ്രധാന വശം.

ചരിത്രപരമായും, ശാസ്ത്രീയമായും ഉണ്ടാകാവുന്ന ചോദ്യങ്ങൾ ക്കൊന്നും, വേദപുസ്തക സത്യത്തെ മറച്ചു വയ്ക്കാനാവില്ലെന്ന ബോദ്ധ്യ ത്തിലാണ് ഈ ആദ്ധ്യാത്മികത ആരംഭിക്കുന്നതു തന്നെ. ബുദ്ധിപര മായ വിമർശന സമീപനം ഇവിടെ സ്വീകാര്യമാകുന്നില്ല. വേദപുസ്തക വിവരണങ്ങൾക്ക്, കാലാകാലങ്ങളിൽ വരുന്ന സാമൂഹ്യവും രാഷ്ട്രീയ വുമായ മാറ്റങ്ങൾക്ക് അനുസൃതമായ, അർത്ഥവ്യത്യാസം സംഭവിക്കാ മെങ്കിലും ആത്യന്തികമായി, ദൈവത്തോട് മനുഷ്യനെ അടുപ്പിക്കുവാ നുള്ള പ്രധാന ഉൾക്കാഴ്ച നിലനിർത്തിക്കൊണ്ടുള്ള ഒരു സമീപനമാണ് ആത്മികതയെ സംബന്ധിച്ച് അഭികാമ്യമായിട്ടുള്ളത്. ചരിത്രത്തിൽ സംഭ വിച്ചിട്ടുള്ള യുദ്ധങ്ങളും ജയാപജയങ്ങളുമെല്ലാം, ആത്മീയാർത്ഥത്തിൽ പൈശാചിക പോരാട്ടങ്ങളോടുള്ള മനുഷ്യന്റെ പോരാട്ടവും ദൈവാശ്ര യത്തോടെ സമ്പാദിച്ച വിജയങ്ങളുമായി കണക്കാക്കുന്ന സമീപനം സ്വീകരിക്കുന്നതിൽ തെറ്റില്ല. ദൈവത്തോട് കൂടെ നിൽക്കുന്നവരെ, ദൈവം സംരക്ഷിക്കുന്നു എന്ന നിത്യസന്ദേശമാണിവിടെ പ്രസക്തമായി കാണേണ്ടത്.

### 1) പഴയനിയമത്തിൽ

യിസ്രായേൽ ചരിത്രവും അവരുടെ ആരാധനാരീതികളുമെല്ലാം, ഇപ്ര കാരം ദൈവം നയിക്കുന്ന ജനതയുടെ വിജയമായിട്ടാണ് വിവക്ഷിക്കു ന്നത്. ദൈവത്തെ അനുസരിക്കുമ്പോൾ ദൈവം സംരക്ഷണം നൽകു ന്നതായും, ദൈവത്തെ മറക്കുമ്പോൾ ശത്രുക്കളുടെ കയ്യിൽ അകപ്പെടു ന്നതുമായ ഒരു ചരിത്രമാണ് പഴയനിയമ ഗ്രന്ഥത്തിൽ വിവരിക്കുന്നത്. ദൈവാശ്രയത്തിന്റേയും ദൈവമുമ്പാകെയുള്ള നന്ദിയർപ്പണത്തിന്റെയും ഭാഗമായി വളർന്നു വന്ന യഹൂദ ആരാധനയും അനുഷ്ഠാനങ്ങളുമാണ്

പഴയനിയമത്തിന്റെ കാതൽ. പ്രധാനമായും ആരാധനയ്ക്കായി ഉപയോഗിക്കുന്നതിനാണ് സങ്കീർത്തനങ്ങൾ തുടങ്ങിയ വേദഭാഗങ്ങൾ രചിക്കപ്പെട്ടത് എന്ന് പറയാം. സന്തോഷത്തിന്റെയും വിജയത്തിന്റെയും നന്ദിയർപ്പണത്തിന്റെയും അനുതാപത്തിന്റെയും വിനയത്തിന്റെയും സമർപ്പണത്തിന്റെയുമെല്ലാം ഉദാത്തചിന്തകൾ പഴയനിയമത്തിലുടനീളം കാണപ്പെടുന്നത്, ആദ്ധ്യാത്മികതയുടെ തലത്തിൽ വളരെയേറെ വിലപ്പെട്ടവയാണ്. ദേവാലയാരാധനയ്ക്കായി സങ്കീർത്തനങ്ങൾ ഉപയോഗിക്കപ്പെട്ടിരുന്നതുപോലെ, വ്യക്തിപരമായ പ്രാർത്ഥനകൾക്കും സങ്കീർത്തനങ്ങൾ ധാരാളമായി ഉപയോഗത്തിലിരുന്നു. സങ്കീർത്തനങ്ങൾ പോലെ തന്നെ പ്രാധാന്യമുള്ള മറ്റു ഭാഗങ്ങളും കാണുന്നുണ്ട് (ഉദാ: 1 ശമു. 2:1–10, 2 ശമു. 22, യിര.17:7f). ആത്മീയ ഉപദേശങ്ങൾ ഉൾക്കൊള്ളുന്ന ഭാഗങ്ങൾ പഴയനിയമത്തിലുടനീളമുണ്ട് (യെശ. 1:12–17, മീഖാ 6:1–8, സങ്കീ. 40:6–8, 51:16–19).

പഴയനിയമ പ്രാർത്ഥനകൾ എല്ലാംതന്നെ വളരെ ലളിതവും ഋജുവായതുമാണ്. രാജാക്കന്മാരാണെങ്കിലും, പ്രവാചകന്മാരാണെങ്കിലും, ജനങ്ങളാണെങ്കിലും ദൈവത്തോട് മുഖാമുഖമെന്നവണ്ണം തുറന്ന്, നേരിട്ട് സംസാരിക്കുന്ന രീതിയാണിവിടെ കാണുന്നത്. സ്വന്തം ഭവനത്തിലെ ആവശ്യമെന്നപോലെ ദൈവമുമ്പാകെ കാര്യങ്ങൾ അവതരിപ്പിക്കുകയാണവർ. രാഷ്ട്രീയ ലക്ഷ്യം (2 രാജാ. 19:15–19), കുടുംബം, വംശം എന്നിവയുടെ താൽപര്യങ്ങൾ (2 ശമു. 7:18–29) എന്നിവയും പ്രാർത്ഥനയുടെ വശങ്ങളായി കാണുന്നുണ്ട്. പ്രാർത്ഥന കൂടുതലായും അപേക്ഷകളും സ്തുതിപ്പുകളുമാണ്. ദൈവത്തിന്റെ വിശുദ്ധിയും ശക്തിയുമാണ് പ്രധാനമായി പരാമർശിക്കപ്പെടുന്നത് (യെശ. 6:5, യോബ് 42:1–6). സങ്കടവും വേദനയും അകറ്റിത്തരാനുള്ള അപേക്ഷയും കാണുന്നുണ്ട് (യിര. 20:7–18).

ദൈവം ജനത്തിന്റെ മാനസാന്തരം ആവശ്യപ്പെടുന്നവനാകയാൽ, പഴയനിയമ ആദ്ധ്യാത്മികതയിൽ മാനസാന്തരത്തിന് വലിയ സ്ഥാനമുണ്ടായിരുന്നു (ആമോ. 2:6ff, ഹോശ. 4:1ff, യെശയ്യ 1:2ff, യിര. 18:13–17). ദൈവം അടുത്തു കൂടാതവണ്ണം ദൂരത്താണെന്ന ചിന്തയിൽ നിന്നുദിച്ച യോഗാത്മക സമീപനം (mystic) പഴയനിമയത്തിൽ കാണുന്നത്, ആദ്ധ്യാത്മികതയെ കൂടി സ്വാധീനിച്ചിട്ടുണ്ടെന്ന് പറയാം (ഉദാ. പുറ: 33:17–23; 1 രാജാ. 19:1–14, സങ്കീ. 42, 63, 84, യെശ. 6:1–8, എസകി 1:4–28).

വിശാലമായി നോക്കുമ്പോൾ രണ്ടു വിധത്തിലുള്ള ആദ്ധ്യാത്മികത പഴയനിയമത്തിൽ കാണുന്നുണ്ട്. ആത്മവിശ്വാസവും പ്രത്യാശയും ഒരു വശത്ത്; മറുവശത്ത് കഷ്ടതകളും കലഹങ്ങളും. ഒന്നാമത് കാണുന്നത്,

ദൈവത്തെ അനുസരിച്ച് ജീവിക്കുന്നവർക്ക് ലഭിക്കുന്ന ആശ്വാസമായും, രണ്ടാമത്തേത്, ദൈവത്തെ ധിക്കരിച്ച് ദുഷ്ടജീവിതം നയിക്കുന്നവർക്കുള്ള ശിക്ഷയായും കരുതുന്നവരുണ്ട്. പഴയനിയമത്തിലെ ദൈവം കരുണയും നീതിയും ഒരുപോലെ നടത്തുന്നവനായിട്ടാണ് ചിത്രീകരിക്കപ്പെടുന്നത്. ദൈവത്തെ പ്രീതിപ്പെടുത്തുന്നതിലേക്കുള്ള ആഹ്വാനമാണ് പഴയനിയമ ആദ്ധ്യാത്മികതയുടെ പ്രധാന ഊന്നൽ എന്ന് തോന്നുന്നു.

### 2. പുതിയനിയമത്തിൽ

പുതിയനിയമത്തിൽ ആദ്ധ്യാത്മികതയുടെ പല മാനങ്ങൾ കാണുന്നുണ്ട്. സ്തുതിപ്പുകളായും, ഗാനങ്ങളായും, വിശ്വാസ പ്രകടനങ്ങളായും, ഉപദേശങ്ങളായും പ്രാർത്ഥനകളായുമൊക്കെ ആദ്ധ്യാത്മികതയുടെ വിവിധ രൂപങ്ങൾ പുതിയനിയമത്തിലെ സുവിശേഷങ്ങൾ, ലേഖനങ്ങൾ എന്നിവകളിൽ പരന്നു കിടക്കുന്നുണ്ട്. യുഗാന്ത്യവിശ്വാസം അവയുടെ പിന്നിലെ പ്രേരകശക്തിയായിരുന്നു. യേശുക്രിസ്തുവിലൂടെയുള്ള രക്ഷയുടെ പൂർണതയിലേക്ക് നയിക്കുന്ന അനുഭവങ്ങളാണ് മുഖ്യമായും പുതിയനിയമ ആദ്ധ്യാത്മികതയിൽ പ്രതീക്ഷിക്കുന്നത്. മാനസാന്തരത്തിന്റെ അനുഭവത്തിലൂടെ ക്രിസ്തുവിലുള്ള പ്രത്യാശയിൽ നാം ആത്മീയ സന്തോഷത്തിലെത്തി ചേരുന്നതും കർത്തൃമേശയിലെ അപ്പത്തിന് അംശികളായിത്തീരുന്ന അനുഭവത്തിൽ നിലനിൽക്കുന്നതും, പരിശുദ്ധാത്മ നിയന്ത്രണത്തിൽ നാം ആയിത്തീരുന്നതും പുതിയനിയമ ആദ്ധ്യാത്മികതയുടെ പ്രത്യേക ഊന്നലുകളാണ്.

#### a) സമാന്തര സുവിശേഷങ്ങളിൽ

യേശുക്രിസ്തുവിന്റെ ജീവിതവും ഉപദേശവും പ്രവൃത്തികളും കേന്ദ്രീകരിച്ചുള്ള ആദ്ധ്യാത്മികതയാണ് പ്രാരംഭ ദശയിൽ വളർന്നു വന്നത്. ദൈവത്തെ പിതാവിനെപ്പോലെ സമീപിക്കുവാനും പ്രാർത്ഥിക്കാനും യേശുക്രിസ്തു പഠിപ്പിച്ചത് ആദിമ വിശ്വാസികൾക്ക് മാർഗ്ഗദർശകമായി. ഓരോ സുവിശേഷഗ്രന്ഥവും, ഈ നിലയിൽ ചിന്തിക്കുമ്പോൾ, ആദ്ധ്യാത്മികതയുടെ പ്രകടനമായി കരുതാം. ആദിമ സഭയിൽ നിലനിന്നിരുന്ന ആദ്ധ്യാത്മിക പാരമ്പര്യങ്ങളുടെ ചുരുങ്ങിയ വിവരണമാണ് സുവിശേഷങ്ങളിൽ കാണുന്നത്. ഉപദേശങ്ങളും വിശ്വാസപ്രകടനങ്ങളുമെന്നതിനേക്കാൾ വിശ്വാസപൂർവ്വം ദൈവത്തെ അന്വേഷിക്കുകയും ആരാധിക്കുകയും, പ്രമാണങ്ങൾ ആചരിച്ച് ജീവിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെയാണ് സുവിശേഷങ്ങളിലൂടെ കാണാൻ കഴിയുന്നത്.

#### b) വി. യോഹന്നാൻ ശ്ലീഹായുടെ വീക്ഷണത്തിൽ

വി. യോഹന്നാന്റെ സുവിശേഷവും ലേഖനങ്ങളും പരിശോധിക്കു

മ്പോൾ 'ആത്മാവിലുള്ള ജീവിതം' എന്ന ആശയം വളരെ വ്യക്തമായി കാണാവുന്നതാണ്. ഒരു 'ആത്മീയ സുവിശേഷം' (Spiritual Gospel) എന്നു തന്നെ വിശേഷിപ്പിക്കാവുന്നവിധത്തിൽ അത്രമാത്രം സമ്പന്നമാണ് വി. യോഹന്നാന്റെ ചിന്തകൾ. ഇവയുടെ ചരിത്ര പശ്ചാത്തലത്തിലേ ക്കൊന്നും കടക്കാതെതന്നെ യോഹന്നാൻ ശ്ലീഹാ വിവരിക്കുന്ന ആദ്ധ്യാ ത്മികതയെ മനസ്സിലാക്കാൻ ശ്രമിക്കാം.

"നിത്യജീവൻ" എന്ന് വിശേഷിപ്പിക്കപ്പെടുന്ന രക്ഷയുടെ അനുഭവ ത്തിലേക്കാണ് ആത്യന്തികമായി ഈ ആത്മികത ലക്ഷ്യമാക്കുന്നത് (യോഹ. 3:16, 1 യോഹ. 1:2). ഈ ജീവിതം ദൈവത്തിന്റെ ദാനമാണ് (യോഹ. 17:2; 1 യോഹ. 5:11). യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം, ക്രൂശുമരണം, പുനരുത്ഥാനം എന്നിവ വഴി നിത്യജീവൻ വിശ്വാസി കൾക്ക് ലഭിക്കുന്നു (യോഹ. 3:14f, 1 യോഹ. 4:14). ഇത് സാധിക്കുന്നത് പരിശുദ്ധാത്മാവ് മുഖാന്തിരമാണ് (യോഹ. 3; 5, 8; 1 യോഹ. 4:13).

പ്രതീകാത്മകമായും കൂദാശാപരമായും ഈ ആദ്ധ്യാത്മികതയിലേക്ക് വി. യോഹന്നാൻ വിരൽ ചൂണ്ടുന്നു (യോഹ. 1:4, 8:12, 1 യോഹ. 1:5–7). 'വചനം ജഡമെടുത്തു മനുഷ്യരുടെ ഇടയിൽ വസിച്ചു' എന്ന തത്വത്തെ ഉറപ്പിച്ചുപറഞ്ഞുകൊണ്ട് ഭൗതികമായതിനെ ദൈവികമാക്കാനുള്ള ദൈവിക പദ്ധതിയായിട്ടാണ് ആദ്ധ്യാത്മികത അവതരിപ്പിക്കുവാൻ വി. യോഹന്നാൻ ശ്രമിക്കുന്നത് (യോഹ. 1:14, 1 യോഹ. 1:1–3). ദൈവവു മായി യേശുക്രിസ്തു ഉണ്മയിൽ ഒന്നായിരിക്കുന്നു എന്നും (യോഹ. 10:30, 1 യോഹ. 5:20) 'ജഡം' എടുത്തതിനാൽ മനുഷ്യനോട് തുല്യനാണെന്നും (യോഹ. 1:14, 1 യോഹ. 4:2, 2 യോഹ. 7) ആകയാൽ 'മനുഷ്യാവതാരം' മുതൽ ചരിത്രം പുതിയ ഒരു അദ്ധ്യായത്തിലേക്ക് പ്രവേശിക്കുന്നു എന്നും, ആ പുതിയ ചരിത്രത്തിൽ 'അടയാളങ്ങളായി' അത്ഭുതങ്ങൾ സംഭവിക്കുന്നു എന്നും, താൽക്കാലിക വസ്തുക്കൾ, നിത്യയാഥാർത്ഥ്യ ങ്ങൾ പ്രകടിപ്പിക്കപ്പെടുന്നതിനുള്ള ഉപകരണങ്ങളായി മാറുന്നു എന്നും അവ മൂലം, മനുഷ്യന്, ദൈവത്തെ മനസ്സിലാക്കുന്നതിന് ഒരു പുതിയ വഴി തന്നെ തുറന്നിരിക്കുന്നു എന്നും, അങ്ങനെ ദൈവത്തിലും ദൈവ ത്തിനുവേണ്ടിയും ജീവിക്കുകയാണ് മനുഷ്യന്റെ ചുമതലയെന്നുള്ള സന്ദേശമാണ് വി. യോഹന്നാൻ എടുത്തു കാണിക്കുന്നത് (യോഹ. 1:18, 17:3, 6:63, 1 യോഹ. 4:12).

യേശുക്രിസ്തു പൂർണ മനുഷ്യനും പൂർണ ദൈവവുമായിരിക്കുന്ന തിനാൽ അവന്റെ മരണവും പുനരുത്ഥാനവും മഹത്വീകരണവും അവ നിൽ വിശ്വസിക്കുന്നവർക്ക് മരണത്തിൽ നിന്ന് ജീവനിലേക്കുള്ള മാർഗ്ഗ മായിത്തീർന്നു (യോഹ. 5:24; 1 യോഹ. 3:14). ആയതിനാൽ അവന്റെ

വെളിച്ചത്തിൽ നടന്ന്, ദൈവമക്കളായി ജീവിപ്പാൻ അവൻ ശക്തി നല്കുന്നു (1 യോഹ. 1:1-3).

"ക്രിസ്തുവിൽ വസിക്കുക" എന്ന ആശയമാണ് യോഹന്നാൻ സാധാരണ ഉപയോഗിക്കുന്നത്. പിതാവായ ദൈവവും പുത്രനായ യേശുക്രിസ്തുവും തമ്മിലുള്ള സജീവമായ ബന്ധമാണ് (യോഹ. 14:10) വിശ്വാസികളെ ദൈവവുമായും (യോഹ. 17:21, 1 യോഹ. 4.15f) ക്രിസ്തുവുമായും (യോഹ. 15:4f; 1 യോഹ. 2:24) പരിശുദ്ധാത്മാവുമായും (യോഹ. 4:23f, 1 യോഹ. 4:2) ഉള്ള ബന്ധത്തിലും സഹവാസത്തിലും നിലനിർത്തുന്നത്. വിശ്വാസികൾ തമ്മിൽ പരസ്പരമുള്ള ബന്ധത്തിനും അടിസ്ഥാനം ഇതു തന്നെയാണ് (യോഹ. 17:11). നിരന്തരമായ ദൈവസാന്നിദ്ധ്യം മൂലമാണ് ആത്മികാനുഭവത്തിൽ വിശ്വാസി നിലനിൽക്കുന്നത് (യോഹ. 14:23, 1 യോഹ. 4:15f). ക്രിസ്തുവിന്റെ സാന്നിദ്ധ്യം (യോഹ. 14:18-20, 1 യോഹ. 3:24) പരിശുദ്ധാത്മ വ്യാപാരം (യോഹ 14:16, 1 യോഹ. 4:13) എന്നിവയും ആദ്ധ്യാത്മികതയുടെ പ്രധാന വശമാണ്.

മനുഷ്യത്വത്തിന് ദൈവത്തിന്റെ നിത്യജീവനുമായി ബന്ധപ്പെടാമെന്നും (യോഹ. 3:5, 8) സ്നേഹത്തിൽ വസിക്കുന്നതിലൂടെ ദൈവത്തിൽ വസിക്കാമെന്നുമുള്ള ആദ്ധ്യാത്മിക ദർശനം യോഹന്നാൻ ശ്ലീഹാ കാഴ്ച വയ്ക്കുന്നു (1 യോഹ. 4:16).

വിശ്വാസികളുടെ ആത്മീയ ജീവിതവുമായി ബന്ധപ്പെടുത്തുമ്പോൾ താഴെ പറയുന്ന അടിസ്ഥാന കാര്യങ്ങൾ യോഹന്നാൻ ശ്ലീഹായുടെ ആദ്ധ്യാത്മികതയിൽ എടുത്തു കാണിക്കാവുന്നതാണ്.

1. **ആരാധനയിൽ:** 'ആത്മാവിലും സത്യത്തിലും' ആരാധിക്കുക (യോഹ. 4:19-26). ഇത് വെറും 'ആന്തരികം' മാത്രമല്ല ബാഹ്യവുമായിട്ടുള്ളതു കൂടിയാണ്. പ്രാർത്ഥനകൾ, വേദവായന, വ്യാഖ്യാനം; വി. മാമോദീസാ, വി. കുർബ്ബാന എന്നിവയെല്ലാമിതിലുൾപ്പെടും. ആത്മാവിൽ പ്രാർത്ഥിക്കുക എന്നാൽ ദൈവാത്മാവിൽ 'നിറഞ്ഞും, മനുഷ്യാത്മാവിന്റെ പൂർണ സഹകരണത്തോടെയും' ആകണമെന്നും അർത്ഥമാക്കുന്നു. കേവലം ദേവാലയത്തിലെ അനുഷ്ഠാനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കാതെ, ആത്മീയനിറവിൽ സജീവമായി ആരാധിക്കുവാൻ ആഹ്വാനം ചെയ്യുന്നു (യോഹ. 3:5, 14:16, 15:26, 1 യോഹ. 5:6). പിതാവിനോടും പുത്രനോടും പരിശുദ്ധാത്മാവിനോടും ചേർന്നുകൊണ്ടുള്ള പ്രാർത്ഥനയാണ് സജീവമാകുന്നത് (യോഹ. 16:23-27 16:16, 14:17). നിത്യാവശ്യങ്ങളേക്കാൾ, ആത്മാവിൽ ബലപ്പെടുകയാണ് വേണ്ടത് (16:23, 25). യോഹ. 17-ാം അദ്ധ്യായത്തിലെ യേശുക്രിസ്തുവിന്റെ പ്രാർത്ഥന എക്കാലവും ഒരു മാതൃകയാണ്.

**2) സേവനം:** ആരാധനയോടൊപ്പം സേവനത്തിന് ആഹ്വാനം ചെയ്യുന്ന ആദ്ധ്യാത്മികതയാണ് യോഹന്നാൻ ശ്ലീഹാ വരച്ചുകാണിക്കുന്നത്. ശിഷ്യന്മാരുടെ കാൽകഴുകുന്നത് ഒരു ഉദാഹരണം മാത്രം (യോഹ. 13). സ്വയം നൽകുന്ന, പരസ്പരം സഹായിക്കുന്ന, ശുശ്രൂഷിക്കുന്ന, സ്നേഹിക്കുന്ന അനുഭവമുണ്ടാകണം (13:34–35). കഷ്ടത അനുഭവിക്കുന്നതിനുള്ള സന്നദ്ധതയാണ് സേവനത്തിന്റെ അടിസ്ഥാനമായി കാണേണ്ടത് (15:12–13, 1 യോഹ. 3:11–18, 2 യോഹ. 5:6, 3 യോഹ. 5:6).

**3) മിഷൻ:** "യേശുക്രിസ്തുവിന്റെ സുവിശേഷം", ലോകത്തിന്റെ നാനാഭാഗത്തേക്കും എത്തിക്കുക എന്നത് ആദ്ധ്യാത്മികതയുടെ ഭാഗമാണ് (യോഹ. 20:21, 21:1–19). ആത്മീയ ദാനങ്ങൾ ദൈവം തരുന്നതാണ് (യോഹ. 20:22, 15:26–27). യേശുക്രിസ്തുവിന്റെ മിഷൻ തന്നെയാണ് വിശ്വാസിയും നടത്തുന്നത് (യോഹ. 6:39–40, 20:31, 1 യോഹ. 5:11–13, 3 യോഹ. 7). ഈ ആശയങ്ങൾ മറ്റു സുവിശേഷങ്ങളിലും കാണപ്പെടുന്നുണ്ട്.

## C) ആദ്ധ്യാത്മികത വി. പൗലൂസിന്റെ വീക്ഷണത്തിൽ

ഡമാസ്കസ് റോഡിലുണ്ടായ മാനസ്സാന്തര അനുഭവത്തിലൂടെ ക്രിസ്തുവിനെ കണ്ടെത്തിയ വി. പൗലൂസിന്, ക്രിസ്തുവിനെ ബന്ധിപ്പിച്ചല്ലാതെ ആദ്ധ്യാത്മികതയെപ്പറ്റി പറയാനില്ല. ഉയിർത്തെഴുന്നേറ്റ ക്രിസ്തു പൗലോസിന് പ്രത്യക്ഷപ്പെട്ടതായി കാണുന്നു (1 കൊരി. 9:1, 15:8). ഇത് പൗലൂസിന്റെ മതദർശനവും മൂല്യദർശനവും പൂർണമായി രൂപാന്തരപ്പെടുത്തി. 'ക്രിസ്തുവിലായി തീരുക എന്നതാണ് ആദ്യത്തേയും അവസാനത്തേയും ലക്ഷ്യം' (ഫിലി. 3:8–14). ഏകദേശം 150 പ്രാവശ്യം ഈ ആശയം പൗലൂസിന്റെ ലേഖനങ്ങളിൽ കാണുന്നുണ്ട്. ഇതിൽ നിന്നുമാണ് മറ്റെല്ലാ ആദ്ധ്യാത്മിക ചിന്തകളും വി. പൗലൂസിന് ഉണ്ടായത്.

ദൈവസ്നേഹം മനുഷ്യനെ, അവൻ മാനസ്സാന്തരപ്പെടുന്നപക്ഷം, സ്വീകരിക്കുന്നതാണെന്നും (റോമ. 4:5–17) ദൈവത്തിൽ നിന്നും മനുഷ്യൻ അകന്നുപോകുന്നതിനാലാണ് വീണുപോകുന്നതെന്നും, ദൈവത്തിൽ ആശ്രയിക്കാത്തവൻ, വസ്തുക്കളിൽ ആശ്രയിച്ച് നശിച്ചു പോകുമെന്നും (റോമ. 1:21–23) സ്രഷ്ടാവായ ദൈവത്തെ എപ്പോഴും ആശ്രയിക്കണമെന്നും (റോമ. 2:4–5), സ്വയനീതീകരണത്തിലും സ്വാശ്രയത്തിലും ജീവിക്കുന്ന മനുഷ്യനിലെ "അഹം" സ്വയം നിഗ്രഹിക്കപ്പെടണമെന്നാണ് ക്രൂശിന്റെ സന്ദേശമെന്നും (ഗലാ. 6.14–15) വി. പൗലൂസ് വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തു.

യേശുക്രിസ്തുവിന്റെ പുനരുത്ഥാനമാണ് അന്ത്യനാളിലുണ്ടാകുന്ന പുനരുത്ഥാനത്തിന്റെ ഉറപ്പ് എന്നതിനാൽ ക്രിസ്തുവിന്റെ മരണത്തിൽ വി. മാമോദീസായിലൂടെ പങ്കുകൊണ്ടവർ, പുനരുത്ഥാനത്തിനായി കാത്തിരിക്കുന്നവരായി ജീവിക്കണമെന്നും പൗലൂസ് ശ്ലീഹാ പഠിപ്പിക്കുന്നു. ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിലും മരണത്തിലും പങ്കെടുക്കുക എന്നത് പുനരുത്ഥാനത്തിന്റെ അനുഭവത്തിലെത്തുന്നതിന് അത്യാവശ്യമുള്ളതാണ് (റോമ. 8:17, ഫിലി. 3:8-11). ബലഹീനതയിൽ കൃപ തികഞ്ഞു വരുന്നു (2 കൊരി. 4:7-12, 12:7-10). ജഡവും ആത്മാവും തമ്മിലുള്ള പോരാട്ടം അതിജീവിക്കുക എന്നത് പ്രധാന കാര്യമാണ് (റോമ. 8:12-14, ഗലാ. 5:13-26). പാപത്തിന്റെ ശക്തിയെ തോൽപിക്കുവാൻ ആത്മാവിന്റെ ശക്തി കൊണ്ട് സാധിക്കുന്നു (റോമാ. 7:6, 8:2-4). ആയതിനാൽ ആത്മാവിനെ അനുസരിച്ച് ജീവിക്കണം (റോമ. 7:6, 8:4-13, ഗലാ. 5). ന്യായപ്രമാണത്തിൽ നിന്നും മോചിതരാകണം (റോമ. 6:14, 7:7-11, 8:3). നിയമത്തിന്റെ പിടിയിൽ നിന്നും മോചിതരായി 'ആത്മാവിന്' വിധേയപ്പെടുത്തുന്ന ജീവിതശൈലിയാണ് 'ആദ്ധ്യാത്മിക ജീവിത'മായിട്ട് പൗലൂസ് ശ്ലീഹായുടെ എല്ലാ പ്രവർത്തനങ്ങളിലും കാണുന്നത് (റോമ. 2:28-29, 2 കൊരി. 3:6-17, ഫിലി. 3:3). ക്രിസ്തുവിന്റെ ആദ്ധ്യാത്മികതയാണ് മാതൃകയായി എടുത്തു കാണിക്കുന്നത് (റോമ. 6:17, 1 കൊരി. 2:16, ഗലാ. 5:14, ഫിലി. 2:5, കൊലോ. 2:6).

'ക്രിസ്തുവിൽ' എന്നാൽ 'ക്രിസ്തുവിന്റെ ശരീരമായ സഭയിൽ' എന്നർത്ഥമാക്കുന്നു (1 കൊരി. 12:13). സഭയുടെ അംഗമെന്ന നിലയിൽ, സഭാംഗങ്ങളിലൂടെ വ്യാപരിക്കുന്ന ദൈവിക നൽവരങ്ങൾക്ക് വിശ്വാസികൾ വിധേയരായിത്തീരുന്നു. സ്വന്ത ആവശ്യത്തിന്നായിട്ടല്ല, പൊതു നന്മയ്ക്കായിട്ടാണ് ഈ നൽവരങ്ങൾ നൽകപ്പെടുന്നത് (1 കൊരി. 12). ശരീരത്തിന്റെ ഐക്യം പ്രധാനമാണ്, ഒരപ്പത്തിന്റെ അംശികളായിത്തീരുന്ന വി. കുർബ്ബാനയിലൂടെയാണ് ഈ ഐക്യം നിലനിൽക്കുന്നത് (1 കൊരി. 10:16-17, 11-ാം അദ്ധ്യായം). ക്രിസ്തുവിലുള്ള സമ്പൂർണതയാണ് ആദ്ധ്യാത്മികതയുടെ ലക്ഷ്യം (എഫേ. 4:11-16).

വി. വേദപുസ്തകം നൽകുന്ന ആദ്ധ്യാത്മികതയെപ്പറ്റിയുള്ള ഉൾക്കാഴ്ചയെ അടിസ്ഥാനമാക്കിയാണ് പിന്നീട് സഭയിൽ വളർന്നു വന്ന എല്ലാ ആദ്ധ്യാത്മികതകളും നിലനിൽക്കുന്നത്. ആയതിനാൽ ഈ വേദപുസ്തക കാഴ്ചപ്പാട് വ്യക്തമായി ഗ്രഹിച്ച് മുന്നോട്ടു പോയെങ്കിൽ മാത്രമേ ആദ്ധ്യാത്മികതയെപ്പറ്റി ഏകദേശമൊരു ചിത്രം നമുക്ക് ലഭിക്കുകയുള്ളു.

## പാഠം 5

# ആദ്ധ്യാത്മികത സഭാ പിതാക്കന്മാരുടെ കാഴ്ചപ്പാടിൽ

ആദ്യത്തെ നാലു നൂറ്റാണ്ടുകളിലെ ചില സഭാപിതാക്കന്മാരെ മാത്രമേ ഇവിടെ പരാമർശിക്കുന്നുള്ളു. ഗ്രീക്ക്, സിറിയൻ, ലത്തീൻ തുടങ്ങിയ സഭാപാരമ്പര്യങ്ങളുമായി വ്യക്തമായി ബന്ധമുള്ള പിതാക്കന്മാർ, അതതു സഭാപാരമ്പര്യങ്ങളുമായി ചർച്ച ചെയ്യുമ്പോൾ പിന്നാലെ പരാമർശിക്കപ്പെടുന്നുണ്ട് എന്നതിനാൽ അവരെപ്പറ്റി ഇവിടെ വിവരിക്കുന്നില്ല.

### 1. അന്ത്യോകൃയിലെ ഇഗ്നാത്തിയോസ് (എ.ഡി. 107-110)

അന്ത്യോഖ്യയിലെ ബിഷപ്പായിരുന്ന വി. ഇഗ്നാത്തിയോസിന്റെ 7 ലേഖനങ്ങൾ പ്രസിദ്ധങ്ങളാണ്. റോമിലേക്ക് രക്തസാക്ഷി മരണത്തിനായി കൊണ്ടുപോകുന്ന അവസരത്തിൽ എഴുതപ്പെട്ടവയാണെന്ന് കരുതപ്പെടുന്നു. വ്യക്തിഗതമായ ആദ്ധ്യാത്മികതയുടെ വിവരണം അവയിലൂടെ ലഭിക്കുന്നുണ്ട്. തത്വചിന്തയുടെ സ്വാധീനമേൽക്കാത്ത ഒരു ആദ്ധ്യാത്മികതയാണ് ഇത്. രക്തസാക്ഷിമരണം പ്രാപിക്കലാണ് ഏറ്റവും വലിയ ലക്ഷ്യവും അനുഭവവുമായി ഇഗ്നാത്തിയോസ് കാണുന്നത്. 'എന്റെ ദൈവത്തിന്റെ (യേശുവിന്റെ) കഷ്ടതയിൽ പങ്കുചേരുന്നവനായിത്തീരുവാൻ എനിക്ക് കഴിയേണ്ടതിന്, എന്നെ രക്തസാക്ഷി മരണത്തിൽ നിന്ന് വിടുവിക്കാൻ, സർക്കാരിനോട് അപേക്ഷിക്കരുതെന്ന്' വി. ഇഗ്നാത്തിയോസ് റോമിലെ സഭയ്ക്ക് എഴുതുന്നുണ്ട് (റോമാ.VI:13). യേശുവിനെ 'ദൈവം' എന്ന പദമുപയോഗിച്ച് അദ്ദേഹം വിശേഷിപ്പിക്കുന്ന പല സന്ദർഭങ്ങളുണ്ട്. രക്തസാക്ഷിമരണത്തിലൂടെയാണ് ക്രിസ്തുവുമായി പൂർണ താദാത്മ്യം പ്രാപിക്കുന്നത് (VI:1). മനുഷ്യത്വത്തിന്റെ പൂർണതയും അവിടെയാണ് ദർശിക്കുന്നത് (VI:2). യേശുക്രിസ്തുവിനു നേരിടേണ്ടിവന്ന നിന്ദയും പരിഹാസവും കഷ്ടതയും സന്തോഷത്തോടെ സഹിക്കുകയും, പരസ്പരം വിനയത്തിലും ബഹുമാനത്തിലും ദിവ്യസ്നേഹത്തിലും നിറഞ്ഞുവരുകയും ചെയ്തെങ്കിൽ മാത്രമേ യേശുക്രിസ്തുവിന്റെ ശിഷ്യത്വത്തിന് അർഹതയുള്ളു (Eph. X:1, Mag VI, Trallions 1:11). സഭയ്ക്കുവേണ്ടിയും സകല മനുഷ്യവംശത്തിനുവേണ്ടിയും പ്രാർത്ഥിക്കണം (എഫെ. X:1). സഭയേയും ബിഷപ്പിനേയും അനുസരിക്കണം, യേശുക്രിസ്തുവിൽ ദൈവേഷ്ടം ഒന്നായിത്തീർന്നതുപോലെ, വി. കുർബ്ബാനയ്ക്കു സംബന്ധിക്കുന്ന സഭയുടെ കേന്ദ്രമായ ബിഷപ്പിലൂടെ ദൈവേഷ്ടം ചെയ്യുന്നതിലേക്ക് എല്ലാവരും ചേർക്കപ്പെടുന്നു.

രക്തസാക്ഷി മരണം. വി. കുർബ്ബാനയുമായി ബന്ധപ്പെടുന്ന ഒരു

ആത്മത്യാഗമാണ്. ദൈവം സ്വന്തപുത്രനിൽ കൂടി സ്വയം കൊടുത്തതു പോലുള്ള ഒരു ആത്മദാനമാണ് അത്. യേശുവെപ്പോലെയുള്ള 'വിശുദ്ധ അപ്പ'മായിട്ടാണ് ബലിയർപ്പിക്കപ്പെടുന്നത് (റോമ. VI). ക്രിസ്തുവിന്റെ കഷ്ടതയിൽ വിശ്വസിക്കാത്തവർക്ക്, രക്തസാക്ഷിത്വത്തിന്റെ മഹത്വം മനസ്സിലാക്കാനും, അതു പിന്തുടരാനും സാദ്ധ്യമല്ല (സ്മിർണ IV). മർത്ത്യ ശരീരത്തിൽ യഥാർത്ഥമായ കഷ്ടത, ചരിത്രത്തിൽ സംഭവിക്കുന്നില്ലെങ്കിൽ 'അദ്രവത്വവും' അമർത്ത്യമായ സ്നേഹവും പ്രത്യാശയും വിശ്വാസികൾക്ക് നിത്യതയിൽ ലഭിക്കുകയില്ല (റോമ VII:3; എഫെ. XX). വി. കുർബ്ബാനയെ 'അമർത്യതയുടെ ഔഷധം' എന്നാണ് വി. ഇഗ്നാത്തിയോസ് വിശേഷിപ്പിക്കുന്നത്. അഗതികൾക്കു ദയാവായ്പ് നൽകാതെയും സമൂഹത്തിലെ സ്നേഹബന്ധം സംരക്ഷിക്കാതെയും കഴിയുന്നവർ വേദ വിപരീതികളാണ് (സ്മിർണ VI).

ഒരു ക്രിസ്ത്യാനി സത്യത്തിൽ വസിക്കുന്നവനാണ്. (അസത്യം) സംസാരിച്ച് ഒന്നുമില്ലായ്മയിലേക്കു വീഴുന്നതിനേക്കാൾ മൗനമായിരിക്കുന്നതാണ് നല്ലതെന്ന് അദ്ദേഹം പഠിപ്പിച്ചു (എഫേ. XV). മധുരമായി സംസാരിക്കുന്നവരും, ചിട്ടയായി പ്രവർത്തിക്കുന്നവരുമായ ജ്ഞാനവാദികൾ (Gnostics), മൗനം പാലിക്കുന്ന വിശ്വാസിയുടെ അടുത്തെങ്ങും എത്തുകയില്ല (എഫേ. VI). ഒരു ക്രിസ്ത്യാനി "സത്യം" അധരം കൊണ്ടു മാത്രമല്ല, ജീവിതത്തിലും പ്രവൃത്തിയിലും പാലിക്കുന്നവനാകും. ക്രിസ്തുവിന്റെ ജീവിതവും പ്രവൃത്തിയും അപ്രകാരമുള്ള ഒന്നാകുന്നു (എഫേ. XIX). യേശുവിന്റെ ജീവിതം ദൈവസ്നേഹത്തിന്റെ നിശബ്ദ സാക്ഷ്യമാകുന്നു. അവന്റെ ജീവിതം സംഭാഷണവും സാക്ഷ്യവുമായിരുന്നതുപോലെ ക്രിസ്ത്യാനിയുടെ ജീവിതവും അപ്രകാരമായിരിക്കണം. നിശബ്ദത (Sige) അന്തരീക ശാന്തത (Hesychia) എന്നിവ ജ്ഞാനവാദികൾ ഉപയോഗിക്കുമെങ്കിലും ഇഗ്നാത്തിയോസ് അവയെ യേശുക്രിസ്തുവിന്റെ ജീവിതവുമായി ബന്ധപ്പെടുത്തിയാണ് അവതരിപ്പിച്ചത്.

വി. ഇഗ്നാത്തിയോസിന്റെ ലേഖനങ്ങൾ ആദിമ സഭയിൽ പ്രസിദ്ധമായിരുന്നു. ഒറിഗൻ, എഫ്രേം തുടങ്ങിയ പിതാക്കന്മാരെല്ലാം ഇവ പരാമർശിക്കുന്നുണ്ട്. എന്നിരുന്നാലും "ആദ്ധ്യാത്മികത എന്നത് പ്രത്യേക ഒരു ശാഖയായി" ഇഗ്നാത്തിയോസ് വളർത്തി എന്ന് പറയാനാവില്ല; എന്നാൽ കർത്താവിന്റെ മനുഷ്യാവതാരത്തിലും കഷ്ടാനുഭവത്തിലും മരണത്തിലും പുനരുത്ഥാനത്തിലും ഊന്നൽ നൽകി, വി. കുർബ്ബാനാനുഭവത്തിന്റെ പശ്ചാത്തലത്തിൽ വളർന്നു വന്ന ഈ ആദ്ധ്യാത്മികത, എല്ലാ ക്രൈസ്തവർക്കും എക്കാലവും പ്രസക്തമാണെന്ന് നിസ്സംശയം പറയാം.

### 1. വി. ഐറേനിയസ് (എ.ഡി. 130–200)

ഏഷ്യാമൈനറിൽ ജനിച്ചു വളർന്ന് ഗോളിലെ ലയൺസിലെ ബിഷപ്പായിത്തീർന്ന വി. ഐറേനിയസ് ജ്ഞാനവാദികൾക്കെതിരെ (Gnostic) ക്രിസ്തീയ വിശ്വാസം ഉറപ്പിക്കുന്നതിന് പരിശ്രമിച്ചയാളാണ്. "വേദവിപരീതങ്ങൾക്കെതിരെ" (Against Heresies - AH) എന്ന എഴുത്തുകൾ ഈ ലക്ഷ്യം വച്ച് തയ്യാറാക്കിയതാണ്. 'Demonstration of the Apostolic Preaching' എന്ന മറ്റൊരു ഗ്രന്ഥവും അദ്ദേഹത്തിന്റേതായിട്ടുണ്ട്.

ദൈവത്തിന്റെ ജീവനുമായി പങ്കിടുവാനാണ് ദൈവം മനുഷ്യജീവിതം പങ്കിട്ടത് എന്ന ആശയം ആദ്യമായി അവതരിപ്പിച്ചത് ഇദ്ദേഹമായിരുന്നു (A.H. IV 52). യേശുക്രിസ്തുവിൽ ദൈവം പൂർണമായി അവതരിച്ചിട്ടില്ലെങ്കിൽ മനുഷ്യന്റെ രക്ഷ പൂർണമാകുന്നില്ല. അതായത് ദൈവത്തിന്റെ അമർത്യമായതും ദ്രവിച്ചു പോകാത്തതുമായ ജീവിതം മനുഷ്യർക്കു ലഭിക്കാതെ പോകുമായിരുന്നു. ദൈവത്തിന്റെ പ്രകാശത്തിലും മഹത്വത്തിലും ചേരുവാനാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് (A.H. II 47, IV.25, 34 IV.27). ദൈവസ്വരൂപത്തിൽ നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാൽ, ദൈവസാദൃശ്യത്തിലേക്ക് വളരണം. ദൈവത്തെപ്പോലെ ആയിത്തീരാനുള്ള മനുഷ്യനിലുള്ള കഴിവ് നാം തിരിച്ചറിയണം. നമ്മുടെ ശരീരവും മഹത്വീകരിക്കപ്പെടണം. ദൈവം മക്കളോടെന്നപോലെ, സാവധാനം നമ്മെ പഠിപ്പിച്ചു തരുന്നു (A.H. IV:62). പഴയനിയമത്തിൽ ദൈവം നീതി വെളിപ്പെടുത്തുന്നു; എന്നാൽ പുതിയതിൽ തന്റെ സ്വന്തം ജീവൻ തന്നെ മനുഷ്യരുമായി പങ്കുവയ്ക്കുന്നു. ആദാമിന്റെ ദുരന്തത്തിന് പരിഹാരം നൽകി, അവനെയും മനുഷ്യവംശത്തേയും ഉദ്ധരിക്കുന്നതിന്റെ ഭാഗമായി, നമ്മേപ്പോലെ പരീക്ഷിക്കപ്പെടുന്ന അവസ്ഥയിൽ യേശുക്രിസ്തുവിൽ ദൈവം മനുഷ്യനായി ലോകത്തിൽ അവതരിച്ചു (A.H. VI:10ff). ആന്തരിക സ്വാതന്ത്ര്യവും ലക്ഷ്യബോധവും പ്രവർത്തനക്ഷമതയും മനുഷ്യന് ഇതു മൂലം തിരിച്ചു കിട്ടി. ആ സ്വാതന്ത്ര്യം എന്നത്, ദൈവേഷ്ടത്തിന് സ്വയത്തെ ഏൽപിച്ചു കൊടുക്കുവാനുള്ള സ്വാതന്ത്ര്യമാണ് (A.H. 4:24). ദൈവത്തിന്റെ സകല സൃഷ്ടികളുമായി ഐക്യത്തിലെത്തുന്നതു വഴിയാണ്, ദൈവ മഹത്വത്തിൽ നാം പങ്കെടുക്കുന്നത്. ആയതിനാൽ 'ദൈവീകരണം' എന്നതു പ്രാഥമികമായി പിതാവായ ദൈവത്തിന്റെ 'മക്കൾ' ആയിത്തീരുക എന്നതാണ് (A.H. V.16). ആത്മാവിൽ "അബ്ബാ പിതാവേ" എന്ന് വിളിക്കുവാൻ കഴിയുന്നു എന്നതാണ് ഇതിന്റെ അടയാളം (AH. IV. 8).

യേശുക്രിസ്തുവിന്റെ ശരീരത്തിൽ വി. കുർബ്ബാന വഴിയായി വിശ്വാസികൾ ഒന്നായിത്തീരുന്നതിനാൽ മനുഷ്യശരീരം അദ്രവത്വം പ്രാപിക്കു

കയോ മഹത്വീകരിക്കപ്പെടുകയോ ചെയ്യുന്നു എന്ന ഉപദേശം തെറ്റിദ്ധരിക്കപ്പെടാനിടയുള്ളതാണ് (A.H. II.44, 47, IV.31.V 2, 7, 8). ദൈവാത്മാവിന്റെ രൂപാന്തരശക്തിക്ക് വിധേയപ്പെടുന്നതിനാലാണ് ഇതു സാധിക്കുന്നത് (A.H.V.9, 10). യേശുക്രിസ്തുവിന്റെ മറുരൂപമലയിലെ രൂപാന്തരത്തിന്റെ അനുഭവത്തിലേക്കുള്ള ഒരു രൂപാന്തരം മനുഷ്യർക്കു സാധ്യമാണെന്ന ഉപദേശം ആദ്യമായി നൽകുന്നത് വി. ഐറേനിയസ് ആണ്. പൗരസ്ത്യ ആദ്ധ്യാത്മികതയുടെ പ്രധാന ഒരു ഊന്നൽ ആണ് ഈ ഉപദേശം (A.H. V.13). ദൈവത്തിന്റെ 'വലിമ'യിലല്ല 'സ്നേഹ'ത്തിലാണ് മനുഷ്യന് ദൈവത്തെ മനസ്സിലാക്കാൻ കഴിയുന്നത് (A.H. IV:34). ക്രിസ്തുവിൽ വെളിപ്പെട്ട സ്നേഹത്താലല്ലാതെ, ബുദ്ധിപരമായ ഒരു ജ്ഞാനം ദൈവത്തെപ്പറ്റി സാദ്ധ്യമല്ല എന്നും ദൈവത്തെ അറിയുവാൻ ദൈവപുത്രനിൽ വിശ്വസിക്കുകയും അവന്റെ സ്നേഹത്തിൽ വസിക്കുകയും ചെയ്യണമെന്നും ജ്ഞാനവാദികൾക്കെതിരെ അദ്ദേഹം പഠിപ്പിച്ചു.

### 3. തെർത്തുല്യൻ (TERTULLIAN) (A.D 160-225)

പാശ്ചാത്യ വേദശാസ്ത്ര ചിന്തകൾക്ക് അടിസ്ഥാനമിട്ട ഈ സഭാപിതാവ് വിശ്വാസ സമർത്ഥനം, വേദശാസ്ത്രം എന്നിവയിൽ വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. ഗ്രീക്ക് ക്രൈസ്തവ തത്വചിന്തകളേയും സമീപനങ്ങളെയും എതിർത്തുകൊണ്ട് സുവിശേഷവും തത്വചിന്തയുമായി യാതൊരു ബന്ധവുമില്ലെന്ന് അദ്ദേഹം വാദിച്ചു. എന്നാൽ ദൈവത്തെ വിശദീകരിക്കുമ്പോഴും, 'ആത്മാവിനെ' വിവരിക്കുമ്പോഴും, ധാർമ്മിക തത്വങ്ങൾ ആവിഷ്കരിക്കുമ്പോഴും തത്വചിന്തയുടെ രീതികൾ അദ്ദേഹം സ്വീകരിക്കുന്നതായി കാണുന്നുണ്ട്. മാനുഷിക നിയമങ്ങൾ സുവിശേഷ മർമ്മത്തിന് എതിരല്ലെന്നു മാത്രമല്ല, അനുകൂലമായി പ്രയോഗിക്കപ്പെടുന്നെങ്കിൽ എന്തുകൊണ്ട് 'മാനുഷി'ക തത്വചിന്ത സുവിശേഷ മർമ്മത്തിന് അടുത്തുവരാൻ പാടില്ല എന്നു ചോദിക്കുന്നവരോട്, മനുഷ്യന്റെ ഇച്ഛാശക്തിയുടെ സ്വാതന്ത്ര്യത്തെയും, മനസ്സാക്ഷിക്കനുസരിച്ചു പ്രവർത്തിക്കാനുള്ള മതപരമായ അവസ്ഥയെയും തെർത്തുല്യൻ ഉയർത്തിക്കാണിച്ചു.

തെർത്തുല്യന്റെ "പാപവും പാപമോചനവും" എന്ന തത്വം വളരെ സുപ്രധാനമാണ്. ഒരിക്കലും മോചിക്കപ്പെടാത്ത പാപങ്ങളാണ്, ബിംബാരാധന, വ്യഭിചാരം, കൊലപാതകം എന്നിവ. ഇതിന് സഭയ്ക്കോ സഹദേന്മാർക്കോ ഒന്നും ചെയ്യാൻ കഴിയുന്നതല്ല. ക്രിസ്ത്യാനികൾ പൊതുവിനോദങ്ങളിൽ ഏർപ്പെടുന്നത്, ബിംബാരാധനയുടെ ഭാഗമായി കരുതി അദ്ദേഹം വിലക്കി. പട്ടാളസേവനമുൾപ്പെടെ രാജ്യസേവനത്തിലേർപ്പെടുന്നത് ക്രിസ്ത്യാനികൾക്കു യോജിച്ചതല്ലെന്നും, ജാതികളിൽ നിന്നു

ള്ളതാകയാൽ കല, സാഹിത്യം എന്നിവ പാടില്ലെന്നും, സ്ത്രീകൾ മാന്യമായി വസ്ത്രം ധരിച്ച് പൊതുവിൽ ഭവ്യതയോടെ മാത്രം പെരുമാറണമെന്നും, ഹവ്വായുടെ മക്കൾ ആകയാൽ ശരീരം മുഴുവൻ മറയ്ക്കുന്ന അങ്കി ധരിക്കണമെന്നും, ദേവാലയത്തിൽ ശിരോവസ്ത്രം ധരിക്കണമെന്നും തെർത്തുല്യൻ നിഷ്കർഷിച്ചു. രണ്ടാം വിവാഹം, ഇണ മരിച്ചാൽ പോലും പാടില്ലെന്നും ബ്രഹ്മചര്യമാണ് അഭികാമ്യമായ അവസ്ഥയെന്നും അദ്ദേഹം ഉപദേശിച്ചു. ക്ഷമ, സത്യസന്ധത എന്നിവയ്ക്ക് വളരെ കാര്യമായ ഊന്നൽ നൽകി.

ആരാധനാസംബന്ധമായ കാര്യങ്ങളിൽ വളരെ ഉയർന്ന കാഴ്ചപ്പാടു നൽകുന്നു. വഴിപാടു സമർപ്പിക്കുന്നത് ദരിദ്രർക്കും, അടിമകൾക്കും, തടവുകാർക്കുമായി നൽകണമെന്നും, പ്രാർത്ഥന അച്ചടക്കത്തോടും പ്രായോഗിക വീക്ഷണത്തോടുംകൂടി നടത്തണമെന്നും, മുതിർന്നശേഷം 'മാമോദീസ' സ്വീകരിച്ചാലും മതിയെന്നും, രക്തം കൊണ്ടുള്ള മാമോദീസായായ രക്തസാക്ഷി മരണമാണ് ഏറ്റവും ഉയർന്നതെന്നും അദ്ദേഹം പഠിപ്പിച്ചു. ലോകത്തെ നിരസിച്ച് ദൈവത്തെ സ്വീകരിക്കാനുള്ള ആഹ്വാനവും അദ്ദേഹം നൽകുന്നുണ്ട്.

തെർത്തുല്യൻ ഒരു വേദശാസ്ത്രജ്ഞൻ എന്ന നിലയിൽ നിരവധി ചിന്തകൾ നൽകുന്നുണ്ട്. ക്രിസ്തുശാസ്ത്രം, മറിയ ശാസ്ത്രം, സഭാശാസ്ത്രം, യുഗാന്ത്യശാസ്ത്രം, പരിശുദ്ധാത്മശാസ്ത്രം എന്നിവയിലൊക്കെ വളരെ ആഴമേറിയ ചിന്തകളും ഉപദേശങ്ങളും നൽകിയിട്ടുള്ള ഒരു സഭാപിതാവാണ് തെർത്തുല്യൻ. എന്നാൽ ഒടുവിൽ മൊണ്ടാന മതത്തിൽ ചേർന്നതിനാൽ, സഭയുടെ ഔദ്യോഗിക പിതാവ് എന്ന സ്ഥാനം അദ്ദേഹത്തിന് നഷ്ടപ്പെടുവാനിടയായി.

### 4. ഓറിജൻ ORIGEN (A.D. 185-254)

'ആദ്ധ്യാത്മികത' വിവരിക്കുമ്പോൾ, ഗ്രീക്ക് സംസ്കാരം, തത്വചിന്ത, പ്ലേറ്റോണിസം എന്നിവയുടെ സ്വാധീനം ഓറിജന്റെ സമീപനത്തിൽ കാണുന്നുണ്ട്. ഈ സമീപനം മൂലം ചില വശങ്ങൾ നന്നായി അവതരിപ്പിക്കാൻ കഴിഞ്ഞെങ്കിലും മറ്റു ചില വശങ്ങൾ വേണ്ടത്ര സ്വീകാര്യമായി അവതരിപ്പിക്കാൻ കഴിയാതെയും പോയിട്ടുണ്ട്. 1) ദൈവിക പരിപാലനത്തിൽ, ലൗകിക മാനദണ്ഡത്തിനപ്പുറത്തേയ്ക്ക് ശ്രദ്ധിക്കുമ്പോൾ തന്നെയും, മനുഷ്യന്റെ മനസ്സാക്ഷിപ്രകാരമുള്ള സ്വാഭാവിക നിയമങ്ങളെയും സാർവലൗകിക വ്യവസ്ഥിതികളേയും ആശ്രയിക്കുന്ന 'സ്റ്റോയിക്' സമീപനം അദ്ദേഹം സ്വീകരിക്കുന്നു. ക്രിസ്തീയ ധാർമ്മികത സ്വാഭാവികം മാത്രമാണെന്നും, യഥാർത്ഥ ദൈവത്തെ ആഗ്രഹിക്കുന്ന ആന്തരിക സ്വഭാവത്താൽ അത് പ്രചോദിക്കപ്പെടാമെന്നും

അദ്ദേഹം പഠിപ്പിച്ചു. 2) ദൃശ്യമായതും, ഗ്രഹിക്കാവുന്നതുമായ ലോകവും അങ്ങനെയല്ലാത്ത ആത്മീയ ലോകവും തമ്മിലുള്ള ബന്ധത്തെപ്പറ്റി ഒന്നും പറയാതെ, രണ്ടും രണ്ടാണെന്നുള്ള പ്ലേറ്റോണിസത്തിലെ വാദ ഗതിയാണ് ഓറിജൻ പഠിപ്പിക്കുന്നത്. നിത്യ യാഥാർത്ഥ്യത്തിന്റെ പ്രതീ കമായോ മറയായോ, ദൃശ്യയാഥാർത്ഥ്യത്തെ അവതരിപ്പിക്കുന്നതിൽ പ്ലേറ്റോണിസത്തിന്റെ ധ്വനിയുണ്ട്. മനുഷ്യാവതാരത്തിന്റെ കേന്ദ്രീയ സ്ഥാനത്തെ ഊന്നിപ്പറയുന്നതിലൂടെ, ഈ ലോകം ദൈവത്തിന്റെ ആത്യ ന്തികമായ ഇച്ഛയുടെ പ്രവർത്തനകേന്ദ്രമായിത്തീരുകയും, സൃഷ്ടിയുടെ സ്വതന്ത്ര ഇച്ഛ വ്യാപരിക്കുവാൻ തക്ക സാഹചര്യം ലഭ്യമാകുകയും ചെയ്തതായി ഓറിജൻ വിശദീകരിക്കുന്നു. വേദപുസ്തകത്തെ ആക്ഷ രീകമായി (Literal) വ്യാഖ്യാനിക്കുന്നതിന്റെ ഫലമായുണ്ടാകുന്ന ഇത്തരം അവ്യക്തതകൾ പലയിടങ്ങളിലും ഓറിജൻ പ്രകടിപ്പിക്കുന്നുണ്ട്. 3) ദൈവത്തെ അപ്രാപ്യമായവിധത്തിൽ വിദൂരസ്ഥനായും മാറ്റമില്ലാത്തവ നായും യാതൊന്നിന്റെയും ആവശ്യമില്ലാത്തവനായും വിവരിക്കുന്നു. കവി ഞ്ഞൊഴുകുന്ന സ്നേഹമാണ് പ്രപഞ്ചത്തെ സൃഷ്ടിക്കാൻ ദൈവത്തെ പ്രേരിപ്പിച്ചത്. ഇതു പ്ലേറ്റോണിസത്തിന്റെ ഒരു വകഭേദമാണ്. ക്രിസ്ത്യാ നികൾ ശിക്ഷണവിധേയമായ (Asectic) ഒരു ജീവിതരീതിയിലേക്കാണ് വിളിക്കപ്പെട്ടിരിക്കുന്നത്. ജാഗരണം, ഉപവാസം, ദൈനംദിന വേദപഠനം, വിവാഹജീവിതത്തിൽ നിന്ന് ഒഴിഞ്ഞിരിക്കുക, ലൗകിക ചുമതലകളിൽ നിന്ന് ഒഴിഞ്ഞിരിക്കുക, സകലതിനോടും നിസംഗത പാലിക്കുക തുട ങ്ങിയവ ക്രിസ്തീയ ആദ്ധ്യാത്മികതയുടെ ഭാഗമായി ഇദ്ദേഹം അവത രിപ്പിച്ചു. ലൈംഗികജീവിതത്തോടുള്ള വൈരാഗ്യം നിമിത്തം സ്വയം ഷണ്ഡത്വം (Castration) സ്വീകരിച്ചയാളാണ് ഓറിജൻ. 4) ദൈവസ്വരൂപം മനുഷ്യന് ജന്മനാൽ ലഭിക്കുന്നതാണെന്നും, ദൈവ 'സാദൃശ്യം' അന്ത്യ ത്തിൽ എത്തിച്ചേരേണ്ട 'ദൈവത്തെപ്പോലെ ആയിത്തീരുന്ന' ക്രിസ്തീയ പരിപൂർണതയാണെന്നും ആയതിനായി ദൈവകൃപയും മനുഷ്യപരിശ്ര മവും ആവശ്യമാണെന്നും അദ്ദേഹം പഠിപ്പിച്ചു. ഈ പ്രക്രിയയിൽ ബുദ്ധി പരമായ പരിശ്രമം മനുഷ്യനെ പൂർണതയിലേക്ക് നയിക്കുന്നു എന്ന് അദ്ദേഹം പഠിപ്പിച്ചത് ജ്ഞാനവാദത്തിന്റെ സ്വാധീനത്തിലാണെന്നു കരുതാം. ക്രിസ്തുവിന്റെ മഹത്വം കൂടുതൽ തെളിച്ചത്തിൽ കാണുവാ നുള്ള കഴിവ് ലഭിക്കുന്നതും, പൈശാചിക പോരാട്ടത്തിലെ വഞ്ചനകളെ മുൻകൂട്ടി കണ്ട് ജയിക്കുവാനുള്ള അവസരം ലഭിക്കുന്നതും ഈ 'പൂർ ണത'യുടെ ലക്ഷണമാണ്. ആത്മാക്കളെ തിരിച്ചറിയാനുള്ള കഴിവ് (Discernment of the spirit) ഇല്ലാതെ പോയാൽ സാത്താൻ വെളിച്ച ദൂതന്റെ വേഷത്തിൽ വന്നു വഞ്ചിക്കും.

താബോർ മലയിൽ വച്ച് യേശുക്രിസ്തുവിന് രൂപാന്തരം സംഭവി

ക്കുകയും, ദൈവപുത്രനെന്ന ബോദ്ധ്യം ലഭിക്കുകയും ചെയ്തതുപോലെ, ഓരോ വിശ്വാസിയും ക്രിസ്തുവിനെ അനുസരിച്ച് പർവതാരോഹണത്തിന്റെയും രൂപാന്തരത്തിന്റെയും അനുഭവം പ്രാപിക്കേണ്ടിയിരിക്കുന്നു. വചനമാകുന്ന ക്രിസ്തുവും മനുഷ്യാത്മാവും തമ്മിലുള്ള പ്രേമഗാനമായി 'ഉത്തമഗീതത്തെ' വ്യാഖ്യാനിക്കുന്ന ആദ്ധ്യാത്മികതയും ഓറിജൻ വിവരിക്കുന്നുണ്ട്. ക്രിസ്തുവിലൂടെ ദൈവത്തെപ്പോലെ ആയിത്തീരണമെന്ന 'ദൈവീകരണ ആശയവും' ഓറിജൻ അവതരിപ്പിക്കുന്നു.

5) "Exhortation to Martyrdom" എന്നത് ഓറിജന്റെ ആദ്ധ്യാത്മികത വിവരിക്കുന്ന പ്രധാന ഗ്രന്ഥമാണ്. കുരിശ് എടുത്തുകൊണ്ട്, ആവശ്യം വന്നാൽ രക്തസാക്ഷി മരണത്തിന് തയ്യാറായി ജീവിക്കേണ്ടത് ഓരോ ക്രിസ്ത്യാനിയുടെയും ചുമതലയാണെന്നും, ക്രിസ്തുവിനോട് ചേരണമെങ്കിൽ ലൗകികബന്ധങ്ങളും സ്വത്തുക്കളും ഉപേക്ഷിക്കണമെന്നും അദ്ദേഹം പഠിപ്പിച്ചു. സഹദാ മരണം മൂലം സ്വന്ത പാപം മോചിക്കപ്പെട്ട് മഹത്വം പ്രാപിക്കുക മാത്രമല്ല, മറ്റുള്ളവർക്കും പാപമോചനകാരണമായും, മദ്ധ്യസ്ഥനായും തീരുന്നു. രക്തസാക്ഷികളുടെ 'രക്തം' മറ്റുള്ളവരുടെ ഉദ്ധാരണത്തിന് പ്രചോദനവും കാരണവും ആയിത്തീരുന്നു എന്നതിനാൽ "രക്തസാക്ഷി" മരണം വളരെ പ്രധാനമായ ഒരു ആത്മിക അനുഭവമാണ്. പ്രാർത്ഥനയിൽ കൂടി ദൈവത്തിങ്കലേക്ക് ഉയരുന്നതെങ്ങനെ എന്നാണ്, "On Prayer"എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നത്. അപേക്ഷകൾ, സ്തുതിപ്പുകൾ, യാചനകൾ, നന്ദിയർപ്പണം എന്നിവയാണ് പ്രാർത്ഥനയുടെ പ്രധാന ഘടകങ്ങളായി വിവരിക്കുന്നത്. ദൈവദർശനത്തിലും, സഹോദരങ്ങൾക്കു വേണ്ടിയുള്ള മദ്ധ്യസ്ഥയർപ്പണത്തിലുമാണ് പ്രാർത്ഥന ചെന്നുചേരേണ്ടത്. പ്രാർത്ഥന, ക്രിസ്തുവിലേക്കല്ല, ക്രിസ്തുവിൽ കൂടി, പിതാവായ ദൈവത്തിലേയ്ക്കായിരിക്കണം. "സ്വയം പ്രാർത്ഥിക്കുന്ന ഒരുവനോട്" പ്രാർത്ഥിക്കരുത് എന്നും, പിതാവാം ദൈവം മാത്രമെ നല്ലവനും ആരാധിക്കപ്പെടേണ്ടവനുമായിട്ടുള്ളു എന്നും ക്രിസ്തു തന്നെ പഠിപ്പിക്കുന്നു. അതുപോലെ വിശുദ്ധന്മാരോടല്ല, അവരിൽകൂടി ദൈവത്തോടാണ് പ്രാർത്ഥിക്കേണ്ടത് എന്നും, ആന്തരിക ഒരുക്കത്തോടൊപ്പം, പരിശുദ്ധാത്മ സഹായം പ്രാർത്ഥനയ്ക്ക് ആവശ്യമാണെന്നും ഓറിജൻ പഠിപ്പിച്ചു.

## 5. കപ്പദോക്യായിലെ പിതാക്കന്മാർ (4-ാം നൂറ്റാണ്ട്)

മാർ ബസ്സേലിയോസ് (330-379) നിസ്സായിലെ മാർ ഗ്രീഗോറിയോസ് (330-395) എന്നിവർ സഹോദരങ്ങളാണ്. ഇവരുടെ സ്നേഹിതനാണ് നാസ്സിയാൻസ്സിലെ മാർ ഗ്രീഗോറിയോസ് (329-389). ഇവർ ഒന്നിച്ച് ആതൻസിൽ പഠിച്ചു. ഇവർക്ക് മുമ്പ് ജീവിച്ചിരുന്ന ഓറിജന്റെ ആശയങ്ങൾ

ഇവരുടെ ചിന്തയേയും ആദ്ധ്യാത്മികതയേയും, സ്വാധീനിച്ചിരുന്നു. ഇവരാണ് 'ഫിലോക്കാലിയ' എന്ന പ്രസിദ്ധമായ ഗ്രന്ഥം, മുഖ്യമായും ഓറിജന്റെ എഴുത്തുകളിൽ നിന്നും ക്രോഡീകരിച്ചെടുത്തത്. 'കപ്പദോക്യായിലെ പിതാക്കന്മാർ' എന്ന പേരിൽ അറിയപ്പെടുന്ന ഇവരുടെ സമീപനങ്ങളെ ചുരുക്കമായി പരിശോധിക്കാം.

എല്ലാ മനുഷ്യരിലും ദൈവത്തോട് ചേരാനുള്ള ആഭിമുഖ്യമുള്ളതിനാൽ, ആയതിലേക്കുള്ള പരിശ്രമവും പരിശീലനവും ഉണ്ടാകുന്നത് സ്വാഭാവികമാണ്. ശുദ്ധീകരണ പ്രക്രിയയാണ് ആദ്ധ്യാത്മികതയുടെ പ്രധാന ഭാഗമെങ്കിലും ദൈവീകരണമാണ് (Deification) ആത്യന്തിക ലക്ഷ്യമായി കാണുന്നത്. നിസ്സായിലെ ഗ്രീഗോറിയോസ് ഈ കാര്യത്തിൽ അൽപമൊരു വ്യത്യാസം രേഖപ്പെടുത്തുന്നുണ്ട്. ദൈവീകരണത്തിന്റെ പൂർണതയിൽ മനുഷ്യൻ എത്തിയാൽ പോലും ദൈവവും മനുഷ്യനും ഉണ്മയിൽ രണ്ടായിത്തന്നെ നിലനിൽക്കുന്നു എന്ന ഒരു വിടവ് (Diastema) ഉണ്ടായിരിക്കണം എന്നതാണ് ആ വ്യത്യാസം.

*ദൈവീകരണം* (Deification) എന്നത് പ്രധാനമായും ദൈവസ്വഭാവത്തിലേക്ക് മനുഷ്യനെ രൂപാന്തരപ്പെടുത്തുന്ന ഒരു ധാർമ്മിക പ്രതിഭാസമാണ്. അതേ സമയം ദൈവത്തെപ്പറ്റിയുള്ള പരിജ്ഞാനം, ദൈവത്തിൽ വസിക്കുന്നതിലൂടെ ആഴത്തിൽ പ്രാപിക്കാനുള്ള ഒരു അവസ്ഥയിലേക്ക്, ദൈവീകരണം വഴി മനുഷ്യൻ ആയിത്തീരുകയും ചെയ്യുന്നു. ഇവിടെ ബുദ്ധിപരമായ "മനസ്സിലാക്കലല്ല" ആത്മീയമായ അനുഭവമാണ് യാഥാർത്ഥ്യമായിത്തീരേണ്ടത്. (a) ഒന്നാം ഘട്ടമായ 'ശുദ്ധീകരണം' മത്താ. 5:8-ൽ പറയുന്നതുപോലെ 'ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണും' എന്ന തത്വത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. പ്ലേറ്റോണിസത്തിന്റെ മാതൃകയിലാണെങ്കിൽ, ദൈവസാദൃശ്യം പ്രാപിക്കേണ്ടതിന് വളരെയേറെ മാനുഷീകാദ്ധ്വാനം വേണ്ടിവരുന്നുണ്ട്. 'ഒരു പോലുള്ളതിന് പരസ്പരം തിരിച്ചറിയാൻ കഴിയും' എന്ന പൊതു തത്വത്തെ ആസ്പദമാക്കിയാണ് വിശുദ്ധനായ ദൈവത്തെ അറിയണമെങ്കിൽ വിശുദ്ധിയാകുന്ന ദൈവസാദൃശ്യത്തിലേക്ക് വളരണമെന്ന തത്വം പ്രബലപ്പെട്ടത് (2 കൊരി. 3:18; 1 യോഹ. 3:2). നാസ്സിയാൻസിലെ ഗ്രീഗോറിയോസും, നിസ്സായിലെ ഗ്രീഗോറിയോസും ഈ ആശയത്തെ ഉയർത്തിക്കാണിക്കുന്നുണ്ട്. പർവ്വതാരോഹണത്തിന്റെ അനുഭവമായിട്ടാണ് വിശുദ്ധിയിലേയ്ക്കുള്ള ഈ വളർച്ചയെ രണ്ടു പിതാക്കന്മാരും വിവരിക്കുന്നത്. (b) എന്നാൽ ബസ്സേലിയോസ്, മേൽപറഞ്ഞ കാഴ്ചപ്പാടിൽ നിന്നുമപ്പുറത്ത്, ദൈവിക ജ്ഞാനം പ്രാപിക്കുന്നതിന്, പരിശുദ്ധാത്മാവിലൂടെയുള്ള ദൈവിക വെളിപാടിന്, വളരെയേറെ പ്രാധാന്യം നൽകുന്നു. ദൈവീകരണ പ്രക്രിയയും പരിശുദ്ധാത്മാവിലൂടെയുള്ള ദൈവിക പരിജ്ഞാനവും തമ്മിൽ വേർപിരി

ക്കാനാവാത്തവിധം ബന്ധമുണ്ടെന്നാണ് ബസ്സേലിയോസിന്റെ അഭിപ്രായം.

നാസിയാൻസിലെ ഗ്രീഗോറിയോസ്, ധാർമ്മികമായ ശുദ്ധീകരണം എന്ന ആശയത്തിന് ബുദ്ധിപരമായ ഊന്നൽ നൽകുകയും ശരീരത്തിന്റെ പങ്ക് വിട്ടുകളയുകയും ചെയ്യുന്നു. വേദശാസ്ത്രം എന്നത് 'പ്രാർത്ഥന' തന്നെയാണ്; വേദശാസ്ത്രജ്ഞൻ പ്രാർത്ഥിക്കുന്നവനും, പ്രാർത്ഥിക്കുന്നവൻ വേദശാസ്ത്രജ്ഞനുമായിരിക്കും. ദൈവം 'മനസ്സ്' എന്ന നിലയിലാണ് അവതരിപ്പിക്കപ്പെടുന്നത്. പ്രവർത്തിയും പ്രാർത്ഥനയും (Action & Contemplation) എന്ന ദ്വിത്വ സമീപനമാണ് കൂടുതൽ സ്വീകാര്യമായി കാണുന്നത്. ആത്മാവിന്റെ 'കണ്ണ്' വിശുദ്ധീകരിക്കുന്നവർക്ക് 'ആത്മീയ സൗന്ദര്യം' കാണാൻ കഴിയുമെന്നും, അങ്ങനെ ആയാൽ ശാരീരിക-ലൗകിക സൗന്ദര്യം കാണാനാകാതെ അവയോടുള്ള ബന്ധം അകന്നുപോകുമെന്നും പഠിപ്പിക്കുന്നു.

ബസ്സേലിയോസ് ഒരു സന്യാസിയായിരുന്നു. അദ്ദേഹം ആശ്രമം സ്ഥാപിച്ചിട്ടുണ്ട്, കരിങ്കടലിനടുത്ത്. ആശ്രമാംഗങ്ങൾക്കായി 'ചെറിയതും', 'വലിയതു'മായ രണ്ടുതരം നിയമാവലികൾ ഉണ്ടാക്കി. പ്രാർത്ഥനയ്ക്കും പ്രവർത്തനത്തിനും ബസ്സേലിയോസ് ഒരുപോലെ പ്രാധാന്യം നൽകി. ജീവകാരുണ്യം, അനുസരണം എന്നിവ ഒഴിച്ചുകൂടാൻ പാടില്ലാത്തതാകുന്നു. വ്യക്തികളായിട്ടല്ല, സമൂഹമായിട്ടു ജീവിക്കുന്നതാണ് അഭികാമ്യം.

നിസ്സായിലെ ഗ്രീഗോറിയോസ്, തന്റെ ജീവിതാന്ത്യത്തിൽ, പ്ലേറ്റോണിസം ഉപേക്ഷിക്കുകയും, സൃഷ്ടിയും സ്രഷ്ടാവും തമ്മിൽ കാര്യമായ വ്യത്യാസവും വിടവും (Diastema) ഉണ്ടെന്ന് തറപ്പിച്ച് പഠിപ്പിക്കുകയും ചെയ്തു. സമയത്തിനും കാലത്തിനും അതീതമായി ഉയരുവാൻ സൃഷ്ടിയിലായിരിക്കുന്നിടത്തോളം കാലം മനുഷ്യന് സാധ്യമല്ല; ദൈവത്തെ മുഖാമുഖം ഒരിക്കലും കാണാനാവില്ല; സകല നന്മയുടെയും പൂർണതയായ ദൈവത്തെ അറിയുക എന്നതാണ് നന്മയിൽ വളരാനുള്ള മാർഗം. അതുപോലെതന്നെ അനന്തമായ ദൈവത്തെ അൽപമെങ്കിലും അറിയുവാൻ, നന്മയിൽ വളരുക എന്ന മാർഗ്ഗം മാത്രമേയുള്ളു. ദൈവത്തെയും ദൈവിക പ്രമാണങ്ങളേയും അനന്തമായി, അന്തമായി പിന്തുടരുക എന്നത് മാത്രമേ കരണീയമായിട്ടുള്ളു എന്നീ ചിന്തകളാണ് നിസ്സായിലെ ഗ്രീഗോറിയോസ് ഉയർത്തിക്കാണിക്കുന്നത്.

പുനരുത്ഥാനം, കൂദാശകൾ തുടങ്ങിയവയൊന്നും കപ്പദോക്യൻ പിതാക്കന്മാരുടെ ആദ്ധ്യാത്മികതയിൽ പ്രത്യേകമായി പരാമർശിക്കപ്പെടുന്നില്ല. അവരുടെ ലേഖനങ്ങൾ ഈ മേഖലയിലുള്ള വളർച്ചയെ ബാധിക്കുന്ന സാഹചര്യങ്ങളിൽ എഴുതപ്പെട്ടവയല്ലാത്തതായിരിക്കും ഇതിന് കാരണം.

## പാഠം 6

# ആദ്ധ്യാത്മികത: സന്യാസജീവിതത്തിൽ

### a) സന്യാസ ജീവിതം (Monasticism)

ഏകാന്തജീവിതത്തിന് പ്രാധാന്യം നൽകുന്ന ഒരു ആദ്ധ്യാത്മികത യാണിത്. 'Monos' (= Single) എന്ന പദത്തോട് ചേർന്നാണ് 'Monastry' (= സന്യാസാശ്രമം) എന്ന പേര് ഉണ്ടായത്. ഭാരതീയ അന്തരീക്ഷത്തിൽ 'ആശ്രമം' എന്ന പദത്തിനും ഏകാന്തതയെ ഇഷ്ടപ്പെടുന്ന ജീവിതാനുഭവം എന്ന് അർത്ഥം വരുന്നുണ്ട്. 'ഏക'മായി കഴിയുക എന്നതിൽ, സ്ത്രീയും പുരുഷനും ജീവിതപങ്കാളികളായി കൂടി ചേരാതെ, വേറിട്ടു താമസിക്കുക എന്ന അർത്ഥം കൂടിയുണ്ട്. വിവാഹം വേണ്ട എന്ന് തീരുമാനിച്ചവരും, വിവാഹിതരാണെങ്കിൽ, വേരിട്ടു താമസിക്കുന്നു എന്ന അർത്ഥവും 'സന്യാസ' ജീവിതത്തിന് നൽകി വരുന്നുണ്ട്. 'സംയക്കാ'യി 'ന്യസി'ച്ചവനാണ് സന്യാസി (ഉചിതമായി ഉപേക്ഷിച്ചവൻ). സന്യാസ ജീവിതത്തിന്റെ പ്രധന ഊന്നൽ, ലോകപ്രകാരമുള്ള വ്യക്തിബന്ധനങ്ങളെക്കാൾ, ദൈവരാജ്യത്തിന്റെ സജീവ പ്രതീകങ്ങളായി ഈ ലോകത്തിൽ ജീവിക്കുക എന്നതാണ്.

ജീവിതകാലം മുഴുവനും സന്യാസവ്രതം സ്വീകരിക്കുന്നവരുണ്ട്. ശിഷ്ടായുസ് കുടുംബസമേതം ആശ്രമജീവിതം സ്വീകരിക്കുന്ന ചുരുക്കം ചിലരുമുണ്ട്. ഏതായാലും ഒരിക്കൽ സന്യാസം സ്വീകരിച്ചശേഷം, തിരിച്ച് കുടുംബജീവിതത്തിലേയ്ക്കും ലൗകികരീതികളിലേക്കും തിരിച്ചുവരുന്നത്, ആത്മികതയുടെ തളർച്ചയായിട്ടാണ് പരിഗണിക്കപ്പെടുന്നത്. ഭാരതീയ പശ്ചാത്തലത്തിലായാലും, ബ്രഹ്മചര്യം, ഗൃഹസ്ഥാശ്രമം എന്നിവ കഴിഞ്ഞാണ് "സന്യാസം" സ്വീകരിക്കുന്നത്. അത്, പിന്നീട് 'വാനപ്രസ്ഥ' ത്തിലേക്കാണ് നയിക്കുന്നത്. ജീവിതപങ്കാളി കൂടാതെ ദൈവത്തെ ജീവിതപങ്കാളിയായി സ്വീകരിക്കുന്ന അനുഭവത്തിനാണ്, സന്യാസജീവിതം എന്ന് പറയുന്നത്.

പഴയനിയമത്തിൽ, പൊതുവെ വിവാഹവും കുടുംബജീവിതവുമാണ് പ്രോത്സാഹിപ്പിക്കപ്പെടുന്നതെങ്കിലും, കുംറാൻ സന്യാസിനികൾ, എസ്സീന്യർ തുടങ്ങിയവരെല്ലാം കുടുംബബന്ധങ്ങൾക്കപ്പുറമായി സന്യാസ ജീവിതം സ്വീകരിച്ചിരുന്നതായി കാണുന്നുണ്ട്. പുതിയനിയമത്തിലേക്ക് കടക്കുമ്പോൾ യേശുക്രിസ്തു, കന്യകമറിയം, രക്തസാക്ഷികൾ, സഭാപിതാക്കന്മാർ തുടങ്ങിയ അനേകർ സന്യാസജീവിതം സ്വീകരിച്ചതായി കാണുന്നു. ക്രിസ്തീയസഭയിൽ നാലാം നൂറ്റാണ്ടോടു കൂടിയാണ് 'സന്യാസപ്രസ്ഥാനം' രൂപംകൊണ്ടത്. ഈജിപ്ത്, സിറിയ, പലസ്തീൻ

തുടങ്ങിയ സ്ഥലങ്ങളിലാണ് സന്യാസപ്രസ്ഥാനം ആരംഭിച്ചതും വളർച്ച പ്രാപിച്ചതും.

**ഈജിപ്തിൽ** മൂന്നുവിധത്തിലുള്ള സന്യാസ ജീവിത രീതി കാണുന്നുണ്ട്. 1) സമൂഹങ്ങളായി സ്ത്രീകളും പുരുഷന്മാരും വേറെ വേറെ താമസിക്കുന്ന ആശ്രമരീതി (Coenobitic Houses). 2) വേറെ വേറെ ഏകാന്തരായി അവരവരുടെ 'അറ'കളിൽ (Cell) അടുത്തടുത്ത് കഴിയുകയും വല്ലപ്പോഴും പൊതു ആരാധനകൾക്കും സമ്മേളനങ്ങൾക്കുമായി മാത്രം കൂടിവരികയും ചെയ്യുന്ന ഏകാന്ത സന്യാസികൾ (monks) 3) വളരെ ദൂരെ, അജ്ഞാത സ്ഥലങ്ങളിൽ ഗുഹകളിലും മലകളിലും പോയി ഏകാന്ത ജീവിതം നയിക്കുന്ന സന്യാസികൾ.

**സിറിയായിൽ**, വ്യക്തിഗതമായ സന്യാസപ്രസ്ഥാനമാണ് കൂടുതൽ ശക്തി പ്രാപിച്ചത്. സന്യാസജീവിതമാണ്, മറ്റ് എല്ലാ ജീവിതരീതിയേക്കാളും ഉന്നതമായത് എന്നതിനാൽ, കഴിയുന്നതും നേരത്തെ, എല്ലാവരും സന്യാസജീവിതം പ്രാപിക്കുന്നതാണ് നല്ലത് എന്ന ഒരു പഠിപ്പിക്കൽ സിറിയായിൽ ശക്തി പ്രാപിച്ചിരുന്നതിനാൽ, സന്യാസ പ്രസ്ഥാനത്തിലേക്ക് അനേകർ മുന്നോട്ട് വന്നു.

**പലസ്തീനിൽ**, ഈജിപ്തിലേതെന്നതുപോലെ സന്യാസജീവിതം പുഷ്ടി പ്രാപിച്ചു എന്നു മാത്രമല്ല, സന്യാസ ജീവിതത്തെക്കുറിച്ച് നല്ല കുറെ ഗ്രന്ഥങ്ങൾ എഴുതിയ സന്യാസികൾ ഉണ്ടായി. ജെറോം, റൂഫിനസ്, ജോൺ കാസ്സിയൻ തുടങ്ങിയവരെല്ലാം ഉദാഹരണങ്ങളാണ്.

ഇതിനു പുറമെ, നാലാം നൂറ്റാണ്ടിലുണ്ടായിരുന്ന ബിഷപ്പുമാരുടെ കൂടെ ആശ്രമജീവിതം ആഗ്രഹിച്ച് താമസിച്ചിരുന്ന കുറെ ആളുകളെ കാണാവുന്നതാണ്. മരുഭൂമിയിലെ ജീവിതനിഷ്ഠകൾ പരമാവധി ഉൾക്കൊണ്ടു തന്നെ, സമൂഹത്തിലെ ജീവിതത്തിൽ ജീവകാരുണ്യം, രോഗശുശ്രൂഷ, വേദോപദേശം തുടങ്ങിയ കാര്യങ്ങൾ കൂടി നടപ്പിലാക്കുന്ന ഒരു സമീപനം പിന്നീട് സഭയുടെ സന്യാസപ്രസ്ഥാനങ്ങളിൽ സ്വീകാര്യമായി വന്നു.

### b) ആത്മീയശിക്ഷണരീതികൾ (Asceticism)

ക്രിസ്തീയമതത്തിലും യഹൂദമതത്തിലും ബുദ്ധമതത്തിലും മാത്രമല്ല ഹിന്ദുമതത്തിലെ ആശ്രമപ്രസ്ഥാനങ്ങളിലും, പൈത്തഗോറിയൻ സമൂഹങ്ങളിലും (ഗ്രേക്കോ-റോമൻ) ഇപ്രകാരമുള്ള ആത്മശിക്ഷണത്തിലൂടെ ദൈവത്തെ അറിയാനുള്ള പരിശ്രമം കാണുന്നു. പാപത്തിന്റെ ഫലമായി, മനുഷ്യന് നഷ്ടപ്പെട്ടുപോയ 'സുബോധം' തിരിച്ചെടുക്കുക എന്നതാണ് പ്രധാനമായി ലക്ഷ്യമാക്കുന്നത്. പലവിധത്തിലുള്ള ജീവിത

ശിക്ഷണം വഴി ദൈവവുമായി ശരിയായ ആശയവിനിമയം സാധിക്കുമെന്നും, ആയതിനുള്ള ആത്മാർത്ഥമായ പരിശ്രമമാണ് വേണ്ടതെന്നും, ആയതിനാൽ ലോകത്തിൽ നിന്നും അതിന്റെ ആകർഷണത്തിൽ നിന്നും മാറി ദൈവത്തെ അറിയുവാൻ ശ്രമിക്കുക എന്നതാണ് ആത്മശിക്ഷണ ലക്ഷ്യം.

ക്രിസ്തീയ ജീവിതം ശരിയായി നയിക്കണമെങ്കിൽ, ഇപ്രകാരമുള്ള ആത്മശിക്ഷണം അത്യാവശ്യമാണെന്ന് സഭാപിതാക്കന്മാർ ഉപദേശിക്കുന്നുണ്ട്. യേശുക്രിസ്തുവിന്റെ രണ്ടാം വരവും ലോകാവസാനവും ഉടനെയുണ്ടാകുമെന്ന കാത്തിരിപ്പും ഈ പരിശ്രമത്തിന് ആക്കം കൂട്ടി. കർത്താവിന്റെ ''ഗിരിപ്രഭാഷണം'' അക്ഷരാർത്ഥത്തിൽ എടുത്തുകൊണ്ടുതന്നെ യഥാർത്ഥ ക്രിസ്തീയ ജീവിതത്തിനുള്ള പരിശ്രമം ആദിമ ക്രിസ്ത്യാനികളിലുണ്ടായി. ലൗകികബന്ധങ്ങളും വിവാഹജീവിതവും ഉപേക്ഷിക്കുന്ന സമീപനവും ഈ സാഹചര്യത്തിൽ മനസിലാക്കാവുന്നതാണ്. തന്നത്താൻ ത്യജിച്ച് ക്രൂശെടുത്ത് കർത്താവിനെ അനുഗമിക്കണമെന്ന യേശുവിന്റെ ആഹ്വാനം (ലൂക്കോ. 9:23) പൂർണ അർത്ഥത്തിൽ തന്നെ നടപ്പാക്കുവാനുള്ള ശ്രമം ആദിമ സഭയിലുണ്ടായിരുന്നു. ഓരോ ക്രിസ്ത്യാനിയുടെയും അടയാളമായിരുന്നു, ഈ ആത്മശിക്ഷണ ബോധം. യഥാർത്ഥ രക്തസാക്ഷിത്വത്തിലേക്കുള്ള തയ്യാറെടുപ്പായി ഈ നിഷ്ഠാജീവിതത്തെ പരിഗണിച്ച് അനുഷ്ഠിച്ചു വന്നിരുന്നു. നിത്യജീവൻ പ്രാപിക്കുന്നതിനുള്ള ഏകമാർഗമായും ഈ ജീവിതത്തെ ആദിമസഭ വിലമതിച്ചിരുന്നു.

പ്രാർത്ഥന, ഉപവാസം, ദാനധർമ്മം, സൽപ്രവൃത്തികൾ എന്നിവയാണ് മുഖ്യമായ ശിക്ഷണമുറകൾ, ആദിമസഭയിൽ, സിറിയൻ സഭയിലാണ് ഇപ്രകാരമുള്ള ശിക്ഷണക്രമങ്ങൾ കർശനമായി പാലിക്കാൻ തുടങ്ങിയത്. ആത്മാവും ശരീരവും ഒന്നായിത്തന്നെ ദൈവത്തെ സ്തുതിക്കേണ്ടതാണെന്നും, ഒന്നായിത്തന്നെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുമെന്ന പഠിപ്പിക്കൽ സിറിയൻ സഭയിലാണ് കൂടുതലായും കാണുന്നത്. യേശുക്രിസ്തുവിന്റെ വരവ് ത്വരിതപ്പെടുത്തുവാൻ നിഷ്ഠയുള്ള ക്രിസ്തീയ ജീവിതം ആവശ്യമാണെന്നും "ആത്മാവിലുള്ള ജീവിതം", പ്രാർത്ഥന, ദാരിദ്ര്യം എന്നിവയിലൂടെ ആത്മീയ ആഭ്യസനം പരിശീലിക്കേണ്ടിയിരിക്കുന്നു എന്നും, കഴിയുമെങ്കിൽ സന്യാസജീവിതം സ്വീകരിക്കണമെന്നും സുറിയാനി സഭാപിതാക്കന്മാർ പഠിപ്പിച്ചു.

ആദിമസഭയിൽ കടന്നു കൂടിയ ലൗകികതയും സുഖലോലുപതയും, ഭൗതിക സമൃദ്ധിയും സഭയുടെ പ്രാഥമിക ലക്ഷ്യത്തിൽ നിന്നും സഭയെ അകറ്റിക്കളഞ്ഞതിനാൽ, ആ അനുഭവത്തിൽ നിന്ന് വേർപെട്ട് മരുഭൂമി

യിൽ പോയി പ്രത്യേക വ്രതാനുഷ്ഠാനങ്ങളോടെ യഥാർത്ഥ ക്രിസ്തീയ ജീവിതം നയിക്കണമെന്നുള്ള ആഗ്രഹമാണ് ഇപ്രകാരമൊരു ശിക്ഷണ വിധേയമായ ജീവിത അഭ്യസനത്തിന് ക്രിസ്ത്യാനികൾ ചിലർ മുന്നിട്ടിറങ്ങിയത്. ജാഗരണം നടത്തുക, ഭക്ഷണം വെടിഞ്ഞ് ഉപവസിക്കുക, ലൈംഗികബന്ധം വേണ്ടെന്ന് വയ്ക്കുക തുടങ്ങി നിരവധി ശാരീരിക ശിക്ഷണ പരിശീലന മുറകൾക്ക് പുറമെ, മാനസിക പക്വത പ്രാപിക്കുവാനുള്ള പരിശീലനങ്ങളും നിർദ്ദേശിക്കപ്പെടുന്നുണ്ട്. ഇവാഗ്രിയസ് (Evagrius 346-399) എന്നയാൾ താഴെ പറയുന്ന 8 കാര്യങ്ങൾ ക്രിസ്ത്യാനികൾ ഒഴിവാക്കണമെന്ന് നിർദ്ദേശിക്കുന്നു: 1) ആഹാരപ്രിയം, 2) കാമം, 3) ദ്രവ്യാഗ്രഹം, 4) ദുഃഖം, 5) കോപം, 6) അലസത, 7) വ്യഥാഭിമാനം, 8) അഹങ്കാരം. ഇവയെല്ലാം ദൈവവുമായി ബന്ധപ്പെടുന്നതിനും പ്രാർത്ഥിക്കുന്നതിനും തടസ്സമായി നിൽക്കുന്നവയാകയാൽ, പരിശീലനം വഴി എത്രയുംവേഗം ഇവയിൽ നിന്നും വിട്ടൊഴിയണമെന്ന് ഇവാഗ്രിയസ് പഠിപ്പിച്ചു. മൗനമായ അന്തരീക്ഷം തെരഞ്ഞെടുക്കുക, ദാരിദ്രാവസ്ഥ സ്വീകരിക്കുക, ജഡികചിന്തയിൽ നിന്നും കാമപ്രവൃത്തികളിൽ നിന്നും ഒഴിഞ്ഞിരിക്കുക; ആത്മീയ കാര്യങ്ങളിൽ മനസ് കേന്ദ്രീകരിക്കുക എന്നിവയും പരിശീലനത്തിന്റെ ഭാഗമാണ്.

അഹങ്കാരം, വ്യർത്ഥമായ ആത്മീയത എന്നിവ ഉണ്ടാകുവാൻ ഇടയുള്ളതിനാൽ പ്രത്യേകം ശ്രദ്ധിക്കണം. ഇപ്രകാരമുള്ള ജീവിത പരിശീലനം ആഗ്രഹിക്കുന്ന ആളുകൾ പട്ടണം വിട്ട്, മരുഭൂമികളിൽ പോയി, പരിശീലനം ലഭിച്ച ഗുരുക്കന്മാരിലൂടെ ആത്മശിക്ഷണം അഭ്യസിക്കുന്നതിന് പരിശ്രമിക്കുന്നതായി കാണുന്നു. അങ്ങനെ, സന്യാസാശ്രമ പ്രസ്ഥാനം രൂപംകൊള്ളുന്നതിന് മുമ്പുതന്നെ ഇപ്രകാരമുള്ള വ്യക്തികളും ചെറിയ ചെറിയ കൂട്ടങ്ങളും പലയിടങ്ങളിലായി ആത്മീയ ശിക്ഷണം ലക്ഷ്യമാക്കി അഭ്യസനം നടത്തി വളരുന്നുണ്ടായിരുന്നു.

### c) മരുഭൂമിയിലെ ആദ്ധ്യാത്മികത

പഴയനിയമകാലത്ത് പ്രവാചകന്മാർ മരുഭൂമിയിൽ പാർത്തിരുന്നതായി കാണുന്നു. ഉദാ: ഏലിയായും യോഹന്നാൻ സ്നാപകനും. യേശുക്രിസ്തു, പരസ്യശുശ്രൂഷ ആരംഭിക്കുന്നതിന് മുമ്പായി മരുഭൂമിയിൽ 40 ദിവസം ധ്യാനത്തിൽ കഴിഞ്ഞിരുന്നതായി നാം വായിക്കുന്നു.

മരുഭൂമി, ആത്മീയജീവിതത്തിൽ ശക്തി പരീക്ഷിച്ചു നോക്കുന്നതിനും, ആവശ്യമായ ശുദ്ധീകരണത്തിനും പുതുക്കത്തിനും പ്രയോജനകരമാകുമെന്ന ധാരണ പഴയനിയമകാലം മുതൽക്കേ ഉണ്ടായിരുന്നു. യിസ്രായേൽ മക്കളുടെ മരുഭൂപ്രവാസം ഇത്തരമൊരു അനുഭവമായിരുന്നു എന്നു പറയാം. മോശ ന്യായപ്രമാണം സ്വീകരിക്കുന്നത് ഈജിപ്ത് മരുഭൂമി

യിലെ സീനായ് മലയിൽ വച്ചായിരുന്നല്ലോ. മരുഭൂമിയിലേക്ക് ഓടി പോകുന്നവർക്ക് ദൈവ ദർശനവും (ഹാഗാർ) ദൈവസംരക്ഷണവും (യിസ്രായേൽ മക്കൾ) ലഭിക്കുന്ന അനുഭവങ്ങൾ ധാരാളം ചൂണ്ടിക്കാണിക്കാനുണ്ട്. യിസ്രായേൽ മക്കളുടെ 'ഉടമ്പടി' പുതുക്കപ്പെടുന്ന അനുഭവത്തിലേക്ക്, പലപ്പോഴായി മരുഭൂവാസം, പ്രവാസകാലമായി ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. ലോകപ്രകാരമുള്ള സുഖഭോഗങ്ങൾ മനുഷ്യനെ ദൈവത്തിൽ നിന്നും അകറ്റുന്നവയാകയാൽ, മരുഭൂമിയിലെ കാഠിന്യത്തിലേക്കും ശൂന്യതയിലേക്കും ഓടിപ്പോയി, ദൈവാശ്രയത്തിന്റെ പുതിയ അനുഭവത്തിലെത്തിച്ചേരുവാൻ ക്രിസ്ത്യാനികൾ ശ്രമിക്കണമെന്നു ഓറിജൻ തുടങ്ങിയ പിതാക്കന്മാർ ഉപദേശിക്കുന്നുണ്ട്. മരുഭൂമി, പിശാചിന്റെ കോട്ടയാണെന്നും, അവിടെ ചെന്ന് പൈശാചികശക്തികളുമായി പോരാടിയാൽ മാത്രമേ യഥാർത്ഥ ആത്മീയശക്തി പ്രാപിക്കാൻ കഴിയുകയുള്ളു എന്നും പിതാക്കന്മാർ ഊന്നിപ്പറഞ്ഞു.

ദൈവിക ദർശനങ്ങളും, വെളിപ്പാടുകളും ലഭിക്കുന്നതിന് മരുഭൂമിയുടെ അനുഭവം മനുഷ്യനെ സഹായിക്കുന്നു. വിശപ്പിന്റെയും, ഏകാന്തതയുടെയും അനുഭവത്തിൽ, ദൈവത്തോട് കൂടുതൽ ആശ്രയിച്ച് അടുത്ത് ചെല്ലുവാനും, യഥാർത്ഥ ദൈവഭക്തിയിൽ വളർന്നു വരുവാനും ഇടയാകുന്നു. ചിന്തകളെ സ്പുടം ചെയ്യാനും, വിശ്വാസത്തിൽ ഉറച്ചു വരുന്നതിനും, ശരിയായ തീരുമാനങ്ങളെടുക്കുവാനും, 'ആഗ്രഹങ്ങളെ' നിയന്ത്രിക്കുവാനും, ആത്മശോധയിലൂടെ മാനസാന്തരത്തിന്റെ അനുഭവത്തിലെത്തുവാനും, സഹോദരസ്നേഹത്തിൽ വർദ്ധിച്ചു വരുവാനും, മരുഭൂമിയുടെ അനുഭവം വിശ്വാസിയെ സഹായിക്കുന്നതായി അനുഭവസ്ഥർ രേഖപ്പെടുത്തിയിട്ടുണ്ട്.

ആധുനിക സാഹചര്യത്തിൽ 'മരുഭൂമി'യിൽ പോയി ശിക്ഷണപരിശീലനം എല്ലാവർക്കും സാദ്ധ്യമല്ലെങ്കിലും, 'മരുഭൂമിയുടെ അനുഭവത്തിൽ' ജീവിക്കുന്നതിനുള്ള ആഗ്രഹവും പരിശ്രമവും ക്രിസ്തീയ ജീവിതം അർത്ഥപൂർണമായി നയിക്കുന്നതിനും, ആദ്ധ്യാത്മികതയിൽ വളർന്നു വരുന്നതിനും, സഹായിക്കും. ലോകത്തിന്റെ ഒഴുക്കിൽപെട്ട് നീങ്ങിക്കൊണ്ടിരിക്കുന്ന ആധുനിക ക്രൈസ്തവ ജീവിതത്തിന് 'മരുഭൂമിയുടെ ആദ്ധ്യാത്മികത' മാർഗദർശമായിരുന്നെങ്കിൽ എന്ന് ആശിച്ചു പോകുന്നു!!

### d) ചില സന്യാസപിതാക്കന്മാർ

#### 1) വി. അന്തോണിയോസ്: സന്യാസ പ്രസ്ഥാനത്തിന്റെ പിതാവ്

അലക്സാണ്ടറിയായിലെ മാർ അത്താനാസിയോസ്, സന്യാസ

പ്രസ്ഥാന സ്ഥാപകനായ വി. അന്തോണിയോസിന്റെ ജീവചരിത്രം എഴുതി. മനുഷ്യൻ വീണുപോയതിന് മുമ്പുള്ള അവസ്ഥയിലേക്ക് തിരിച്ചുപോകലാണ് സന്യാസമെന്നും, ശരീരത്തെ 'ബുദ്ധി' നിയന്ത്രിക്കാൻ അനുവദിക്കരുതെന്നും, സന്യാസം വഴി, പൈശാചികശക്തികളെ തോൽപിക്കുവാൻ ആവശ്യമായ ദൈവികശക്തി ലഭിക്കുമെന്നും, സഭയ്ക്കും മറ്റുള്ളവർക്കും ദൈവകൃപ ലഭിക്കുവാൻ സന്യാസജീവിതം മുഖാന്തിരമായിത്തീരുന്നു എന്നും വി. അത്താനാസിയോസ് പഠിപ്പിച്ചു. ദൈവകൃപ പ്രാപിക്കുന്നതിന്, ശുദ്ധമനഃസാക്ഷി ആവശ്യമാകയാൽ അതിനുള്ള അഭ്യസനം പ്രാപിക്കേണ്ടിയിരിക്കുന്നു. തെറ്റിപോകാത്ത 'ഇച്ഛാശക്തി' മനുഷ്യന് ലഭിക്കുന്നത്, ക്രിസ്തുവിൽ കൂടിയുള്ള ദൈവത്തിന്റെ ദാനം വഴിയാണ്.

വി. അന്തോണിയോസ് (251–356) ഈജിപ്തിലെ ഒരു കർഷകന്റെ മകനായിരുന്നു. 20–ാം വയസ്സിൽ, വി. വേദപുസ്തകത്തിലെ മത്തായി 19:21–ൽ കാണുന്നതുപോലെ 'നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നു എങ്കിൽ നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുത്ത് എന്നെ അനുഗമിക്ക' എന്ന കർത്താവിന്റെ ആഹ്വാനം സ്വീകരിച്ചുകൊണ്ട്, തനിക്കുണ്ടായിരുന്ന പിതൃസ്വത്ത് വിറ്റ്, അക്കാലത്ത് ഈജിപ്തിലെ മരുഭൂമികളിൽ ചിതറിപാർത്തിരുന്ന സന്യാസിമാരുമായും ആത്മീയ ഗുരുക്കന്മാരുമായും ബന്ധപ്പെടുകയായിരുന്നു. തുടർച്ചയായി പ്രാർത്ഥിക്കുന്ന പരിശീലനത്തിൽ പലതര പ്രലോഭനങ്ങളും തടസ്സങ്ങളും അദ്ദേഹത്തിന് നേരിടേണ്ടി വന്നു. ആത്മീയ പോരാട്ടവും ദൈവസാന്നിദ്ധ്യവും പൈശാചിക ശക്തികളുടെ ബലഹീനതയും, ദൈവകൃപയുടെ ബലവും അന്തോണിയോസിന് അനുഭവപ്പെട്ട സന്ദർഭങ്ങൾ വി. അത്താനാസ്യോസ് വിവരിക്കുന്നുണ്ട്. ഒരവസരത്തിൽ, അറിയോന്യ വേദവിപരീതികളെ തോൽപ്പിക്കുന്ന പരിശ്രമത്തിൽ അത്താനാസ്യോസിനെ സഹായിക്കാനായി അന്തോണിയോസ് അലക്സാണ്ടറിയായിൽ പോയെങ്കിലും താമസിയാതെ, തിരിച്ചുവന്ന് ചെങ്കടലിനടുത്തുള്ള ഗുഹയിൽ ആശ്രമം സ്ഥാപിച്ച് സന്യാസം തുടർന്നു. അദ്ദേഹത്തിന്റെ പേരിലുള്ള ആശ്രമം ഇന്നും അവിടെയുണ്ട്.

ഉപവാസം, രോഗശാന്തി, ദിവ്യോപദേശങ്ങൾ, സന്യാസികൾക്കുള്ള മാർഗനിർദ്ദേശങ്ങൾ എന്നിവയൊക്കെ അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അനേകരെ സന്യാസജീവിതത്തിലേക്ക് ആകർഷിക്കുവാൻ അന്തോണിയോസിന്റെ ജീവിതവും ഉപദേശങ്ങളും പ്രചോദനമായിരുന്നിട്ടുണ്ട്. "പൗരസ്ത്യ സന്യാസ പ്രസ്ഥാനത്തിന്റെ പിതാവ്" എന്ന സ്ഥാനം തന്നെ അദ്ദേഹം അലങ്കരിക്കുമാറ് അത്ര വലിയ നേതൃത്വമാണ് പ്രാരംഭകാലത്ത് അന്തോണിയോസ് നൽകിയത്. ദൈവത്തിന്റെ

രക്ഷാകര പ്രവർത്തനം ഇന്നും തുടരുന്നു എന്നും, ആത്മാക്കളെ വിവേചിച്ചറിയുന്നതിന് (Discermment) ദൈവകൃപ ആവശ്യമാണെന്നും, ആത്മീയ പോരാട്ടമുള്ളത് ജഡത്തേക്കാളുപരി, പൈശാചികസേനകളോടും ആലോചനകളോടുമാണെന്നും അന്തോണിയോസ് പഠിപ്പിച്ചു. റോമ. 8:15-18, 32, ഫിലി. 2:6-11, ഏശയ്യാ 53:5 തുടങ്ങിയ വേദഭാഗങ്ങൾ അദ്ദേഹം പതിവായി ഉപയോഗിക്കുമായിരുന്നു. അത്തോനാസ്യോസ് എഴുതിയ “അന്തോണിയോസിന്റെ ജീവചരിത്രം” സന്യാസജീവിതത്തോട് അൽപമെങ്കിലും ആഭിമുഖ്യമുള്ളവർ നിശ്ചയമായും വായിച്ചിരിക്കേണ്ടതായ ഒരു ഉത്തമ ഗ്രന്ഥമാണ്.

## 2) വി. പക്കോമിയോസ് (290-346)

സന്യാസപ്രസ്ഥാനത്തിന് ‘സമൂഹ’ത്തിന്റെ രൂപംനൽകിയത് വി. പക്കോമിയോസ് ആയിരുന്നു. സെറാപിയോൺ എന്ന സന്യാസിയുടെ കീഴിൽ പരിശീലിപ്പിക്കപ്പെടുന്നതിന് മുമ്പ് അദ്ദേഹം ഒരു പട്ടാള ഉദ്യോഗസ്ഥനായിരുന്നു. മനുഷ്യരെ രക്ഷയിലേക്ക് നയിക്കുവാൻ അവരെ കൂട്ടിവരുത്തണമെന്ന അടിസ്ഥാനത്തിലാണ് പക്കോമിയോസിന്റെ ആദ്ധ്യാത്മികത അടിസ്ഥാനമിട്ടിരിക്കുന്നത്. അപ്പോസ്തോലിക സഭയിലുണ്ടായിരുന്ന ‘ക്രിസ്തീയ ജീവിതം അനുകാലികമായി ആവിഷ്കരിക്കുക’ എന്നതായിരുന്നു പക്കോമിയോസിന്റെ സന്യാസസമൂഹത്തിന്റെ പ്രധാന ലക്ഷ്യം. പട്ടാളജീവിതത്തിൽ നിന്നും ലഭിച്ച അച്ചടക്കവും ചിട്ടയും സന്യാസ ജീവിതത്തിലും ഏർപ്പെടുത്തുവാൻ പക്കോമിയോസിന് കഴിഞ്ഞു. ദാരിദ്ര്യവും, വിശുദ്ധിയും സന്യാസിത്വത്തിന്റെ വ്രതങ്ങളായി നേരത്തെ മുതൽ ഉണ്ടായിരുന്നെങ്കിലും “അനുസരണം” എന്ന മൂന്നാമത്തെ വ്രതം പക്കോമിയോസ് ആണ് നടപ്പിലാക്കിയത്. ഓരോ സമൂഹത്തിലും നിയമിക്കപ്പെട്ട അദ്ധ്യക്ഷന്റെ നിയന്ത്രണത്തിൽ നിയമങ്ങൾക്ക് വിധേയമായി ജീവിക്കാനുള്ള ക്രമീകരണങ്ങൽ ചെയ്തത് പക്കോമിയോസ് ആണ്. ഓരോ സന്യാസിക്കും, ഓരോ പ്രത്യേക അറകൾ ഉണ്ടായിരുന്നു. പ്രാർത്ഥനയ്ക്കും പഠനത്തിനും, ജോലിക്കുമായി പ്രത്യേക സമയം ക്രമീകരിച്ചു. സ്വയം നെയ്തെടുത്ത് ഉണ്ടാക്കിയ കുട്ടകളും പായ്കളും മറ്റും വിറ്റ് കിട്ടുന്ന പണം ഉപജീവനത്തിന് പ്രയോജനപ്പെടുത്തി. വസ്ത്രധാരണം, ഭക്ഷണം, ഉപവാസം, സംഭാഷണം എന്നിവയെപ്പറ്റിയെല്ലാം വ്യക്തമായ നിയമങ്ങൾ ഉണ്ടായിരുന്നു. യഥാർത്ഥ സന്യാസത്തിലേക്ക് ചേർക്കപ്പെടുന്നതിന് മുമ്പ്, പല വർഷങ്ങൾ പരിശീലനത്തിൽ കഴിയേണ്ടി വന്നിരുന്നു.

ആത്മനിന്ദ, സ്വയപീഡനം, സ്വയപരിത്യാഗം തുടങ്ങിയ ആത്മീയ പരിശീലനമുറകൾ വളരെ കാഠിന്യമുള്ളവിധത്തിലാണ് സന്യാസികൾ പരി

ശീലിച്ചിരുന്നത്. പക്ഷെ, സ്വയപരിത്യാഗത്തിൽ മത്സരബുദ്ധി വന്നപ്പോൾ സന്യാസികൾക്കിടയിൽ ദൈവസംസർഗ്ഗം കുറഞ്ഞു വന്നു. ക്രിസ്തീയ സ്നേഹം പങ്കുവയ്ക്കുന്ന സമീപനം പലപ്പോഴും നഷ്ടപ്പെടുവാനിടയായി.

### 3) ബസേലിയോസ് (330–379)

കൈസര്യയിലെ ബിഷപ്പായിരുന്നു. സന്യാസപ്രസ്ഥാനത്തിൽ അക്കാലത്ത് നിലവിലിരുന്ന നിയമങ്ങളുടെയും ആചരണങ്ങളുടേയും പോരായ്മകളെ മനസ്സിലാക്കി, പുതിയ നിയമങ്ങൾക്ക് രൂപംകൊടുത്തു. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ അന്തരീക്ഷത്തിലും നിയന്ത്രണത്തിലും സന്യാസപ്രസ്ഥാനത്തെ കൊണ്ടുവന്നു. അങ്ങനെ സഭയുടെ ആരാധനാജീവിതത്തിന്റെ സജീവ ഭാഗമായി സന്യാസജീവിതം പരിഗണിക്കപ്പെട്ടു തുടങ്ങി.

വളരെയേറെ കഴിവുള്ള വ്യക്തിയായിരുന്നു വി. ബസ്സേലിയോസ്. ചെറുപ്പം മുതലേ സന്യാസജീവിതം ആഗ്രഹിച്ചെങ്കിലും, പക്കോമിയോസിന്റെ ആശ്രമം സന്ദർശിച്ചശേഷമാണ് സന്യാസിയാകാൻ തീരുമാനിച്ചത്. പലസ്തീൻ, സിറിയ, മെസോപൊട്ടേമിയ എന്നിവിടങ്ങളിലെ ആശ്രമങ്ങളിലും അദ്ദേഹം താമസിച്ച് പരിശീലനം നേടിയിട്ടുണ്ട്. വ്യക്തിപരമായ അദ്ദേഹത്തിന്റെ വിശുദ്ധി അദ്ദേഹത്തിലേക്ക് പലരേയും ആകർഷിച്ചു. കൈസര്യയിലെ ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ടതിനാൽ, ആശ്രമജീവിതം അദ്ദേഹത്തിന് തുടരാൻ കഴിയാതെ വന്നു. സഭാഭരണത്തിലും വിശ്വാസസംരക്ഷണത്തിലും വ്യാപൃതനായിരുന്നപ്പോഴും സന്യാസജീവിതത്തോടുള്ള താൽപര്യം അദ്ദേഹത്തിന് നഷ്ടപ്പെട്ടില്ല. ചോദ്യോത്തര രൂപത്തിൽ അദ്ദേഹം ഉണ്ടാക്കിയ സന്യാസ ജീവിതത്തിലെ നിയമാവലി, സമർപ്പിതമായ എല്ലാ ക്രിസ്തീയ സമൂഹജീവിതത്തിനും യോജിച്ചതാണ്. പട്ടണങ്ങളോട് ചേർന്ന് ആശ്രമങ്ങൾ സ്ഥാപിക്കുകയും, സന്യാസത്തിന്റെ ആത്മീയത, ജനങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുവാൻ ബസ്സേലിയോസ് പ്രത്യേകം ശ്രദ്ധിച്ചു. പ്രാർത്ഥന, പഠനം, ജോലി, സേവനം എന്നിവ വഴി ദൈവത്തെ സേവിക്കുകയാണ് സന്യാസ ജീവിതത്തിന്റെ ലക്ഷ്യമെന്ന് അദ്ദേഹം പഠിപ്പിച്ചു. കൃഷി ചെയ്ത് ജീവിക്കുവാൻ ആശ്രമാംഗങ്ങളെ അദ്ദേഹം നിർബ്ബന്ധിച്ച് പരിശീലിപ്പിച്ചു. ജീവകാരുണ്യപ്രവർത്തനത്തിന് പ്രത്യേക ഊന്നൽ നൽകി. ആശ്രമത്തോട് ചേർന്ന് സ്കൂളുകൾ സ്ഥാപിച്ച് അദ്ധ്യാപകവൃത്തി ചെയ്യുന്നതിന് സന്യാസികളെ അനുവദിച്ചു. സ്വയസ്നേഹം, സ്വയം പീഡനം എന്നീ രണ്ടു ദോഷങ്ങളിൽ നിന്നും അകന്നു ജീവിക്കാൻ അദ്ദേഹം ഉത്ബോധിപ്പിച്ചു.

## e) പാശ്ചാത്യ സന്യാസപ്രസ്ഥാനവും ആദ്ധ്യാത്മികതയും

റോമൻ കത്തോലിക്കാസഭയിലേയും, അതിൽ നിന്നും 15-ാം നൂറ്റാണ്ടിൽ വേറിട്ട പ്രൊട്ടസ്റ്റണ്ട് സഭകളിലേയും ആദ്ധ്യാത്മികത ശരിയായി മനസ്സിലാക്കണമെങ്കിൽ 5-ാം നൂറ്റാണ്ടു മുതലെങ്കിലും പാശ്ചാത്യരാജ്യങ്ങളിൽ വളർന്നുവന്ന സന്യാസപ്രസ്ഥാനത്തിന്റെ വളർച്ചയും സ്വാധീനവും മനസ്സിലാക്കേണ്ടിയിരിക്കുന്നു. വളരെ വിശാലമായ ഒരു ചരിത്ര പശ്ചാത്തലമാണെങ്കിലും വളരെ ചുരുക്കമായി, പ്രധാനപ്പെട്ട ചില വശങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം. പൗരസ്ത്യ സഭകളിൽ 4-ാം നൂറ്റാണ്ടിലും അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തിലും നിലവിലിരുന്ന സന്യാസാശ്രമ പ്രസ്ഥാനത്തിന്റെ പ്രത്യേകതകൾ നേരത്തെ കണ്ടുവല്ലോ. ഓറിജൻ തുടങ്ങിയ പൗരസ്ത്യ താപസപിതാക്കന്മാരായിരുന്നു പൗരസ്ത്യ ആദ്ധ്യാത്മികതയുടെ അടിസ്ഥാനമിട്ടത്.

അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ, ജോൺ കാസിയൻ (John Cassian) ഓറിജിന്റെ ആശയങ്ങളുമായി പാശ്ചാത്യദേശത്ത് എത്തുമ്പോൾ, അവിടെയും ഒരുവിധം വളർച്ചയെത്തിയ ആദ്ധ്യാത്മികത ഉണ്ടായിരുന്നു. വി. അഗസ്തീനോസ് മാനസ്സാന്തരപ്പെട്ടതോടെ (c. 386) പാശ്ചാത്യ ആദ്ധ്യാത്മികതയ്ക്ക് പുതിയ ഒരു ഉണർവ്വ് ലഭിച്ചു. വി. ജെറോ (340-420), വി. അംബ്രോസ് (340-397) എന്നിവരുടെ പ്രവർത്തനങ്ങളും പ്രസംഗങ്ങളും പാശ്ചാത്യരാജ്യങ്ങളിൽ നല്ല ഒരു ആദ്ധ്യാത്മികതയ്ക്ക് വിത്തു പാകിയിരുന്നു. അതിനും മുമ്പ്, വി. മാർട്ടിൻ (of Tours 317-) പട്ടാള സേവനത്തിനു ശേഷം, ഹിലാരിയുടെ ശിഷ്യനായിത്തീരുകയും, ആശ്രമ ജീവിതത്തിലേക്ക് നയിക്കപ്പെടുകയും, 360-ൽ ഗോളിൽ ഒരു ആശ്രമം സ്ഥാപിക്കുകയും ചെയ്തു. വി. ഹൊണോറേട്ടസ് (d. 429) സ്വന്തം സ്വത്ത് മുഴുവൻ ഉപേക്ഷിച്ച് ആശ്രമജീവിതം തെരഞ്ഞെടുത്ത സമയത്താണ് ഈജിപ്തിലെ ആദ്ധ്യാത്മികതയുമായി വി. ജോൺ കാസ്സിയൻ എത്തുന്നത്. ഇരുവരുടെയും പരിശ്രമഫലമായി പാശ്ചാത്യ ആദ്ധ്യാത്മികത വളരെ ശക്തി പ്രാപിച്ചു എന്ന് മാത്രമല്ല, ഇറ്റലിക്കു പുറത്ത് ബ്രിട്ടൺ, വെയിത്സ്, ഐർലണ്ട് എന്നിവിടങ്ങളിലേക്കെല്ലാം വ്യാപിക്കുകയും ചെയ്തു. വി. മാർട്ടിന്റെ ശിഷ്യൻ ജർമാനോസ് (429-), അദ്ദേഹത്തിന്റെ കൂടെ പാട്രിക് (Patrick) എന്നിവരും പേരെടുത്തു പറയേണ്ട ആത്മിക നേതൃത്വം നൽകിയവരാണ്.

ഇവരുടെ കാലഘട്ടങ്ങളിൽ പതിവുപോലുള്ള പ്രാർത്ഥന, വേദവായന, കുമ്പിടീൽ എന്നിവയ്ക്കു പുറമെ പഠനവും ആദ്ധ്യാത്മികതയുടെ ഭാഗമായി പരിഗണിക്കപ്പെട്ടിരുന്നു. എ.ഡി. 550-650 വരെ പാശ്ചാത്യ ആദ്ധ്യാത്മികതയുടെ സുവർണ കാലഘട്ടമായിരുന്നു എന്ന് പറയാം.

ഐർലണ്ട്, സ്കോട്ട്ലണ്ട്, വെയിത്സ് തുടങ്ങിയ പ്രദേശങ്ങളിൽ പ്രധാനമായി കേന്ദ്രീകരിച്ചിരുന്ന കെൽട്ടിക് (Celtic) ആദ്ധ്യാത്മികതയുടെ വക്താക്കളായിരുന്നു ബ്രണ്ടൺ (Brendan of Clonfert, d. 577), കൊളമ്പ (Columba, c. 521-), കൊളമ്പൻ (Columban, 543-) എന്നിവർ. സന്യാസ പ്രസ്ഥാനത്തിൽ ധാർമ്മികവും മതപരവുമായ മൂല്യങ്ങൾ ഉൾക്കൊള്ളിക്കുവാൻ പരിശ്രമിച്ചു. ആറാം നൂറ്റാണ്ടോടുകൂടി പാശ്ചാത്യ ആദ്ധ്യാത്മികതയിൽ ഇറ്റാലിയൻ പിതാവായ ബനഡിക്ട് (c. 480-547) ഏർപ്പെടുത്തിയ നിയമങ്ങളും രീതികളും വളരെ വ്യാപകമായി സ്വീകാര്യമായിത്തീർന്നു.

ബനിഡിക്ടിനുശേഷം നേതൃത്വം നൽകിയ പോപ്പ് ഗ്രിഗറി I (C 590) മിഷനറി പ്രവർത്തനത്തിന് കൂടുതൽ പ്രാധാന്യം നൽകി. അതിനുശേഷം ബോണിഫസ് (Boniface, 675-753) ജർമ്മനിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചെങ്കിലും റോമുമായി ബന്ധം പുലർത്തിവന്നു. ഈ കാലഘട്ടത്തിൽ ആശ്രമം വിട്ട് മിഷണറിയാത്ര നടത്തുന്ന പ്രവണതയാണ് പാശ്ചാത്യ സന്യാസ പ്രസ്ഥാനത്തിൽ കണ്ടുവരുന്നത്. ബനഡിക്റ്റ് (Benedict of Aniane, 751-821) ബെനഡിക്റ്റൻ ആദ്ധ്യാത്മികതയുടെ ഉണർവ്വിന് ഇടയാക്കി എന്ന് പറയാം. കാലക്രമേണ ആശ്രമങ്ങൾ വളരെയേറെ സമ്പത്തും സ്വത്തും ഉള്ള വലിയ പ്രസ്ഥാനങ്ങളായിത്തീർന്നു. അവയുടെ നടത്തിപ്പിനായി ലൗകികരീതികളും മാർഗങ്ങളും സ്വീകരിക്കാനിടയായി. പുറത്തു നിന്നുള്ള ആളുകളുടെ സഹായം കൂടുതൽ ആശ്രമനടത്തിപ്പിന് ആവശ്യമായി വന്നു. ആശ്രമാംഗങ്ങളുടെ വ്യക്തിപരമായ "സ്വഭാവം" ലൗകികതയിലേക്കും, ചിലപ്പോഴൊക്കെ അധാർമ്മികതയിലേക്കും വഴുതിവീഴാൻ തുടങ്ങി. എ.ഡി. 900-1050 വരെയുള്ള കാലഘട്ടം പാശ്ചാത്യ ആശ്രമ പ്രസ്ഥാനങ്ങളുടെ അധഃപതനാവസ്ഥയായിട്ടാണ് ചരിത്രത്തിൽ രേഖപ്പെടുത്താനിടയായത്.

എ.ഡി. 909-ൽ 'ക്ലുനി' എന്ന സ്ഥലത്ത് പുതിയ ഒരു ആശ്രമം തുടങ്ങി. ബെനിഡിക്റ്റൻ നിയമങ്ങളാണ് ആശ്രമാംഗങ്ങൾ പിന്തുടർന്നത്. ഈ പുതിയ 'ക്ലുനി' പ്രസ്ഥാനം സന്യാസപ്രസ്ഥാനത്തിലെ കളങ്കം മാറ്റി കളയുവാൻ തക്ക ആത്മീയശക്തിയായി വളർന്നു. ഏകദേശം രണ്ടു നൂറ്റാണ്ടു കാലം ഇവരുടെ സ്വാധീനം മൂലം പാശ്ചാത്യ സന്യാസ പ്രസ്ഥാനം നഷ്ടപ്പെട്ട ആദ്ധ്യാത്മികത കുറെയൊക്കെ വീണ്ടെടുത്തു എന്ന് പറയാം. 'ക്ലുനി' പ്രസ്ഥാനം, ആശ്രമങ്ങളുടെ നിയന്ത്രണം കർശനമാക്കുകയും നിയമാവലികളുണ്ടാക്കി റോമിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലാക്കുകയും ചെയ്തു. തദ്ദേശീയ നേതൃത്വവും, പുറത്തുനിന്നുള്ള എല്ലാ ബന്ധങ്ങളും നിയന്ത്രണങ്ങളും തടഞ്ഞു. ഓരോ ആശ്രമാംഗവും, ആശ്രമ പിതാവിന്റെ പൂർണ നിയന്ത്രണത്തിന് വിധേയമായി

"പ്രതിജ്ഞ"യെടുക്കേണ്ടി വന്നു. 11-ാം നൂറ്റാണ്ടിൽ, യൂറോപ്പിന്റെ മുഴുവനും ആത്മീയ നിയന്ത്രണം "ക്ലുനി" പ്രസ്ഥാനത്തിൽ നിക്ഷിപ്തമായി എന്ന് പറയാം. അതുവഴി റോമൻ സഭയും "പേപ്പസി"യും കൂടുതൽ അധികാരവും ശക്തിയും പ്രാപിച്ചു. പല അധികാരികളും പാപ്പാമാരും 'ക്ലുനി' സമൂഹത്തിൽ നിന്നും വന്നവരാണ്. 12-ാം നൂറ്റാണ്ടിൽ കാർഷികവിപ്ലവം, വ്യവസായമുന്നേറ്റം, പട്ടണങ്ങളുടെ വിപുലീകരണം, പുതിയ ആദ്ധ്യാത്മിക പ്രവണതകളുടെ വളർച്ച എന്നിവ മൂലം 'ക്ലുനി' പ്രസ്ഥാനത്തിന് തളർച്ച സംഭവിക്കാൻ തുടങ്ങി. പിൽക്കാലത്ത് കാർത്തൂസിയൻസ്, സിസ്റ്റേഴ്സിയൻസ്, ഫ്രയാർസ് തുടങ്ങിയ പുതിയ പ്രസ്ഥാനങ്ങൾ പാശ്ചാത്യസഭയിൽ രൂപംകൊണ്ടു.

### f) സന്യാസാദ്ധ്യാത്മികതയുടെ ആദർശനങ്ങളും ദർശനങ്ങളും

താഴെ പറയുന്ന ദർശനങ്ങൾ സന്യാസ ആദ്ധ്യാത്മികതയുടെ ആദർശനങ്ങളായി പൊതുവെ സ്വീകരിച്ചു കാണുന്നു. 1) വി. വേദപുസ്തകത്തിൽ കാണുന്ന അപ്പോസ്തോലിക സഭയുടെ ജീവിതം ആത്മാർത്ഥമായി നയിക്കുക. 2) ലൗകികതയിലേക്ക് വീഴാതിരിപ്പാൻ ആശ്രമസന്യാസജീവിതതത്വങ്ങൾ സ്വീകരിക്കുക. 3) വ്യക്തിപരമായി യേശുക്രിസ്തുവിനെ ജീവിതത്തിൽ അനുകരിക്കുക. 4) അതിന് സഹായകമായ പക്വത പ്രാപിക്കുന്നതുവരെ പ്രത്യേക ജീവിതനിഷ്ഠയും ശിക്ഷണരീതികളും ശീലിക്കുക. 5) ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം തുടങ്ങിയ വ്രതങ്ങൾ പാലിക്കുക. 6) ദൈവരാജ്യത്തിന്റെ അനുഭവത്തിൽ ഈ ലോകത്തിൽ തന്നെ ജീവിക്കുവാൻ പരിശീലിക്കുക. 7) ദൈവത്തോട് ചേരുവാനുള്ള ആഗ്രഹത്തെ തടസ്സപ്പെടുത്തുന്ന എല്ലാ ചിന്തകളിൽ നിന്നും വിടുതൽ പ്രാപിക്കാനുള്ള 'ധ്യാനജീവിതം' ശീലിക്കുക. 8) ദൈവിക നിയന്ത്രണവും കാവലും ലഭിക്കുവാൻ ദൈവത്തിനായി പൂർണമായി സമർപ്പിക്കുക. 9) സ്വാർത്ഥതയെ അകറ്റുവാൻ 'സ്വയത്തെ ക്രൂശിക്കുക' (Denial of the self). 10) ആന്തരികവും ബാഹ്യവുമായതും ശാരീരികവും മാനസ്സികവുമായതും ലൗകികവും ആത്മീയവുമായതുമായ എല്ലാ മേഖലകളിലും നേരിടേണ്ടി വരുന്ന പോരാട്ടങ്ങളിൽ ജയിക്കുവാൻ ദൈവത്തിന്റെ "സർവ്വായുധങ്ങൾ" ധരിച്ചുകൊണ്ട് ജീവിക്കുക. 11) തെറ്റിപ്പോകാതിരിപ്പാൻ ആത്മാവിനെ തിരിച്ചറിയാനുള്ള (Discernment of the Spirit) കഴിവ് ലഭിക്കേണ്ടതിന്, മനസ്സ് സദാ 'ദൈവിക മേഖല'യിൽ നിലനിർത്തുക. 12) സത്യവിശ്വാസം പഠിക്കുക, പഠിപ്പിക്കുക, ആചരിക്കുക എന്നിവ ജീവിതചര്യയായി സ്വീകരിക്കുക. 13) വ്യക്തിഗതമായും, പൊതുവായുമുള്ള ആരാധനാജീവിതത്തിൽ പുഷ്ടി പ്രാപിക്കുക. 14) സഭയുടെ സംരക്ഷണത്തിലും ബന്ധത്തിലും, കൂദാശാനുഷ്ഠാനങ്ങളിലും സജീവ പങ്കാളിത്തം നിലനിർത്തുക. 15) ദൈവസ്നേഹം, സഹോദരസ്നേഹം എന്നിവ

ഒരുപോലെ നിലനിർത്തുക. 16) ആത്മശോധന, അനുതാപം എന്നിവ വഴി ആത്മശുദ്ധീകരണം നടത്തി, ദൈവിക വിശുദ്ധിയിൽ നിലനിൽക്കുക. സകല അശുദ്ധിയിൽ നിന്നും ഒഴിഞ്ഞിരിക്കുക. 17) ധ്യാനം, ഉപവാസം, പ്രാർത്ഥന, ദാധർമ്മം, തീർത്ഥാടനം, സേവനം തുടങ്ങിയ പരിശീലനങ്ങൾ വഴി ആത്മീയ വളർച്ച പ്രാപിച്ചുകൊണ്ടിരിക്കുക. 18) ദൈവരാജ്യത്തിന്റെ പൂർണ്ണതയ്ക്കായി കാത്തിരിക്കുകയും അതിനായി "സ്വയം മറന്ന്" എപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുക.

# യൂണിറ്റ് 2

# ക്രൈസ്തവ ആദ്ധ്യാത്മികത വിവിധ കാഴ്ചപ്പാടുകൾ

## പാഠം 1

## ആദ്ധ്യാത്മികതയുടെ ദേശീയ സവിശേഷതകൾ

അടിസ്ഥാനപരമായി പല പൊതുസ്വഭാവങ്ങളും ആത്മീയ ജീവിതത്തിൽ പാലിക്കപ്പെടുന്നുണ്ടെങ്കിലും, ദേശീയമായ പല പ്രത്യേകതകളും അതതു ദേശത്തിന്റെ സാംസ്കാരിക സാമൂഹ്യ പശ്ചാത്തലത്തിൽ കാലാകാലങ്ങളായി രൂപംപ്രാപിച്ചു വന്നിട്ടുണ്ട്. ആയതിനാൽ, ആത്മീയജീവിതത്തിന്റെ വിവിധ വശങ്ങൾ പഠിക്കുന്നതിന്, വിവിധ രാജ്യങ്ങളിലെ ആദ്ധ്യാത്മിക പാരമ്പര്യങ്ങൾ കൂടി ചുരുക്കമായി പരിശോധിക്കാം.

### 1) ആഫ്രിക്കൻ ആദ്ധ്യാത്മികത

ഓർത്തഡോക്സ് ആദ്ധ്യാത്മികത (എത്യോപ്യൻ & കോപ്റ്റിക്) ആഫ്രിക്കയുടെ ആദ്ധ്യാത്മികതയെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. പൗരാണിക പാരമ്പര്യം ശക്തിയായി നിലനിർത്തുന്ന ഓർത്തഡോക്സ് സഭകൾ വ്യക്തമായ ആദ്ധ്യാത്മികത വളർത്തിയെടുത്തിട്ടുമുണ്ട്. എന്നാൽ ആധുനിക ക്രൈസ്തവ സഭാപാരമ്പര്യങ്ങളിലെ ആദ്ധ്യാത്മികതയുടെ വ്യക്തമായ ചിത്രം വരച്ചു കാണിക്കാൻ പ്രയാസമാണ്. എഴുതപ്പെട്ട രേഖകൾ വളരെ കുറവാണെന്ന് മാത്രമല്ല, അവയിൽ ഭൂരിഭാഗവും ആഫ്രിക്കയുടെ പുറത്തു നിന്നുള്ളവർ എഴുതിയവയാണ്. അതുപോലെതന്നെ, അവിടുത്തെ മിക്ക സഭകളും വിദേശീയ നിയന്ത്രണത്തിൽ നിലനിൽക്കുന്നവയാണ്. ആരാധനഗ്രന്ഥങ്ങളും രീതികളും വിദേശരീതികളിലാണധികവും. ആഫ്രിക്കയിലെ തന്നെ മതവിശ്വാസങ്ങളും, ആചാരാനുഷ്ഠാനങ്ങളും വളരെ വിവിധങ്ങളാകയാൽ ക്രൈസ്തവ ആദ്ധ്യാത്മികതയും വിവിധ നിലകളിലാണ് സ്വാധീനിക്കപ്പെട്ടിരിക്കുന്നത്. റോമൻ കത്തോലിക്കാ, പ്രോട്ടസ്റ്റണ്ട്, ഓർത്തഡോക്സ് തുടങ്ങിയ സഭകളെല്ലാം അവരവരുടേതായ ആചാരാനുഷ്ഠാനങ്ങൾ പാലിക്കുവാൻ ആഫ്രിക്കൻ ജനതയെ പരിശീലിപ്പിച്ചതിനാൽ, പല ആദ്ധ്യാത്മിക പാരമ്പര്യങ്ങൾ ആഫ്രിക്കയിൽ നിലവിലുണ്ട്.

ആദ്ധ്യാത്മികത പഠിപ്പിച്ചെടുക്കേണ്ടതായി വന്നതിനാൽ മിഷനറി പരിശീലനരംഗത്ത് ബുദ്ധിപരമായ ഒരു സമീപനം പൊതുവെ ഊന്നൽ

കൊടുത്തു കാണുന്നുണ്ട്. വേദശാസ്ത്രഗ്രന്ഥങ്ങളും വിശ്വാസപ്രമാണങ്ങളും പഠിക്കുക എന്നത് പ്രധാന ഭാഗമായിത്തീർന്നു. സംഭാഷണം എന്നതിനേക്കാൾ പ്രസംഗങ്ങൾ, പഠിപ്പിക്കൽ എന്നതിന് പ്രാധാന്യമേറി. സാധാരണക്കാർക്ക് നൃത്തം, സംഗീതം എന്നിവ വഴിയും സാധാരണ സംഭാഷണങ്ങൾ വഴിയുമാണ് ആദ്ധ്യാത്മികത പകർന്നു കൊടുക്കുന്നത്. വൈകാരികമായ ആകർഷകത്വം കൂടുതൽ ഫലപ്രദമായതിനാൽ വിവിധ നവീന സമീപനങ്ങൾ പലരും പരീക്ഷിച്ചു നോക്കി. വ്യക്തിപരമായ മാനസ്സാന്തരത്തിനും, സമർപ്പണത്തിനും, പ്രാധാന്യം നൽകി. ഭൂമിയിൽ വസിച്ചുകൊണ്ടുതന്നെ സ്വർഗീയ സന്തോഷം അനുഭവിക്കുക എന്നതായിരുന്നു സാധാരണക്കാരുടെ പ്രതീക്ഷ. ലൗകിക സുഖവും സൗകര്യങ്ങളും ദൈവാനുഗ്രഹത്തിന്റെ ഭാഗമായി കരുതപ്പെട്ടു. ആചാരാനുഷ്ഠാനങ്ങളേക്കാൾ വൈകാരിക സംതൃപ്തി നൽകുന്ന സമീപനങ്ങൾ കൂടുതൽ സ്വീകാര്യങ്ങളായതിനാൽ റോമൻ കത്തോലിക്കാ, ഓർത്തഡോക്സ് വിഭാഗങ്ങൾക്ക് കാര്യമായ സ്വീകരണം ലഭിക്കാതെ പോയി.

സന്തോഷത്തിനും സംഗീതത്തിനും വലിയ സ്ഥാനമാണുള്ളത്. നിരവധി ആത്മീയഗാനങ്ങളും നൃത്തങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. അവയിൽ മതിമറന്ന് ലയിച്ച് ആഹ്ലാദിക്കുന്നത് ആത്മീയാനുഭവമായി വിവക്ഷിക്കപ്പെടുന്നു. നീഗ്രോ ആദ്ധ്യാത്മികത സംഗീതാത്മകമാണ്.

### 2) ഏഷ്യൻ ആദ്ധ്യാത്മികത

സംസ്കാരവും ആദ്ധ്യാത്മികതയും പരസ്പരപൂരകങ്ങളായിത്തീരുന്ന ചിത്രമാണ് ഏഷ്യയിൽ പൊതുവെ കാണുന്നത്. ഓരോ പ്രദേശത്തിന്റെയും സംസ്കാരവും ഭാഷയും ആ പ്രദേശത്തിന്റെ ആദ്ധ്യാത്മികതയെ ബാധിക്കുന്നതിന്റെ പല ഉദാഹരണങ്ങൾ ഏഷ്യയിലെ പല രാജ്യങ്ങളിലും കാണാവുന്നതാണ്. വിവിധങ്ങളായ ഭാഷകളും ആദ്ധ്യാത്മിക പാരമ്പര്യങ്ങളും, സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക വ്യവസ്ഥിതികളും നിലനിൽക്കുന്ന വിശാലമായ ഏഷ്യാ ഭൂഖണ്ഡത്തിൽ ആദ്ധ്യാത്മിക പാരമ്പര്യങ്ങളുടെ വൈവിധ്യങ്ങളും, പരസ്പര യോജിപ്പും കൂടുതലായി അനുഭവപ്പെടുന്നു. ഉദാഹരണത്തിന് ബുദ്ധമതം, ഇസ്ലാംമതം, ക്രിസ്തുമതം എന്നിവയ്ക്ക് പ്രത്യേകമായ ആദ്ധ്യാത്മിക പാരമ്പര്യം ഉണ്ടെങ്കിലും, അവ തമ്മിൽ പരസ്പര ഐക്യവും സാമ്യവും സാമീപ്യവും നിലനിർത്തുന്നുമുണ്ട്. ഇവയെല്ലാം പൊതു പാരമ്പര്യങ്ങൾ നിലനിർത്തുന്നതോടൊപ്പം ദേശീയ ധാരകളിലൂടെ കടന്നുപോകുന്നതിന്റെ പ്രത്യേകതകളും പാലിച്ചു വരുന്നുണ്ട്. ഏഷ്യയിലെ പ്രധാന രാജ്യങ്ങളായ ഇന്ത്യയും ചൈനയും അവരവരുടെ കാഴ്ചപ്പാടിൽ വ്യക്തമായ വ്യത്യാസം പ്രകടിപ്പിക്കുന്നു. ഇന്ത്യക്കാർ വസ്തുക്കളുടെ യാഥാർത്ഥ്യത്തെ നിഷേധിക്കുകയും ദാർശ

നികത മാനിക്കുകയും വ്യക്തിപരമായതിനേക്കാൾ സാർവ്വത്രികമായ തിനെ അംഗീകരിക്കുകയും ചെയ്യുന്നെങ്കിൽ, ചൈനക്കാർ നേരെ മറിച്ച് വ്യക്തമായതും, വ്യക്തിപരമായതും പ്രായോഗികവുമായ സമീപനമാണ് സ്വീകരിക്കുന്നത്. ഭൗതികമായതിനെ ആത്മീയലോകത്തു നിന്ന് ഇന്ത്യ അകറ്റാൻ ശ്രമിക്കുമ്പോൾ, ഭൗതികതയിലാണ് ആത്മീയത ദർശിക്കേണ്ടത് എന്ന് ചൈനക്കാർ വിശ്വസിക്കുന്നു. തൽഫലമായി രണ്ട് വ്യത്യസ്ത ആത്മീയ സമീപനങ്ങളുണ്ടായി.

താഴെ പറയുന്ന ചരിത്ര സംഭവങ്ങളിൽ കൂടി ഏഷ്യൻ ആദ്ധ്യാത്മികത പാശ്ചാത്യ ആദ്ധ്യാത്മികതയുമായി ആഭിമുഖ്യം പുലർത്തുവാനിടയായിട്ടുണ്ട്.

**1) ആധുനികവൽക്കരണം:** ശാസ്ത്രീയ സാമ്പത്തിക മുന്നേറ്റം ഏഷ്യൻ ആദ്ധ്യാത്മികതയെ കാര്യമായി സ്വാധീനിച്ചു. ചന്ദ്രനെ കീഴടക്കിയതോടെ, പ്രപഞ്ചത്തിന്റെ 'ദൈവിക' സ്വഭാവത്തിന് ആക്കം കുറയുകയും, മനുഷ്യന്റെ കഴിവുകളിൽ കൂടുതൽ ശ്രദ്ധിക്കുകയും ചെയ്യുന്ന ആദ്ധ്യാത്മിക സമീപനം ഉണ്ടായി. 2) ക്രിസ്തീയ സഭയുടെയും ഇസ്ലാം മതത്തിന്റെയും വളർച്ച ഏഷ്യൻ ആദ്ധ്യാത്മികത പുനർവിചിന്തനം ചെയ്യപ്പെടാനും പുതിയ സമീപനങ്ങൾ സ്വീകരിക്കാനും ഏഷ്യൻ മനസ്സിനെ സ്വാധീനിച്ചു. 3) പ്രകൃതിവിഭവങ്ങളുമായി ബന്ധപ്പെടുന്ന പ്രവർത്തനങ്ങൾ വർദ്ധിച്ചു വന്നതിനാൽ, അതനുസരിച്ചുള്ള ആദ്ധ്യാത്മികതയും ഏഷ്യയിൽ രൂപംപ്രാപിച്ചു വന്നു തുടങ്ങി. പ്രകൃതിയെ നശിപ്പിക്കുന്നതിനു പകരം, പ്രകൃതിയെ സംരക്ഷിക്കണമെന്നുള്ള പുതിയ ഒരു ഊന്നൽ ഏഷ്യൻ ആദ്ധ്യാത്മികതയിൽ ഉണ്ടായി വന്നു. 4) യുദ്ധഭീഷണിയും അണുനാശ സാദ്ധ്യതയും ഏഷ്യൻ ആദ്ധ്യാത്മികതയെ കാര്യമായി സ്വാധീനിച്ചു.

ചുരുക്കത്തിൽ പ്രാപഞ്ചിക ആദ്ധ്യാത്മികതയും (Asian) യുഗാന്ത്യ ആദ്ധ്യാത്മികതയും (Western) ഒന്നിച്ചുചേർന്ന് പരസ്പര പൂരകമായി പ്രവർത്തിക്കണമെന്ന ഒരു സമീപനത്തിന് മേൽപറഞ്ഞ ഘടകങ്ങൾ വഴി തെളിച്ചു. അതുകൊണ്ടുതന്നെ ക്രൈസ്തവസമീപനത്തെ ഉൾക്കൊള്ളാൻ ആധുനിക ഏഷ്യൻ ആദ്ധ്യാത്മികത വഴി തെളിച്ചു എന്നു പറയാം. മതസഹിഷ്ണതയേക്കാൾ മതസൗഹാർദ്ദത്തിന് പ്രാധാന്യം കൊടുക്കുന്ന ഒരു പുതിയ സമീപനമാണ് ഏഷ്യൻ രാജ്യങ്ങളിൽ പൊതുവെ കണ്ടുവരുന്നത്.

### 3) അമേരിക്കൻ ആദ്ധ്യാത്മികത

വിവിധങ്ങളായ അമേരിക്കൻ ആദ്ധ്യാത്മികത യൂറോപ്പിൽ നിന്നും

വന്നെത്തിയ ആദ്ധ്യാത്മികതയുമായി കൂടി ചേർന്ന ഒരു സംയുക്ത അന്തരീക്ഷമാണ് നിലനിർത്തുന്നത്. പൊതുവെ ക്രിസ്തീയ ആദ്ധ്യാത്മികത തഴച്ചു വളരാൻ തക്ക അന്തരീക്ഷമാണ് അമേരിക്കയിലുള്ളത്. അതുകൊണ്ട് മിക്കവാറും എല്ലാ ക്രൈസ്തവ സഭകളും അവയുടെ ആദ്ധ്യാത്മികത വളർത്തുവാനും നിലനിർത്തുവാനും ശ്രമിച്ചു. പ്രോട്ടസ്റ്റണ്ട്, കാത്തലിക്, ഓർത്തഡോക്സ് എന്നീ പ്രധാന സഭാവിഭാഗങ്ങൾക്കു പുറമെ നിരവധി ചെറിയ സെക്ടേറിയൻ വിഭാഗങ്ങളും അവരവരുടേതായ ആദ്ധ്യാത്മികത പ്രയോഗിക്കുകയും പരിശീലിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. യഹൂദമതത്തിന്റെ ആദ്ധ്യാത്മികതയും അമേരിക്കയിൽ ഉണ്ട്. അങ്ങനെ, എല്ലാവിധ ആദ്ധ്യാത്മികതയുടേയും ഒരു സംയുക്തമാണ് അമേരിക്കൻ ആദ്ധ്യാത്മികത എന്ന് പൊതുവെ പറയാം.

എന്നിരുന്നാലും താഴെ പറയുന്ന തലങ്ങളിൽ അമേരിക്കൻ ആദ്ധ്യാത്മികതയ്ക്ക് ചില പ്രത്യേകതകൾ കാണാവുന്നതാണ്.

**1) ബഹുത്വവും നാനാത്വവും:** പുതിയ രീതികൾക്കും മാറ്റങ്ങൾക്കും മറ്റ് എല്ലാ മണ്ഡലങ്ങളും വിധേയമായതുപോലെ ആദ്ധ്യാത്മികതയിലും എപ്പോഴും മാറ്റവും പുതുമയും ആവശ്യമായി വരികയും അപ്രകാരം നിരവധി പുതിയ ആത്മീയ പ്രവണതകൾ, വ്യവസ്ഥാപിതസഭകളിലടക്കം രൂപംപ്രാപിക്കുകയും ചെയ്തു.

**2) അവ്യക്തതയും അനിശ്ചിതത്വവും:** ഓരോ തലമുറ മറിയുന്തോറും പരമ്പരാഗത സമീപനങ്ങളും ആധുനിക സമീപനങ്ങളും തമ്മിലുള്ള 'വ്യക്തത' കുറഞ്ഞുവന്നതോടെ ആത്മീയ തീക്ഷ്ണതയുടെ അളവ് കുറിക്കാൻ കഴിയാത്ത അവസ്ഥ വന്നു ചേരുന്നു. ആത്മീയത ഒരു 'പരീക്ഷണ മേഖല'യായി മാറാനിടയായി.

3) പരമ്പരാഗത ആദ്ധ്യാത്മികതയിലേക്കുള്ള തിരിച്ചു വരവ് ചിലയിടങ്ങളിൽ കാണാൻ തുടങ്ങി. ആദ്ധ്യാത്മിക ഗുരുക്കന്മാരെയും, തീർത്ഥാടനകേന്ദ്രങ്ങളേയും ആശ്രയിച്ചുള്ള ആത്മീയ അന്വേഷണത്തിന് ആക്കം, ചില കേന്ദ്രങ്ങളിൽ വർദ്ധിച്ചു.

4) വ്യക്തിഗതമായിരുന്ന ആത്മീയത, സമൂഹാടിസ്ഥാനത്തിലുള്ള പരിശ്രമങ്ങൾക്കും അന്വേഷണങ്ങൾക്കും വഴി മാറി വരുന്നുണ്ട്, ചിലയിടങ്ങളിൽ.

5) ബൗദ്ധിക സമീപനത്തിൽ നിന്നും പ്രതീകാത്മകവും കൂദാശാധിഷ്ഠിതവുമായ ആദ്ധ്യാത്മികതയിലേക്ക് ആകർഷിക്കപ്പെട്ടു തുടങ്ങി.

6) നീതീകരണം (Justification) എന്നതിനേക്കാൾ വിശുദ്ധീകരണം

(Sanctification) എന്ന സമീപനത്തിന് കൂടുതൽ താൽപര്യം കാണിക്കുന്നുണ്ട്.

7) "കൃപ ദൈവത്തിന്റെ ദാനം" എന്ന സമീപനത്തോടൊപ്പം "പരിശുദ്ധാത്മാവിലൂടെ കൃപ ലഭ്യമാകുന്നു" എന്ന ആശയത്തിന് സ്വീകാര്യത വർദ്ധിച്ചു.

"Great Awakening" (1730-1760), American Revolution (1776-1781) എന്നീ ചരിത്ര സംഭവങ്ങൾ അമേരിക്കൻ ആദ്ധ്യാത്മികതയ്ക്ക് വീണ്ടും പുതിയ ഉണർവ്വും ഉത്തേജനവും നൽകി. പുതിയ പുതിയ പ്രസ്ഥാനങ്ങൾ വളരെയേറെ ഉടലെടുത്തു. മിഷണറി പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉത്സാഹമായി. പതിയ ഒരു സാമൂഹ്യവീക്ഷണം തന്നെ രൂപംകൊണ്ടു. സുവിശേഷീകരണത്തോടൊപ്പം, വിശുദ്ധീകരണവും പ്രോത്സാഹിപ്പിക്കപ്പെട്ടു. പെന്തെക്കൊസ്തൽ പ്രസ്ഥാനം ശക്തിപ്പെട്ടു. കരിസ്മാറ്റിക് ഗ്രൂപ്പുകൾ അവിടവിടെയായി ഉണ്ടാകാൻ തുടങ്ങി. യോഗാത്മകത, ധ്യാനാത്മകത തുടങ്ങിയ പൗരസ്ത്യ ആദ്ധ്യാത്മിക പ്രവണതകളിലേക്ക് പലരും (പ്രത്യേകിച്ച് ചെറുപ്പക്കാർ) ആകർഷിതരായി. എക്യുമെനിക്കൽ ആദ്ധ്യാത്മികത എല്ലാ ആദ്ധ്യാത്മികതകൾക്കും ഒന്നിച്ചു ചേരാനും, ചർച്ച ചെയ്യാനും, പരസ്പരം സഹകരിച്ച് വളരാനും കളമൊരുക്കി. അങ്ങനെ, എല്ലാവിധ ആദ്ധ്യാത്മികതാ പാരമ്പര്യങ്ങൾക്കും സ്വാഗതമരുളുന്ന അന്തരീക്ഷമാണ് അമേരിക്കൻ ആദ്ധ്യാത്മികതയുടെ മുഖമുദ്ര എന്ന് പറയാം.

### 4) ഇംഗ്ലീഷ് ആദ്ധ്യാത്മികത

ഇംഗ്ലണ്ടിലെ പ്രത്യേക ഭൂമിശാസ്ത്രമനുസരിച്ച് ആദ്ധ്യാത്മികതയ്ക്കും പ്രത്യേകതകളുണ്ടായി വന്നു. പ്രസിദ്ധങ്ങളായ പല പ്രസ്ഥാനങ്ങളും ഇംഗ്ലണ്ടിനെ കേന്ദ്രീകരിച്ച് വളർന്നു വരാനിടയായി. ഇംഗ്ലീഷ് ആദ്ധ്യാത്മിക ജീവിതത്തിലെ ചില സവിശേഷതകളെന്താണെന്ന് പരിശോധിക്കാം.

1) യേശുക്രിസ്തുവിന്റെ പീഡാനുഭവത്തോടുള്ള ഭക്തിയാണ് പ്രധാനമായി ആരാധനകളിലും അനുഷ്ഠാനങ്ങളിലും ഉയർന്നു നിന്നിരുന്നത്. കുരിശിന്റെ മഹത്വം ഉയർത്തി പിടിച്ചിരുന്നു. 18-ാം നൂറ്റാണ്ടിലുണ്ടായ ഓക്സ്ഫഡ് മൂവ്മെന്റ് ഉയിർപ്പിന്റെ മഹത്വം കൂടി ഉയർത്തിക്കാണിക്കുകയുണ്ടായി.

2) വിലാപം, സഹതാപം, കണ്ണുനീർ, അനുതാപം എന്നിവ ഭക്തി പ്രകടനങ്ങളായി പരിഗണിക്കപ്പെട്ട് പ്രോത്സാഹിപ്പിക്കപ്പെട്ടു. 3) ഭവനാന്തരീക്ഷത്തിന് കൂടുതൽ പ്രാധാന്യം നൽകി. പള്ളിയിൽ ആരാധിക്കുന്ന പതിവുണ്ടായിരുന്നുവെങ്കിലും കൂടുതൽ ഊന്നൽ ഉണ്ടായത് ഭവനങ്ങ

ളിലെ ആത്മീയതയ്ക്കാണ്. 4) ആരാധനാധിഷ്ഠിതമായ ഒരു ആദ്ധ്യാത്മിക പ്രസ്ഥാനം തന്നെ (Liturgical Movement) പൊതു ആരാധനയ്ക്ക് പ്രാധാന്യം കൊടുത്ത് വളർന്നു വന്നു. കൂദാശാനുഷ്ഠാനങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം കൈവന്നു. 5) ബുദ്ധിപരമായ സമീപനത്തോടൊപ്പം ധാർമ്മികമായ പ്രവർത്തന പദ്ധതികൾക്കും ആദ്ധ്യാത്മികതയിൽ സ്ഥാനം കിട്ടി. 6) പഠിപ്പിക്കലുകളും അനുഷ്ഠാനങ്ങളും വേദാധിഷ്ഠിതമാകണമെന്ന നിർബന്ധം ആദ്ധ്യാത്മികതയുടെ ഭാഗമായിത്തീർന്നു. 7) 'കൃപാവരങ്ങളെ' പറ്റിയുള്ള ആഴമായ പ്രതീക്ഷയും ആശ്രയവും ആദ്ധ്യാത്മികതയുടെ പ്രധാന വശമായി കരുതി.

### 5) ഫ്രഞ്ച് ആദ്ധ്യാത്മികത

ഫ്രാൻസിലെ ആദ്ധ്യാത്മികത ചരിത്രപരമായി പ്രാധാന്യമർഹിക്കുന്നു. "സ്പിരിച്ചാലിറ്റി" എന്ന പദം ആദ്യമുണ്ടായതു തന്നെ ഫ്രാൻസിലാണ്. വിവിധ കാലഘട്ടങ്ങളിൽ ഫ്രഞ്ച് ആദ്ധ്യാത്മികത വളർന്നതെങ്ങനെയെന്ന് നോക്കാം.

1) ആദിമ ക്രൈസ്തവ കാലഘട്ടം: ആദ്യത്തെ നാലു നൂറ്റാണ്ടുകളിൽ ഫ്രാൻസിലെ ആദ്ധ്യാത്മികതയെപ്പറ്റി താരതമ്യേന വലിയ അറിവൊന്നുമില്ല. നാലാം നൂറ്റാണ്ടിന്റെ അവസാനത്തോടെ പൗരസ്ത്യ ആദ്ധ്യാത്മികത ഫ്രാൻസിലെത്തി. അഞ്ചാം നൂറ്റാണ്ടിൽ കിഴക്കൻ സന്യാസ പ്രസ്ഥാനത്തിന്റെ സ്വാധീനം കൂടിയുണ്ടായി. "Lernis" എന്ന സ്ഥലത്ത് ആരംഭിച്ച സന്യാസാശ്രമത്തിൽ ആദ്യം അത്മായക്കാരായിരുന്നു അധികവും. പിന്നീട് വൈദികർക്കായും അത് പ്രയോജനപ്പെട്ടു. ഈ കാലഘട്ടത്തിലെ സഭയുടെ മുഴുവൻ ആദ്ധ്യാത്മികതയും ഈ ആശ്രമപ്രസ്ഥാനവുമായി ബന്ധപ്പെട്ടതായിരുന്നു.

2) മദ്ധ്യ നൂറ്റാണ്ടുകൾ: ഐർലണ്ടിൽ നിന്നും ചാർളിമെയ്ൻ തുടങ്ങിയവരുടെ സ്വാധീനം വഴി കുറെക്കൂടി അനുതാപപൂർണ്ണമായ ആദ്ധ്യാത്മികത രൂപപ്പെട്ടു. അജപാലന ധർമ്മത്തിന് ഊന്നൽ വർദ്ധിച്ചു. കന്യകമറിയാമിനോടും വി. കുർബ്ബാനയോടുമുള്ള ആദരവ് ആരംഭിച്ചു. 'ക്ലൂനി' സന്യാസികളുടെ റോമുമായുള്ള ബന്ധത്തിൽ, കുറെയേറെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും സഭയുടെ പൂർണനിയന്ത്രണം ആശ്രമങ്ങളിന്മേൽ ഉണ്ടാകുകയും ചെയ്തു.

3) നവീകരണ കാലഘട്ടം: 16-ാം നൂറ്റാണ്ടിൽ ഇറാസ്മസ്സ് ആരംഭിച്ച ആത്മീയ തീക്ഷ്ണത ഫ്രാൻസിലേക്കും എത്തുകയുണ്ടായി. ഇഗ്നേഷ്യസ് ലയോള ആരംഭിച്ച ജസ്യൂട്ട് പ്രസ്ഥാനവും ഫ്രാൻസിൽ ആദ്ധ്യാത്മിക നേതൃത്വം നൽകി. ഇറ്റലിയിൽ നിന്നും സ്പെയിനിൽ നിന്നുമാണ്

കൂടുതലായും ഫ്രാൻസിലേക്ക് ആദ്ധ്യാത്മിക സ്വാധീനം ഉണ്ടായത്. എന്നാൽ കാൽവിനിസത്തിന്റെ വരവോടെ, അതുവരെയുണ്ടായിരുന്ന ആദ്ധ്യാത്മിക രീതികളിൽ ചിലത് വ്യത്യാസപ്പെടുവാനിടയായി.

4) 17-ാം നൂറ്റാണ്ട്: ഫ്രഞ്ച് ആദ്ധ്യാത്മികതയുടെ സുവർണ കാലഘട്ടമായിരുന്നു ഇത്. ആദ്ധ്യാത്മികത സംബന്ധിച്ച നിരവധി ഗ്രന്ഥങ്ങൾ ഈ കാലഘട്ടത്തിൽ എഴുതപ്പെട്ടത് ആദ്ധ്യാത്മിക വളർച്ചയ്ക്ക് സഹായകമായി.

5) 18, 19 നൂറ്റാണ്ട്: രചനകൾ പുതുതായിട്ടൊന്നും ഈ കാലഘട്ടത്തിലുണ്ടായില്ലെങ്കിലും, കൂടുതൽ ഊന്നൽ പ്രായോഗിക ജീവിതത്തിന് നൽകിയതിനാൽ കുറെക്കൂടി ശക്തമായ സ്വാധീനം ഈ കാലഘട്ടത്തിലെ ആദ്ധ്യാത്മികതയ്ക്ക് ഉണ്ടായിരുന്നു. സാധാരണക്കാർ കൂടുതലായി ആത്മീയ ചൈതന്യം പ്രാപിക്കുവാൻ ഇതു മൂലം ഇടയായി. പുതിയ ആത്മീയ പ്രസ്ഥാനങ്ങളും സന്യാസക്രമങ്ങളും രൂപംകൊണ്ടു. സേക്രട്ട് ഹാർട്ട് സിസ്റ്റേഴ്സ്, വിൻസന്റ് ഡി. പോൾ സംഘം തുടങ്ങിയ സംഘടനകൾ പൊതുജനസേവനത്തിന് മുന്നോട്ടു വന്നതോടെ ആത്മീയ ചൈതന്യം കൂടുതൽ വർദ്ധിക്കാനിടയായി. ഈ കാലഘട്ടത്തിൽ ക്രിസ്തുശാസ്ത്രസംബന്ധമായ പഠനങ്ങൾ കൂടുതലായി വന്നതോടെ ക്രിസ്തുവിനെ മാതൃകയാക്കി അനുഗമിക്കാനുള്ള പ്രേരണ കൂടുതലുണ്ടായി. കന്യകമറിയാമിനെ ആദരിക്കുന്നതിന് പ്രാധാന്യമേറിയതോടെ 'മരിയശാസ്ത്രം' തന്നെയുണ്ടായി എന്നു പറയാം. അതുപോലെ ആരാധനാസംവിധാനം കൂടുതൽ ക്രമീകൃതമായി. ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന "Congregation of the Holy Cross," "Little Sisters of the poor" തുടങ്ങിയ പുതിയ സംഘടനകൾ രൂപംകൊണ്ട് പ്രവർത്തിച്ചത് ആദ്ധ്യാത്മികതയ്ക്ക് പുതിയ ജീവൻ പകർന്നു.

6) 20-ാം നൂറ്റാണ്ട്: ഫ്രാൻസിലെ ബുദ്ധിജീവികളെ സ്വാധീനിക്കുക വഴി, റോമൻ കത്തോലിക്കാസഭയുടെ ആകമാനമായ ആത്മീയ നവോത്ഥാനത്തിന് ഫ്രാൻസിലെ ആദ്ധ്യാത്മികത വഴിയൊരുക്കി എന്ന് പറയാം. രണ്ടാം വത്തിക്കാൻ കൗൺസിൽ തീരുമാനങ്ങളെടുക്കുന്നതിന് കത്തോലിക്കാ സഭയെ വഴിനയിച്ച ബുദ്ധിപരമായ നേതൃത്വം Teilhard de chardin തുടങ്ങിയ ഫ്രഞ്ച് വേദശാസ്ത്രജ്ഞന്മാരിൽ നിന്നാണുണ്ടായത്. രണ്ട് ലോകമഹായുദ്ധങ്ങൾ ഫ്രാൻസിലെ ആദ്ധ്യാത്മികതയെ നാനാവിധമാക്കാനിടയാക്കിയെങ്കിലും, വേദശാസ്ത്രചിന്തകൾ, സഭാപിതാക്കന്മാരുടെ ഉപദേശങ്ങൾ, സ്കോളാസ്റ്റിക് തത്വചിന്തകൾ തുടങ്ങിയവ സജീവമായി നിലനിർത്താൻ ഫ്രഞ്ച് ആദ്ധ്യാത്മികതയ്ക്ക് കഴിഞ്ഞു എന്നു പറയാം. 'തെയ്സെ' തുടങ്ങിയ ആദ്ധ്യാത്മിക സാമൂഹ്യസംഘടനകളാണ് ആധുനിക കാലത്തെ മികച്ച സംഭാവനകൾ.

ചുരുക്കത്തിൽ, നാലാം നൂറ്റാണ്ടു മുതൽ തുടർന്നുവന്ന ആദ്ധ്യാത്മിക ചൈതന്യം നഷ്ടപ്പെടാതെയും, യേശുക്രിസ്തുവിന്റെ ജീവിതവും ഉപദേശവുമായി ബന്ധപ്പെട്ട ആദ്ധ്യാത്മിക ചിന്താധാരയും പ്രായോഗിക ജീവിതവും ഉപേക്ഷിക്കാതെയും വിശ്വാസികളേയും അശരണരേയും ആത്മീയവും ശാരീരികവുമായ ആരോഗ്യാവസ്ഥയിൽ നിലനിർത്തുന്നതിനാവശ്യമായ അജപാലനധർമ്മം കാര്യക്ഷമമായി ഏറ്റെടുത്തു നടപ്പാക്കുകയും ചെയ്തതിൽ, ഫ്രഞ്ച് ആദ്ധ്യാത്മികത ചരിത്രത്തിലൊരിക്കൽപോലും പരാജയപ്പെട്ടിട്ടില്ല എന്ന് പറയേണ്ടിയിരിക്കുന്നു.

### 6) ജർമ്മൻ ആദ്ധ്യാത്മികത

11-ാം നൂറ്റാണ്ടു വരെ കാര്യമായ ആദ്ധ്യാത്മികതയൊന്നും ജർമ്മനിയിൽ വളർച്ച പ്രാപിച്ചിരുന്നില്ല. Echhart തുടങ്ങിവച്ച ആദ്ധ്യാത്മിക ചിന്തയ്ക്ക് Hildegard എന്ന കന്യാസ്ത്രീയുടെ നേതൃത്വത്തിലുള്ള സമൂഹത്തിലൂടെ കൂടുതൽ അംഗീകാരം ലഭിച്ചത് 12-ാം നൂറ്റാണ്ടോടെയാണ്. പിന്നീട് Johannes Tauler, Heinrich Suso എന്നിവരും ആദ്ധ്യാത്മികതയെ വളർത്തുന്നതിൽ കാര്യമായ പങ്കുവഹിച്ചു. 15-ാം നൂറ്റാണ്ടിൽ Nicolas of Flue ഉം പിന്നീട് "Imitation of christ"ന്റെ ഗ്രന്ഥകർത്താവായ Thomas akempis, Martin Luther(1483-) തുടങ്ങിയവരും കാര്യമായ നിലയിൽ ജർമ്മൻ ആദ്ധ്യാത്മികതയെ കരുപിടിപ്പിക്കുന്നതിൽ വലിയ പങ്കുവഹിച്ചു. Thomas Muntzer (d. 1525) ലൂഥറിന്റെ ആദ്ധ്യാത്മികതയെ എതിർത്തു. ആന്തരിക വിശുദ്ധിക്ക് പ്രാധാന്യം നൽകുന്ന ആദ്ധ്യാത്മികതയാണ് ഈ കാലഘട്ടത്തിൽ പ്രോത്സാഹിപ്പിക്കപ്പെട്ടത്. Valentin Weigel (1533), Jakob Bochme (1575), Paracelcus (d. 1541) തുടങ്ങിയവർ 16-ാം നൂറ്റാണ്ടിൽ ആദ്ധ്യാത്മിക നേതൃത്വം നൽകിയവരാണ്. Johann Scheffler (1657), Friedrich Christoph Octinger (1702-), Franz Xaver Van Boader (1765-), Karl Barth, Brunner, Paull Tillich, Bultmann, Bonhoeffer തുടങ്ങിയ പ്രസിദ്ധ വേദശാസ്ത്രജ്ഞന്മാരും ചിന്തകരും ആധുനിക കാലഘട്ടത്തിൽ ജർമ്മൻ ആദ്ധ്യാത്മികതയെ പോഷിപ്പിച്ചവരാണെന്ന് പറയാം.

## പാഠം 2

# ആദ്ധ്യാത്മികത: റോമൻ കത്തോലിക്കാ സഭയിൽ

### A. പ്രധാന ഊന്നലുകൾ

വ്യക്തമായ ആദ്ധ്യാത്മികതയുടെ പൂർണത പ്രകാശിപ്പിക്കുവാൻ ആശയങ്ങളിലൂടെ സാധ്യമല്ലാത്തതിനാൽ, വേദപുസ്തകത്തിലെ പ്രതീകാത്മക സമീപനമാണ് കൂടുതൽ സ്വീകാര്യമായിട്ടുള്ളത്. പ്രാഥമികതലത്തിൽ പറഞ്ഞാൽ, പരിശുദ്ധാത്മാവിലുള്ള ജീവിതം തന്നെയാണ് ആദ്ധ്യാത്മികത. ആ ജീവിതത്തെപ്പറ്റിയുള്ള ഭാഗികമായ പ്രതിഫലനമെന്ന നിലയിൽ, രണ്ടാം തലത്തിൽ മാത്രമെ, എഴുതപ്പെട്ട ആശയങ്ങൾ ആദ്ധ്യാത്മിക ഗ്രന്ഥങ്ങളായി പരിഗണിക്കപ്പെടുന്നുള്ളു. ഈ ഗ്രന്ഥങ്ങളെപ്പറ്റി പഠനം എന്ന നിലയിൽ, 'ആദ്ധ്യാത്മികത' മൂന്നാം തലത്തിലും ചർച്ച ചെയ്യപ്പെടാവുന്നതാണ്.

വി. മാമോദീസായിലൂടെയാണ് ആദ്ധ്യാത്മികത ആരംഭിക്കുന്നത്. വി. കൂദാശകളിലൂടെയും സഭാജീവിതത്തിലൂടെയും അത് വളരുന്നു. കർത്തൃശരീരമാകുന്ന സഭയിലെ കൂദാശാജീവിതത്തിലൂടെ യേശുക്രിസ്തുവിന്റെ രക്ഷാകരമായ വി. രഹസ്യങ്ങളിലേക്ക് പരിശുദ്ധാത്മാവ് മൂലം നിരന്തരമായി അടുത്തുകൊണ്ടിരിക്കുന്നു. മാനസാന്തരം, പ്രകാശനം, രൂപാന്തരം തുടങ്ങിയ വിവിധ തലങ്ങളിൽ ഈ വളർച്ച സാധ്യമാകുന്നത് സഭയിലൂടെയാണ്. സാവധാനമെങ്കിലും, തുടർച്ചയായും ധ്യാനാത്മകമായും നടക്കുന്ന ഈ വളർച്ച ഏകമായിട്ടല്ല സമൂഹമായിട്ടാണ് പരിപോഷിപ്പിക്കപ്പെടുന്നത്. ഓരോ വ്യക്തിക്കും പ്രത്യേക വിളിയും പങ്കും അനുഭവവേദ്യമാകേണ്ടതാണെങ്കിലും, സമൂഹമായിട്ടുള്ള സഭാജീവിതത്തിലൂടെയാണ് ആദ്ധ്യാത്മികതലങ്ങളിലേക്ക് വളർച്ച പ്രാപിക്കേണ്ടത്.

മാനസ്സാന്തരം മുതൽ രക്ഷയുടെ പൂർണത വരെ പ്രധാനമായി രണ്ടു തലങ്ങളുണ്ട്: ദൈവത്തിന്റെ കൃപയും മനുഷ്യന്റെ പ്രതികരണവും. പരിശുദ്ധാത്മാവ്, തന്നോടു സഹായമാവശ്യപ്പെടുന്നവർക്ക് ആവശ്യമായ വരങ്ങൾ നൽകി ഈ പ്രവർത്തനത്തെ ത്വരിതപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ദൈവാത്മാവിന് വസിക്കുവാനും പ്രവർത്തിക്കുവാനും തക്കവിധത്തിൽ വിശുദ്ധമായി ജീവിക്കുന്നവരിൽ മാത്രമെ പരിശുദ്ധാത്മാവ് വസിച്ച് പ്രവർത്തിക്കുകയുള്ളു. പരിശുദ്ധാത്മാവ് എപ്പോഴും വിശുദ്ധിയിലേക്കാണ് നയിക്കുന്നത്. അശുദ്ധമായ ലൗകികമായ എല്ലാ വിചാരങ്ങളിൽ നിന്നും പ്രവൃത്തികളിൽ നിന്നും അകന്നു ജീവിപ്പാൻ നമ്മെ പ്രേരിപ്പിക്കുന്നു. ലോക നിഷേധമല്ല, ദൈവത്തോട് അടുത്തു ചെല്ലുവാൻ 'ലൗകിക അവസരങ്ങൾ' പ്രയോജനപ്പെടുത്തുക എന്നതാണ് പ്രധാനം.

മറിച്ചു സംഭവിക്കുമ്പോഴാണ് ദൈവത്തിൽ നിന്നും അകന്നുപോകാൻ 'ലൗകികത' ഇടയാക്കുന്നത്. ലോകത്തോടുള്ള 'മനോഭാവം' സാമൂഹ്യ നന്മയ്ക്കായി മാത്രം ലോകത്തെ അനുഭവിക്കുക എന്ന നിലയിലാകണം. ദൈവവിശ്വാസത്തിലടിസ്ഥാനമിട്ടതും, പ്രത്യാശയിൽ നയിക്കപ്പെടുന്നതും, സ്നേഹത്താൽ ആകർഷിക്കപ്പെടുന്നതുമായ ഒരു പുതിയ 'മനോഭാവം' പുലർത്തുവാൻ കഴിയണം. മുഴുവൻ 'മനുഷ്യത്വ'വുമുൾക്കൊള്ളുന്ന ഒരു സമൂല രൂപാന്തരമാണ് ലക്ഷ്യമാക്കേണ്ടത്. 'മനോഭാവം' എന്നു പറയുമ്പോൾ, ഭാവന, സമീപനം, ചായ്‌വുകൾ, നിലപാടുകൾ, ഇച്ഛാശക്തി, തീരുമാനങ്ങൾ ഇവയെല്ലാമുൾപ്പെടുന്നുണ്ട്. ദൈവമനസ്സോടു ചേർന്ന് സഹകരിക്കുന്ന ഒരു 'മനുഷ്യമനസ്സ്' സമ്പാദിക്കുക എന്നതാണ് പ്രധാനം. തൽഫലമായി, ദർശനത്തിൽ വ്യക്തതയും, സമർപ്പണത്തിൽ തീവ്രതയും, സഹകരണത്തിൽ ആത്മാർത്ഥതയും ഉണ്ടാകുവാൻ പരിശുദ്ധാത്മാവ് സഹായിക്കുന്നു. ആ നിലയിൽ 'മാനസാന്തരവും' ദൈവത്തോടുള്ള 'നിരപ്പും' ആദ്ധ്യാത്മികതയുടെ പ്രാഥമിക പടിയായി കാണണം. ആ അനുഭവത്തിലേക്ക് വളരുന്നവരോട് പിതാവാം ദൈവം ക്ഷമിക്കുകയും, പരിശുദ്ധാത്മ സഹായത്തോടെ പുത്രനായ യേശുക്രിസ്തുവിന്റെ ശുശ്രൂഷയിലേക്ക് വിളിച്ചടുപ്പിക്കുകയും ആവശ്യമായ ശിക്ഷണവും പോഷണവും നൽകി വളർത്തുമാറാക്കുകയും ചെയ്യുന്നു.

എഴുതപ്പെട്ടതും, എഴുതപ്പെടാത്തതുമായ ദൈവവചനവും, വി. കൂദാശാനുഷ്ഠാനങ്ങളുമാണ് ഈ മാനസാന്തരത്തിനും, വളർച്ചയ്ക്കും നിദാനം. സഭാപിതാക്കന്മാരാൽ വ്യഖ്യാനിക്കപ്പെട്ട് പഠിപ്പിക്കപ്പെടുന്ന ദൈവചനം മനുഷ്യരെ ആത്മീയ വളർച്ചയിൽ എന്നാളും നിലനിർത്തുന്നു. ദൈവവചനം കൈക്കൊണ്ട്, ബുദ്ധിക്കതീതമായി, അതിനോടു വിശ്വാസപൂർവ്വം പ്രതികരിച്ച്, സമർപ്പിച്ച് ദൈവകൃപ പൂർണ്ണമായി പ്രാപിച്ചതിന്റെ പ്രതീകവും മാതൃകയുമായി 'കന്യമറിയാം' ചരിത്രത്തിൽ നിത്യം നിലകൊള്ളുന്നു. അവൾ തന്റെ നിർമ്മല ഹൃദയത്തിലേക്ക്, പൂർണ വിശ്വാസത്തോടെ ദൈവവചനത്തെ സ്വീകരിച്ചു. മാലിന്യമില്ലാത്ത ഗർഭപാത്രത്തിൽ, അവൾ വചനത്തെ ഉൾക്കൊണ്ടു. സ്വന്ത ജീവൻ പണയപ്പെടുത്തിക്കൊണ്ട് തന്നെ അവൾ യേശുവിനെ, "ആദിയിൽ വചന"മായിരുന്നവനെ മനുഷ്യശരീരത്തോടെ ലോകത്തിനു നൽകി.

ദൈവസ്നേഹത്തിലും, തൽഫലമായുണ്ടാകുന്ന മനുഷ്യസ്നേഹത്തിലും നിറഞ്ഞു കവിയുക എന്നതാണ്, യഥാർത്ഥത്തിൽ ദൈവവചനം ഉൾക്കൊള്ളാനുള്ള എളുപ്പമാർഗം. യേശുക്രിസ്തുവിന്റെ 'കുരിശ്' ചുമക്കാനുള്ള സന്നദ്ധത ഉള്ളവർക്കു മാത്രമെ ദൈവസ്നേഹത്തിന്റെ ആഴത്തിലേക്കു ഇറങ്ങുവാൻ കഴിയൂ. പിതാവിനോടുള്ള പൂർണ്ണ വിശ്വസ്തത പ്രകടിപ്പിക്കപ്പെട്ടത് കാൽവറി ക്രൂശിലെ അന്ത്യനിമിഷത്തിലായിരുന്നു.

ആയതിനാൽ 'ക്രൂശിന്റെ മാർഗ്ഗം' മാത്രമാണ് ദൈവത്തോടുള്ള പൂർണ വിശ്വസ്തത പ്രകടിപ്പിക്കുവാനുള്ള ഏക മാർഗം. ആ മാർഗമാണ് യേശു ക്രിസ്തു തന്നെ അനുഗമിക്കുന്നവർക്ക് കാണിച്ചു തരുന്നത്. ആ മാർഗത്തെ നിഷേധിച്ച്, ലൗകിക മാർഗങ്ങളിലൂടെ പൂർണത തേടാനുള്ള ശ്രമങ്ങളെല്ലാം വ്യർത്ഥമാണെന്ന ബോദ്ധ്യമുള്ളവർക്കു മാത്രമേ ആദ്ധ്യാത്മികതയിലേക്ക് തിരിഞ്ഞു നോക്കാൻ സാധിക്കൂ. 'ക്രൂശിന്റെ പാത' പ്രതീകാത്മകമായി 14 സ്ഥലങ്ങൾ അവതരിപ്പിക്കുന്നതിന്റെ പ്രാധാന്യവും ഇവിടെയാണ് ദർശിക്കുന്നത്. വി. മാമോദീസായിൽ, വിശ്വാസിയുടെ നെറ്റിയിൽ നൽകപ്പെടുന്ന 'കുരിശിന്റെ അടയാളം' ജീവിതലക്ഷ്യമായി ഈ മാർഗത്തിലേക്ക് പൈതൽ പ്രായം മുതൽ പ്രവേശിപ്പിച്ചതിന്റെ പ്രതീകമാണ്.

യേശുക്രിസ്തുവിന്റെ ജീവിതം മുഴുവൻ വൈരുദ്ധ്യാത്മകമായിട്ടാണ് കാണപ്പെടുന്നത്. ക്രിസ്തുവിൽ വസിക്കുന്നവർക്ക് ഉണ്ടാകുന്ന അനുഭവവും അതു തന്നെയാണ്. സ്വയപരിത്യാഗത്തിന്റെ അനുഭവത്തിലേക്കാണ് ക്രിസ്തു വിരൽചൂണ്ടുന്നത്. ആകയാൽ ഈ ഒരു അനുഭവത്തിലേക്ക് ആകർഷിക്കപ്പെട്ട് അതിലേക്ക് പ്രവേശിപ്പിക്കപ്പെടുകയും അതിൽ പരിശീലിപ്പിക്കപ്പെട്ട്, വളർത്തപ്പെടുന്നതിനുള്ള അഭ്യസനങ്ങളും മുറകളുമാണ് 'ക്രിസ്തീയ ആദ്ധ്യാത്മികത' എന്നു പറയാം. ലോകത്തിൽ തന്നെ ജീവിച്ച്, ക്രിസ്തുവിന്റെ ജീവിതത്തിനും, മരണത്തിനും ഉയിർത്തെഴുന്നേൽപിനും ഉത്തമ സാക്ഷികളായി ജീവിക്കുവാനും കഷ്ടത അനുഭവിക്കാനും, വേണ്ടിവന്നാൽ മരിക്കുവാനും വിശ്വാസികളെ സന്തോഷപൂർവ്വം സന്നദ്ധരാക്കുന്ന വലിയ ഒരു പദ്ധതിയാണ് ക്രിസ്തീയ ആദ്ധ്യാത്മികത. പരിശുദ്ധാത്മ ദാനങ്ങളുടെ സമൃദ്ധി ഈ ജീവിതത്തെ പരിപോഷിപ്പിക്കുന്നു. ആത്മഫലങ്ങൾ പുറപ്പെടുവിക്കാൻ പരിശുദ്ധാത്മാവ് വിശ്വാസികളെ ശക്തരാക്കുന്നു. ആത്മവരങ്ങളിലെന്നപോലെ തന്നെ, സഭയുടെ ഉപദേശങ്ങളിലും, കൂദാശാനുഷ്ഠാനങ്ങളിലും വ്യാപരിച്ച് നിയന്ത്രിക്കുന്നതും അതേ പരിശുദ്ധാത്മാവു തന്നെയാണ്. ലോകത്തിലെ വിവിധങ്ങളായ സാഹചര്യങ്ങളിലും അനുഭവങ്ങളിലും ആവശ്യമായ കൃപകളും വരങ്ങളും നൽകി ദൈവാത്മാവ് വിശ്വാസികളെ ഒരുക്കുന്നു.

എന്നാൽ 'ആത്മാവിനെ തിരിച്ചറിയുക' (Discernment) എന്നതു വളരെ പ്രധാന കാര്യമാണ്. 'നിങ്ങൾ ഏതാത്മാവിനുള്ളവർ?' എന്ന് യേശുക്രിസ്തു ശിഷ്യന്മാരോടു ചോദിക്കുന്നുണ്ട് (ലൂക്കോസ് 9:55). പരിശുദ്ധാത്മാവ് ഇല്ലാത്തിടത്ത്, അശുദ്ധാത്മാവ് കയറി പ്രവർത്തിക്കും; വെളിച്ചമില്ലാത്തിടത്ത് ഇരുട്ടു കയറി വരുന്നതുപോലെ. ആകയാൽ, വളരെ കരുതലോടെ സമീപിക്കേണ്ട ഒരു കാര്യമാണ് 'ആദ്ധ്യാത്മികത' എന്നത്.

നല്ലതാണെന്ന തോന്നലിൽ ചെയ്യുന്ന പല കാര്യങ്ങളും ആത്യന്തികമായി ദൈവത്തിൽ നിന്നും നമ്മെ അകറ്റിക്കളയുന്നവിധത്തിൽ, നമ്മെ വശീകരിക്കുന്ന പൈശാചിക അശുദ്ധാത്മശക്തികൾ, ഈ ലോകത്തിൽ വ്യാപരിക്കുന്നുണ്ടെന്ന കാര്യം നാം മറന്നു കളയരുത്. യേശുക്രിസ്തുവിനെ പരീക്ഷിക്കുന്ന അനുഭവം നമുക്കെല്ലാം ഒരു മാതൃകയായി കാണാവുന്നതാണ്. ആയതിനാൽ, ആദ്ധ്യാത്മിക അനുഭവത്തിൽ നേരത്തെ കടന്നുപോയവരുടെ എഴുത്തുകളും ഉപദേശങ്ങളും മാർഗനിർദ്ദേശങ്ങളും, പരിശീലനമുറകളുമെല്ലാം നമ്മുടെ ആദ്ധ്യാത്മിക ജീവിത പരിശീലനത്തിന് അത്യന്താപേക്ഷിതമാണ്.

വി. കുർബ്ബാനാനുഭവമാണ് ക്രിസ്തീയ ആദ്ധ്യാത്മികതയുടെ മകുടമായി നിലകൊള്ളുന്നത്. അതിലേക്ക് വിശ്വാസികളെ നയിക്കുന്നതാണ് മറ്റ് എല്ലാ ആത്മീയ അനുഷ്ഠാനങ്ങളും. അത് ത്രിത്വാത്മകമാണ്. പരിശുദ്ധാത്മാവിൽ യേശുക്രിസ്തുവിലൂടെ, പിതാവിലേക്കുള്ള പ്രവേശനം, അതോടൊപ്പം ആദ്ധ്യാത്മിക പരിശീലനമുറകൾ കൂടി ആവശ്യമാണ്. വ്യക്തിഗതവും, കർക്കശവും, ഭാവാത്മകവുമായ അഭ്യസനമുറകൾ സാധാരണക്കാർക്ക് ആകർഷകമാകാതെ വന്നപ്പോൾ പലരും ഈ ജീവിതസരണി ഉപേക്ഷിക്കുന്നു എന്നത് വാസ്തവമാണ്.

ആധുനിക 'ആദ്ധ്യാത്മികത' കൂടുതലായും ആത്മവരങ്ങളെ കേന്ദ്രീകരിച്ചും, കൂടുതൽ വിശ്വാസികളെ ആകർഷിച്ചും, ആശ്രമങ്ങൾക്കു വെളിയിൽ, ഇടവകതലങ്ങളിൽ ഊന്നൽ നൽകിയും, സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിൽ ഇടപെട്ടുംകൊണ്ടുള്ള ഒരു സമീപനമായി കണ്ടുവരുന്നുണ്ട്.

## B. ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ

### 1. ബെനിടിക്ടൻ ആദ്ധ്യാത്മികത (Benedictine)

നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കപ്പദോക്യയിലെ ബസ്സേലിയോസ്, ഈജിപ്തിലെ സന്യാസപ്രസ്ഥാന സ്ഥാപകനായ പക്കോമിയോസ്, പണ്ഡിതനായ കാസിയൻ എന്നിവരുടെ ചിന്താധാരകൾ ഈ പ്രസ്ഥാന സ്ഥാപകനായ ബെനിടിക്ടിനെ സ്വാധീനിച്ചു. ആശ്രമപ്രസ്ഥാനത്തിന് 'സമൂഹം', 'സഭ' എന്നീ ഊന്നൽ നൽകുവാൻ ബെനിടിക്ട് ശ്രദ്ധിച്ചു. ദൈവത്തോടുള്ള അനുസരണവും വിനയവും, ഭക്തിയോടെയുള്ള പ്രാർത്ഥനകളും ആരാധനകളും, ഹൃദയവിശുദ്ധിയും, മൗനവും ദൈവവചനത്തോടുള്ള പൂർണ്ണശ്രദ്ധയും അനുസരണവും, തന്റെ അനുയായികളിൽ വളർത്തിയെടുക്കാൻ ബെനടിക്ട് ശ്രദ്ധിച്ചിരുന്നു.

ദൈവത്തെ ഭയപ്പെട്ട്, അനുസരിച്ച് ജീവിക്കുന്നതിന്റെ പ്രതീകമെന്നോണം, ആശ്രമാധിപനെ (ആബട്ട്) വിശ്വസിച്ച്, സ്നേഹിച്ച്, അനുസ

രിച്ച് ജീവിക്കുവാൻ ബെനടിക്ട് അനുയായികളെ പരിശീലിപ്പിച്ചു. യേശു ക്രിസ്തുവിന്റെ കൗദാശിക സാന്നിദ്ധ്യം 'ആബട്ടിൽ' ദർശിക്കുക, ദൈവ സ്നേഹവും സഹോദരസ്നേഹവും ഒരിക്കലും വേർപിരിയാതിരിക്കുക; ഭൗതികസമ്പാദ്യങ്ങൾ ഉപേക്ഷിക്കുക, സ്വന്തഇച്ഛയെ നിഗ്രഹിക്കുക; പരസ്പര ക്ഷമയിലും അനുസരണത്തിലും ജീവിക്കുക; അന്തമില്ലാത്ത ക്ഷമയും ദയയും സ്വായത്തമാക്കുക; വ്യക്തിപരമായതെല്ലാം നിഷേധിക്കുക, സമൂഹനന്മയ്ക്കായി മാത്രം പ്രവർത്തിക്കുക, സ്നേഹത്തിൽ വളരുക എന്നിവ ജീവിതപ്രമാണങ്ങളായി കരുതി മാനസികവും ശാരീരികവുമായ ജോലിയിൽ ഒരുപോലെ ഏർപ്പെടുക, ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തോടൊപ്പം, പരിശുദ്ധാത്മാവിലുള്ള നടത്തിപ്പിന് വിധേയപ്പെടുക, ആരാധന, പരിശീലനമുറകൾ മുടങ്ങാതെ അനുഷ്ഠിക്കുക, മിഷനറി പ്രവർത്തനങ്ങളിൽ ശിക്ഷണവിധേയമായി ഏർപ്പെടുക തുടങ്ങിയവ ബനടിക്ടൻ ആദ്ധ്യാത്മികതയുടെ സവിശേഷതകളാണ്. ചുരുക്കത്തിൽ വേദപുസ്തകാടിസ്ഥാനമുള്ളതും, ധ്യാനാത്മകവും, സാമൂഹികവും പ്രാർത്ഥനയിലും സ്നേഹപ്രവർത്തനങ്ങളിലും ഒരുപോലെ വ്യാപൃതമായതും, പരസ്പര സ്നേഹത്തിലും വിശ്വാസത്തിലും ഊന്നൽ നൽകുന്നതുമായ ഒരു ആദ്ധ്യാത്മികതയാണ് ഇത്.

## 2. കർമ്മലീത്താ ആദ്ധ്യാത്മികത (Carmalite)

12-ാം നൂറ്റാണ്ടിൽ കർമ്മേൽ മലമേൽ സ്ഥാപിതമായ ഒരു ആശ്രമ പ്രസ്ഥാനമാണിത്. ബെർട്ട്ഹോൾഡ് (St. Berthold) എന്ന വ്യക്തിയാണ് ഇതിന്റെ സ്ഥാപകനായി അറിയപ്പെടുന്നത്. ഏലിയാവിന്റെ പർവതമായ കർമ്മേൽ കുന്നിൽ സമൂഹജീവിതമായിട്ടാണ് ഇത് ആരംഭിച്ചത് (Coenobites). പ്രസംഗങ്ങൾ, പഠിപ്പിക്കലുകൾ എന്നിവയ്ക്കായി സഞ്ചരിക്കുന്ന രീതിയും പിന്നീടുണ്ടായി വന്നു. പട്ടണങ്ങളിലും പ്രധാന രാജ്യങ്ങളിലുമെല്ലാം ഇപ്പോൾ കർമ്മലീത്താ ആശ്രമങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇറ്റലി, ഫ്രാൻസ്, സ്പെയിൻ തുടങ്ങിയ രാജ്യങ്ങളിലാണ് ഇവർ കൂടുതലായി കണ്ടുവരുന്നത്. ഇന്ത്യയിലും ഇവരുടെ പ്രവർത്തന മേഖല വളരെ വലുതാണ്.

1562-ൽ അവീലയിലെ സെ. തേരേസ്സാ, കന്യാസ്ത്രീകൾക്കായി കോൺവെന്റ് ആരംഭിക്കുകയുണ്ടായി. തോമസ് അകിനാസിന്റെ വേദശാസ്ത്ര സമീപനമാണ് ഇവർ സ്വീകരിക്കുന്നത്. മിസ്റ്റിക്കൽ പാരമ്പര്യത്തിന് ഊന്നൽ നൽകുന്നു. ദൈവത്തെ അറിയുവാൻ സാമാന്യ ബുദ്ധിക്ക് കഴിവില്ലാത്തതിനാൽ, സകല ബുദ്ധിയേയും അതിജീവിക്കുന്ന 'വിശ്വാസം' ആണ് ദൈവത്തെ അറിയുവാൻ മനുഷ്യനെ സഹായിക്കുന്നത്. പ്രാർത്ഥനയുടെ വിവിധ തലങ്ങളും ഫലങ്ങളും മനസ്സിലാക്കണം.

ധ്യാനത്തിനു വിവിധ സമീപനങ്ങളുണ്ട്. വിനയമാണ് ഏറ്റവും വലിയ സുകൃതം. ആത്മീയ നിഗളം വളരെ അപകടകരമാണ്. 'ആത്മവഞ്ചന' ഉണ്ടാകാതെ സൂക്ഷിക്കണം എന്നിങ്ങനെ വളരെ ആഴമായ ഉപദേശങ്ങൾ പാലിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ഒരു സമൂഹമാണ് ഇത്. പല ആദ്ധ്യാത്മിക നേതാക്കന്മാരും കർമ്മലീത്താ സമൂഹത്തിൽ നിന്നുണ്ടായിട്ടുണ്ട്. പോപ്പ് ജോൺ പോൾ രണ്ടാമൻ ഈ സമൂഹാംഗമാണ്.

## 3) കാർത്തൂസിയൻ ആദ്ധ്യാത്മികത (Carthusian)

11-ാം നൂറ്റാണ്ടിൽ സെ. ബ്രൂണോ ഇറ്റലിയിൽ സ്ഥാപിച്ചതാണ് ഈ സമൂഹം. സന്യാസപ്രസ്ഥാനത്തിന് ഒരു പരിഷ്കാരമെന്നവിധത്തിലാണ് ആരംഭിച്ചത്. അപ്പോസ്തോലിക കാലത്തെ തീക്ഷ്ണത, ദൈവത്തോടും സഹോദരങ്ങളോടുമുള്ള സ്നേഹം, ദാരിദ്ര്യം എന്നിവ പ്രധാനമായി കരുതി. മരം കൊണ്ടു നിർമ്മിച്ച കുടിലുകളിലാണ് താമസം. ആശ്രമസ്ഥർ ഒറ്റയായി താമസിച്ചു. 'സഹോദരന്മാർ' (Brothers) ഒന്നിച്ചു താമസിക്കുകയും ആശ്രമജോലികൾ നിർവഹിക്കുകയും ചെയ്യുന്നു. ഇവരുടെ ഇടയിൽ പണ്ഡിതന്മാരോ ആത്മീയ ഗുരുക്കന്മാരോ അറിയപ്പെടുന്നവരായി പ്രത്യക്ഷപ്പെട്ടിട്ടില്ല. രചനകൾ ഇല്ലെന്ന് പറയാം. പക്ഷേ ഇവരുടെ ജീവിതം പലരേയും രൂപാന്തരപ്പെടുത്തുവാൻ ഇടയാക്കിയിട്ടുണ്ട്. രക്തസാക്ഷിമരണം പ്രാപിച്ച പല കാർത്തൂസിയൻ സന്യാസിമാർ ഇംഗ്ലണ്ടിലുണ്ടായിട്ടുണ്ട്. കന്യാസ്ത്രീ സമൂഹഭവനങ്ങളും പിൽക്കാലത്തു രൂപം കൊണ്ടിട്ടുണ്ട്. ഏകാന്തതയിൽ വസിച്ച്, ദൈവവുമായി സംസർഗം ചെയ്യുന്ന ഒരു ജീവിതാനുഭവമാണ് ഇവർ തെരഞ്ഞെടുത്തത്. 'പരിഷ്കാരങ്ങൾ വേണ്ടി വന്നിട്ടില്ല, കാരണം പരിഷ്കരിക്കേണ്ട വിധത്തിൽ അധഃപതിക്കാനിടയായിട്ടില്ല' (No reformation needed, because no deformation happened). ഇതാണ് അവരുടെ കാഴ്ചപ്പാട്. പുതുമയ്ക്കും പരിഷ്കാരത്തിനും വേണ്ടി ഓടാതെ, ലഭിച്ചിട്ടുള്ള മൂല്യങ്ങൾ അധഃപതിക്കാതെ സംരക്ഷിക്കാനുള്ള ഇവരുടെ വ്യഗ്രത എക്കാലത്തും ഒരു മാതൃകയായി നിലകൊള്ളുന്നു. ഇംഗ്ലണ്ടിലെ 'സസക്സ്' (Sussex) ആണ് ഇവരുടെ കേന്ദ്രം.

## 3) സിസ്റ്റേഴ്സിയൻ ആദ്ധ്യാത്മികത (Cistercian)

1098-ൽ 'Citaux' എന്ന സ്ഥലത്ത് Molesmes-ൽ ആണ് ഈ ആശ്രമം ആദ്യം സ്ഥാപിതമായത്. ബെനടിക്ടൻ പാരമ്പര്യമാണ് കൂടുതലായും സ്വീകരിക്കുന്നത്. 12-ാം നൂറ്റാണ്ടായപ്പോഴേക്കും 530 സമൂഹങ്ങളായി ഇവർ വളർന്ന് പ്രത്യേക ഭരണക്രമം തന്നെ ഉണ്ടാക്കി.

ലോകജീവിതത്തിൽ നിന്നുള്ള ഒരു വേർപാട് ഇവർ പ്രോത്സാഹിപ്പി

ക്കുന്നു. പട്ടണങ്ങളിൽ നിന്നും അകന്നു ജീവിച്ച് മണ്ണിൽ പണിയെടുക്കാൻ നിർദ്ദേശിക്കുന്നു. ആടുകളെ വളർത്തുന്നതിനും ഉത്സാഹിക്കുന്നു. പിന്നീട് വ്യാപാരങ്ങളിലേർപ്പെടുവാനും ഇടയായിട്ടുണ്ട്. പഠിപ്പിക്കുക, ഇടവക പ്രവർത്തനങ്ങൾ നിർവഹിക്കുക എന്നിവയും തങ്ങളുടെ ചുമതലയായി, ആധുനിക സമൂഹാംഗങ്ങൾ കരുതി പ്രവർത്തിച്ചു വരുന്നു.

### 5) ഫ്രാൻസിസ്കൻ ആദ്ധ്യാത്മികത (Franciscan)

അസ്സീസിയിലെ സെ. ഫ്രാൻസിസ് സ്ഥാപകൻ. ക്രിസ്തുവിനെ കേന്ദ്രീകരിച്ചും, സുവിശേഷപ്രവർത്തനത്തിൽ വ്യാപരിച്ചുമുള്ള ജീവിതശൈലി സ്വീകരിച്ചു. ധ്യാനാത്മകതയും പ്രവർത്തനശൈലിയും ഒരുമിച്ചു കൊണ്ടുപോകാൻ ശ്രമിച്ചു. എല്ലാം ക്രിസ്തുവിൽ നിന്നും ക്രിസ്തുവിൽക്കൂടിയും ക്രിസ്തുവിലേക്കുമായിരിക്കാൻ ഊന്നൽ നൽകി. ജ്ഞാനമല്ല, ദൈവിക പരിജ്ഞാനം അന്വേഷിക്കണമെന്നും മനുഷ്യബുദ്ധി (Reason) വിശ്വാസത്തിനു കീഴ്പ്പെടണമെന്നും പഠിപ്പിച്ചു.

വി. കുർബ്ബാനയാണ് ആദ്ധ്യാത്മികതയുടെ നെടുംതൂണ്. വിശുദ്ധ ഹൃദയം (Sacred heart) ധ്യാനവിഷയമാണ്. യേശുവിന്റെ മനുഷ്യജീവിതം മാതൃകയാണ്. ദൈവമാതാവിനോടുള്ള വണക്കം പ്രധാനമാണ്. “Order Of Penance” എന്ന ഒരു അത്മായ പ്രസ്ഥാനവും ഇവർ നടത്തി വരുന്നു. വളരെ ലളിത ജീവിതം നയിച്ചു, ജീവകാരുണ്യ പ്രവർത്തനങ്ങളിലേർപ്പെട്ടു. ധർമ്മം സ്വീകരിക്കാറില്ല. പരസ്യമായുള്ള കർമ്മാനുഷ്ഠാനങ്ങൾ നടത്താറില്ല. പ്രത്യേക നിയമാവലിയാൽ നടത്തപ്പെടുന്ന സമൂഹജീവിതം, ദൈവപരിജ്ഞാനം, ദാരിദ്ര്യം, താഴ്മ, സ്നേഹം എന്നിവയാണ് സുകൃതങ്ങൾ. ലോകപ്രകാരമുള്ള ‘നിസ്സംഗത’, ‘ശക്തിയില്ലായ്മ’ എന്നിവ ‘ശക്തി’യായി കണ്ടു. പങ്കുവയ്ക്കൽ, ദൈവേഷ്ടത്തിനു വിധേയപ്പെടൽ, സഹോദരസ്നേഹം എന്നിവ ഫ്രാൻസിസ്കൻ ആദ്ധ്യാത്മികതയുടെ പ്രധാന തത്വങ്ങളാണ്.

### 6) ഡൊമിനിക്കൻ ആദ്ധ്യാത്മികത (Dominican)

1216-ൽ സെ. ഡൊമിനിക് ആണ് സ്ഥാപിച്ചത്. ഫ്രാൻസിലുണ്ടായിരുന്ന വേദവിപരീതങ്ങൾക്കെതിരായ ഒരു പ്രസംഗപര്യടനമായിട്ടാണ് ഇത് ആരംഭിച്ചത്. അപ്പോസ്തോലിക കാലത്തെ തീക്ഷ്ണതയും സഹോദരസ്നേഹവും പാലിക്കാൻ ശ്രമിച്ചു. വ്യക്തികളുടെ കഴിവുകൾ സമൂഹനന്മക്കായി ഉപയോഗിപ്പാൻ ശ്രദ്ധിച്ചു. ആശ്രമപ്രസ്ഥാനത്തിന്റെ പരിശീലന മുറകൾ സ്വീകരിച്ചു. ‘അധിപന്’ വിധേയമാകുന്നതിന് വലിയ പ്രാധാന്യം നൽകി. കുറച്ചു നിയമങ്ങൾ അനുസരിക്കുക എന്നതിനേക്കാൾ, പൂർണ്ണമായും സ്വയം നൽകുന്ന (Selfgiving) അനുഭവത്തിന്

പ്രാധാന്യം നൽകി. ദൈവ നടത്തിപ്പിൽ 'വിശ്വസ്തത' അർപ്പിക്കുവാനും സ്വയത്തിൽ ആശ്രയിക്കാതിരിപ്പാനും പരിശീലിപ്പിച്ചു. തത്വചിന്തയും വേദ ശാസ്ത്രവും പഠിക്കുന്നതിന് പ്രോത്സാഹനം നൽകി. അതുകൊണ്ട് ബുദ്ധിപരമായ ഒരു സമീപനവും അവതരണവും ശക്തി പ്രാപിച്ചു. സാമാന്യബുദ്ധി കൊണ്ടു തന്നെ ദൈവിക മർമ്മങ്ങൾ ഗ്രഹിക്കാമെന്നും 'ബുദ്ധി', 'വിശ്വാസ'മായി രൂപാന്തരപ്പെടണമെന്നില്ലെന്നും ഇവർ പഠിപ്പിച്ചു. ആയതിനാൽ 'ധ്യാനാത്മകത' എന്നത് ഇവർക്ക് പഠനം തന്നെയാണ്. ശാസ്ത്രീയ സമീപനം സ്വീകരിച്ചുകൊണ്ടു തന്നെ, ലളിതമായ സ്വകാര്യ വ്യക്തിഗത പ്രാർത്ഥനകൾ പ്രോത്സാഹിപ്പിച്ചു. ഒരുപാടു വലിച്ചുനീട്ടിയുള്ള കാനോനിക പ്രാർത്ഥനകൾ പൊതുവെ സ്വീകാര്യമല്ല. നിർബന്ധ പ്രാർത്ഥനകളില്ല. 'കൃപയാൽ നിറഞ്ഞുള്ള' പ്രാർത്ഥനകൾ പ്രോത്സാഹിപ്പിക്കപ്പെട്ടു.

വിശുദ്ധന്മാരോടുള്ള ഭക്തി, മിസ്റ്റിക്കൽ സമീപനം എന്നിവ നിലനിർത്തി. 'കുരിശിന്റെ പാത' ഏർപ്പെടുത്തിയത് ഇവരാണ്. 'കൊന്ത-ജപമാല' ഭക്തിയും ഇവർ പ്രോത്സാഹിപ്പിച്ചു. കന്യാസ്ത്രീമഠങ്ങൾ ലോകത്തിൽ പലയിടങ്ങളിലുണ്ട്. പരസ്യപ്രവർത്തനങ്ങളിലേർപ്പെടാറില്ലെങ്കിലും, അദ്ധ്യാപകവൃത്തിയിൽ അനേകംപേർ വ്യാപൃതരായി കഴിയുന്നുണ്ട്.

### 7) ജസ്യൂട്ട് ആദ്ധ്യാത്മികത (Jesuits)

ഇഗ്നേഷ്യസ് ലയോള സ്ഥാപകനായുള്ള 'Society of Jesus' വളരെ പ്രസിദ്ധമായ ആത്മീയപരിശീലന മുറകൾ വളർത്തിയെടുത്തിട്ടുണ്ട്. യേശുവിനോടുള്ള ആവേശകരമായ സ്നേഹത്താൽ നിറയുമ്പോഴുണ്ടാകുന്ന അനുഭവത്തിൽ നിന്നാണ് ഇഗ്നേഷ്യസ് പരിശീലന രീതികൾ ആവിഷ്കരിച്ചത്. സുവിശേഷമർമ്മവുമായി അഭേദ്യമായി ബന്ധിക്കുന്നവയായിരുന്നു അവയെല്ലാം. 10 മാസം തുടർച്ചയായുള്ള പ്രാർത്ഥനയിൽ, വി. ത്രിത്വം, സൃഷ്ടി, പ്രപഞ്ചം, യേശുക്രിസ്തുവിന്റെ മനുഷ്യത്വം എന്നിവയെക്കുറിച്ചെല്ലാം പുതിയ കുറെ ആശയങ്ങൾ ഇഗ്നേഷ്യസിനു ലഭിച്ചു. തനിക്കുണ്ടായ അനുഭവങ്ങൾ അദ്ദേഹം കുറിച്ചു വച്ചു. ഭാവിയിൽ ഇതുപോലെ ദൈവത്തെ അന്വേഷിക്കുന്നവർക്കു വേണ്ടി. 1548-ൽ പ്രസിദ്ധീകരിച്ച 'ആത്മീയ അഭ്യസനങ്ങൾ' (Spiritual Exercises) വളരെ പ്രസിദ്ധമാണ്.

പാരീസ് യൂണിവേഴ്സിറ്റിയുമായും തോമസ് അക്വിനാസിന്റെ ചിന്താധാരയുമായും ബന്ധപ്പെടാനും ഇടയായി. ബുദ്ധിപരമായ ഒരു അടിസ്ഥാനം കൂടി തന്റെ ആത്മീയ കാഴ്ചപ്പാടുകൾക്ക് നൽകാനായി അദ്ദേഹം പരിശ്രമിച്ചു. 1540-ൽ അദ്ദേഹം 'Society of Jesus' എന്ന സംഘ

ടനയ്ക്ക് രൂപംനൽകി. ഏതു തീരുമാനം എടുക്കുമ്പോഴും ദൈവത്തിന് 'കൂടുതൽ മഹത്വമുണ്ടാകുന്നതായിരിക്കണം' എന്നതായിരുന്നു അദ്ദേഹത്തിന്റെ തത്വം. അദ്ദേഹത്തിന്റെ ആദ്ധ്യാത്മികത വേദാടിസ്ഥാനത്തിലും ദൈവശാസ്ത്ര വെളിച്ചത്തിലും, ത്രിത്വാത്മകമായും ക്രിസ്തുകേന്ദ്രീകൃതമായും യോഗാത്മകമായും അപ്പോസ്തോലികമായും, സഭാസംബന്ധമായും ഉന്നതനിലവാരം പുലർത്തുന്ന ഒന്നായിരുന്നു. അദ്ദേഹത്തിന്റെ ആദ്ധ്യാത്മികതയിലേക്ക് ആകർഷിക്കപ്പെട്ടവർ അനേകരാണ്. 16 വർഷം കൊണ്ട് ആയിരത്തിലധികം അനുയായികൾ അക്കാലത്ത് (1540) ഈ സൊസൈറ്റിയിൽ ചേർന്നു എന്നത് വലിയ അത്ഭുതമാണ്. പ്രസംഗം, കൂദാശാനുഷ്ഠാനം, ആത്മീയ സംഭാഷണം, രോഗികളെ സന്ദർശിക്കൽ, ക്രിസ്തീയ വിദ്യാഭ്യാസം തുടങ്ങിയ വിവിധ തരത്തിലുള്ള സേവനസരണിയിലേക്ക് അവരെ ആകർഷിച്ചു. എ.ഡി. 1710 ആയപ്പോഴേക്കും 612 കോളജുകൾ, 15 യൂണിവേഴ്സിറ്റികൾ, 100-ൽ പരം സെമിനാരികൾ എന്നിവ സ്ഥാപിതമായി. ഇന്ത്യ, ജപ്പാൻ, അമേരിക്ക തുടങ്ങിയ സ്ഥലങ്ങളിലേക്ക് മിഷണറിമാരെ അയച്ച് പ്രവർത്തനം വ്യാപകമാക്കി.

ഇഗ്നേഷ്യസിൽ നിന്നും പരമ്പരാഗതമായി പ്രാപിച്ച ആദ്ധ്യാത്മികത, ഇന്നും ജസ്യൂട്ട് വൈദികർ തുടർന്നു വരുന്നു. പ്രാദേശികവും, ഭാഷാപരവും സാംസ്കാരികവുമായി ചില ഭേദഗതികൾ വന്നിട്ടുണ്ടെങ്കിലും അടിസ്ഥാനപരമായി ആദ്ധ്യാത്മികതയിൽ കാര്യമായ മാറ്റമൊന്നുമുണ്ടായിട്ടില്ലെന്നത് അതിന്റെ മാഹാത്മ്യം വിളിച്ചറിയിക്കുന്നു.

**8) വത്തിക്കാൻ ആദ്ധ്യാത്മികത (രണ്ടാം കൗൺസിലിനുശേഷം)**

റോമൻ കത്തോലിക്കാസഭയെ ആധുനികവൽക്കരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് വത്തിക്കാൻ കൗൺസിൽ 1962-64-ൽ സമ്മേളിച്ചത്. ലോകത്തോട് കൂടുതൽ ഉത്തരവാദിത്വത്തോടെ പ്രതികരിക്കാൻ കത്തോലിക്കാസഭയെ ഒരുക്കുക എന്നതായിരുന്നു ലക്ഷ്യം. അങ്ങനെ പല കൗൺസിൽ രേഖകളും പുറത്തിറങ്ങി. എല്ലാ ക്രിസ്ത്യാനികൾക്കും സുവിശേഷദൗത്യത്തിന് ചുമതലയുണ്ടെന്നും, എല്ലാ ക്രിസ്ത്യാനികളുടെയും 'ശുശ്രൂഷകൾ' (Ministries) വിലയേറിയതും അംഗീകരിക്കപ്പെടേണ്ടതുമാണെന്നും സമ്മതിച്ചു. അനന്തരഫലമായി റോമൻ കത്തോലിക്കാ സഭയുടെ സമീപനത്തിലും നിലപാടിലും കാര്യമായ പല മാറ്റങ്ങളും ഉണ്ടാകാനിടയായി. മറ്റു ക്രിസ്തീയ വിഭാഗങ്ങളുടെ നിലപാടിനും സമീപനത്തിനും ക്രിയാത്മകമായ മാറ്റത്തിനും ഇത് കാരണമായി.

വേദപുസ്തകാധിഷ്ഠിതവും, ആരാധനാ കേന്ദ്രീകൃതവുമായ ഉറവിടങ്ങൾ തേടുന്ന പ്രവണത പൊതുവെ ദൃശ്യമായി. കൂദാശാനുഷ്ഠാനങ്ങളിൽ കേന്ദ്രീകൃതമായ ഒരു ആദ്ധ്യാത്മികതയ്ക്ക് ഊന്നൽ നൽകി.

"വിശ്വാസസംഹിത"കളേക്കാൾ 'വിശ്വാസജീവിതത്തിന് പ്രാധാന്യം കൈവന്നു.' വിശ്വാസപ്രമാണമല്ല (Creed) 'വിശ്വാസജീവിത'മാണ് (Life in faith) വലുത് എന്ന ഒരു 'മാറ്റം' വീക്ഷണത്തിലുണ്ടായി വന്നു. ദൈവ സ്നേഹവും മനുഷ്യസ്നേഹവും ഒന്നിച്ചു പോകേണ്ടതാണെന്നും, സഭ യിലെന്നപോലെ സമൂഹത്തിലും പ്രവർത്തിക്കുവാൻ ക്രിസ്ത്യാനി കട പ്പെട്ടവനാണെന്നും, ആയതിനാൽ, സഭയുടെ 'രഹസ്യാത്മക' സ്വഭാ വത്തെ മനസ്സിലാക്കുവാൻ പരസ്യമായ സമീപനങ്ങൾ സ്വീകരിക്കാ മെന്നും വന്നു. വേദപഠനം, ആരാധന എന്നിവയിൽ വിശ്വാസികളുടെ പങ്കാളിത്തം വളരെയേറെ വർദ്ധിച്ചു. പ്രാർത്ഥനയും ആരാധനയും വൈദി കരെപ്പോലെ വിശ്വാസികളുടെയും 'അവകാശ'മാണെന്ന് തന്നെ വന്നു. വേദപുസ്തക പഠനവും വ്യാഖ്യാനവും അൽമായക്കാർക്കും ആകാമെ ന്നായി.

തൽഫലമായി, കൂടുതൽ പഠനങ്ങളും ധ്യാനകേന്ദ്രങ്ങളും, ആദ്ധ്യാ ത്മിക പ്രസ്ഥാനങ്ങളും സഭയിൽ ഉടലെടുത്തു പുതിയ പുതിയ നിര വധി ആധികാരിക ഗ്രന്ഥങ്ങൾ എഴുതപ്പെട്ടു. പൗരസ്ത്യ സഭകളുമാ യുള്ള ബന്ധം കൂടുതൽ ശക്തിപ്പെട്ടതുവഴി, പൗരസ്ത്യ ആദ്ധ്യാത്മിക തയുടെ പല വശങ്ങൾ കൂടി റോമൻ കത്തോലിക്കാസഭയുടെ ആദ്ധ്യാ ത്മികതയിൽ സ്വീകാര്യമായിത്തീർന്നു. 'പൗരസ്ത്യ മനസ്സ്' പാശ്ചാത്യ സഭയിൽ അലിഞ്ഞു ചേർന്നു തുടങ്ങി. പാശ്ചാത്യ-പൗരസ്ത്യ സംഗമ ത്തിന് ഇത് കൂടുതൽ വഴി തെളിയിച്ചു. മതപഠനത്തിന് ഒരു പുതിയ മാനം കണ്ടെത്തി. വിവാഹിതരുടെയും അത്മായരുടേയും പ്രവർത്തന മണ്ഡലങ്ങൾ കൂടുതൽ പ്രോത്സാഹിപ്പിക്കപ്പെട്ടു. വിശുദ്ധി, 'ലോകത്തിൽ' തന്നെ പാലിക്കപ്പെടേണ്ടതാണെന്ന ഊന്നൽ ശക്തി പ്രാപിച്ചു വന്നു. റോമൻ കത്തോലിക്കാ സഭ, 16-ാം നൂറ്റാണ്ടിലെ നവീകരണ മനോഭാവ ത്തിലേക്കും, ഒന്നാം നൂറ്റാണ്ടിലെ വേദപുസ്തക-അപ്പോസ്തോലിക സഭ യുടെ അനുഭവത്തിലേക്കും പെട്ടെന്ന് കുതിക്കുകയായിരുന്നു. ഇത് പ്രോട്ടസ്റ്റണ്ട്, ഓർത്തഡോക്സ് സഭകളുമായുള്ള സംഭാഷണത്തിലേക്കും സഹകരണത്തിലേക്കും വഴി തെളിയിച്ചു.

ലോകത്തിൽ വസിച്ചുകൊണ്ട് തന്നെ തിന്മയുടെ അന്ധകാര ശക്തി കളെ എതിർത്തു തോൽപിക്കുവാൻ, ക്രിസ്തുവിന്റെ പ്രകാശത്തിൽ വസിക്കുന്ന എല്ലാവരും ഒന്നിച്ച് പ്രവർത്തിക്കേണ്ടതാണെന്നുള്ള സന്ദേശം എക്യുമെനിക്കൽ പ്രസ്ഥാനത്തിന് വഴിയൊരുക്കി. ഏതു നിലയിൽ വീക്ഷിച്ചാലും, വത്തിക്കാൻ ആദ്ധ്യാത്മികത റോമൻ കത്തോലിക്കാ സഭയ്ക്ക് മാത്രമല്ല, ക്രൈസ്തവ ലോകത്തിനു മുഴുവനും പുതിയ ദർശ നവും പ്രവർത്തനശൈലിയും നൽകാൻ പര്യാപ്തമായിത്തീർന്നു എന്ന് നിസ്സംശയം പറയാം.

## പാഠം 3

# ആദ്ധ്യാത്മികത: പ്രോട്ടസ്റ്റന്റ് സഭകളിൽ

### ആമുഖം

15-ാം നൂറ്റാണ്ടിലെ റോമൻ കത്തോലിക്കാ സഭയുടെ രീതികളിൽ മടുപ്പു തോന്നിയ സാഹചര്യത്തിലാണ് നവീകരണപ്രസ്ഥാനം ഉടലെടുത്തത്. പൗരസ്ത്യസഭകളിൽ നവീകരണമുണ്ടായില്ല എന്നത് ഇന്നും ഒരു യാഥാർത്ഥ്യമായിത്തന്നെ നിലനിൽക്കുന്നു. റോമൻ കത്തോലിക്കാസഭയുടെ നിലപാടിനെ നിരാകരിക്കുന്നതോ എതിർക്കുന്നതോ ആയ നിലപാടുകളാണ് പ്രോട്ടസ്റ്റണ്ട് സഭകളുടെ ആദ്ധ്യാത്മികതയിൽ പ്രധാനമായി പ്രകടമാകുന്നത്.

ഏറ്റവും പ്രധാനമായി നവീകരണ സഭകളെല്ലാം എടുത്തുപറയുന്ന ഒരു തത്വമുണ്ട്. രക്ഷ ദൈവത്തിന്റെ ദാനമാണ്; മനുഷ്യന്റെ പരിശ്രമം കൊണ്ട് അത് നേടാൻ കഴിയില്ല; ആയതിനാൽ രക്ഷയ്ക്കുവേണ്ടിയുള്ള മനുഷ്യന്റെ പരിശ്രമങ്ങളെല്ലാം വ്യർത്ഥമാണ്. അതുകൊണ്ടു തന്നെ, മനുഷ്യന്റെ എല്ലാ പരിശ്രമങ്ങളെയും നവീകരണ സഭകൾ നിരാകരിക്കുന്നതിനാൽ, വ്യക്തിഗതമായ എല്ലാ ആദ്ധ്യാത്മിക പരിശീലനമുറകളും അവർ പുച്ഛിക്കാനും നിരസിക്കാനും ഇടയായി. വിശ്വാസസംഹിതകളും (Creeds) ആരാധാനാസംവിധാനങ്ങളും (Liturgies) നിയമാവലികളും, ആശ്രമജീവിതവും രീതികളുമെല്ലാം 'മനുഷ്യ' നിർമ്മിതമാകയാൽ അവയൊന്നും സ്വീകാര്യമല്ലെന്നാണ് ഇവരുടെ പൊതുവായ സമീപനം. 'വേദപുസ്തകം മാത്രം' അടിസ്ഥാനമാക്കുകയും ഓരോരുത്തരും അത് വ്യാഖ്യാനിക്കാൻ യോഗ്യരാണെന്ന് അംഗീകരിക്കുകയും ചെയ്തതോടെ നിരവധി വ്യാഖ്യാനങ്ങളും അതിന്റെ ഫലമായി നിരവധി സഭാവിഭാഗങ്ങളും പ്രസ്ഥാനങ്ങളും ഉണ്ടാകാനിടയായി. വ്യക്തമായ ഒരു രീതിയും ഉണ്ടായില്ലെന്ന് മാത്രമല്ല; പരസ്പരം വിമർശിക്കുകയും മത്സരിക്കുകയും എതിർക്കുകയും ചെയ്യുന്ന ഒരു സമീപനം ക്രിസ്തീയ സഭകളിൽ ഉണ്ടാകാനിടയാകുകയും ചെയ്തു. ഈ വിഭാഗങ്ങളെല്ലാം പൊതുവായി എതിർക്കുന്ന ചില ആദ്ധ്യാത്മിക മുറകളാണ് നോമ്പ്, ഉപവാസം, തീർത്ഥാടനം, വിശുദ്ധന്മാരോടുള്ള ആദരവ്, പ്രതീകങ്ങൾ, മരിച്ചുപോയവരോടുള്ള സംസർഗ്ഗം എന്നിവ.

കൂദാശകളുടെ 'രഹസ്യാത്മകത' ആവശ്യമില്ല; മനുഷ്യബുദ്ധിക്ക് എല്ലാം ഗ്രഹിക്കാൻ കഴിയും. മനസ്സിലാകാത്തതൊന്നും ആചരിക്കാൻ പാടില്ല; ഓരോരുത്തർക്കും മനസ്സിലാകുന്നവിധം ഗ്രഹിക്കാനും, വ്യാഖ്യാനിക്കാനും പഠിപ്പിക്കാനും അനുവാദമുണ്ട്. സ്ഥിരമായ എകീകൃതമാ

യതോ എഴുതപ്പെട്ടതോ ആയ ആരാധനകളോ പരിശീലനമുറകളോ ആവശ്യമില്ല. അതുകൊണ്ട് വിവിധങ്ങളായ രീതികൾ സഭയിൽ ഉടലെടുത്തു. എപ്പോഴും പുതിയ പുതിയ രീതികൾക്കായി പരിഷ്കാരങ്ങളും പരീക്ഷണങ്ങളും തുടർന്നു വന്നു. ഒന്നിനോടും ഒരു ആത്മബന്ധവും ഇല്ലാതെ വന്നു. അതുകൊണ്ടുതന്നെ എക്കാലത്തേക്കും പ്രാധാന്യമുള്ള പഠിപ്പിക്കലുകളോ, ആരാധനാരീതികളോ, ഗ്രന്ഥങ്ങളോ ഉണ്ടാകാനിടയില്ല. പ്രത്യേകമായ ഒരു നേതൃത്വവും അംഗീകരിക്കപ്പെട്ടില്ല. തൽഫലമായി ആത്മീയ നേതാക്കന്മാർ ഒരു പരിധിക്കപ്പുറം അംഗീകരിക്കപ്പെട്ടില്ല. ആരും കാര്യമായ നേതൃത്വത്തിന് പരിശ്രമിച്ചുമില്ല എന്നതിനാൽ കേന്ദ്രീകൃതമായ പഠനങ്ങളോ, ഉപദേശങ്ങളോ ഉണ്ടായി വന്നില്ല.

ആദ്ധ്യാത്മികതയുടെ കാര്യത്തിലും ഇതു തന്നെയാണ് സംഭവിച്ചത്. ക്രിസ്തീയ ഉപദേശങ്ങളിൽ ഊന്നൽ കൊടുക്കുന്നതിലുപരി, പ്രാദേശികവും, ദേശീയവും, സാംസ്കാരികവും വൈകാരികവുമായ ഊന്നലുകളാണ് ആദ്ധ്യാത്മികതലത്തിൽ കൂടുതൽ ശ്രദ്ധിക്കപ്പെട്ടത്. അതുകൊണ്ട് പലവിധത്തിലുള്ള ആദ്ധ്യാത്മികത വളർന്നു വന്നു. ഓരോ സഭകൾ അവരവരുടെ രീതികൾ യുക്തമായവ മാത്രം തോന്നിയവിധത്തിൽ പ്രയോഗിച്ചു. ആരും ആരേയും നിയന്ത്രിക്കാനില്ലായിരുന്നു. ഓരോ സഭ തമ്മിലും പലപ്പോഴും വൈരുദ്ധ്യ സമീപനങ്ങൾ ഉണ്ടായി. ഒരു സഭയിൽ തന്നെ ഈ വൈരുദ്ധ്യം പലപ്പോഴും പ്രത്യക്ഷപ്പെടാറുണ്ട്; ഭിന്നത വർദ്ധിച്ച് വിഭജനത്തിൽ എത്തിച്ചേരുന്നതും പതിവാണ്. "പിളരുംതോറും വളരും" എന്ന സമീപനമാണ് അവർ പൊതുവെ സ്വീകരിച്ചിരിക്കുന്നതെന്ന് തോന്നുന്നു.

സഭാംഗങ്ങളുടെ വൈകാരിക താൽപര്യമനുസരിച്ച് വളർന്നുവന്ന ഒരു ആദ്ധ്യാത്മികതയാണ് പ്രോട്ടസ്റ്റണ്ട് സഭകളിൽ പൊതുവെ സ്വീകാര്യമായി വളർന്നു വന്നത്. വ്യക്തികളുടെ താൽപര്യങ്ങളെ നിയന്ത്രിക്കുന്ന ലൗകികവും വൈകാരികവുമായ ഘടകങ്ങളെ ആശ്രയിച്ച്, ആദ്ധ്യാത്മികതയുടെ സ്വീകാര്യത മാറി വരുമെന്നതിനാൽ, പലപ്പോഴും ആഴമായ ആത്മീയ അനുഭവത്തിലെത്തുവാൻ ഇവരുടെ ആദ്ധ്യാത്മികത സഹായിക്കാറില്ല; അതുകൊണ്ട് എപ്പോഴും പുതിയ സമീപനങ്ങൾ സ്വീകരിക്കുവാൻ പ്രേരിതരായിത്തീരുന്നു. ലൗകിക പരിഷ്കാരങ്ങളും സുഖലോലുപതയും സ്വാർത്ഥതയും വ്യക്തികളിൽ വർദ്ധിച്ചു വരുംതോറും വ്യക്തിപരമായി രൂപംപ്രാപിച്ചു വരുന്ന ആദ്ധ്യാത്മികതയ്ക്കും ആ വൈകല്യങ്ങൾ ഉണ്ടാകുമെന്നത് സ്വാഭാവികമാണ്. പുതിയ രൂപഭാവങ്ങളിൽ, ബാഹ്യമായ പ്രകടനങ്ങളിലേക്ക് വഴുതിവീഴാനും, അങ്ങനെ ബാഹ്യമായ ആകർഷണീയത നിലനിർത്താനുമുള്ള ഒരു ശ്രമം അറിഞ്ഞും അറിയാതെയും വന്നു കൂടി. അപ്രകാരം വരുന്ന അലങ്കാരങ്ങളുടെ

'പൊള്ളത്തരം' മനസ്സിലാകുന്ന മുറയ്ക്ക് അനുയായികൾ അവ ഉപേക്ഷിച്ച് പുതിയ 'ആദ്ധ്യാത്മികത' അന്വേഷിച്ച് പുറപ്പെടുകയായി. അങ്ങനെ, പ്രോട്ടസ്റ്റണ്ട് സഭകളിൽ നിരവധി ആദ്ധ്യാത്മിക സമീപനങ്ങളും പ്രസ്ഥാനങ്ങളും പരീക്ഷണങ്ങളും വളരെ ചുരുങ്ങിയ കാലം കൊണ്ടുണ്ടായി വന്നിട്ടുണ്ട്. പ്രോട്ടസ്റ്റണ്ട് തത്വങ്ങൾക്ക് വിരുദ്ധമായ നിലപാടുകൾ സ്വീകരിച്ച് ചില കാര്യങ്ങൾ ഉൾക്കൊള്ളാനും മറ്റു ചിലത് തള്ളിക്കളയാനും ഇടയാകുന്നുണ്ട് എന്നതും ഇവരുടെ പ്രത്യേകതയാണ്. സ്ഥാപകനേതാക്കന്മാർ വാദിച്ച കാര്യങ്ങൾ പിന്നീടു വന്ന നേതാക്കന്മാർ കോട്ടിമാറ്റിയിട്ടുമുണ്ട്.

ചില പ്രസ്ഥാനങ്ങളെപ്പറ്റി ചുരുക്കമായി നമുക്ക് പരിശോധിക്കാം. ആത്മീയതയുടെ പേരിൽ പല നേതാക്കന്മാരും സൗഖ്യദായകരായും അത്ഭുതപ്രവർത്തകരായും രംഗപ്രവേശനം ചെയ്യാനിടയായി. ആത്മഹത്യയിലേക്ക് കൂട്ടമായി നയിക്കുന്ന 'ആത്മീയ നേതാക്കന്മാരും' കൂട്ടത്തിലുണ്ടായിട്ടുണ്ട്. ഇത്തരത്തിലുള്ള അനുഭവങ്ങളുണ്ടായതിനാൽ, നവീകരണസഭകളിൽ ഒരു പുതിയ 'ഉണർവ്' ഉണ്ടായി ചില നിയന്ത്രണങ്ങളും, മാർഗനിർദ്ദേശങ്ങളും, ക്രമീകരണങ്ങളും പാരമ്പര്യങ്ങളുമൊക്കെ സ്വീകരിക്കാമെന്ന് ചിന്തിച്ചു തുടങ്ങിയിട്ടുണ്ട്.

പ്രധാന സഭാവിഭാഗങ്ങളുടെ ആദ്ധ്യാത്മികതയെ പറ്റി ഒരു ചെറിയ എത്തിനോട്ടം നടത്തുന്നത്, ഓരോരുത്തരിലുമുള്ള നല്ല വശത്തെ കണ്ടെത്തി അനുകരിക്കുവാൻ എല്ലാ ക്രിസ്ത്യാനികൾക്കും ഇടയാക്കിയേക്കും.

### 1) ആംഗ്ലിക്കൽ ആദ്ധ്യാത്മികത

ഇംഗ്ലണ്ടിൽ 16-ാം നൂറ്റാണ്ടിലെ നവീകരണ പ്രസ്ഥാനത്തെ തുടർന്നുണ്ടായ ആംഗ്ലിക്കൻ സഭ മദ്ധ്യശതകത്തിലെ ലത്തീൻ സഭയുടെ ആദ്ധ്യാത്മിക പാരമ്പര്യം കുറെയൊക്കെ സംരക്ഷിക്കുന്നുണ്ട്. വിശ്വാസികളുടെ അനുദിനജീവിതത്തെ നിയന്ത്രിക്കുന്ന നിരവധി ആത്മീയഗ്രന്ഥങ്ങൾ ഇവർക്കുണ്ട്. ഉദാ: 'Primers' (1539), Book of Common Prayer (1549). ആത്മീയവും ബൗദ്ധികവുമായ ഉത്തരവാദിത്തം പൊതുവായി എല്ലാ വിശ്വാസികളുടെയും അവകാശമായി വന്നു. വേദശാസ്ത്രം, പ്രാർത്ഥനകൾ, ആത്മീയശിക്ഷണം എന്നിവ എല്ലാവരും കൈകാര്യം ചെയ്യുവാൻ പ്രതീക്ഷിക്കപ്പെടുന്നു - വൈദികർക്ക് മാത്രമായി അവ നീക്കിവച്ചില്ല. വേദപുസ്തകസ്നേഹം, ധാർമ്മികതയോടുള്ള നിർബന്ധം, വ്യക്തിഗതമായി ദൈവത്തോടുള്ള ഉത്തരവാദിത്തം, ആത്മീയതയിലുള്ള പങ്കാളിത്തം എന്നിവയ്ക്ക് ഊന്നൽ നൽകിയതിനാൽ 'Puritanism' ഇവരുടെയിടയിൽ വളരുവാൻ ഇടയായി.

17-ാം നൂറ്റാണ്ടായപ്പോൾ, പൗരസ്ത്യക്രൈസ്തവരുമായി കൂടുതൽ ഇടപെടുവാനും അവരുടെ ആദ്ധ്യാത്മിക ജീവിതത്തിൽ നിന്നും പലതും സ്വീകരിക്കാനും ഇടയായി; വിശ്വാസം, ആരാധന എന്നിവയിൽ പ്രത്യേകിച്ചും. 'ലൗകികം', 'ആത്മീയം' എന്ന തരംതിരിവ് അവർ സ്വീകരിക്കുന്നില്ല. സാധാരണ ജീവിതം ആത്മീയതലത്തിലേക്ക് ഉയരുന്നതായിരിക്കണം. 'ധ്യാനം' മനുഷ്യന്റെ ജീവിതാനുഭവമായി മാറണം. 'വിശ്വാസ' ത്തേക്കാൾ കൂടുതൽ 'പ്രവൃത്തിക്ക്' പ്രാധാന്യം നൽകി. ക്രിസ്തീയത ഒരു വിശ്വാസസംഹിതയല്ല, ഒരു ജീവിതരീതിയാണ്. 'തണുത്ത ബൗദ്ധികതയും', 'ഉണങ്ങിയ ഔദ്യോഗികതയും' അവർ നിരസ്സിച്ചു. സുവിശേഷപ്രഘോഷണത്തിന് ഊന്നൽ നൽകി. നിരവധി ഗാനങ്ങൾ രചിക്കപ്പെട്ടു (Hymnals). വേദശാസ്ത്രപഠനങ്ങൾ, പ്രാർത്ഥനയുടെ പഠനങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കപ്പെട്ടു. മറ്റു സഭകളിലെ രീതികളെ മനസ്സിലാക്കാനും ബഹുമാനിക്കാനും ശ്രമിച്ചു. ആഴ്ചതോറുമുള്ള ആരാധനയിലെ 'പ്രസംഗങ്ങൾ' ആംഗ്ലിക്കൻ ആദ്ധ്യാത്മികതയുടെ പ്രധാന ഉറവിടമായിരുന്നു.

19-ാം നൂറ്റാണ്ടിൽ, സമൂഹജീവിതപ്രസ്ഥാനങ്ങൾ (വിവാഹിതരും അവിവാഹിതരും) ഉടലെടുത്തു. ബെനടിക്ടൻ മാതൃകയിൽ നിയമാവലികൾ ഉണ്ടാക്കി. വേദശാസ്ത്ര പഠനകേന്ദ്രങ്ങളിൽ പഠനപരിശീലനങ്ങൾ തുടങ്ങി, സഭാപ്രവർത്തകർ പരിശീലിപ്പിക്കപ്പെട്ടു. വൈദികർക്കും അത്മായക്കാർക്കും, 'ധ്യാനയോഗ'ങ്ങൾ സംഘടിപ്പിക്കപ്പെട്ടു. വ്യക്തിപരമായ ആത്മീയ കൗൺസലിംഗ് ഏർപ്പെടുത്തി. കോൺഫ്രൻസുകൾ, പഠനഗ്രൂപ്പുകൾ, കൂട്ടായ്മയോഗങ്ങൾ, ഭവന പ്രാർത്ഥനായോഗങ്ങൾ എന്നിവയെല്ലാം ഏർപ്പെടുത്തി.

ഇംഗ്ലീഷുകാരുടെ കോളനികളായ രാജ്യങ്ങളിലെല്ലാം ആംഗ്ലിക്കൻ ആദ്ധ്യാത്മികത പ്രചരിപ്പിക്കുവാൻ അവർ ശ്രമിച്ചു. കല, സംഗീതം, നൃത്തം, ചിത്രകല തുടങ്ങിയവയിൽ പ്രത്യേകം പ്രോത്സാഹനം നൽകി. മൗനപ്രാർത്ഥനകൾ, ധ്യാനം, യോഗാത്മകത, ശരീരാഭ്യസനമുറകൾ വഴി ദൈവത്തെ മൗനമായി കണ്ടെത്തുവാൻ വിശ്വാസികളെ സഹായിക്കുന്ന വിവിധ രീതികൾ ആംഗ്ലിക്കൻ ആദ്ധ്യാത്മികതയിൽ കാലാകാലങ്ങളിൽ വളർന്നു വരുവാനിടയായിട്ടുണ്ട്.

## 2) ബാപ്റ്റിസ്റ്റ് ആദ്ധ്യാത്മികത

മുതിർന്നശേഷം സ്നാനം ഏൽക്കുന്ന (Adult Baptism) പതിവ് നിർബന്ധമുള്ള ഈ നവീകരണസഭയിൽ പൊതുവെ പറഞ്ഞാൽ അതാതു കാലത്തിന്റെയും ദേശത്തിന്റെയും സംസ്കാരത്തിന്റെയും സ്വാധീനത്തിൽ വളർന്നുവന്ന ഒരു ആദ്ധ്യാത്മികതയാണ് കാണുന്നത്. അഞ്ചു ഭൂഖണ്ഡങ്ങളിലും ബാപ്റ്റിസ്റ്റു സഭയുള്ളതിൽ, ഈ വ്യത്യാസങ്ങൾ

പ്രകടമാണെങ്കിലും താഴെ പറയുന്ന കാര്യങ്ങൾ ഇവരുടെ ആദ്ധ്യാത്മികതയിൽ പൊതുവായി എടുത്തു പറയാവുന്നതായിട്ടുണ്ട്.

a) വ്യക്തിപരമായ മാനസാന്തരത്തിലേക്ക് നയിക്കുന്ന വ്യക്തിയുടെ വിശ്വാസം - സ്വതീരുമാനപ്രകാരമുള്ള സ്നാനം മൂലം വിശ്വാസികളുടെ കൂട്ടായ്മയിൽ പ്രവേശിക്കുന്നു. 'വിശ്വാസം-മാമോദീസ-കൂട്ടായ്മ' ഒന്നിച്ചുപോകുന്ന ഏക അനുഭവമാണ്.

b) പ്രാർത്ഥനയിൽ പൂർണ്ണ സ്വാതന്ത്ര്യം: യാതൊരു എഴുതപ്പെട്ട പ്രാർത്ഥനകളും പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. ആത്മാവ് പ്രേരിപ്പിക്കുന്ന മനഃപ്രാർത്ഥനകൾ, വേദവായന, പാട്ടുകൾ എന്നിവയാണ് കുടുംബാരാധനയുൾപ്പെടെയുള്ള ആരാധന മാതൃക.

c) വേദപുസ്തക സ്നേഹമാണ് മറ്റൊരടിസ്ഥാനം. വേദവായനയിലൂടെ വിശ്വാസി നിത്യവും പോഷിപ്പിക്കപ്പെടണം. പ്രാർത്ഥനായോഗങ്ങളുൾപ്പെടെ എല്ലാ സമ്മേളനങ്ങളിലും 'വേദപഠനം' പ്രധാന പരിപാടിയാണ്. ഓരോ വിശ്വാസിയും വേദപുസ്തകപഠനം വ്യാഖ്യാനഗ്രന്ഥങ്ങൾ വച്ച്, എല്ലാ ദിവസവും പഠിക്കണമെന്നത് വളരെ നിർബന്ധമായ കാര്യമാണ്.

d) പ്രസംഗം വളരെ പ്രധാനമാണ്. വേദപഠനം പ്രസംഗത്തിലേക്കും, പ്രസംഗം വേദപഠനത്തിലേക്കും നയിക്കണം. പ്രസംഗമില്ലാത്ത ഒരു ആരാധനയുമില്ല. പ്രഗത്ഭരായ പ്രസംഗകരും പ്രസംഗങ്ങളും ബാപ്റ്റിസ്റ്റു സഭയുടെ പ്രത്യേകതയാണ്.

e) സുവിശേഷപ്രവർത്തനത്തിനുള്ള തീക്ഷ്ണതയാണ് അടുത്തത്. അനേകം സുവിശേഷകർ ലോകത്തിന്റെ നാനാഭാഗത്തേക്കും ഇറങ്ങിത്തിരിക്കുവാൻ തക്കവിധം ബാപ്റ്റിസ്റ്റ് ആദ്ധ്യാത്മികത സമ്പന്നമാണ്. ആദ്ധ്യാത്മികത ബാഹ്യമായി പ്രകടിപ്പിക്കപ്പെടേണ്ടത് മിഷൻ പ്രവർത്തനത്തിലൂടെ ആയിരിക്കണമെന്നും ഇവർ കരുതുന്നു. ഒരു നാണയത്തിന്റെ രണ്ടു വശങ്ങളായി ഇവർ ഇതിനെ കാണുന്നു.

f) ഉണർവ്വ് യോഗങ്ങൾ ഇവരുടെ മറ്റൊരു പ്രത്യേകതയാണ്. നിരന്തരമായി ഉണർത്തപ്പെട്ടുകൊണ്ടിരിക്കണമെന്ന ആശയം ഇവരുടെ ആദ്ധ്യാത്മികതയുടെ പ്രത്യേകതയാണ്. പെന്തക്കൊസ്ത് പ്രസ്ഥാനങ്ങൾ വളർന്നു വരുവാൻ ഇവരുടെ ആദ്യകാല പ്രചോദനങ്ങൾ ഇടയാക്കിയിട്ടുണ്ട്.

### 3) കാൽവിനിസ്റ്റ് ആദ്ധ്യാത്മികത

കത്തോലിക്കാ സമീപനമാണ് പൊതുവെ ഇവർ സ്വീകരിക്കുന്നത്. ദൈവത്തിന്റെ പ്രവർത്തനമാണ് ആദ്ധ്യാത്മികതയുടെ പ്രാരംഭം. യേശു

ക്രിസ്തുവിലൂടെയുള്ള രക്ഷ ദൈവത്തിന്റെ ദാനമാണ്. ക്രിസ്തുവുമായുള്ള സംയോഗമാണ് (Union) ആദ്ധ്യാത്മിക ജീവിതത്തിന്റെ അടിസ്ഥാനം. വിശ്വാസികൾ ക്രിസ്തുവിന്റെ ഭൗതികശരീരത്തിലെ അവയവങ്ങൾ ആണ്. പരിശുദ്ധാത്മാവാണ് ഇത് സാധ്യമാക്കിത്തരുന്നത്. യോഗാത്മകത (mysticies) യിലൂടെ സ്വർഗ്ഗീയ അനുഭവത്തിലേക്ക് തുളച്ചിറങ്ങാനും, ഈ ലോകജീവിതത്തിലേക്ക് സ്വർഗീയ അനുഭവത്തെ ഇറക്കിക്കൊണ്ടുവരുവാനും ആദ്ധ്യാത്മികത വഴി സാധിക്കും. കൂദാശകളാണ് ഇതിനുള്ള മുഖാന്തിരം. ക്രിസ്തു സ്ഥാപിച്ച മാമോദീസായും, വി. കുർബ്ബാനയുമാണ് പ്രധാന കൂദാശകൾ. വീണ്ടുംജനനം ദൈവത്തിന്റെ പ്രവർത്തനമാണെന്നും, മനുഷ്യന്റെ പരിശ്രമം മൂലമല്ലെന്നും ഉള്ളതിന് ഒരു തെളിവു കൂടിയായി 'ശിശുസ്നാന'ത്തെ സ്വീകരിക്കുന്നു. വി. കുർബ്ബാനയ്ക്ക് സമ്മേളിക്കുന്ന സമൂഹം സഭയെ പ്രതിനിധീകരിക്കുന്നു. വചനവും കൂദാശകളും ഒന്നിച്ചുപോകണം. 'സഭയ്ക്ക്' പുറത്ത് രക്ഷയില്ല. സഭ ദൃശ്യമായതും, അദൃശ്യമായതുമുണ്ട്. പ്രസ്ബിറ്റർമാരുടെ ഗണങ്ങൾ സഭയിലുണ്ട്. പ്രസംഗവും അജപാലനവും അത്യാവശ്യമാണ്. ഓരോരുത്തൻ അവനിൽതന്നെ 'പുരോഹിതനല്ല.' പ്രാർത്ഥനയാണ് വിശ്വാസത്തിന്റെ പ്രധാന പ്രകടിതരൂപം; പ്രാർത്ഥന ദൈവത്തോടുള്ള സംഭാഷണമാണ്. ഇവയൊക്കെയാണ് കാൽവിനിസ്റ്റ് ആദ്ധ്യാത്മികതയുടെ പ്രത്യേകതകൾ. കുത്തഴിഞ്ഞ സമൂഹജീവിതത്തെയും മദ്യപാനം തുടങ്ങിയ അധാർമ്മിക പ്രവർത്തനങ്ങളേയും വളരെ നീചമായി അപലപിക്കുന്നുണ്ട്.

### 4) ലൂഥറൻ ആദ്ധ്യാത്മികത

നവീകരണഫലമായി ജർമ്മനിയിലാണ് ലൂഥറൻ സഭ ഉത്ഭവിച്ചത്. ആദ്ധ്യാത്മിക വേദശാസ്ത്രത്തിന്റെ വക്താവാണ് ലൂഥർ. ജീവിതത്തിന്റെ ലക്ഷ്യവും അർത്ഥവും ദൈവാരാധനയാണ്. ദൈവേഷ്ടത്തിനു ബോധപൂർവ്വം വിധേയപ്പെടുത്തുന്നവർക്ക് മാത്രം ദൈവം സ്വയം വെളിപ്പെടുത്തുന്നു. വിശ്വാസം ഒരു മാനസികമോ വൈകാരികമോ ആയ അവസ്ഥയല്ല, ദൈവത്തിന്റെ ദാനമാണ്. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം മൂലമാണ് അത് മനുഷ്യർക്ക് ലഭ്യമായത്. വിശ്വാസജീവിതം ആരംഭിക്കുന്നത് ദൈവവചനം വഹിക്കുന്ന സഭയിലാണ്. സമൂഹത്തിലോ ചരിത്രത്തിലോ അല്ല. ദൈവകൃപകൊണ്ട് സഭ നിരന്തരമായി പുതുക്കപ്പെട്ടുകൊണ്ടിരിക്കുന്നു, ദൈവവചനത്തോടുള്ള അനുസരണം വഴിയായി. ദൈവവചനവും കൂദാശകളും മനുഷ്യരെ സുവിശേഷ പ്രകാശത്തിലേക്കും തങ്ങളുടെ വിളിയുടെ പൂർത്തീകരണത്തിലേക്കും നയിക്കുന്നു. ആദ്യം 'ദൈവപൈതലാ'യും പിന്നീട് സഭയുടെ മഹാപൗരോഹിത്യത്തിൽ ചേർന്നുകൊണ്ട് 'പുരോഹിതനായും' ദൈവത്തെ സേവിപ്പാൻ ദൈവം മനുഷ്യനെ നിയോഗിക്കുന്നു.

മാമോദീസായും വി. കുർബ്ബാനയുമാണ് ദൈവത്തോടു ചേരുവാനും, അതിൽ നിലനിൽക്കുവാനുമുള്ള രണ്ടു കൂദാശകൾ. വിശ്വാസ പഠനത്തിനു കൂടുതൽ സ്ഥാനം നൽകുന്നു. താഴെപ്പറയുന്ന മൂന്നു വിഭാഗങ്ങൾ ലൂഥറൻ ആദ്ധ്യാത്മികതയുടെ പ്രത്യേകതകളായി കാണാവുന്നതാണ്. 1) ദൈവകൽപനകൾ വിനയത്തോടുകൂടി പഠിക്കുക. 2) ദൈവകൃപയിൽ ശരണപ്പെട്ടുകൊണ്ട് വിശ്വാസപ്രമാണവും കൂദാശകളും, വിശ്വാസജീവിതത്തിലേക്ക് നയിക്കത്തക്കവിധം പ്രയോജനപ്പെടുത്തുക. 3) ദൈവത്തെ 'പിതാവായും' മറ്റുള്ളവരെ സഹോദരങ്ങളായും കാണുവാൻ പരിശ്രമിക്കുക.

ക്രൂശിന്റെ മാർഗത്തെ സ്വീകരിക്കുവാനും, കഷ്ടത, രക്തസാക്ഷി മരണം എന്നിവ വളരെ വിലപ്പെട്ടതായി ഇവർ പരിഗണിക്കുന്നു. ദൈവഭയം, ദൈവകരുണ എന്നിവ ഒന്നിച്ചു പോകുന്നു. ഒരുവൻ പാപിയാകുന്നു എന്നും യേശു രക്ഷ നൽകുന്നു എന്നുമുള്ള ബോധ്യത്തിൽ ജീവിക്കുന്നതാണ് വിശ്വാസജീവിതം എന്നത്. വിശ്വാസം ഒതുങ്ങി ജീവിക്കുന്നതിലും പ്രവർത്തനക്ഷമമാകുന്നതിലും പ്രകടിപ്പിക്കപ്പെടാവുന്നതാണ്. ദൈവവുമായുള്ള ബന്ധം ഓരോ ദിവസവും പുതുക്കിക്കൊണ്ടിരിക്കണം. വിശ്വാസം ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നു. സ്വർഗ്ഗീയ തീർത്ഥാടകരാണെന്ന ബോധ്യത്തിൽ ജീവിക്കുക - ഇവയെല്ലാമാണ് ലൂഥറൻ ആദ്ധ്യാത്മികതയുടെ പ്രത്യേകതകൾ.

### 5) മെഥേഡിസ്റ്റ് ആദ്ധ്യാത്മികത

നവീകരണ വെളിച്ചത്തിൽ രൂപംകൊണ്ട ഈ സഭയിൽ ആത്മാർത്ഥമായ സമീപനം ആദ്ധ്യാത്മികതയോട് കാണിക്കുന്നതിൽ പ്രത്യേകമായ 'മെത്തേഡുകൾ' (methods) തന്നെ ഉള്ളതിനാലാകാം ഇവർ ഈ പേരിലറിയപ്പെടുന്നത്. പതിവായി വി. കുർബ്ബാനസംസർഗം, വേദപഠനം,ധാർമ്മിക പെരുമാറ്റ മര്യാദകൾ, ജയിൽ സന്ദർശനം, സാധുജനസംരക്ഷണം എന്നിവയെല്ലാമാണ് ഇവരുടെ 'മെത്തേഡുകൾ.' ചാൾസ് വെസ്ലിയുടെ കാലത്തുണ്ടാക്കിയ ചില നിയമങ്ങൾ: 1) വ്യക്തിഗതവും കുടുംബവുമായുള്ള അനുദിന ആരാധന, 2) വേദപഠനം, ധ്യാനം, 3) കർത്തൃമേശ: അവസരം കിട്ടുമ്പോഴെല്ലാം, 4) വെള്ളിയാഴ്ച ഉപവാസം, 5) ക്രിസ്തീയ കൂട്ടായ്മ.

എഴുതപ്പെട്ടതും, അല്ലാത്തതുമായ പ്രാർത്ഥനകൾ ഉണ്ട്. ഇടദിവസങ്ങളിൽ പ്രാർത്ഥനായോഗങ്ങൾ, പരസ്പരം അനുഭവങ്ങൾ, സാക്ഷ്യങ്ങൾ എന്നിവ പങ്കുവയ്ക്കുന്ന ചെറിയ കൂട്ടായ്മകൾ, ആത്മശോധന, അനുതാപം, ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി 'ധർമ്മശേഖരം' എന്നിവയുണ്ട്. നേതാക്കന്മാർ, സഹായികൾ, പ്രസംഗകർ എന്നിങ്ങനെ

സഭാപ്രവർത്തകരുണ്ട്. 'സ്നേഹവിരുന്നുകൾ' (Agape), ജാഗരണങ്ങൾ (Vigils), പ്രസംഗചർച്ചകൾ, സംഗീത പരിശീലനങ്ങൾ തുടങ്ങിയവയും വിശ്വാസത്തിൽ വളരുന്നതിന് സഹായിക്കുന്നു. ഞായറാഴ്ച ദൈവത്തിൽ വിശ്രമിക്കുന്നതും, വേദവായന, പഠനം, ധ്യാനം, കൂട്ടായ്മകൾ എന്നിവ നടത്തുന്നതും പ്രോത്സാഹിപ്പിക്കപ്പെടുന്നു.

ദൈവദർശനത്തിനും, മനഃസമാധാനത്തിനും ഇടയാക്കുന്ന വിശുദ്ധീകരണമാണ്, വൈകാരിക സംതൃപ്തിയല്ല ആദ്ധ്യാത്മികത കൊണ്ട് പ്രതീക്ഷിക്കുന്നത്. സന്തോഷവും ലാളിത്യവും നിറഞ്ഞ ജീവിതം ലക്ഷ്യമാക്കുന്നു. സംഘടനാശേഷി വർദ്ധിച്ചതോടെ സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും വർദ്ധിച്ചു. ആദ്ധ്യാത്മികത കുറഞ്ഞു വന്നിട്ടുണ്ടെങ്കിലും കുറെയൊക്കെ പിടിച്ചു നിൽക്കുവാൻ ഇവർക്ക് കഴിയുന്നുണ്ട്. എക്യുമെനിക്കൽ ചിന്താഗതിയുള്ളതിനാൽ പുതുമ നിറഞ്ഞ പ്രചോദനങ്ങൾ ലഭിക്കുവാനും മറ്റുള്ളവർക്ക് നൽകുവാനും ഇവർക്ക് സാധിക്കുന്നു.

### 6) ഇവാഞ്ചലിക്കൽ ആദ്ധ്യാത്മികത

നവീകരണ വേലിയേറ്റത്തിന്റെ ഫലമായി ആധുനിക കാലത്ത് ആഗോളതലത്തിലുത്ഭവിച്ച ഇക്കൂട്ടർ പൊതുവെ മിക്ക നവീകരണ സഭകളിലും കാണപ്പെടുന്നുണ്ട്. അതിരാവിലെ എഴുന്നേൽക്കുക, പ്രാർത്ഥിക്കുക, വേദപുസ്തകം വായിച്ചു പഠിക്കുക, പ്രാതലിന് മുമ്പ് രണ്ടു മണിക്കൂറെങ്കിലും ആത്മീയാനുഭവത്തിൽ കഴിയുക എന്നിവ ഇവാഞ്ചലിക്കൽ ആദ്ധ്യാത്മികതയുടെ ആദ്യകാല സവിശേഷതകളായിരുന്നു. ഉപവാസവും, പ്രാർത്ഥനയും ഒന്നിച്ചു പോകേണ്ടതാണ്. ധ്യാനം പ്രധാനമാണ്. കുടുംബപ്രാർത്ഥനയിൽ വേലക്കാരെ കൂടി ഉൾപ്പെടുത്തുന്നു. ഗാനാലാപം, വേദവായന, വ്യാഖ്യാനം, മനഃപ്രാർത്ഥന, വാചാപ്രാർത്ഥന, ധ്യാനം എന്നിവയുണ്ടാകാം. ഞായറാഴ്ച വിശുദ്ധദിനമായി ആചരിക്കുക എന്നത് വളരെ നിർബന്ധമാണ്. ശനിയാഴ്ച സന്ധ്യ മുതൽ തന്നെ എല്ലാ വിനോദങ്ങളും കളികളും നിരോധിക്കുന്നതിനാൽ കുട്ടികളൊക്കെ പിണങ്ങാറുണ്ട്. പാർക്കുകൾ, കാഴ്ചബംഗ്ലാവുകൾ, മൃഗശാലകൾ എന്നിവ ഞായറാഴ്ച സന്ദർശിക്കുന്നത് ഇവർക്ക് നിഷിദ്ധമാണ്. വേദപഠനത്തിലും, പ്രാർത്ഥനയിലും ക്രിസ്തീയ കൂട്ടായ്മയിലും സൗഹൃദസന്ദർശനത്തിനും ക്രിസ്തീയ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനുമായി ഞായറാഴ്ച കർത്തൃദിനമായിത്തന്നെ ആചരിക്കണം. നൃത്തം ചെയ്യാനോ, കാണാനോ, പഠിക്കാനോ, അനുവദിക്കുന്നില്ല. നോവൽ വായന പൊതുവെ നിഷിദ്ധമാണ്. രാഷ്ട്രീയം, കല, അഭിനയം എന്നിവയൊന്നും സ്വീകാര്യമല്ല.

കെസ്വിക് കൺവൻഷൻ 1875 മുതൽ ആരംഭിച്ചു വ്യക്തിപരമായ

വിശുദ്ധിയ്ക്കു പ്രാധാന്യം നൽകി. പാപമില്ലാതെ ജീവിക്കാൻ കഴിയുമെന്ന് പഠിപ്പിച്ചു! "ലോകനിഷേധം" പ്രോത്സാഹിപ്പിച്ചു. എപ്പോഴും സുവിശേഷ ധ്വനിയിൽ ലയിച്ചുചേരുവാൻ ആഹ്വാനം ചെയ്തു. എല്ലാവരും, അങ്ങനെ സുവിശേഷകരാണെന്നും (Evangels) സുവിശേഷപ്രവർത്തനത്തിന് പുറപ്പെടണമെന്നും നിർദ്ദേശിക്കപ്പെട്ടു. ലോകത്തിലെ നാനാ ഭാഗങ്ങളിലേക്കും അനേകം സുവിശേഷകർ ഇറങ്ങിപ്പുറപ്പെട്ടു. അതുകൊണ്ടുതന്നെ 'ഇവാഞ്ചലിക്കൽ' സഭ എന്ന പേരായി.

ആഴ്ചയിലെ ഇടദിവസങ്ങളിലും വേദപഠനം, പ്രാർത്ഥനായോഗങ്ങൾ, ആലങ്കാരിക വേദവ്യാഖ്യാനം, ധ്യാനം, റിട്രീറ്റ്, മൗനദിവസങ്ങൾ എന്നിവയും ഇവരുടെ പ്രത്യേക രീതികളാണ്. പക്ഷെ, കെസ്‌വിക് കൺവൻഷനുകളിലൂടെ വളർന്ന ആദ്യകാല തീക്ഷ്ണത പിന്നീട് കുറഞ്ഞു വന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. കല, സംസ്കാരം എന്നിവ ശുദ്ധമനഃസാക്ഷിയോടെ സ്വീകരിക്കാവുന്നതാണെന്ന് വന്നിട്ടുണ്ട്.

### പാഠം 4

## ആദ്ധ്യാത്മികത: ചില നൂതന പ്രവണതകൾ

പ്രോട്ടസ്റ്റണ്ട് സഭാവിഭാഗങ്ങളിലൊന്നും പ്രത്യേകമായി ഉൾപ്പെടാതെ, സ്വതന്ത്രമായി വളർന്നു വന്ന പല പ്രസ്ഥാനങ്ങളും, തങ്ങളുടേതായ രീതിയിൽ ആദ്ധ്യാത്മികത വളർത്തിയെടുത്തിട്ടുണ്ട്. അവയിൽ പലതും ദീർഘകാലം വേരൂന്നിയതായി കാണുന്നില്ല. പുതിയ പുതിയ പ്രസ്ഥാനങ്ങൾക്കു വഴിമാറിക്കൊടുക്കുന്ന രീതിയാണ് സാധാരണയായി കണ്ടുവരുന്നത്. പ്രധാനപ്പെട്ട ചില പ്രസ്ഥാനങ്ങളെ ചുരുക്കമായി പരിശോധിക്കാം.

### 1) ഭക്തി പ്രസ്ഥാനം (Pietism)

17, 18 നൂറ്റാണ്ടുകളിൽ ജർമ്മനിയിൽ ആരംഭിച്ചതാണ് ഇത്. P. J. Spener, A. H. Francke എന്നിവർ ഓർത്തഡോക്സ്, ലൂഥറൻ സഭകളിൽ അന്നു നിലവിലിരുന്ന 'പാപവും നീതീകരണവും' എന്ന വിഷയം കൈകാര്യം ചെയ്ത രീതിയെ എതിർത്താണ് ഈ പ്രസ്ഥാനം തുടങ്ങിയത്. പാപമോചനം കിട്ടിയ ശേഷവും മനുഷ്യൻ പാപാവസ്ഥയിൽ തന്നെ കഴിയുന്നു എന്ന ഉപദേശം അവർ സ്വീകരിക്കുന്നില്ല. പാപമോചനം ലഭിച്ചയാൾക്ക് പിന്നെ പാപം ചെയ്യാൻ കഴിയാത്തവിധത്തിൽ പാപത്തിന്മേൽ പൂർണജയം ലഭിക്കുന്നു എന്നാണവരുടെ ഉപദേശം. 'രക്ഷ'യിലൂടെ ദൈവസ്വരൂപത്തിലേക്കാണ് ഉയർത്തപ്പെടുന്നതെന്നും, അങ്ങനെ വരു

മ്പോൾ ദൈവസ്വഭാവത്തിൽ പാപമില്ലാത്തതിനാൽ, ദൈവവുമായുള്ള ബന്ധത്തിലൂടെ പാപം കൂടാതെ ജീവിക്കാൻ മനുഷ്യൻ ശക്തനായിത്തീരുന്നു എന്നുമാണ് ഇവരുടെ വാദഗതി. മാമോദീസായിലൂടെയുള്ള വീണ്ടും ജനനത്തിലൂടെയാണ് ഈ ശക്തി മനുഷ്യർക്ക് ലഭിക്കുന്നത്. ഇത് വിശ്വാസപൂർവം സ്വീകരിക്കേണ്ടതാകയാൽ, അനുതാപത്തിലൂടെ സ്വാഭാവിക അവസ്ഥയിൽ നിന്നും കൃപയുടെ അവസ്ഥയിലേക്ക് മാറ്റപ്പെടുവാൻ മനുഷ്യൻ ബോധപൂർവ്വം ദൈവത്തിങ്കലേക്ക് ഭക്തിയോടെ തിരിയണം. ദൈവസ്വഭാവത്തിലുള്ള പങ്കാളിത്തമാണ് രക്ഷയുടെ അനുഭവം (2 പത്രോ. 1:3f). അതു വെറുമൊരു നീതികരണം മാത്രമല്ല; ഒരു അനുഭവമാണ്. അത് ദൈവിക പ്രവർത്തനത്തിലുള്ള വ്യക്തിപരമായ പങ്കെടുക്കലാണ്. വിശ്വാസത്തോടെയുള്ള സ്നാനം അത്യാവശ്യമാണ് എന്നു പറയേണ്ടതില്ലല്ലോ.

പാപമില്ലാതെ ജീവിക്കാൻ 'കൃപയിൽ നിലനിൽക്കേണ്ടതിനാണ്' പ്രാർത്ഥനയും നന്മപ്രവർത്തികളും സഹായിക്കുന്നത്. തത്വത്തിൽ നല്ലതാണെന്നു തോന്നാമെങ്കിലും അനുഭവത്തിലും പ്രയോഗത്തിലും ഇതു വേണ്ടത്ര ഫലപ്രദമല്ലെന്നതിനാൽ, ഈ പ്രസ്ഥാനത്തിന് വളരെയൊന്നും വളരാൻ കഴിഞ്ഞില്ല. എന്നാൽ, ഇവർ ഉന്നയിക്കുന്ന വാദഗതികളുടെ ആത്മാർത്ഥതയും ഉന്നതനിലവാരവും ആത്മീയ ജീവിതത്തിലേക്ക് പുതിയ ഉണർവ്വും, ഉൽസാഹവും നൽകാൻ പര്യാപ്തമാണ്. ദേശവ്യത്യാസമോ, സഭാവ്യത്യാസമോ പരിഗണിക്കാതെ ഈ പ്രസ്ഥാനക്കാർ പല നല്ല സംരംഭങ്ങളും ക്രിസ്തീയതയുടെ പേരിൽ ലോകത്തിൽ തുടങ്ങിവച്ചിട്ടുണ്ട്. മറ്റ് പ്രസ്ഥാനങ്ങൾക്ക് വളരുവാൻ കളമൊരുക്കുകയും ചെയ്തിട്ടുണ്ട്.

### 2) പ്യൂരിട്ടൻ ആദ്ധ്യാത്മികത (Puritanism)

എലിസബത്തൻ കാലഘട്ടത്തിലെ സഭയോടുള്ള പ്രതികരണമായിട്ടാണ് ഇംഗ്ലണ്ടിൽ 1959-ൽ ഈ ആദ്ധ്യാത്മികതയാരംഭിച്ചത്. സഭയ്ക്കകത്തും പുറത്തും ഈ പ്രതിഭാസം പടർന്നു പിടിച്ചു. ഒരു നേതാവോ ഒരു പ്രത്യേക മാർഗരേഖയോ ഒന്നുമില്ല. പൊതുവായി സഭയുടെ ശുദ്ധീകരണം ലക്ഷ്യമാക്കിയുള്ള സമീപനമായിട്ടാണ് തുടങ്ങിയത്. കുരിശുവര, അംശവസ്ത്രങ്ങൾ, കുമ്പിടീൽ, മുട്ടുകുത്തൽ, എപ്പിസ്കോപ്പൽ കൽപനകൾ, പ്രതിമകളെ വണങ്ങൽ, സഭാഭരണക്രമം എന്നിവയൊന്നും ഇവർ അംഗീകരിക്കുന്നില്ല. എല്ലാ പ്രവർത്തനങ്ങളുടെയും വിശ്വാസങ്ങളുടേയും ആരാധനകളുടേയും ലക്ഷ്യം ധാർമ്മികവും ആത്മീയവുമായ വിശുദ്ധിയായിരിക്കണം. ഏതെങ്കിലും പ്രത്യേക സഭയോടോ, വിശ്വാസപ്രമാണത്തോടോ വിധേയത്വം ആവശ്യമില്ല; പ്രത്യേകമായ ആരാധനാരീതികളോ പ്രസ്ഥാനങ്ങളോ പ്രവർത്തനശൈലികളോ ഒന്നുമില്ല.

തൽഫലമായി, വ്യക്തിപരമായ ഊന്നലുകളും, പ്രായേണ വിഭജനങ്ങളും ഉണ്ടായി. ഐകരൂപ്യം ഒരിക്കലും സാധ്യമല്ലാതായി. ക്രിസ്തീയ ജീവിതം ഒരു ആത്മീയ പോരാട്ടമായി കണക്കാക്കി. കുടുംബപരമായാലും, സമൂഹ്യപരമായാലും ഉന്നതമായ മാതൃക കാണിക്കാൻ ആവശ്യപ്പെടുന്നു. സന്യാസപ്രസ്ഥാനത്തെ കഠിനമായി വെറുക്കുകയും എതിർക്കുകയും ചെയ്യുന്നു. പ്രസംഗം പ്രോൽസാഹിക്കപ്പെടുന്നുണ്ട്. പൗരോഹിത്യാനുഷ്ഠാനങ്ങൾ നിരാകരിക്കുന്നു. വ്യക്തിപരമായി പരിശുദ്ധാത്മാവിനെ പ്രാപിക്കണമെന്ന് പഠിപ്പിക്കുന്നു. ബൗദ്ധിക സമീപനങ്ങളെ എതിർക്കുന്നു. വഷളത്തങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കുവാൻ നിഷ്കർഷിക്കുന്നു. വ്യക്തിപരമായ ആത്മാർത്ഥതയും ആത്മശോധനയും പ്രോത്സാഹിപ്പിക്കപ്പെടുന്നു. സാമൂഹ്യ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, ഓരോ ഭവനവും 'ഒരു ചെറിയ സഭ'യായി പരിഗണിക്കുക. സകല വിശ്വാസികളും പുരോഹിതരാണ്, ലോകത്തിൽ നിന്നും ഒളിച്ചോടാതെ, നിഷേധിക്കാതെ മിതമായി ലോകസുഖങ്ങളും സൗകര്യങ്ങളും ആസ്വദിച്ചു ദൈവത്തെ മഹത്വപ്പെടുത്തുക എന്നിവ ആവശ്യമാണെന്ന് ഉദ്ബോധിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ, 'മനുഷ്യാവതാരം' മൂലം, ലോകത്തെയും ശരീരത്തെയും ദൈവം ശുദ്ധീകരിച്ചിരിക്കുന്നു.

### 3) ക്വേക്കർ ആദ്ധ്യാത്മികത (Quakers)

ശമ്പളം വാങ്ങുന്ന സഭാശുശ്രൂഷകരെല്ലാം "വഞ്ചക"രാണെന്നും, ദൈവപ്രകാശം എല്ലാവർക്കും ഒരുപോലെ ലഭിക്കുന്നതിനാൽ, എല്ലാ വിശ്വാസികളും തുല്യരാണെന്നും, ദൈവപ്രകാശം ലഭിച്ചവരെല്ലാം "ദൈവമക്കൾ" ആണെന്നും, അല്ലാത്തവർ 'ശപിക്കപ്പെട്ട'വരാണെന്നും ഇവർ പഠിപ്പിച്ചു. സ്ത്രീകൾ നേതൃനിരയിലെത്തി.

ഇവരുടെ ആദ്ധ്യാത്മികതയ്ക്ക് താഴെപ്പറയുന്ന സവിശേഷതകൾ കാണുന്നു.

a) ഉത്തമബോദ്ധ്യത്തിലേക്ക് നയിക്കുന്ന സത്യാന്വേഷണം, വിശുദ്ധിയിലേക്കാനയിക്കുന്ന മാനസാന്തരം എന്നിവ ഒന്നിച്ചു പോകണം.

b) വ്യവസ്ഥാപിത സഭകൾ എല്ലാം പൊള്ളയാണ്. യഥാർത്ഥ 'സ്വർഗം' വ്യക്തിയുടെ 'ഉള്ളിൽ' തന്നെയാണ്.

c) ദൈവപ്രകാശം മനുഷ്യനിൽ പ്രവേശിച്ച് അവനെ ശുദ്ധീകരിച്ച് അവനെ വിശ്വാസത്തിൽ നിലനിർത്തുന്നു.

d) സമൂഹത്തിൽ സുവിശേഷവും സാക്ഷ്യവും നൽകി, അതിനെ രൂപാന്തരത്തിലേക്ക് നയിക്കുവാൻ ഇത് വ്യക്തിയെ നിർബന്ധിക്കുന്നു.

e) വിശ്വാസത്തിന്റെ ഉടമസ്ഥരാകണം (Possessors). വിശ്വാസത്തിന്റെ ഉപദേശകരാകണമെന്നില്ല (Professors).

എല്ലാവിധ വ്യവസ്ഥാപിതവും ഔദ്യോഗികവുമായ പ്രവണതകളെയും അനീതിയേയും അധാർമ്മികതയേയും എതിർത്തു.

വ്യക്തിഗതമായ 'ബോധ്യം' (Conviction) വേദപുസ്തകത്തിന്റെ ആധികാരികതയെത്തന്നെ ചോദ്യം ചെയ്യത്തക്കവിധം 'ദൈവശക്തി'യായി അവർ കരുതി. ചിലപ്പോഴൊക്കെ ഭ്രാന്തിന്റെ ലക്ഷണങ്ങൾ പോലും ഈ വിധത്തിലുള്ള ബോധ്യത്തിൽ നിന്നുളവായിട്ടുണ്ട്. ആണയിടുക, ദശാംശം മാത്രം നൽകുക എന്നിവ നിഷിദ്ധമാണ്. മൗനാരാധന നടത്തുന്ന ഇവർ ചിലപ്പോഴൊക്കെ മതിഭ്രമം (Ecstacy), ഉന്മാദം എന്നിവയിലേക്ക് വഴുതി വീഴാറുണ്ട്. വലിയ ഇളക്കക്കാരായതുകൊണ്ടാകാം ക്വേക്കേഴ്സ് എന്ന പേര് കിട്ടിയത്.

### 4) പെന്തക്കൊസ്തൽ ആദ്ധ്യാത്മികത (Pentacostal)

എല്ലാ പ്രധാന സഭകളിൽ നിന്നും അനേകം ആളുകളെ ആകർഷിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രതിഭാസമായിത്തീർന്നിരിക്കുന്ന ഒരു ആദ്ധ്യാത്മികതയാണിത്. കത്തോലിക്കാ, ഓർത്തഡോക്സ്, പ്രോട്ടസ്റ്റണ്ട് എന്ന പോലെ നാലാമതൊരു വിഭാഗമായിത്തീരത്തക്കവിധമുള്ള സ്വാധീനമാണ് ആരംഭകാലത്ത് ഈ ആദ്ധ്യാത്മികതയ്ക്കുണ്ടായിരുന്നത്. ആദിമസഭയുടെ പെന്തിക്കൊസ്തി ദിനത്തിലെ അനുഭവത്തിലേക്ക് തിരിച്ചുപോകലാണ് ഇത് ലക്ഷ്യമാക്കുന്നത്. പുതിയനിയമസഭയുടെ ജീവിതശൈലിയാണ് മാതൃകയായി എടുക്കാൻ ശ്രമിക്കുന്നത്.

18–ാം നൂറ്റാണ്ടിലെ വെസ്ലിയൻ സഭയുടെ സ്വാധീനം ഇവർക്ക് ലഭിച്ചു കാണണം. 19–ാം നൂറ്റാണ്ടിലെ ഇർവിങ്ങ്, പിന്നീടുണ്ടായ നവീന പ്രതിഭാസങ്ങൾ എല്ലാം ഈ പെന്തക്കൊസ്തൽ പ്രസ്ഥാനത്തിന് സഹായമായി വർത്തിച്ചു കാണും. ആത്മാവിലുള്ള സ്നാനമാണ് (Baptism in Spirit) അടിസ്ഥാനപ്രമാണം. മറുഭാഷ സംസാരിക്കുന്നത് ആത്മാഭിഷേകത്തിന്റെ ലക്ഷണമായി കാണുന്നു. അത്ഭുത പ്രവർത്തനങ്ങൾ, രോഗശാന്തി എന്നിവയ്ക്കുള്ള വരങ്ങളും അതെത്തുടർന്ന് പ്രതീക്ഷിക്കുന്നുണ്ട്. "അസംബ്ലീസ് ഓഫ് ഗോഡ്", "എലീം ചർച്ച്", "അപ്പോസ്തോലിക് ചർച്ച്" എന്നീ പേരുകളിലും പല ഭാഗങ്ങളിൽ അറിയപ്പെടുന്നു. പ്രധാന സഭകളിൽ നിന്നെല്ലാം വിട്ട് പ്രാദേശിക കോൺഗ്രിഗേഷനുകളും സഭകളുമായി, ഓരോ നേതാക്കന്മാരുടേയോ, ദേശത്തിന്റേയോ പേരിൽ അറിയപ്പെട്ടു തുടങ്ങി. ശിശുസ്നാനം തെറ്റാണെന്നും, വിശ്വാസ സ്നാനം തന്നെ വേണമെന്നും ശഠിക്കുന്നു. പരിശുദ്ധാത്മ സ്നാനം പ്രാപിച്ചവർ

ആത്മാവിൽ നയിക്കപ്പെടുന്നവരായും ക്രിസ്തുവിൽ ജീവിക്കുന്ന അനുഭവമുള്ളവരുമാണെന്നും അവകാശപ്പെടുന്നു. സ്തുതി, ഹാലേലുയ്യാ, കൈയ്യടി തുടങ്ങിയവയിലൂടെ സന്തോഷം പ്രകടിപ്പിക്കപ്പെടുന്നു. വേദവചനം പ്രസംഗിക്കുക സ്വഭാവമായിത്തീരുന്നു. വേദപുസ്തകം മാത്രം സത്യമായി കരുതുന്നു. ഗാനങ്ങൾക്ക് വളരെ പ്രധാന്യമുണ്ട്. സ്വന്തമായും സ്വതന്ത്രമായും പ്രാർത്ഥിക്കാം. കയ്യുയർത്തി, നൃത്തം ചെയ്തും, തുള്ളിക്കൊണ്ടും ആരാധിക്കുന്നത് ആത്മാവിന്റെ ലക്ഷണമായി കരുതി പ്രോത്സാഹിപ്പിക്കപ്പെടുന്നു. മറുഭാഷയ്ക്കു പുറമെ, പ്രവചനം, ദർശനം, വ്യാഖ്യാനം, രോഗശാന്തി, ജ്ഞാനോപദേശം എന്നിവയെല്ലാം ഇവരുടെ പ്രത്യേകതകളാണ്.

പൗരാണിക സഭകളുടെ അലസതയെ ഉണർത്തുവാൻ ഇവർക്ക് കഴിയുന്നു. ബൗദ്ധികവേദശാസ്ത്ര സമീപനത്തിന്റെ ശൂന്യതയിലേക്ക് വെളിച്ചം വീശുന്നു; സാമൂഹ്യജീവിതത്തിൽ ദൈവിക സാന്നിദ്ധ്യം വ്യാപകമായ അനുഭവവേദ്യമാക്കുന്നു. ദൈവത്തെ കൂടുതൽ സാമീപ്യമുള്ളതാക്കിത്തീർക്കുന്നു; ഭൗതികതയിലേയ്ക്ക് ആത്മീയത കലർത്തുന്നു തുടങ്ങിയ നല്ല വശങ്ങൾ ഇതിന് ചൂണ്ടിക്കാണിക്കാനുണ്ടെങ്കിലും, പുതുമയ്ക്കും പരീക്ഷണത്തിനുമായി ഈ ആദ്ധ്യാത്മികത പലപ്പോഴും തരം താഴ്ത്തപ്പെടുവാനും ഇടയാകുന്നുണ്ട്.

പെന്തക്കൊസ്തൽ വിഭാഗങ്ങളുടെ ശക്തി കുറഞ്ഞ് വന്ന് "നിയോ പെന്തക്കൊസ്തലിസം" എന്ന പുതിയ ഒരു 'ആത്മീയത' വളർന്നു വരുവാനിടയായിട്ടുണ്ട്. 'കരിസ്മാറ്റിക് പ്രസ്ഥാനം' എന്ന് ഇത് അറിയപ്പെടുന്നു. വിശ്വാസികൾ, അവരവരുടെ സഭകളിൽ നിന്നുകൊണ്ടു തന്നെ, ആത്മീയ അനുഭവങ്ങളിലേക്കും, പെന്തക്കൊസ്തൽ അനുഭവത്തിലേക്കും, 'പരിശുദ്ധാത്മാഭിഷേകത്തിലേക്കും' രൂപാന്തരപ്പെട്ടു വരിക എന്നതാണ് കരിസ്മാറ്റിക് പ്രസ്ഥാനങ്ങളുടെ പഠിപ്പിക്കൽ. ഈ പ്രതിഭാസം, സഭയെ ശുദ്ധീകരിച്ച് ബലപ്പെടുത്തുവാൻ ദൈവം തന്നെ നൽകിയ ദാനമായും കരുതുന്നവർ സഭയ്ക്കകത്തും പുറത്തും ധാരാളമുണ്ട്.

### 5) കരിസ്മാറ്റിക് ആദ്ധ്യാത്മികത (Charismatic)

എല്ലാ സഭാ വിഭാഗങ്ങളിലും വ്യാപിച്ചുകൊണ്ടു വരുന്ന ഈ ആദ്ധ്യാത്മികത "കൃപാവരങ്ങൾക്ക്" (1 കൊരി. 12-14) പ്രാധാന്യം നൽകുന്നു. പെന്തക്കൊസ്തൽ പ്രസ്ഥാനത്തിന്റെ ഒരു പുതിയ രൂപം എന്നും വിശേഷിപ്പിക്കാവുന്നതാകയാൽ 'നിയോ പെന്തക്കൊസ്തലിസം' എന്ന പേരിലും പല സ്ഥലങ്ങളിൽ അറിയപ്പെടുന്നു. "പരിശുദ്ധാത്മ സ്നാനം" പ്രാപിക്കുന്നതിലൂടെയാണ് ആത്മവരങ്ങൾ വിശ്വാസികൾക്ക് ലഭിക്കുന്നത് എന്ന് പഠിപ്പിക്കുന്നു. 1960-ന് ശേഷമാണ് അമേരിക്കയിലും ഇംഗ്ലണ്ടിലു

മായി ഈ പ്രസ്ഥാനം വളർന്നു വന്നത്. അതതു സഭകളിൽ നിന്നു കൊണ്ട് തന്നെ ഈ ആദ്ധ്യാത്മികത ആചരിക്കുന്നു എന്നതിനാൽ കൃത്യമായ ഒരു പേര് ഇതിന് കൊടുക്കുവാനും, എത്രപേർ അംഗങ്ങളായിട്ടുണ്ടെന്നറിയാനും സാദ്ധ്യമല്ല.

വേദപുസ്തകാടിസ്ഥാനത്തിൽ കൈയുയർത്തി പ്രാർത്ഥന, കയ്യടിച്ച് പാടുക, പ്രസംഗം, ഹാലേലൂയ്യാ സ്തോത്രം ഉച്ചത്തിൽ പറച്ചിൽ ഇവയെല്ലാം പ്രത്യേകതകളാണ്. പ്രസിദ്ധീകരണങ്ങൾ, ടി.വി. പ്രോഗ്രാം എന്നിവയിലൂടെ പ്രചരണം നടത്തുന്നു. ധ്യാനയോഗങ്ങളിൽ, അത്ഭുത രോഗശാന്തി, പാപം ഏറ്റുപറച്ചിൽ എന്നിവ പതിവുണ്ട്.

1967-ൽ റോമൻ കത്തോലിക്കാ സഭ ഔദ്യോഗികമായി ഈ ആദ്ധ്യാത്മികത സ്വീകരിച്ചതോടെ, സഭയുടെ നേതൃത്വം കുറെ ഇതിനെ സ്വാധീനിച്ചു. ഇതു സംബന്ധിച്ച് പല ഗ്രന്ഥങ്ങളും പ്രസിദ്ധീകൃതമായി. 'ആത്മാവിലുള്ള ജീവിതം' എന്ന ആശയം തന്നെ പലയിടങ്ങളിൽ പഠന വിഷയങ്ങളായിത്തീർന്നു. മറുഭാഷ, പ്രവചനം, രോഗശാന്തി, ഭൂതങ്ങളെ പുറത്താക്കൽ എന്നീ പ്രതിഭാസങ്ങൾ ഇവരിൽ കണ്ടുവരുന്നു പല പ്രധാന സഭകളും ഇവയുടെ അപകടങ്ങളെപ്പറ്റി സഭാംഗങ്ങളെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നുണ്ടെങ്കിലും ഈ പ്രസ്ഥാനം വ്യാപകമായി വളർന്നുകൊണ്ടിരുന്നു. ഉപഭോഗ സംസ്കാരത്തിനടിമയായ മനുഷ്യന് തനിക്ക് പ്രയോജനം ചെയ്യുന്ന ഒരു ദൈവത്തെ അന്വേഷിക്കുന്ന പ്രവണതയുണ്ടാകുന്നത് സ്വാഭാവികമാണ്. ദൈവത്തെ എന്തുമാത്രം പ്രസാദിപ്പിക്കാൻ കഴിയും, ദൈവത്തിന് എന്തുമാത്രം പ്രയോജനമുള്ളവരാകാൻ കഴിയും എന്ന് അന്വേഷിക്കുന്ന യഥാർത്ഥ ദൈവഭക്തന്, സ്വന്ത കാര്യസാദ്ധ്യത്തിനായുള്ള ഉപാധിയായി ദൈവത്തെയോ ആദ്ധ്യാത്മികതയേയോ കാണാൻ ആവില്ല. കഷ്ടങ്ങൾ സഹിക്കേണ്ടി വന്നാലും, ദൈവത്തിന്റെ ഇഷ്ടം നിവൃത്തിക്കുവാനുള്ള ആത്മീയശക്തിക്കായിട്ടാണ് അങ്ങനെയുള്ളവർ കാത്തിരിക്കേണ്ടത്. സ്വന്തകാര്യസാധ്യത്തിനായി നടത്തപ്പെടുന്ന ആത്മികത തീക്ഷ്ണമായി നിവൃത്തിക്കപ്പെടാറുണ്ടെങ്കിലും ദൈവിക നടത്തിപ്പിന് വിധേയപ്പെടാൻ അത് സഹായിക്കുന്നില്ലെങ്കിൽ, അതിനെ ഉപേക്ഷിക്കുന്നതാണ് ഭക്തന് നല്ലത്.

1975-ൽ ഏകദേശം 10,000 കരിസ്മാറ്റിക് കത്തോലിക്കർ പോൾ ആറാമൻ മാർപാപ്പായെ കണ്ടു സംസാരിച്ചതിന്റെ വെളിച്ചത്തിൽ, അനൗദ്യോഗികമായ ഒരു അംഗീകാരം ഈ പ്രസ്ഥാനത്തിന് ലഭിക്കുകയുണ്ടായി. പിന്നീട് ജോൺ പോൾ രണ്ടാമനുമായും സംഭാഷണമുണ്ടാകുകയും തൽഫലമായി കൂടുതൽ അംഗീകാരം ലഭിക്കുകയും ചെയ്തു. പ്രൊട്ടസ്റ്റണ്ട് സഭകളും ഓർത്തഡോക്സ് സഭകളും നിരോധനമൊന്നും ഏർപ്പെടുത്തിയിട്ടില്ല. പല സഭകളും മൗനാനുവാദം നൽകുന്നുമുണ്ട്.

പെന്തക്കൊസ്തൽ പ്രസ്ഥാനം സമൂഹത്തിലെ താഴെക്കിടയിലുള്ള വരെയാണ് കൂടുതലായി സ്വാധീനിച്ചതെങ്കിൽ, കരിസ്മാറ്റിക് പ്രസ്ഥാനം പൊതുവെ ഇടത്തരക്കാരേയും, മേലെക്കിടയിലുള്ളവരെയുമാണ് ആകർഷിക്കുന്നത് എന്നത് ഒരു പ്രത്യേകതയാണ്.

ഒരു പുതുമയ്ക്കുവേണ്ടി പോകുന്നവരുണ്ട്. രോഗശാന്തി, സ്വന്തകാര്യലാഭം, ലൗകികനേട്ടങ്ങൾ തുടങ്ങിയവ ലക്ഷ്യമാക്കി പോകുന്നവരുണ്ട്. വൈകാരിക സ്വസ്ഥതയാണ് ആത്മീയ അനുഭവമെന്ന് ധരിച്ച് ആഴമായ ആത്മീയതയ്ക്ക് ശ്രമിക്കാതെയിരിക്കാനുള്ള സാധ്യതയുണ്ട്. മറ്റുള്ളവരേക്കാൾ ഒരു പടി ഉയർന്നവരാണെന്ന ആത്മീയ നിഗളത്തിലേക്ക് വീണുപോകാനിടയുണ്ട്. ഏറ്റവും വലിയ 'ആത്മീയവരം' സ്നേഹമാണെന്നും, അത് ഏതു സാഹചര്യത്തിലും പാലിക്കുവാൻ എല്ലാവരും കടപ്പെട്ടവരാണെന്ന ബോധ്യം നഷ്ടപ്പെടാനും ഇടയാകാതെ സൂക്ഷിക്കണം. കഴിഞ്ഞ നൂറ്റാണ്ടുകളിൽ, പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് ഇല്ലായിരുന്നു എന്ന തെറ്റായ ധാരണയിലെത്താനിടയുണ്ട്. ഇനിയും 'ആത്മാവിന്റെ' പേരിൽ പുതിയ പ്രസ്ഥാനങ്ങൾ ഉണ്ടായിവരാനിടയുണ്ടെന്നതിനാൽ, ഈ ആദ്ധ്യാത്മികത വളരെ ശ്രദ്ധയോടും കരുതലോടും കൂടി കൈകാര്യം ചെയ്യേണ്ടതാണ്. വിശ്വാസത്തിലേക്ക് വരാത്തവർക്ക് വിശ്വാസം ഉളവാക്കാൻ പ്രയോജനപ്പെടുമായിരിക്കും. അങ്ങനെയുള്ളവർ ക്രിസ്തുവിനെ അനുഗമിക്കുമെങ്കിൽ അത്രയും നല്ലതു തന്നെ. എന്നാൽ സ്ഥിരമായി ക്രിസ്തീയ വിശ്വാസത്തിൽ നിലനിൽക്കുവാൻ, വ്യവസ്ഥാപിതമായി പാലിച്ചുവരുന്ന ആത്മീയപാരമ്പര്യങ്ങൾ വേണ്ടിവരും. അതേസമയം യഥാർത്ഥ ദൈവാശ്രയത്തിലേയ്ക്ക് നയിക്കാനുതകുന്ന സമീപനങ്ങളെ കണ്ടെത്തി യഥാസമയം സ്വീകരിക്കേണ്ടതും വ്യവസ്ഥാപിത ജീവിതത്തിൽ അത്യന്താപേക്ഷിതമാണ്.

### 6) റാഡിക്കൽ ആദ്ധ്യാത്മികത (Radical)

സ്ഥാപനവൽക്കരണത്തിനെതിരെ 'രാഷ്ട്രീയ' മാതൃകയിലുള്ള ഒരു ആദ്ധ്യാത്മികതയാണിത്. ഒരു മതവിഭാഗത്തോടും പ്രത്യേകം കടപ്പാടില്ലാതെ, സമൂഹത്തിലെ തിന്മകൾക്കെതിരെ പോരാടുവാനുള്ള പ്രവർത്തന സംഘടനകളാണ് (Action groups) ഇതിന്റെ വക്താക്കൾ. പരമ്പരാഗത ആദ്ധ്യാത്മികതകളൊന്നും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും പ്രശ്നങ്ങളോട് പ്രതികരിക്കുന്നില്ലെന്നാണ് ഇവരുടെ പരാതി. ആയതിനാൽ, വിശ്വാസം കൈവിടാതെ തന്നെ, സമൂഹത്തിലിറങ്ങി പ്രവർത്തിക്കുക എന്നതാണ് പ്രധാന ദൗത്യം. അതിലൂടെ വ്യക്തിയും സമൂഹവും രൂപാന്തരം പ്രാപിക്കുന്നു. വ്യക്തിയുടെ വളർച്ചയേക്കാൾ സമൂഹത്തിന്റെ വളർച്ചയാണ് പ്രധാനമെന്ന് ഇവർ കരുതുന്നു. മതത്തിന്റെ "സ്വകാര്യത"

സമൂഹത്തിന്റെ 'മതനിരപേക്ഷത' എന്നിവ കണ്ടെത്തി ലയിച്ചു ചേരുവാനും ഇവർ ലക്ഷ്യമിടുന്നു. ഭൗതികതയും ആത്മീയതയും (Secular & Sacred) ഒന്നായിത്തീരുക എന്നതാണ് പ്രധാനം. പ്രാർത്ഥനയും ധ്യാനവും സമൂഹത്തിൽ ശരിയായി സേവിക്കുന്നതിനായിരിക്കണം. കൃപാവരങ്ങൾ സമൂഹത്തിന്റെ നന്മയ്ക്കാണ് നൽകപ്പെടുന്നത്. സഭകൾ തമ്മിൽ കൂടുതൽ അടുത്തുവരാനും സഹകരിച്ച് പ്രവർത്തിക്കുവാനും ഈ 'ആദ്ധ്യാത്മികത' വഴിതെളിയിച്ചിട്ടുണ്ട്.

### 7) ലിബറേഷൻ ആദ്ധ്യാത്മികത (Liberation)

മർദ്ദിതരുടേയും ദരിദ്രരുടെയും കൂടെയാണ് എല്ലാ വേദപ്രമാണങ്ങളും നിൽക്കുന്നത് എന്നതിനാൽ, വേദപ്രമാണം വിശ്വസിക്കുന്നവരെല്ലാം ദരിദ്രർക്കുവേണ്ടി നിലകൊള്ളണമെന്ന് പഠിപ്പിക്കുന്നു. പ്രത്യേക നേതൃത്വമൊന്നുമില്ല. പ്രത്യേക മാതൃകയിലുള്ള ആദ്ധ്യാത്മികത ഇല്ലെങ്കിലും, മർദ്ദനത്തിൽ നിന്നും വിമോചിപ്പിക്കുന്ന രക്ഷകനായി യേശുവിനെ പിൻപറ്റുവാൻ ഈ ആശയം പ്രേരണ നൽകുന്നു. മിസ്രയിമിൽ നിന്നും യിസ്രായേല്യരെ വിടുവിച്ച മോശയിൽ കാണുന്ന വിമോചകനെ (Liberator) യാണ് യേശുവിൽ ഈ കൂട്ടർ കാണുന്നത്. 'നിന്റെ രാജ്യം ഇപ്പോൾ വരണം.... നിന്റെ ഇഷ്ടം ഇവിടെ നിവർത്തിക്കപ്പെടണം' ഇതാണ് ലിബറേഷൻകാരുടെ പ്രാർത്ഥനയും അതിനായിട്ടുള്ള പ്രവർത്തനശൈലിയും.

### 8) എക്യുമെനിക്കൽ ആദ്ധ്യാത്മികത (Ecumenical)

വിവിധ സഭാവിഭാഗങ്ങളിൽ നിന്നുകൊണ്ടുതന്നെ, എന്തുമാത്രം ആദ്ധ്യാത്മികത പങ്കുവയ്ക്കാനാകും എന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു സമീപനം വളർന്നു വന്നത്. അക്രൈസ്തവരുടെയിടയിൽ ക്രിസ്തീയ സ്നേഹം പ്രകടിപ്പിക്കുവാനുള്ള ഒരു നല്ല വേദിയായി ഇതിനെ കാണുന്നതിൽ തെറ്റില്ല. വേദപുസ്തക വെളിച്ചത്തിൽ, ഒന്നിച്ചു കൂടാവുന്ന സാഹചര്യം ഒരുക്കുക എന്നതാണ് പ്രഥമപടിയായി സ്വീകാര്യമായത്. പരസ്പരം ഒന്നിച്ചു കൂടുമ്പോഴും കണ്ടുമുട്ടുമ്പോഴും ഒന്നിച്ച് ആരാധിക്കുമ്പോഴും കൂടുതൽ അടുപ്പത്തിനും സഹകരണത്തിനും അവസരമുണ്ടാകുന്നു. ഓരോരുത്തരുടെയും വിശ്വാസത്തെയോ, പ്രത്യേകതകളേയോ സ്പർശിക്കാതെ തന്നെ ആത്മീയാനുഭവങ്ങൾ പങ്കുവയ്ക്കാമെന്നും, പരസ്പരപൂരകമായ നിലയിൽ ആത്മീയതയിൽ വളർന്നു വരാമെന്നുമുള്ള പ്രതീക്ഷയാണ് ഈ പ്രസ്ഥാനത്തെ മുന്നോട്ട് നയിക്കുന്നത്.

യേശുക്രിസ്തുവിന്റെ മഹാപുരോഹിത പ്രാർത്ഥനയെ (യോഹ. 17) അടിസ്ഥാനമാക്കി ഐക്യത്തിനായുള്ള പ്രാർത്ഥനകളും പ്രവർത്തനങ്ങളുമാണ് മുഖ്യപരിപാടികൾ. 'ഐക്യപ്രാർത്ഥനാവാരങ്ങൾ' അഖില

ലോകതലത്തിൽ തന്നെ സംഘടിപ്പിക്കുവാൻ ഈ പ്രസ്ഥാനത്തിന് കഴിയുന്നുണ്ട്. പ്രധാനപ്പെട്ട സഭകളെല്ലാം തന്നെ ഈ പ്രാർത്ഥനാവാരത്തിൽ സജീവമായി പങ്കെടുക്കുന്നു. 1997 ജനുവരി ആദ്യവാരത്തിൽ, യെരുശലേമിൽ വച്ച് നടന്ന ഐക്യപ്രാർത്ഥനയിൽ ഗ്രീക്ക് ഓർത്തഡോക്സ്, സിറിയൻ, എത്യോപ്യൻ, അർമ്മേനിയൻ, കോപ്റ്റിക്, ഇന്ത്യൻ ഓർത്തഡോക്സ്, കത്തോലിക്കാ, ആംഗ്ലിക്കൻ, ലൂഥറൻ, മെത്തേഡിസ്റ്റ് തുടങ്ങിയ വിവിധ സഭകളിൽ നിന്നെല്ലാം പ്രതിനിധികൾ സംബന്ധിച്ച് അവരവരുടെ ഭാഷകളിൽ ആരാധന നടത്തിയത്, അതും യെരുശലേമിലെ വിവിധ ദേവാലയങ്ങളിൽ വച്ച് നടത്തിയത് വലിയ ഒരു അനുഭവവും അനുഗ്രഹവുമായിരുന്നു. സെഹിയോൻ മാളികയിൽ, ആദ്യത്തെ സഭ സമ്മേളിച്ച മുറിയിൽ, കർത്താവ് വി. കുർബ്ബാന സ്ഥാപിച്ച മുറിയിൽ, പെന്തക്കൊസ്തി ദിനത്തിൽ പരിശുദ്ധാത്മാവ് ഇറങ്ങി ആവസിച്ച മുറിയിൽ വച്ച് ലോകസഭകളുടെ പ്രതിനിധികൾ ഐക്യത്തിനും സമാധാനത്തിനുമായി പ്രാർത്ഥിച്ച കൂട്ടത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് മലയാളത്തിലും, ഇംഗ്ലീഷിലും പ്രാർത്ഥിപ്പാൻ ബലഹീനനായ എനിക്കും അവസരം കിട്ടിയത് വലിയ ഒരു ഭാഗ്യമായി കരുതി ദൈവത്തെ സ്തുതിക്കുന്നു.

എക്യുമെനിക്കൽ ആദ്ധ്യാത്മികതയിലൂടെ, ക്രിസ്തുവിന്റെ മനസ്സും ദൈവാത്മാവിന്റെ വ്യാപാരവുമായി ബന്ധപ്പെടുവാൻ കഴിയുന്നു എന്നതും നൂറ്റാണ്ടുകളായി അകന്നു കഴിഞ്ഞിരുന്ന സഭാംഗങ്ങൾ ഒന്നിച്ചു കൂടുവാൻ കഴിയുന്നു എന്നതും വലിയ കാര്യം തന്നെയാണ്. സഭകൾ ആത്മശോധന നടത്താനും, പല മേഖലകളിലും സ്വയം തിരുത്താനും, മറ്റു സഭകൾക്ക് പ്രചോദനം നൽകാനും ഇപ്രകാരമുള്ള കൂടിവരവുകൾ സഹായിക്കുന്നു.

ഒന്നിച്ചു കൂടിവരുന്നതു വഴിയുണ്ടാകുന്ന ചർച്ചകളും ആലോചനകളും പുതിയ പന്ഥാവിലേക്ക് സഭകളെ നയിക്കുവാൻ സഹായിക്കുന്നു. സകലത്തേയും രമ്യമാക്കുന്ന അനുഭവത്തിലേക്ക് ദൈവാത്മാവ് ഈ കൂടിവരവിലൂടെ സഭകളെ നയിക്കുന്നു.

ആത്മീയ പുതുക്കത്തിനും സന്തോഷത്തിനുമായുള്ള അവസരമായും എക്യുമെനിക്കൽ ആദ്ധ്യാത്മികത വഴിനയിക്കാറുണ്ട്. സഭയുടെ പ്രവർത്തനം ശരിയായി നടത്തപ്പെടണമെങ്കിൽ ക്രിസ്തുവിലുള്ള ഐക്യം ശരിയായി ബോദ്ധ്യപ്പെടേണ്ടിയിരിക്കുന്നു.

സഭകളൊന്നിച്ച് നടപ്പാക്കാവുന്ന പ്രവർത്തനങ്ങൾ ക്രിസ്തീയ സാക്ഷ്യത്തിനും, തന്മൂലം ദൈവനാമ മഹത്വത്തിനും ഇടയാക്കും. അങ്ങനെ ക്രിസ്തുവിലുള്ള സ്നേഹം ലോകം മുഴുവൻ അറിയപ്പെടാൻ

അന്ധകാരത്തിലിരിക്കുന്ന ജനം ക്രിസ്തുവിന്റെ പ്രകാശത്തിലേക്ക് വരുവാൻ എക്യുമെനിക്കൽ ആദ്ധ്യാത്മികത സഹായിക്കുമെന്നതിനാൽ അതിനെ പ്രോത്സാഹിപ്പിക്കേണ്ടത് എല്ലാ സഭാംഗങ്ങളുടെയും ചുമതലയാണ്. അതേസമയം അവരവരുടെ സഭയുടെ ദർശനങ്ങളേയും പാരമ്പര്യങ്ങളേയും ആചാരാനുഷ്ഠാനങ്ങളേയും കൂടുതൽ ഉത്സാഹത്തോടെ പാലിക്കുകയും, മറ്റുള്ളവരുടെ വിശ്വാസത്തേയും ആചാരങ്ങളേയും ആദരവോടെ കാണുകയും ചെയ്യേണ്ടതാണ്. അതില്ലാതെ വന്നാൽ എക്യുമെനിക്കൽ ആദ്ധ്യാത്മികതയുടെ ശക്തിയും പുതുമയും ജീവനും നഷ്ടപ്പെടാനിടയാകും.

### 9) പരിസ്ഥിതി ആദ്ധ്യാത്മികത (Eco-Spirituality)

ദൈവം-പ്രപഞ്ചം-മനുഷ്യൻ എന്നിവ തമ്മിലുള്ള ബന്ധവും താളവും നിലനിർത്തിക്കൊണ്ടുള്ള സമീപനത്തിന് ഊന്നൽ കൊടുക്കുന്ന ആദ്ധ്യാത്മികതയാണിത്. ഭൂമിയെ കാത്തുസൂക്ഷിക്കാനും, കൃഷി ചെയ്യാനുമായുള്ള ദൗത്യമായിരുന്നു ഏദൻതോട്ടത്തിൽ ആദാമിനെ ദൈവം ഭരമേൽപിച്ചത് (ഉല്പ. 2:15). സ്വന്തം സുഖത്തിനും, സൗകര്യത്തിനും, ആഗ്രഹത്തിനും വേണ്ടി ഭൂമിയേയും, ഭൂമണ്ഡലത്തേയും നശിപ്പിക്കുന്ന ആധുനിക ഉപഭോക്തൃ സമീപനം 'പരിസ്ഥിതി'യുടെ സമതുലനാവസ്ഥയെ തകിടം മറിക്കാനിടയായിട്ടുണ്ട്. അന്തരീക്ഷ മലിനീകരണം, വന നശീകരണം, അണുപ്രസരം, രാസപ്രയോഗങ്ങൾ, കൃത്രിമ ഉൽപന്നങ്ങൾ, ആധുനിക ശാസ്ത്ര സാങ്കേതികത തുടങ്ങിയ നൂതന പ്രവണതകൾ മനുഷ്യനും പ്രകൃതിയും ദൈവവുമായുള്ള താളാത്മകത നഷ്ടപ്പെടുത്താൻ ഇടയാകാതെ സൂക്ഷിക്കേണ്ടതാണ്.

മനുഷ്യർക്ക്, അതും വളരെക്കുറച്ച് പേർക്കു മാത്രം സുഖിച്ച് ജീവിക്കുവാൻ വേണ്ടി ഭൂരിഭാഗം വരുന്ന മനുഷ്യരേയും ജീവജാലങ്ങളേയും സസ്യലോകത്തേയും നശിപ്പിച്ചുകൊണ്ടിരിക്കുന്ന ആധുനിക ചൂഷണ സംസ്കാരം മൂലം മനുഷ്യൻ ദൈവത്തോടും പ്രപഞ്ചത്തോടുമുള്ള കടമ മറക്കുന്നു എന്ന് മാത്രമല്ല സ്വയം അന്യവൽക്കരിക്കപ്പെടുകയും ചെയ്യുന്നു. ഈ അന്യവൽക്കരണത്തിന്റെ (alienation) ദുഃഖഭാരവും ചുമന്നുകൊണ്ട് അത്യന്താധുനികതയുടെ (Post-modern) മുഖാവരമണിഞ്ഞ് നാശത്തിലേക്ക് കൂപ്പുകുത്തി വീഴുന്ന ആധുനിക മനുഷ്യന്, ശാന്തിയും സമാധാനവും നിഷേധിക്കപ്പെടുന്നു. ഇപ്രകാരം നഷ്ടബോധവുമായി കഴിഞ്ഞുകൂടുന്ന മനുഷ്യമസ്തിഷ്കത്തിലുരുത്തിരിയുന്ന പുതിയ 'കണ്ടെത്തലുകൾ' സമൂഹത്തിൽ സാമ്പത്തികനീതിയും, സദാചാര നഷ്ടവും, യുദ്ധഭീഷണിയും, ഭീകരരോഗങ്ങളും, രാഷ്ട്രീയ പ്രതിസന്ധികളും ക്ഷണിച്ചു വരുത്തുന്നു. ഈ സാഹചര്യത്തിൽ ഭൂമണ്ഡലം,

ജീവമണ്ഡലം, മനോമണ്ഡലം എന്നീ മൂന്നു ഘടകങ്ങളെ സമന്വയിപ്പിച്ചു നിർത്തുന്ന ഒരു ആദ്ധ്യാത്മിക സമീപനത്തിനാണ് "അധിവാസ ആദ്ധ്യാത്മികത" (Ecological Spirituality) അഥവാ 'പരിസ്ഥിതി ആദ്ധ്യാത്മികത' എന്നു പറയുന്നത്.

അത്യന്താധുനിക ശാസ്ത്ര-സാങ്കേതിക വിദ്യകൾ, വ്യവസായ നാഗരികത, വികസന പ്രത്യയശാസ്ത്രം തുടങ്ങിയ പ്രതിഭാസങ്ങൾ, ഒരു വിധത്തിൽ മനുഷ്യനന്മയ്ക്കായി വളർന്നുവന്നവയാണെങ്കിലും, പ്രയോഗത്തിൽ ഉപഭോഗാസക്തി, വർഗ്ഗീയകലാപങ്ങൾ, നിർമ്മനുഷ്യത്വം തുടങ്ങിയ സാമൂഹ്യതിന്മകൾ വളർത്തുവാനായി അവ ദുരുപയോഗിക്കപ്പെടുന്നു എന്നതാണ് പരമാർത്ഥം. മലിനീകരണം, ഊർജപ്രതിസന്ധി, അണുപ്രസരം, ജനിതക പേറ്റന്റ് (ക്ലോണിങ്ങ്), ചപ്പുചവറു കൂമ്പാരങ്ങൾ, കൃത്രിമോപഗ്രഹങ്ങൾ തുടങ്ങിയ പ്രശ്നങ്ങളെല്ലാം പരിസ്ഥിതി ആദ്ധ്യാത്മികതയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്.

പ്രപഞ്ചം മുഴുവൻ ദൈവത്തിന്റെ വകയാണെന്നും, മനുഷ്യൻ ദൈവ പ്രതിനിധിയായി, അതിനെയും അതിലുള്ളതിനേയും സംരക്ഷിക്കുവാനും, പോഷിപ്പിക്കുവാനും ദൈവത്താൽ നിയമിക്കപ്പെട്ടവനാണെന്നും, കാര്യവിചാരകത്വത്തെ മറന്നും ധിക്കരിച്ചുംകൊണ്ട്, സ്വന്തസുഖത്തിനായി സൃഷ്ടിയെ ചൂഷണം ചെയ്യുന്നതും, നശിപ്പിക്കുന്നതും അവസാനിപ്പിച്ചില്ലെങ്കിൽ, ദൈവശിക്ഷ തന്നെ നേരിടേണ്ടി വരുമെന്ന യാഥാർത്ഥ്യം മനുഷ്യൻ മനസ്സിലാക്കിയേ തീരൂ. പ്രപഞ്ചസൃഷ്ടിയിലുള്ള എല്ലാത്തിനേയും സ്വന്തമായി കരുതി അവരെ സ്നേഹിച്ചും താലോലിച്ചും പരിരക്ഷിച്ചും പോരുന്ന ഒരു ദിവ്യാനുഭൂതിയായി മനുഷ്യജീവിതത്തെ മനസ്സിലാക്കുവാനും ആസ്വദിക്കുവാനും കഴിയുവാൻ തക്ക ഉൾക്കാഴ്ച സമ്പാദിക്കുക എന്നതാണ് ആദ്ധ്യാത്മിക ജീവിതം വഴി നേടിയെടുക്കാനുള്ളത്.

പാഠം 5

# ആദ്ധ്യാത്മികത: ഓർത്തഡോക്സ് വീക്ഷണത്തിൽ

## A) മുഖവുര

റോമൻ കത്തോലിക്കാ, പ്രോട്ടസ്റ്റണ്ട് വിഭാഗങ്ങളുടെ ആദ്ധ്യാത്മികത യിൽ നിന്നും വളരെ ഭിന്നമായ ഒരു സമീപനമാണ് ഓർത്തഡോക്സ് സഭകൾ സ്വീകരിച്ചു വരുന്നത്. ദൈവത്തെപ്പറ്റിയും പ്രപഞ്ചത്തെപ്പറ്റിയും മനുഷ്യനെപ്പറ്റിയുമൊക്കെയുള്ള ഓർത്തഡോക്സ് വീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് ആദ്ധ്യാത്മികതയും വളർച്ച പ്രാപിക്കുന്നത്. പ്രപഞ്ചം മുഴുവൻ ദൈവത്തിന്റേതാണെന്നും, പരിശുദ്ധാത്മവ്യാപാരം ഇല്ലാത്ത ഒരിടം പോലുമില്ലെന്നും സഭയും സകലപ്രപഞ്ചവും ഒരൊറ്റ യാഥാർത്ഥ്യമായി തുടരുകയാണെന്നും, അവിടെ ഭൗതികം, ആത്മീയം എന്നീ വിഭജനത്തിന് പ്രസക്തിയില്ലെന്നും ഓർത്തഡോക്സ് സഭ വിശ്വ സിക്കുന്നു. ഈ ലോകത്തിൽ അതിന്റേതായ ഉറച്ച അടിത്തറയില്ലാത്തതി നാൽ, മാനസ്സാന്തരപ്പെട്ട്, ദൈവത്തിങ്കലേക്ക് തിരിഞ്ഞ് ക്രിസ്തുവാകുന്ന പാറമേൽ ചുവടുറപ്പിക്കുക എന്ന ഊന്നൽ ഓർത്തഡോക്സ് ആദ്ധ്യാ ത്മികതയിലും കാണുന്നുണ്ട്. ദൈവം, സകല തിന്മകളേയും അന്ധകാ രശക്തികളേയും അകറ്റുന്ന ശക്തിയേറിയ പ്രകാശമായും, ആ പ്രകാശം സ്വീകരിക്കുവാനും പ്രതിഫലിപ്പിക്കുവാനും കഴിവുള്ള ദൈവസ്വരൂപ ത്തിലും സാദൃശ്യത്തിലുമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്നും, ആകയാൽ ആ പ്രകാശത്തിൽ വസിക്കുക എന്നതാണ് ആത്യന്തികമായ ദൈവാനുഭവം എന്നും പ്രകാശവസ്ത്രം ധരിച്ചുകൊണ്ടുള്ള സ്വർഗീയ തീർത്ഥാടകരാണ് ക്രിസ്ത്യാനികളെന്നും, ആ തീർത്ഥാടനത്തിൽ വഴി യാഹാരമായി വി. കുർബാനാനുഭവം മൂലം പുഷ്ടിപ്പെടുക എന്നതും, സകല പ്രപഞ്ചത്തേയും ദൈവമുമ്പാകെ സമർപ്പിക്കുക എന്നതുമാണ് വി. കുർബ്ബാനയുടെ പൊരുൾ എന്നും അപ്പവീഞ്ഞുകൾ തിരുശരീരരക്ത മായി തീരുന്നതുപോലെ തന്നെ മനുഷ്യമക്കൾ ദൈവമക്കളായി തീരുന്ന ദൈവീകരണം നടക്കുന്നു എന്നും ഓർത്തഡോക്സ് സഭ വിശ്വസിക്കു കയും പഠിപ്പിക്കുകയും ചെയ്യുന്നു.

ഇപ്രകാരമൊരു ആദ്ധ്യാത്മികത മനുഷ്യബുദ്ധിക്ക് അതീതമാകയാൽ, 'രഹസ്യങ്ങളായി'ത്തന്നെ മനസ്സിലാക്കുകയേ നിവൃത്തിയുള്ളു. ദൈവിക മർമ്മങ്ങളെ മുഴുവനുമായി ഉൾക്കൊള്ളാൻ മനുഷ്യബുദ്ധിക്ക് കഴിവില്ലാ ത്തതിനാൽ വിശ്വാസമാകുന്ന പടിയിൽ കയറി നിന്ന് ദൈവത്തെ 'അബ്ബാ പിതാവേ' എന്നു വിളിച്ച് ആരാധിക്കുക മാത്രമേ സാധ്യമാകൂ. പുത്രത്വ മാകുന്ന വലിയ പദവി വി. മാമോദീസായിലൂടെ മനുഷ്യർക്ക് നൽകപ്പെ

ടുകയും വി. കൂദാശാനുഷ്ഠാനങ്ങളിലൂടെ അതിൽ വളർത്തപ്പെടുകയും ചെയ്യുന്നു. മനുഷ്യരോടു മാത്രമല്ല, മൃഗങ്ങളോടും, പക്ഷികളോടും സകല ജീവജാലങ്ങളോടും ദൈവികമനോഭാവത്തോടെ ഇടപെടുവാനുള്ള ഒരു അവസ്ഥയിലേക്കാണ് ദൈവത്തെ ആരാധിക്കുന്നതിലൂടെ മനുഷ്യൻ ഉയർത്തപ്പെടുന്നത്. മനുഷ്യബുദ്ധിക്ക് ഉൾക്കൊള്ളാവുന്നതിന്റെ മേഖലയ്ക്കപ്പുറത്താണ് ദൈവിക പ്രവർത്തനത്തിന്റെ വ്യാപ്തി നിലകൊള്ളുന്നത്.

'ജീവൻ' എന്നത് മനുഷ്യന്റെ ജീവൻ എന്ന ഹ്രസ്വമായ അർത്ഥത്തിലല്ല, സകല ജീവജാലങ്ങളുടേയും 'ജീവനും നിലനിൽപും' എന്ന നിലയിൽ മനസ്സിലാക്കേണ്ടതുണ്ട്. പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്ന ജീവന്റെ തുടിപ്പുമായി ഇണങ്ങിച്ചേരുന്ന ഒരു ജീവിതശൈലിയിലേക്കാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചാക്കിയത്. പ്രപഞ്ചത്തെ സംരക്ഷിക്കുക എന്നതായിരുന്നു മനുഷ്യനെ ദൈവം എൽപിച്ച ജോലി. പക്ഷെ മനുഷ്യന്റെ സ്വാർത്ഥത നിമിത്തം, പ്രപഞ്ചത്തിന്റെ മുഴുവനും താളലയങ്ങൾ തെറ്റിപ്പോയി. അതിനെ പൂർവാവസ്ഥയിലെത്തിക്കുക എന്ന ദൈവിക പദ്ധതിയെ മനുഷ്യൻ സ്വീകരിച്ച്, വിനയത്തോടെ ദൈവത്തോട് സഹകരിക്കുക എന്നതാണ് ഓർത്തഡോക്സ് ആദ്ധ്യാത്മികതയുടെ പ്രധാന ലക്ഷ്യം.

അതുകൊണ്ടു തന്നെ, ആദ്ധ്യാത്മികത എഴുതപ്പെട്ടതോ, പറയപ്പെടുന്നതോ ആയ രൂപരേഖയിൽ ഒതുങ്ങി നിൽക്കുന്നില്ല. നിരന്തരമായ രൂപാന്തരം സംഭവിക്കാൻ പ്രതീക്ഷിച്ചുകൊണ്ടുള്ള ഒരു ജീവിതക്രമമായി മാത്രമെ ആദ്ധ്യാത്മികതയെ കാണാൻ കഴിയൂ. ചില മാർഗനിർദ്ദേശങ്ങൾ നൽകാൻ കഴിഞ്ഞേക്കുമെന്നല്ലാതെ, ഇതാണ്, ഇതു മാത്രമാണ് ഓർത്തഡോക്സ് ആദ്ധ്യാത്മികത എന്ന് അക്കമിട്ട് എടുത്തു കാണിക്കുവാൻ കഴിയുമെന്ന് തോന്നുന്നില്ല. അതുകൊണ്ട് ഇത് ഒരു പഠനവിഷയമായി അവതരിപ്പിക്കാനും എളുപ്പമല്ല. എന്നിരുന്നാലും പരിമിതികൾ മനസ്സിലാക്കിക്കൊണ്ടു തന്നെ ഇക്കാര്യത്തിൽ കഴിയുന്നത്ര പ്രകാശം ലഭിക്കാൻ സഹായകമാകുമെന്ന് കരുതി ചില കാര്യങ്ങൾ ഇവിടെ കുറിക്കുന്നു.

### B) പ്രധാന ഊന്നലുകൾ

1) ഗദ്യരൂപത്തേക്കാൾ പദ്യരൂപത്തിൽ അവതരിപ്പിക്കുന്നതാണ് കൂടുതൽ സംവേദനക്ഷമമെന്നതിനാൽ ഓർത്തഡോക്സ് ആരാധനകൾ അധികവും പദ്യരൂപത്തിലാണ്. 2) മൂർത്തങ്ങളായ പ്രതീകങ്ങളിലൂടെ അമൂർത്തമായ അനുഭവത്തിലേക്ക് നയിക്കപ്പെടുമെന്നതിനാൽ, പ്രതീകങ്ങൾ ഓർത്തഡോക്സ് ആദ്ധ്യാത്മികതയിൽ കൂടുതലായി ഉപയോഗിക്കുന്നു. 3) ദീർഘരേഖാചരിത്രത്തേക്കാൾ (Linear) വൃത്താകാര ചരിത്രമാണ്

(Circular) കൂടുതൽ പരാമർശിക്കപ്പെടുന്നത്. അതായത് ചരിത്രത്തിൽ തന്നെ നിത്യതയും കൂടിക്കലർന്ന് ചരിത്രത്തെ ആവർത്തിച്ച് ആവിഷ്കരിക്കുന്നു. മണിക്കൂറുകൾ, ദിവസങ്ങൾ, ആഴ്ചകൾ, വർഷങ്ങൾ എന്നിവയിലൂടെ 'ക്രിസ്തുചരിത്രം' ഒരു വൃത്തമായി, ഒരു ആരാധനാചക്രമായി ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഭൂതം, വർത്തമാനം, ഭാവി എന്നിവ മൂന്നും 'നിത്യവർത്തമാന' കാലമായി നിലനിൽക്കുന്ന അനുഭവത്തിലേക്കാണ് 'ദൈവരാജ്യം' വിശ്വാസികളെ കൊണ്ടെത്തിക്കുന്നത്. 4) സഭ എന്നത് ഒരു കൂട്ടം വിശ്വാസികളുടെ സമൂഹമായിട്ടല്ല, വിശ്വാസികളുടെ 'മാതാവാ'യിട്ടാണ് ഗണിക്കപ്പെടുന്നത്. ജന്മം നൽകുന്നതും, പോഷണം നൽകുന്നതും, വളർത്തുന്നതും സഭയാകുന്ന മാതാവാണ്. വ്യക്തികളുടെ ഒരു സംഘടനയായി സഭയെ കാണാനാവില്ല. വളർത്തുന്ന മാതാവിന്, വാത്സല്യം നൽകാനും, വേണ്ടി വന്നാൽ ശിക്ഷ നൽകാനും ചുമതലയുണ്ട്. 5) അപ്രകാരമുള്ള ഒരു സഭാശാസ്ത്രവും ആരാധനാസംവിധാനവും ഭരണസമ്പ്രദായവുമാണ് ഓർത്തഡോക്സ് സഭകളിൽ എക്കാലവും നിലനിന്നു വരുന്നത്. പരിഷ്കാരത്തിന്റേയോ നവീകരണത്തിന്റേയോ പേരിൽ ഈ ക്രമീകരണങ്ങൾക്ക് കാര്യമായ വ്യതിയാനമൊന്നും വിശ്വാസതലത്തിൽ വരുത്തേണ്ടി വന്നിട്ടില്ലാത്തതിനാലും കൂടിയാകാം ഓർത്തഡോക്സ് എന്ന പേരിൽ തന്നെ ഈ സഭകൾ അറിയപ്പെടുന്നത്. 6) ആത്മികം - ഭൗതികം (Spiritual Vs Material), ലൗകികം - ദൈവികം (Secular Vs Sacred), പ്രവർത്തനക്ഷമം - ധ്യാനപരം (Active-Passive), പ്രായോഗികം - താത്വികം (Practical Vs Theoritical) തുടങ്ങിയ ദ്വൈത ഭാവങ്ങളൊന്നും ഓർത്തഡോക്സ് സഭകൾ പരിഗണിക്കുന്നില്ല. മനുഷ്യാവതാരത്തോടെ ഈ വ്യത്യാസങ്ങളെല്ലാം മാറ്റപ്പെട്ടു. ദൈവാത്മാവിന്റെ പ്രവർത്തനക്ഷമതയിൽ ആശ്രയിച്ചായതിനാൽ മാനുഷിക കാര്യക്ഷമത, പ്രായോഗികത എന്നതിനും തനതായ പ്രസക്തി ഇല്ലാതെയായി. 7) എല്ലാ പ്രസ്താവനകളും ലിഖിതങ്ങളും പരിമിതങ്ങളാണ്. 'യഥാർത്ഥ സത്യത്തെ' പ്രകടിപ്പിക്കുവാൻ മാനുഷിക മാധ്യമങ്ങൾ ഒന്നും പൂർണതോതിൽ പര്യാപ്തമല്ല. യാഥാർത്ഥ്യം കാഴ്ചയ്ക്കും അപ്പുറത്താണ്. ആയതിനാൽ കാണപ്പെടുന്ന സകലത്തിനുമപ്പുറത്തുള്ള അദൃശ്യമായ നിത്യസത്യത്തെ ആരാധിക്കുന്നതിനായി, ദൃശ്യമായതെല്ലാം മുഖാന്തിരങ്ങളായി പ്രതീകങ്ങളായി കണക്കാക്കപ്പെടുന്നു. അതേസമയം സൃഷ്ടി മുഴുവനും രൂപാന്തരപ്പെട്ട് പുതിയ ആകാശവും പുതിയ ഭൂമിയുമായി തീരുവാനുള്ള പ്രക്രിയയിൽ ദൃശ്യമായവയ്ക്ക് പങ്കാളിത്തമുണ്ട്. 8) സ്വർഗീയ തീർത്ഥാടനത്തിന്റെ അനുഭവത്തിൽ യാതൊന്നിനോടും അമിതമായി ബന്ധപ്പെട്ടിരിക്കാതെ, സകലത്തോടും ബഹുമാനവും നിസ്സംഗതയും പുലർത്തിക്കൊണ്ട്, സ്വയപരിത്യാഗികളായി, പ്രതികൂല സൈന്യങ്ങളോട് എതിർത്ത് പോരാടി, സ്വർഗ്ഗീയ കൂടാരത്തിൽ ചെന്നെ

ത്തുന്നതുവരെ തളരാതെ മുന്നേറുന്ന അനുഭവമാണ് ഓർത്തഡോക്സ് ആദ്ധ്യാത്മികതയുടെ പ്രധാന വശം. 9) ഈ അനുഭവത്തിലേക്ക് നയിക്കുന്ന ആരാധനാരീതികളും, അനുഷ്ഠാനക്രമങ്ങളും വിശ്വാസസംഹിതകളും ആത്മീയ അഭ്യസനങ്ങളും ജീവിതനിഷ്ഠകളും, വ്രതാനുഷ്ഠാനങ്ങളും, മാർഗനിർദ്ദേശങ്ങളുമെല്ലാം തിങ്ങി നിറഞ്ഞു നിൽക്കുന്ന ഒരു മരുഭൂപ്രയാണമാണ് ഓർത്തഡോക്സ് ആദ്ധ്യാത്മികത ലോകത്തിന് മുൻപിൽ അവതരിപ്പിക്കുന്നത്. അനന്തമായ, ശാന്തമായ, പ്രത്യാശാനിർഭരമായ ഒരു മരുഭൂപ്രയാണം! കനാനിലേക്കെന്നപോലെ സ്വർഗ്ഗനാട്ടിലേക്ക്!!

## C) അടിസ്ഥാന സ്രോതസുകൾ

ഓർത്തഡോക്സ് ആദ്ധ്യാത്മികതയുടെ വിവിധ തലങ്ങളായ വേദപുസ്തകം, വേദശാസ്ത്രം, ആത്മശിക്ഷണം, കൂദാശകൾ, ആരാധന, സഭാജീവിതം എന്നീ വിവിധ അടിസ്ഥാന സ്രോതസ്സുകൾ നമുക്ക് പരിശോധിക്കാം.

### 1) വേദപുസ്തകവും പാരമ്പര്യവും (Bible & Tradition)

എഴുതപ്പെട്ട പാരമ്പര്യമാണ് വേദപുസ്തകം, എഴുതപ്പെടാത്ത വേദപുസ്തകമാണ് പാരമ്പര്യം. അതായത്, ക്രിസ്തീയ പ്രമാണങ്ങൾ ആദിമസഭയിൽ നിലനിന്നിരുന്നത് യേശുക്രിസ്തുവിന്റെ രക്ഷാകരമായ ജനനവും പരസ്യശുശ്രൂഷയും മരണവും പുനരുത്ഥാനവുമാകുന്ന 'ക്രിസ്തുസംഭവത്തെ' ആസ്പദമാക്കിയുള്ള വായ്മൊഴികളായിട്ടായിരുന്നു. കർത്താവിന്റെ ഉയിർപ്പിനുശേഷം ഏകദേശം 30 വർഷം കഴിഞ്ഞാണ് ആദ്യസുവിശേഷം എഴുതപ്പെടുന്നത്. ഏതായാലും എഴുതപ്പെട്ടതും എഴുതപ്പെടാത്തതുമായ വേദപ്രമാണങ്ങളുടെയും പാരമ്പര്യങ്ങളുടെയും അടിസ്ഥാനത്തിലാണ് ഓർത്തഡോക്സ് ആദ്ധ്യാത്മികത നിലനിന്നുപോരുന്നത്. 'വേദപുസ്തകത്തിലെ' പ്രസിദ്ധീകൃതമായ ഗ്രന്ഥങ്ങളോടൊപ്പം, സഭാജീവിതവുമായി ബന്ധപ്പെട്ട ചരിത്ര സംഭവങ്ങളും ആചാരാനുഷ്ഠാനങ്ങളും തുടർന്നു വന്ന നൂറ്റാണ്ടുകളിൽ എപ്രകാരം കൈകാര്യം ചെയ്യപ്പെട്ടു എന്നു കൂടി പരിഗണിച്ചാണ് ഓർത്തഡോക്സ് സഭകൾ ആത്മീയതയെ മനസ്സിലാക്കുന്നതും അവതരിപ്പിക്കുന്നതും. പിതാക്കന്മാരുടെ എഴുത്തുകളും പഠിപ്പിക്കലുകളും, സഭാജീവിതത്തിന്റെ പൊതുപാരമ്പര്യവുമായി ചേർന്നു പോകുന്നവയെങ്കിൽ അവയെ സ്വീകരിച്ചുകൊണ്ടുള്ള ഒരു സമീപനമാകയാൽ, പാരമ്പര്യങ്ങൾക്ക് മറ്റു സഭകൾ നൽകുന്നതിനേക്കാൾ കൂടുതൽ പ്രാധാന്യം നൽകുന്നുണ്ട്.

അതേസമയം തന്നെ, ഒന്നാം നൂറ്റാണ്ടിലെ സജീവ പാരമ്പര്യമായി, ദൃക്സാക്ഷി വിവരണമെന്ന നിലയിൽ സുവിശേഷങ്ങൾക്ക് പ്രഥമ

സ്ഥാനം സഭ നൽകുന്നു. സഭയുടെ എല്ലാ ഉപദേശങ്ങളും ആചരണങ്ങളും വേദപുസ്തകാധിഷ്ഠിതമായിട്ടുള്ളതാണ്. സഭയിൽ ഉയർന്നുവന്നിട്ടുള്ള വേദവിപരീതങ്ങളെയെല്ലാം അതിജീവിച്ചത് വേദപുസ്തകാടിസ്ഥാനത്തിലുള്ള വിശ്വാസസമർത്ഥനം വഴിയാണ്. മനുഷ്യൻ, ദൈവീകരിക്കപ്പെടുവാനുള്ളതാണെന്നും, സകല പ്രപഞ്ചവും രൂപാന്തരം പ്രാപിക്കാനുള്ളതാണെന്നുമുള്ള ഓർത്തഡോക്സ് വീക്ഷണം തികച്ചും വേദാധിഷ്ഠിതമാണ്. സങ്കീർത്തനങ്ങൾ ആരാധനയിലുടനീളം ഉപയോഗിച്ചു വരുന്നു. പഴയനിയമത്തിലെ ഭാഗങ്ങൾ തെരഞ്ഞെടുത്താണ് ക്രിസ്തീയ വേദശാസ്ത്രത്തിന്റെ പ്രധാന ഭാഗങ്ങളെല്ലാം അവതരിപ്പിക്കുന്നത്.

വേദപുസ്തകം വ്യക്തികൾ സ്വതന്ത്രമായി വ്യാഖ്യാനിക്കുന്നത് ഓർത്തഡോക്സ് സഭകൾ പ്രോത്സാഹിപ്പിക്കാറില്ല. വ്യക്തിഗതമായ വ്യാഖ്യാനങ്ങളാണ് സഭയിൽ വേദവിപരീതങ്ങൾ വരുത്തിവച്ചത്. സഭയുടെ പൊതുവായ 'മനസ്സ്' അംഗീകരിക്കുന്നതും, വേദപുസ്തകത്തിലെ മറ്റു ഭാഗങ്ങളുമായി ചേർന്നുപോകുന്നതുമായ വേദവ്യാഖ്യാന രീതിയാണ് ഓർത്തഡോക്സ് ആദ്ധ്യാത്മികതയ്ക്ക് അനുയോജ്യമായിട്ടുള്ളത്.

**2) ദൈവശാസ്ത്രമേഖല (Theological)**

ദൈവത്തെ ശാസ്ത്രീയമായി അവതരിപ്പിക്കാനാവില്ലെന്നും, ദൈവത്തെ അറിയുവാൻ ദൈവത്തിൽ വസിക്കണമെന്നുമാണ് ഓർത്തഡോക്സ് സമീപനം. ദൈവം വെളിപ്പെടുത്തിക്കൊടുത്ത കാര്യങ്ങൾ രേഖപ്പെടുത്തിയ വേദങ്ങളെപ്പറ്റിയുള്ള പഠനം ദൈവത്തെ അറിയുന്നതിന് കുറച്ച് സഹായിക്കുമെന്നതിനാൽ, വേദശാസ്ത്ര പഠനം എന്ന പ്രയോഗവും നിലവിലുണ്ട്. ദൈവം കേന്ദ്രമായതും, ക്രിസ്തു അടിസ്ഥാനമായതും, പരിശുദ്ധാത്മപ്രേരിതവുമായ ത്രിത്വാധിഷ്ഠിത വേദശാസ്ത്രമാണ് ആദ്ധ്യാത്മികതയുടെ അടിസ്ഥാനം. ഇത് ബുദ്ധിപരമായി ഉൾക്കൊള്ളാൻ സാധ്യമല്ല. കാലാകാലങ്ങളിൽ പിതാക്കന്മാർക്ക് ദൈവം വെളിപ്പെടുത്തിക്കൊടുത്ത മർമ്മങ്ങൾ അവരുടെ ലേഖനങ്ങൾ വഴിയായി ലഭിക്കുന്നു എന്നതിനാൽ വിശ്വാസ സംഹിതകളും, കൗൺസിൽ തീരുമാനങ്ങളും ആദ്ധ്യാത്മികതയ്ക്ക് അടിസ്ഥാനമിടുന്നു.

'ഒരു ദൈവശാസ്ത്രജ്ഞൻ പ്രാർത്ഥിക്കുന്നവനായിരിക്കും, ഒരുവൻ പ്രാർത്ഥിക്കുന്നവനാണെങ്കിൽ അവൻ ദൈവശാസ്ത്രജ്ഞൻ തന്നെ' - ഇവാഗ്രിയസ് (Evagrius). ത്രിത്വം എന്നത് ബുദ്ധിയിലൊതുങ്ങുകയില്ല. അദൃശ്യനായ പിതാവിനെ ദൃശ്യമാക്കിയ പുത്രനും അവരിൽകൂടി വ്യാപരിച്ച് മനുഷ്യരിലേക്ക് ബന്ധിപ്പിക്കുന്ന പരിശുദ്ധാത്മാവും കൂടി ത്രിത്വഭാവത്തിന്റെ ഏകത്വം അനുഭവിച്ചറിയുവാൻ മനുഷ്യരെ പ്രാപ്തരാക്കുന്നു. ആത്മീയതയിൽ കൂടി അനുഭവവേദ്യമാകുന്ന ഒരു സത്യമാണ്

ഇത്. പണ്ഡിതന്മാരുടെയും തത്വചിന്തകരുടേയും ദൈവമല്ല, ലളിതമായി, നിർമ്മല ഹൃദയത്തോടെ ദൈവത്തിൽ വസിക്കുവാൻ ആഗ്രഹിക്കുന്ന വർക്ക് സ്വയം വെളിപ്പെടുത്തിക്കൊടുന്ന ദൈവമാണ് ഓർത്തഡോക്സ് സഭയിൽ ആരാധിക്കപ്പെടുന്നത്. അതുകൊണ്ടു തന്നെ എല്ലാ പ്രാർത്ഥ നകളും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി പാടിക്കൊ ണ്ടാണ് അവസാനിപ്പിക്കുന്നത്.

ദൈവം മനുഷ്യനെ മാത്രമേ ദൈവസ്വരൂപത്തിൽ സൃഷ്ടിച്ചുള്ളു. അതുകൊണ്ട് ദൈവത്തിന് മനുഷ്യാവതാരം ചെയ്യാനും, മനുഷ്യന് ദൈവീകരിക്കപ്പെടുവാനും അവസരം ഉണ്ടായി. ദൈവിക പദ്ധതിയെ തിരി ച്ചറിയാനും, അതിനോടു ചേർന്നു പ്രവർത്തിക്കാനും മനുഷ്യന് മാത്രമേ സാധിക്കുകയുള്ളു. ആയതിനാൽ മനുഷ്യാവതാര മർമ്മം വളരെ പ്രധാ നമായി കാണേണ്ടിയിരിക്കുന്നു. യേശുക്രിസ്തുവിന് ജന്മം നൽകിയ കന്യകമറിയാമിനെ 'ദൈവജനനി' (Theotokos) എന്നു പേരു നൽകി ബഹുമാനിക്കുന്നു. യേശുക്രിസ്തു ദൈവപുത്രനായിരിക്കുമ്പോൾ തന്നെ, മനുഷ്യനായിത്തീരുവാൻ സ്വയം താഴ്ത്തി എന്നത് ഓർത്ത ഡോക്സ് ആദ്ധ്യാത്മികതയുടെ പ്രധാനമായ ഒരു വശമാണ്. മനുഷ്യരെ രക്ഷിക്കാൻ കാൽവറി ക്രൂശിൽ ബലിയായിത്തീർന്ന യേശുക്രിസ്തു വിന്റെ രക്ഷാകര പ്രവർത്തനത്തോടുള്ള നന്ദിയർപ്പണമായിട്ടു കൂടിയാണ് ഓർത്തഡോക്സ് ആദ്ധ്യാത്മികത പരിപോഷിപ്പിക്കപ്പെടുന്നത്.

### 3) ആത്മീയ ശിക്ഷണം സമൂഹജീവിതം (Discipline)

ആദ്ധ്യാത്മികത പരിപോഷിക്കപ്പെടുന്നത് അനുയോജ്യമായ ശിക്ഷ ണക്രമങ്ങളിലൂടെയും സമൂഹജീവിതത്തിലൂടെയുമാണ്. കുടുംബജീവി തത്തിലായാലും ആശ്രമജീവിതത്തിലായാലും പ്രാർത്ഥന, നോമ്പ്, ഉപ വാസം, ജാഗരണം, കുമ്പിടീൽ തുടങ്ങിയ പരിശീലന, ശിക്ഷണ ക്രമ ങ്ങൾ ആവശ്യമാണ്. ആശ്രമങ്ങളിലാണ് നിലവിലുള്ള ആരാധനാക്രമ ങ്ങളും ആത്മീയ അനുഷ്ഠാനങ്ങളും രൂപംകൊണ്ടത് എന്നതിനാൽ, ആശ്രമജീവിതം തെരഞ്ഞെടുക്കുന്നവർക്കുള്ള ഓർത്തഡോക്സ് ആദ്ധ്യാ ത്മികതയാണ് ഇന്ന് നിലനിൽക്കുന്നത്. കുടുംബസ്ഥർക്ക് അനുയോജ്യ മായ ആദ്ധ്യാത്മികത വളർത്തിയെടുക്കാൻ സഭാനേതൃത്വം മുൻകൈ എടുക്കണം. മാനസ്സാന്തര ജീവിതം, പാപത്തിൽ നിന്നും ദൈവത്തിങ്ക ലേക്കുള്ള തിരിവ്, പാപം ഏറ്റുപറയൽ, വി. കുർബ്ബാനാനുഭവം എന്നിവ പ്രധാനമായ ഘടകമാണ്. ദൈവത്തോട് അടുത്തുചെല്ലുന്തോറും കൂടു തൽ വിശുദ്ധിയിലേക്ക് അടുക്കുകയും പാപബോധമുണ്ടായി വിശുദ്ധി യിലേക്ക് വളരുവാൻ വിശ്വാസികൾക്ക് സാധിക്കുകയും ചെയ്യുന്നു. പ്രാർ ത്ഥനാജീവിതത്തിന്റെ വിവിധ തലങ്ങളിലേക്ക് ഉയരുവാൻ കഴിയുവാൻ

പരിശീലനം ആവശ്യമാണ്. “Jesus Prayer” (യേശു ജപം) തുടങ്ങിയ പ്രാർത്ഥനാരീതികൾ വഴി എപ്പോഴും പ്രാർത്ഥനയുടെ അനുഭവത്തിൽ കഴിയാമെങ്കിലും, ഇവയെല്ലാം അതിൽത്തന്നെ ലക്ഷ്യമാകാൻ പാടില്ല. ദൈവാനുരൂപികളായിത്തീരുക എന്ന അന്ത്യലക്ഷ്യത്തിലേക്ക് നയിക്കുന്ന മാർഗങ്ങളായി മാത്രമേ ഇവയെ പരിഗണിക്കാൻ പാടുള്ളൂ. എല്ലാവരും ഈ ക്രിസ്തീയ പരിപൂർണതയിലേക്കാണ് വിളിക്കപ്പെട്ടിരിക്കുന്നത്. ദൈവസ്വരൂപത്തിൽ നിന്നും ദൈവസാദൃശ്യത്തിലേക്ക് ‘ക്രിസ്തുവാകുന്ന തലയോളം’ അനസ്യൂതം വളരുകയാണ് ആവശ്യം.

ഇതു സാധിക്കേണ്ടതിന് ക്രിസ്തുവിനുവേണ്ടി മരണത്തോളം ക്രൂശിന്റെ അനുഭവത്തിൽ, കഷ്ടതകൾ സഹിക്കുവാൻ സന്നദ്ധരാകേണ്ടിയിരിക്കുന്നു. രക്തസാക്ഷികളായി കടന്നുപോയ വിശുദ്ധ പിതാക്കന്മാർ മുൻഗാമികളായി മാർഗദർശികളായിട്ടുള്ളത് വിശ്വാസികൾക്ക് പ്രചോദനവും ധൈര്യവും നൽകുന്നു. പ്രാർത്ഥന, നോമ്പ്, ഉപവാസം, പൈശാചിക ശക്തികളോടുള്ള നിരന്തര പോരാട്ടം തുടങ്ങിയവയ്ക്കുള്ള നിഷ്ഠയോടെയുള്ള പരിശീലനം ഓർത്തഡോക്സ് ആദ്ധ്യാത്മികതയുടെ പ്രധാന വശമാണ്.

### 4) കൂദാശാപരമായ അനുഷ്ഠാനക്രമങ്ങൾ (Sacramental)

സ്വർഗം മുൻകൂട്ടി രുചിച്ചറിയാനുള്ള അവസരമാണ് വി. കൂദാശാനുഷ്ഠാനങ്ങളിൽ കൂടി വിശ്വാസികൾക്കു തുറന്നു കിട്ടുന്നത്. വി. മാമോദീസായിൽ കൂടി വിശ്വാസികൾ പ്രകാശിതരായിത്തീരുന്നു. സ്വർഗീയ മർമ്മങ്ങൾ കാണാനും അനുഭവിക്കാനും അവർ പ്രവേശിപ്പിക്കപ്പെടുന്നു. വീണ്ടും ജനിച്ചു വളരുവാൻ കൂദാശാനുഷ്ഠാനങ്ങളും അതിലുള്ള സംബന്ധവും വിശ്വാസിയെ സഹായിക്കുന്നു. പ്രത്യേകിച്ച്, ആത്മപോഷണത്തിന് ‘ആവശ്യമുള്ള അപ്പ’മായി യേശുക്രിസ്തു ക്രിസ്ത്യാനിക്കു നൽകുന്ന ജീവന്റെ അപ്പമാണ് വി. കുർബാന. അതിനായി ഒരുക്കത്തോടെ അടുത്തുവരിക എന്നത് ഓർത്തഡോക്സ് ആദ്ധ്യാത്മികതയുടെ പ്രധാന ഭാഗമാണ്. ദൈവമായി ഒന്നായിത്തീർന്ന് നിത്യമായ ജീവനിൽ പങ്കുചേരുന്ന വലിയ ഒരു അനുഭവമാണ് വി. കുർബ്ബാനാനുഭവം. ദൈവീകരണം നടക്കുന്നത് ഈ വിധമുള്ള കൂദാശാനുഭവങ്ങളിൽ കൂടിയാണ്.

വി. കുർബ്ബാന ഉൾപ്പെടെയുള്ള കൂദാശകൾക്ക് ഒരുങ്ങുന്നതിന്റെ പ്രധാന ഭാഗമാണ് ആത്മശോധന, അനുതാപം, ഏറ്റുപറച്ചിൽ എന്നിവ. ഇതിന് സഹായിക്കുന്ന വായനയും പ്രായശ്ചിത്തവും ഒരുക്കവുമെല്ലാം ആദ്ധ്യാത്മികതയുടെ ഭാഗമാണ്. ആത്മീയ ഗുരുക്കന്മാർ ഉണ്ടാകുന്നത് വളരെ പ്രയോജനകരമാണ്. പട്ടക്കാരിൽ നിന്നും പാപമോചനം എന്നതു പ്രധാനമാണ്. ഒരുവന്റെ പാപം സഭയെ മുഴുവനും ദോഷമായി ബാധി

ക്കുമെന്നതിനാൽ, പാപമോചനം പ്രാപിക്കുക എന്നത് വ്യക്തിഗതം മാത്രമല്ല; സാമൂഹ്യമായ ഒരാവശ്യം കൂടിയാണ്. അതുകൊണ്ട് ക്രമമായ 'പാപമോചനാനുഭവം' ശീലമാക്കുന്നതും ആത്മീയതയുടെ പ്രധാന ഭാഗമാണ്.

### 5) ആരാധനാരീതികൾ (Liturgical)

വ്യക്തിഗതമായ സ്വകാര്യ പ്രാർത്ഥനകളോടൊപ്പം പ്രധാനമുള്ളതാണെങ്കിലും, ശക്തി പ്രാപിക്കുന്നതിനുള്ള പ്രധാന ഉറവിടം സമൂഹമായി നടത്തുന്ന പൊതു ആരാധനയാണ്. സ്വകാര്യ പ്രാർത്ഥനകൾ പലതും പൊതു ആരാധനക്രമത്തിൽ നിന്നും എടുത്തിട്ടുള്ളവയാണ്. വേദപുസ്തകത്തിലെ ആശയങ്ങളും സംഭവങ്ങളുമാണ് ആരാധനയുടെ പ്രധാന ചിന്താവിഷയം. പിതാക്കന്മാരുടെ പ്രാർത്ഥനകളും പൊതു ആരാധനയ്ക്ക് ധാരാളമായി ഉപയോഗിക്കുന്നു, യേശുക്രിസ്തുവിന്റെ ജീവിതം ദിവസംതോറും ആഴ്ചതോറും വർഷംതോറും ആവർത്തിച്ച് ആചരിച്ചുവരുന്നു. ധ്യാനത്തിനായി പ്രത്യേക സമയമൊന്നും നിർദ്ദേശിക്കപ്പെടുന്ന രീതി ഓർത്തഡോക്സ് ആത്മികതയിൽ കാണുന്നില്ല. ആരാധിക്കുന്ന മനസ്സുമായിട്ടായിരിക്കണം സദാ ജീവിക്കേണ്ടത് എന്ന തത്വമുള്ളതുകൊണ്ടായിരിക്കാം പാശ്ചാത്യസഭകളിലുള്ളതുപോലെ പ്രത്യേക ധ്യാനസമയങ്ങൾ നിർദ്ദേശിക്കപ്പെടാത്തത്. ആവർത്തിച്ചുള്ള ഗീതങ്ങളും, വായനകളും, പ്രാർത്ഥനകളും കൊണ്ട് ഓർത്തഡോക്സ് വിശ്വാസിയുടെ മനസ്സ് എപ്പോഴും നിറഞ്ഞിരിക്കണമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

### 6) സഭാപരമായ സമീപനങ്ങൾ (Ecclesial)

ഓർത്തഡോക്സ് ആദ്ധ്യാത്മികത, വ്യക്തിഗതമായതല്ല, സമൂഹാടിസ്ഥാനത്തിലുള്ളതാണ്. കാരണം വി. മാമോദീസായിലൂടെ ഓരോരുത്തരും യേശുക്രിസ്തുവിന്റെ ശരീരമായ സഭയോടു ചേർക്കപ്പെട്ടിരിക്കുന്നതിനാൽ വ്യക്തിഗതമായ രക്ഷയല്ല, സഭയിലൂടെയുള്ള രക്ഷയാണ് ലക്ഷ്യം വയ്ക്കുന്നത്. സഭ എന്നത് ഇപ്പോഴുള്ള വിശ്വാസികൾ മാത്രമല്ല. ക്രിസ്തുവിൽ നിദ്രപ്രാപിച്ചവരും ഇനിയും സഭയിൽ ചേരാനുള്ളവരും ഉൾപ്പെടുന്നു. സകല മാനവരാശിക്കും സൃഷ്ടി മുഴുവനും വേണ്ടിയുള്ള പുതുക്കമാണ് ആദ്ധ്യാത്മികതയുടെ ആത്യന്തിക ലക്ഷ്യം. ഭൂത, വർത്തമാന, ഭാവി കാലങ്ങളെ മുഴുവൻ ഉൾക്കൊള്ളുന്ന നിത്യതയുടെ അനുഭവത്തിലേക്കാണ് സഭാജീവിതം ലക്ഷ്യം വയ്ക്കുന്നത്. ആയതിനാൽ ഈ ലോക ജീവിതത്തോട്, വിരക്തിയും, വരുവാനുള്ള ലോകത്തിനായുള്ള പ്രത്യാശയും കാത്തിരിപ്പും ഓർത്തഡോക്സ് ആദ്ധ്യാത്മികതയുടെ ഭാഗമാണ്. വാങ്ങിപ്പോയ പരിശുദ്ധന്മാർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും, അവരോട് പ്രാർത്ഥിക്കാൻ ആവശ്യപ്പെടുന്നതും അവർ സജീ

വരായി ജീവിക്കുന്നു എന്നുള്ള വിശ്വാസത്തിലാണ്. 'മരിച്ചു പോയവർ ' (Dead) എന്നതിനേക്കാൾ "നിദ്രപ്രാപിച്ചവർ", "വാങ്ങിപ്പോയവർ" (Departed Asleep) എന്ന പ്രയോഗമാണ് ഓർത്തഡോക്സ് സഭകളിൽ സാധാരണയുള്ളത്. യേശുക്രിസ്തു ഉയിർത്തതിനാൽ, എല്ലാ വിശ്വാസികളും അവസാന നാളിൽ ഉയിർത്തെഴുന്നേൽക്കുമെന്ന പ്രത്യാശയിലാണ് ഓർത്തഡോക്സ് ആദ്ധ്യാത്മികത പണിയപ്പെടുന്നത്.

## D) ആദിമ സഭയിലെ ചില ആദ്ധ്യാത്മിക മൂല്യങ്ങൾ

മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് അടിത്തറയായി ആദിമ സഭാജീവിതത്തിലെ ചില ഘടകങ്ങൾ കൂടി പൗരാണികത അവകാശപ്പെടുന്ന ഓർത്തഡോക്സ് ആദ്ധ്യാത്മികതയിൽ പരിഗണിക്കേണ്ടതായിട്ടുണ്ട്.

### 1) ആദ്ധ്യാത്മികതയുടെ വികസന ഘട്ടങ്ങൾ:

എഴുതപ്പെട്ട തിരുവചനം പുതിയനിയമ വേദപുസ്തകമായി രൂപപ്പെട്ടു വരുന്നതിനു മുമ്പു തന്നെ ദൈവവചനം അറിയുകയും പഠിപ്പിക്കുകയും അനുസരിക്കുകയും ചെയ്തുവന്നിരുന്ന ക്രിസ്തീയ സമൂഹം ശക്തി പ്രാപിച്ചിരുന്നു. ആ ശിഷ്യ സമൂഹത്തിന്റെ ഉത്തമ സാക്ഷ്യജീവിതവും സാക്ഷ്യമരണവുമാണ് ക്രിസ്തീയ ആദ്ധ്യാത്മികതയെ പരിപോഷിപ്പിച്ചത്. ബുദ്ധിപരമായ വിവരണങ്ങൾ, വിശ്വാസപരമായ നിർവചനങ്ങൾ എന്നിവ പിന്നീടു വളർന്നുവന്നെങ്കിലും ക്രിസ്ത്യാനികൾ ഉത്തമ വിശ്വാസത്തിന്റെയും ജീവിതത്തിന്റെയും പേരിൽ പീഡിപ്പിക്കപ്പെട്ടിരുന്ന ആദിമ നൂറ്റാണ്ടുകളിലെ "ആത്മികശക്തി" കാലക്രമേണ സഭയിൽ നിന്നും ചോർന്നു പോകുകയാണുണ്ടായത്. പൊതുദേവാലയങ്ങളിലെ ആരാധന വഴിയായും ആശ്രമപ്രസ്ഥാനങ്ങൾ വഴിയായും ആത്മിക ശക്തി വീണ്ടെടുക്കാൻ പിന്നീട് വന്ന നൂറ്റാണ്ടുകളിൽ ശ്രമമുണ്ടായെങ്കിലും ഭൗതികതയും സുഖലോലുപതയും സഭയുടെ വീര്യം നഷ്ടപ്പെടുത്തിക്കൊണ്ടിരുന്നു. ഇന്നും സ്ഥിതി മെച്ചമല്ല.

### 2) ആദ്യകാല ആദ്ധ്യാത്മികതയുടെ പ്രത്യേകതകൾ:

നശ്വരമായ ഈ ലോകജീവിതം ശാശ്വതമായ നിത്യജീവിതത്തിലേക്ക് പ്രവേശിക്കുവാനുള്ള ഒരു പരിശീലനകേന്ദ്രമാകയാൽ, ഒരു സ്വർഗീയ തീർത്ഥാടക സമൂഹമെന്ന നിലയിൽ വിശ്വാസികൾ ഈ ലോക ജീവിതത്തോട് നിസ്സംഗത പുലർത്തി വന്നു. ഈ ലോകജീവിതം ത്യജിച്ചാലും നിത്യജീവൻ നഷ്ടപ്പെടരുതെന്ന പ്രത്യാശ വിശ്വാസികളെ രക്തസാക്ഷിത്വത്തിലേക്ക് നയിച്ചു. തങ്ങൾ ദൈവമക്കളാണെന്ന ചിന്തയിൽ, ദൈവത്തെ പിതാവായി കരുതുവാനും ആശ്രയിക്കുവാനും അപ്രകാരം രൂപാന്തരപ്പെട്ട അനുഭവത്തിൽ ജീവിപ്പാനും വിശ്വാസികൾ ശ്രദ്ധിച്ചിരുന്നു.

ആത്മാർത്ഥമായി വിശ്വസിച്ച് പരിശ്രമിക്കുന്നവർക്ക് ദൈവകൃപ സമൃദ്ധി യായി ലഭിക്കുമെന്ന് അവർ അനുഭവിച്ചറിഞ്ഞു. പ്രാർത്ഥനാജീവിതം, ആരാധനാനുഭവം, ജീവകാരുണ്യ പ്രവൃത്തികൾ, സഹോദര സ്നേഹം, സുകൃതജീവിതം എന്നിവ ജീവിതചര്യയായി അവർ പരിശീലിച്ചു. യേശു വിനെ അനുഗമിക്കുക എന്നത് വിശ്വാസത്തിലും, പ്രവൃത്തിയിലും, ജീവി തത്തിലും കാണിച്ചു കൊടുക്കുന്നതാണ് സാക്ഷ്യജീവിതം എന്ന് അവർ കരുതി പ്രവർത്തിച്ചതിനാൽ മറ്റുള്ളവരെ രൂപാന്തരപ്പെടുത്തുവാനും ക്രിസ്തുവിലേക്ക് ആകർഷിക്കുവാനും അവർക്ക് കഴിഞ്ഞിരുന്നു. ദൈവേ ഷ്ടത്തിനപ്പുറത്ത് 'സ്വന്തയിഷ്ടം' സാധിച്ചെടുക്കാൻ അവർ ഒരിക്കലും ശ്രമിച്ചില്ല. ദൈവേഷ്ടം പ്രവർത്തിക്കുന്നതിന്, സ്വജീവൻ പോലും ത്യജി ക്കുവാൻ സന്നദ്ധമായിരുന്നതിനാൽ, അവരുടെ ജീവിതം മറ്റുള്ളവരെ സ്വാധീനിക്കുവാൻ തക്ക ശക്തിയുള്ളതായിരുന്നു. ക്രിസ്തുവിന്റെ സാക്ഷികളായി ജീവിക്കുന്നത് എല്ലാ വിശ്വാസികളുടേയും ചുമതലയായി കരുതി. ത്യാഗജീവിതം എല്ലാ ക്രിസ്ത്യാനികളുടെയും മുഖമുദ്രയായി രുന്നു.

### 3) യേശുവിന്റെ രണ്ടാം വരവും ദൈവരാജ്യ സ്ഥാപനവും:

തങ്ങൾക്കു വാസസ്ഥലം ഒരുക്കുവാൻ പോയ യേശുക്രിസ്തു ഉടനെ മടങ്ങി വന്ന് തന്റെ നിത്യമായ സ്വർഗ്ഗരാജ്യത്തിൽ തങ്ങളെ ചേർത്തു കൊള്ളുമെന്ന പ്രത്യാശയിലാണ് ആദിമ സഭാംഗങ്ങൾ തങ്ങളുടെ ആത്മിക ജീവിതത്തെ നിലനിർത്തിപ്പോന്നത്. യേശുക്രിസ്തു വരുന്ന നാളും നാഴികയും ആർക്കും അറിയാത്തതിനാൽ ഒരുങ്ങിയിരിക്കേണ്ട താണ് എന്നുള്ള 'ജാഗ്രത' എപ്പോഴും അവർക്കുണ്ടായിരുന്നു. കർത്താ വിന്റെ പുനരാഗമനവും മഹത്വ പ്രത്യക്ഷതയും ദൈവരാജ്യസ്ഥാപനവും, ആദിമ ക്രിസ്ത്യാനികൾ ഈ ലോകജീവിതത്തേക്കാൾ യാഥാർത്ഥ്യമായി കരുതിക്കാത്തിരുന്നു. യേശുവിന്റെ പുനരുത്ഥാനം തങ്ങളുടെ പുനരു ത്ഥാനത്തെ ഉറപ്പാക്കുന്നതിനാൽ, ശാരീരികമായ കഷ്ടതകളും മരണവും നിത്യജീവനിലേക്കുള്ള മാർഗമായി കരുതിപ്പോന്നു. ക്രിസ്തീയജീവിതം ശരിയായി പാലിക്കുന്നതിന് നേരിടേണ്ടി വരുന്ന പീഡനങ്ങളും ബുദ്ധി മുട്ടുകളും ആത്മികാഭിവൃദ്ധിക്കുവേണ്ടിയുള്ളതായി കരുതുകയും അവയെ സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്തു വന്നിരുന്നു. ആരാധനയിലെ ജാഗ്രതയും അനുഷ്ഠാനങ്ങളിലെ തീക്ഷ്ണതയും, പ്രമാ ണങ്ങളിലെ നിഷ്ഠയും സാക്ഷ്യജീവിതത്തിലെ തീവ്രതയും, ലോകജീവി തത്തിലെ വിരക്തിയും ക്രിസ്തുവിനുവേണ്ടി ത്യാഗം സഹിക്കുന്നതിന്റെ വിവിധ പടികളായി ആദിമ സഭാവിശ്വാസികൾ കരുതിയിരുന്നത് ഇന്നത്തെ ആദ്ധ്യാത്മികതയ്ക്കും ഒരു മാതൃകയായി പരിഗണിക്കേണ്ട താണ്.

## പാഠം 6

# ആദ്ധ്യാത്മികത: ഓർത്തഡോക്സ് സഭകളിൽ

ഓർത്തഡോക്സ് ആദ്ധ്യാത്മികതയുടെ വിവിധ വശങ്ങൾ പല സഭാ പാരമ്പര്യങ്ങളിൽ പല വിധത്തിലാണ് പാലിച്ചുവരുന്നത്. പൊതുവായ തത്വങ്ങൾ പാലിക്കുമെങ്കിലും പ്രാദേശികവും സാംസ്കാരികവും ഭാഷാ പരവും രാഷ്ട്രീയവും സാമൂഹ്യവും കാലികവുമായ വ്യത്യാസങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികമാണല്ലോ. ഏതെല്ലാം സഭാപാരമ്പര്യങ്ങളിൽ ഏതെല്ലാംവിധത്തിൽ ഓർത്തഡോക്സ് ആദ്ധ്യാത്മികത പാലിച്ചു വരുന്നു എന്ന് പരിശോധിക്കാം.

### 1. സുറിയാനിസഭാ പാരമ്പര്യത്തിൽ

സുറിയാനി (Syriac) ഭാഷ ആരാധനയ്ക്ക് ഉപയോഗിക്കുന്ന പാരമ്പ ര്യമാണ് പ്രധാനമായി സൂചിപ്പിക്കുന്നത്. സിറിയ (Syria) രാജ്യത്ത് ഇന്ന് നിലനിൽക്കുന്ന സഭയും, ആ സഭയുടെ കീഴിൽ വിവിധ പ്രദേശങ്ങളിൽ നിലനിൽക്കുന്ന സഭകളും ഈ പാരമ്പര്യം ഉൾക്കൊണ്ട് വളർന്നു വരുന്നു. ആദിമസഭയുടെ പ്രബലകേന്ദ്രമായി സിറിയ അറിയപ്പെട്ടിരുന്നു. ആദ്യം 'ക്രിസ്ത്യാനികൾ' എന്ന പേര് ഉണ്ടായതുതന്നെ സിറിയയിലെ 'അന്ത്യോഖ്യ'യിൽ വച്ചാണ് (അ. പ്ര. 11:26). യേശുവും ശിഷ്യന്മാരും സംസാരിച്ച 'അരാമ്യ' ഭാഷയുടെ വികസിത രൂപമാണ് സുറിയാനി എന്ന തിനാൽ 'സുറിയാനി ഭാഷ' ആരാധനയിൽ ഉപയോഗിക്കുന്നതും, വേദ പുസ്തകപരിഭാഷ സുറിയാനിയിൽ സംരക്ഷിക്കുന്നതും (പെഷീത്താ) വളരെ പ്രധാന സംഗതികളായി സുറിയാനി സഭാപിതാക്കന്മാർ പരിഗ ണിച്ചു.

സുറിയാനി സഭാപാരമ്പര്യം നാല് ഘട്ടങ്ങളിലായിട്ടാണ് പ്രധാനമായി വളർന്നു വന്നിട്ടുള്ളത്.

### (i) ആദ്യത്തെ 4 നൂറ്റാണ്ടുകൾ (-400 AD).

പ്രധാനമായ ആദ്ധ്യാത്മിക ലിഖിതങ്ങൾ ഈ കാലഘട്ടത്തിലുണ്ടാ യിരുന്നത് താഴെ പറയുന്നവയാണ്.

1) സോളമന്റെ പ്രഭാഷണങ്ങൾ (Odes of Solomon, 2-ാം നൂറ്റാണ്ട്), 2) തോമസിന്റെ നടപടികൾ (Acts of Thomas, 3rd c), 3) അഫ്രാത്തിന്റെ വിവരണങ്ങൾ (Demonstration's of Aphrahat, 4th c.), 4) മാർ അപ്രേ മിന്റെ പാട്ടുകൾ (Hymns of Mar Ephrem), 5) മക്കാറിയോസിന്റെ പ്രസം ഗങ്ങൾ (Homilies of Macarius).

സുറിയാനി ആദ്ധ്യാത്മികത അടിസ്ഥാനപരമായി സെമിറ്റിക് (Semitic) സ്വഭാവമുള്ളതാണ്. ഗ്രീക്കുകാരുടെ പരിഷ്കാരങ്ങളൊന്നും അതിനെ സ്വാധീനിക്കാൻ അനുവദിച്ചില്ലാത്തതിനാൽ 'സിറിയൻ ഓർത്തഡോക്സ്' നിലപാട് മനസ്സിലാക്കാൻ 'സുറിയാനി പാരമ്പര്യം' തന്നെ പഠിക്കേണ്ടിയിരിക്കുന്നു. ചെറിയ മഠങ്ങൾ, ആശ്രമങ്ങൾ എന്നിവയിലൂടെയാണ് സുറിയാനി പാരമ്പര്യം രൂപംപ്രാപിച്ചു വന്നത്. ആശ്രമപ്രസ്ഥാനം സുറിയാനിപാരമ്പര്യത്തിൽ പ്രാധാന്യമർഹിക്കുന്നുണ്ട്. 'മശിഹായുടെ അനുകാരികൾ' (Order of Imitation of Christ) എന്ന ഓർഡർ കാണുന്നുണ്ട്. സ്വയമേവ സ്വീകരിക്കുന്ന ബ്രഹ്മചര്യം, കന്യകാത്വം എന്നിവ വിലമതിക്കപ്പെട്ടു. വി. മാമോദീസായിലൂടെ യേശുക്രിസ്തുവാകുന്ന മണവാളന് എല്ലാ വിശ്വാസികളും 'വിവാഹനിശ്ചയം' ചെയ്യപ്പെടുന്നു (Betrothed to christ). പറുദീസയിലേക്കുള്ള പുനഃപ്രവേശനത്തിന്, സ്വർഗത്തിൽ വിവാഹമില്ലാത്തതിനാൽ, അപ്രകാരമുള്ള ഒരു അവസ്ഥയാണ് ആദർശപൂർണമായി കാണുന്നത്. പാപം മൂലം നഷ്ടപ്പെട്ട 'പ്രകാശവസ്ത്രം' മാമോദീസാ മൂലം ലഭിക്കുന്നു. മേലിൽ നിന്നുള്ള വീണ്ടും ജനനം പ്രാപിച്ച് ദൈവമക്കളായിത്തീരുന്നു. പൂർണ്ണത പ്രാപിക്കുന്നത് യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവോടെയാണ്, അതുവരെ ക്രിസ്തീയ പരിപൂർണതയിലേക്ക് വളർന്നുകൊണ്ടിരിക്കുന്നു.

രണ്ടുവിധത്തിലുള്ള ആദ്ധ്യാത്മികത കണ്ടുവരുന്നു. 1) പ്രവർത്തനക്ഷമതയുള്ള ജീവകാരുണ്യ സമീപനം (Active type), 2) ലോകത്തെ നിഷേധിക്കുന്നില്ലെങ്കിലും ലോകത്തോട് വിരക്തിയും നിസ്സംഗതയും പാലിക്കുന്ന സമീപനം (Passive type).

സഭ മൂന്നു തലത്തിൽ അറിയപ്പെടുന്നു. 1) ദൃശ്യമായ സഭ, 2) അദൃശ്യമായ സഭ – അനേകരുടെ ഹൃദയത്തിൽ ഒളിഞ്ഞിരിക്കുന്നു, 3) വരുവാനിരിക്കുന്ന 'സ്വർഗ്ഗീസസഭ.'

ദൃശ്യസഭയിലൂടെ ആദ്ധ്യാത്മികതയിലേക്ക് പ്രവേശിപ്പിക്കപ്പെട്ടശേഷം അദൃശ്യമായ സഭയിലൂടെ വളർന്ന്, സ്വർഗ്ഗീയസഭയിലെത്തിച്ചേരുക എന്നതായിരിക്കാം അടിസ്ഥാന ലക്ഷ്യം.

### II. അഞ്ചും ആറും നൂറ്റാണ്ടുകളിൽ (5th & 6th Cent.)

ഈ കാലഘട്ടത്തിൽ സുറിയാനി ആദ്ധ്യാത്മികത കൂടുതൽ വളർച്ച പ്രാപിക്കുന്നത് താഴെ പറയുന്നവരുടെ ലിഖിതങ്ങളെ കൂടി ആശ്രയിച്ചാണ്.

1. മക്കാറിയോസിന്റെ പ്രസംഗങ്ങൾ (ഗ്രീക്ക് ഭാഷയിൽ).
2. യൂഹാനോൻ ഈഹീദോയോ (John the Solitary).

3. മാബൂഗിലെ ഫീലക്സീനോസ് (Pheloxenos of Mabugg).
4. സ്തേഫാനോസ് ബർ സുഡാലി (Stephen Bar Sudhali).
5. സ്രൂഗിലെ യാക്കോബ് (Jacob of Sarug).

ഈ കാലയളവിൽ ഗ്രീക്ക് ലിഖിതങ്ങൾ സുറിയാനി സഭയെ സ്വാധീനിക്കുകയും പുഷ്ടിപ്പെടുത്തുകയും ചെയ്തു. ഗ്രീക്ക് സഭയിൽ വളർന്നുവന്ന 'ആദ്ധ്യാത്മിക' എഴുത്തുകൾ സുറിയാനിയിലേക്ക് ഭാഷാന്തരം ചെയ്യപ്പെടുകയുണ്ടായി. തൽഫലമായി സുറിയാനി ആദ്ധ്യാത്മികത അൽപമൊന്ന് തണുത്തുപോകുകയും ഗ്രീക്ക് ആദ്ധ്യാത്മികത സുറിയാനി സഭയിൽ കൂടുതൽ ശക്തമായിത്തീരുകയും പരിശീലിപ്പിക്കപ്പെടുകയും ചെയ്തു. എന്നിരുന്നാലും യൂഹാനോൻ, പീലക്സിനോസ്, സ്തേഫാനോസ് എന്നീ സുറിയാനി സഭാപിതാക്കന്മാർ, സുറിയാനി പാരമ്പര്യത്തെ സജീവമായി സംരക്ഷിക്കാൻ വളരെയേറെ ശ്രമിക്കുകയുണ്ടായി. വി. മാമോദീസാ, പുനരുത്ഥാനത്തിന്റെ ഒരു പ്രതീകമാണെന്ന് യൂഹാനോൻ പഠിപ്പിച്ചു. മാബൂഗിലെ പീലക്സിനോസ് (d + 523) 13 പ്രഭാഷണങ്ങളിലൂടെ സുറിയാനി ആദ്ധ്യാത്മികതയുടെ വിവിധ വശങ്ങൾ വിവരിക്കുന്നുണ്ട്. പ്രത്യേകിച്ചും പ്രഥമ പടികളാണ് പരാമർശിക്കപ്പെടുന്നത്. ഗ്രീക്ക്, സുറിയാനി പാരമ്പര്യങ്ങളുടെ ഒരു സമന്വയം കണ്ടെത്തി അവതരിപ്പിക്കുന്നു എന്നതാണ് ഇദ്ദേഹത്തിന്റെ പ്രത്യേകത. വി. മാമോദീസായുടെ പ്രാധാന്യം എടുത്തു കാണിക്കുന്നു. ദൈവകൃപയും മനുഷ്യമനസ്സിന്റെ സഹകരണവും ഒന്നിച്ചു പ്രവർത്തിക്കുമ്പോഴാണ് വീണ്ടും ജനനത്തിന്റെ അനുഭവത്തിലേക്ക് മനുഷ്യൻ എത്തിച്ചേരുന്നത്. രണ്ടുവിധത്തിലുള്ള ആദ്ധ്യാത്മികതയും (Active and passive) അദ്ദേഹം പ്രോത്സാഹിപ്പിക്കുന്നുണ്ട്.

സ്തേഫാനോസ് (C. 500) "The Book of Holy Hientheos" എന്ന ഗ്രന്ഥം എഴുതി. മനസ്സ് ദൈവത്തിലേക്ക് ഉയർത്തുക, യുഗാന്ത്യപ്രതീക്ഷ എന്നിവ ഇദ്ദേഹത്തിന്റെ പ്രത്യേക സമീപനമാണ്. സ്രൂഗിലെ യാക്കോബ് (451–521) എഡേസായിൽ പഠനം നടത്തി. സുറിയാനി സഭയ്ക്ക് പേർഷ്യക്കാരിൽ നിന്നും പീഡനമേൽക്കേണ്ടി വന്നപ്പോൾ സുറിയാനിക്കാരെ പ്രോത്സാഹിപ്പിച്ചും ധൈര്യപ്പെടുത്തിയും പ്രസംഗങ്ങൾ നടത്തി. ആ പ്രസംഗങ്ങൾ 5 വാല്യങ്ങളായി പാരീസിൽ നിന്നും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### III. ഏഴ്, എട്ട് നൂറ്റാണ്ടുകൾ (7th and 8th c)

കിഴക്കൻ സഭകളുടെ ഭാഗമായി സുറിയാനി പാരമ്പര്യം ഈ കാലഘട്ടത്തിൽ അറിയപ്പെട്ടു തുടങ്ങി. ഈ കാലഘട്ടത്തിലെ പ്രധാന എഴുത്തുകാർ Martyrius, Issac of Nineveh, Joseph Hazzaya, John of Dalyatha എന്നിവരാണ്.

**Martyrius** നല്ല ഒരു വേദപണ്ഡിതനായിരുന്നു. പക്ഷെ കൽക്കിദോൻ ക്രിസ്തുശാസ്ത്രം സ്വീകരിച്ചതിനാൽ സഭയിൽ നിന്നും പുറത്താക്കപ്പെട്ടു. നിനവെയിലെ **ഇസഹാക്ക്** സുറിയാനിക്കാരനാണ്. അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക ലേഖനങ്ങൾ പ്രസിദ്ധങ്ങളാണ്. Evagrius ന്റെ ബൗദ്ധിക സമീപനം, ഡയനീഷ്യസ് അറിയോപഗൈറ്റിന്റെ ലേഖനങ്ങൾ, മക്കാറിയോസിന്റെ പ്രഭാഷണങ്ങൾ എന്നിവയെല്ലാം പഠിച്ചതിനു പുറമെ, പ്രാദേശിക സുറിയാനി പാരമ്പര്യങ്ങളും സമന്വയിപ്പിച്ച് തനതായ ഒരു സുറിയാനി ആദ്ധ്യാത്മികത അവതരിപ്പിക്കുവാൻ ഇസഹാക്ക് ശ്രമിച്ചിട്ടുണ്ട്. ലോകത്തോടുള്ള പൂർണ്ണ വിരക്തി, സ്വയത്തോടുള്ള പൂർണ നിഷേധം, സമ്പൂർണ്ണ വിനയം തുടങ്ങിയവ പ്രധാന ഘടകങ്ങളാണ്. പരിശുദ്ധാത്മാവിന്റെ നടത്തിപ്പിൽ ആശ്രയിക്കുവാനുള്ള ആഹ്വാനം വളരെ പ്രാധാന്യമർഹിക്കുന്നു.

**Joseph Hazzaya** സോറാസ്ട്രിയൻ മതവിശ്വാസിയായിരുന്ന അദ്ദേഹം ക്രിസ്തീയ വിശ്വാസം സ്വീകരിക്കുകയും തനതായ ഒരു ആദ്ധ്യാത്മിക പാരമ്പര്യം വളർത്തിയെടുക്കാൻ ശ്രമിക്കുകയും ചെയ്തു. "Three Stages of spiritual Life"എന്ന ഗ്രന്ഥം തന്നെ എഴുതി. നേരത്തെയുണ്ടായിരുന്ന 3 ആദ്ധ്യാത്മിക പാരമ്പര്യങ്ങളുടെ (John Evagrius and Dynisius) ഒരു സമന്വയമാണ് ഇതിലെ പ്രതിപാദ്യ വിഷയം.

**John Dalyatha** (or 'Sobo = old man') വടക്കേ ഇറാക്കിലെ സന്യാസാശ്രമത്തിലെ അംഗമാണ്. പ്രസംഗങ്ങൾ, ലേഖനങ്ങൾ എന്നിവയുടെ ഒരു ശേഖരണം തന്നെ ഇദ്ദേഹത്തിന്റേതായിട്ടുണ്ട്. ആദ്ധ്യാത്മികതയുടെ വിവിധ തലങ്ങളിലേക്ക് വെളിച്ചം വീശുന്നുണ്ട് അദ്ദേഹത്തിന്റെ എഴുത്തുകൾ.

### IV. പിൽക്കാല ചരിത്രം

ഇസ്ലാം ആക്രമണഫലമായി ക്രൈസ്തവ പാരമ്പര്യം ചിതറിപ്പോകാനിടയായി. പിന്നീട് 13-ാം നൂറ്റാണ്ടിലാണ് വളർച്ചയുടെ അനുഭവം കാണുന്നത്. ബാർ എബ്രായ (Bar Hebraeus d. 1286) സുറിയാനി പാരമ്പര്യത്തിന്റെ പ്രസിദ്ധനായ വക്താവാണ്. ക്രിസ്തീയ ജീവിതത്തിനാവശ്യമായ മാർഗ്ഗനിർദേശങ്ങൾ ഉൾപ്പെടുന്ന ഇത്തിക്കോൺ (Ethicon) അദ്ദേഹത്തിന്റെ പ്രസിദ്ധ ഗ്രന്ഥമാണ്. സന്യാസികൾക്കും അല്ലാത്തവർക്കും പ്രയോജനകരമായ മാർഗ്ഗനിർദ്ദേശങ്ങൾ ഇതിൽ കാണുന്നുണ്ട്. ആത്മീയ ഗുരുക്കന്മാരെ ലഭിക്കാത്ത സാഹചര്യത്തിൽ, സന്യാസികളെയും ആശ്രമസ്ഥരേയും വഴികാട്ടിയായി "The Book of Dove" എന്ന ഒരു പ്രസിദ്ധ ഗ്രന്ഥവും ബാർ എബ്രായ രചിച്ചു. മുസ്ലീം ആദ്ധ്യാത്മികതയും ക്രിസ്ത്യൻ ആദ്ധ്യാത്മികതയും പലതരത്തിൽ പരസ്പരം കൊണ്ടും കൊടുത്തും വളർന്നുവരാനിടയായിട്ടുണ്ട്.

### V. ഭാരതസഭയിലെ സുറിയാനി പാരമ്പര്യം

കർത്തൃശിഷ്യനായ മാർതോമ്മാശ്ലീഹാ എ.ഡി. 52-ൽ ഭാരതത്തിലെത്തുകയും എ.ഡി. 72-ൽ രക്തസാക്ഷിമരണം പ്രാപിക്കുകയും ചെയ്തു. കാലാകാലങ്ങളിൽ നിലനിന്നിരുന്ന ഭാരതീയ ആദ്ധ്യാത്മികതയുമായി സുറിയാനി ആദ്ധ്യാത്മികത കൂടിക്കലർന്നു കാണും. ബുദ്ധ, ജൈന, ഹൈന്ദവ ആദ്ധ്യാത്മികതയുടെ വിവിധ വശങ്ങൾ ഭാരത സുറിയാനി ആദ്ധ്യാത്മികതയെ ബാധിച്ചു കാണാനിടയുണ്ട്. ഗ്രീക്ക്, ഇസ്ലാം, മതങ്ങളുടെ സ്വാധീനം സിറിയായിലെ സുറിയാനി പാരമ്പര്യത്തെ സ്വാധീനിച്ചതുപോലെ തന്നെ ഭാരതീയ സ്വാധീനം ഉണ്ടായതും ന്യൂനതയായി കാണേണ്ടതില്ല. 16-ാം നൂറ്റാണ്ടിനു ശേഷമാണ് വിദേശസഭകളുടെ ഒഴുക്ക് ഭാരത്തിലേക്കുണ്ടായത്. അതുവരെ "മാർത്തോമ്മാ സുറിയാനി ക്രിസ്ത്യാനികൾ" എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഏക സുറിയാനി പാരമ്പര്യം പല സഭാവിഭാഗങ്ങളുമായി ബന്ധപ്പെട്ടു. പല ക്രൈസ്തവ വിഭാഗങ്ങളും അവരവരുടെ ആദ്ധ്യാത്മിക പാരമ്പര്യങ്ങൾ വഴിയായി ഭാരത സുറിയാനി പാരമ്പര്യത്തെ സ്വാധീനിക്കാൻ ഇടയായിട്ടുണ്ട്. എന്നിരുന്നാലും ആദിമ സഭയിലെ സുറിയാനി ആദ്ധ്യാത്മികതയുടെ പ്രധാന പാരമ്പര്യങ്ങൾ മുറുകെ പിടിക്കുന്ന ഓർത്തഡോക്സ് സുറിയാനി സഭ ഇന്നും ശക്തമായി ഭാരതത്തിൽ നിലനിൽക്കുന്നുണ്ട്.

### II ഗ്രീക്ക്/കോപ്റ്റിക് ഓർത്തഡോക്സ് പാരമ്പര്യം

ഗ്രീക്ക് തത്വചിന്ത, സംസ്കാരം, കല, ഭാഷ എന്നിവ ക്രൈസ്തവ ആദ്ധ്യാത്മികതയെ വളരെ സമ്പന്നമാക്കുകയുണ്ടായി. 'ദൈവികമായതെല്ലാം മനോഹരമാണെന്ന' ഗ്രീക്ക് തത്വത്തിൽ, ദേവാലയങ്ങളും ആരാധനയും മനോഹരവും സംഗീതാത്മവുമാക്കി. വളരെ സംപുഷ്ടമായ ആരാധനാ സംവിധാനമാണ് ഗ്രീക്ക്/കോപ്റ്റിക് സഭകളിൽ കണ്ടുവരുന്നത്. ദൈവത്തെ അറിയുവാൻ മനുഷ്യബുദ്ധിക്ക് സാദ്ധ്യമല്ല; പ്രതീകങ്ങൾ, ചിത്രങ്ങൾ, ആരാധനാ സംഗീതം എന്നിവ ദൈവത്തിങ്കലേക്ക് ഭാഗികമായ സൂചനകൾ അനന്തമായി നൽകിക്കൊണ്ടിരിക്കും. തത്വചിന്തയാണ് സത്യം കണ്ടെത്താനുള്ള ഉപാധി, മതം ആചാരാനുഷ്ഠാനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു എന്നിങ്ങനെയാണ് ഗ്രീക്കുകാരുടെ സമീപനങ്ങൾ.

Justin Martyr ക്രിസ്ത്യാനിയായ ശേഷമാണ് ഗ്രീക്ക് തത്വചിന്തയും ക്രൈസ്തവ രീതികളുമായി ഒരു സമന്വയം ആരംഭിച്ചതെന്നു പറയാം. 'തത്വചിന്ത'യിലൂടെ ദൈവത്തെ അന്വേഷിക്കുന്ന രീതി ആരംഭിച്ചത് അങ്ങനെയാണ്. സത്യത്തെ സ്വീകരിക്കുക, അസത്യത്തെ നിരാകരിക്കുക എന്നിങ്ങനെ ഒരു 'ബൗദ്ധിക അന്വേഷണ'മായി ക്രൈസ്തവവേദ

ശാസ്ത്ര സമീപനം രൂപാന്തപ്പെട്ടു വന്നു. ക്രൈസ്തവ 'ആദ്ധ്യാത്മികത' പഠനവിഷയമായി കൂടുതൽ പഠനങ്ങൾ നടന്നു. ഗ്രീക്ക് ഓർത്തഡോക്സ് പാരമ്പര്യത്തിൽ അപ്രകാരമുള്ള അനേകം ഗ്രന്ഥങ്ങൾ ഉണ്ടാകാനിടയായിട്ടുണ്ട്.

കോപ്റ്റിക് (Egypt/Copt) സഭയുടെ സ്ഥാപകൻ സെ. മർക്കോസ് ആണ്. അലക്സാണ്ട്രിയൻ വേദശാസ്ത്രം, ആദ്ധ്യാത്മികത, മരുഭൂമിയിലെ ആശ്രമപ്രസ്ഥാനം എന്നിവ വളർന്നുവന്നത് ഈ സഭയിലാണ്. വി. അന്തോണിയോസ്, ഏകാന്തവാസികൾക്കായും വിശുദ്ധ പക്കോമിയോസ് സമൂഹവാസികൾക്കായും സന്യാസപ്രസ്ഥാനങ്ങൾ ആരംഭിച്ചു. ഇവർ രണ്ടുപേരും ഈജിപ്ത് നിവാസികളും ഗ്രീക്ക്/കോപ്റ്റിക് സഭയുടെ പ്രസിദ്ധ പിതാക്കന്മാരുമാണ്. എല്ലാ ബിഷപ്പുമാരും ആശ്രമ/സന്യാസ ആദ്ധ്യാത്മികതയിൽ നിന്നും വളർന്നു വന്നവരാണ്. അതുകൊണ്ട്, അപ്രകാരമൊരു പാരമ്പര്യം ഗ്രീക്ക്/കോപ്റ്റിക് ആദ്ധ്യാത്മികതയിൽ കണ്ടുവരുന്നു.

വി. യൂക്കാറിസ്റ്റ് (കുർബാന) ആണ് ആദ്ധ്യാത്മികതയുടെ പ്രഥമവും പ്രധാനവുമായ അടിസ്ഥാനം. സഭയുടെ എല്ലാത്തലങ്ങളിലും വിശ്വാസികളുടെ പങ്കാളിത്തം വളരെ അധികമായിട്ടുണ്ട്. സഭ മുഴുവനുമായിട്ടാണ് സഭയുടെ കൂദാശകൾ അനുഷ്ഠിക്കുന്നതും പങ്കെടുക്കുന്നതും. പ്രത്യേക പൗരോഹിത്യം (പട്ടത്വം) ആരാധനയുടെ നേതൃത്വത്തിനും സഭാഭരണത്തിനുമായിട്ടുള്ളതാണ്. യേശുക്രിസ്തുവിന്റെ ശരീരമായ 'സഭ' മുഴുവനുമായിട്ടാണ് യേശുക്രിസ്തു ഭരമേൽപിച്ച എല്ലാ 'ദൗത്യ'വും നിർവഹിക്കുന്നത്. ഗ്രീക്ക് ആരാധന സംഗീതമയമാണ്.

മുസ്ലീം ആക്രമണം വന്നതോടെ, ദേവാലയത്തിൽ കൂടിവരുന്നത് പ്രയാസമായി വന്നതിന്റെ വെളിച്ചത്തിൽ ആശ്രമങ്ങളിൽ ആരാധനയ്ക്കായി സമ്മേളിക്കുന്ന രീതി പതിവായിത്തീർന്നു. സ്വാഭാവികമായും, പിന്നീടുണ്ടായി വന്ന ആദ്ധ്യാത്മികതയിലും 'ആശ്രമ' സ്വാധീനം കൂടുതലുണ്ടായി. നല്ല നല്ല പ്രാർത്ഥനകളും ധ്യാനചിന്തകളും ഈ കാലഘട്ടത്തിൽ വളർന്നു വരുവാനിടയായി. മരുഭൂമിയിലെ പിതാക്കന്മാരുടെ എഴുത്തുകളിൽ വളരെയേറെ സമ്പന്നമായ ആദ്ധ്യാത്മിക അനുഭവങ്ങൾ കാണുന്നുണ്ട്. വേദപഠനങ്ങൾ ധാരാളമുണ്ട്. പിൽക്കാലത്ത് ഉണ്ടായ പ്രോട്ടസ്റ്റണ്ട് സഭാവിഭാഗങ്ങൾക്ക്, ഈ കാലഘട്ടത്തിലെ ഗ്രീക്ക് പിതാക്കന്മാരുടെ ലേഖനങ്ങൾ മാർഗദർശകങ്ങളായിട്ടുണ്ടെന്ന് അവരുടെ ഗ്രന്ഥകാരന്മാർ തന്നെ സൂചിപ്പിച്ചിട്ടുണ്ട്.

വളരെയേറെ രക്തസാക്ഷികൾ ഈ 'ആദ്ധ്യാത്മികത'യ്ക്ക് ശക്തി നൽകിയിട്ടുണ്ട്. 'രക്തസാക്ഷികളുടെ വിശുദ്ധഭൗതികാവശിഷ്ടങ്ങൾ

(Relics) എന്നാളും പ്രചോദനകേന്ദ്രങ്ങളായി സംരക്ഷിക്കപ്പെട്ടു വന്നിട്ടുണ്ട്. വിശുദ്ധന്മാരുടെ തിരുശേഷിപ്പിനോടുള്ള ബഹുമാനം തെറ്റിദ്ധരിക്കപ്പെടാനിടയായിട്ടുണ്ട്. ക്രിസ്തുവിനുവേണ്ടി രക്തസാക്ഷികളായിത്തീരുവാനുള്ള പ്രചോദനം ഭാവി തലമുറയ്ക്ക് നൽകുക എന്നതാണ് പ്രധാനമായി ഉദ്ദേശിക്കുന്നത്. പുണ്യസ്ഥലങ്ങളിലേയ്ക്കുള്ള തീർത്ഥാടനങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുന്നതും ഈ നിലയിലാണ്. കന്യകമറിയാമിനെ ദൈവപ്രസവത്രിയായി (തെയോടോക്കോസ്) ആദരിക്കുകയും മദ്ധ്യസ്ഥത യാചിക്കുകയും ചെയ്യുന്നത് ഗ്രീക്ക്/കോപ്റ്റിക് സഭയുടെ ആദ്ധ്യാത്മികതയിൽ വലിയ പങ്ക് വഹിക്കുന്നു. അത്ഭുതങ്ങൾ, രോഗശാന്തി, ഭൂതബാധ ഒഴിപ്പിക്കൽ എന്നീ കാര്യങ്ങളും ആദ്ധ്യാത്മികതയുടെ ഭാഗമായി കരുതപ്പെടുന്നുണ്ട്.

### III ബൈസന്റെൻ/റഷ്യൻ പാരമ്പര്യം

റഷ്യൻ, സ്ലാവോണിക്, ബൈസന്റെൻ സഭകളിലെ ആദ്ധ്യാത്മികത പ്രധാനമായും 'വിശുദ്ധി' കേന്ദ്രീകരിച്ചാണ് അനുഷ്ഠിച്ചു വരുന്നത്. 'വിശുദ്ധന്മാർ' വളരെയധികം ആദരിക്കപ്പെടുന്ന ഒരു ആദ്ധ്യാത്മികതയാണിത്. രക്തസാക്ഷികളുടെ ജീവചരിത്രങ്ങൾ വലിയ പ്രചോദനമായി നിലകൊള്ളുന്നു. യേശുക്രിസ്തുവിന്റെ കഷ്ടാനുഭവത്തിനും, മരണത്തിനും, പുനരുത്ഥാനത്തിനും പങ്കാളികളാകാനുള്ള വ്യക്തികളുടെ സ്വമേധയാ ഉള്ള സമർപ്പണ ജീവിതമാണ് ഈ ആദ്ധ്യാത്മികതയുടെ പ്രാരംഭമായി കാണുന്നത്. പുനരുത്ഥാന സന്ദേശവും പ്രത്യാശയുമാണ് ഏറ്റവും പ്രധാനം. അതുകൊണ്ട് ഞായർ, ഉയിർപ്പു പെരുന്നാൾ, വലിയ പെരുന്നാൾ ആയിത്തന്നെ ആഘോഷിക്കുന്നു. 'ഭൗതിക'മായതിൽ 'ആത്മീയത' കലരുന്നു; എല്ലാ 'വസ്തുക്കളും' വിശുദ്ധീകരിക്കപ്പെടുന്നു; ഭൂമി പോലും വിശുദ്ധീകരിക്കപ്പെടുന്നു. കാലവും സമയങ്ങളും വിശുദ്ധീകരിക്കപ്പെടുന്നു. ഐക്കൺ, കുരിശ് തുടങ്ങിയവയിൽ വിശുദ്ധി കാണുന്നു; ആദരിക്കുന്നു. ദൈവത്തിനായി വേർതിരിക്കപ്പെട്ട എല്ലാ വസ്തുക്കളും വിശുദ്ധമാണ്. വി. പുസ്തകം, വി. ദേവാലയം, വി. വസ്ത്രങ്ങൾ തുടങ്ങി ദൈവിക കാര്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്നവയെല്ലാം വിശുദ്ധമാണ്. വിശ്വാസികളും മാമോദീസായിലൂടെ ദൈവത്തിനായി മാത്രം സമർപ്പിക്കപ്പെടുന്നതിനാൽ 'വിശുദ്ധ'രാണ്. ആ അർത്ഥത്തിലാണ് ആദിമസഭയിൽ, വിശ്വാസികളെ വിശുദ്ധന്മാർ എന്ന് വിളിച്ചിരുന്നത് (എഫേസ്യ, കൊരിന്ത്യ തുടങ്ങിയ ലേഖനങ്ങളിലെ സംബോധന കാണുക).

ദാരിദ്ര്യവ്രതം, സ്വയപരിത്യാഗം, ദൈവത്തിനുവേണ്ടി വിശുദ്ധ വിഡ്ഢികളാകുക, കീറിയ വസ്ത്രം ധരിക്കുക, സാമൂഹ്യവും ബൗദ്ധികവുമായ

ബന്ധനങ്ങളിൽ നിന്നും ഒഴിഞ്ഞു മാറുക തുടങ്ങിയവ ഈ ആദ്ധ്യാത്മികതയുടെ ചില വശങ്ങളാണ്.

14-ാം നൂറ്റാണ്ടിൽ സെർജിയസ് (St. Sergius) 'പ്രാർത്ഥന', 'സ്വർഗീയ ദർശനം', ആന്തരിക മൗനം തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകുന്നു. 'Hesychast Movement' പ്രോത്സാഹിപ്പിച്ചു. വസ്തുക്കളുടെ നഷ്ടപ്പെട്ട സൗന്ദര്യം സൂചിപ്പിക്കുന്ന പൂർണതയുടെ പ്രതീകമായി 'ഐക്കണുകൾ' ആദരിക്കപ്പെട്ടു. ഭൗതിക സൗന്ദര്യത്തിൽ നിന്നും ആന്തരീയ സൗന്ദര്യത്തിലേക്കും സ്വർഗീയ അനുഭവത്തിലേക്കും മനുഷ്യനെ ആകർഷിക്കുവാൻ ഐക്കണുകൾക്ക് കഴിയുന്നു. കന്യകമറിയാമിനെ ദൈവമാതാവായി ആദരിച്ച്, മദ്ധ്യസ്ഥത യാചിക്കുന്നു. ആരാധന നിരന്തരമായി നടത്തുക, ലൗകിക സമ്പാദ്യങ്ങൾ ഉപേക്ഷിക്കുക; തീർത്ഥാടകരായി അലഞ്ഞു നടക്കുക തുടങ്ങിയവയെല്ലം റഷ്യൻ ആദ്ധ്യാത്മികതയുടെ പ്രത്യേകതകളാണ്.

**ചില നേതാക്കന്മാർ**

1) യുഗാന്ത്യത്തിലേക്ക് ലക്ഷ്യം വയ്ക്കുന്ന ആദ്ധ്യാത്മികതയുടെ വക്താവായ **സെറാഫീം** (St. Seraphim of Sarov) മരുഭൂമിയിലെ ഒരു പാറമേൽ 1000 രാത്രികൾ (ആയിരം) പ്രാർത്ഥനയിലും, ധ്യാനത്തിലും മൗനത്തിലും കഴിഞ്ഞുകൂടി, ദൈവദർശനം, രോഗശാന്തി നൽവരം എന്നിവ പ്രാപിച്ചു. അദ്ദേഹത്തിന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. സ്വമേധയായുള്ള സന്യാസജീവിതത്തെ വി. സെറാഫിം പ്രോത്സാഹിപ്പിക്കുകയുണ്ടായി.

**2. ഡോസ്റ്റോവ്സ്കി** (Dostovsky): തന്റെ പ്രസിദ്ധ നോവലിലൂടെ റഷ്യൻ ആദ്ധ്യാത്മികത വളർത്തി. മനുഷ്യമനസ്സിലുണ്ടാകുന്ന നന്മയും തിന്മയും തമ്മിലുള്ള സംഘട്ടനം അദ്ദേഹം എടുത്തു കാട്ടി. സംസ്ക്കാരം, കല, സാഹിത്യം എന്നിവ വഴി ആദ്ധ്യാത്മികത വളർത്തിയെടുക്കാമെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. നന്മ തെരഞ്ഞെടുക്കാനുള്ള മനുഷ്യസ്വാതന്ത്ര്യത്തെ ശരിയായി വിനിയോഗിക്കാൻ അദ്ദേഹം പ്രചോദനം നൽകുന്നു.

**3) ബർജ്യാവ്:** പ്രാപഞ്ചിക രൂപാന്തരത്തിന്റെ സന്ദേശമാണ് ഇദ്ദേഹത്തിന്റെ എഴുത്തുകളിൽ നിഴലിട്ടു കാണുന്നത്.

**4) കോമിയാക്കോവ്:** പൂർണത, ഐക്യം എന്നീ ആശയങ്ങൾ ഉൾക്കൊള്ളുന്ന 'Sobernost' ഇദ്ദേഹത്തിന്റെ പ്രത്യേക ദർശനമാണ്. സഭയും സമൂഹവുമായി ഐക്യത്തിലെത്തി, സ്നേഹത്തിന്റെ മുഖാന്തിരമായി ത്തീരണമെന്നതാണ് പ്രധാന സന്ദേശം.

**5) സ്ലാവോഫിലസ്:** ആദ്ധ്യാത്മികത രാഷ്ട്രീയവും സംസ്ക്കാരവുമായി കൂടിക്കലരണമെന്നും പരസ്പരം പൂർണത പ്രാപിക്കണമെന്നും പഠിപ്പിച്ചു.

**6) വ്ളാഡിമിർ സോളോവ്:** 'വിശുദ്ധജ്ഞാനം' എന്ന ആശയം റഷ്യൻ ആദ്ധ്യാത്മികതയിൽ ഏർപ്പെടുത്തി. മനുഷ്യാവതാരം വഴി 'ആത്മീയവും', 'ഭൗതികവും' ഒന്നായിത്തീർന്നിരിക്കുന്നു – പ്രപഞ്ചം മുഴുവന്റെയും രൂപാന്തരം പ്രതീക്ഷിക്കുന്നു.

**7) ഫെഡോറോവ്:** ലോകം മുഴുവന്റെയും രക്ഷയാണ് ലക്ഷ്യമാക്കുന്നത്. ദൈവരാജ്യം വരുന്നതോടെ, രോഗങ്ങൾ, ഭിന്നത, മരണം എന്നിവ മേൽ വിജയം പ്രാപിക്കും. സകല മാനവരാശിയുടെയും രൂപാന്തരവും പുനരുത്ഥാനവും പ്രതീക്ഷിക്കുന്നു.

**8) ഫ്ളോറൻസ്കി:** ദൈവത്തിന്റെ വിജ്ഞാനം സഭയിലൂടെ ഇന്നും സൃഷ്ടികർമ്മത്തിലേർപ്പെടുന്നു – പുതിയ സൃഷ്ടികളായിത്തീരുന്നത് സഭാമാതാവിലൂടെയാണ്.

**9) ബുൾഗാക്കോവ്:** എല്ലാത്തിലും ദൈവത്തിന്റെ സാന്നിദ്ധ്യം ദർശിക്കുന്നു. സഭാജീവിതം മുഴുവനും കൂടിയതാണ് ആദ്ധ്യാത്മികത. വിജ്ഞാനത്തേക്കാൾ, ദൈവ പരിജ്ഞാനം സമ്പാദിക്കുക. ദൈവവും മനുഷ്യനും ഒന്നിക്കുക, സഭ അതിന്റെ പ്രതീകമായി സൃഷ്ടി മുഴുവനുംവേണ്ടി നില കൊള്ളുന്നു; എന്നീ ആശയങ്ങൾ അദ്ദേഹത്തിന്റേതാണ്. ഫ്ളോറോസ്കി, ഷിമ്മാൻ, എവുഡോക്കിമോസ് തുടങ്ങിയ ആധുനിക ചിന്തകരും റഷ്യൻ ആദ്ധ്യാത്മികതയെ സമ്പന്നമാക്കിയിട്ടുണ്ട്.

# യൂണിറ്റ് 3

# പൗരസ്ത്യ ആദ്ധ്യാത്മികത: അടിസ്ഥാന പ്രമാണങ്ങൾ

## പാഠം 1

## ദൈവത്തിൽ വസിക്കുക

### A. പരിശുദ്ധാത്മാവിൽ (ആത്മാവിലുള്ള ജീവിതം)

**1) ആത്മീയം**

സൃഷ്ടികർമ്മത്തിലും, പ്രപഞ്ചപരിപാലനത്തിലും രക്ഷണ്യചരിത്രത്തിലും 'ദൈവാത്മാവ്' (ക്രിസ്തുവിന്റെ ആത്മാവ്, കർത്താവിന്റെ ആത്മാവ്, പരിശുദ്ധാത്മാവ്) അനസ്യൂതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു, 'ആത്മാവ്, ജീവൻ, ശരീരം' എന്നീ മൂന്നു ഘടകങ്ങൾ മനുഷ്യനിലുള്ളതായി പൗലൂസ് ശ്ലീഹാ പരാമർശിക്കുന്നുണ്ട് (1 തെസ. 5:23). ആത്മാവ് തന്നെയാണ് ഏറ്റവും ആദ്യം പരാമർശിക്കപ്പെട്ടിരിക്കുന്നത്. നിർജീവാവസ്ഥയിൽ നിന്നും ജീവാവസ്ഥയിലേക്കും, അവിടെ നിന്നും ആത്മീയാവസ്ഥയിലേക്കും മനുഷ്യന്റെ വളർച്ചയെ സഹായിക്കുന്ന ഘടകങ്ങളാണിവ. ആത്മീയ രൂപാന്തരമാണ് ജീവന്റെയും ശരീരത്തിന്റെയും ലക്ഷ്യം. ദൈവാത്മാവിന്റെ പ്രവർത്തിയിലൂടെയാണ് ഇത് സാദ്ധ്യമാകുന്നത്. ദൈവാത്മാവ് പ്രവർത്തിക്കാവുന്ന അവസ്ഥയിൽ ശരീരത്തെയും ജീവനെയും (മനസ്സിനേയും) നിലനിർത്തുന്നവൻ, 'ആത്മീയൻ' (Spiritual) എന്നും അങ്ങനെ ചെയ്യാത്തവൻ ലൗകികൻ (Worldly) എന്നും അറിയപ്പെടുന്നു.

**2) വ്യക്തിപരമായ ആത്മാവാസം**

പരിശുദ്ധാത്മാവിനെപ്പറ്റി പറയുമ്പോൾ, ഒരു 'വ്യക്തി (Person)' എന്നതിനേക്കാൾ 'ദൈവികശക്തി' എന്ന നിലയിലാണ് കൂടുതലായും പരാമർശിക്കപ്പെട്ടു കാണുന്നത്. എ.ഡി. 351-ലെ കുസ്തന്തീനോസ് കൗൺസിലിൽ, വി. ത്രിത്വത്തെ അംഗീകരിച്ചപ്പോൾ പരിശുദ്ധാത്മാവിന്റെ 'വ്യക്തിത്വം' എടുത്തു പറഞ്ഞു. വി. ത്രിത്വത്തിലൂടെ ലഭിക്കുന്ന രക്ഷയേക്കാൾ, കൂടുതലായി എന്തെങ്കിലും പരിശുദ്ധാത്മാവിലൂടെ മാത്രമായി ലഭിക്കുന്നുണ്ടോ? അതോ, പരിശുദ്ധാത്മാവിലൂടെ മാത്രമേ പിതാവിൽ നിന്നും പുത്രനിൽ നിന്നുമുള്ള രക്ഷ പ്രാപിക്കാൻ കഴിയുകയുള്ളോ? എന്നീ ചോദ്യങ്ങൾ പാശ്ചാത്യ-പൗരസ്ത്യ സഭാപിതാക്കന്മാരുടെ

ഇടയിൽ തർക്കവിഷയമായിരുന്നു. പൗരസ്ത്യർ, "വിശുദ്ധാത്മാവിൽ ക്രിസ്തുവിലൂടെ പിതാവിങ്കലേക്ക്" എന്ന ആശയം ഉയർത്തിപ്പിടിക്കുമ്പോൾ, പാശ്ചാത്യർ പരിശുദ്ധാത്മാവിന്റെ കൃപകൾ പ്രകൃത്യതീതമായി (Super natural) ചിത്രീകരിക്കുന്നു. ഏതായാലും വ്യക്തിപരമായ ദൈവത്മാവിന്റെ അധിവാസത്തിലൂടെ ആത്മീയ ജീവിതം സാധ്യമായിത്തീരുന്നു എന്നതിൽ അഭിപ്രായവ്യത്യാസമില്ലെന്ന് തോന്നുന്നു. പരിശുദ്ധാത്മാവ് വ്യക്തിപരമായി വന്ന് ആവസിച്ച് പ്രവർത്തിക്കുവാനും കൃപകൾ നൽകി ശക്തിപ്പെടുത്തുവാനും തക്കവിധത്തിൽ മനുഷ്യരുടെ 'ശരീരവും മനസ്സും' വിശുദ്ധമായി സൂക്ഷിക്കുക എന്നതാണ് ആത്മീയ ജീവിതത്തിന്റെ അടിസ്ഥാനം. സ്വീകരിക്കാൻ ഒരുക്കമില്ലാത്തിടത്ത് പ്രവർത്തിക്കാൻ ദൈവാത്മാവ് ഇഷ്ടപ്പെടുന്നില്ല.

### 3) ക്രിസ്തുവിനോടുകൂടി ഏകാത്മാവ്

മനുഷ്യനിലെ ആത്മാവും ദൈവാത്മാവും രണ്ടായിട്ടാണോ ഒന്നായിട്ടാണോ പ്രവർത്തിക്കുന്നത് എന്ന ചോദ്യവും തർക്കവിഷയമാകാറുണ്ട്. രണ്ടും രണ്ടായിത്തന്നെ ഉണ്മയിൽ നിലനിൽക്കുന്നു എങ്കിലും പ്രവൃത്തിതലത്തിൽ ഒന്നായി ചേർന്ന് പ്രവർത്തിക്കുന്നതായിട്ടാണ് പൗരസ്ത്യ പിതാക്കന്മാർ (സെ. ബേസിൽ, അഫ്രാത്ത്) പഠിപ്പിക്കുന്നത്. പരിശുദ്ധാത്മസാന്നിദ്ധ്യത്തിൽ, മനുഷ്യാത്മാവ് നിഷ്ക്രിയമാകുന്നില്ല. ദൈവാത്മാവിനെ 'അതിഥി'യായി സ്വീകരിച്ച് മനുഷ്യനിൽ പ്രവർത്തിപ്പിക്കുന്നതിനായി എല്ലാ ഒരുക്കങ്ങളും മനുഷ്യാത്മാവാണ് ചെയ്യുന്നത്. ഹിന്ദുമതത്തിലെ 'നിർവാണം' എന്നപോലെ 'മനുഷ്യാത്മാവ്' ദൈവാത്മാവിൽ ലയിച്ചു ചേരുന്നില്ല. രണ്ടും രണ്ടായിത്തന്നെ സ്ഥിതിചെയ്യുന്നെങ്കിലും പരസ്പരം ആകർഷിക്കപ്പെട്ട് ഒന്നായി പ്രവർത്തിക്കുവാൻ തുടങ്ങുമ്പോഴാണ് ആത്മീയ ജീവിതം ആരംഭിക്കുന്നത് എന്ന് പറയാം. ദൈവാത്മാവ് എപ്പോഴും വിശുദ്ധിയിലേക്കും സ്നേഹത്തിലേക്കും സത്യത്തിലേക്കുമാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അപ്രകാരമുള്ള അവസ്ഥ തെരഞ്ഞെടുക്കുന്ന മനുഷ്യാത്മാക്കളോടൊപ്പം ദൈവാത്മാവ് നിരന്തരം വസിക്കുന്നു, പ്രവർത്തിക്കുന്നു. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരകാല ജീവിതത്തിലെ അനുഭവം ഇപ്രകാരമായിരുന്നു എന്ന് പറയാം. വിശുദ്ധിയും സ്നേഹവും, സത്യവും ഇല്ലാതെ വരുമ്പോൾ ആ മനുഷ്യനിൽ 'അശുദ്ധാത്മാവ്' കയറി പ്രവർത്തിക്കുകയും സകലവിധ തിന്മയിലേക്കും നാശത്തിലേക്കും മനുഷ്യനെ നയിക്കുകയും ചെയ്യും. വെളിച്ചമില്ലാത്തിടത്ത് ഇരുട്ട് തനിയെ കയറി വരുന്നു എന്നതുപോലെ ദൈവാത്മാവിനെ സ്വീകരിക്കാൻ സന്നദ്ധമല്ലാത്തിടത്ത്, 'അശുദ്ധാത്മാവ്' കയറി പ്രവർത്തിക്കുമെന്ന് ഓർത്ത്, പരിശുദ്ധാത്മാവിനായി സ്നേഹത്തിലും വിശുദ്ധിയിലും സത്യത്തിലും താഴ്മയിലും കാത്തിരിക്കേണ്ടതാണ്. യേശു

ക്രിസ്തു നിരന്തരം പിതാവിന്റെ സ്നേഹത്തിലും വിശുദ്ധിയിലും സത്യ ത്തിലും വസിച്ചതിനാൽ, പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ ആത്മാവ് തന്നെയായി പ്രത്യക്ഷത്തിൽ വെളിപ്പെട്ട് പ്രവർത്തിക്കുന്നതായി കാണു ന്നുണ്ട്. കർത്താവിന്റെ മാമോദീസാ സമയത്ത്, പരിശുദ്ധാത്മാവ് പ്രാവ് രൂപത്തിൽ യേശുക്രിസ്തുവിന്മേൽ വന്നിരുന്ന് സാക്ഷിക്കുന്നതിൽ നിന്നും, 'പിതാവെ,' എന്റെ ആത്മാവിനെ തൃക്കൈയ്യിൽ ഭരമേൽപിക്കുന്നു എന്ന് യേശുക്രിസ്തു ക്രൂശിൽ കിടന്ന് പ്രാർത്ഥിക്കുന്നതിൽ നിന്നും, യേശുക്രിസ്തുവിൽ 'മനുഷ്യാത്മാവ്', 'ദൈവാത്മാവ്' എന്നിവ രണ്ടും സജീവമായി പ്രവർത്തിച്ചിരുന്നു എന്ന് മനസ്സിലാക്കാവുന്നതാണ്. മരുഭൂമിയിലേക്ക് പരീക്ഷിക്കുന്നതിനായി യേശുവിനെ നയിച്ചതും പരി ശുദ്ധാത്മാവായിരുന്നു (ലൂക്കോസ് 4:1).

### 4) വെളിച്ചം, കണ്ണ്, കാഴ്ച

വെളിച്ചമില്ലെങ്കിൽ, കണ്ണുകൊണ്ടെന്തു പ്രയോജനം? കണ്ണില്ലെങ്കിൽ വെളിച്ചം വെറുതെ! വെളിച്ചം ബാഹ്യമായി കണ്ണിലേക്ക് പ്രവേശിച്ച് കാഴ്ച സാധ്യമാക്കുന്നതു പോലെയാണ് പരിശുദ്ധാത്മാവ് മനുഷ്യാത്മാവുമായി ബന്ധപ്പെട്ട് ആത്മീയ ജീവിതം സാധ്യമാക്കുന്നത്. കണ്ണടച്ചിരിക്കുകയാ ണെങ്കിൽ വെളിച്ചം കണ്ണിൽ പ്രവേശിക്കുകയില്ല. കാഴ്ച കിട്ടുകയുമില്ല. ദൈവാത്മാവിന് പ്രവേശനം നൽകുന്ന മനുഷ്യാത്മാക്കളിലൊക്കെ ദൈവാ ത്മാവ് പ്രവർത്തിക്കുന്നു. മനുഷ്യാത്മാവ് മൃതപ്രായമായിത്തീരുന്ന അവ സ്ഥയാണെങ്കിൽ, ദൈവാത്മാവിന്റെ പ്രവർത്തനക്ഷമത ഫലിച്ചെന്ന് വരി കയില്ല. 'കണ്ണുണ്ടായിട്ടും കാണാൻ കഴിയാത്ത കുരുടന്മാരായി' പരീശ ന്മാരെ യേശു വിമർശിക്കുന്നത് ഈ അർത്ഥത്തിലും കൂടിയാണ്.

ദൈവാത്മാവിനെ തിരിച്ചറിയാനും, സ്വീകരിപ്പാനും, സഹകരിച്ച് പ്രവർ ത്തിക്കുവാനുമുള്ള കഴിവ് സൃഷ്ടിയിൽ മനുഷ്യന് മാത്രമെ ദൈവം നൽ കിയുള്ളു. ദൈവത്തെ ദർശിക്കാനും, ദൈവത്തെപ്പോലെ ആയിത്തീരു വാനുമുള്ള ഈ കഴിവിന് “ദൈവസ്വരൂപം” എന്ന് പറയാം. ദൈവത്തിന്റെ ഗുണഗണങ്ങൾ ഏതെല്ലാമുണ്ടോ അവയെ എല്ലാം പടിപടിയായി, പരി ശുദ്ധാത്മാവിൽ ദർശിച്ച്, സ്വായത്തമാക്കി, ദൈവസാദൃശ്യത്തിലേക്ക്, വളർന്നുകൊണ്ടിരിക്കുവാനുള്ള 'അനന്തമായ സാദ്ധ്യത'യാണ് “ദൈവ സ്വരൂപം” എന്നത്. 'ദൈവസ്വരൂപത്തിൽ' സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവസാദൃശ്യത്തിലേക്ക് രൂപാന്തരം പ്രാപിച്ചുകൊണ്ടിരിക്കുന്നു. ഈ പുതുക്കവും രൂപാന്തരവും മനുഷ്യാത്മാവുമായി സഹകരിച്ച്, ദൈവാ ത്മാവാണ് നിരന്തരം നിർവഹിക്കുന്നത്. ആത്മീയ ജീവനിൽ നിലനിൽ ക്കുന്നവർക്ക് മാത്രമെ ഈ ആത്മീയ വളർച്ചയും രൂപാന്തരവും സാധ്യ മാകുകയുള്ളു.

ശബ്ദം ചെവിയുമായും, വെളിച്ചം കണ്ണുമായും, രുചി നാവുമായും മൂക്ക് മണവുമായും ബന്ധപ്പെട്ടിരിക്കുന്നതുപോലെ, ആത്മീയ ജീവിതത്തിന്റെ വിവിധ പ്രവർത്തനമേഖലകളിൽ, ദൈവാത്മാവ് മനുഷ്യാത്മാവിലൂടെ പ്രവർത്തിച്ചാണ് ആത്മീയ വളർച്ചയും രൂപാന്തരവും സാധ്യമാക്കുന്നത്. മനുഷ്യന്റെ ബാഹ്യഇന്ദ്രിയങ്ങൾ സജീവങ്ങളായിരിക്കുന്നതുപോലെ, ആന്തരികമായ 'ആത്മീയ' ഇന്ദ്രിയങ്ങളും ദൈവാത്മാവിലുള്ള ആഭിമുഖ്യത്തിലും പ്രവർത്തനക്ഷമതയിലും നിലനിന്നെങ്കിൽ മാത്രമെ, 'ആത്മാവിലുള്ള ജീവിതം' സാധ്യമായിത്തീരുകയുള്ളു.

**5) ദൈവാത്മാവിന്റെ പ്രവർത്തനശൈലികൾ:**

a) സകലത്തേയും ശുദ്ധീകരിക്കുന്നവൻ: അശുദ്ധിയിൽ നിന്നും ലോകത്തെ വിശുദ്ധിയിലേക്ക് നയിക്കുന്നു. വി. കൂദാശാനുഷ്ഠാനങ്ങളിലൂടെ വിശുദ്ധീകരണം സഭയിൽ നടത്തിക്കൊണ്ടിരിക്കുന്നു. ബസേലിയോസ്, അത്താനാസ്യോസ് എന്നീ പിതാക്കന്മാർ, പരിശുദ്ധാത്മാവിലുള്ള സംബന്ധം വഴിയായി, അശുദ്ധ ജീവിതത്തിൽ നിന്നും മനുഷ്യന് വിശുദ്ധിയിലേക്ക് വളരാം എന്നു പഠിപ്പിച്ചു. b) വിശ്വാസപ്രമാണത്തിൽ ചൊല്ലുന്നതുപോലെ 'സകലത്തേയും ജീവിപ്പിക്കുന്ന കർത്താവ്' എന്ന നിലയിൽ സകല ജീവിതതലങ്ങളിലും ദൈവാത്മാവ് കടന്നുചെന്ന് സജീവമായി നിലനിർത്തുന്നു. 'ആത്മാവ് വെള്ളത്തിന്മേൽ പരിവർത്തിച്ചു' എന്നിങ്ങനെ ഉൽപത്തി പുസ്തകത്തിൽ ദൈവാത്മാവ് പരാമർശിക്കപ്പെട്ടിട്ടുണ്ടല്ലോ. c) സകലത്തേയും പ്രകാശിപ്പിക്കുന്നവൻ, സത്യ വെളിച്ചത്തിലേക്ക് നയിക്കുന്നവൻ, d) പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ലോകത്തിന് ബോദ്ധ്യം വരുത്തി മാനസ്സാന്തരത്തിലേക്ക് നയിക്കുന്നവൻ e) സഹദേന്മാർക്ക് ശക്തി നൽകുന്നവൻ, ആശ്വസിപ്പിക്കുന്നവൻ, പ്രാർത്ഥിപ്പാൻ സഹായിക്കുന്നവൻ, കൃപാവരങ്ങൾ നൽകുന്നവൻ ഇങ്ങനെ നിരവധി തലങ്ങളിൽ പരിശുദ്ധാത്മ വ്യാപാരം നടക്കുന്നുണ്ട്. ഇവിടെയെല്ലാം മനുഷ്യാത്മാവിന്റെ ബോധപൂർവമായ സഹകരണം ആവശ്യമാണ്, വെളിച്ചത്തിന് കണ്ണെന്നപോലെ.

**6) ആത്മാവിൽ വളരുന്നത് ക്രിസ്തുവിൽ വസിപ്പാൻ**

ദൈവാത്മാവ്, മനുഷ്യാത്മാവുമായി നിരന്തരം യോജിച്ച് പ്രവർത്തിച്ചതിന്റെ പല ഉദാഹരണങ്ങൾ വി. വേദപുസ്തകത്തിൽ കാണുന്നുണ്ടെങ്കിലും യേശുക്രിസ്തുവിലുള്ള ജീവിതമാണ് ഏറ്റവും പരമപ്രധാനമായും മാതൃകാപരമായും നമുക്ക് കാണാവുന്നത്. ശരീരവും ആത്മാവും ഒന്നിച്ച് ദൈവത്തിന്റെ ആത്മാവുമായി യോജിച്ച് പ്രവർത്തിക്കുന്ന അനുഭവമാണ് ക്രിസ്തുവിൽ നിന്നും നാം കാണുന്നത്; അപ്രകാരമുള്ള ആത്മാവിന്റെ പ്രവർത്തനഫലമായുണ്ടാകുന്ന 'രൂപാന്തരം' ക്രിസ്തുവിൽ നാം ദർശി

ക്കുന്നുണ്ട്. 'ആത്മീയജീവിതം', 'ആത്മാവിന്റെ' മാത്രം ജീവിതമല്ല; 'ആത്മാവും, ശരീരവും' ഒത്തുചേർന്നു ദൈവാത്മാവിലൂടെ 'ക്രിസ്തുവിൽ ആയിത്തീരുക' എന്നതാണ്. ഓരോ വിശ്വാസിയും ലക്ഷ്യമാക്കേണ്ടതും ഇപ്രകാരമുള്ള ഒരു സമ്പൂർണ്ണ വളർച്ചയാണ്. റഷ്യൻ സഭയിലെ വി. സെറാഫിം പറയുന്നത് നോക്കുക: "പ്രാർത്ഥന, ഉപവാസം, ജാഗരണം ഇവയെല്ലാം, എത്ര നല്ലതാണെങ്കിലും അവ ആചരിച്ചതുകൊണ്ടു മാത്രം ക്രിസ്തീയ ജീവിതമാകുന്നില്ല, അതിലേക്കുള്ള വഴി മാത്രമാണവ. ക്രിസ്തീയ ജീവിതത്തിന്റെ ശരിയായ പരിസമാപ്തി ദൈവാത്മാവിനെ പ്രാപിച്ച്, ദൈവകൃപയിൽ നിറഞ്ഞുവരിക എന്നതാണ്. എങ്കിൽ മാത്രമെ ക്രിസ്തുവിലൂടെ പിതാവിങ്കലേക്ക് എത്താൻ കഴിയുകയുള്ളു."

## B. പുത്രനിലൂടെ (യേശുക്രിസ്തുവിൽ വസിക്കുക, വളരുക)

പരിശുദ്ധാത്മാവിന്റെ പ്രവർത്തനം മനുഷ്യരിൽ വ്യാപരിച്ച് വി. മാമോദീസാ, വി. കുർബ്ബാനാനുഭവം തുടങ്ങിയ കൂദാശകൾ വഴി, യേശുക്രിസ്തുവിന്റെ ശരീരമായ സഭയുമായി ചേർക്കപ്പെടുന്നതിലൂടെ, ഒരു പുതിയ ജീവിതം ആരംഭിക്കുകയാണ്. ക്രിസ്തുവിൽ കൂടിയുള്ള ജീവിതം നാസിയാൻസിലെ വി. ഗ്രീഗോറിയോസ് പറയുന്നത്, നാം മാമോദീസായിലൂടെ ക്രിസ്തുവിന്റെ ക്രൂശുമരണത്തിലും പുനരുത്ഥാനത്തിലും പങ്കാളികളായിത്തീർന്നു കഴിഞ്ഞിരിക്കുന്നതിനാൽ, തുടർന്നങ്ങോട്ടുള്ള ജീവിതം ക്രിസ്തുവിന്റെ ജീവിതം തന്നെയാണ്. ക്രിസ്തു നമ്മെപ്പോലെ ആയതിനാൽ നാമും ക്രിസ്തുവിനെപോലെ ആയികഴിഞ്ഞിരിക്കുന്നു. ക്രിസ്തു മനുഷ്യനായിത്തീർന്നതുപോലെ നാം 'ദൈവങ്ങളായി'ത്തീർന്നിരിക്കുന്നു. (SCE. P. 34). മനുഷ്യാത്മാവ് നമ്മോട് ബന്ധപ്പെട്ടിരിക്കുന്നതിനേക്കാൾ കൂടുതൽ അടുപ്പത്തിൽ രക്ഷകൻ നമ്മോട് ആയിത്തീർന്നിരിക്കുന്നു. (SCE. P. 34). ക്രിസ്തുവിൽ കൂടിയുണ്ടാകുന്ന മനുഷ്യരക്ഷ എന്നുള്ളത് സൃഷ്ടി മുഴുവന്റേയും പൂർണതയിലേക്കുള്ള പുനരുദ്ധാരണവും, പുനഃസ്ഥാപനവും, വിശുദ്ധീകരണവും ദൈവീകരണവുമാണ് എന്ന് ഓർത്തഡോക്സ് സഭാപിതാക്കന്മാർ പൊതുവായി പഠിപ്പിക്കുന്നു. ഇത്രയും സാദ്ധ്യമാകുന്നത് യേശുക്രിസ്തുവിലൂടെയാണ്. ആ നിലയിലാണ് യേശുക്രിസ്തു 'ലോകരക്ഷകൻ' എന്ന പേരിൽ അറിയപ്പെടുന്നത്.

യേശുക്രിസ്തു ലോകത്തിന്റെ വെളിച്ചമായിത്തീർന്നിരിക്കുന്നു. അജ്ഞതയാകുന്ന 'അന്ധകാരം' നീക്കി സത്യവെളിച്ചം ലോകത്തിന് നൽകുന്ന യഥാർത്ഥ ജ്ഞാനകേന്ദ്രമാണ് വചനമായ ക്രിസ്തു. ഗ്രീക്ക് സഭാപിതാക്കന്മാർ പറയുന്നത്, അറിവില്ലായ്മ കൊണ്ടാണ് പാപവും യാതനകളും മനുഷ്യർക്കുണ്ടാകുന്നത് എന്നും സത്യ അറിവ് ക്രിസ്തുവിലൂടെ പ്രാപിച്ച് പ്രകാശിതമായിത്തീരുക എന്നതാണ് ക്രിസ്തുവിൽ കൂടി ജീവിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്നുമാണ്.

### (1) സകലത്തെയും യോജിപ്പിക്കുന്ന ക്രിസ്തു

സ്രഷ്ടാവിനേയും സൃഷ്ടിയേയും തമ്മിൽ യോജിപ്പിക്കുന്നവനാണ് യേശുക്രിസ്തു. ഗ്രീക്ക് തത്വചിന്തയിൽ, ഭൗതികം, ആത്മികം എന്നിവ ഒരിക്കലും യോജിക്കാത്തവിധം രണ്ടു തലത്തിൽ നിലകൊള്ളുന്ന യാഥാർത്ഥ്യങ്ങളാണ്. ഇവ തമ്മിൽ ബന്ധിപ്പിക്കാനായി ഭൗതികവുമല്ല, ആത്മീയവുമല്ലാത്ത ഒരു 'മദ്ധ്യസ്ഥൻ' ആകാം. എന്നാൽ യേശുക്രിസ്തുവിനെ അപ്രകാരം മനസ്സിലാക്കാൻ പാടില്ല. യേശുക്രിസ്തു ഒരേ സമയം തന്നെ ദൈവത്വത്തിന്റെ പൂർണതയിൽ ഇരുന്നുകൊണ്ട് തന്നെ, സൃഷ്ടിയിൽ മനുഷ്യത്വത്തിന്റെ പൂർണത നിലനിർത്തുന്നുണ്ട്. ഈ യോജിപ്പുകൊണ്ട് ദൈവത്വമോ, മനുഷ്യത്വമോ വ്യത്യാസപ്പെടാതെയും, കൂടിക്കലരാതെയും രണ്ടായിട്ടല്ലാതെ, ഒന്നായി സ്ഥിതിചെയ്യുന്ന അവസ്ഥയാണ് യേശുക്രിസ്തുവിലുള്ളത് എന്ന് പൗരസ്ത്യ ഓർത്തഡോക്സ് സഭാപിതാക്കന്മാർ പഠിപ്പിച്ചു. ഈ കൂടിയോജിപ്പിന്റെ മർമ്മം തന്നെയാണ്, യേശുക്രിസ്തുവിന്റെ മനുഷ്യാവതാരമർമ്മമായി നിലകൊള്ളുന്നത്.

മനുഷ്യവർഗത്തിന്റെ പുതിയ 'ആദാം' (റോമർ 5:12–21) സഭാഗാത്രത്തിലെ ശിരസ്സ് (കൊലോ. 1:18), സകല സൃഷ്ടിയുടേയും 'ആദ്യജാതൻ' (കൊലോ. 1:15) എന്നിങ്ങനെ യേശുക്രിസ്തുവിനെ വിശേഷിപ്പിക്കുക വഴി, മനുഷ്യവംശവുമായുള്ള യോജിപ്പിന്റെ വിവിധ വശങ്ങൾ വ്യക്തമാകുന്നു. 'യേശുക്രിസ്തുവിൽ സകലവും ഒന്നായിത്തീരുന്നു' എന്ന് ഐറേനിയോസും, 'ഭിന്നിപ്പിക്കുന്ന ശക്തികളിന്മേലുള്ള വിജയമാണ് യേശുക്രിസ്തു നേടിയത്' എന്ന് മാക്സിമസ്സും എടുത്തു പറയുന്നു. റഷ്യൻ സഭാപിതാക്കന്മാർ പലരും 'യേശുക്രിസ്തു സകലത്തേയും കൂട്ടിയോജിപ്പിക്കുന്നു' എന്ന ആശയം പല ഐക്കണുകൾ, ലിഖിതങ്ങൾ എന്നിവ വഴി വെളിപ്പെടുത്തിയിട്ടുണ്ട് (SCE P. 37).

ക്രിസ്തുവിനോടുള്ള ബന്ധത്തിൽ വിശ്വാസികൾ ആയിത്തീരുക വഴി, സ്രഷ്ടാവായ ദൈവവുമായും സൃഷ്ടിതമായ മറ്റ് എല്ലാ ജീവജാലങ്ങളുമായും 'ഐക്യവും യോജിപ്പും' ക്രിസ്തുവിലൂടെ പ്രാപിച്ച് നിലനിർത്തുക എന്നത് ഏറെ പ്രാധാന്യമർഹിക്കുന്നു.

### 2) ക്രിസ്തുവിനോടുള്ള ഭക്ത്യാദരവുകൾ

വിശ്വാസം ജീവിച്ചു കാണിക്കുന്നതാണ് ക്രിസ്തീയ ജീവിതം. യേശുക്രിസ്തുവിൽ കൂടി ജീവിക്കുന്നതിനാലാണ് അത് സാധ്യമാകുന്നത്. യേശുക്രിസ്തു ദൈവപുത്രനാണ്, ആരാധിക്കപ്പെടേണ്ടവനാണ് എന്ന വിശ്വാസം നിലനിർത്തിക്കൊണ്ട് തന്നെ, യേശുക്രിസ്തു നമ്മെപ്പോലെ മനുഷ്യനായിത്തീർന്നവനാണ്, അവൻ ജീവിച്ചതുപോലെ നാം ജീവിച്ച് അവനെപ്പോലെ നാമും ദൈവമക്കളായിത്തീരേണ്ടവരാണ് എന്ന പ്രായോ

ഗികവശം വിസ്മരിക്കാൻ പാടുള്ളതല്ല. പലപ്പോഴും യേശുക്രിസ്തുവിനെ ആരാധിക്കുന്നതിനാണ്, യേശുക്രിസ്തുവിനെ അനുകരിക്കുന്നതിനേക്കാൾ, പ്രാധാന്യം നൽകിക്കാണുന്നത്. 'എന്നെ ആരാധിക്കുക' എന്നല്ല, 'എന്നെ അനുഗമിക്കുക' എന്നാണ് യേശുക്രിസ്തു നമ്മോട് ആവശ്യപ്പെടുന്നത്. യേശുക്രിസ്തുവിനോട് ആരാധനാമനോഭാവം പുലർത്താതെ, അദ്ദേഹത്തെ അനുഗമിക്കാൻ സാധ്യമല്ല. എന്നാൽ, വെറും 'ആരാധന' മാത്രമായും അനുഗമിക്കുവാൻ കഴിയാതെയും വന്നാൽ, ആ 'ആരാധന' സത്യാരാധനയായി കണക്കാക്കാൻ കഴിയാതെ വരും. യേശുക്രിസ്തു തന്നെ ഒരിക്കൽ പറഞ്ഞു: "എന്നെ കർത്താവെ കർത്താവെ എന്നു വിളിക്കുന്നവൻ ഏവനുമല്ല; എന്റെ പിതാവിന്റെ ഇഷ്ടം പ്രവർത്തിക്കുന്നവൻ അത്രെ സ്വർഗ്ഗരാജ്യത്തിൽ കൊള്ളാവുന്നവൻ" (മത്തായി 7:21).

ഒറിജൻ, ക്രിസ്തുവിനോടല്ല, ക്രിസ്തുവിൽ കൂടി പിതാവാംദൈവത്തോടാണ് പ്രാർത്ഥിക്കേണ്ടത് എന്ന് പറഞ്ഞിട്ടുണ്ട് (SCE, p. 38). ഏതായാലും ക്രിസ്തുവിനെ ആരാധിക്കുന്നതും അനുഗമിക്കുന്നതും രണ്ടായിക്കാണാതെ, ക്രിസ്തുവിനോടുള്ള എല്ലാ ഭക്ത്യാദരവുകളും ആചരിക്കുന്നതോടൊപ്പം പിതാവാം ദൈവത്തിന്റെ ഇഷ്ടം താൻ നിവർത്തിച്ചതുപോലെ നാമും പ്രവർത്തിച്ചുകൊണ്ട് നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം.

യേശുക്രിസ്തു പൂർണദൈവവും പൂർണമനുഷ്യനുമാകയാൽ, ദൈവമെന്ന നിലയിൽ ആരാധനയ്ക്ക് അർഹനും, മനുഷ്യനെന്ന നിലയിൽ അനുകരണത്തിന് അർഹനും ആകയാൽ, നമ്മെ സംബന്ധിച്ച് 'ആരാധനയും' അനുകരണവും ഒരുപോലെ പ്രാധാന്യമുള്ളതായി കരുതി ക്രിസ്തുവിൽ കൂടിയുള്ള നമ്മുടെ ജീവിതം പുഷ്ടിപ്പെടുത്തേണ്ടതാണ്. നമ്മുടെ മനുഷ്യത്വത്തെ കൂടി ദൈവീകരിക്കാനായിട്ടാണല്ലോ യേശുക്രിസ്തു മനുഷ്യനായിത്തീർന്നത്. ആകയാൽ, താത്കാലികമായ മനുഷ്യത്വത്തെ നിത്യമായ 'ദൈവത്വം' പ്രാപിക്കേണ്ടതിലേക്ക് പരമാവധി പ്രയോജനപ്പെടുത്തുക എന്നതാണ് മനുഷ്യരായ നമുക്ക് ചെയ്യാനുള്ളത്. അങ്ങനെ ചിന്തിക്കുമ്പോൾ, യേശുക്രിസ്തുവിൽ കൂടി നമുക്ക് വെളിപ്പെടുത്തിക്കിട്ടിയ, ദൈവത്വത്തെ കൂടുതലായി ഉൾക്കൊള്ളാനും, ആരാധിക്കാനും, അതിലേക്ക് ആയിത്തീരാനും ശ്രമിക്കുക എന്നതു തന്നെയാണ് ക്രിസ്തുവിലുള്ള ജീവിതത്തിന്റെ പ്രധാന വശം. ദമസ്ക്കോസിലെ യൂഹാനോൻ പറയുന്നു, 'ഞങ്ങൾ ആരാധിക്കുന്നത് മനുഷ്യനായ യേശുവിനെയല്ല, മനുഷ്യനായിത്തീർന്ന ദൈവത്തെയാണ്' (SCE, p. 39).

### 3) ക്രിസ്തുവിനെ അനുകരിക്കുന്നവരാകുക

ക്രിസ്താനുകരണം എന്നത് ആത്മീയജീവിതത്തിന്റെ കാതലായ ഭാഗമാണ്. ക്രിസ്തുവിനെ മറ്റൊരാളായിക്കണ്ട് അദ്ദേഹത്തെ വ്യക്തിപരമായി പിന്തുടരുക എന്ന ആശയമാണ് പാശ്ചാത്യ ചിന്തകന്മാർ ഉയർത്തിക്കാണിക്കുന്നത്. എന്നാൽ പൗരസ്ത്യ സഭാപിതാക്കന്മാർ ക്രിസ്തുവിൽ വസിച്ചുകൊണ്ട്, ക്രിസ്തുവിൽ കൂടി, ക്രിസ്തുവിന്റെ ശരീരമായ സഭയിലൂടെ ഒരു സമൂഹമായി, ക്രിസ്തുവിനെ അനുകരിക്കുക, അഥവാ അവതരിപ്പിക്കുക എന്ന ആശയത്തിനാണ് മുൻഗണന കൊടുക്കുന്നത്.

പഴയനിയമത്തിലേക്ക് നോക്കുമ്പോൾ ദൈവത്തെ അനുഗമിക്കുക എന്ന ആശയം ദൈവകൽപനകൾ അനുസരിച്ച് ജീവിക്കുക എന്നാണ് അർത്ഥമാക്കുന്നത്. പുരോഹിതന്മാർ, രാജാക്കന്മാർ, പ്രവാചകന്മാർ എന്നിവർ വഴി യഹോവ നൽകുന്ന നിർദ്ദേശങ്ങളെ പാലിക്കുക എന്നതാണ് പ്രധാന കാര്യം. എന്നാൽ, യഹൂദ ന്യായപ്രമാണങ്ങൾക്കുമപ്പുറത്ത് ക്രിസ്തുവിൽ ആയിത്തീരുന്നതിലൂടെ മാത്രമെ യഥാർത്ഥ രക്ഷയിലെത്തുകയുള്ളു എന്ന് വി. പൗലൂസ് ശ്ലീഹാ പലതവണ ആവർത്തിക്കുന്നു.

'ക്രിസ്തുവിനെ' അനുകരിക്കുക എന്നത് പാശ്ചാത്യരുടെ വീക്ഷണത്തിൽ, ക്രിസ്തു പ്രവർത്തിച്ചതുപോലെ പ്രവർത്തിക്കുവാൻ ശ്രമിക്കുക എന്നതാണെങ്കിൽ, പൗരസ്ത്യ പിതാക്കന്മാരുടെ കാഴ്ചപ്പാടിൽ, ക്രിസ്തുവിനെപ്പോലെ 'ആയിത്തീരുക' എന്നതാണ്. 'ആരായിരിക്കുന്നു' എന്നതാണ് "എന്തു പ്രവർത്തിക്കുന്നു" എന്നതിനേക്കാൾ പ്രാധാന്യമുള്ളതായി പൗരസ്ത്യർ കാണുന്നത്. നല്ല വൃക്ഷമായിത്തീരുക, പിന്നീട് നല്ല ഫലം കായിയ്ക്കുക. "തൽക്കാലം കുറെ നല്ല പ്രവർത്തികളൊക്കെ ചെയ്താൽ മതി" എന്നതല്ല "ക്രിസ്തുവിൽ കൂടി ജീവിക്കുക" അഥവാ 'ക്രിസ്തുവിനെ അനുകരിക്കുക' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. 'ക്രിസ്തുവിൽ ആയിത്തീരൽ' ആവശ്യമാണ്. മനുഷ്യനിൽ 'ദൈവസ്വരൂപം' ഉള്ളതിനാൽ അവന് 'ദൈവത്തെപ്പോലെ ആയിത്തീരുവാൻ' കഴിയുമെന്നാണ് പിതാക്കന്മാർ പഠിപ്പിക്കുന്നത്. ദൈവത്തിന് എന്തെല്ലാം ഗുണങ്ങൾ ഉണ്ടെന്ന് മനുഷ്യൻ മനസ്സിലാക്കുന്നുവോ, ആ ഗുണങ്ങളെല്ലാം സ്വായത്തമാക്കി 'ദൈവത്തെപ്പോലെ' (Likeness of God) ആയിത്തീരാനുള്ള കഴിവാണ് ദൈവസ്വരൂപം (Image of God) എന്ന നിലയിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവനിൽ നിക്ഷേപിച്ചത് അപ്രകാരമുള്ള ഒരു രൂപാന്തരമാണ്. 'ദൈവീകരണം' Deification എന്ന നിലയിൽ ക്രിസ്തുവിൽ കൂടി അവനെ അനുകരിക്കുക വഴി അവനിൽ ജീവിക്കുക വഴി, സാധിച്ചെടുക്കേണ്ടതാണ്.

ക്രിസ്തുവിനെ അനുകരിക്കുക എന്നതും ക്രിസ്തുവിനെ അനുഗമിക്കുക, സാക്ഷിക്കുക എന്നതും ഒന്നു തന്നെയാണ്. ആനുകാലിക സാഹചര്യത്തിൽ യേശുക്രിസ്തുവിനെ, നമ്മിലൂടെ ലോകത്തിന് ജീവിച്ച് കാണിച്ചു കൊടുക്കുന്ന അനുഭവമാണിത്. നിങ്ങൾ എന്റെ 'സാക്ഷികൾ' ആകുവിൻ എന്ന് ക്രിസ്തു നമ്മോട് ആവശ്യപ്പെടുന്നത്, ക്രിസ്തുവിൽ കൂടി നാം ജീവിക്കുവാനും, നമ്മിൽ കൂടി ക്രിസ്തു ജീവിക്കുവാനും നമ്മെത്തന്നെ പൂർണമായി ദൈവത്തിന് സമർപ്പിക്കുവാനായിട്ടാണ്. ക്രിസ്തുവിലുള്ള ജീവിതം ഒരു 'അഭിനയമല്ല' ഒരു 'അനുഭവമാണ്.'

## (C) പിതാവിങ്കലേക്ക് (പിതാവാം ദൈവത്തിൽ ആയിത്തീരുക)

ദൈവത്തെ അപ്രാപ്യമായ ഒരു ആശയമായിട്ടോ ആദർശമായിട്ടോ ശക്തിയായിട്ടോ സങ്കൽപിക്കുക എന്നതാണ് സാധാരണയായി മനുഷ്യർ ചെയ്തിരുന്നത്. എന്നാൽ ദൈവം സൃഷ്ടിയോട് വ്യക്തിപരമായി ഇടപെടുന്ന അനുഭവം യഹൂദമതത്തിൽ, 'യഹോവ'യിലൂടെയാണ് കൂടുതൽ വ്യക്തമാകുന്നത്. സകല നന്മയും ദൈവത്തിൽ നിന്നും ദൈവത്തിങ്കലേക്കുമാണെന്ന് പറയുമെങ്കിലും നന്മയിൽ വസിക്കാനും വളരാനുമുള്ള അവസ്ഥയിലാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചാക്കിയിരിക്കുന്നത് എന്ന കാര്യം എല്ലാ മതങ്ങളിലും ഊന്നിപ്പറയുന്നതായി കാണുന്നില്ല. ബഹുദൈവവിശ്വാസം നിലനിന്നിരുന്ന കാലഘട്ടത്തിൽ മനുഷ്യൻ പ്രകൃതിയുമായും ശത്രുക്കളുമായും മല്ലിട്ടു വന്നിരുന്നു. ഏതു ദൈവമാണോ കൂടുതൽ ശക്തിയുള്ളത്. ആ ദൈവത്തെ ആരാധിക്കുക എന്നതായിരുന്നു ആദിമ മതവിശ്വാസികളുടെ രീതി.

വാഗ്ദത്തങ്ങളും, അടയാളങ്ങളും, കൽപനകളും ഉടമ്പടികളും നൽകിക്കൊണ്ടുള്ള ഒരു ദൈവ-മനുഷ്യബന്ധം യിസ്രായേൽ ജനതയിലാണ് നാം കാണുന്നത്. വി. വേദപുസ്തകത്തിൽ പഴയനിയമം മുഴുവനും ഈ ബന്ധത്തിന്റെ വിവരണമാണ് കാണുന്നത്. എന്നാൽ യേശുക്രിസ്തു ദൈവത്തെ 'പിതാവ്' എന്നു വിളിക്കുകയും അങ്ങനെ വിളിക്കുവാൻ നമ്മെ പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു.

ദൈവം സകല നന്മയുടെയും സന്തോഷത്തിന്റേയും ഉറവിടമാകയാൽ, സന്തോഷത്തിനായി ദൈവത്തിങ്കലേക്ക് കരങ്ങൾ ഉയർത്തുക എന്ന പൊതു തത്വം മതജീവിതത്തിൽ കാണുന്നുണ്ട്. 'സന്തോഷം' എന്നത് ഒരു മാനസിക അവസ്ഥയാണെന്നും, അതു പൂർണമായി 'മനസ്സിൽ' ലഭിക്കണമെങ്കിൽ ദൈവമനസ്സുമായി താദാത്മ്യം പ്രാപിക്കണമെന്നും ഗ്രീക്ക് തത്വചിന്തകന്മാർ പഠിപ്പിച്ചു. അതായത്, ദൈവത്തെ അറിയുക, അതിലൂടെ ദൈവിക സന്തോഷമനുഭവിക്കുക. അറിവിൽ ഒതുങ്ങി നിൽക്കുന്ന ഒരു മതജീവിതത്തിനാണ് അവർ പ്രാധാന്യം നൽകിയത്.

'പാപം' എന്നത് ദൈവമനസ്സിനെ അറിയാൻ കഴിയാതിരിക്കുന്ന അവസ്ഥയായി അവർ ചിത്രീകരിച്ചു. തിയോളജി എന്ന പദം തന്നെ (Theologia) ദൈവത്തെപ്പറ്റിയുള്ള അറിവായും, വചനമായും വിവക്ഷിക്കപ്പെട്ടു.

എന്നാൽ പൗരസ്ത്യ പിതാക്കന്മാർ ദൈവത്തെ ആരാധിക്കുവാനല്ലാതെ അവന്റെ ഉണ്മയെ ആരാഞ്ഞറിയുവാൻ സാധ്യമല്ലെന്നും, ദൈവത്തിന്റെ പ്രവൃത്തികളെ (Energy) തിരിച്ചറിഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്തുന്നവർക്ക്, ദൈവം സ്വയം വെളിപ്പെടുത്തുന്നതിലൂടെ മാത്രമേ ദൈവിക മനസ്സിനെ തിരിച്ചറിയാൻ കഴികയുള്ളു എന്നും പഠിപ്പിച്ചു. അങ്ങനെ 'ദൈവാരാധന'യ്ക്ക് പ്രാധാന്യം വർദ്ധിച്ചു. 'വേദശാസ്ത്രജ്ഞൻ പ്രാർത്ഥിക്കുന്നവനായിരിക്കും, പ്രാർത്ഥിക്കുന്നവൻ വേദശാസ്ത്രജ്ഞനായിരിക്കും' എന്ന തത്വം പൗരസ്ത്യ പിതാക്കന്മാർ ഊന്നിപ്പറഞ്ഞു.

### 1) ക്രിസ്ത്യാനികൾക്ക് ദൈവം പിതാവാകുന്നു

യേശുക്രിസ്തുവാണ് ദൈവത്തെ പിതാവെന്ന് വിളിച്ച് പ്രാർത്ഥിക്കുവാൻ നമ്മെ പഠിപ്പിച്ചത്. പിതാവിന്റെ അടുക്കൽ മക്കൾ ചെല്ലുന്നതുപോലെയും മക്കളോട് പിതാവ് കരുതുന്നതുപോലെയുമുള്ള ഒരു ബന്ധമാണ് അവിടെ കാണുന്നത്. സഭാപിതാക്കന്മാർ, ആ ബന്ധത്തെ തങ്ങളുടെ പ്രാർത്ഥനാജീവിതം വഴി, ആഴത്തിൽ മനസ്സിലാക്കുകയും പിതാവും പുത്രനും പരിശുദ്ധറൂഹായുമാകുന്ന ഏകദൈവത്തെ നമുക്ക് കാട്ടിത്തരികയും ചെയ്തു. വിശ്വാസപ്രമാണത്തിൽ 'സർവ്വശക്തിയുള്ള പിതാവായ... ഏക ദൈവത്തിൽ' വിശ്വസിക്കുന്നു എന്നു നാം ചൊല്ലുന്നു. മനുഷ്യവംശത്തെ മുഴുവൻ ക്രിസ്തുവിലൂടെയുള്ള പുത്രത്വം വഴി മക്കളായി കരുതുകയും (ഗലാ. 4:5, 1 യോഹ. 3:1f) പിതൃസഹജമായ സ്നേഹത്തോടെ സംരക്ഷിക്കുകയും (സങ്കീ. 27:10) ചെയ്യുന്ന ദൈവത്തെയാണ് നാം കാണുന്നത്. 'സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് സൽഗുണപൂർണനായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ' എന്ന് യേശുക്രിസ്തു ആഹ്വാനം ചെയ്യുന്നു (മത്താ. 5:48). ഇത് ദൈവമക്കളുടെ സ്വാഭാവിക വളർച്ചയെയാണ് സൂചിപ്പിക്കുന്നത്.

ദൈവത്തെപ്പോലെ ആകണമെങ്കിൽ, ദൈവസ്വഭാവം അറിയണം. യേശുക്രിസ്തുവിലൂടെ ദൈവസ്വഭാവം എന്താണെന്നും അത് എപ്രകാരം മാനുഷികനിലയിൽ പ്രായോഗികമായി നടപ്പാക്കാമെന്നുമുള്ള 'മാർഗം' മനുഷ്യമക്കൾക്ക് കാണിച്ചു തരുവാനായിട്ടാണ് ദൈവം സ്വന്തപുത്രനെ, യേശുക്രിസ്തുവിനെ ലോകത്തിലേക്ക് അയയ്ക്കുന്നത്. യേശുക്രിസ്തുവിന്റെ ഈലോക ജീവിതത്തിലൂടെ വെളിപ്പെടുത്തിക്കിട്ടിയ ദൈവസ്വഭാവത്തെ, ആനുകാലികമായി ലോകത്തിനു കാണിച്ചു കൊടുക്കുക എന്നതാണ് ഓരോ ക്രിസ്ത്യാനിയുടേയും ചുമതല. ക്രിസ്തുവിനെ 'അനുഗ

മിക്കുക', 'സാക്ഷിക്കുക', 'പ്രസംഗിക്കുക' എന്നെല്ലാം പറയുന്നതിന്റെ പൊരുൾ ഇതാണ്. ക്രിസ്തുവിൽ വെളിപ്പെട്ട ദൈവസ്വഭാവത്തെ തിരിച്ചറിഞ്ഞ്, അത് ലോകത്തിൽ എന്നും നടപ്പാക്കുക എന്നതാണ് ദൈവമക്കൾ എന്ന നിലയിൽ പിതാവാം ദൈവം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്. ദൈവസ്വഭാവം ലോകത്തിന് വെളിപ്പെടുത്തുവാൻ ദൈവസ്വരൂപം വഹിക്കുന്ന മനുഷ്യന് മാത്രമെ കഴിയൂ എന്നതിനാൽ, എല്ലാ മനുഷ്യരിൽക്കൂടിയും എത്രയുംവേഗത്തിലും ഫലപ്രദമായും ദൈവസ്വഭാവം വെളിപ്പെടുത്തുവാൻ യത്നിക്കേണ്ടിയിരിക്കുന്നു. അതിനായി മനുഷ്യവംശത്തെ തയ്യാറാക്കുക എന്നതാണ് ദൈവമക്കളുടെ ചുമതല.

**2) ദൈവത്വത്തിലെ ഏകത്വവും ത്രിത്വവും**

ക്രിസ്ത്യാനികൾ ഏകദൈവ വിശ്വാസികൾ തന്നെയാണ്. അബ്രഹാമിന്റെ മക്കൾ എന്ന നിലയിൽ യഹൂദന്മാരും, മുസ്ലീംങ്ങളും, ക്രിസ്ത്യാനികളും ഒരേ ദൈവത്തിൽ വിശ്വസിക്കുന്നവർ തന്നെ. 'പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്' എന്ന നിലയിൽ ദൈവത്തെ മനുഷ്യൻ മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ, ഏകദൈവവിശ്വാസത്തിന്റെ വിശദീകരണം മാത്രമാണത്. ഹിന്ദുമതത്തെപ്പോലെ 'ബഹുദൈവവിശ്വാസം' എന്ന് വിവരിക്കാവുന്ന അവസ്ഥയല്ല നമുക്കുള്ളത്. ദൈവം ഒരേസമയം പിതാവായും, പുത്രനായും പരിശുദ്ധാത്മാവായും പ്രവർത്തിക്കുവാൻ കഴിവുള്ള ഏകദൈവമാണെന്ന് പറയുമ്പോൾ, ഏകദൈവത്തിന്റെ അപ്രമേയ മഹത്വമാണ് വിവരിക്കപ്പെടുന്നത്. സൃഷ്ടിയെ അളക്കുന്ന അളവുകോൽ കൊണ്ട് അളന്ന് മനസ്സിലാക്കാവുന്ന ഒരു കാര്യമല്ലെന്നു മാത്രം. 'മനസ്സിലാകാത്തതൊന്നും യാഥാർത്ഥ്യമല്ല' എന്ന ചിന്തയാണ് ആശയക്കുഴപ്പമുണ്ടാക്കുന്നത്. മനസ്സിലായത് ഒന്നുമല്ല പരമയാഥാർത്ഥ്യം എന്നും 'പരമസത്യം' പൂർണമായും മനസ്സിലൊതുക്കാവുന്നതല്ലെന്നും, എന്തെങ്കിലും മനസ്സിൽ 'ആയാൽ' തന്നെ അവ വേണ്ടവിധം പ്രകടിപ്പിക്കുവാൻ കഴിയുന്നതിന് പരിമിതികളുണ്ടെന്നും മനസ്സിലാക്കുന്നതാണ് യഥാർത്ഥജ്ഞാനം എന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു. ദൈവത്തെപ്പറ്റി പലതും പറയാമെങ്കിലും അവയെല്ലാം പൂർണതയിലേക്കുള്ള ചൂണ്ടുപലകകളായി മാത്രം കരുതിയാൽ മതി.

ദൈവം 'ത്രിയേക ദൈവമാകുന്നു' എന്നു പറയുമ്പോൾ ഏകനായ ദൈവത്തിൽ ഉണ്മയും (Being) സൃഷ്ടിയും (Becoming) ശക്തിയും (Power of becoming) ഒന്നിച്ചു പ്രവർത്തനക്ഷമമായി പ്രവർത്തിക്കുന്നു എന്നു മനസ്സിലാക്കാവുന്നതാണ്. ഒന്ന് ഒന്നിൽ നിന്നു വേറിട്ട് നിലനിൽക്കുകയോ, പ്രവൃത്തിക്കുകയോ ചെയ്യുന്നില്ല. ദൈവം 'പിതാവ്' എന്നു പറയുമ്പോൾ, 'പുത്രൻ' ഉണ്ട് എന്ന് അർത്ഥം വരുന്നു. അതുകൊണ്ടു 'ദൈവത്തെ' പിതാവ് എന്ന് പറയുമ്പോൾ പുത്രനും 'ദൈവ'മാണെന്ന്

വരുന്നു (റോമ. 5:6, 2 കൊരി. 11:31, എഫെ. 1:3). പിതാവും പുത്രനുമായി ബന്ധിപ്പിക്കുന്ന 'ശക്തി'യെ 'പരിശുദ്ധാത്മാവായ ദൈവം' എന്നു പറയുന്നു. ഉദാ: സൂര്യന് വെളിച്ചം, ചൂട്, രശ്മി എന്നതുപോലെയോ, വസ്തുവിന് ആഴം, നീളം, വീതി എന്നതുപോലെയോ, മനുഷ്യന് ബുദ്ധി, ഭക്തി, ശക്തി എന്നതുപോലെയോ, ഒരു 'ത്രിമാന സ്വഭാവം' ദൈവസങ്കൽപത്തിൽ വരുന്നത് ഏകദൈവത്തെ കൂടുതൽ മനസ്സിലാക്കാൻ സഹായിക്കുന്നു എന്നല്ലാതെ, ബഹുദൈവ വിശ്വാസത്തിലേക്ക് നയിക്കുന്നില്ല എന്ന് മനസ്സിലാക്കണം.

അങ്ങനെ വരുമ്പോൾ പിതാവ് പുത്രനിൽകൂടി മനുഷ്യനെ സൃഷ്ടിക്കുന്നതായും പരിശുദ്ധാത്മാവിൽകൂടെ ശുദ്ധീകരിക്കുന്നതായും ഒരു വിധത്തിൽ മനസ്സിലാക്കാം. മറ്റുവിധത്തിലാകട്ടെ മനുഷ്യൻ ക്രിസ്തുവിൽകൂടെ ദൈവത്തെ അറിഞ്ഞ്, മഹത്വപ്പെടുത്തി, പരിശുദ്ധാത്മാവിൽ കൂടി വിശുദ്ധീകരിപ്പെടുന്നു. ഈ രണ്ടു വിധമായാലും ആത്യന്തികമായി മനുഷ്യന്റെ ദൈവീകരണത്തിലേക്കുള്ള രൂപാന്തരമാണ് സംഭവിക്കുന്നത്. പ്രായോഗികതലത്തിലുള്ള ഒരു രൂപാന്തരം നടക്കുന്നതിന് കേവലം 'ഏകദൈവവിശ്വാസം' വഴികാണിക്കുന്നില്ല. ഇസ്ലാംമതത്തിലും യഹൂദമതത്തിലും, ഇപ്രകാരം ദൈവീകരിക്കപ്പെടുന്ന മനുഷ്യത്വത്തെപ്പറ്റി ചിന്തിക്കുക കൂടി വയ്യ. ക്രിസ്തുമതത്തിലെ ഏറ്റവും കാതലായ ഉപദേശം ദൈവമക്കളായിത്തീർന്ന് ദൈവത്തിന്റെ സന്തോഷത്തിൽ നിത്യമായി പങ്കുചേരുക എന്നതാണ്. ഈ ലോകത്തിനുമപ്പുറത്തുള്ള ഒരു സർവസമ്പൂർണതയാണ് ക്രിസ്ത്യാനികൾ ലക്ഷ്യം വയ്ക്കുന്നത്.

**3) ദൈവീകരണം**

ക്രിസ്തുവിൽകൂടി പിതാവാം ദൈവത്തെപ്പോലെ ആയിത്തീരുന്ന പ്രക്രിയയാണ് പരിശുദ്ധാത്മാവ് നിരന്തരമായി മനുഷ്യനിൽ നിർവഹിച്ചുകൊണ്ടിരിക്കുന്നത്. Deification (Theosis), Divinisation (theopoesis) എന്നിവ സാധ്യമാകുന്നത് യേശുക്രിസ്തു മനുഷ്യാവതാരം ചെയ്ത തത്വത്തിലാണ്. ദൈവം 'മനുഷ്യനെപ്പോലെ' ആയിത്തീർന്നതുപോലെ, വീണ്ടും ജനനത്തിലൂടെ 'മനുഷ്യൻ ദൈവത്തെപ്പോലെ' ആയിത്തീരുന്നു. ദൈവം 'മനുഷ്യൻ' ആയിത്തീർന്നതുപോലുള്ള ഒരു 'ആയിത്തീരൽ' (Becoming) ആണ് നടക്കേണ്ടത്. ഉണ്മയിലുള്ള വ്യത്യാസം സംഭവിക്കാതെ തന്നെ, സ്വഭാവത്തിലുള്ള രൂപാന്തരമാണ് സംഭവിക്കുന്നത്. ദൈവം ദൈവമല്ലാതായിത്തീരുന്നില്ലാത്തതുപോലെ മനുഷ്യനും മനുഷ്യനല്ലാതായിത്തീരുന്നില്ല. ദൈവമായിത്തീരുന്ന മനുഷ്യനും, മനുഷ്യനായിത്തീരുന്ന ദൈവവും സൃഷ്ടിയുടെ സ്വഭാവം ധരിക്കുന്നു എന്നത് മനുഷ്യഭാവനയ്ക്കും അപ്പുറത്തുള്ള യഥാർത്ഥ്യമാണ്, രഹസ്യമാണ്.

## പാഠം 2

# പുതുജീവൻ പ്രാപിക്കുക

ശരീരപ്രകാരം നാം ജീവിക്കുന്നത് ജീവനോടെയാണെങ്കിലും ആ ജീവൻ മരണം വരെ മാത്രമുള്ളതാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ മരണമെന്ന അന്ത്യത്തിലേക്കാണ് നാം ശരീരപ്രകാരം ജനിച്ചു വീഴുന്നത്. ജനനത്തിനും മരണത്തിനുമിടയ്ക്കുള്ള കാലത്തിന് 'ജീവിതകാലം' എന്നു നാം പറയുന്നു. എന്നാൽ ജനിച്ചനിമിഷം മുതൽ നാം മരിച്ചു കൊണ്ടിരിക്കുകയാണ്. ഓരോ നിമിഷം കഴിയുംതോറും നമ്മുടെ ആയുസ് കുറഞ്ഞു കുറഞ്ഞു വരുന്നു. 'കാലം' എന്നതു 'കാലനാണ്' – ഈ ലോകജീവിതം എന്നത് ഒരു ദീർഘമായ മരണമാണെന്ന് പറയാം. അതായത്, ജീവിക്കുന്നു എന്ന് കരുതുന്ന നാം യഥാർത്ഥത്തിൽ മരിച്ചു കൊണ്ടിരിക്കുകയാണ്.

ഭൂതകാലം, വർത്തമാനകാലം, ഭാവികാലം എന്നിങ്ങനെ ത്രികാല സങ്കൽപം നമുക്കുണ്ടെങ്കിലും 'ജീവിക്കുന്ന' നമ്മെ സംബന്ധിച്ച് ഇതു മൂന്നും അപ്രസക്തമാണ്. കാരണം ഭൂതകാലം കഴിഞ്ഞുപോയി, വർത്ത മാനകാലം എന്ന് പറയുന്നത്, പറയുന്ന നിമിഷം തന്നെ ഭൂതകാലമായി കൊണ്ടിരിക്കുന്നു; നമുക്ക് വർത്തമാനകാലത്തെ പിടിച്ചു നിർത്താൻ കഴി യുന്നില്ല. 'ഭാവികാലം' എന്നത് വെറുമൊരു പ്രതീക്ഷ മാത്രം! അടുത്ത നിമിഷം നമുക്കുള്ളതാണോ എന്ന് യാതൊരു നിശ്ചയവുമില്ല. ചുരുക്ക ത്തിൽ ഭൂതകാലത്തിൽ നിന്നും, വർത്തമാനകാലത്തിലൂടെ ഭാവികാല ത്തേയ്ക്കുള്ള അനിശ്ചിതമായ, അനിയന്ത്രിതമായ മാറ്റമാണ് മനുഷ്യ ജീവിതം. ഇന്നലത്തെ ഞാനല്ല ഇന്ന്, ഇന്നത്തെ ഞാനല്ല നാളെ; ഞാനാ രാകും എന്നതിന് യാതൊരു ഉറപ്പുമില്ല. അവ്യക്തതയുടെ, അനിയന്ത്രണ ത്തിന്റെ, മാറ്റത്തിന്റെ ഇരകളായി മനുഷ്യൻ നിത്യം മരിച്ചുകൊണ്ടിരി ക്കുക തന്നെയാണ്.

ഈ സാഹചര്യത്തിലാണ് 'പുതുജീവൻ' എന്ന ആശയം മനസിലാ ക്കേണ്ടത്. ആരംഭത്തിൽ നിന്നും അവസാനത്തിലേക്ക് "മാറ്റ"മില്ലാതിരി ക്കുന്ന (Changeless) അവസ്ഥയാണത്. 'നിത്യത' എന്ന പദം അതിനു പയോഗിക്കാം. "നിത്യവർത്തമാനകാലം" എന്നു വേണമെങ്കിൽ പറയാം. 'നിത്യജീവൻ' അഥവാ 'പുതിയ ജീവൻ' എന്ന പ്രയോഗം, 'അനിത്യ ജീവിത' സാഹചര്യങ്ങളിൽ വസിച്ചുകൊണ്ട് മനസിലാക്കാൻ സാദ്ധ്യ മല്ല. അവിടെയാണ് ദൈവിക വെളിപാടുകളിൽ ആശ്രയിക്കേണ്ടി വരു ന്നത്. ദൈവം മാത്രം മാറ്റമില്ലാത്തവനും നിത്യനുമാകുന്നു എന്നും ആ ദൈവത്തിന്റെ ജീവനിൽ പങ്കുചേരുക വഴിയാണ്, നമുക്ക് 'നിത്യജീവൻ' സാദ്ധ്യമാകുന്നതെന്നും കാണിച്ചു തരുവാനാണ്, ദൈവപുത്രനായ യേശു

ക്രിസ്തു മർത്യനായി ഈ ലോകത്തിൽ വന്ന് കഷ്ടമനുഭവിച്ച് മരിച്ച്, ഉയിർത്ത് എഴുന്നേറ്റത്. തന്നിൽ വിശ്വസിച്ച്, തന്നെ അനുഗമിക്കുന്നവർക്ക് ഈ നിത്യജീവനിൽ പങ്കുചേരാമെന്ന് യേശുക്രിസ്തു പഠിപ്പിച്ചു. 'ഞാൻ ജീവന്റെ അപ്പമാകുന്നു' (യോഹ. 6), 'ഞാൻ വഴിയും സത്യവും ജീവനുമാകുന്നു', 'ഞാൻ പുനരുത്ഥാനവും ജീവനുമാകുന്നു' തുടങ്ങിയ പ്രസ്താവനകൾ യേശു നടത്തുന്നത് നമ്മെ ദൈവത്തിന്റെ ജീവനിലേക്ക് പങ്കുകാരാക്കുന്നതിനായിട്ടാണ്. ഈ പുതുജീവൻ പ്രാപിക്കുന്നതിനുള്ള മനുഷ്യന്റെ സാദ്ധ്യതകളെപ്പറ്റി മനസിലാക്കാൻ ശ്രമിക്കാം.

## A ദൈവസ്വരൂപവും ദൈവസാദൃശ്യവും (Image + Likeness of God)

പഴയനിയമം 'നിഴലും' പുതിയനിയമം 'പൊരുളും' 'പുതിയ ആകാശവും പുതിയ ഭൂമിയും' അഥവാ 'വരുവാനിരിക്കുന്ന ലോകം' ഇവ രണ്ടിന്റെയും 'പൂർണസാദൃശ്യവും' എന്ന നിലയിൽ പിതാക്കന്മാർ വ്യാഖ്യാനിക്കുന്നുണ്ട്. പഴയനിയമത്തിലെ സൃഷ്ടികഥയിൽ 'ആദാം ദൈവസ്വരൂപത്തിലും സാദൃശ്യത്തിലും' സൃഷ്ടിക്കപ്പെട്ടതായി നാം വായിക്കുന്നു. മനുഷ്യനിലെ ദൈവസ്വരൂപത്തെപ്പറ്റിയുള്ള വ്യക്തമായ കാഴ്ചപ്പാട് തെളിഞ്ഞു വരുന്നത് യേശുക്രിസ്തുവിൽ വെളിപ്പെട്ട മനുഷ്യത്വത്തിലൂടെയാണ്. എന്നാൽ, ആ ദൈവസ്വരൂപം വളർച്ച പ്രാപിച്ച് 'ദൈവസാദൃശ്യം' പ്രാപിക്കുന്നത്, യേശുക്രിസ്തുവിന്റെ രണ്ടാം വരവോടെ സ്ഥാപിതമാകുന്ന ദൈവരാജ്യത്തിന്റെ പൂർണതയിലാണ്. അതുവരേയും ഈ ലോകജീവിതത്തിൽ, 'ദൈവസ്വരൂപ' (Image) ത്തിൽ നിന്നും 'ദൈവസാദൃശ്യ' (Likeness) ത്തിലേക്ക് മനുഷ്യൻ പരിശുദ്ധാത്മാവിൽ ക്രിസ്തുവിലൂടെ പിതാവിങ്കലേക്ക് വളർന്നുകൊണ്ടിരിക്കണം.

വി. വേദപുസ്തകത്തിൽ പല ഭാഗങ്ങളിൽ ഈ ആശയം പരാമർശിക്കപ്പെടുന്നുണ്ട്. ഉല്പ. 1:26-27. ആദാം ദൈവസ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടു. പുതിയനിയമത്തിൽ യേശുക്രിസ്തുവാണ് ദൈവസ്വരൂപവും സാദൃശ്യവും അവതരിപ്പിക്കുന്നത് (2 കൊരി. 4:4, കൊലോ. 1:15). ദൈവത്തിന്റെ പ്രതിരൂപമായ ക്രിസ്തു മനുഷ്യർക്ക് മാതൃക കൂടിയായിട്ടാണ് ചിത്രീകരിക്കപ്പെടുന്നത്. സഭാപിതാക്കന്മാർ ഈ ആശയം കുറെക്കൂടി വിപുലീകരിച്ച് വ്യക്തമാക്കുന്നുണ്ട്.

### 1. മനുഷ്യൻ ത്രിത്വത്തിലെ ദൈവസ്വരൂപം ധരിക്കുന്നു

ദൈവത്തിന്റെ സ്വരൂപമായിത്തന്നെയാണ് മനുഷ്യനെ ദൈവം സൃഷ്ടിച്ചത്. യഹോവ മോശയോട് പറയുന്നു: നീ ഫറവോന് ദൈവവും, അഹറോൻ നിന്റെ പ്രവാചകനും ആയിരിക്കും (പുറ. 7:1). വി. ത്രിത്വവു

മായി ബന്ധിപ്പിക്കുന്ന സമീപനം അഗസ്റ്റിൻ സ്വീകരിക്കുന്നുണ്ട്. 'മനുഷ്യമനസ്സിൽ' ത്രിവിധ ഭാവങ്ങൾ രൂപംകൊള്ളുന്നതായി അദ്ദേഹം പരാമർശിച്ചു (SCE. p. 57).

മനുഷ്യനിലെ 'ദേഹം, ദേഹി, ആത്മാവ്' എന്ന ത്രിത്വത്തെ 'പുത്രൻ, പരിശുദ്ധാത്മാവ്, പിതാവ്' എന്ന നിലയിൽ അപ്രേം വിശദീകരിക്കാൻ ശ്രമിക്കുന്നു (SCE. p. 57). 'ദൈവസ്വരൂപം' എന്നതിന് 'ത്രിമാനസ്വഭാവം' നൽകുന്ന സമീപനം പൗരസ്ത്യ ചിന്തയിൽ പലയിടത്തും കാണുന്നുണ്ട്. ത്രിത്വത്തിൽ ഒരുവനായ യേശുക്രിസ്തുവിന്റെ 'മനുഷ്യത്വം' നമ്മുടെ മനുഷ്യത്വവുമായി ഒന്നായിരിക്കുന്നതിനാലും, ക്രിസ്തുവിലെ 'ദൈവത്വ'വുമായി അവന്റെ 'മനുഷ്യത്വം' കലർപ്പില്ലാതെ ഒന്നായിരിക്കുന്നതിനാലും, നമ്മുടെ 'മനുഷ്യത്വം'വും ത്രിത്വത്തിലെ 'ദൈവത്വ'വുമായി സാദൃശ്യമുണ്ടെന്നതാണ്, നമ്മിലുള്ള 'ദൈവസാദൃശ്യ'ത്തിന്റെ ഉറപ്പ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, യേശുക്രിസ്തുവിൽ വെളിപ്പെട്ട ദൈവത്വത്തിന്റെ സ്വരൂപം വഹിക്കുന്നവരായ നാം, ആ ദൈവത്വത്തിന്റെ 'സാദൃശ്യ'ത്തിലേക്കാണ് വളരുന്നത്. വി. യോഹന്നാൻ ശ്ലീഹാ പറയുന്നു, 'നാം ദൈവമക്കൾ ആകുന്നു... യേശു പ്രത്യക്ഷപ്പെടുമ്പോൾ നാം അവനോട് സദൃശ്യന്മാരായിത്തീരും എന്ന് നാം അറിയുന്നു' (1 യോഹ. 3:1–5).

## 2. 'സ്വരൂപവും' 'സാദൃശ്യവും': സാമ്യവ്യത്യാസങ്ങൾ

ഫിലി. 2:6, 2 കൊരി. 4:4 എന്നീ വേദഭാഗങ്ങളിൽ, യേശുക്രിസ്തു ദൈവത്തിന്റെ 'പ്രതിമ'യായും 'സാദൃശ്യമായും' ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. യോഹ. 1–ൽ പറയുന്ന ആദിയിൽ ഉണ്ടായിരുന്ന 'വചനം' തന്നെ ദൈവത്തിന്റെ അദൃശ്യസ്വരൂപമായ ക്രിസ്തു ആണെന്നും, ആ 'സ്വരൂപ'ത്തിന്റെ (വചനമായ ദൈവത്തിന്റെ) ദൃശ്യ സാദൃശ്യമാണ് മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിലുള്ളതെന്നും, ആയതിനാൽ ക്രിസ്തുവിൽ തന്നെയുള്ള 'മനുഷ്യത്വവും ദൈവത്വവും' ആണ് മനുഷ്യാവതാരം വഴി സകല മനുഷ്യർക്കും ലഭ്യമായിത്തീരുന്നത് എന്നും മനസിലാക്കാവുന്നതാണ്. ചുരുക്കത്തിൽ, ക്രിസ്തുവിൽ വീണ്ടും ജനിച്ച് ക്രിസ്തുവിന്റെ 'മനുഷ്യത്വത്തിലും ദൈവത്വത്തിലും' പങ്കാളികളായിത്തീർന്ന് ദൈവസാദൃശ്യമുള്ളവരായിത്തീരാൻ മനുഷ്യനിൽ മാത്രമുള്ള സാധ്യതയ്ക്കാണ് 'ദൈവസ്വരൂപം' എന്ന് പറയുന്നത്. 'ദൈവസ്വരൂപം' വി. മാമോദീസായിലൂടെ 'ദൈവത്തിന്റെ പുത്രത്വം' വഴി ലഭിക്കുന്നു എന്നും, വി. കൂദാശകൾ വഴി സഭാജീവിതത്തിലൂടെ, അഥവാ ക്രിസ്തുവിലൂടെ, 'ദൈവസാദൃശ്യത്തി'ലേക്ക് വളരുക എന്നതാണ് ആവശ്യമായിട്ടുള്ളതെന്നും, അതാണ് 'ക്രിസ്തീയ ജീവിതം' അല്ലെങ്കിൽ 'ആത്മീയജീവിതം' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്നും പിതാക്കന്മാർ പഠിപ്പിച്ചു. 'ദൈവസ്വരൂപം' മനു

ഷ്യപ്രയത്നം കൂടാതെ ലഭിക്കുന്നു, എന്നാൽ 'ദൈവസാദൃശ്യം' ദൈവാശ്രയത്തോടെയുള്ള മനുഷ്യപ്രയത്നം വഴി നേടിയെടുക്കുന്നു.

### 3. പാപവും 'ദൈവസ്വരൂപവും'

പാപം അഥവാ തിന്മ 'ദൈവസ്വരൂപത്തെ' നിഷ്പ്രഭമാക്കുന്നു (Tarnish) നിർവീര്യമാക്കുന്നു (inactive). തൽഫലമായി ദൈവസാദൃശ്യത്തിലേക്കുള്ള വളർച്ച മുരടിക്കുന്നു, പ്രായേണ അസാധ്യമായിത്തീരുന്നു. തിന്മയും പാപവും നീക്കപ്പെടുമ്പോൾ, മോചിക്കപ്പെടുമ്പോൾ 'ദൈവസ്വരൂപം' വീണ്ടും പ്രകാശിതവും പ്രവർത്തനക്ഷമവുമായിത്തീരുന്നു. ആകയാൽ, ദൈവസാദൃശ്യത്തിലേക്ക് വളരുവാൻ മനുഷ്യനിലുള്ള 'ദൈവസ്വരൂപത്തെ' സജീവമായും പ്രവർത്തനനിരതമായും സംരക്ഷിക്കുക വഴിയാണ് ദൈവാനുരൂപികളായി പൂർണ ദൈവസാദൃശ്യത്തിലേക്ക് വളരുവാൻ കഴിയുന്നത്. ആദാമ്യപാപം നിമിത്തം, നിഷ്പ്രഭമായിപ്പോയ, നിർവീര്യമായിപ്പോയ മനുഷ്യനിലെ 'ദൈവസ്വരൂപത്തെ' പ്രകാശിപ്പിച്ച് പ്രവർത്തനക്ഷമമാക്കിയത് യേശുക്രിസ്തുവിലൂടെയാണ്. ആ യേശുക്രിസ്തുവിലൂടെയുള്ള 'വീണ്ടും ജനനം' വഴി 'ദൈവസ്വരൂപത്തിൽ' പുനഃസ്ഥാപിക്കപ്പെട്ട് ദൈവസാദൃശ്യത്തിലേക്ക് നിരന്തരമായി വളരുക എന്നതാണ് ക്രിസ്തീയ ജീവിതത്തിന്റെ പരമലക്ഷ്യം.

## B. സ്വാഭാവിക (പ്രാകൃത) ജീവൻ (Natural Life)

നിത്യജീവനെപ്പറ്റി ആഴത്തിൽ മനസ്സിലാക്കുവാൻ പ്രാകൃതജീവനെപ്പറ്റി കുറച്ചുകൂടി വ്യക്തമായി പഠിക്കുവാൻ ശ്രമിക്കാം.

### 1. പ്രകൃതി നിയമം (Natural Law)

എല്ലാ മനുഷ്യരിലും 'മനസാക്ഷി' അഥവാ വിവേചനശക്തി എന്ന പേരിൽ ചില അലിഖിത നിയമങ്ങളുണ്ടെന്നും അതിൽ ദൈവത്തിന്റെ ഇച്ഛാശക്തി തന്നെയാണ് വ്യാപരിക്കുന്നതെന്നും, ആയതിനാൽ ബാഹ്യനിയമങ്ങളൊന്നുമില്ലാതെ സ്വാഭാവികമായും മനുഷ്യപ്രകൃതിക്കനുസൃതവുമായ നിയമങ്ങൾ പാലിച്ചാൽ മതിയെന്നുമുള്ള ചിന്ത ഗ്രീക്ക്, സ്റ്റോയിക് ദർശനങ്ങളിൽ കാണുന്നുണ്ട്. എന്നാൽ, യഹൂദന്മാർക്ക് മോശമുഖാന്തരം യഹോവ നൽകുന്ന ന്യായപ്രമാണങ്ങളും നിയമങ്ങളും അന്ന് നിലവിലിരുന്ന പ്രകൃതിനിയമങ്ങളുടെ കുറെകൂടി വികസിതവും സംശുദ്ധമായ രൂപമായിരുന്നു എന്ന് പറയുന്നുണ്ട്. സ്വാഭാവിക നിയമവും വെളിപ്പെടുത്തപ്പെട്ട നിയമവും ഒരേ ദൈവത്തിൽ നിന്നു തന്നെ വരുന്നതാണെന്ന് ക്ളീമീസ്, ഐറേനിയസ് തുടങ്ങിയ സഭാപിതാക്കന്മാർ സൂചിപ്പിക്കുന്നുണ്ട്.

### 2. "മനുഷ്യ-പ്രകൃതി" (Nature)

എന്നതിനെപ്പറ്റി തന്നെ രണ്ട് വീക്ഷണങ്ങളുണ്ട്. ഗ്രീക്കിൽ 'Physis' എന്നും ലത്തീനിൽ 'Nature' എന്നും പറയുന്നത് മനുഷ്യപ്രകൃതിയെ (Human Nature) ഉദ്ദേശിച്ചാണ്. മനുഷ്യൻ പ്രകൃത്യ തന്നെ 'ദൈവസ്വരൂപത്തിൽ' സൃഷ്ടിക്കപ്പെട്ടവനാകയാൽ, പാശ്ചാത്യ വീക്ഷണപ്രകാരമുള്ള 'human-Divine', 'Created -uncreated, 'natural-super natural' എന്നീ ദ്വൈത ഭാവത്തിന് വിധേയനല്ല. അതുകൊണ്ട് പാപവും തിന്മയും മനുഷ്യന്റെ പ്രകൃതിയുടെ ഭാഗമല്ല. മനുഷ്യനിൽ പുറത്തു നിന്ന് കയറിപ്പറ്റിയതാണ്. പൗരസ്ത്യ ക്രൈസ്തവ വീക്ഷണമായി പിതാക്കന്മാർ പഠിപ്പിക്കുന്നത്, മനുഷ്യനെ തിന്മയുടെ പിടിയിൽ നിന്നും വിടുവിച്ചെടുത്താൽ അവന് നന്മയിൽ സ്വാഭാവികമായി വളരാനുള്ള സാദ്ധ്യതയിലാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. ആകയാൽ മാനസാന്തരമെന്നത്, മനുഷ്യന്റെ പ്രകൃതത്തിലേക്ക് അഥവാ തനതായ സ്വഭാവത്തിലേക്ക്, ദൈവസ്വരൂപത്തിലേക്കുള്ള തിരിച്ചുവരവായിട്ടാണ് വിവരിക്കപ്പെടുന്നത്. വീണുകിടക്കുന്ന മനുഷ്യസ്വഭാവം ('Fallen Human Nature') എന്ന പ്രയോഗം പൗരസ്ത്യ പിതാക്കന്മാർ ഉപയോഗിക്കാറില്ല. കാരണം വീഴ്ച എന്നത് മനുഷ്യപ്രകൃതിയുടെ ഭാഗമല്ല, മനുഷ്യനിൽ വന്നുചേരുന്ന ആപത്താണ്; അതു തരണം ചെയ്യാവുന്നതുമാണ്.

മനുഷ്യൻ പ്രകൃത്യാ പാപത്തിന്റെ കൂമ്പാരമാണെന്ന് (Lumb of sin) പാശ്ചാത്യപിതാവായ അഗസ്റ്റിൻ പഠിപ്പിച്ചു. ദൈവകൃപ പ്രാപിക്കാനുള്ള കഴിവുപോലുമില്ലാത്ത ഒരു 'മനുഷ്യസ്വഭാവമാണ്' അദ്ദേഹത്തിന്റെ ഉപദേശത്തിൽ നിഴലിച്ചു കാണുന്നത്. എന്നാൽ മനുഷ്യസ്വഭാവം അതിൽ തന്നെ നന്മയുടെ ഇരിപ്പിടമാണെന്നും തിന്മയ്ക്ക് കയറിവരാനുള്ള സാദ്ധ്യതയുണ്ടെന്നും, അതിനാൽ ജാഗ്രതയോടെ തിന്മക്കെതിരായി നിലകൊള്ളാൻ മനുഷ്യന് കഴിയുമെന്നും, ആ കഴിവ് മനുഷ്യ സ്വഭാവത്തിന്റെ ഭാഗമാകയാൽ ആയതിന് മനുഷ്യൻ ധൈര്യത്തോടെ അതിനായി പരിശ്രമിക്കണമെന്നും, 'പാപത്തെ' ഭയന്ന് പിന്മാറരുതെന്നും പൗരസ്ത്യ പിതാക്കന്മാർ പഠിപ്പിച്ചു. തിന്മയെ അകറ്റുവാൻ 'നന്മയിൽ' നിലനിൽക്കുക എന്നതാണ് ഏറ്റവും ശക്തമായ മാർഗ്ഗം. അതിനുള്ള ശക്തി, ദൈവം സൃഷ്ടിയിൽ തന്നെ മനുഷ്യനിൽ നിക്ഷേപിച്ചിട്ടുണ്ട്. അവിശ്വാസവും അശ്രദ്ധയും അഹങ്കാരവും, സ്വാർത്ഥതയും മൂലം മനുഷ്യൻ 'തിന്മയെ' സ്വാഗതം ചെയ്യുന്നതിനാലാണ് തിന്മ മനുഷ്യനിൽ പ്രവേശിക്കുന്നത് (SCE. p. 63, 64).

### 3. നിത്യജീവൻ (Eternal Life)

ജീവിക്കുന്ന ദൈവം മനുഷ്യനെ നിത്യജീവനിലേക്ക് വിളിക്കുന്നു.

ജീവന്റെ നീരുറവ (സങ്കീ. 36:10) ജീവന്റെ ഉത്ഭവം (യോഹ. 5:26) സമൃദ്ധിയായ ജീവൻ (യോഹ. 10:10, യോഹ. 14:6, 11:25) എന്നിവയെല്ലാം യേശുക്രിസ്തുവിൽ വെളിപ്പെട്ട ദൈവത്തിന്റെ നിത്യജീവനെയാണ് സൂചിപ്പിക്കുന്നത്. ക്രിസ്തുവിൽ വിശ്വസിക്കുന്നതുവഴി മരണത്തിൽ നിന്നും മനുഷ്യൻ ജീവങ്കലേക്കു കടക്കുന്നു (യോഹ. 5:24). 'നമ്മുടെ ജീവനായ' ക്രിസ്തു വെളിപ്പെടുമ്പോഴാണ് നിത്യജീവന്റെ പൂർണത നാം പ്രാപിക്കുന്നത് (കൊലോ. 3:4). 'നിത്യജീവനിലേക്ക്' ഈ ലോകത്തിൽ തന്നെ മനുഷ്യന് പ്രവേശിക്കാമെങ്കിലും, അതിന്റെ സമ്പൂർണത സംഭവിക്കുന്നത് വരുവാനുള്ള ലോകത്തിൽ വച്ചാണ്. പൗരസ്ത്യർ, ഈ ലോകജീവിതത്തിനും, ഈ ലോക പ്രവർത്തികൾക്കും വേണ്ടത്ര പ്രാധാന്യം നൽകാതെ വരുവാനുള്ള ലോകത്തിനായി കാത്തിരിക്കുന്നവരാണെന്ന് പാശ്ചാത്യർ കുറ്റപ്പെടുത്താറുണ്ട്. വരാനിരിക്കുന്ന ലോകത്തെപ്പറ്റി കരുതാതെയും, കാത്തിരിക്കാതെയും ഈ ലോകത്തിന്റെ പ്രവർത്തികളിൽ വ്യാപൃതരായിക്കഴിയുന്നതുകൊണ്ട് നിത്യജീവനിലേക്കുള്ള വളർച്ച സാദ്ധ്യമാകുന്നില്ല എന്ന് പറഞ്ഞ് പൗരസ്ത്യർ പാശ്ചാത്യരേയും കുറ്റപ്പെടുത്താറുണ്ട്. പരലോകത്തേയ്ക്കുള്ള തീർത്ഥാടകരായി ഇഹലോകത്തിൽ ശരിയായി ജീവിക്കുന്നതാണ് നല്ലത്.

**4. 'ആത്മാവിന്റെ രക്ഷ'**

നിത്യജീവന്റെ പൂർണതയെന്നത് 'ആത്മാവിന്റെ രക്ഷ' എന്ന നിലയിൽ വേദപുസ്തകത്തിൽ വിവരിക്കുന്നുണ്ട്. ക്രിസ്തു നമ്മുടെ രക്ഷകൻ (ലൂക്കോ. 2:11). എല്ലാ വിശ്വാസികൾക്കും രക്ഷ (റോമർ 1:16). വേദപുസ്തകത്തോടൊപ്പം, ആരാധനയിലും, സഭയുടെ ഉപദേശങ്ങളിലും, സന്യാസനിയമങ്ങളിലും, പിതാക്കന്മാരുടെ പഠിപ്പിക്കലുകളിലും 'രക്ഷ' എന്ന ആശയം വളരെ ആഴത്തിൽ പരാമർശിക്കപ്പെടുന്നുണ്ട്. ഉടനടി സംഭവിക്കുന്ന അപകടം ഒഴിവായിക്കിട്ടുക എന്ന അർത്ഥത്തിലാണ് 'രക്ഷ' എന്ന ആശയം എബ്രായർ മനസ്സിലാക്കുന്നത്. ഗ്രീക്ക് ചിന്തയിലും, മാരകരോഗത്തിൽ നിന്നും ശരീരപ്രകാരമുള്ള വിടുതലും സൗഖ്യവും മരണത്തിൽ നിന്നുള്ള 'രക്ഷ'യായി കരുതുന്നുണ്ട്. എന്നാൽ ക്രിസ്തീയ വീക്ഷണത്തിൽ 'പൂർണത' (Perfection-teleosis) എന്ന അർത്ഥമാണ് കൂടുതലായി ഉപയോഗിച്ചു കാണുന്നത്. ശരീരത്തിന്റെ മോഹങ്ങളിൽ നിന്നും (Panions) ആത്മാവിനെ വിടുവിക്കുന്ന അനുഭവത്തിന് 'രക്ഷ' എന്ന ആശയം ബസേലിയോസ്, സ്വീകരിക്കുന്നുണ്ട്. ആത്മാവിന്റെ രോഗം (പാപം) ശരീരത്തെ രോഗാതുരമാക്കുമെന്നും പാപത്തിൽ നിന്നുള്ള വിടുതൽ ആത്മാവിനേയും ശരീരത്തെയും സൗഖ്യമാക്കി 'രക്ഷ'യുടെ അനുഭവത്തിലെത്തിക്കുമെന്നും, ആകയാൽ പാപത്തിൽ നിന്നും ഒഴിഞ്ഞിരിക്കുന്ന അനുഭവത്തിനാണ് 'രക്ഷ' എന്ന് വിവക്ഷിക്കുന്നതെന്നും

പൊതുവെ പൗരസ്ത്യചിന്തകന്മാർ കരുതുന്നു. ജീവകാരുണ്യപ്രവർത്തനത്തിലൂടെ ശാരീരിക നേട്ടങ്ങൾക്കായി പ്രവർത്തിക്കുന്നതു തന്നെയും, ആത്മാവിന്റെ രക്ഷയ്ക്കായി പ്രവർത്തിക്കാൻ മനുഷ്യശരീരത്തെ പരിശീലിപ്പിക്കുവാനും ഒരുക്കുവാനുമായിട്ടാണ്. ആത്മാവിന് പ്രയോജനകരമല്ലാത്ത ജീവകാരുണ്യ പ്രവർത്തനങ്ങൾക്കൊന്നും, ക്രിസ്തീയരക്ഷയിലേക്ക് മനുഷ്യരെ നയിക്കാൻ സാധ്യമല്ല.

ആയതിനാൽ ക്രിസ്തീയ സ്നേഹത്തോടെയുള്ള സേവനങ്ങളും ജീവകാരുണ്യ പ്രവർത്തനങ്ങളും, മനുഷ്യരുടെ ശാരീരികമായ ഉന്നമനം മാത്രം ലക്ഷ്യമാക്കാതെ, ആത്മീയ വളർച്ചയ്ക്കുവേണ്ടി ശാരീരിക പ്രവർത്തനങ്ങളെ തിരിച്ചുവിടാനുള്ള ലക്ഷ്യബോധത്തിലേക്ക് മനുഷ്യരെ ഉയർത്തുവാൻ ഉതകുന്നവയായിരിക്കണം. ശാരീരിക സമൃദ്ധിയിൽ ആത്മാവിനെ മറന്നുപോകുന്ന അനുഭവം ഉണ്ടാകാതെ സൂക്ഷിക്കണം.

### C. ആത്മീയജീവിത പുരോഗതി

ആത്മീയജീവിതത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുക എന്നത് ഏറ്റവും പ്രധാന കാര്യമാണ്. വി. പൗലൂസ് ശ്ലീഹാ പല പ്രാവശ്യം എടുത്തുപറയുന്നതാണീ കാര്യം (2 കൊരി. 9:10, എഫേ. 4:16, 1 തിമോ. 31:13, എഫേ. 4:15, ഗലാ. 4:19). പെട്ടെന്നുള്ള മാനസാന്തരവും വളർച്ചയും സാധ്യമാകാമെങ്കിലും, പടിപടിയായുള്ള വളർച്ചയാണ് കൂടുതൽ വ്യാപകവും ഫലപ്രദവുമായി പൗരസ്ത്യ പിതാക്കന്മാർ കരുതുന്നത്. വിത്തു പാകി മുളച്ച്, വളർന്നു ഫലം കായ്ക്കുന്ന രീതിയിൽ ആത്മീയ ജീവിതത്തിലെ വളർച്ചയെ താരതമ്യം ചെയ്യാവുന്നതാണ്. വിശ്വാസം, വീണ്ടും ജനനം, വിശുദ്ധി, വിനയം, വിവേകം, സൽപ്രവർത്തികൾ, പ്രാർത്ഥന, സ്വയപരിത്യാഗം, നിസ്സംഗത തുടങ്ങിയ വിവിധ ഘട്ടങ്ങൾ ആത്മീയ ജീവിത വളർച്ചയെ സഹായിക്കുന്നുണ്ട് (1 കൊലോ. 3:1–2. എഫേ. 4:13).

യിസ്രായേൽമക്കൾ മരുഭൂമിയിൽ കൂടി മിസ്രയിമിൽ നിന്നും കനാൻ നാട്ടിലേക്ക് നടത്തിയ തീർത്ഥാടനം 'ആത്മീയ ജീവിത പുരോഗതി'ക്ക് ഉദാഹരണമായിട്ടെടുക്കാവുന്നതാണ്. നിസ്സായിലെ ഗ്രീഗോറിയോസ്, മാബൂഗിലെ പീലക്സീനോസ് എന്നീ പിതാക്കന്മാർ ഈ ആശയം പ്രകടിപ്പിച്ചിട്ടുണ്ട് (SCE. p. 69). യാക്കോബിന്റെ സ്വപ്നത്തിലെ (ഉൽപ. 28:12–13) സ്വർഗത്തിലേക്കുള്ള ഗോവണിപ്പടികൾ, ആത്മീയ പുരോഗതിയെ കാണിക്കുന്നു എന്ന് അഫ്രഹാത്ത് പറയുന്നു.

ഓരോ പടി കയറുന്തോറും ദൈവത്തോടുള്ള മനോഭാവത്തിൽ വ്യത്യാസം വരികയും അടുപ്പം വർദ്ധിക്കുകയും ചെയ്യുന്നു. യാതൊരു ബന്ധവും അനുഭവപ്പെടാതിരുന്ന അവസ്ഥയിൽ നിന്നും, ദാസനായും, കാര്യസ്ഥനായും, ശിഷ്യനായും, ആരാധകനായും, പുത്രനായും ദൈവ

ത്തോട് ബന്ധം പുലർത്താനുള്ള അവസരം മനുഷ്യന് ലഭിക്കുന്നത് ആത്മീയ വളർച്ചയിലൂടെയാണ് (ഗലാ. 4:7). കേവലം ആചരണത്തിൽ നിന്നും പൂർണ അനുസരണത്തിലേക്കും പിന്നീട് പരിപൂർണ സ്വാതന്ത്ര്യത്തിലേക്കുമുള്ള ഒരു 'പുരോഗതി' മനുഷ്യസ്വഭാവത്തിന് സംഭവിക്കുന്നതും ആത്മീയ പുരോഗതിയുടെ ഫലമാണെന്നു പറയാം. ശാരീരിക ലോകത്തിൽ നിന്നും മാനസിക ലോകത്തിലേക്കും അവിടെ നിന്നും ആത്മിക ലോകത്തിലേക്കുമുള്ള ഒരു കരേറ്റമായി ആത്മീയ ജീവിത പുരോഗതിയെ മനസ്സിലാക്കാവുന്നതാണ്.

പ്ലേറ്റോയുടെ ചിന്താഗതിയിൽ ശുദ്ധീകരണം, പ്രകാശിപ്പിക്കൽ, സംയോജിപ്പിക്കൽ (Purgitive llluminative and unitive) എന്നീ മൂന്നു തലത്തിലുള്ള പുരോഗതിയെപ്പറ്റി പറയുന്നുണ്ട്. ഡയനീഷ്യസ് അറിയോപഗൈറ്റ് ഈ തത്വം സ്വീകരിച്ചുകൊണ്ട്, സഭയിലെ ശുശ്രൂഷാസ്ഥാനികളിലൂടെ (Heirarchy) ഈ വിധത്തിൽ ആത്മീയ പുരോഗതി നടപ്പാക്കാമെന്ന് നിർദ്ദേശിച്ചു. ശെമ്മാശന്മാർ ശുദ്ധീകരിക്കുന്നവരും, പുരോഹിതർ പ്രകാശിപ്പിക്കുന്നവരും, ബിഷപ്പുമാർ സംയോജിപ്പിക്കുന്നവരും ആണെന്ന തത്വം അവതരിപ്പിച്ചു. നിസ്സായിലെ ഗ്രീഗോറിയോസ് ഇതുപോലുള്ള പുരോഗതിയെപ്പറ്റി പറയുന്നുണ്ട്. മനുഷ്യാത്മാവ് ദൈവത്തോട് അടുക്കുന്നത് ആരംഭത്തിൽ പ്രകാശത്തിലും, പിന്നീട് മേഘത്തിലും പിന്നീട് അന്ധകാരത്തിലുമാണെന്ന് അദ്ദേഹം വിവരിച്ചു (SCE. p. 70).

സ്റ്റോയിക് ചിന്താഗതിയിൽ Moral, Natural, Rational എന്നീ തലങ്ങൾ വിവരിക്കുന്നത് സ്വീകരിച്ചുകൊണ്ട്, ശലമോന്റെ ആത്മീയ പുരോഗതിയെ, ഓറിജൻ വിവരിക്കുന്നത് സദൃശ്യവാക്യങ്ങൾ (Moral), സഭാപ്രസംഗി (Natural) ഉത്തമഗീതം (Rational-Theological) എന്നീ ഗ്രന്ഥങ്ങളുടെ ആശയങ്ങളിലെ ക്രമാനുഗതമായ വളർച്ചയെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ്.

ആത്മീയ ജീവിത പുരോഗതിക്ക് അതിർത്തി നിർണയിക്കാൻ സാധ്യമല്ല. താഴെ നിന്നാൽ കാണാവുന്ന കുറെ പടികൾ കയറി മുകളിലെത്തിക്കഴിയുമ്പോഴാണ് അടുത്ത ഗോവണി കാണുന്നത്. അങ്ങനെ അനന്തമായ ഗോവണികൾ മുന്നിലുണ്ടെന്ന പ്രതീക്ഷയിലായിരിക്കണം ആത്മീയ ജീവിതത്തിൽ വളരേണ്ടത്. ഓരോ പടി കയറുന്തോറുമാണ് അടുത്ത പടിയെപ്പറ്റിയുള്ള ദർശനം ലഭിക്കുന്നത്. അടുത്ത പടി കാണാൻ കഴിയുന്നില്ലെങ്കിൽ, ആത്മീയ തളർച്ചയുണ്ടായതായി കരുതണം. അടുത്ത പടി കാണുമ്പോൾ ഇനിയും കയറാനുണ്ടെന്ന വിനയവും തയ്യാറെടുപ്പുമാണ് ആവശ്യമായിരിക്കുന്നത്. 'ഇത്രയും കയറി, ഇതു മതി' എന്ന ചിന്തയാണ് വരുന്നതെങ്കിൽ, അത് വളരെ അപകടകരമായ ഒരവസ്ഥയാണെന്നോർക്കണം.

പ്രായോഗിക ജീവിതത്തിലെ കടമകളും പ്രമാണങ്ങളും നിറവേറ്റാതെ, ആത്മീയ ജീവിതത്തിലെ ഉയർന്ന പടികൾ കയറാമെന്ന ധാരണ ശരിയല്ല. ഈ ലോകത്തിൽ ജീവിച്ചുകൊണ്ടുതന്നെ, പരലോകകാര്യങ്ങളിലേക്ക് ഉയർന്നു പൊങ്ങാനുള്ള 'ചിറക്' ആണ് ആത്മീയ ജീവിതം. ശരീരം ഈ ലോകത്തും, 'മനസ്സ്' പരലോകത്തും ആയിത്തീരുന്ന ഒരനുഭവമാണ് ആത്മീയമായി വളർന്നു വരുവാനുള്ള മാർഗം. ആത്മീയ കാര്യങ്ങളിൽ നിന്നും മനസ്സിനെ തെറ്റിക്കുന്ന ശാരീരിക ചിന്തകളും പ്രവർത്തികളും ഉപേക്ഷിക്കുന്നതോടൊപ്പം, ആത്മാവും, ശരീരവുമൊന്നിച്ചുള്ള പുനരുത്ഥാനാനുഭവത്തിലേക്ക് വളരുവാനുള്ള ബോധപൂർവ്വമായ ശ്രമം തുടർന്നുകൊണ്ടേയിരിക്കണം എന്ന് ചുരുക്കം.

## D. ദൈവകൃപയെപ്പറ്റിയും ആത്മീയ വരങ്ങളെപ്പറ്റിയുമുള്ള ബോദ്ധ്യം

ഈ ലോകജീവിതത്തെപ്പറ്റി നമുക്ക് കുറെയൊക്കെ ബോദ്ധ്യമുണ്ടെങ്കിലും 'നിത്യജീവനെ'പ്പറ്റി നമുക്ക് പ്രതീക്ഷയും വിശ്വാസവുമാണുള്ളത്. ആയതിനാൽ ദൈവകൃപയെപ്പറ്റി സാധാരണനിലയിലുള്ള 'ബോധ്യം' എന്തുമാത്രം സാധിക്കും? 'അനുഭവിച്ചറിയുക' (Experience) എന്ന ഒരു ഉത്തരം സാധാരണ നാം പറയാറുണ്ട്. അറിവും വിശ്വാസവും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? വിശ്വാസമെന്നത് ആഗ്രഹിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയമാണെന്ന വാദം (എബ്രാ. 11.1) സ്വീകരിക്കുമ്പോൾ 'നിത്യത' അതിലേക്ക് നയിക്കുന്ന 'ദൈവകൃപ' ഇവയെല്ലാം 'വിശ്വാസ'മെന്ന വിഭാഗത്തിൽപ്പെടുന്നു. ദൈവാത്മാവിന്റെ കൃപാവരങ്ങളുടെ 'അനുഭവം' പൗലൂസ് ശ്ലീഹാ വിവരിക്കുന്നുണ്ട് (1 കൊരി. 12, റോമ. 8 എന്നീ അദ്ധ്യായങ്ങൾ).

വ്യക്തിപരമായ 'അനുഭവം' പലർക്കും പലവിധത്തിലാകാറുണ്ട്. എന്നാൽ സഭയുടെ പൊതുവായ മനസ്സുമായി (The Mind of the Church) ചേർന്നുപോകാത്ത അനുഭവങ്ങളാണ് വ്യക്തികൾക്കുണ്ടാകുന്നതെങ്കിൽ, അത്തരം, 'അനുഭവങ്ങൾ' അപകടമാണെന്നാണ് പിതാക്കന്മാർ പറയുന്നത്. ഓരോ വ്യക്തിയുടെയും, മാനസികവും സാംസ്കാരികവും വൈകാരികവും മതപരവുമായ സാഹചര്യമനുസരിച്ച് 'ആത്മീയ അനുഭവങ്ങളെ' വിലയിരുത്തുമ്പോൾ പലർക്കും പലവിധത്തിലുള്ള അനുഭവങ്ങൾ ഉണ്ടാകാനിടയുണ്ട്. സമൂഹമായി, സഭയായി കാലാകാലങ്ങളിൽ സ്വീകരിച്ച് പാലിച്ചുവരുന്ന അനുഭവങ്ങളുമായി ചേർന്നുപോകുന്നവ മാത്രമെ യഥാർത്ഥ ആത്മീയവരങ്ങളായും അനുഭവങ്ങളായും അംഗീകരിക്കാവൂ. പലതരത്തിലുള്ള ആത്മീയമായ വൈകൃതങ്ങളും സഭയിൽ കയറി വന്നത്, ഇപ്രകാരം സഭയുടെ മനസ്സുമായി യോജിക്കാത്ത 'ആത്മീയവരങ്ങളെ' അന്ധമായി അനുകൂലിച്ചതുകൊണ്ടാണ്.

ആത്മാവിന്റെ വരങ്ങൾ (Gift of Spirit) ദൈവം, ഒരോരുത്തരുടെ കഴിവനുസരിച്ച് സമൂഹത്തിന്റെ ആവശ്യത്തിനായും കാലാകാലങ്ങളിൽ പകർന്നു കൊടുക്കുന്നതാണ്. ലഭിച്ചിരിക്കുന്ന വരങ്ങൾ, താലന്തുകൾ, കഴിവുകൾ വിശ്വസ്തയോടെ പരമാവധി സമൂഹത്തിന് പ്രയോജനകരമായി ഉപയോഗിക്കുന്നവർക്ക് ദൈവം കൂടുതലായി നൽവരങ്ങൾ കൊടുത്തുകൊണ്ടിരിക്കും. ഓരോ വ്യക്തിയും അവനവന് ലഭിച്ചിരിക്കുന്ന നൽവരങ്ങൾ ശരിയായി വിനിയോഗിച്ച് സമൂഹത്തെ ആത്മീയ വളർച്ചയിലേക്ക് നയിക്കുന്നുണ്ടോ എന്നതാണ് പ്രധാനം. എത്ര താലന്തു കിട്ടിയെന്നതല്ല; അത് ശരിയായി വ്യാപാരം ചെയ്യുന്നുണ്ടോ എന്നതാണ് പ്രധാനം. ആത്മവരങ്ങളുടെ കാര്യവും ഇതു തന്നെയാണ്. നാം ആരും അതേപ്പറ്റി കൂടുതൽ ആശങ്കയോ പരാതിയോ പ്രകടിപ്പിക്കേണ്ടതില്ല. ദൈവം അത് ആവശ്യാനുസരണം തക്കസമയത്ത്, തക്ക വ്യക്തികളിൽ നൽകിക്കൊള്ളും.

എന്നാൽ അതിശ്രേഷ്ഠമായ വരം സ്നേഹമാണെന്ന് പൗലൂസ് ശ്ലീഹാ പറഞ്ഞുകൊണ്ട് സ്നേഹവർണ്ണന നടത്തുന്നത് പ്രത്യേകം നാം ശ്രദ്ധിക്കണം. 1 കൊരി. 13-ാം അദ്ധ്യായം മുഴുവൻ സ്നേഹത്തിന്റെ വിവിധ സ്വഭാവമാണ് അഥവാ ദൈവത്തിന്റെ വിവിധ സ്വഭാവമാണ് കാണിക്കുന്നത്. ആ ആദ്ധ്യായത്തിൽ 'സ്നേഹം' എന്ന സ്ഥാനത്ത് ദൈവം എന്നോ യേശു എന്നോ ചേർത്ത് വായിച്ചു നോക്കുക. പിന്നീട്, നമ്മുടെ ഓരോരുത്തരുടെയും പേര് വച്ച് വായിക്കുക, അപ്പോഴറിയാം ആത്മാവിന്റെ വരമാകുന്ന 'സ്നേഹം' നമ്മിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്ന്!!

സ്നേഹത്തിന്റെ വിവിധ ഭാവങ്ങളായ ആത്മാവിന്റെ 9 ഫലത്തെപ്പറ്റി ഗലാ. 5:22-ൽ പൗലൂസ് ശ്ലീഹാ പറയുന്നു. സ്നേഹം, സന്തോഷം, സമാധാനം എന്നീ ആദ്യത്തെ മൂന്നു ഫലങ്ങൾ ദൈവസ്വഭാവമായതിനാൽ, ദൈവവുമായുള്ള ബന്ധം വഴി നാം പ്രാപിച്ചെടുക്കേണ്ടതാണ്. ദീർഘക്ഷമ, ദയ, പരോപകാരം എന്നിവ നമ്മിൽ നിന്നും മറ്റുള്ളവരിലേക്ക് ഒഴുകേണ്ട ഗുണങ്ങളാണ്. വിശ്വസ്തത, സൗമ്യത, ആത്മനിയന്ത്രണം എന്നീ ഫലങ്ങൾ നമ്മിൽ തന്നെ രൂപപ്പെട്ടു വരേണ്ട ഗുണങ്ങളാണ്. ഒന്നാമത്തെ ദൈവിക ഗുണങ്ങൾ നമ്മിൽ നിറയുമ്പോൾ, രണ്ടാമത്തെ ആത്മീയ ഫലങ്ങൾ നമ്മിൽ നിന്ന് ഒഴുകും. അപ്പോൾ മൂന്നാമത്തെ ഗുണങ്ങൾകൊണ്ട് നാം നിറയും.

ആത്മാവിന്റെ പ്രവർത്തനം സദാ നമ്മിലുണ്ടായിരിക്കണമെങ്കിൽ അതിനായി നാം കാത്തിരിക്കണം. ആത്മാവ് നമ്മിൽ പ്രവർത്തിക്കുന്ന വിധം പൗലൂസ് ശ്ലീഹാ പലയിടങ്ങളിൽ വിവരിക്കുന്നുണ്ട്. എന്നാൽ ആത്മാവിന്റെ പ്രവർത്തനത്തെ തിരിച്ചറിയുവാൻ പ്രത്യേകം നൽവരം ആവശ്യമാണ്.

പലർക്കും ദർശനങ്ങളുണ്ടായി പല രീതിയിൽ അത്ഭുത പ്രതിഭാസങ്ങൾ കാണിക്കാറുണ്ട്. മാബൂഗിലെ പീലക്സീനോസ് 'ദർശന'ങ്ങളെ അതേപടി വിശ്വസിക്കരുത് എന്ന അഭിപ്രായക്കാരനാണ്. ഒരു സന്യാസിയുടെ അടുക്കൽ സാത്താൻ മനുഷ്യവേഷത്തിൽ പ്രത്യക്ഷനായിട്ട് 'ഞാൻ ക്രിസ്തുവാണ്' എന്നു പറഞ്ഞപ്പോൾ 'ക്രിസ്തുവിനെ ഈ ലോകത്തിൽ വച്ച് എനിക്ക് കാണേണ്ടതില്ല' എന്ന് സന്യാസി മറുപടി പറഞ്ഞു എന്നും പീലക്സീനോസ് രേഖപ്പെടുത്തുന്നുണ്ട്. ആത്മാവിന്റെ വരങ്ങളെ തിരിച്ചറിയുക എന്നത്, വലിയ ഒരു കാര്യമാണ്. അതില്ലാതെ വരുമ്പോൾ വേദവിപരീതങ്ങളും കൂട്ട ആത്മഹത്യകൾപോലും സംഭവിച്ച പല ചരിത്രങ്ങളും നമുക്ക് കാണാവുന്നതാണ്.

ആത്മീയനൽവരങ്ങളുടെ പൂർണതയും വിശ്വാസ്യതയും നിലകൊള്ളുന്നത്, അവ രക്തസാക്ഷി മരണത്തിലേയ്ക്ക് (Martyrdom) വിശ്വാസിയെ നയിക്കുന്നുണ്ടോ എന്നതിലാണ്. കഷ്ടതയും ക്രൂശും മുന്നിൽ കണ്ടുകൊണ്ട് ധൈര്യത്തോടെ വിശ്വാസത്തിലുറച്ച് ആത്മീയ ജീവിതം നയിക്കുവാൻ കഴിയുന്നെങ്കിൽ, അവിടെയാണ് ആത്മീയത നിറഞ്ഞു നിൽക്കുന്നത് എന്ന് മനസ്സിലാക്കണം. ആദിമസഭയിൽ രക്തസാക്ഷിമരണം പ്രാപിച്ച സഹദേന്മാരായിരുന്നു ആത്മീയ ജീവിത മാതൃകകൾ. പ്രവചനം, മറുഭാഷ, രോഗശാന്തി തുടങ്ങിയ വരങ്ങളെല്ലാം താൽക്കാലികങ്ങളായതിനാൽ, നിലനിൽക്കുന്നതും വിശ്വാസത്തിൽ നിലനിർത്തുന്നതുമായ നൽവരങ്ങൾക്കാണ് സഭ മുൻതൂക്കം നൽകി സ്വീകരിച്ചത്. സഹദേന്മാർക്ക് ധൈര്യം പകർന്നു കൊടുത്തതും, ശ്ലീഹന്മാർക്ക് ജ്ഞാനം പകർന്നുകൊടുത്തതും ദൈവാത്മാവാകയാൽ, അവരുടെ പിന്നടികൾ പിന്തുടരുക എന്നതാണ് 'ആത്മീയ വരങ്ങളും കൃപകളും' പ്രാപിക്കുക വഴി നിവൃത്തിക്കാനുള്ളത്. സാധാരണജീവിതത്തിൽ നാം കാണുന്നതും അനുഭവിക്കുന്നതുമെല്ലാം ആണ് ദൈവകൃപ. "ഒന്ന് വീണ് കഴിഞ്ഞ് കാലൊടിയാതെയിരിക്കുന്നത്" ദൈവകൃപയാണെന്ന് പറയാമെങ്കിൽ വീഴാതെ എന്നും കാത്തുസൂക്ഷിക്കുന്ന ദൈവകൃപയ്ക്ക് അതിരില്ലെന്ന് നാം മനസ്സിലാക്കി, അനുദിനജീവിതാനുഭവങ്ങളിൽ ദൈവകൃപ ദർശിച്ച് വളരുവാനും, ദൈവത്തെ മഹത്വപ്പെടുത്തുവാനും നമുക്ക് കഴിയണം. ദൈവശക്തി ബോധ്യപ്പെടുന്നതിന്, നമ്മുടെ ആഴം കുറഞ്ഞ വിശ്വാസതലത്തിൽ, അത്ഭുതത്തിന് സ്ഥാനമുണ്ടാകാം. എന്നാൽ ദൈവശക്തി ബോദ്ധ്യപ്പെട്ടു കഴിഞ്ഞിട്ടും ഓരോ പ്രാവശ്യവും അത്ഭുതം പ്രവർത്തിച്ചാലേ വിശ്വസിക്കൂ എന്നുള്ള മനോഭാവം, ദൈവവിശ്വാസമില്ലായ്മയും ദൈവത്തെ പരീക്ഷിക്കലുമാണ്. അതുകൊണ്ട് അത്ഭുതങ്ങൾ എല്ലാം ദൈവാത്മപ്രവർത്തനമാണെന്ന് തെറ്റിദ്ധരിക്കാതെ, "ആത്മാവിനെ വിവേചിച്ചറിഞ്ഞ്" ദൈവേഷ്ടത്തിന് വിധേയപ്പെട്ട് ജീവിക്കാൻ ശ്രമിക്കണം.

## പാഠം 3

# ലോക കളങ്കമേൽക്കാതെ ജീവിക്കുക

### 1. ക്രിസ്ത്യാനികൾ ഈ ലോകക്കാരല്ല

നാം ഈ ലോകത്തിൽ ജീവിക്കേണ്ടതിനായി സൃഷ്ടിക്കപ്പെട്ടവരാണെങ്കിലും, ഇവിടെ നാം തീർത്ഥാടകരാണ്, പരദേശികളാണ്. നമ്മുടെ "പൗരത്വം" സ്വർഗത്തിലാണ്, ഈ ലോകവും അതിന്റെ മോദങ്ങളും അഴിഞ്ഞു പോകുന്നവയാകയാൽ അവയിൽ ആശ്രയം വയ്ക്കാൻ പാടില്ല എന്ന് തുടങ്ങിയ ആശയങ്ങൾ നാം സാധാരണനിലയിൽ മനസ്സിലാക്കുന്നുണ്ട്. എന്നാൽ എന്താണ് അത് അർത്ഥമാക്കുന്നത് എന്ന് അൽപം കൂടി ആഴത്തിൽ ചിന്തിക്കാം.

**(a) ഗ്രീക്ക് ചിന്തയിൽ 'ലോകത്തിൽ നിന്നുള്ള ഒളിച്ചോട്ടം' എന്നാൽ എന്താണ്?**

ലൗകിക ഭാരങ്ങളും ബന്ധങ്ങളും സമ്പാദ്യങ്ങളും അകറ്റി ഒറ്റയ്ക്ക് സ്വസ്ഥമായി കഴിയുന്നതാണ് സന്തോഷവും സമാധാനവും ലഭിക്കുന്നതിനുള്ള മാർഗമെന്ന് പൗരാണികർ കരുതിയിരുന്നു. ഭൗതികലോകം പരിത്യജിച്ചാലേ, അഭൗതിക ലോകയാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാൻ കഴിയൂ എന്ന് പ്ലേറ്റോ സൂചിപ്പിച്ചു. അദൃശ്യനായ ദൈവത്തെ അറിയണമെങ്കിൽ ദൃശ്യമായതിൽ നിന്നുള്ള 'വിടുതൽ' ആവശ്യമാണെന്ന ചിന്താഗതി വളർന്നു. എന്നാൽ, ഇത് 'മാനസിക' തലത്തിലുള്ള ഒരു വിരക്തി അഥവാ 'നിസ്സംഗത' ആയാൽ മതി; ഭൗതികമായും വസ്തുനിഷ്ഠമായുമുള്ള വേർപാട് ആവശ്യമില്ലായിരുന്നു. പ്ലോട്ടൈനസ് പോലും വസ്തുവിനോടുള്ള വേർപാട് സൂചിപ്പിക്കുന്നില്ല.

**(b) ക്രിസ്തുമതത്തിൽ വേർപാട് എന്നാൽ എന്താണ്?**

ദൈവം സൃഷ്ടിച്ചതെല്ലാം നല്ലതെന്ന് കണ്ടതിനാൽ (ഉൽപത്തി 1:31) ലോകം തിന്മയാണെന്ന് ക്രിസ്ത്യാനികൾ കരുതുന്നില്ല. എന്നാൽ സത്യദൈവത്തെ ആരാധിക്കുന്നവർ, ആരാധിക്കാത്തവരിൽ നിന്നും വേർപെട്ടിരിക്കണമെന്ന ആശയം അബ്രഹാമിന്റെ കാലം മുതൽ കാണുന്നുണ്ട് (ഉൽപ. 12:1). പുറപ്പാട് പുസ്തകം മുതൽ ഇസ്രയേൽ ചരിത്രത്തിൽ, അന്യജാതികളിൽ നിന്നും വേർപെട്ടിരിക്കണമെന്ന ആശയം ശക്തമായി കാണുന്നു. യേശുക്രിസ്തുവിന്റെ കാലം വന്നപ്പോഴേക്കും, ഇസ്രായേൽ ജനം 'മശിഹായെ' കണ്ടുമുട്ടുന്നത് ലോകത്തിൽ നിന്നും അകന്ന മരുഭൂമിയുടെ അനുഭവത്തിലാകുമെന്ന പ്രതീക്ഷയുണ്ടായി.

അപ്പോസ്തോലന്മാരുടെ കാലം ആയപ്പോൾ ഈ 'ലോകം'

ക്രിസ്തുവിനെ അറിയുന്നില്ലെന്നും (യോഹ. 1:10) അവനേയും അവന്റെ വചനങ്ങളെയും വെറുക്കുന്നു എന്നും (7:7, 15:18, 17:14–16), ഈ ലോകത്തിന്റെ ആത്മാവ് ദൈവത്തിൽ നിന്നുള്ളതല്ല എന്നും (1 കൊരി. 2:12) ലോകത്തിന്റെ ജ്ഞാനം ദൈവമുമ്പാകെ ഭോഷത്വമാണെന്നും (1 കൊരി. 3:19) ഈ ലോകം സാത്താന് അടിമപ്പെട്ടിരിക്കുന്നു എന്നും (1 യോഹ. 5:19, 1 കൊരി. 2:6, 2 കൊരി. 4:4) മറ്റുമുള്ള ലോകനിഷേധാത്മകമായ ഉപദേശങ്ങൾ ശക്തിപ്രാപിച്ചു വന്നു. ഈ സാഹചര്യത്തിൽ, ലോകം വിട്ടോടിപോകുന്നതാണ് നല്ലത് എന്ന ആശയം പൊതുവെ സ്വീകാര്യമായിത്തീർന്നു. താഴെ കൊടുക്കുന്ന വേദഭാഗങ്ങൾ പരിശോധിച്ച് താരതമ്യം ചെയ്തു മനസ്സിലാക്കുക.

(a) ലോകം നല്ലതാണെന്ന ആശയം: യോഹ. 1:29, 3:16, 19; 4:42, 8:12, ഫിലി. 2:15.

(b) ലോകം നല്ലതല്ലെന്ന ആശയം: മത്തായി 4:8, യോഹ. 14:17, 15:18, 16:33, 18:36, റോമ. 12:2, 1 കൊരി. 1:27, 7:31, ഗലാ. 6:14, യാക്കോ. 1:27, യോഹ. 15:18, 19; 17:15, 25, 1 യോഹ. 2:17, 1 കൊരി. 7:33, 2 കൊരി. 11:18, തിത്തൂസ് 2:12, യൂദ 19.

ലോകത്തെ ഉപേക്ഷിക്കുന്നത്, ക്രിസ്തുവിനെ അനുകരിക്കാനും അനുഗമിക്കാനും ആരാധിക്കുവാനും സഹായിക്കുമെന്ന് മാബൂഗിലെ പീലക്സീനോസ് പറയുന്നു. ലോകസ്നേഹവും ദൈവസ്നേഹവും ഒരുപോലെ മനുഷ്യന് സാദ്ധ്യമല്ല. ദൈവത്തെ സ്നേഹിക്കുന്നവർ ലോകത്തെ ദ്വേഷിക്കണം. ദൈവത്തിൽ നിന്നും മനുഷ്യനെ അകറ്റുന്ന എല്ലാ ലൗകിക പ്രവണതകളേയുമുദ്ദേശിച്ചാണ് ഇവിടെ 'ലോകം' എന്ന പദം വിവക്ഷിക്കുന്നത്.

**(c) 'വേർപാടിന്റെ' വിവിധ വശങ്ങൾ:**

**1) ഈ ലോകവും – വരുവാനുള്ള ലോകവും** എന്ന ദ്വൈതവാദം നിലനിൽക്കുന്നുണ്ട്. ഈ ലോകം ശാശ്വതമല്ല; തിന്മ നിറഞ്ഞതാണ്. വരുവാനുള്ളതാണ് നന്മ നിറഞ്ഞതും ശാശ്വതമായതും. നിത്യമായ ലോകവും അതിനുള്ള ജീവനും ലഭിക്കാനായി, നശ്വരമായ ഈ ലോകവും ജീവനും വെടിയുക എന്ന ആശയമാണ് അനേകം 'രക്തസാക്ഷികളെ' സഭയിൽ ഉയർത്തുവാൻ ഇടയാക്കിയത്. അതേസമയം ഈ ലോകത്തിൽ ജീവിച്ചുകൊണ്ടുതന്നെ വേണം 'നിത്യജീവിതം' അവകാശിക്കാനെന്ന വാദവും ശക്തി പ്രാപിച്ചതിന്റെ ഫലമായാണ് 'രക്തസാക്ഷിത്വം'എന്ന കാലം കഴിഞ്ഞ് 'സന്യാസം' എന്ന ആശയം പ്രബലപ്പെടുന്നത്. മരിക്കുന്നതുവരെ, ക്രിസ്തുവിന് സാക്ഷിയായി ജീവിക്കുക എന്നതാണ് ഈ ചിന്തയുടെ അടിസ്ഥാനം.

**2) ദൃശ്യവും – അദൃശ്യവുമായ ലോകം:** പ്ലേറ്റോയുടെ ഉപദേശത്തിൽ 'ദൃശ്യമായ' ലോകത്തിന് സമാന്തരമായി 'അദൃശ്യ'മായ ഒരു ലോകമുണ്ട്. സ്ഥലകാല പരമിതികളില്ലാത്ത, ആശയങ്ങളുടെയും മാതൃകകളുടെയും ലോകം. ഈ ഉപദേശത്തെ ക്രിസ്തീയ പിതാക്കന്മാർ കടമെടുത്ത്, 'ഭൗതികലോകം – ആത്മികലോകം' എന്ന നിലയിൽ ദൃശ്യമായതെല്ലാം 'ഭൗതിക'വും അദൃശ്യമായതെല്ലാം 'ആത്മീയ'വുമെന്ന നിലയിൽ അവതരിപ്പിച്ചു.

**3) പൊതുജീവിതവും – ഏകാന്ത ജീവിതവും:** സമൂഹത്തിന്റെ ഭാരങ്ങളും ചുമതലകളും ബഹളങ്ങളുമൊക്കെയുള്ള 'ഈലോക' ജീവിതത്തിൽ നിന്നു മാറി ഏകാന്തതയും സ്വസ്ഥതയുള്ളതും ചുമതലകളില്ലാത്തതുമായ 'ആ ലോക'ത്തേക്കുള്ള മാറ്റം 'ലൗകിക വേർപാട്' ആയി കരുതി, പലരും പരിശീലിച്ചു.

**4) 'ഈ ലോക' ചിന്തകൾ – 'ആ ലോക' ചിന്തകൾ:** മാനസിക തലത്തിൽ ഈ ലോകചിന്തകളിൽ നിന്നും താൽപര്യങ്ങളിൽ നിന്നും, പദ്ധതികളിൽ നിന്നും ഒഴിഞ്ഞുമാറി, ആ ലോക കാര്യങ്ങളിൽ മുഴുവൻ ശ്രദ്ധയും വ്യാപൃതമാക്കി കഴിയുന്ന അനുഭവം 'ലൗകിക വേർപാടാ'യി കരുതി പോന്നിരുന്നു.

**5) ദൈവജ്ഞാനം – ലോകജ്ഞാനം:** ലോകപ്രകാരമുള്ള വിജ്ഞാനം, ദൈവത്തെ അറിയാൻ സഹായകമല്ലാത്തതിനാൽ, ദൈവത്തെ കേൾക്കാൻ 'ചെവി' അടച്ചും ദൈവത്തെ കാണാൻ 'കണ്ണടച്ചും' ദൈവവുമായി സംസാരിക്കാൻ 'വായടച്ചും' ജീവിക്കുന്ന അനുഭവം 'ലൗകിക വേർപാടാ'യി കരുതി.

**6) തിന്മ – നന്മ:** ഈ ലോകം തിന്മ നിറഞ്ഞതാകയാൽ, തിന്മ ചെയ്യാൻ കൂടുതൽ എളുപ്പമാണെന്നും, ആകയാൽ നന്മ ചെയ്യണമെങ്കിൽ, ഈ 'ലോകവേർപാട്' ആവശ്യമാണെന്നും കരുതി ഒളിച്ചോടാൻ ശ്രമിക്കുന്ന രീതി വളർന്നു വന്നു.

**7) ദാരിദ്ര്യം – സമ്പത്ത്**: സമ്പത്തിൽ ആശ്രയിക്കുന്നതും അത് സ്വരൂപിച്ച് വയ്ക്കുന്നതും ദ്രവ്യാഗ്രഹം വർദ്ധിപ്പിച്ച് ദൈവാശ്രയം കുറയ്ക്കുമെന്നതിനാൽ, ദരിദ്രാവസ്ഥ സ്വീകരിക്കുന്നതാണ് 'ലോകവേർപാട്' എന്നും കരുതുന്നുണ്ട്. 'ദരിദ്രരായവർ ഭാഗ്യവാന്മാർ', എല്ലാം വിറ്റ് ദരിദ്രർക്ക് കൊടുത്ത് യേശുവിനെ അനുഗമിക്കുക എന്നീ ആശയങ്ങൾ ശക്തിപ്രാപിച്ചു.

**d) 'വേർപാടിന്റെ' ധർമ്മസങ്കടം:** ദൈവം സൃഷ്ടിച്ചതെല്ലാം നല്ലതാണെന്നും, സൃഷ്ടിയെ നോക്കി ദൈവമഹത്വം തിരിച്ചറിഞ്ഞ് ദൈവത്തെ

മഹത്വപ്പെടുത്തുക എന്നതാണ് ആത്മീയ വളർച്ചയുടെ ഒരു വശം. ഇത് സാധിക്കണമെങ്കിൽ 'ലോകം' മുഴുവൻ തിന്മയാണെന്നും, ലോകത്തെ നിഷേധിക്കേണ്ടതാണ് എന്നുമുള്ള ആശയത്തിന് പ്രസക്തിയില്ലെന്ന് വരുന്നു. മറുവശത്ത്, ദൈവത്തെ മറന്ന്, ലോകമോഹങ്ങളിൽ വശീകരിക്കപ്പെട്ട് തിന്മ ചെയ്തു ജീവിച്ച് നശിച്ചുപോകാനുള്ള അവസരം ലോകമായി ബന്ധപ്പെട്ട് ജീവിക്കുന്നതിനാൽ കൂടുതലായിട്ടുണ്ടാകുന്നു. അതുകൊണ്ട് ലോകത്തെ വിട്ടോടി പോകുന്നതു തന്നെയാണ് ആത്മീയതയ്ക്ക് നല്ലത് എന്നും കാണുന്നു. ഈ ധർമ്മസങ്കടത്തെ അതിജീവിക്കുന്നതെങ്ങനെയെന്ന് സഭാപിതാക്കന്മാർ സൂചിപ്പിക്കുന്നുണ്ട്. 'ക്രിസ്ത്യാനിയുടെ മനസ്സ് പതറിപ്പോകരുത്', ലോകത്തിൽതന്നെ ജീവിക്കുമ്പോഴും ദൈവത്തിൽ മനസ്സുവയ്ക്കാൻ പരിശീലിക്കുക. ദൈവികചിന്തയിൽ നിന്നും, ഒരു നിമിഷം പോലും മാറിനിൽക്കാൻ മനസ്സിനെ അനുവദിക്കരുത്. അങ്ങനെ പരിശീലിക്കുമ്പോൾ ലോകത്തെ നിഷേധിക്കാതെയും, ലോകത്തിൽ നിന്നും ഓടിപ്പോകാതെയും, ലോകത്തെ 'മറന്നും' ദൈവത്തെ 'ഓർത്തും' ജീവിക്കാൻ സാധിക്കും, സാധിക്കണം എന്നാണ് ബസേലിയോസ്, ഇവാഗ്രിയസ് തുടങ്ങിയ പിതാക്കന്മാരുടെ അഭിപ്രായം (SCE. 210). ലോകത്തെ നോക്കിക്കൊണ്ടുതന്നെ, സൃഷ്ടിയുടെ മഹത്വം മനസ്സിലാക്കാനും ദൈവത്തെ സ്തുതിച്ചാരാധിക്കാനും സാധിക്കുക എന്നതാണ് ഉയർന്ന ആത്മീയത എന്നാണ് ബസേലിയോസ് പറയുന്നത്. ഈ ഘട്ടത്തിലേക്ക് എത്തുന്നതിനായി, അതായത്, ലോകത്തിൽ വസിച്ചുകൊണ്ടു തന്നെ അതിനെ ഉപകരണമാക്കിക്കൊണ്ട് ആത്മീയ വളർച്ച പ്രാപിക്കുവാനായി, ലോകത്തെ ഉപേക്ഷിച്ച് കുറെക്കാലം വേർപാടിന്റെ അനുഭവത്തിൽ ജീവിക്കുന്നത് ആത്മീയ ജീവിതം കരുപ്പിടിപ്പിക്കാൻ ആവശ്യമായി വരാറുണ്ട്. ലോകജീവിതത്തോട് 'നിസംഗതയും സംയമനവും' പാലിക്കാൻ പരിശീലിക്കുക എന്നത് തന്നെയാണ് ആത്മീയ ജീവിതത്തിലെ ആദ്യപടി എന്നത് പിതാക്കന്മാർ ആരും തന്നെ എതിർക്കുമെന്ന് തോന്നുന്നില്ല. ലോകം തിന്മയായതിനാൽ അത് വിട്ടോടിപ്പോകുകയെന്നതല്ല, ലോകത്തെ 'നന്മയായി' കാണാൻ കഴിയാത്തതിനാൽ, അതിന് കഴിവുണ്ടാകുന്നതുവരെ പ്രത്യേക പരിശീലനത്തിനായി താൽക്കാലികമായി വേർപെട്ടിരിക്കുക എന്നതാണ് ഈ ധർമ്മസങ്കടത്തിന് പരിഹാരമായി നിർദ്ദേശിക്കാവുന്നത്.

### 2) ഏകാന്തജീവിതം (Solitary Life)

'ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു' എന്ന പൗലൂസ് ശ്ലീഹായുടെ വീക്ഷണമാണ് (ഗലാ. 6:14) മനുഷ്യനെ ഏകാന്തജീവിതത്തിലേക്ക് നയിക്കുന്ന ഒരു ഘടകം. ലോകത്തെ നിഷേധിക്കാനല്ല, വേർപെട്ടിരിക്കാനാണ് പുതിയനിയമത്തിലെ ഊന്നൽ. വിവാ

ഹജീവിതം (1 കൊരി. 7:29–34) ധനവാന്റെ ജീവിതം എന്നിവ ആഗ്രഹിക്കുന്നവർക്ക് (1 തിമോ. 6:9) 'ലോക വേർപാട്' എന്ന ആശയത്തോട് നീതിപുലർത്താൻ പ്രയാസമാണെന്നാണ് പൗലൂസ് ശ്ലീഹാ പറയുന്നത്.

ലോക പരിത്യാഗം എന്നത് ലോകവ്യാപാരങ്ങളിൽ നിന്നും ചിന്തകളിൽ നിന്നുമുള്ള വേർപാട് തന്നെയാണ്. അലക്സന്ത്രിയായിലെ ക്ലീമിസ് പറയുന്നത് ഈ ലോകത്തിലെ വസ്തുക്കളുടെ ഉപയോഗം അറിഞ്ഞുകൊണ്ടുതന്നെ അവയെ ഉപേക്ഷിക്കുന്നതാണ് സഹിഷ്ണുതയുടെ ലക്ഷണമെന്നാണ്. ഈ ലോക വസ്തുക്കളോടുള്ള ആന്തരിക അകൽച്ചയുണ്ടെങ്കിലേ, ശരിയായി ദൈവത്തെ സേവിക്കാൻ കഴിയൂ എന്ന് ഓറിജനും പറയുന്നു. 'സ്ഥലം'വിട്ട് ഓടുക എന്നതല്ല, 'ചിന്ത' വിട്ട് ഓടുക എന്നതാണ് പ്രധാനം എന്നും ദൈവത്തിങ്കലേക്ക് പറന്നുയരുംതോറും ലോകം അകന്നു ചെറുതായി പോകുകയും ലൗകിക പ്രവൃത്തികൾ, ജഡിക കാര്യങ്ങൾ, വ്യർത്ഥ സംഭാഷണങ്ങൾ എന്നിവ പ്രസക്തമല്ലാതായിത്തീരുകയും ചെയ്യുന്നു എന്നും അദ്ദേഹം കൂട്ടിചേർക്കുന്നു (SCE. 211).

### a) മൗനവും ആന്തരികശാന്തിയും

ആത്മീയാനുഭവത്തിലേക്ക് വളരുന്നതിന് ബാഹ്യമായ മൗനവും ആന്തരികമായ ശാന്തതയും ആവശ്യമാകയാൽ 'ഏകാന്തത' തെരഞ്ഞെടുത്തു ജീവിക്കുന്ന രീതി (Hesychast) വളർന്നു വരികയുണ്ടായി. ബാഹ്യശബ്ദങ്ങൾ ആന്തരിക ശാന്തതയെ അകറ്റിക്കളയുന്നു എന്നാണ് കരുതപ്പെടുന്നത്. ഒരുവൻ മറ്റൊരുവനെ കണ്ടുമുട്ടാതെ ജീവിക്കുന്ന ഒരവസ്ഥ, ഒന്നിച്ച് വസിച്ചാലും പരസ്പരം സംസാരിക്കുകയോ ആശയവിനിമയം നടത്തുകയോ ചെയ്യാതിരിക്കുന്ന അവസ്ഥ, ചിന്തപോലും അപ്രത്യക്ഷമായി പൂർണ്ണ ധ്യാനത്തിലാകുന്ന അവസ്ഥ എന്നീ വിവിധ തലങ്ങൾ ഈ വിധത്തിലുള്ള ഏകാന്ത പരിശീലനത്തിലൂടെ പ്രാപിക്കുവാൻ സാധിക്കുമെന്നും ഇതാണ് ഏകാന്തജീവിതത്തിലൂടെ നേടിയെടുക്കേണ്ടതെന്നും പറയപ്പെടുന്നു.

### b) ഏകാന്ത ജീവിതം – വിവിധ രീതികൾ

ലോകത്തിൽ നിന്നും ഒഴിഞ്ഞുമാറി പലയിടങ്ങളിൽ പോയി ഏകാന്തജീവിതം നയിക്കുന്ന സന്യാസികളെ ചരിത്രത്തിൽ പല ഘട്ടങ്ങളിലായി കാണുന്നുണ്ട്. ദൈവത്തെ 'കണ്ടെത്തുക' എന്ന മാനസിക പ്രവൃത്തിയും, ദൈവത്തെ 'ആരാധിക്കുക' എന്ന ആത്മീയ ജോലിയുമാണ് അവരുടെ മുൻഗണന. അന്തോണിയോസിന്റെ ശിഷ്യനായിരുന്ന 'അമ്മോണാസ്' ഏകാന്തജീവിതത്തെപ്പറ്റി പറയുന്നത് ഇങ്ങനെയാണ്. "ഒന്നാമത് ഏകാഗ്രത; അതിലൂടെ ആത്മീയ അഭ്യസനവും കണ്ണുനീരും, അതുവഴി ദൈവഭയം; പിന്നീട് 'താഴ്മ', പിന്നെ മുന്നറിവ്, പിന്നീട് രാഗം

(Passion) തുടങ്ങിയവയിൽ നിന്നും ആത്മാവ് മോചിതമാകുന്നു; തൽഫല മായി, താൻ ദൈവത്തിൽ നിന്നും വളരെയകലെയല്ല എന്ന് ഏകാന്ത വാസി മനസ്സിലാക്കുന്നു" (SCE. p. 212).

എന്നാൽ ബസ്സേലിയോസ്, ഈ ജീവിതത്തെ വിമർശിച്ചുകൊണ്ട് പറ യുന്നത്, ഇവരുടെ പിടിവാശി നിമിത്തം സുവിശേഷത്തിലെ ഒന്നാമ ത്തെയും രണ്ടാമത്തെയും കൽപനകൾ (ദൈവത്തെ സ്നേഹിക്കുക; മനുഷ്യരെ സ്നേഹിക്കുന്നതിലൂടെ ദൈവത്തെ സ്നേഹിക്കുക) എന്നത് വേണ്ടതുപോലെ പാലിക്കുന്നില്ല എന്നാണ് (SCE. p. 212). ഇതിന് പരി ഹാരമായി 'സമൂഹജീവിതം' നിർദ്ദേശിക്കപ്പെടുന്നുണ്ടെങ്കിലും, ശരിയായ അനുസരണത്തോടും ശിക്ഷണത്തോടും ദർശനത്തോടും കൂടിയുള്ള ഏകാന്ത ജീവിതത്തിലൂടെ മാത്രമെ ശരിയായ മനുഷ്യസ്നേഹവും ദൈവ സ്നേഹവും സാധ്യമാകൂ എന്ന് തന്നെയാണ് സന്യാസപിതാക്കന്മാരുടെ പൊതുവായ കാഴ്ചപ്പാട്.

ആദിമ കാലത്ത്, ഗുഹയിൽ താമസിക്കുന്ന ഏകാന്തവാസികൾ (Hermits); ഒരുതരം ഭ്രാന്ത് പോലെ അലഞ്ഞു തിരിയുന്നവർ (Anchorites); എന്തിനോവേണ്ടി അന്വേഷിച്ച് നടക്കുന്നവർ (Boskoi); മര ത്തിൽ കയറി താമസമാക്കുന്നവർ (Dendrites); വെളിമ്പ്രദേശത്ത് ഒറ്റയ്ക്ക് ചലനമില്ലാതെ നിൽക്കുന്നവർ (Statics); ഉയർന്ന തൂണിന്മേൽ കയറിയി രിക്കുന്നവർ (Stylites); ഒരു അറയ്ക്കകത്ത് സ്വയം പൂട്ടിയിടുന്നവർ (Recluse); യാതൊരു പരിചയവുമില്ലാത്ത അന്യദേശത്ത് പോയി ഒറ്റയ്ക്ക് താമസിക്കുന്നവർ (Xeniteia) എന്നിങ്ങനെ പലവിധത്തിലുള്ളവരെ കാണു ന്നുണ്ടെങ്കിലും ഇക്കാലത്ത് അപ്രകാരമുള്ള ജീവിതരീതികൾ അപ്രസ ക്തമായിത്തീർന്നിരിക്കുന്നു.

ഏകാന്തവാസികൾ കോളനിയായി താമസിക്കുന്ന പതിവ് കാണു ന്നുണ്ട് - (Lavras); ഒറ്റയായി വീടുകളുണ്ടാക്കി താമസിക്കുന്ന പതിവ് പിന്നീട് വളർന്നു വന്നു (Sketes); ഒരു നേതാവിന്റെ ശിക്ഷണത്തിൽ, അതേസമയം ഒറ്റയായിത്തന്നെ താമസിക്കുന്ന പതിവുണ്ട് - (Kellia); ബിഷപ്പാകുമ്പോഴോ മറ്റുവിധത്തിലോ സന്യാസജീവിതം വിട്ടുപോകു ന്നവർ എപ്പോഴെങ്കിലും തിരിച്ചുവന്ന് താമസിക്കുന്നതിന് വാടകയ്ക്ക് നൽകുന്ന ഗുഹയാണ് Kathismata; സന്യാസാടിസ്ഥാനമൊന്നുമില്ലാതെ ഒറ്റയായി ചുറ്റിനടക്കുന്ന ഏകാന്തവാസികളുമുണ്ടായിരുന്നു - (Kaviotes) (SCE. 213).

ഈ ഏകാന്തവാസികളുടെയെല്ലാം പൊതുവായ ഒരു ധാരണ, ഏകാ ന്തത എല്ലാം പഠിപ്പിക്കുമെന്നും, മത്സ്യം വെള്ളത്തിലെന്നപോലെ ഗുഹ യുടെ ഏകാന്തതയിലാണ് ശരിയായ സ്വാതന്ത്ര്യവും ജീവിതവും കണ്ടെത്താൻ കഴിയുന്നത് എന്നുമാണ്.

### 3) സമൂഹജീവിതം (ആശ്രമജീവിതം)

ഏകാന്തജീവിതത്തിന്റെ വിവിധ വശങ്ങൾ നാം കണ്ടു. ഇനിയും സമൂഹജീവിതം അഥവാ ആശ്രമജീവിതം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത് എന്ന് പരിശോധിക്കാം.

**a) ലോകത്തിൽ നിന്നും വേർപെട്ടുള്ള പൊതുവായ ജീവിതം**

ലോകത്തിൽ ജീവിക്കുന്നവർക്കും പരിശീലിക്കേണ്ട ശിക്ഷണക്രമങ്ങൾ, സഭയിലൂടെ നടപ്പാക്കപ്പെടേണ്ടതാണെങ്കിലും, പല കാരണങ്ങളാൽ അവ ഫലപ്രദമായി പാലിക്കപ്പെടുന്നില്ല എന്നതിനാലാണ്, ഇത്തരം സമൂഹജീവിതത്തിന് പ്രസക്തി വർദ്ധിച്ചു വന്നത്. ലൗകികർ (ഒൽമോയൊ = അത്മായർ) എന്നും 'സന്യാസികൾ (Religious) എന്നുമുള്ള തരംതിരിവിന്റെ ആരംഭം ഇവിടെ കാണാവുന്നതാണ്. പ്രാഥമികാർത്ഥത്തിൽ, ദൈവത്തെ മറന്ന് ലോകത്തെ ഓർത്തുകൊണ്ടുള്ള ജീവിതം ലൗകിക ജീവിതമായും, ലോകത്തെ മറന്ന് ദൈവത്തെ ഓർത്തുകൊണ്ടുള്ള ജീവിതം ആത്മീയജീവിതമായും പരിഗണിക്കപ്പെട്ടു വന്നിരുന്നു. സാധാരണജീവിതത്തിൽ വസിച്ചുകൊണ്ടുതന്നെ ഈ രണ്ട് അനുഭവങ്ങളും സാധ്യമാണെങ്കിലും, ആത്മീയ ജീവിതത്തിന്, ലോകകാര്യങ്ങളോട് അകന്ന് ജീവിക്കുന്നതാണ് സഹായകരമെന്നതിനാൽ, ആ ജീവിതം സന്യാസ ജീവിതമായി അറിയപ്പെട്ടു തുടങ്ങി. ലോകത്തിൽ വസിച്ചുകൊണ്ടുതന്നെ 'ആത്മീയ ജീവിതത്തിൽ' നിലനിൽക്കുന്നതാണ് ആത്മീയ പക്വതയുടെ ലക്ഷണമെങ്കിലും അത് സാധിക്കുക എന്നത് എളുപ്പമല്ലാത്തതിനാൽ ലോകത്തോട് അകന്നുനിൽക്കുക എന്ന തത്വം കൂടുതൽ സ്വീകാര്യമായി. അങ്ങനെ ആശ്രമജീവിതം ദൈവത്തെ ഓർത്തുകൊണ്ടുള്ള ഒരു 'സമാന്തര ആത്മീയ ലോകജീവിതമായി' വളർന്നു വന്നു.

**b) സ്നേഹിതർ, ബന്ധക്കാർ:** ലോകബന്ധങ്ങളോടൊപ്പം മാനുഷിക സ്നേഹബന്ധങ്ങളും ഉപേക്ഷിക്കുന്ന പതിവുണ്ടായിരുന്നു. പ്രത്യേക ജീവിതസ്ഥലം, ജീവിതക്രമം, പ്രത്യേക വസ്ത്രധാരണം എന്നിവ പിന്നീടു സ്വീകരിച്ചു തുടങ്ങി. ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി മാത്രം ലോകവുമായി ബന്ധപ്പെടുകയും, അപ്പോഴെല്ലാം 'കളങ്കം' പറ്റാതെ സൂക്ഷിക്കുകയും ചെയ്യുന്നു.

അതിഥികളെ സ്വീകരിക്കുന്നത് ആശ്രമജീവിതത്തിന്റെ പ്രധാന കർത്തവ്യമായി കരുതി. ദൈവത്തിന്റെ ദൂതന്മാരെപ്പോലെ അവരെ ആദരിച്ചു സ്വീകരിക്കാം. പക്ഷെ അവരോട് അധികമായൊന്നും ചോദിക്കരുത്, സംസാരിക്കരുത്, വേണമെങ്കിൽ അവരോടൊപ്പം പ്രാർത്ഥിക്കാം.

എന്തെങ്കിലും സംസാരിക്കുന്നെങ്കിൽ, ആത്മാവിനു പുഷ്ടി വരുത്തുന്നവ മാത്രമായിരിക്കണം. ആശ്രമാംഗങ്ങൾ തമ്മിൽത്തമ്മിൽ സംസാരിക്കുമ്പോഴും ഈ കാര്യം ശ്രദ്ധിച്ചിരിക്കണം.

ബന്ധുക്കളെ പ്രത്യേകം ഓർക്കാതിരിക്കുക എന്നത് ആശ്രമജീവിതത്തിൽ പ്രധാനമാണ്. അച്ഛനേയും അമ്മയേയും സഹോദരങ്ങളേയും വിട്ട്, തന്നെത്താൻ ത്യജിച്ച് ക്രൂശെടുത്ത് കർത്താവിനെ അനുഗമിക്കണമെന്ന കർത്തൃകൽപനയാണ് (ലൂക്കോ. 14:26) ഇതിന് അടിസ്ഥാനം. ശെമവൂൻ ദെസ്തുനി പറയുന്നത്, ആശ്രമത്തിൽ പ്രവേശിക്കുന്നവർ തങ്ങളുടെ ബന്ധുക്കൾ എല്ലാവരും മരിച്ചുപോയി എന്ന് കരുതിക്കൊള്ളണമെന്നാണ് (SCE. p. 215). എന്നാൽ, ബസേലിയോസ് മൂന്നു വിധത്തിൽ 'ബന്ധക്കാരെ' തരംതിരിക്കുന്നു. 1) ആശ്രമജീവിതം നയിക്കുന്നവരാണെങ്കിൽ, ആശ്രമ സഹോദരങ്ങളായി തന്നെ കരുതി അവരോടു പെരുമാറണം. 2) ലൗകികരായി, അതേസമയം ദൈവവിശ്വാസത്തിൽ ജീവിക്കുന്നവരായിട്ടുള്ള 'ബന്ധുക്കളെ' ഓർത്തിട്ടു പ്രയോജനമില്ലെങ്കിലും, അവരെ വിസ്മരിക്കേണ്ട കാര്യമില്ല. 3) ദൈവകൽപന അനുസരിക്കാതെ ജീവിക്കുന്ന ബന്ധുക്കളാണെങ്കിൽ അവരെ ഓർക്കരുതെന്നു മാത്രമല്ല; അവർ കാണാൻ വന്നാൽ പോലും അവരെ കാണാൻ കൂട്ടാക്കുകയുമരുത്. എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കുന്നതിലധികമായി പ്രത്യേകിച്ചു തന്റെ ബന്ധുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ സന്യാസിക്ക് അവകാശമില്ലെന്നാണ് ബസ്സേലിയോസ് പറയുന്നത് (SCE. 125).

**e) നിശബ്ദത** (Silence) ആശ്രമജീവിതത്തിൽ പരമപ്രധാനമാണ്. ഏകാന്തതയും ഏകാഗ്രതയും ബാഹ്യമായി തെരഞ്ഞെടുക്കുകയും, അതു വഴി ആന്തരികശാന്തത (Stillness) പ്രാപിക്കുകയും വേണം. എന്നാൽ മാത്രമെ പക്വത പ്രാപിക്കുവാനുള്ള ദിവ്യ 'സമാധാനം' നമ്മിൽ നിറയുകയുള്ളു. സംസാരിച്ചതിനെപ്പറ്റി ചിലപ്പോഴെങ്കിലും അനുതപിക്കേണ്ടിവരും, എന്നാൽ 'നിശബ്ദത'യെപ്പറ്റി ഒരിക്കലും അനുതപിക്കേണ്ടിവരികയില്ല എന്നാണ് പൊതുവെ സന്യാസപിതാക്കന്മാർ കരുതുന്നത്. മൗനമായിയിരിക്കുന്നവരാണ് 'മുനി'മാർ. വർഷങ്ങളോളം മൗനമായിക്കഴിയുന്ന മഹർഷിമാരും സന്യാസിമാരും ഹൈന്ദവ ആശ്രമങ്ങളിലെന്നപോലെ ക്രൈസ്തവ ആശ്രമങ്ങളിലും ഉണ്ടായിരുന്നു. ബസേലിയോസിന്റെ നിയമം ഇപ്രകാരമാണ്: ദൈവസേവനത്തിലേക്ക് നയിക്കാത്തയാതൊരു സംസാരവും പ്രയോജനകരമല്ല എന്നു മാത്രമല്ല, വിശ്വാസത്തിൽ വളർത്തുവാൻ ഉപകരിക്കാത്ത വാക്കുകൾ അവ എത്ര നല്ലതായാലും, പരിശുദ്ധാവിനെ ദുഃഖിപ്പിക്കും എന്ന അപകടം അതു പറയുന്നവരിൽ ഉണ്ടാക്കുന്നു.

**f) ചിരി കളി,** തമാശകളൊന്നും ആശ്രമജീവിതത്തിന് ചേർന്നതല്ല എന്നാണ് പൗരസ്ത്യ പിതാക്കന്മാരുടെ അഭിപ്രായം. എഫേ. 5:4-ൽ പറയുന്ന നിയന്ത്രണങ്ങൾ വളരെ ഗൗരവമായി പഠിക്കുവാൻ ആശ്രമാംഗങ്ങൾ കടപ്പെട്ടിരിക്കുന്നതായി കാണുന്നു. യേശുക്രിസ്തു ചിരിക്കുന്നതായി എങ്ങും കാണുന്നില്ലെന്നും ആകയാൽ വിശ്വാസികൾ ചിരിക്കുന്നത് ശരിയല്ലെന്നുമാണ് ബസേലിയോസിന്റെ നിലപാട് (SCE. p. 216). 'ചിരി' സാത്താന്റെ പണിയാണെന്നാണ് കോപ്റ്റിക് വേദശാസ്ത്രജ്ഞനായ ഇബ്ൻസാബായുടെ അഭിപ്രായം. ഈ കഠിനമായ സമീപനം, നിരന്തരമായ അനുതാപം നിലനിർത്തണമെന്ന ഉദ്ദേശ്യത്തിലാണ് ആശ്രമാംഗങ്ങൾക്ക് നിർബന്ധമാക്കിയിരിക്കുന്നത്. എന്നാൽ, അലക്സന്ത്രിയായിലെ ക്ളീമിസ്, 'ചിരി' എന്നത് വേണ്ട എങ്കിലും, 'ആത്മാവിലുള്ള ആനന്ദം പ്രകടിപ്പിക്കുന്ന പുഞ്ചിരി' ആകാമെന്ന് പറയുന്നുണ്ട്. ലൂക്കോ. 10:21-ൽ യേശുക്രിസ്തു ആത്മാവിൽ സന്തോഷിക്കുന്നതായും, കന്യക മറിയാം ആത്മാവിൽ സന്തോഷിക്കുന്നതായും (ലൂക്കോ. 1:47) നാം കാണുന്നുണ്ടല്ലോ.

**g) ഏകമനസ്സ്:** അ.പ്ര. 4:32-ൽ കാണുന്നതുപോലെ ഏകഹൃദയവും ഏകമനസ്സുമുള്ളവരായി ജീവിക്കുക എന്നത് ആശ്രമജീവിതത്തിലെ പ്രധാന വശമാണ്. ആദിമസഭയിൽ ആർക്കും ഒന്നും സ്വന്തമായിട്ടില്ലായിരുന്നു. എല്ലാം പൊതുവിന്റേതായി കരുതുവാൻ എല്ലാവരും സമ്മതിച്ച് ഏകമനസ്സായി പ്രവർത്തിച്ചു. യഥാർത്ഥ സ്നേഹം പങ്കുവയ്ക്കുക വഴിയാണ് പരസ്പരം ലഭിക്കുന്നതും വർദ്ധിക്കുന്നതും എന്നതിനാൽ, ആശ്രമജീവിതത്തിൽ, പരസ്പരം പങ്കിടീൽ, പ്രോത്സാഹനം, സഹകരണം, ഐകമത്യം, ഒരുമിച്ച് ഇവയെല്ലാം നിശ്ചയമായും നിർബന്ധമായി പാലിക്കപ്പെടണമെന്ന് സന്യാസ പിതാക്കന്മാർ ഒരുപോലെ എടുത്തു പറയുന്നുണ്ട്.

### 4) ജഡപരിത്യാഗം (Renunciation of the Flesh)

a) ജിതേന്ദ്രിയത്വം (Temparance): 'നീ നിന്നെത്തന്നെ ശ്രദ്ധിക്കുക' (ആവർ. 15:9) എന്ന വേദഭാഗം ആസ്പദമാക്കി ബസേലിയോസ് മൂന്നു കാര്യങ്ങൾ പറയുന്നു. ഞാൻ (I) എന്നത് 'ആത്മാവും മനസ്സുമാണ്' എന്നും, 2) 'നമ്മുടേത്' (ours) 'ശരീരവും ഇന്ദ്രിയങ്ങളും' ആണെന്നും, 3) 'മറ്റുള്ളവ' (others) മറ്റുള്ള വസ്തുക്കളാണെന്നും അദ്ദേഹം വിവരിക്കുന്നു. അതായത്, ആത്മാവും മനസ്സും കൊണ്ട് ശരീരത്തെയും ഇന്ദ്രിയങ്ങളെയും നിയന്ത്രിച്ച്, മറ്റെല്ലാ വസ്തുക്കളെയും നിന്റേതല്ല എന്നു കരുതി ത്യജിക്കുക എന്നതാണെന്ന് ബസേലിയോസ് പഠിപ്പിച്ചു (കൊലോ. 3:3-8 കാണുക). ജിതേന്ദ്രിയത്വം (Self control) എന്നത്

ആത്മീയ ജീവിതത്തിന് സഹായകമായ പ്രധാന ഘടകമാണ്. യഥാർത്ഥ മായ ആത്മനിയന്ത്രണം പാലിക്കുന്നതിന് ആത്മാവിന്റെ ഫലങ്ങൾ കായ്ക്കുകയാണ് ആവശ്യം എന്ന് പൗലോസ് ശ്ലീഹായുടെ ലേഖനത്തി ലൂടെ നമുക്ക് കാണാം (Gal. 5:22). ജഡത്തിന്റെ പ്രവർത്തികളെ മാറ്റി വച്ചാലേ ഇതു സാദ്ധ്യമാകുകയുള്ളു എന്നതിനാൽ 'ജഡപരിത്യാഗം' വളരെ പ്രധാനമാണെന്നാണ് സന്യാസ പിതാക്കന്മാരുടെ അഭിപ്രായം.

(കൊലോ. 2:11, ഗലാ. 2:20, 5:16; റോമ. 7:24, 13:14 എന്നീ വേദഭാഗ ങ്ങൾ കാണുക)

(a) ശരീരവിശുദ്ധി (chastity) ജിതേന്ദ്രിയത്വത്തിന്റെ പ്രധാന ഭാഗ മാണ്. 1 കൊരി. 6:18-20 ൽ വി. പൗലൂസ് ശ്ലീഹാ ശരീരവിശുദ്ധിയെപ്പറ്റി പറയുന്നു. 'ആത്മാവിനേയും ശരീരത്തേയും നശിപ്പിക്കുന്നതാണ് ജഡിക അശുദ്ധി' എന്നാണ് നിസ്സായിലെ ഗ്രീഗോറിയോസ് പറയുന്നത്. സന്യാ സികൾക്കു മാത്രമല്ല, വിവാഹിതർക്കും ശരീരവിശുദ്ധി ബാധകമാണ്. നിയമാനുസൃതമായി ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ശാരീരികബന്ധം അശുദ്ധി വരുത്തുന്നില്ല എന്ന് അലക്സന്ത്രിയായിലെ ക്ളിമ്മീസ് തുടങ്ങി പല പിതാക്കന്മാർ പറയുന്നുണ്ട്. ശാരീരികവിശുദ്ധി പാലിക്കാനുള്ള എളുപ്പമാർഗം എത്രയും നേരത്തെ വിവാഹിതരായിത്തീരുകയോ, സന്യാ സജീവിതം തെരഞ്ഞെടുക്കുകയോ (അവരവരുടെ വിളിയനുസരിച്ച്) ചെയ്യുക എന്നതാണ് അഭികാമ്യം എന്നു ചില സഭാപിതാക്കന്മാർ, സൂചി പ്പിക്കുന്നുണ്ട്.

(b) വിവാഹം: 'വിവാഹജീവിതം' അശുദ്ധമാണെന്ന് ക്രിസ്തീയ സഭാ പിതാക്കന്മാരാരും പറയുന്നില്ല. എഫേ. 5:25-ൽ കാണുന്നതുപോലെ ക്രിസ്തുവും സഭയുമായുള്ള ബന്ധത്തോളം പരിശുദ്ധമാണ് വിവാഹ ബന്ധം. ജഡിക ഇച്ഛ നിവൃത്തിക്കുന്നതിനായുള്ള മാനുഷിക ക്രമീകര ണമായി വിവാഹത്തെ തരംതാഴ്ത്താൻ പാടുള്ളതല്ല. ഏദൻതോട്ടത്തിൽ ദൈവമാണ് ഭാര്യാഭർത്തൃബന്ധം ആദ്യമായി എർപ്പെടുത്തിയത്. ക്രിസ്ത്യാനികൾക്ക് വിവാഹം പരസ്പര ഉടമ്പടിയല്ല, ദൈവനിയോഗ പ്രകാരമുള്ള കടമയാണ്. കന്യകാത്വത്തെ ('Virginity') ഉയർത്തിക്കാണി ക്കുന്ന നിസ്സായിലെ ഗ്രീഗോറിയോസ് പറയുന്നത്, 'വിവാഹജീവിതം വഴി ജനിച്ചവരാരും (തങ്ങളുടെ ഉത്ഭവകാരണമായ) വിവാഹത്തെ നിന്ദിക്കാൻ പാടില്ല' എന്നാണ്. വിവാഹജീവിതത്തിലെ ധാർമ്മിക നിയമങ്ങളെപ്പറ്റി ഭിന്നാഭിപ്രായങ്ങൾ രേഖപ്പെടുത്തിക്കാണുന്നുണ്ട്. മരണം വാഴുന്ന ശരീ രമുള്ള അവസ്ഥയിൽ താൽക്കാലികമായ ഒരു സ്ഥാനമേ വിവാഹത്തി നുള്ളു എന്നും വരാനിരിക്കുന്ന ലോകത്തിൽ ഇത് ആവശ്യമില്ലെന്നും യേശു വെളിപ്പെടുത്തുന്നുണ്ട് (മർക്കോ. 12:25). പൗലൂസ് ശ്ലീഹായുടെ

അഭിപ്രായത്തിൽ, ഈ ലോകത്തിൽ വച്ച് തന്നെ, വരുവാനുള്ള ലോകത്തിന്റെ മുൻകുറിയായി വിവാഹിതരാകാതെയിരിക്കുന്നതാണ് നല്ലത് എന്ന ധ്വനിയുണ്ട് (1 കൊരി. 7:1ff). വിവാഹജീവിതം പ്രാർത്ഥനാ ജീവിതത്തിനു തടസ്സമാകാതെ സൂക്ഷിക്കണം (1 കൊരി. 7:5). അല്ലാതെ വന്നാൽ മറ്റെല്ലാ തിന്മകളുമെന്നപോലെ വിവാഹബന്ധവും 'അശുദ്ധ' മെന്ന് വരും. വി. കുർബാനാനുഭവത്തിന് മുമ്പായി വിവാഹബന്ധം പാടില്ല എന്ന് ഓറിജൻ തുടങ്ങി പല പിതാക്കന്മാരും നിഷ്കർഷിക്കുന്നുണ്ട്. കുഞ്ഞുങ്ങളെ ജനിപ്പിക്കുക എന്നതാണ് വിവാഹത്തിന്റെ പ്രധാന ലക്ഷ്യമെന്ന് ജസ്റ്റിൻ പറയുന്നു. മനുഷ്യവംശത്തെ അനുരഞ്ജിപ്പിച്ച് നിർത്തുന്നത് വിവാഹബന്ധങ്ങൾ വഴിയാണെന്നാണ് ജോൺ ക്രിസോസ്റ്റം പറയുന്നത്. ശാരീരിക സ്നേഹമാണ് പ്രാരംഭഘട്ടത്തിൽ പ്രവർത്തിക്കുന്നതെങ്കിലും സാവധാനം, ആത്മീയതലത്തിലേക്ക് അതിനെ ഉയർത്തിക്കൊണ്ടു വരാൻ ദമ്പതികൾ പരിശ്രമിക്കണമെന്നും, ഈ സാഹചര്യത്തിൽ, അവിവാഹിതാവസ്ഥയിലൂടെ നിലനിൽക്കുന്ന ആത്മീയ സ്നേഹം ശാരീരിക സ്നേഹത്തേക്കാൾ ഉയർന്നതാണെന്നും പിതാക്കന്മാർ കരുതുന്നു. ആത്മീയ സ്നേഹത്തിലേക്ക് നേരിട്ടു വരുവാൻ പ്രാപ്തിയില്ലാത്തവർ, വിവാഹിതരായി ശാരീരിക സ്നേഹം പരിശീലിച്ച് ആത്മീയതലത്തിലെത്തിച്ചേരേണ്ടതാണ്. താൻ അഴലാനുള്ള സാധ്യതയെപ്പറ്റി അനുതപിക്കുന്നവർക്കുള്ള അനുവാദമെന്ന നിലയിലാണ് സഭാപിതാക്കന്മാർ 'രണ്ടാം വിവാഹ'ത്തെ കരുതിയത്. പിന്നീടുള്ള വിവാഹങ്ങൾ വ്യഭിചാരത്തെക്കാൾ മോശമാണെന്നും, വിധവയായിട്ടോ, അവിവാഹിതനായിട്ടോ കഴിയുന്നതാണ് നല്ലതെന്നും പിതാക്കന്മാർ ഉപദേശിച്ചു.

### (5) ബ്രഹ്മചര്യം (Virginity/Ceblibacy)

അവിവാഹിത ജീവിതം തെരഞ്ഞെടുക്കുന്നതിന് പലതരത്തിലുള്ള പ്രത്യേകതകളും അടിസ്ഥാനങ്ങളും പ്രയോജനങ്ങളും പിതാക്കന്മാർ കാണുന്നുണ്ട്. 1) അവിവാഹിത ജീവിതം രക്തസാക്ഷിത്വത്തിന് തുല്യമാണ് (വെളി. 14:3f). 2) പഴയനിയമത്തിലെ 'പരിച്ഛേദന' ശരീരത്തിലാണെങ്കിൽ, പുതിയനിയമത്തിൽ 'ആത്മാവിന്റെ പരിച്ഛേദന'യാണ് കന്യകാത്വം. 3) മാലാഖമാർക്കടുത്ത ജീവിതമാണ് കനകാത്വം (മർക്കോസ് 12:25). 4) ദൈവരാജ്യം നിമിത്തം തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കുകയാണ് (മത്തായി 19:12). 5) വി. ത്രിത്വത്തിലേതുപോലുള്ള സ്നേഹബന്ധം പുലർത്തുകയാണ്. 6) ക്രിസ്തു, കന്യകമറിയാം, സ്നാപക യോഹന്നാൻ തുടങ്ങിയവരുടെ പുതിയനിയമ കാൽപാടുകൾ തുടരുകയാണ്. 7) ക്രിസ്തുവിനെ മണവാളനായി (പങ്കാളിയായി) സ്വീകരിച്ച അവസ്ഥയാണ്. 8) പരിശുദ്ധാത്മാവിനെ സ്വീകരിച്ച് ആത്മീയഫലം പുറപ്പെടുവി

ക്കുന്നതിനുള്ള സമർപ്പണവും കാത്തിരിപ്പുമാണ്. യേശുക്രിസ്തുവാകുന്ന ജീവഫലത്തെ ഉൾക്കൊള്ളാൻ കന്യകമറിയാം കാത്തിരുന്നതുപോലെ. 9) ദൈവത്തിന്റെ 'വക'യായിത്തീരുവാൻ മറ്റാരുടേയും 'വക' യാകാതിരിക്കുക. 10) തടസ്സമോ ഇടർച്ചയോ കൂടാതെ നിരന്തരം പ്രാർത്ഥിക്കുവാൻ അവസരമുണ്ടാകുക.

ഈ ജീവിതാവസ്ഥ, ദൈവത്തിന്റെ ദാനമാണ്. പൂർണ്ണാത്മാവോടും പൂർണ മനസ്സോടും കൂടെ ദൈവത്തോട് യാചിക്കുന്നവർക്കു ദൈവം നൽകുന്ന സമ്മാനമാണ്. എന്നാൽ, അതു നിലനിർത്തിക്കൊണ്ടുപോകാൻ വലിയ പ്രയത്നം ആവശ്യമാണ്. ജഡിക ഇമ്പങ്ങൾ വേണ്ടെന്നു വയ്ക്കുക, വീഴാവുന്ന സാഹചര്യങ്ങളിൽ നിന്നും ഓടി ഒളിക്കുക, പ്രലോഭനങ്ങളെ ചെറുത്ത് തോൽപ്പിക്കുക, ഹൃദയത്തെ മാലിന്യമില്ലാതെ സംരക്ഷിക്കുക, ഉപവസിക്കുക, പ്രാർത്ഥിക്കുക, ജാഗരണം നടത്തുക, സങ്കീർത്തനം വായിക്കുക, ശാരീരിക ജോലിയിലേർപ്പെടുക, നിശബ്ദത പാലിക്കുക, കഷ്ടത സഹിക്കുക, പരിഹാരം ഏറ്റുവാങ്ങുക, ശരീരത്തിന്റെ അഗ്നിയെ ആത്മാവിന്റെ അഗ്നികൊണ്ട് കീഴടക്കുക, സ്ത്രീകളോടും സ്വവർഗഭോഗം ഭയന്ന് മീശമുളയ്ക്കാത്ത പുരുഷന്മാരോടും ഒഴിഞ്ഞിരിക്കുക (സന്യാസികൾ മീശ വളർത്തുന്നതിന്റെ ഒരു കാരണം മറ്റുള്ളവരെ പാപത്തിലേക്ക് വശീകരിക്കാനിടയാകരുത് എന്നതിനാലാകാം). ശരീരത്തെ ദണ്ഡിപ്പിക്കുക (Bodily mortification) എന്നത് പലവിധത്തിൽ നടത്തുമായിരുന്നു. ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുന്ന പൗലൂസ് ശ്ലീഹായുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ് (1 കൊരി. 9:29).

"പ്രാർത്ഥന, ഉപവാസം, ദാനധർമ്മം" (മത്തായി 6) ഇവ മൂന്നും ഒന്നിച്ചുകൊണ്ടുപോകേണ്ടത് പൊതുവായ ആത്മീയ ജീവിത വളർച്ചയ്ക്ക്, വിവാഹിതർക്കും അവിവാഹിതർക്കും, ഒരുപോലെ, അത്യാവശ്യമാണെന്ന് പിതാക്കന്മാർ ഊന്നിപ്പറഞ്ഞു. പ്രാർത്ഥന ദൈവത്തോടും ദാനധർമ്മം മറ്റുള്ളവരോടും, ഉപവാസം നമ്മോടു തന്നെയും നല്ല ബന്ധം പുലർത്തുന്നതിനും അതുവഴി സൃഷ്ടി മുഴുവനും ശുദ്ധീകരിക്കപ്പെട്ട്, പുതിയ സൃഷ്ടിയായി രൂപാന്തരപ്പെടുവാനും ഇടയാക്കുന്നു. ഉപവാസം ശരീരത്തിന്റെ പ്രാർത്ഥനയാകുന്നു. പ്രാർത്ഥനയുടെ ശാരീരിക പ്രകടനമാണ് ഉപവാസം. പ്രാർത്ഥനയെ സ്വർഗത്തിലേക്ക് ഉയർത്തുന്ന രണ്ടു ചിറകുകളാണ് ഉപവാസവും ദാനധർമ്മവും.

## പാഠം 4

# സാമൂഹ്യജീവിതം അഭ്യസിക്കുക

മനുഷ്യൻ ആരാണെന്നും, ലോകവുമായുള്ള ബന്ധം എങ്ങനെയാണെന്നും, മറ്റു മനുഷ്യരുമായി എങ്ങനെ ഇടപെട്ട് ജീവിക്കണമെന്നും മനസ്സിലാക്കുമ്പോഴാണ് അവന്റെ ആത്മീയ ജീവിതം കൂടുതൽ പുഷ്ടിപ്പെടുന്നത്. ആയതിനാൽ, സമൂഹത്തെപ്പറ്റിയുള്ള ഒരു അന്വേഷണവും പഠനവും ആദ്ധ്യാത്മികതയുടെ ഒരു ഭാഗമായിത്തന്നെ കാണേണ്ടതാണ്.

## 1. ക്രിസ്തീയ സ്നേഹത്തിന്റെ സാർവലൗകികത

**a) മനുഷ്യൻ ഒരു സാമൂഹ്യജീവി:** പ്രപഞ്ചത്തെയും സൃഷ്ടി മുഴുവനേയും ദൈവമുമ്പാകെ ഒന്നായി നിറുത്തി, ഏകലക്ഷ്യത്തോടെ ദൈവാരാധനയ്ക്കായി ഒരുക്കുന്നതിനുള്ള വലിയ ദൗത്യമാണ് മനുഷ്യനുള്ളത്. പഴയനിയമത്തിൽ പ്രപഞ്ചസ്രഷ്ടാവായ യഹോവയെ ആരാധിക്കുന്ന ഒരൊറ്റ 'സമൂഹ'മായിട്ടാണ് യിസ്രയേൽ മക്കൾ സ്വയം കരുതിയത്. ദൈവകൽപന ലംഘിക്കുന്ന സന്ദർഭങ്ങളിലാണ് വ്യക്തികളെ പ്രത്യേകം വേർതിരിച്ചു നിർത്തി ന്യായം വിധിക്കുന്നത്. ചുരുക്കം ചില സന്ദർഭങ്ങളിൽ നേതൃത്വം നൽകാനായിട്ടും പലരേയും പേരെടുത്ത് യഹോവ വിളിക്കുന്നുണ്ട്. അബ്രഹാം, യിസഹാക്, യാക്കോബ്, മോശ തുടങ്ങിയ പിതാക്കന്മാർ പ്രത്യേകം പേരുകൊണ്ട് തന്നെ അറിയപ്പെടുന്നുണ്ടെങ്കിലും യിസ്രയേൽ ജനത, സത്യദൈവത്തെ ആരാധിക്കുന്ന ഒരൊറ്റ സമൂഹമെന്ന ധാരണയാണ് പ്രബലമായി കാണുന്നത്. സത്യദൈവത്തെ ആരാധിക്കാത്തവരുമായി കൂടിക്കലരുന്നതിൽ നിന്നും യിസ്രായേൽ മക്കൾ പൂർണമായും വിലക്കപ്പെട്ടിരുന്നു. വ്യക്തിപരമായ താൽപര്യങ്ങളും സൗകര്യങ്ങളും സമൂഹത്തിന്റെ പൊതു താൽപര്യത്തിന് അനുയോജ്യമായതായിരിക്കണമെന്ന നിർബന്ധം നാം അവിടെ കാണുന്നു.

ക്രിസ്തീയ സഭയിലും ഈ തത്വം ഒരു പരിധിവരെ പ്രാധാന്യമർഹിക്കുന്നുണ്ട്. ക്രിസ്തീയ മൂല്യങ്ങൾക്കും ആചാരങ്ങൾക്കും വിരുദ്ധമായ ഒരു സാമൂഹ്യബന്ധം കെട്ടിപ്പടുക്കുക എന്നതല്ല, പ്രത്യുത ക്രിസ്തീയ വിശ്വാസത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ഒരു സമൂഹ നിർമ്മാണത്തിനായി വ്യക്തികൾ സ്വയം സമർപ്പിക്കുക എന്നതാണ് പ്രധാനം. സമൂഹം വ്യക്തിയെ സ്വാധീനിക്കുമെന്നറിഞ്ഞ്, തെറ്റായ സ്വാധീനങ്ങളെ ചെറുത്തു നിൽക്കാനും, നല്ല സ്വാധീനം സമൂഹത്തിൽ ചെലുത്തുവാനും വ്യക്തികൾ ഒരുങ്ങി നിൽക്കുക എന്നതാണ് ക്രിസ്തീയ ജീവിതത്തിലൂടെ സാധിക്കേണ്ടത്. ക്രിസ്തുവിൽ പ്രകടമായ 'ക്രിസ്തീയ സ്നേഹം' എന്ന തത്വം സർവ്വമനുഷ്യർക്കും ഒരുപോലെ സ്വീകാര്യവും പ്രസക്ത

വുമായതിനാൽ, അതിലേക്ക് സകല മാനവരാശിയേയും കൂട്ടിവരുത്തി, ക്രിസ്തുവിൽ ഒരൊറ്റ സമൂഹമാക്കുവാൻ വ്യക്തികൾ യത്നിക്കുക യാണ് വേണ്ടത്.

**b) 'ദൈവസ്നേഹം സഹോദരസ്നേഹം':** ദൈവത്തെ സ്നേഹിക്കു മ്പോൾ, സഹോദരനെക്കൂടി സ്നേഹിക്കാതിരിപ്പാൻ കഴികയില്ല. ദൈവ സ്നേഹമില്ലാതെ, സഹോദരനെ സ്നേഹിപ്പാനും കഴികയില്ല. ദൈവ സ്നേഹം പ്രകടിപ്പിക്കാൻ കഴിയുന്നത് സഹോദരനെ സ്നേഹിക്കുന്ന തിലൂടെയാണ്. കാണപ്പെടുന്ന സഹോദരനെ സ്നേഹിപ്പാൻ കഴിയാത്ത വന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴികയില്ല. സഹോദര നിൽ ദൈവസാദൃശ്യമുള്ളതിനാൽ സഹോദരനെ സ്നേഹിക്കുന്നതിലൂടെ ദൈവത്തെ തന്നെയാണ് സ്നേഹിക്കുന്നത് എന്ന ബോധ്യം നമുക്കു ണ്ടാകണം. നമ്മിൽ തന്നെയുള്ള ദൈവസ്വരൂപത്തെ നാം തിരിച്ചറിയു മ്പോഴാണ് സഹോദരനിലുള്ള 'ദൈവസ്വരൂപം' മനസ്സിലാക്കാൻ നമുക്ക് കഴിവ് ലഭിക്കുന്നത്. ബസേലിയോസ് പറയുന്നു, സഹോദരനെ സ്നേഹി ക്കുന്നതിലൂടെ ദൈവത്തെ സ്നേഹിക്കണമെന്ന കൽപനയാണ് നിറവേ റ്റുന്നത് എന്ന്. ദൈവസ്നേഹത്തിലധിഷ്ഠിതമായ സഹോദര സ്നേഹ മാണ് മനുഷ്യനെ ദൈവത്തോടും മനുഷ്യരോടും പരസ്പരം അടുപ്പി ക്കുന്നത്.

ദൈവസ്നേഹമുള്ളവർ തമ്മിൽ അടുക്കുന്നതാണ് എളുപ്പം. ദൈവ സ്നേഹമില്ലാത്ത മനുഷ്യൻ അകന്നു തന്നെയിരിക്കും. ദൈവസ്നേഹ മുള്ളവർ, അതില്ലെന്നു തോന്നുന്നവരെ കൂടി സ്നേഹിക്കാനും സഹാ യിക്കാനും ശ്രമിക്കുന്നതിലൂടെ അവരിലും ദൈവസ്നേഹം പകർന്നു കൊടുക്കാൻ കഴിഞ്ഞേക്കും. അതേസമയം അവരുമായിട്ടുണ്ടാകുന്ന ബന്ധത്തിലൂടെ നമ്മിൽ തന്നെയുള്ള ദൈവസ്നേഹം നഷ്ടപെട്ട് ലോക സ്നേഹത്തിന്നടിമപ്പെടാനിടയാകാതെ കരുതേണ്ടതും അത്യാവശ്യമാണ്. എല്ലാവരേയും തുല്യ അളവിൽ സ്നേഹിക്കാൻ സാധ്യമല്ലെങ്കിലും ദൈവ സ്നേഹത്തിലാണ്, സ്വയസ്നേഹത്തിലല്ല; മറ്റുള്ളവരെ സ്നേഹിക്കുന്നത് എന്ന ബോധ്യം നമുക്കുണ്ടാകണം.

സ്വന്തകാര്യസാദ്ധ്യത്തിനുവേണ്ടി സ്വാർത്ഥതയുള്ള സ്നേഹം അപ കടം നിറഞ്ഞതാണ്. 'പാപികളും അങ്ങനെ സ്നേഹിക്കുന്നവരാണ്' എന്ന് കർത്താവ് പറയുന്നു. വ്യക്തിപരമായി നമ്മോട് 'ശത്രുതയും' 'അക ൽച്ചയും' ഉള്ളവരെ സ്നേഹിക്കാൻ കഴിയുക എന്നതാണ് ക്രിസ്തീയ സ്നേഹം. നമുക്ക് എന്തു പ്രയോജനം കിട്ടുമെന്നല്ല, മറ്റുള്ളവർക്ക് എന്തു പ്രയോജനം നാം മൂലം ലഭിക്കും എന്നതിന് പ്രാധാന്യം നൽകി വേണം മറ്റുള്ളവരെ സ്നേഹിപ്പാൻ. 'ക്രൂശിലെ സ്നേഹം' അതാണ് കാണിക്കു

ന്നത്. പിതാവാംദൈവത്തോടുള്ള പുത്രൻതമ്പുരാന്റെ സ്നേഹവും വിധേയത്വവുമാണ്, മനുഷ്യരക്ഷയ്ക്കുവേണ്ടി സ്വന്തം ജീവൻ ബലിയായി നൽകാൻ ക്രിസ്തുവിനെ പ്രേരിപ്പിച്ചത്. ഈ 'സ്നേഹമാണ്' നമ്മെയും നിർബന്ധിക്കേണ്ടത്.

എല്ലാ ദേശക്കാരേയും ഭാഷക്കാരേയും ഒരുപോലെ സ്നേഹിക്കാൻ കഴിയുമോ എന്ന ചോദ്യം സഭാപിതാക്കന്മാർ ചർച്ച ചെയ്യുന്നുണ്ട്. 'കഴിയുന്നിടത്തോളം എല്ലാവരേയും സ്നേഹിക്കാൻ ശ്രമിക്കുക, അഥവാ അതിനു കഴിയുന്നില്ലെങ്കിൽ, ആരേയും വെറുക്കാതിരിക്കാൻ ശ്രമിക്കുക' എന്നാണ് മാക്സിമസ് പറയുന്നത്. (SCE p. 153). ചിലരെ കുറച്ചും, ചിലരെ അധികവുമായിട്ടാണ് സ്നേഹിക്കാൻ കഴിയുന്നതെങ്കിൽ, ആ സ്നേഹം പൂർണമായ ദൈവസ്നേഹമല്ലെന്നും, അതിൽ സ്വയസ്നേഹം കൂടി കലർന്നിട്ടുണ്ടെന്നും മനസ്സിലാക്കണം. എല്ലാവരേയും ഒരേ രീതിയിൽ സ്നേഹിക്കാൻ കഴിഞ്ഞില്ലെങ്കിലും, സ്വയസ്നേഹം കയറിവരാതെ സൂക്ഷിക്കണമെന്നാണ് ഇവാഗ്രിയോസ് അഭിപ്രായപ്പെടുന്നത് (SCE.153). 'മറ്റൊരാളുടെ വിശ്വാസം, വിശുദ്ധി, ദൈവവുമായുള്ള ബന്ധം എന്നിവയെ ആശ്രയിച്ചാണ് അയാളോടുള്ള സ്നേഹം പ്രകടിപ്പിക്കാൻ നമുക്ക് സാധിക്കുന്നത് എന്നതിനാൽ, എറ്റക്കുറച്ചിലുകൾ ഉണ്ടാകുമെന്നാണ് ഓറിജന്റെ അഭിപ്രായം' (SCE. 153). ദൈവസ്നേഹത്തിൽ പൂർണത പ്രാപിക്കുന്തോറും, എല്ലാവരേയും ഒരുപോലെ സ്നേഹിക്കാൻ, ദൈവം സ്നേഹിക്കുന്നതുപോലെ തന്നെ, മനുഷ്യനും കഴിയും, കഴിയണം എന്നാണ് മാക്സിമസ് വീണ്ടും പറയുന്നത്. ഓരോ മനുഷ്യന്റേയും ആവശ്യവും സാഹചര്യവുമനുസരിച്ച്, സ്നേഹം സ്വീകരിക്കാനുള്ള അവന്റെ ആഗ്രഹവും കഴിവും വ്യത്യാസപ്പെട്ടിരിക്കുമെന്നതിനാൽ, ഒരേ അളവിൽ അത് സ്വീകരിക്കാൻ കഴിയാതെ പോകാറുണ്ടെന്നും അദ്ദേഹം വ്യക്തമാക്കുന്നുണ്ട് (SCE. p. 154).

പഴയനിയമത്തിൽ, വിവിധ ദേശക്കാരേയും, ഭാഷക്കാരേയും മാറ്റിനിർത്തുന്ന സമീപനമാണ് കാണുന്നതെങ്കിൽ, പുതിയനിയമത്തിൽ എല്ലാവരേയും കൂട്ടിച്ചേർക്കുന്ന സമീപനമാണ് കാണുന്നത്. ബാബേലിൽ ഭാഷ കലക്കിയെങ്കിൽ, യെരുശലേമിൽ പെന്തിക്കോസ്തിദിനത്തിൽ 'ഭാഷ' ഒന്നാക്കുന്നതായി നാം കാണുന്നു. പ്രപഞ്ചം മുഴുവനും ഒരു പട്ടണമായിത്തീരുന്ന (Cosmo-Politan) അനുഭവമാണ് ക്രിസ്തീയ സ്നേഹത്തിന്റെ ശക്തി. ക്രിസ്ത്യാനിക്ക് ലോകത്തിലെ എല്ലാ പട്ടണങ്ങളും പിതൃനഗരമാണ്, അതേ സമയം ഒരു പട്ടണവും സ്വന്തമല്ല; തീർത്ഥാടകരാണ് നാം. സ്ഥിരപൗരത്വം സ്വർഗത്തിൽ മാത്രമാണ്. ആകയാൽ ക്രിസ്തീയ സ്നേഹത്തിന് കാല-ദേശ-ഭാഷാ വ്യത്യാസമില്ലാതെ സകല മനുഷ്യരിലേക്കും വ്യാപരിക്കാനുള്ള കഴിവുണ്ട് എന്ന് മനസ്സിലാക്കി സ്നേഹം വ്യാപിപ്പിക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കാം.

**c) സ്നേഹത്തിന്റെ വിവിധ തലങ്ങൾ:** പഴയനിയമത്തിൽ പ്രേമം (ഉൽപ. 29:18) കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹം (ഉൽപ. 25:28) കടപ്പാടും ബന്ധവും (1 ശമു. 20:17), ദൈവത്തോടുള്ള സ്നേഹം (പുറ. 20:6), ഉടമ്പടിയാലുള്ള സ്നേഹം (ആവ. 7:7–9) എന്നിങ്ങനെ വിവിധ നിലകളിൽ കാണുന്നുണ്ട്.

ഗ്രീക്ക് ഭാഷയിൽ, സ്നേഹത്തിന് വിവിധ തലങ്ങൾ കൊടുത്തു കാണുന്നുണ്ട് (1) Eros = (കാമം Lust) (സദൃ. 7:18). (2) Storge = family love (ഉല്പ. 25:28), (3) Philia = (loving friendship) (മത്താ. 10:37; യോഹ. 5:20, 12:25, 15:19, 16:27, 21:15–17; തീത്തൂസ് 3:15, വെളി. 3:19). (4) Agape = (Divine love) പ്രതിഫലേച്ഛയില്ലാത്ത ദൈവസ്നേഹം. യോഹ. 3:16, 1 യോഹ. 4:8; 1 കൊരി. 13.

ക്രിസ്തീയ സ്നേഹത്തിന് അടിസ്ഥാനമായിരിക്കുന്നത് Agape അഥവാ ദൈവിക സ്നേഹമാണ്.

## 2. ക്രിസ്തുവിന്റെ ശരീരത്തിലുള്ള ഐക്യം

### a) സഭ

ദൈവത്തിൽ മറഞ്ഞിരുന്നതും ക്രിസ്തുവിൽ വെളിപ്പെട്ടിരിക്കുന്നതുമായ സ്വർഗീയ മർമ്മമാണ് സഭ (എഫേ, 1:9f, റോമ. 16:25f). വി. മാമോദീസായിലൂടെ ക്രിസ്തുവിന്റെ ശരീരത്തോട് ചേർക്കപ്പെട്ട് 'ക്രിസ്തുവിന്റേത് ആയി'ത്തീർന്നിരിക്കുന്ന (kuriakos = of the hard) എല്ലാവരും കൂടി ചേരുന്നതാണ് സഭ. സഭയിലൂടെയാണ് രക്ഷയിലേക്ക് മനുഷ്യൻ നയിക്കപ്പെടുന്നത്. റഷ്യയിലെ ദൈവശാസ്ത്രജ്ഞനായ കോമിയാക്കോവ് പറയുന്നു: 'ഓരോരുത്തരും ഒറ്റയ്ക്ക് നരകത്തിലേക്ക് പോകാമായിരിക്കും, എന്നാൽ സ്വർഗത്തിലേക്ക് പോകണമെങ്കിൽ സഭയായി ഒന്നിച്ചു മാത്രമെ സാധിക്കൂ' (SCE. p. 157).

ക്രിസ്തുവിലുള്ള ഐക്യത്തിലും അടിസ്ഥാനത്തിലുമാണ് സഭ നിലനിൽക്കുന്നത്. ക്രിസ്തുവിനോട് ചേർക്കപ്പെടുന്നവർ 'വിശുദ്ധന്മാർ' എന്നറിയപ്പെടുന്നു. ദൈവത്തിന്റെ വിശുദ്ധിയിലേക്ക് ചേർക്കപ്പെട്ടതിനാൽ, വിശുദ്ധീകരണത്തിന്റെ അനുഭവത്തിലേക്കു വിളിക്കപ്പെട്ടവർ എന്ന അർത്ഥത്തിലാണ് അങ്ങനെ വിളിക്കുന്നത്. വിശുദ്ധിയിൽ വളരുന്നതിന് പല ഘട്ടങ്ങളുള്ളതിനാൽ, അവരവരുടെ വിളിയും നിലയും അനുസരിച്ച് വിശുദ്ധിയിൽ വ്യത്യാസമുണ്ട്. ദൈവമാതാവും വിശുദ്ധന്മാരും (Saints) ദൈവത്തോടു കൂടുതൽ അടുത്തു ചെന്നിരിക്കുന്നതിനാൽ ക്രിസ്തുവിലേക്കുള്ള മദ്ധ്യസ്ഥരായി, സഭ അവരെ കരുതി ആദരിക്കുകയും മദ്ധ്യസ്ഥത യാചിക്കുകയും ചെയ്യുന്നു. പൗരസ്ത്യ ആരാധനയിൽ, 'ദൃശ്യരും അദൃ

ശ്യരുമായ' വിശ്വാസികളുടെ സമൂഹമായിട്ടാണ് വിശുദ്ധരെ കണക്കാക്കുന്നത്.

ആത്മീയജീവിതത്തിൽ, മുന്നോടികളും മാതൃകകളും വഴികാട്ടികളുമായി അവരെ കാണുന്നതിനാൽ, അവരുടെ സ്ഥാനം സഭാജീവിതത്തിലും ആത്മീയ വളർച്ചയിലും വളരെ പ്രാധാന്യമർഹിക്കുന്നതായി പൗരസ്ത്യപിതാക്കന്മാർ കരുതുന്നു.

ക്രിസ്തുവിൽ എല്ലാവരും 'സഹോദരന്മാർ' എന്ന തത്വത്തിലാണ് സന്യാസസമൂഹങ്ങൾ 'Brotherhood' എന്നറിയപ്പെടുന്നത്. പഴയനിയമത്തിൽ സ്വന്തം മതത്തിലുൾപ്പെടുന്നവരെ സഹോദരൻ എന്ന് വിളിക്കുന്നുണ്ട് (പുറ. 2:11, ലേവ്യ 10:4). യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ സഹോദരൻ എന്ന പേരിൽ സാംബോധന ചെയ്യുന്നു (ലൂക്കോസ് 22:32, മത്തായി 28:10, മത്തായി 25:31–46, റോമർ 8:11, 17:19). ക്രിസ്തുവിൽ ദൈവത്തിന്റെ ദത്തുപുത്രന്മാരായി നാം തീരുന്നതിനാലാണ് 'സഹോദരൻ' എന്ന പദവിക്ക് നാം അർഹരായിത്തീരുന്നത്. ദൈവത്തെ 'പിതാവെ' എന്ന് വിളിക്കുവാനുള്ള അവകാശവും ദൈവമക്കളായി ജീവിക്കുവാനുള്ള ചുമതലയും ആണ് അതു മൂലം നമുക്ക് ലഭിക്കുന്നത്.

വി. മാമോദീസായിലൂടെ വീണ്ടും ജനനം പ്രാപിക്കുകയും ദൈവമക്കളായിത്തീരുകയും ചെയ്യുക മൂലം സഭാ മാതാവിന്റെ മക്കൾ എന്ന നിലയിലും പരസ്പര സഹോദരങ്ങളാണെങ്കിലും 'വീണ്ടും ജനിപ്പിക്കുന്നവർ' എന്ന നിലയിൽ 'പിതാവ്' (Father) എന്ന പേരിലും പുരോഹിതൻ പിന്നീട് അറിയപ്പെടാൻ തുടങ്ങി.

**b) ആശ്രമജീവിതം**

നാലാം നൂറ്റാണ്ടോടെ, ആശ്രമപ്രസ്ഥാനമാരംഭിച്ചപ്പോൾ, ആശ്രമാധിപനെ പിതാവായും (ആബോ) അംഗങ്ങളെ സഹോദരങ്ങൾ (Brothers) ആയും വിളിക്കുന്ന പതിവ് ആരംഭിച്ചു. ആശ്രമജീവിതത്തിന്റെ പ്രാരംഭ രൂപം ആദിമസഭയിൽ അപ്പോസ്തോലന്മാരുടെ കാലത്തു തന്നെ ആരംഭിക്കുന്നതായി നാം കാണുന്നുണ്ട് (അ. പ്ര. 2:44, 4:32, 35).

സഭയായും സമൂഹമായും ജീവിക്കുന്നതിന്റെ പ്രാധാന്യം വളരെ വലുതാണ്. പരസ്പരം സഹായിക്കാനും കരുതുവാനും, തിരുത്തുവാനും, പ്രോത്സാഹിപ്പിക്കുവാനുമെല്ലാം സൗകര്യം ലഭിക്കുന്നു. ശിക്ഷണത്തിൽ വളരുന്നതിനും, ജീവകാരുണ്യപ്രവർത്തനത്തിൽ ഉൾപ്പെടുന്നതിനും, എല്ലാം പൊതുവിന്റേതാണെന്ന ചിന്ത വളർത്തുന്നതിനും, സ്വാർത്ഥചിന്ത അകറ്റുന്നതിനും, വ്യക്തി താൽപര്യങ്ങൾ മാറ്റിവയ്ക്കുന്നതിനും, പൊതുനിയമങ്ങൾ പാലിക്കുന്നതിനും, സഹകരണമനോഭാവം വളർത്തുന്ന

തിനും, സ്നേഹം പങ്കിടുന്നതിനും ഒന്നിച്ച് ദൈവത്തെ ആരാധിക്കു ന്നതിനും, പൈശാചിക പോരാട്ടത്തെ നേരിടുന്നതിനും, ആത്മീയ അനു ഭവങ്ങൾ പങ്കുവയ്ക്കുന്നതിനും, സന്തോഷത്തിൽ നിലനിൽക്കുന്നതിനും സമൂഹമായുള്ള ജീവിതം സഹായകമായിത്തീരുന്നു. മനുഷ്യൻ സ്വാർ ത്ഥനും, എകാകിയുമായി കഴിയുമ്പോഴാണ്, അവന് വീഴ്ചയും താഴ്ചയും സംഭവിക്കുന്നത്.

എകാന്തവാസികളായി കഴിയുന്ന സന്യാസിമാരുടെ ആത്മീയജീവി തത്തിൽ മേൽപറഞ്ഞ പ്രയോജനങ്ങൾ ഒന്നും കിട്ടുന്നില്ലല്ലോ എന്ന് ചിന്തിച്ചേക്കാം. ദൈവവുമായിട്ടുള്ള ബന്ധം ശരിപ്പെട്ടു കഴിഞ്ഞാൽ, മനു ഷ്യരുമായി ശരിയായ ബന്ധം പുലർത്താൻ യോഗ്യനായിത്തീരുന്നു എന്നാണ് പിതാക്കന്മാർ അതേപ്പറ്റി പറയുന്നത്. സമൂഹത്തിൽ വന്നാലും, എകാന്തതയിലായാലും ആത്മീയ പൂർണതയുടെ സമതുലനാവസ്ഥ പാലിക്കുവാൻ തക്ക പക്വത അവർക്ക് എകാന്തവാസം മൂലം ലഭിക്കു മെന്നാണ് കരുതപ്പെടുന്നത്. എല്ലാവരിൽ നിന്നും അകലുന്നത്, സ്വയ ത്തിലൊതുങ്ങാനല്ല, എല്ലാവരേയും ഉൾക്കൊള്ളുന്ന ദൈവത്തിങ്കലേക്ക് ലയിക്കാനായിട്ടാണ്.

സ്നേഹബന്ധത്തെപ്പറ്റി പറയുമ്പോൾ സഹോദര സ്നേഹം എന്നതും ദൈവസ്നേഹത്തിന്റെ (Agape) പ്രതിഫലനമായിരിക്കണമെന്നാണ് പിതാക്കന്മാർ പറയുന്നത്. ദൈവസ്നേഹം പങ്കുവയ്ക്കാൻ സഹായക മാകുന്ന ‘സ്നേഹവലയം’ ആത്മീയവളർച്ചയ്ക്ക് അത്യാവശ്യമാണ്. ആത്മീയത വളരുന്നത് പരസ്പരം ദൈവസ്നേഹം പങ്കുവയ്ക്കുന്നതി ലൂടെയാണ്. ദാവീദും യോനാഥാനും തമ്മിലുള്ള സ്നേഹബന്ധം പഴ യനിയമത്തിൽ കാണുന്നുണ്ട് (1 ശമു. 18:20, 2 ശമു. 1). പൂർണതയിൽ വളരുന്നവർക്ക് മാത്രമെ ഇത്തരം സ്നേഹബന്ധങ്ങൾ വീഴ്ചകൂടാതെ നിലനിർത്താൻ കഴിയൂ. വേദവിപരീതികൾ, ചെറുപ്പക്കാർ, സ്ത്രീകൾ എന്നിവരോടുള്ള ‘സ്നേഹബന്ധം’ റഷ്യൻ ആശ്രമ ജീവിതത്തിൽ വില ക്കിയിരിക്കുന്നു.

**c) ക്രിസ്തീയ കുടുംബം**

‘കുടുംബജീവിതം’ ദൈവസ്നേഹം പങ്കുവയ്ക്കാനും, ആത്മീയ തയിൽ വളരുവാനുമുള്ള ഉപാധിയായി ദൈവം തന്നെ സ്ഥാപിച്ചതാണ്. മാതാപിതാക്കൾ ദൈവത്തെ അറിയുന്നവരും, അനുസരിക്കുന്നവരുമായി ജീവിച്ച് തങ്ങളുടെ മക്കൾക്ക് കുഞ്ഞുനാൾ മുതൽ ആത്മീയത പകർന്നു കൊടുക്കാൻ കഴിയുന്നവരായിത്തീരണം. സഭയുടെ ഏറ്റവും ചെറിയ പതിപ്പായി ‘കുടുംബം’ നിലകൊള്ളേണ്ടതാണ്. നേരത്തെ സൂചിപ്പിച്ച സമൂഹജീവിതത്തിന്റെ എല്ലാ പ്രയോജനങ്ങളും കുടുംബജീവിതത്തി

ലൂടെ നേടിയെടുക്കാവുന്നതാണ്. സഭയിലും സന്യാസാശ്രമങ്ങളിലും 'വിശുദ്ധന്മാർ' വളർന്നുവരണമെങ്കിൽ, അവർ നല്ല കുടുംബങ്ങളിൽ ജനിക്കണം. കുടുംബത്തിൽ ലഭിക്കുന്ന ശിക്ഷണമാണ് ഒരു വ്യക്തിയെ വിശുദ്ധനോ വിശുദ്ധയോ ആക്കിത്തീർക്കുന്നത്. ആകയാൽ കുടുംബജീവിതത്തെ തരംതാഴ്ത്തുന്ന യാതൊരു സമീപനവും സഭയിൽ ഉണ്ടായിക്കൂടാത്തതാണ്. നല്ല മാതാപിതാക്കന്മാരെ സഭയിൽ വളർത്തിയെടുക്കണമെങ്കിൽ, അവർ നല്ല കുടുംബങ്ങളിൽ, നല്ല മാതാപിതാക്കന്മാരാൽ ശൈശവം മുതൽ വളർത്തപ്പെടണം. പഴയനിയമ കാലത്തും, ക്രൈസ്തവസഭയുടെ പ്രാരംഭത്തിലുണ്ടായിരുന്ന പൗരസ്ത്യ ദർശനത്തിലും കുടുംബജീവിതത്തിന്റെ പവിത്രതയും പ്രാധാന്യവും കാത്തുസൂക്ഷിക്കുന്നതിന് വളരെയേറെ വിലകൽപ്പിക്കുന്ന സംസ്കാരം നിലനിന്നു. എന്നാൽ സഭ പാശ്ചാത്യരാജ്യത്തിൽ വ്യാപിക്കുവാൻ തുടങ്ങിയശേഷം, പ്രത്യേകിച്ച്, ആധുനിക സംസ്കാരത്തിൽ, കുടുംബസങ്കൽപം വളരെയേറെ അധഃപതിക്കുകയും കുടുംബബന്ധങ്ങൾക്ക് വിലയില്ലാതായിത്തീരുകയും, വ്യക്തികൾ അവരവർക്ക് തോന്നിയതുപോലെ ജീവിക്കാൻ തുടങ്ങുകയും ചെയ്തതിനാൽ, മിക്ക കുടുംബങ്ങളിലും മാതാപിതാക്കൾ വഴി കൈമാറി വരുന്ന ആദ്ധ്യാത്മികതയും ദൈവവിശ്വാസവും വളരുന്ന തലമുറയ്ക്ക് ആവശ്യത്തിന് ലഭിക്കുന്നില്ല എന്നു പറയാതെയിരിക്കാൻ നിവൃത്തിയില്ല. 'ക്രിസ്തീയ കുടുംബം' അഥവാ 'വീട്ടിലെ സഭ' എന്ന ആശയം കൂടുതൽ ശക്തിയായി വളർത്തിയെടുക്കേണ്ടത് ഇന്നത്തെ ഏറ്റവും വലിയ ആവശ്യമായി സഭാധികാരികൾ പരിഗണിച്ച് ആവശ്യമായ നടപടിയെടുക്കേണ്ടതാണ്.

സഭയിൽ ആചരിക്കണമെന്ന് നിഷ്കർഷിക്കുന്ന എല്ലാ കാര്യങ്ങളും ഭവനങ്ങളിൽ ആചരിക്കപ്പെടുന്നതിന് തക്കതായ നിർദ്ദേശങ്ങളും ക്രമീകരണങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു. ഭവനത്തിലെ എല്ലാ കാര്യങ്ങളും ദൈവവുമായുള്ള ബന്ധത്തിൽ നിർവഹിക്കപ്പെടുന്ന ഒരു സമീപനം വളർത്തിയെടുക്കണം. ഇന്ന് ക്രിസ്തീയത അഥവാ ആത്മീയത എന്നത് 'പള്ളിയിൽ മാത്രം' പ്രയോഗിക്കാനുള്ള 'അഭ്യാസമായി' മാറിയിരിക്കുന്നു. അനുദിനജീവിതവുമായി യാതൊരു ബന്ധമില്ലാത്ത നിലയിൽ സഭാജീവിതം അധഃപതിച്ചിരിക്കുന്നു. കുടുംബത്തിൽ 'സഭാജീവിതം' കേന്ദ്രീകൃതമായിത്തീരുമ്പോൾ മാത്രമെ ഫലപ്രദമായ 'സഭാജീവിതം' സമൂഹത്തിൽ നടപ്പാക്കുവാൻ മനുഷ്യൻ പ്രാപ്തനായിത്തീരുകയുള്ളു. മാതാപിതാക്കളും, സഭാപ്രവർത്തകരും, സഭാധികാരികളും ഒത്തൊരുമിച്ച് സഹകരിച്ച് നടപ്പാക്കേണ്ടതായ കാര്യമാണിത്. ഈ കാര്യത്തിൽ അലസത കാണിക്കുന്ന സഭയ്ക്ക് വളരാൻ കഴിയില്ല.

### 3) മനുഷ്യന്റെ സാമൂഹ്യ കടമകൾ

'സഭയും രാഷ്ട്രവും' തമ്മിലുള്ള ബന്ധത്തെപ്പറ്റി പലതരത്തിലുള്ള കാഴ്ചപ്പാടുകൾ നിലനിന്നിരുന്നെങ്കിലും പൊതുവെ പറഞ്ഞാൽ ക്രിസ്ത്യാനികൾ രാജ്യസ്നേഹികളും, ഭരണാധികാരികളെ ആദരിക്കുന്നവരും, അനുസരിക്കുന്നവരും, അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നവരും, ചിലപ്പോൾ രാജ്യരക്ഷയ്ക്കുവേണ്ടി യുദ്ധം ചെയ്യുന്നവരുമായി ചരിത്രത്തിൽ അറിയപ്പെടുന്നുണ്ട്. എല്ലാ അധികാരവും ദൈവത്തിൽ നിന്നുള്ളതാകയാൽ, യേശുക്രിസ്തുവും അപ്പോസ്തോലന്മാരും, രാജാധികാരത്തിന് കീഴ്പ്പെട്ടിരുന്നതായി കാണുന്നു. 'കൈസർക്കുള്ളത് കൈസർക്കും' എന്ന് കർത്താവ് പറയുന്നതിൽ ക്രിസ്ത്യാനിയുടെ സമൂഹത്തോടും രാജ്യത്തോടുമുള്ള കടപ്പാട് സൂചിപ്പിക്കുന്നുണ്ട്.

ദൈവിക മൂല്യങ്ങൾക്ക് എതിരായി ഉയർന്നുവരുന്ന രാജനിയമങ്ങളേയും കൽപനകളേയും ധിക്കരിച്ചുകൊണ്ട് അനേകം പ്രവാചകന്മാരും, സഹദേന്മാരും രക്തസാക്ഷി മരണം പ്രാപിച്ചിട്ടുണ്ടെന്നതും കൂടി കണക്കിലെടുത്തിട്ടു വേണം ക്രിസ്ത്യാനിയുടെ സാമൂഹ്യചുമതലകളെപ്പറ്റി ചിന്തിക്കാൻ.

'മനുഷ്യർ നിങ്ങളോട് ചെയ്യണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നത് നിങ്ങൾ അവരോടും ചെയ്വീൻ' എന്ന് യേശുക്രിസ്തു ഉപദേശിക്കുന്നുണ്ട് (മത്തായി 7:12). നിന്നോട് മറ്റുള്ളവർ ചെയ്യാൻ ആഗ്രഹിക്കാത്തത് നീ മറ്റുള്ളവരോടും ചെയ്യരുത് എന്ന് പഴയനിയമത്തിൽ കാണുന്നു. (തോബിത് 4:16). മറ്റൊരുവന് ഇടർച്ച വരുത്തുന്ന യാതൊന്നും പ്രവർത്തിക്കരുത് (മത്തായി 18:6). മറ്റൊരുത്തനെ വെറുക്കുകയോ, കുറ്റപ്പെടുത്തുകയോ അരുത്. 'മൂഢാ' എന്ന് വിളിച്ചാൽ അഗ്നിനരകത്തിന് യോഗ്യനായിത്തീരുമെന്നാണ് കർത്താവ് പറയുന്നത് (മത്തായി 5:22).

മറ്റുള്ളവർക്ക് നല്ല മാതൃക കാണിച്ചു കൊടുക്കുക എന്നതാണ് ക്രിസ്ത്യാനിയുടെ വലിയ ഒരു ചുമതല. 'നിങ്ങളുടെ നല്ല പ്രവർത്തികൾ കണ്ട് മറ്റുള്ളവർ ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിന്, നിങ്ങളുടെ വിളക്ക് മറ്റുള്ളവരുടെ മുമ്പാകെ പ്രകാശിക്കട്ടെ' (മത്തായി 5:16) എന്ന് കർത്താവ് പറയുന്നു. ജീവിതമാണ് ഏറ്റവും വലിയ പ്രസംഗം. വിശുദ്ധന്മാരുടെ ജീവിതം, അവരുടെ കാലഘട്ടത്തിൽ മാതൃകയായിരുന്നതുപോലെ ഇന്നും, 'ജീവിക്കുന്ന വിശുദ്ധന്മാർ' ഉണ്ടാകേണ്ടിയിരിക്കുന്നു. വിശുദ്ധന്മാരുടെ ജീവചരിത്രം നമുക്ക് വഴികാട്ടിയായിരിക്കട്ടെ.

മറ്റുള്ളവരുടെ 'ആത്മരക്ഷ' എന്നതിനാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടത്. ലൗകികതയിൽ നിന്നും, ആത്മീയാനുഭവത്തിലേക്ക് വളരാ

നുള്ള സഹായമാണ് ക്രിസ്ത്യാനികൾ മറ്റുള്ളവർക്ക് ചെയ്തുകൊടുക്കേണ്ടത്. നാം ചെയ്യുന്ന സേവനത്തിലൂടെ, ഒരുവൻ കൂടുതൽ ലൗകികതയിലേക്കാണ് വീണുപോകുന്നതെങ്കിൽ, അത്തരം പ്രവർത്തനങ്ങൾ എത്രയുംവേഗം നിർത്തിവയ്ക്കേണ്ടതാണ്.

ആവശ്യം വരുന്നപക്ഷം, മറ്റൊരാളെ തിരുത്തുവാനും (രഹസ്യത്തിൽ) നേരായ മാർഗ്ഗം കാണിച്ചു കൊടുക്കുവാനും ക്രിസ്ത്യാനി ബാദ്ധ്യസ്ഥനാണ്. സംശയമനസ്കരെ വിശ്വാസത്തിലുറപ്പിക്കുന്നതും ഒരു ജീവകാരുണ്യപ്രവർത്തനമായി സഭ കണക്കാക്കുന്നു.

പൊതുനന്മയ്ക്ക് എതിരായിട്ടുണ്ടാകുന്ന എല്ലാ പ്രവണതകളേയും, വ്യക്തിയിൽ നിന്നായാലും സമൂഹത്തിൽ നിന്നായാലും ഭരണാധികാരികളിൽ നിന്നായാലും, എതിർത്തു തോൽപിക്കാനുള്ള ധാർമ്മികധൈര്യം ക്രിസ്ത്യാനികൾക്ക് ഉണ്ടായിരിക്കണം. അത്തരം പ്രവണതകളെ എതിർക്കുന്നില്ലെന്നു മാത്രമല്ല, പിന്തുണയ്ക്കുന്നവരേയും, ചിലപ്പോൾ അവ ആരംഭിക്കുന്നവരേയും ഇന്നത്തെ ക്രിസ്ത്യാനികളുടെ ഇടയിൽ ധാരാളം കാണുന്നുണ്ട്. തെറ്റും ശരിയും ശരിയായി തിരിച്ചറിഞ്ഞ് 'ശരി'യുടെ കൂടെ നിൽക്കാൻ കഴിയണമെങ്കിൽ ക്രിസ്തുവിന്റെ മനസ്സ് നാം പ്രാപിക്കണം (1 കൊരി. 2:15-16, ഫിലി. 2:5). ആത്മീയ അഭ്യസനത്തിലൂടെ ക്രിസ്തീയമായി വളരുക എന്നതാണ് ഇവിടെ ആവശ്യമായിരിക്കുന്നത്.

സംസാരശക്തി ദൈവം മനുഷ്യർക്ക് നൽകിയിരിക്കുന്ന വലിയ ഒരു ദാനമാണ്. വാക്കുകൾകൊണ്ട് മറ്റുള്ളവരെ ആശ്വസിപ്പിക്കാനും ധൈര്യപ്പെടുത്തുവാനും പ്രോത്സാഹിപ്പിക്കാനും സാധിക്കണം. ആവശ്യം വരുമ്പോൾ ശാസനയ്ക്കും വാക്കുകൾ ഉപയോഗിക്കാം. എന്നാൽ മറ്റുള്ളവരെ ഭീഷണിപ്പെടുത്താനും, ശപിക്കാനും, കുറ്റപ്പെടുത്താനും വ്രണപ്പെടുത്താനുമാണ് വാക്കുകൾ ഉപയോഗിക്കുന്നതെങ്കിൽ, അത് വലിയ അപരാധം തന്നെയാണ്. ആവശ്യത്തിനുമാത്രം സംസാരിക്കുന്ന രീതി വളർത്തിയെടുക്കാൻ ശ്രമിക്കുക. ആവശ്യമില്ലാതെ സംസാരിക്കാതിരിക്കാൻ പഠിക്കുക. മൗനം പരിശീലിക്കുന്നത് അബദ്ധ സംസാരങ്ങൾ ഒഴിവാക്കാൻ നമ്മെ സഹായിക്കും. മൗനം പാലിക്കുന്നവനാണ് 'മുനി'. അവശ്യസമയത്ത് സംസാരിക്കാതിരിക്കുന്നതും നല്ലതല്ല. കർത്താവിനുവേണ്ടി, ദൈവത്തിന്റെ അധരമായി, സംസാരിക്കുവാൻ എല്ലാ ക്രിസ്ത്യാനികൾക്കും ചുമതലയുണ്ട്. ആകയാൽ, ലഭിക്കുന്ന അവസരങ്ങൾ, ദൈവത്തിനുവേണ്ടി സംസാരിക്കുന്നതിനായി ശ്രമിക്കുക.

എല്ലാവരും സംസാരിക്കുന്നവരായാൽ, കേൽവിക്കാരില്ലാതെ പോകും. ആകയാൽ സംസാരിക്കുന്നതിനേക്കാൾ കേൾക്കുവാനുള്ള സന്നദ്ധതയുള്ളവരായിത്തീരുക എന്നതും ആത്മീയ വളർച്ചയുടെ ലക്ഷണമാണ്.

പറയാൻ താമസവും കേൾപ്പാൻ വേഗതയുമുള്ളവരായിരിക്കുക. കേൾക്കുന്നവ അനുസരിക്കുന്നവരായും തീരുക.

ദാനധർമ്മം, ജീവകാരുണ്യപ്രവൃത്തികൾ എന്നിവ ഒരു ക്രിസ്ത്യാനിയുടെ പ്രധാന കടമയാണ്. 'ഈ ചെറിയവരിൽ ഒരുത്തന് ഒരു പാത്രം പച്ചവെള്ളം കുടിക്കാൻ കൊടുത്താൽ പോലും അതിനു പ്രതിഫലം കിട്ടാതെ പോകയില്ല' എന്നു യേശുക്രിസ്തു പറയുന്നു (മത്തായി 10:42). ദാനം ചെയ്യുമ്പോൾ, അത് ക്രിസ്ത്യാനിയാണോ അല്ലയോ എന്നു നോക്കാതെ, മനുഷ്യന്റെ ആവശ്യം അറിഞ്ഞ് ദാനം ചെയ്യണം. ദൈവത്തിന്റെ കരുണ നമ്മിൽ കൂടി ആവശ്യക്കാരിലേക്ക് ഒഴുക്കിക്കൊടുക്കുന്നതാണ് യഥാർത്ഥമായ ദാനധർമ്മം. ദൈവം നമ്മെ ഭരമേൽപിച്ചത് നമ്മുടെ അത്യാവശ്യത്തിനുള്ളതു മാത്രം നാം ചെലവാക്കി ബാക്കിയുള്ളതെല്ലാം അത്യാവശ്യക്കാർക്ക് വിതരണം ചെയ്യുക എന്നതാണ് ക്രിസ്തീയ ദാനധർമ്മത്തിന്റെ അർത്ഥം. നമ്മുടെ ആവശ്യങ്ങൾ എത്ര മാത്രം ചുരുക്കാമോ അത്രയും കൂടുതൽ ലാഭിച്ച് മറ്റുള്ളവർക്ക് ദാനം ചെയ്യാനുള്ള ദൈവത്തിന്റെ 'മനസ്സലിവ്' നമുക്ക് ലഭിക്കുന്നത്, ആത്മീയ വളർച്ചയിലൂടെയാണ്. ദാനധർമ്മം നടത്താൻ മനസ്സു വരുന്നത്, നമ്മുടെ ആത്മീയ വളർച്ചയുടെ അടയാളമായി പരിഗണിക്കാവുന്നതാണ്. പക്ഷെ, മറ്റുള്ളവരെ കാണിക്കാനാണ് നാം ദാനം ചെയ്യുന്നതെങ്കിൽ, നമ്മുടെ ആത്മീയ തളർച്ചയാണ് വെളിപ്പെടുത്തുന്നത് എന്നും ഓർക്കുക.

'ജോലി ചെയ്യുക' എന്നതും മനുഷ്യന്റെ സമൂഹത്തോടുള്ള കടപ്പാട് തന്നെയാണ്. 'ജോലി ചെയ്യാത്തവൻ ഭക്ഷിക്കരുത്' എന്ന് പൗലൂസ് ശ്ലീഹാ പറയുന്നു (2 തെസ്സ. 3:10). 'ജോലി' എന്നത് പ്രകൃതിയുടെ തന്നെ നിയമമാണ്. 6 ദിവസം ജോലി ചെയ്ത് 7-ാം ദിവസം വിശ്രമിക്കുന്ന ദൈവത്തെയാണ് നാം ആരാധിക്കുന്നത്. ജോലി ചെയ്യുന്നത് സമൂഹത്തോടുള്ള ലൗകിക കടപ്പാട് കൊണ്ടു മാത്രമല്ല, ആത്മീയ വളർച്ചയ്ക്കും ശാരീരികാദ്ധ്വാനം ആവശ്യമാണ്. ആരോഗ്യമുള്ള ശരീരത്തിലാണ് ആരോഗ്യമുള്ള മനസ്സ് പ്രവർത്തിക്കുന്നത്. ദൈവികമർമ്മങ്ങളെ ഉൾക്കൊണ്ട് പ്രവർത്തിക്കാൻ 'ആരോഗ്യം' ആവശ്യമാണ്. അലസനായിരിക്കുന്ന മനുഷ്യൻ 'പിശാചിന്റെ പണിപ്പുര'യാണെന്നോർക്കുക. ആശ്രമജീവിതത്തിലും, പ്രാർത്ഥന, വായന എന്നിവയ്ക്ക് പുറമെ അധ്യാപനം, കൃഷി, ആതുരസേവനം തുടങ്ങിയ ജോലികൾ ഏർപ്പെടുത്തുന്നതും, ഇതുകൊണ്ടാണ്.

'ആത്മീയത' സമൂഹജീവിതവുമായി എപ്പോഴും ബന്ധപ്പെട്ടാണിരിക്കുന്നത്. സമൂഹത്തിന്റെ ബലഹീനതകൾ, വ്യക്തികളിലേക്കും, വ്യക്തികളുടെ ബലഹീനതകൾ സമൂഹത്തിലേക്കും കലരാനിടയാകാതെ, പര

സ്പരം ആത്മീയമായി വളരുന്ന ഒരു അന്തരീക്ഷമാണ് സഭാജീവിതത്തിലൂടെ വളർത്തിയെടുക്കേണ്ടത്. ഇതിലേക്ക്, വ്യക്തികളായും കുടുംബങ്ങളായും സന്യാസസമൂഹങ്ങളായും സഭാ ഭരണാധികാരികളായും രാഷ്ട്രീയ ഭരണകർത്താക്കളായും സാമൂഹ്യസംഘടനകളായുമൊക്കെയുള്ള കൂട്ടായ പരിശ്രമമുണ്ടാകേണ്ടിയിരിക്കുന്നു. അപ്പോഴാണ് ദൈവിക ഇടപെടലിലൂടെ സർവതോന്മുഖമായ ആത്മീയ വളർച്ച സാധ്യമായിത്തീരുകയുള്ളു. ആത്മീയജീവിതത്തിന് മുൻതൂക്കം കൊടുത്തുകൊണ്ട്, ലോകത്തിന്റെ കളങ്കങ്ങളിൽ നിന്നും ഓടിയൊളിച്ച് ആത്മീയശിക്ഷണത്തിനും അഭ്യസനത്തിനുമായി വ്യക്തികൾ സ്വയമേവ സന്നദ്ധമാകുക എന്നതാണ് ഏറ്റവും അത്യാവശ്യമായിരിക്കുന്നത്.

### പാഠം 5

## ആത്മീയ ജീവിതം പരിശീലിക്കുക

### (ഒരുക്കം, രീതികൾ, ഫലങ്ങൾ)

ആത്മീയ ജീവിതം വളർച്ച പ്രാപിക്കുന്നതിന് സമർപ്പണത്തോടും, ഉത്തമബോധ്യത്തോടും, നിഷ്ഠയോടും കൂടിയുള്ള പതിവായ അഭ്യസനം ആവശ്യമാണ്. ശരീരത്തിന് ഭക്ഷണവും ശിക്ഷണവും ആവശ്യമെന്നതുപോലെ ആത്മീയജീവിതത്തിനും ഇവ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. വിശദമായ വിവരണം നൽകാനാവില്ലെങ്കിലും ചുരുക്കമായി ഈ അഭ്യസനം അർത്ഥമാക്കുന്നത് എന്താണെന്ന് പരിശോധിക്കാം. ഏതെല്ലാം സാഹചര്യങ്ങളും, ഘടകങ്ങളും, ശീലങ്ങളും, രീതികളുമാണ് ഓരോരുത്തർക്കും അനുയോജ്യമെന്ന് തെരഞ്ഞെടുത്ത് കണ്ടുപിടിച്ച് ആത്മീയ അഭ്യസനം നടത്തി ആദ്ധ്യാത്മികതയിൽ വളർന്നുകൊണ്ടിരിക്കുക എന്നതാണ് ലക്ഷ്യമാക്കേണ്ടത്.

സാധാരണനിലയിൽ, ആദ്ധ്യാത്മിക അനുഭവങ്ങളിൽ വളർച്ച പ്രാപിച്ച ഗുരുക്കന്മാരുടെ നേരിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും ഉപദേശങ്ങളുമാണ് കൂടുതൽ ഫലപ്രദമായി കാണുന്നത്. അപ്രകാരം തക്ക ഗുരുക്കന്മാരെ ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ, സാധാരണജീവിതത്തിൽ പരിശീലിക്കാവുന്ന ചില അഭ്യസനരീതികളാണ് ഇവിടെ പ്രധാനമായും അവതരിപ്പിക്കുന്നത്. ഓരോ വ്യക്തിയുടെയും താൽപര്യം, കഴിവ്, സാഹചര്യം എന്നിവ കണക്കിലെടുത്ത് ദിവസംതോറും, ആഴ്ചതോറും, മാസംതോറും എന്നീ കാലാവധികൾ തെരഞ്ഞെടുത്ത്, പരിശീലനം ക്രമീകരിക്കാവുന്നതാണ്. ഏതായാലും ദിവസംതോറും കുറച്ചുസമയം ഇപ്രകാരമുള്ള

ആത്മീയ ശിക്ഷണത്തിനായി മാറ്റിവച്ചേ മതിയാകൂ. അനുദിന ജീവിതത്തെ പോഷിപ്പിക്കുവാനാണ് ഇപ്രകാരം പ്രത്യേക ശിക്ഷണരീതികൾ അവലംബിക്കുന്നതെന്ന് മറക്കരുത്.

ആത്മീയാഭ്യസനത്തെപ്പറ്റി പ്രധാനമായി മൂന്നു തലങ്ങളിൽ മനസ്സിലാക്കാൻ ശ്രമിക്കാം.

## I. ആത്മീയാന്തരീക്ഷം (Atmosphere for Spirituality)

ആത്മീയാഭ്യസനത്തിന് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുക എന്നത് വളരെ പ്രധാനമാണ്. താഴെ പറയുന്ന ഘടകങ്ങൾ ഇതിനു സഹായിക്കുന്നവയായി കരുതുന്നു.

### 1) നിശബ്ദത (Silence & Stillness)

"സ്വർഗത്തിൽ ഒരു നിശബ്ദത ഉണ്ടായി..." (വെളി. 8:1). ദൈവസാന്നിദ്ധ്യബോധത്തിൽ നിന്നുണ്ടാകുന്ന ഒരു അനുഭവമാണത്. യേശുക്രിസ്തു നിശബ്ദതയെപ്പറ്റി മൂന്നുവിധത്തിൽ പരാമർശിക്കുന്നുണ്ട് (1) 'പാപമില്ലാത്തവൻ കല്ലെറിയട്ടെ'എന്ന പ്രസ്താവനയ്ക്കു മുമ്പുള്ള മൗനം (യോഹ. 8:1–11), പരീക്ഷണഘട്ടം അതിജീവിക്കുവാൻ ഉപയോഗിച്ച മൗനമായിരുന്നു. (2) ലൂക്കോസ് 23:9. ആരോപണങ്ങൾ, പീഡനങ്ങൾ സഹിക്കുന്ന നിശബ്ദത (ലൂക്കോസ് 22:63–65) യേശുവിൽ കാണുന്നു. (3) ലൂക്കോസ് 22:61. തള്ളിപ്പറയുന്ന പത്രോസിനെ യേശു നിശബ്ദമായി, കരുണയോടെ നോക്കി. മാനസ്സാന്തരത്തിലേക്ക് നയിക്കുന്ന നിശബ്ദത.

'നിശബ്ദത' ക്രിസ്തീയ ആരാധനയിലും വലിയ സ്ഥാനം വഹിക്കുന്നുണ്ട്. രഹസ്യപ്രാർത്ഥനകൾ, സ്വകാര്യ പ്രാർത്ഥനകൾ നിശബ്ദമായി നടത്തുന്ന പരിശീലനം വളരെയേറെ പ്രയോജനകരമാണ്. നവീകരണത്തിന്റെ ഭാഗമായിട്ടാണ്, അതുവരെ പ്രാർത്ഥനാപുസ്തകങ്ങളിലുണ്ടായിരുന്ന രഹസ്യ നിശബ്ദ പ്രാർത്ഥനകൾ എടുത്തുകളഞ്ഞത്. കത്തോലിക്കാ – ഓർത്തഡോക്സ് സഭകളിൽ ഇന്നും രഹസ്യപ്രാർത്ഥനയ്ക്ക് വളരെ വലിയ സ്ഥാനമുണ്ട്. വി. കുർബാനയിൽപോലും പട്ടക്കാരൻ പരസ്യപ്രാർത്ഥനയോടൊപ്പം രഹസ്യപ്രാർത്ഥന നിശബ്ദമായി ചൊല്ലുന്നുണ്ട്.

വേദവായന കഴിഞ്ഞ് കുറച്ചുസമയം നിശബ്ദമായിരിക്കുന്ന പതിവ് പ്രോട്ടസ്റ്റണ്ട് സഭകളിലുണ്ട്. ദൈവികവെളിപ്പാടുകൾ, നിർദ്ദേശങ്ങൾ എന്നിവയ്ക്കായി കാത്തിരിക്കുന്ന അനുഭവമാണത്. ദൈവത്തിന് നമ്മോടു പറയാനുള്ളത് ശാന്തമായിരുന്നു കേൾക്കുന്നതിന് ക്ഷമ കാണിക്കാനുള്ള അവസരമാണ് നിശബ്ദ നിമിഷങ്ങൾ. ആരാധനക്കിടയിലും അല്ലാതെയും കുറെ സമയം ദൈവസന്നിധിയിൽ നിശബ്ദമായി ചെലവ

ഴിക്കുന്ന ശീലം വളർത്തിയെടുക്കണം. സാധാരണ നിശബ്ദതയിൽ നിന്നും പൂർണനിശബ്ദതയിലേക്ക് എത്തിച്ചേരുന്ന അനുഭവം പരിശീലിച്ചെടുക്കണം. 'ദൈവത്തോട്' സംസാരിക്കാൻ വായടയ്ക്കണം, ദൈവത്തെ കാണാൻ കണ്ണടയ്ക്കണം, ദൈവത്തെ കേൾക്കാൻ ചെവി പൊത്തണം' എന്ന പ്രമാണം ആത്മീയ ജീവിതത്തിൽ വളരെ പ്രധാനമാണ്.

**2. Hesychasm:** 'ആന്തരിക ശാന്തത', 'മനസ്സിന്റെ ശാന്തത' (Inner stillness or Tranquility) എന്ന നിലയിലേക്ക് നിശബ്ദത നയിക്കുന്ന അനുഭവത്തിന് 'Hesychia' എന്നു ഗ്രീക്കിൽ പറയുന്നു. ഈ പദം മൂന്നു തലത്തിൽ മനസ്സിലാക്കാം. 1) പൗരസ്ത്യസഭകളിൽ ആശ്രമപ്രസ്ഥാനങ്ങളിൽ നടത്തിയിരുന്ന രഹസ്യപ്രാർത്ഥനകൾ 'ആന്തരിക ശാന്തത' നൽകുന്നവയായി പരിഗണിച്ചിരുന്നു. a) പരസ്യമായി പ്രത്യക്ഷപ്പെടാതെ, അറകളിൽ വാതിലടച്ച് താമസിക്കുന്ന അനുഭവത്തിനും ഈ പദം ഉപയോഗിച്ചു. b) ശരീരമാകുന്ന മന്ദിരത്തിലെ പഞ്ചേന്ദ്രിയങ്ങളാകുന്ന വാതിലുകൾ അടച്ചു കഴിയുന്ന അനുഭവം (ലൂക്കോസ് 17:21). 2) ശബ്ദം മാത്രമല്ല, നിശബ്ദ പദങ്ങൾ, പ്രതീകങ്ങൾ, ഐക്കണുകൾ എന്നിവയൊന്നുമില്ലാതെ, പ്രത്യേക 'ചിന്താശകലം' പോലും ഇല്ലാതെ ദൈവത്തിൽ ലയിച്ചു ചേരുന്ന അനുഭവത്തിനാണ് പൂർണ്ണ അർത്ഥത്തിൽ 'Hesychasm' (ആന്തരിക നിശബ്ദത) എന്നു പറയുന്നത്. ശ്വാസോച്ഛ്വാസത്തോടൊപ്പം 'Jesus Prayer' പോലുള്ള നിമിഷപ്രാർത്ഥനകൾ നടത്തുന്ന അനുഭവത്തിന് 'Hesychasm' എന്ന് പറയാറുണ്ട്. 3) ദൈവത്തിൽ നിന്നു വരുന്ന പ്രകാശസമാനമായ ഒരു തരം ദൈവികതരംഗത്തിന് വിധേയമായിത്തീരുന്ന അനുഭവം ഇതുവഴി പ്രാപിക്കാമെന്ന് ഗ്രീക്ക് സഭാപിതാക്കന്മാർ പഠിപ്പിച്ചു. ഏതായാലും, നിശബ്ദതയിലൂടെ ദൈവസാന്നിദ്ധ്യബോധത്തിലെത്തിച്ചേരുക എന്നത് യഥാർത്ഥമായ ആത്മീയാഭ്യസനത്തിന്റെ ഒരുക്കമായി കരുതേണ്ടതാണ്.

**(3) ഉപവാസം (Fasting):** ഉപവാസത്തോടെ പ്രാർത്ഥിക്കുന്നത് കൂടുതൽ ഫലപ്രദമായി കാണുന്നുണ്ട്. സഭയുടെ കാനോനിക ഉപവാസങ്ങൾ പാലിക്കുന്നതോടൊപ്പം വ്യക്തിപരമായി സ്വയമേവ ഉപവാസ പരിശീലനം ആദ്ധ്യാത്മിക വളർച്ചയ്ക്ക് ആവശ്യമാണ്. പ്രവാചകന്മാരും, യേശുക്രിസ്തുവും സഭാപിതാക്കന്മാരും ഉപവാസം പാലിക്കുന്നതായി കാണുന്നുണ്ട്. യഹൂദന്മാരും, മുസ്ലീങ്ങളും നിഷ്ഠയോടെ ഉപവസിക്കുന്നവരാണ്. ഭക്ഷണം വെടിയുന്നതുകൊണ്ടുമാത്രം ഉപവാസം എന്നു പറയാനാവില്ല. പ്രാർത്ഥന, ദാനധർമ്മം എന്നിവ കൂടിയുണ്ടെങ്കിലേ ഉപവാസം ഫലപ്രദമാകയുള്ളു. പ്രാർത്ഥനയാകുന്ന പക്ഷിയുടെ രണ്ടു ചിറകുകൾ പോലെയാണ് ഉപവാസവും ദാനധർമ്മവും. മത്തായി 6-ാം അദ്ധ്യായത്തിൽ

ഉപവാസം, പ്രാർത്ഥന, ധർമ്മം എന്നിവ രഹസ്യത്തിൽ ചെയ്യണമെന്ന് യേശുക്രിസ്തു പ്രത്യേകം പഠിപ്പിക്കുന്നുണ്ട്. ഉപവാസത്തോടെ ഒരു മണിക്കൂർ പ്രാർത്ഥിക്കുന്നത് ഉപവാസമില്ലാതെ പല മണിക്കൂറുകൾ പ്രാർത്ഥിക്കുന്നതിനേക്കാൾ ഫലപ്രദമാണെന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു. നിശ്ചിതസമയത്തേക്ക് ഭക്ഷണം പൂർണ്ണമായി ഉപേക്ഷിക്കുക എന്നതാണ് ഉപവാസത്തിന്റെ ഒരു വശം. അതേസമയം ദൈവത്തോടു കൂടെ വസിക്കുക എന്നതാണ് മറ്റു പ്രധാന വശം. ദൈവത്തോടു കൂടെ വസിക്കുന്ന അനുഭവത്തിൽ, ഭക്ഷണത്തെപ്പറ്റി ചിന്തപോലും ഉണ്ടാകാനിടയില്ലാത്ത അവസ്ഥയിലെത്തുന്നു. ദിവസത്തിൽ ഒരു നേരം മാത്രം ഭക്ഷണം കഴിക്കുക എന്നതാണ് സാധാരണനിലയിൽ ഉപവാസമായി കണക്കാക്കുന്നത്. ഉച്ചവരെയെങ്കിലും ഭക്ഷണം വെടിയുന്നില്ലെങ്കിൽ അതിന് ഉപവാസം എന്നു പറയാനാവില്ല. ചില ഭക്ഷണ സാധനങ്ങൾ വർജിക്കുന്നതിന് വർജനം (Abstinance) എന്ന് പറയുന്നു. സഭ കൽപ്പിക്കുന്ന ഉപവാസകാലങ്ങൾക്കു പുറമേ സ്വന്തമായി ഉപവസിക്കുന്ന സ്വഭാവം കൂടുതൽ ആത്മീയാനുഭവത്തിലേക്ക് നയിക്കാം (ഗ്രന്ഥകർത്താവ് എഴുതിയ **ഉപവാസം: ഒരു പഠനം** എന്ന ഗ്രന്ഥം കാണുക).

### 4. പ്രതീകങ്ങൾ, ചിത്രങ്ങൾ, ഐക്കണുകൾ

പൗരസ്ത്യ ക്രൈസ്തവ ചിന്തയിൽ, ആദ്ധ്യാത്മിക വളർച്ചയിൽ വളരെയേറെ സഹായിക്കുന്നതാണ് ചിത്രങ്ങളും പ്രതീകങ്ങളും ഐക്കണുകളും. പ്രോട്ടസ്റ്റണ്ട് ചിന്തയിൽ പ്രതീകങ്ങളും മറ്റും ദൈവസാന്നിദ്ധ്യബോധത്തിന് തടസ്സമായും, ചിലപ്പോൾ വിഗ്രഹാരാധനയായും കരുതി, അവയെ സ്വീകരിക്കുന്നില്ല. രണ്ടാം കൽപനയുടെ ലംഘനമായി കരുതുന്നവരുണ്ട്. അക്ഷരജ്ഞാനമില്ലാത്തവർക്ക് ആശയവിനിമയത്തിന് ചിത്രങ്ങളും മറ്റും പ്രയോജനപ്പെടുന്നു. യേശുക്രിസ്തുവിനെ, ദൈവത്തിന്റെ 'ഐക്കൺ' (പ്രതിമ) ആയി കാണുന്ന സമീപനവും ഉണ്ട്. ലൗകിക ചിന്തകളിൽ നിന്നും മനസ്സിനെ വിടർത്തിയെടുത്ത് ദൈവത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഐക്കണുകളും ചിത്രങ്ങളും ഒരു പരിധി വരെ സഹായിക്കും. എന്നാൽ പ്രതീകങ്ങൾക്കുമപ്പുറത്തുള്ള ദൈവസാന്നിദ്ധ്യബോധത്തിലേക്ക് ചിന്തയെ നയിക്കുവാൻ പ്രതീകങ്ങളും ചിത്രങ്ങളും സഹായിക്കുന്നില്ലെങ്കിൽ അവ കൊണ്ടു പ്രയോജനമൊന്നുമില്ല.

## II. ആത്മീയ അഭ്യസനരീതികൾ

ആത്മീയ അഭ്യസനത്തിനു സഹായകമായ അന്തരീക്ഷത്തിനുള്ള തയ്യാറെടുപ്പായിരുന്നു ഇതുവരെ ചർച്ച ചെയ്തത്. ഇനിയും ആത്മീയ അഭ്യസനരീതികളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റി ചിന്തിക്കാം.

### 1. ആത്മീയ നിർദ്ദേശങ്ങൾ സ്വീകരിക്കുക

ആത്മീയജീവിതത്തിൽ ജീവിക്കുന്നവരെ കണ്ടെത്തി അവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുക. അതിന് സാധിക്കുന്നില്ലെങ്കിൽ, മൺമറഞ്ഞു പോയ ആത്മീയഗുരുക്കന്മാരുടെ 'എഴുത്തുകൾ' വായിച്ച് ആവശ്യമായ മാർഗനിർദ്ദേശം സ്വീകരിക്കുവാൻ ശ്രമിക്കുക. ആരേയും ആധികാരികമായി, അന്ധമായി പിന്തുടരണമെന്നില്ല. എല്ലാ നിർദ്ദേശങ്ങളെയും വേദപുസ്തകവെളിച്ചത്തിലും, സഭയുടെ ഉപദേശത്തോട് താരതമ്യം ചെയ്തും സ്വന്തം മനഃസാക്ഷിക്ക് നിരക്കുന്നതായും അവരവരുടെ സാഹചര്യത്തിന് അനുയോജ്യമായും ഉള്ളതാണോ എന്ന് പരിശോധിച്ച് മാത്രം പിന്തുടരേണ്ടതാണ്. മനഃശാസ്ത്രം, കൗൺസിലിംഗ് എന്നീ ആധുനിക മാധ്യമങ്ങളും ആത്മീയ മാർഗനിർദ്ദേശത്തിന് ഉപയോഗിക്കാവുന്നതാണ്. നാം എന്തു ചെയ്താലും കുഴപ്പമൊന്നുമില്ല എന്ന് 'ആത്മസമാധാനം' നൽകുന്ന പാശ്ചാത്യ കൗൺസിലിംഗ് മാതൃകകൾ, പലപ്പോഴും പൗരസ്ത്യരീതിയിൽ ആദ്ധ്യാത്മികത പരിശീലിക്കുന്നവർക്ക് ആശയക്കുഴപ്പം ഉണ്ടാക്കാനിടയുണ്ട്. ദൈവം നമ്മെ കാണുന്നതുപോലെ നമ്മെത്തന്നെ കാണുകയും, ദൈവം നമ്മെ കാണുവാൻ ആഗ്രഹിക്കുന്ന അവസ്ഥയിലേക്ക് വളരുകയും ചെയ്യുക എന്നതാണ് ആത്മീയ മാർഗ്ഗനിർദ്ദേശം മൂലം സാധിക്കേണ്ടത്. ധ്യാനം, പ്രാർത്ഥന തുടങ്ങിയവ പരിശീലിച്ച് നില നിർത്തുവാനുള്ള മാർഗ്ഗനിർദ്ദേശത്തിനാണ് പ്രാധാന്യം നൽകേണ്ടത്.

### 2. ആത്മാവിനെ തിരിച്ചറിയാനുള്ള പരിശീലനം സമ്പാദിക്കുക (Discernment of the Spirit)

ആത്മാവിനെ തിരിച്ചറിയുക എന്നത് ഒരു ദൈവിക വരമാണ് (1 കൊരി. 12:10). ദൈവസാന്നിദ്ധ്യം ഏതു പ്രവൃത്തിയിലാണുള്ളത്, ഏതു പ്രവൃത്തിയിലാണ് ഇല്ലാത്തത് എന്ന് തിരിച്ചറിയാനുള്ള കഴിവാണിത്. ' നിങ്ങൾ ഏതാത്മാവിനുള്ളവരാണ്?' എന്ന് യേശു ശിഷ്യരോട് ചോദിക്കുന്നുണ്ട് (ലൂക്കോസ് 9:55). മനുഷ്യനെ നശിപ്പിക്കുന്ന പ്രവണതകളെയൊന്നും ദൈവാത്മാവിൽ വസിക്കുന്നവർക്ക് ചിന്തിക്കാൻ പോലും കഴിയില്ല. 'അവരുടെ ഫലത്താൽ അവരെ തിരിച്ചറിയാം' (മത്താ. 7:16) എന്ന് പറയുന്നതിൽ നിന്നും, ദൈവാത്മാവിന്റെ സാന്നിദ്ധ്യം കൂടി പരിഗണിക്കേണ്ടതായി വരുന്നുണ്ട്. പ്രത്യക്ഷത്തിൽ നല്ലതാണെന്ന് തോന്നിയേക്കാമെങ്കിലും, ആത്യന്തികമായി ദൈവത്തിൽ നിന്നും നമ്മെ അകറ്റുന്ന പല 'ശക്തികളും' ആത്മീയമായി വളർത്തുമെന്ന് തോന്നുവാനിടയുള്ളതിനാൽ, ആത്മാവിനെ വിവേചിച്ചറിയുവാനുള്ള ശരിയായ പരിശീലനം ലഭിക്കേണ്ടത് ആവശ്യമാണ്. 'സാത്താൻ' തന്നെ 'വെളിച്ച ദൂതന്റെ' വേഷത്തിൽ പ്രത്യക്ഷപ്പെട്ട് വ്രതന്മാരെപ്പോലും തെറ്റിക്കാറുണ്ട് എന്ന് ഓർക്കുക.

ഏറ്റവും പ്രധാനമായി ദൈവസാന്നിധ്യബോധത്തിൽ നിലനിൽക്കുക, ദൈവസ്വഭാവവും ദൈവേഷ്ടവും തിരിച്ചറിയുക, സ്വാർത്ഥകാര്യത്തിനായി ഒരിക്കലും ആത്മീയത പ്രയോഗിക്കാതിരിക്കുക, എല്ലാ കാര്യങ്ങളും ദൈവസ്നേഹത്തിലും, ദൈവമഹത്വത്തിനുമായി മാത്രം ചെയ്യുക. മാനുഷികവും ഭൗതികവുമായ നേട്ടങ്ങളെ വ്യർത്ഥമായി കരുതി, ദൈവിക പദ്ധതിയോട് ചേർന്നു പ്രവർത്തിക്കാൻ സ്വയം സമർപ്പിക്കുക എന്നിവയാണ് 'ആത്മാവിനെ തിരിച്ചറിയാൻ' നമ്മെ സഹായിക്കുന്ന ചില ഘടകങ്ങൾ. ദൈവാത്മാവിന് നമ്മിൽ വസിക്കുവാനും, നിരന്തരം പ്രവർത്തിക്കാനും നമ്മെത്തന്നെ വിട്ടുകൊടുക്കുക എന്നതും പരമ പ്രധാനമാണ്.

**3) പ്രാർത്ഥന:** ദൈവസാന്നിദ്ധ്യബോധത്തിൽ നിലനിൽക്കുന്ന അനുഭവത്തിലെത്തിച്ചേരുക എന്നതാണ് പ്രാർത്ഥനയുടെ അനുഭവമായി കാണേണ്ടത്. 'Prayer is the air of the soul.' ശ്വാസോച്ഛ്വാസത്തിൽ ശുദ്ധവായു അകത്തേക്ക് വലിച്ച്, അശുദ്ധവായു പുറത്തേക്ക് വിടുക വഴി ശരീരം ശുദ്ധീകരിക്കപ്പെടുന്നതുപോലെ, നിരന്തരമായ ശുദ്ധീകരണത്തിന്റെ അനുഭവം പരിശീലിക്കുക എന്നത് ആത്മീയ അഭ്യസനത്തിന്റെ വളരെ പ്രധാന ഭാഗമാണ്. പലവിധത്തിലുള്ള പ്രാർത്ഥനകളും, പ്രാർത്ഥനാരീതികളും, സമയങ്ങളുമെല്ലാം ഉള്ളതിൽ അനുയോജ്യമായവ തെരഞ്ഞെടുത്ത് സദാ ആത്മീയ അനുഭവത്തിൽ നിലനിൽക്കുക എന്നത് ഏറ്റവും വലിയ കാര്യമാണ്. ദൈവമഹത്വത്തിന് മുമ്പിൽ സ്തുതിയർപ്പിക്കുക; അനുതാപത്തോടെ ഏറ്റുപറഞ്ഞ്, ദൈവസന്നിധിയിൽ സ്വയം അർപ്പിക്കുക; സകല സൃഷ്ടിക്കും വേണ്ടി മദ്ധ്യസ്ഥതയർപ്പിക്കുക; ആവശ്യങ്ങളെ അപേക്ഷകളായി സമർപ്പിക്കുക; സകലതിനുമായി ദൈവത്തിന് നന്ദി കരേറ്റുക എന്നിവയെല്ലാം പ്രാർത്ഥനയുടെ വിവിധ ഘടകങ്ങളായി നിർവഹിക്കാവുന്നതാണ്. രഹസ്യപ്രാർത്ഥനയും, പൊതുപ്രാർത്ഥനയുമെല്ലാം ആത്മീയാനുഭവത്തിൽ നിലനിർത്താൻ നമ്മെ സഹായിക്കുമെന്നതിനാൽ, എപ്പോഴും ആ അനുഭവത്തിൽ നിലനിൽക്കുവാൻ പരിശീലിക്കുക.

**4) ആത്മീയ വായനകൾ:** ദൈവസാന്നിദ്ധ്യം തിരിച്ചറിയുക, സ്വന്തമായി അനുഭവിക്കുക, മറ്റുള്ളവർക്കായി പ്രകടിപ്പിക്കുക എന്നിവയെല്ലാം ആത്മീയ ജീവിതത്തിന്റെ ഭാഗങ്ങളാണ്. ഇവയിൽ ആദ്യഭാഗമായ ദൈവസാന്നിദ്ധ്യം 'തിരിച്ചറിയുന്ന' പ്രക്രിയയ്ക്ക്, ആത്മീയ ഗ്രന്ഥങ്ങളുടെ പാരായണം നമ്മെ വളരെയേറെ സഹായിക്കും. വേദഗ്രന്ഥം തന്നെ പരമ പ്രധാനം; പിന്നീട് ആത്മീയ പിതാക്കന്മാരുടെ ജീവചരിത്രങ്ങൾ, ഉപദേശങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയവയെല്ലാം തെരഞ്ഞെടുത്തു വായിക്കുവാൻ ശീലിക്കണം. നല്ല വായനയെന്ന് തോന്നുന്നവ മറ്റുള്ളവർക്ക് വായനയ്ക്കായി നിർദ്ദേശിക്കുകയും ചെയ്യണം. 'അറിവ്' സമ്പാദനമാ

യിരിക്കരുത്, രൂപാന്തരം നൽകുന്ന ദൈവസാന്നിധ്യബോധമുളവാക്കുന്ന അനുഭവത്തിലേക്ക് ഉയർത്തപ്പെടുക എന്നതായിരിക്കണം വായനയുടെ ലക്ഷ്യം. വഴിതെറ്റിക്കുന്ന വായനകൾ ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

**5) മനഃപ്രാർത്ഥന, ധ്യാനം:** ദൈവികമേഖലയിൽ മനസ്സ് കേന്ദ്രീകരിച്ചു നിർത്തുക എന്ന പരിശീലനമാണ് ഇത്. ലളിതമാണെന്ന് തോന്നുമെങ്കിലും വളരെയേറെ പരിശ്രമം കൊണ്ടു മാത്രമെ ഇത് കുറയെങ്കിലും പ്രാപിച്ചെടുക്കാൻ സാധിക്കുകയുള്ളു. ധ്യാനത്തിന് വിവിധ ഘട്ടങ്ങൾ ഹിന്ദുമതത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ക്രിസ്തീയ ജീവിതത്തിലും വിവിധ ഘട്ടങ്ങൾ കാണാവുന്നതാണ്. a) ഏതെങ്കിലുമൊരു ആത്മീയ ഗ്രന്ഥം (ഉദാ: വേദഗ്രന്ഥം, രഹസ്യപ്രാർത്ഥനകൾ etc.) വായിച്ച് അതിലുള്ള ആശയത്തെ മനസ്സിൽ സൂക്ഷിക്കുക എന്ന രീതിയാണ് സാധാരണമായത്. b) ഏതെങ്കിലും വേദഭാഗമോ, പ്രാർത്ഥനയോ, പിതാക്കന്മാരുടെ എഴുത്തുകളോ ആധാരമാക്കി തുടർച്ചയായ ചിന്താധാരകൾ വളർത്തിയെടുക്കുക എന്നത് മറ്റൊരു രീതിയാണ്. c) വ്യവസ്ഥാപിതമായ ധ്യാനമാണ് കുറെക്കൂടി വിപുലമായ രീതി. വർഷത്തിലൊരിക്കലോ, രണ്ടു പ്രാവശ്യമോ തുടർച്ചയായി ധ്യാനദിവസങ്ങളും, ധ്യാനവിഷയങ്ങളും, പ്രത്യേക സ്ഥലങ്ങളും സ്വയം ക്രമീകരിച്ചുകൊണ്ടുള്ള രീതി മിക്കവാറും പൊതുവായി എല്ലാ സഭാപാരമ്പര്യങ്ങളിലും നിലവിൽ വന്നിട്ടുണ്ട്.

പ്രത്യേക ധ്യാനഗുരുക്കന്മാർ നേതൃത്വം നൽകുന്ന പൊതുവായ ധ്യാനരീതിയാണ് 'റിട്രീറ്റ്' എന്നു പറയാം. ശരിയായി ധ്യാനിക്കുവാൻ വിശ്വാസികളെ പരിശീലിപ്പിക്കുക എന്നതാണ് ഈ രീതികൊണ്ട് ഉദ്ദേശിക്കുന്നത്. പ്രസംഗം, മൗനം, ധ്യാനം, കുമ്പസാരം, വി. കുർബാനാനുഭവം എന്നീ ഘടകങ്ങളാണ് സാധാരണ 'റിട്രീറ്റി'ന്റെ ഭാഗമായി നടത്തുന്നത്.

ധ്യാനത്തിന്റെ ഉയർന്ന അനുഭവമായി 'ധ്യാനാത്മകത' (Contemplation) പരിഗണിക്കപ്പെടുന്നുണ്ട്. വാക്കുകൾക്കും ചിന്തകൾക്കുമപ്പുറത്ത്, അവാച്യമായ ദൈവസാന്നിദ്ധ്യബോധത്തിലേക്ക് ഉയർത്തപ്പെടുന്ന ഒരു പ്രത്യേക അനുഭൂതിയുളവാക്കുന്ന അവസ്ഥയാണിത്.

ഏതു രീതിയിലായാലും ദൈവവിശ്വാസത്തിലുറച്ച സ്നേഹപ്രവൃത്തികളും സ്നേഹപ്രവൃത്തികളാൽ വളർന്നു വരുന്ന ദൈവവിശ്വാസവും പരസ്പരപൂരകമായി നിലനിർത്തുന്ന ആത്മീയ അനുഭവത്തിലേക്ക് നയിക്കുന്നെങ്കിൽ മാത്രമെ ധ്യാനം കൊണ്ട് പ്രയോജനമുണ്ടാകുന്നുള്ളു.

## III. ആത്മീയാനുഭവങ്ങൾ / ഫലസിദ്ധികൾ

ആത്മീയാന്തരീക്ഷം തയ്യാറാക്കി, ആത്മീയ അഭ്യസനരീതികൾ അഭ്യസിച്ചു വരുമ്പോഴുണ്ടാകുന്ന അനുഭവങ്ങളെപ്പറ്റി കൂടി പരാമർശിക്കുകയാണിവിടെ. താഴെ പറയുന്ന ആത്മീയ അനുഭവങ്ങളിലേക്ക് ആത്മീയ അഭ്യസനം വഴിനടത്തേണ്ടിയിരിക്കുന്നു.

### 1) ദൈവദർശനം (Vision of God)

ദൈവത്തെ മുഖാമുഖം കാണുവാൻ മനുഷ്യന് സാധ്യമല്ല. എന്നാൽ കാണുന്നതിലെല്ലാം ദൈവസ്നേഹവും ദൈവസാന്നിദ്ധ്യവും ദർശിക്കുവാനും ദൈവത്തെ മഹത്വപ്പെടുത്തുവാനുള്ള 'ഉൾക്കാഴ്ച' ആത്മീയ അഭ്യസനം വഴി ലഭിക്കുന്നു. എല്ലാ പ്രവൃത്തികളിലും ദൈവകരങ്ങൾ ദർശിക്കുവാനും, എല്ലാ ചലനങ്ങളിലും ദൈവപദ്ധതി ഗ്രഹിക്കുവാനും ആത്മീയ അഭ്യസനം മനുഷ്യനെ പ്രാപ്തനാക്കുന്നു. ഇയ്യോബ്, എശായ എന്നിവർ ദൈവദർശനത്തെപ്പറ്റി വിവരിക്കുന്നുണ്ടെങ്കിലും, വസ്തുനിഷ്ഠമായി ദൈവത്തെ കാണുന്ന അനുഭവമല്ല അതെന്ന് പറയാം. അതേസമയം, എല്ലാ മനുഷ്യരിലും, ദൈവസ്വരൂപവും സാദൃശ്യവും ഉള്ളത്, ശരിയായ തോതിൽ മനസ്സിലാക്കി എല്ലാവരോടും ദൈവസ്വഭാവത്തിൽ ദൈവത്തോടെന്നപോലെ ആദരവോടെ ഇടപെടുവാനുള്ള ഉൾകാഴ്ച ലഭിക്കുന്നത് 'ദൈവദർശന'ത്തിന്റെ അനുഭവമായി കരുതാവുന്നതാണ്. 'ദൈവദർശനം' ലഭിക്കുമ്പോഴാണ് നമ്മുടെ 'സ്വാർത്ഥമേഖല'യിൽ നിന്നും നമുക്ക് മോചനം ലഭിക്കുന്നത്. നമ്മെ കാണാതെ ദൈവത്തെ മാത്രം കാണുന്ന ഒരു 'കാഴ്ചശക്തി' – അതും 'ദൈവദർശനം' എന്ന് പറയാവുന്നതാണ്. ദൈവത്തിന്റെ സർവ്വസമ്പൂർണത വെളിപ്പെടുത്തിയ ക്രിസ്തുവിനെ ശരിയായി ദർശിക്കാനും അനുസരിക്കാനും കഴിയുന്ന അനുഭവത്തിനും 'ദൈവദർശനം' എന്നു പറയാം. ദൈവദർശനത്തിന്റെ പൂർണ്ണത ഒരിക്കലും മനുഷ്യന് ഈ ലോകജീവിതത്തിൽ സാധ്യമല്ലാത്തതിനാൽ, അനുദിനം ഹൃദയവിശുദ്ധിയിൽ ദൈവത്തെ കാണാനുള്ള പരിശ്രമം അനസ്യൂതം തുടർന്നുകൊണ്ടിരിക്കണം.

**2) ദൈവമഹത്വം, വിശുദ്ധി** എന്നിവ രുചിച്ചറിഞ്ഞ് സ്വായത്തമാക്കുക എന്നതാണ് ദൈവദർശനം മൂലമുണ്ടാകുന്ന അനുഭവം. സൃഷ്ടി മുഴുവനും നിറഞ്ഞു നിൽക്കുന്ന ദൈവമഹത്വം ശരിയായി ഗ്രഹിക്കുമ്പോൾ, ദൈവത്തിന്റെ പൂർണവിശുദ്ധിയെപ്പറ്റിയുള്ള ബോധ്യം ലഭിക്കുന്നു. ദൈവം മാത്രം വിശുദ്ധിയുടെ പൂർണതയുള്ളവനാകയാൽ സകല വിശുദ്ധീകരണവും ദൈവത്തിൽ കൂടി മാത്രം സാധിക്കേണ്ടതിന് ദൈവത്തിങ്കലേക്ക്, അവന്റെ വിശുദ്ധിയിലേക്ക് ചേർക്കപ്പെടുന്ന അനുഭവം ഉണ്ടാകേണ്ടിയിരിക്കുന്നു. ദൈവമഹത്വം അനുഭവപ്പെടുക വഴി, അവനെ മഹ

ത്വപ്പെടുത്തുന്നു; അതുവഴി നാം വിശുദ്ധീകരിക്കപ്പെടുന്നു. ഈ പ്രക്രിയ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നവയാണ്. ദൈവമഹത്വം മനസ്സിലാക്കാൻ കഴിയുന്നവർക്ക്, ദൈവത്തെ ആരാധിക്കാതിരിപ്പാൻ കഴികയില്ല. ദൈവത്തെ ആരാധിക്കുക വഴി ദൈവികവിശുദ്ധിയിലേക്ക് ചേർക്കപ്പെടുകയും വിശുദ്ധീകരണം പ്രാപിക്കുകയും ചെയ്യുന്നു. നേരെമറിച്ച്, സ്വന്തമഹത്വം അന്വേഷിക്കുന്നവർക്ക്, ദൈവമഹത്വം കാണാൻ കഴിയുന്നില്ലെന്ന് മാത്രമല്ല; ദൈവത്തെ ആരാധിപ്പാനും കഴിയാതെ വരുന്നതിനാൽ, വിശുദ്ധീകരണത്തിൽ നിലനിൽക്കാൻ കഴിയുന്നില്ല. എല്ലാ ദൈവാരാധനയുടേയും പ്രാധാന്യം ഇവിടെയാണ് കാണുന്നത്.

**3) അനുതാപം, മാനസ്സാന്തരം:** യഥാർത്ഥ ദൈവദർശനം ലഭിച്ച്, ദൈവമഹത്വം മനസ്സിലാക്കി, വിശുദ്ധീകരണത്തിന്റെ അനുഭവത്തിലേക്ക് വളരുംതോറും 'വിശുദ്ധനാണ് ഞാൻ' എന്ന ചിന്തയല്ല; 'ദൈവവിശുദ്ധിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഞാൻ ഇപ്പോഴും പാപിയാണ്, കൂടുതൽ വിശുദ്ധിയിലേക്ക് ഇനിയും വളരെയേറെ വളരേണ്ടിയിരിക്കുന്നു' എന്ന അനുതാപചിന്തയാണുണ്ടാകേണ്ടത്. എശായാ പ്രവാചകൻ ദൈവമഹത്വവും വിശുദ്ധിയും ദർശിച്ചപ്പോഴാണ്, 'ഞാൻ അശുദ്ധിയുള്ള മനുഷ്യനാണ്' എന്ന് സ്വയം ഏറ്റുപറയുന്നത്. ആകയാൽ, യഥാർത്ഥമായ അനുതാപം ഉണ്ടായി മാനസ്സാന്തരജീവിതത്തിലേക്ക് വളരുവാൻ തക്ക ആത്മീയാനുഭവം വളർത്തിയെടുക്കാൻ പരിശ്രമിക്കണം, ദൈവമഹത്വവും വിശുദ്ധിയും ആരാധനയിൽ ദർശിക്കുക വഴി.

**4) ലോകപരിത്യാഗം (Detachment):** ലോകജീവിതത്തോട് യാത്ര പറയാനുള്ള ഒരുക്കത്തിൽ, നിത്യജീവനെ ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു മനോഭാവം പുലർത്താൻ കഴിയുന്നു എന്നത് ആത്മീയ വളർച്ചയുടെ ഒരു ഫലമാണ്. ലോകവും അതിലെ മോദങ്ങളും അഴിഞ്ഞുപോകുന്നവയാകയാൽ അവയിൽ അന്ധമായി ആശ്രയിക്കാതെ, ദൈവരാജ്യത്തിന്റെ പ്രവർത്തനത്തിലേക്ക് മനസ്സു തിരിക്കുക എന്നതാണ് ആത്മീയ വളർച്ചയിലൂടെ സാധിക്കേണ്ടത്. ലോകസാഹചര്യങ്ങളും സൗകര്യങ്ങളും നിരാകരിക്കണമെന്നല്ല അവയെ ദൈവരാജ്യ വളർച്ചയ്ക്കായി പ്രയോജനപ്പെടുത്തണമെന്നതാണ് പ്രധാനം. ദൈവം സൃഷ്ടിച്ചതെല്ലാം നല്ലതാണെന്നും, അവയുടെ സ്വാർത്ഥപരമായ ദുരുപയോഗമാണ് കുഴപ്പം സൃഷ്ടിക്കുന്നതെന്നും തിരിച്ചറിഞ്ഞ് ദൈവിക പദ്ധതി നടപ്പാക്കുന്നതിലേക്ക്, സകല സൃഷ്ടിയേയും ഒരുക്കുക എന്ന മനോഭാവം ഉണ്ടാകുന്നതാണ് നല്ലത്. ലോകബന്ധത്തെ പരാമർശിച്ചുകൊണ്ട് യേശുക്രിസ്തുവും പൗലൂസ് ശ്ലീഹായും പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പ്രസക്തമായി പരിഗണിക്കേണ്ടതാണ് (കൊലോ. 3:9-10, എഫേ. 4:22-24). ക്രിസ്തുവിനേക്കാൾ അധികം യാതൊരുവരേയും യാതൊന്നിനേയും സ്നേഹിക്കരുതെന്ന ആശയം സഭാപിതാക്കന്മാരും ഊന്നിപ്പറഞ്ഞിട്ടുണ്ട്.

### 5) രൂപാന്തരം (Transfiguration)

യേശുക്രിസ്തുവിന്റെ മറുരൂപമലയിലെ രൂപാന്തരത്തിന്റെ അനുഭവം എല്ലാ മനുഷ്യരുടെയും രൂപാന്തരത്തിന്റേയും മുൻകുറിയായി കാണാവുന്നതാണ്. ആത്മീയാനുഭവത്തിന്റെ പർവ്വതാഗ്രത്തിലെത്തുമ്പോൾ ഉണ്ടാകുന്ന ഒരു രൂപാന്തരമായി പിതാക്കന്മാർ ഇതിനെ വിശേഷിപ്പിക്കുന്നുണ്ട്. വേദപുസ്തകത്തിൽ പലയിടങ്ങളിൽ, വിശ്വാസികൾ ക്രിസ്തുവിനെപ്പോലെ രൂപാന്തരം പ്രാപിക്കുന്നതിനെപ്പറ്റിയുള്ള പരാമർശങ്ങൾ കാണുന്നുണ്ട് (2 കൊരി. 3:1, യോഹ. 3:1–5, റോമ. 12:1–2). ദൈവത്തിന്റെ മഹത്വപ്രകാശം യേശുവിൽ പ്രതിഫലിച്ചതുപോലെ, വിശ്വാസികളിലും, പരിശുദ്ധാത്മാവാസത്താൽ പ്രതിഫലിക്കുമെന്നും, യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിലുണ്ടാകുന്ന മഹത്വ പ്രത്യക്ഷതയിൽ, നാം എല്ലാവരും ക്രിസ്തുവിനോട് സദൃശ്യരായിത്തീരുമെന്ന വലിയ പ്രതീക്ഷയാണ് വി. ശ്ലീഹന്മാർ രേഖപ്പെടുത്തിയിട്ടുള്ളത്.

### 6) ദൈവീകരണം (Deification)

'ദൈവപുത്രൻ മനുഷ്യപുത്രനായി അവതരിച്ചത് മനുഷ്യപുത്രന്മാരെ ദൈവപുത്രന്മാരാക്കാനാണെന്ന്' വി. അത്താനാസിയോസ് പഠിപ്പിച്ചു. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതു തന്നെ ദൈവസ്വരൂപത്തിലാണെന്നും, ദൈവസാദൃശ്യത്തിലേക്ക് ആത്മീയ അനുഭവങ്ങളിലൂടെ വളരാനുള്ളവനാണെന്നും പിതാക്കന്മാർ പലരും പഠിപ്പിക്കുന്നു. 2 പത്രോ. 1:4–ൽ പറയുന്നുന്നതുപോലെ ദൈവത്തിന്റെ പ്രകൃതിയിൽ പങ്കുചേരുക എന്നതാണ് മനുഷ്യന്റെ ജീവിതലക്ഷ്യമെന്ന് പറയുന്നു. ദ്രവത്വത്തിൽ നിന്നും മോചനം നേടി 'അദ്രവത്വം' അഥവാ, 'നിത്യത' ലഭിക്കുന്ന അനുഭവം മനുഷ്യന് സാധ്യമാണെന്ന് പൗലൂസ് ശ്ലീഹാ എടുത്തുപറയുന്നു (റോമർ 2:7, 2 തിമോ. 1:10). ദൈവാത്മാവിൽ, ക്രിസ്തുവിലേക്ക് ചേർക്കപ്പെടുന്ന അനുഭവം റോമ. 8–ാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്.

ദൈവത്തിന്റെ ഉണ്മയിലേക്ക് (Essence) പങ്കുചേരാൻ മനുഷ്യന് സാധ്യമല്ലെന്നും, എന്നാൽ ദൈവത്തിന്റെ ഗുണങ്ങൾ (Attributes - or Energy) മനുഷ്യന് സ്വായത്തമാക്കി ദൈവത്തെപ്പോലെ ആയിത്തീരാനുള്ള മനുഷ്യനിലുള്ള അനന്തസാദ്ധ്യതയാണ് 'ദൈവസാദൃശ്യം', 'ദൈവസ്വരൂപം' എന്ന് പിതാക്കന്മാർ പഠിപ്പിച്ചു. ദൈവസ്വരൂപത്തിൽ വളരുംതോറും, ദൈവത്തിൽ നിന്നും വികിരണം ചെയ്യപ്പെടുന്ന സൃഷ്ടിക്കപ്പെടാത്ത 'ഒരു പ്രകാശം' മനുഷ്യന് ലഭിക്കുമെന്നും, യേശുക്രിസ്തു മറുരൂപപ്പെട്ടതുപോലെയുള്ള അനുഭവത്തിലേക്ക്, മനുഷ്യനും രൂപാന്തരം പ്രാപിക്കുവാൻ 'ദൈവീകരണം' എന്ന പ്രവൃത്തി മൂലം സാധിക്കുമെന്നും വിശുദ്ധന്മാരുടെ ശരീരത്തിൽ നിന്നും ഇപ്രകാരം 'പ്രകാശം' വികിരണം

ചെയ്യപ്പെടുന്നുണ്ടെന്നും ഓർത്തഡോക്സ്/കത്തോലിക്കാ സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. വിശുദ്ധന്മാരുടെ ശിരസ്സിനു ചുറ്റും കാണുന്ന 'പ്രകാശവലയം' ദൈവീകരണത്തിന്റെ ലക്ഷണമായി ചൂണ്ടിക്കാണിക്കുന്നു. 'ഓറ' (Aura) എന്ന പ്രകാശരശ്മികളെപ്പറ്റി പഠനം നടത്തിയ ശാസ്ത്രജ്ഞൻമാർ, അവ മനുഷ്യശരീരത്തിൽ നിന്നും പുറപ്പെടുന്നവയാണെന്നും പലരുടേയും ആത്മീയ/മാനസിക നിലയനുസരിച്ച് അതിന്റെ തീവ്രതയ്ക്ക് ഏറ്റക്കുറച്ചിലുണ്ടാകുന്നു എന്നും ശാസ്ത്രീയമായി കണ്ടുപിടിച്ചിട്ടുണ്ട്.

ആത്മീയ അഭ്യസനം പരിശീലിക്കുന്നതുവഴി മനുഷ്യൻ അനുതപിച്ച് പാപമോചനം നേടി ദൈവീകരിക്കപ്പെടുന്ന അനുഭവത്തിലേക്ക് പടിപടിയായി ഉയർത്തപ്പെടുന്നു എങ്കിലും വളർച്ചയുടെ പൂർണത, യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് വരെ തുടർന്നുകൊണ്ടിരിക്കുന്നു എന്നതിനാൽ, അനുസ്യൂതമായ പരിശ്രമം നടത്തേണ്ടിയിരിക്കുന്നു.

### പാഠം 6

## അനുതാപചിന്ത നിലനിർത്തുക

ദൈവത്തിൽ വസിക്കുന്ന അനുഭവമാണല്ലോ ആത്മീയജീവിതം. വിശുദ്ധനായ ദൈവത്തോടൊപ്പം വസിക്കുവാൻ നാം വിശുദ്ധിയിൽ വളരേണ്ടിയിരിക്കുന്നു. ദൈവത്തിൽ നിന്നും നമ്മെ അകറ്റിക്കളയുന്ന അശുദ്ധിയുടെ അനുഭവമാണ് പാപം എന്നത്. നെയ്യ് മുതലായ വസ്തുക്കളിൽ നിന്നും മാലിന്യം നീക്കി ശുദ്ധി ചെയ്തു എടുക്കുന്ന തത്വത്തിൽ തന്നെയാണ് ആത്മീയ ജീവിതത്തിൽ മാലിന്യമായി കരുതുന്ന പാപത്തെ നീക്കം ചെയ്യുന്നതും. യഥാർത്ഥ അനുതാപത്തിലൂടെയാണ് പാപമോചനപ്രക്രിയ ആരംഭിക്കുന്നത്.

### 1) പാപവും പാപമോചനവും വേദവെളിച്ചത്തിൽ

**a) പഴയനിയമചിന്തയിൽ** എല്ലാ മനുഷ്യരും പാപം ചെയ്യുന്നു എന്ന ധാരണയാണുള്ളത്. ശലമോന്റെ പ്രാർത്ഥനയിൽ ഇത് വ്യക്തമാകുന്നു (2 ദിന. 6:36). ഉൽപ. 3, റോമർ 3:9–23; 6:6–17, 7:21–33 എന്നീ വേദഭാഗങ്ങൾ നോക്കുമ്പോൾ ആദാമിന്റെ പാപമാണ് ഒന്നാമത്തെ പാപമായി കാണുന്നത്. ദൈവകൽപന ലംഘനമായിരുന്നു അത് (ഹവ്വായുടെ പാപം ഒന്നാം പാപമായി നാം പറയാറില്ല; കാരണം ദൈവം ആദാമിന് കൽപന കൊടുത്തപ്പോൾ ഹവ്വാ സൃഷ്ടിക്കപ്പെട്ടിട്ടില്ലായിരുന്നു. അതുകൊണ്ടു തന്നെ അവൾ ദൈവകൽപന ലംഘിച്ചതായി പറയാൻ നിവൃത്തിയില്ല.).

ആദാമിന്റെ പാപഫലമായി, സകല മനുഷ്യരും പാപാവസ്ഥയും ദ്രവത്വവും മരണവും അവകാശിക്കുന്നു. ദൈവം പാപത്തെ സഹിക്കുന്നു (2 ശമു. 12:13), പാപത്തെ ക്ഷമിക്കുന്നു (സങ്കീ. 85:2), പാപത്തെ വഹിക്കുന്നു (എശാ. 53:12), പാപം ഓർക്കാതിരിക്കുന്നു (യെര. 31:34) എന്നീ ആശയങ്ങൾ നാം കാണുന്നുണ്ട്.

പാപം വാതിൽക്കൽ നിൽക്കുന്നു (ഉൽപ. 4:7), പാപം എന്റെ മുമ്പാകെയിരിക്കുന്നു (സങ്കീ. 51:3) തുടങ്ങിയ അനുതാപചിന്തകളും പഴയനിയമത്തിൽ നാം വായിക്കുന്നുണ്ട്.

**b) പുതിയനിയമത്തിൽ** നോക്കുമ്പോൾ പഴയനിയമ കാഴ്ചപ്പാട് കുറേക്കൂടി വ്യക്തമായി കാണുന്നു. 'ഒരുവൻ പാപമില്ല എന്ന് പറയുന്നു എങ്കിൽ സ്വയം വഞ്ചിക്കുന്നു.... പാപം എറ്റുപറയുന്നു എങ്കിൽ അനീതിയിൽ നിന്നും നമ്മെ കഴുകി വെടുപ്പാക്കി ദൈവം നമുക്ക് പാപമോചനം നൽകുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനുമാകുന്നു എന്നാണ് യോഹന്നാൻ ശ്ലീഹാ സാക്ഷിക്കുന്നത് (1 യോഹ. 1:8, 9). എല്ലാവരും പാപം ചെയ്തു ദൈവതേജസ്സില്ലാത്തവരായി തീർന്നിരിക്കുന്നു (റോമർ 3:23). പാപത്തിന്റെ ശമ്പളം മരണമത്രെ (റോമർ 6:23). ന്യായപ്രമാണമാണ് പാപം എന്താണെന്ന് തിരിച്ചറിയിക്കുന്നത് (റോമ. 3:20). പാപം വർദ്ധിക്കുന്നതോടൊപ്പം ദൈവകൃപയും വർദ്ധിക്കുന്നു (റോമ. 5:20). പാപം നിങ്ങളെ ഭരിക്കാനിടയാകരുത്, ശരീരത്തിന്റെ അവയവങ്ങളെ പാപം ചെയ്യാനായി വിട്ടുകൊടുക്കരുത് (റോമ. 5:12). വിശ്വാസത്തിൽ നിന്നും ഉത്ഭവിക്കാത്തതെല്ലാം പാപമാണ് (റോമർ 14:23). പാപത്തിന്റെ സുഖം ആസ്വദിക്കരുത് (എബ്രാ. 11:25). പാപം നമ്മെ ദൈവേഷ്ടം പ്രവർത്തിക്കുന്നതിൽ നിന്നും അകറ്റി കളയുന്നു (യാക്കോബ് 4:12-17, 1 യോഹ. 3:4). ദൈവത്തിന്റെ സ്ഥാനത്ത് സ്വാർത്ഥതയെ പ്രതിഷ്ഠിക്കുന്നതാണ് പാപം (1 കൊരി. 13:5, 2 തെസ. 2:3, 4) എന്നീ ആശയങ്ങൾ നാം ശരിയായി മനസ്സിലാക്കണം.

**c) പാപമോചനം:** യേശുക്രിസ്തുവിൽ കൂടെയാണ് മോചനം ലഭിക്കുന്നത്. യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1 യോഹ. 1:7). വിശ്വാസവും അനുതാപവും മൂലമാണ് അത് സാധ്യമായിത്തീരുന്നത് (മർക്കോസ് 1:4, ലൂക്കോസ് 1:77, 3:3, 8, അ. പ്ര. 2:38, 5:31, 10:43, 26:29, എബ്രാ. 9:22). പാപമോചനാധികാരം സഭയിലൂടെ നടപ്പാക്കപ്പെടുന്നു (യോഹ. 20:23). പരസ്പരം ക്ഷമിക്കുന്നില്ലെങ്കിൽ ദൈവത്തിൽ നിന്നും മോചനം ലഭിക്കുകയില്ല (മത്തായി 6:12-14, എഫേ. 4:32). ക്ഷമ ലഭിക്കുന്നതിന് അനുതാപം അത്യാവശ്യമാണ് (എശ. 57:15, സങ്കീ. 51, യെര. 14:20). ഇത്രയും കാര്യങ്ങൾ വേദപുസ്തക വെളിച്ചത്തിൽ നാം മനസ്സിലാക്കുന്നു.

## 2. സഭാപിതാക്കന്മാരുടെ കാഴ്ചപ്പാടിൽ

വേദപുസ്തക സമീപനം തന്നെയാണ് സഭാപിതാക്കന്മാരും അടിസ്ഥാനമായി സ്വീകരിക്കുന്നത്. എന്നാൽ കുറച്ചുകൂടി വിശദീകരിക്കാനും ആഴത്തിൽ മനസ്സിലാക്കുവാനും അവർ ശ്രദ്ധിക്കുന്നതായി കാണുന്നു.

### (a) പാപാവസ്ഥ (State of Sin)

വിശ്വാസവുമായി ബന്ധപ്പെടുന്ന തലങ്ങളിൽ മാത്രമെ പാപം എന്ന ആശയത്തിന് പ്രസക്തിയുള്ളു. പാപത്തെ പാപപ്രവൃത്തി, പാപവികാരം, പാപാവസ്ഥ എന്നിങ്ങനെ മൂന്നായി തരംതിരിക്കാവുന്നതാണെന്ന് തെയോഫിൻ പറയുന്നു ( SCE. p. 183). പാശ്ചാത്യ ചിന്താഗതിയിൽ പാപം എന്നത് പ്രധാനമായും പ്രവൃത്തിയാണ്. യോഹന്നാൻ ശ്ലീഹാ പാപത്തെ ഒരു അവസ്ഥ (state) ആയും ലോകം തന്നെ അതിന്റെ പ്രതീകമായും ചിത്രീകരിക്കുന്നു (യോഹ. 1:29). 'പാപം ലോകത്തിലേക്ക് പ്രവേശിച്ചു' എന്ന പൗലൂസ് ശ്ലീഹായുടെ വിവരണത്തിൽ പാപത്തിനു 'വ്യക്തിത്വം' പോലും കൽപിക്കുന്നതായി കാണാം. പൗരസ്ത്യ പിതാക്കന്മാരുടെ എഴുത്തുകളിൽ ഇപ്രകാരമുള്ള പരാമർശങ്ങൾ ധാരാളം കാണാവുന്നതാണ്. 'മനുഷ്യഹൃദയം' പാപവും ദൈവകൃപയും വസിക്കുന്ന ഒരു ഗുഹ (Abyss) യായി മക്കാറിയോസ് (Pseudo) വിവരിക്കുന്നു.

എന്നാൽ പൗരസ്ത്യ സഭാപിതാക്കന്മാർ 'തിന്മയ്ക്ക്' അസ്തിത്വം കൽപിക്കാറില്ല. ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ തിന്മയുള്ളവനായിട്ടല്ല അവനെ സൃഷ്ടിച്ചത്. ദൈവം സൃഷ്ടിച്ചത് എല്ലാം തന്നെ നന്മയായിരുന്നു. നന്മയ്ക്കു മാത്രമെ ഉണ്മ (Being) ഉള്ളു എന്നും 'തിന്മ'യ്ക്കു നിലനിൽപ്പില്ലെന്നും നിസ്സായിലെ ഗ്രീഗോറിയോസ് പ്രസ്താവിക്കുന്നു (SCE. 184). മനുഷ്യൻ ജനിക്കുന്നത് 'പാപി'യായിട്ടാണെന്ന വാദം പൗരസ്ത്യപിതാക്കന്മാർ പൊതുവെ സ്വീകരിക്കുന്നില്ല. ആദാമ്യപാപമാണ് ജന്മപാപമെന്നും (Original Sin) അത് എല്ലാ മനുഷ്യർക്കും ജന്മനാൽ ലഭിക്കുന്നില്ലെന്നും, ആദാമ്യ പാപത്തിന്റെ ഫലമായ 'മരണവും ദ്രവത്വവും' ആകുന്ന 'പാപാവസ്ഥ' മാത്രമെ മനുഷ്യൻ ജന്മനാൽ അവകാശിക്കുന്നുള്ളു എന്നും, വി. മാമോദീസാ മൂലം 'ആ പാപാവസ്ഥ' കഴുകിക്കളയപ്പെടുന്നു എന്നും പൗരസ്ത്യ സഭാപിതാക്കന്മാർ പൊതുവെ പഠിപ്പിക്കുന്നു. മനുഷ്യൻ ജനിക്കുന്നതു തന്നെ പാപിയായിട്ടാണെങ്കിൽ, പിന്നെ അവൻ പാപത്തിൽ ജീവിക്കുന്നതിന് തടസ്സമൊന്നുമില്ലെന്നു വരും. 'പാപം' ഒരുവന്റെ 'സ്വന്ത ഇച്ഛ' അനുസരിച്ച് (self-will) ചെയ്യുന്നതാകയാൽ, 'ഇച്ഛയെ' നിയന്ത്രിക്കാൻ പരിശീലിച്ചാൽ പാപത്തെ അതിജീവിക്കുവാൻ കഴിയുമെന്നാണ് ജോൺ ക്രിസോസ്റ്റം, തെയോഫിൻ എന്നീ പിതാക്കന്മാർ പറയുന്നത് (SCE. 185, cf യാക്കോ. 4:7). ആദാ

മിന്റെ പാപഫലമായി മർത്ത്യശരീരം ദ്രവത്വവും നാശവും പ്രാപിക്കാനിടയായി. പക്ഷെ അത് പാപത്തിനുള്ള വാസസ്ഥലമായിട്ടല്ല. അതുകൊണ്ട്, എല്ലാ പാപവും ആരംഭിക്കുന്നത് ശരീരത്തിലല്ല, മനസ്സിലാണ്, വിചാരത്തിലാണ്, ഇച്ഛാശക്തിയിലാണ്. ആദാമിന്റെ വീഴ്ച മൂലം മനുഷ്യന്റെ ഇച്ഛാശക്തി (will power) കൂടി വീണുപോയി എന്ന അഗസ്തീനോസിന്റെ വാദം പൗരസ്ത്യ സഭാപിതാക്കന്മാർ ആരും തന്നെ സ്വീകരിക്കുന്നില്ല. മർത്യശരീരത്തിലാണ് 'പാപം' ആരംഭിക്കുന്നതെങ്കിൽ 'മാനസ്സാന്തരം' (Repentance) അഥവാ മനസ്സിന്റെ മാറ്റം കൊണ്ട് പ്രയോജനമൊന്നുമില്ലാതെ വരും. മനസ്സിന്റെ പശ്ചാത്താപവും (contrition) അനുതാപവും (repentance) ആണ് പാപമോചനത്തിന്റെ അടിസ്ഥാനമെന്നതിനാൽ, 'ശരീരത്തെ' കുറ്റപ്പെടുത്താനോ, തിന്മയായി കരുതാനോ ഒരിക്കലും പാടില്ലെന്ന് പൗരസ്ത്യ സഭാപിതാക്കന്മാർ ശക്തിയായി വാദിച്ചു. മനസ്സ് പുതുക്കി രൂപാന്തരപ്പെടുക എന്നതാണ് പാപമില്ലാതെ ജീവിക്കുവാനുള്ള മാർഗം. ഇത് സാധിക്കണമെങ്കിൽ 'മനുഷ്യമനസ്സ്' ദൈവമനസ്സുമായി, ദൈവയിഷ്ടവുമായി താദാത്മ്യം പ്രാപിക്കണം. അവിടെയാണ്, ആദാം മുതൽ എല്ലാ മനുഷ്യരും പരാജയപ്പെടുന്നത്.

**(b) പാപം അജ്ഞതയാണ് (Ignorance)**

ഗ്രീക്ക് തത്വചിന്തയിൽ, നന്മ എന്നത് ജ്ഞാനമായും തിന്മ എന്നത് അജ്ഞതയായും പരിഗണിച്ചു വന്നിരുന്നതിന്റെ സ്വാധീനം പൗരസ്ത്യ സഭാപിതാക്കന്മാരിലും നാം കാണുന്നുണ്ട്. ശരീരത്തിന്റെ സാന്ദ്രതയും (weight) മറയും (Opequeness) നിമിത്തമാണ് മനുഷ്യന് അജ്ഞത അനുഭവപ്പെടുന്നത്. അജ്ഞതകൊണ്ട് 'തിന്മ' നന്മയായി കരുതി പ്രവർത്തിക്കാനിടയാകുന്നു. വീഴ്ചയ്ക്കു മുമ്പ് 'നന്മയിൽ' മാത്രം നിലനിൽക്കാനുള്ള അവസ്ഥയായിരുന്നു മനുഷ്യനുണ്ടായിരുന്നത്. തിന്മ എന്താണെന്നവന് അറിഞ്ഞു കൂടായിരുന്നു. തെറ്റായ തെരഞ്ഞെടുപ്പ് അവിശ്വാസവും അനുസരണക്കേടും മൂലം ആദാം മനഃപൂർവ്വം (willful) ചെയ്തതിനാൽ, പിന്നീടുള്ള ഓരോ പ്രവൃത്തിയിലും ഈ തെരഞ്ഞെടുപ്പിന്റെ ചുമതല മനുഷ്യനിൽ വന്നുചേർന്നു. ദൈവമനസ്സുമായി അകന്നു കഴിയുന്ന 'മനുഷ്യമനസ്സ്' ശരിയായ 'നന്മ' തെരഞ്ഞെടുക്കാൻ കഴിയാത്തവിധം അന്ധതയിലും അജ്ഞതയിലും ആയിത്തീരുന്നു. ഈ അവസ്ഥയിൽ നിന്നും പ്രകാശവും പരിജ്ഞാനവും ലഭിക്കുന്നത് മനുഷ്യൻ 'മനഃപൂർവ്വം' ദൈവത്തെ വിശ്വസിക്കുക, അന്വേഷിക്കുക, ആശ്രയിക്കുക, അറിയുക എന്നിവ വഴിയാണ്. വി. മാമോദീസായിലൂടെ 'പ്രകാശത്തിന്റെ മക്കൾ' ആയിട്ടാണ് നാം വിശുദ്ധീകരിക്കപ്പെടുന്നത്.

തിന്മയെ നന്മയെന്നവിധം അവതരിപ്പിക്കുന്ന പൈശാചിക വഞ്ചനയെ തിരിച്ചറിയാൻ കഴിയാത്തവിധത്തിൽ ബുദ്ധിയ്ക്ക് തെറ്റുപറ്റുന്ന അവസ്ഥ

യാണ് പാപമെന്ന് നിസ്സായിലെ ഗ്രീഗോറിയോസ് അഭിപ്രായപ്പെടുന്നു (SCE. p. 185). സാത്താൻ വെളിച്ചദൂതന്റെ വേഷത്തിൽ പ്രത്യക്ഷപ്പെടാമെന്ന് പൗലൂസ് ശ്ലീഹായും പറയുന്നുണ്ടല്ലോ (2 കൊരി. 11:14). സാത്താൻ ഹവ്വായെ വഞ്ചിക്കുകയായിരുന്നല്ലോ (2 കൊരി. 11:3). സാത്താൻ വഞ്ചകനായി അറിയപ്പെടുന്നു (വെളി. 12:9, 1 തിമോ 3:7). ഈ ലോകത്തിന്റെ പ്രഭു (യോഹ. 16:11) എന്ന നിലയിൽ മനുഷ്യനെ ലൗകികതയിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നവനാണ് പിശാച്. ദൈവത്തെ വിശ്വസിച്ച് അനുസരിക്കാതിരിക്കുന്നതിലൂടെയാണ് അജ്ഞത നമ്മിൽ പ്രവേശിക്കുന്നത്. വെളിച്ചമാകുന്ന നന്മ പരിശീലിക്കാൻ മടിക്കുമ്പോഴാണ് 'തിന്മ'യാകുന്ന അന്ധകാരം അഥവാ അജ്ഞത നമ്മിലേക്ക് കയറി വരുന്നത്. ഇരുട്ട് വരാതിരിക്കാൻ വെളിച്ചത്തിൽ വസിക്കുക എന്നപോലെ തിന്മയും അജ്ഞതയും നമ്മെ സ്വാധീനിക്കാതിരിക്കാൻ നാം നന്മയിൽ (ദൈവത്തിൽ) സ്ഥിരമായി വസിക്കുകയാണു വേണ്ടത്. ദിവ്യജ്ഞാനം കൊണ്ട് നമ്മുടെ മനസ്സ് എപ്പോഴും നിറഞ്ഞുനിന്നാൽ മാത്രമെ, അജ്ഞാനം നമ്മിൽ നിന്നും നീങ്ങിപ്പോകൂ. ദൈവവുമായുള്ള ബന്ധത്തിൽ നമ്മെ നിലനിർത്തുന്നത്, 'ദൈവവചനമാകുന്ന ജീവന്റെ അപ്പമാണ്' (യേശുക്രിസ്തുവാണ്) എന്നാണ് ഓറിജൻ പറയുന്നത് (SCE. p. 186).

കൽപന ലംഘനമാണ് പാപം എന്ന യോഹന്നാൻ ശ്ലീഹായുടെ (1 യോഹ. 3:4) കാഴ്ചപ്പാട് പിതാക്കന്മാർ നിരാകരിക്കുന്നില്ല. എന്നാൽ 'കൽപന' എന്നത് മനുഷ്യന്റെ 'ഇച്ഛാശക്തി' സ്വതന്ത്രമായി പ്രയോഗിക്കാനുള്ള ഒരു അവസരമുണ്ടാക്കുക മാത്രമെ ചെയ്യുന്നുള്ളു. സ്വതന്ത്രബുദ്ധി ഉപയോഗിച്ച് ദൈവസ്നേഹത്തോട് പ്രതികരിക്കുക എന്നതാണ് നന്മയിൽ വളരുവാനുള്ള ഉപാധി എന്ന് നിസ്സായിലെ ഗ്രീഗോറിയോസ് പഠിപ്പിച്ചു (SCE. p. 187).

**(c) വിവിധതരം പാപങ്ങൾ**

മാരകപാപങ്ങൾ (Mortal Sins) മാരകമല്ലാത്ത പാപങ്ങൾ (Venial sins) എന്നിങ്ങനെ പാപങ്ങളെ തരംതിരിക്കുന്ന രീതി പാശ്ചാത്യരിലാണ് കാണുന്നത്. എല്ലാ പാപവും ദൈവത്തിൽ നിന്നുള്ള അകൽച്ചയായതിനാൽ ദൈവമുമ്പാകെ ഒരുപോലെ വെറുക്കപ്പെടുന്നു. എന്നിരുന്നാലും പാപത്തിന്റെ തോതനുസരിച്ച് 4 വിധത്തിൽ തരംതിരിക്കാമെന്ന് തെയോഫിൻ പറയുന്നുണ്ട്. 1) അജ്ഞത (ignorance), 2) അശ്രദ്ധ (inadvertancy), 3) മറ്റു പാപങ്ങളുമായുള്ള ഏറ്റക്കുറച്ചിൽ (താരതമ്യം), 4) മാനസ്സാന്തരപ്പെടാനുള്ള സാധ്യത. ഈ നാലു മാനദണ്ഡങ്ങൾ പാപങ്ങളുടെ ഏറ്റക്കുറച്ചിലുകൾ തരംതിരിക്കുന്നതിന് ഉപയോഗിക്കാറുണ്ട്. ബാഹ്യപ്രവർത്തികളെക്കാൾ ആന്തരിക അവസ്ഥയ്ക്കാണ് പൗരസ്ത്യർ

ഊന്നൽ നൽകുന്നത്. വിശ്വാസത്യാഗം (Apostacy), കൊലപാതകം (Murder), വ്യഭിചാരം (Adultery) ഇവ മൂന്നും മാരകപാപങ്ങളായും മറ്റു ള്ളവ അല്ലാത്തവയായും പരിഗണിക്കുമ്പോൾ, ലഘുപാപങ്ങൾ ചെയ്യു ന്നതിനുള്ള പ്രേരണ ഉണ്ടാകാമെന്ന അപകടമുണ്ട്.

### (d) പാപത്തിന്റെ അനന്തരഫലങ്ങൾ

മനുഷ്യനിൽ ദൈവം നിക്ഷേപിച്ച ദൈവസ്വരൂപത്തിന് (image of God) പാപം മൂലം മങ്ങലേറ്റതിനാൽ, ദൈവസാദൃശ്യത്തിലേയ്ക്കുള്ള വളർച്ച മുരടിച്ചു. നന്മയെ ശരിയായി അറിയാൻ കഴിയാത്തവണ്ണം ആത്മീയ കാഴ്ച കുറഞ്ഞു. തിന്മയെ നന്മയായി തെറ്റിദ്ധരിക്കത്തക്കവിധം 'ബുദ്ധി'യ്ക്ക് ഭക്തിയേക്കാൾ പ്രാധാന്യം വന്നു. ശരീരത്തിന്റെ സുതാ ര്യത നഷ്ടപ്പെടുകയും ഭാരം വർദ്ധിക്കുകയും തൽഫലമായി അദ്ധ്വാനം കൂടുകയും ചെയ്തു. അമർത്യതയിൽ നിന്നും 'മർത്യത' (മരണം) യുള്ള ശരീരമായി മനുഷ്യൻ അധഃപതിച്ചു. മരിച്ചാലല്ലാതെ ഉയിർപ്പും നിത്യ ജീവനും സാധ്യമല്ലാത്ത ഒരവസ്ഥ വന്നു. പ്രപഞ്ചത്തിന്റെയും പ്രകൃതി യുടെയും അടുക്കും ചിട്ടയും താളവും ക്രമവും തെറ്റി. ഭൂമി ഫലം നൽകാ തായി. മനുഷ്യൻ തമ്മിൽതമ്മിലും, മനുഷ്യരും മൃഗങ്ങളും തമ്മിലും വൈരാഗ്യവും അകൽച്ചയും ഭയവും ഉണ്ടായി. 'സ്വാർത്ഥത' എല്ലാ പ്രവൃ ത്തികളിലും പ്രമാണമായി. മത്സരിക്കാനും തോൽപിക്കാനും, സ്വന്തമാ ക്കാനുമുള്ള 'വ്യഗ്രത' സൃഷ്ടിയിലെ സകല ജീവജാലങ്ങളിലേക്കും വ്യാപിച്ചു.

ആദാമിന്റെ വീഴ്ചകൊണ്ടാണ് ഈ പ്രവണത ലോകത്തിൽ ആരംഭി ച്ചതെങ്കിലും, ഓരോ മനുഷ്യന്റേയും ഓരോ വീഴ്ച മൂലവും എന്നും ഈ പ്രവണത തുടർന്നുകൊണ്ടിരിക്കുകയാണ്. ആയതിനാൽ മനുഷ്യൻ പാപം വിട്ടൊഴിഞ്ഞ്, മാനസ്സാന്തരത്തിന്റെ അനുഭവത്തിലെത്തി, നന്മയിൽ വളരേണ്ടത്, മനുഷ്യന്റെ മാത്രമല്ല, സൃഷ്ടി മുഴുവന്റെയും നന്മയ്ക്കും, ശാന്തിക്കും വളർച്ചയ്ക്കും ആവശ്യമാണ്.

## 3. അനുതാപം (Repentance)

### a) അനുതാപത്തിനുള്ള ആഹ്വാനം

എല്ലാ മനുഷ്യരും അനുതപിക്കേണ്ടതാണെന്നാണ് പൗരസ്ത്യ പിതാ ക്കന്മാർ കരുതുന്നത്. നിത്യജീവന്റെ അനുഭവത്തിലേക്ക് പ്രവേശിക്ക ണമെങ്കിൽ 'മാനസാന്തരം' അത്യാവശ്യമാണ്. യേശുക്രിസ്തുവും, അതിനു മുമ്പ് യോഹന്നാൻ സ്നാപകനും പരസ്യശുശ്രൂഷ ആരംഭി ക്കുന്നത് 'മാനസാന്തരപ്പെടുവിൻ' എന്ന് പ്രസംഗിച്ചുകൊണ്ടാണ്. അനു താപവും ഏറ്റുപറച്ചിലും 'രണ്ടാം മാമോദീസാ' എന്നാണ് സ്രൂഗിലെ

യാക്കോബ്, തിയോഡോർ എന്നീ പിതാക്കന്മാർ വിശേഷിപ്പിക്കുന്നത് (SCE. 199). 'കണ്ണുനീരിന്റെ മാമോദീസാ' എന്ന് നാസിയാൻസിലെ ഗ്രീഗോറിയോസ് വിശേഷിപ്പിക്കുന്നു. നിനുവാക്കാരുടെ അനുതാപം വളരെ പ്രസിദ്ധമാണല്ലോ. "കണ്ണുനീർ ആത്മാവിന്മേൽ വീഴുമ്പോൾ ജീവനിലേക്കത് തിരിച്ചുവരും" എന്നാണ് മാർ അപ്രേം പറയുന്നത്. നിരാശയിലേക്ക് വീണ് ദുഃഖിച്ചു കഴിയുന്നതല്ല, തെറ്റ് ബോദ്ധ്യപ്പെട്ട് തിരുത്തുന്നതിന് സന്നദ്ധമായി മോചനത്തിനായി പ്രത്യാശയോടെ ദൈവത്തിലേക്ക് തിരിയുന്നതിനാണ് 'അനുതാപം' (Contrition) എന്ന് പറയുന്നത്. ഉദാ: പത്രോസ് ശ്ലീഹായുടെ തള്ളിപ്പറച്ചിൽ. 'ചെയ്തത് തെറ്റിപ്പോയി, ഇനി ഒന്നും ചെയ്യാനില്ല, ശിക്ഷ അനുഭവിക്കുക തന്നെ' എന്ന മനോഭാവം 'ദുഃഖം' (Attrition) നിരാശ എന്നിവയാണ് ഉളവാക്കുന്നത്. ഉദാ: യൂദായുടെ ഒറ്റിക്കൊടുക്കൽ. 'എല്ലാ പാപങ്ങളും ഗൗരവതരം തന്നെയാണ്. എന്നാൽ ശരിയായി അനുതപിക്കുന്നെങ്കിൽ എല്ലാ പാപങ്ങളും ദൈവം മോചിച്ചു തരും' എന്നാണ് ബസ്സേലിയോസ് പറയുന്നത്. പാപം ചെയ്തെങ്കിൽ അത് ദൈവ മുമ്പാകെ ഏറ്റുപറയുകയാണ് വേണ്ടത്, അതെപ്പറ്റി നിരാശപ്പെടുകയല്ല വേണ്ടത് എന്ന് ജോൺ ക്രിസോസ്റ്റം പറയുന്നു (SCE. 189).

### b) അനുതാപത്തിനാവശ്യമായ ഘടകങ്ങൾ

പഴയനിയമത്തിൽ ഒരു ഗുണമായിട്ടും, പുതിയനിയമത്തിൽ ഒരു കൂദാശ തന്നെയായിട്ടുമാണ് 'അനുതാപം' വിവക്ഷിക്കപ്പെടുന്നത്. പല പേരുകളിൽ ഇത് അറിയപ്പെടുന്നുണ്ട്. പ്രായശ്ചിത്തം (Penance), മാനസ്സാന്തരം (Conversion), കുമ്പസാരം, ഏറ്റുപറച്ചിൽ (Confession), രണ്ടാം മാമോദീസാ (Second Baptism), കണ്ണീരിന്റെ മാമോദീസാ (Baptism of tears), ക്ഷമാപണം (Forgiveness), പാപമോചനം (Absolution), അനുരഞ്ജനം (reconciliation) എന്നിങ്ങനെ പല ഊന്നലുകൾ അനുതാപ പ്രക്രിയയിൽ കാണുന്നുണ്ട്.

അനുതാപത്തിന്റെ ഒന്നാമത്തെ ഘടകം ആത്മശോധനയിലൂടെ സ്വന്തം പാപത്തെ കണ്ടുപിടിക്കുക എന്നതാണ്. ആ പാപത്തിന്റെ സ്വഭാവം, നമ്മിലേക്ക് വന്ന സാഹചര്യം, നമ്മെ സ്വാധീനിക്കുന്ന രീതി, സാഹചര്യം, മേലാൽ അതിൽനിന്ന് ഒഴിഞ്ഞുമാറാനുള്ള ഒരുക്കം ഇവയെല്ലാം ആത്മശോധനയുടെ ഭാഗമായിക്കരുതണം. തെറ്റായ തെരഞ്ഞെടുപ്പ് നടത്തിയതിന് സ്വയം കുറ്റപ്പെടുത്തുവാൻ കഴിയണം. മറ്റുള്ളവരിലേക്കു കുറ്റം ചാരുന്ന പ്രവണത വന്നാൽ, ഒരിക്കലും അനുതാപം നമ്മിലുണ്ടാകുകയില്ല. ദൈവം നമ്മെ കാണുന്നതുപോല, നമ്മെ തന്നെ ശരിയായി കാണാനും, വിലയിരുത്താനും നമുക്ക് കഴിയുക എന്നതാണ് അനുതാപത്തിന്റെ പ്രധാന വശം. ഒരു പ്രവൃത്തിയെ മാത്രമല്ല, നമ്മുടെ മന

സ്സിന്റെ 'അവസ്ഥ'യും 'ചായ്‌വു'മാണ് നാം മൊത്തത്തിൽ വിലയിരുത്തേണ്ടത്. തെയോഫിൻ പറയുന്നത്, 'ഞാൻ ഒരു പാപിയാണ്' എന്ന ചിന്തയാണ് 'ഞാൻ ഒരു പാപം ചെയ്തു' എന്ന ചിന്തയേക്കാൾ പ്രധാനം എന്നാണ്.

"ആത്മാവിൽ 'ദരിദ്ര'രായവർ ഭാഗ്യവാന്മാർ" എന്നു പറയുന്നതിൽ, 'ദാരിദ്ര്യാവസ്ഥ' ബോദ്ധ്യപ്പെടുക എന്നതാണ് ആത്മീയ സമ്പന്നത കൈവരിക്കുവാനുള്ള പ്രഥമ പടി. 'ആത്മാവിലുള്ള സ്നാനം' (Baptism in the Spirit) എന്നത്, കണ്ണുനീരുകൊണ്ടുള്ള സ്നാനമാണെന്ന് (അനുതാപം) ആണ് ശെമവൂൻ (The New Theologian) പറയുന്നത് (SCE. p. 190). ഗ്രീക്ക് ഭാഷയിൽ 'Metanoein (to repent)' എന്ന പദം ആന്തരികമാനസാന്തരത്തിനാണ് ഉപയോഗിക്കുന്നത്. മനോഭാവത്തിന് തന്നെ മാറ്റം വരുന്ന അനുഭവമാണത്. 'ഒരു രണ്ടാം ജീവിതത്തിനുള്ള ഉടമ്പടി ദൈവവുമായി എടുക്കുന്നതാണ് മാനസാന്തരം' എന്നാണ് John Climacus പറയുന്നത്. ശരിയായ മാനസാന്തരം എന്താണെന്ന് മനസ്സിലാക്കുവാൻ വിശുദ്ധന്മാരുടെ ജീവചരിത്രം നാം വായിക്കണം.

### c) കൂദാശാപരമായ മാനസാന്തരം (Sacramental Repentance)

നന്മയോട് പറ്റിച്ചേരാനുള്ള ആഗ്രഹം (മനസ്സിന്റെ ചായ്‌വ്) അനുതാപത്തിന്റെ വളരെ പ്രധാനമായ ഘടകമായി പിതാക്കന്മാർ കരുതി. വ്യക്തിപരമായി അത് ഒതുക്കിനിർത്തിയാൽ പോരാ. കാരണം 'പാപം' സമൂഹത്തെ മുഴുവനുമായോ ഭാഗികമായോ ബാധിക്കുന്നതിനാൽ, സഭയാകുന്ന സമൂഹമായുള്ള അനുരഞ്ജനം കൂടി പ്രാധാന്യമർഹിക്കുന്നു. സഭയാൽ പാപമോചനം പ്രാപിക്കുക എന്ന രീതി ആദിമുതൽ തന്നെ നാം കണ്ടുവരുന്നുണ്ട്. കർത്താവ് അപ്പോസ്തോലന്മാർക്കും അവരുടെ പിൻഗാമികളായി സഭയിൽ പ്രവർത്തിക്കുന്ന മേൽപട്ടക്കാർക്കും, പട്ടക്കാർക്കും അനുതപിക്കുന്നവരുടെ അനുതാപം പരിശോധിച്ച് പാപം മോചിക്കാനും, അനുതാപം ശരിയല്ലെന്ന് കണ്ടാൽ മോചിപ്പിക്കാതിരിക്കാനും നൽകിയ അധികാരം ഇന്നും സഭയിൽ നിലനിന്നു വരുന്നുണ്ടെന്ന് അപ്പോസ്തോലിക വിശ്വാസം പുലർത്തുന്ന സഭകൾ എല്ലാം സമ്മതിച്ച് പാലിച്ചു വരുന്നുണ്ട് (യോഹ. 20:23 കാണുക). പരസ്പരം ക്ഷമ ചോദിച്ച് രമ്യമാകുന്നതു വഴി വിശ്വാസികൾക്ക് പരസ്പരം പാപം മോചിക്കാമെങ്കിലും, ദൈവത്തിൽ നിന്നുള്ള 'മോചനം' യേശുക്രിസ്തു ഏർപ്പെടുത്തിയ പട്ടക്കാർ വഴിയുള്ള പാപമോചന പ്രഖ്യാപനത്തിലൂടെയാണ് പ്രാപിക്കുന്നതും പ്രാപിക്കേണ്ടതും. സഭയിൽ ഏർപ്പെടുത്തിയിരിക്കുന്ന 'കുമ്പസാരം' ശരിയായി പൂർത്തീകരിക്കുവാൻ ആത്മശോധന, അനുതാപം, മാനസാന്തരം, ഏറ്റുപറച്ചിൽ, പാപമോചനം എന്നീ വിവിധ ഘട്ടങ്ങൾ തരണം ചെയ്യേണ്ടിയിരിക്കുന്നു.

### d) പശ്ചാത്താപവും പ്രായശ്ചിത്ത കർമ്മങ്ങളും

യേശുക്രിസ്തു പാപിനിയായ സ്ത്രീക്ക് പാപമോചനം നൽകിക്കഴിഞ്ഞ് പറയുന്നത് 'പോക, മേലാൽ പാപം ചെയ്യരുത്' എന്നാണല്ലോ. പൗരസ്ത്യസഭയിൽ, മേലാൽ പാപം ചെയ്യാതിരിക്കുന്നതിന് സഹായകമായ ചില ശിക്ഷണമുറകളും പ്രായശ്ചിത്ത കർമ്മങ്ങളും ഏർപ്പെടുത്താറുണ്ട്. ലത്തീൻ പാരമ്പര്യത്തിലാണെങ്കിൽ, ഓരോ തരം പാപങ്ങൾക്ക് അനുയോജ്യമായ 'മുറകൾ' തന്നെ നിർദ്ദേശിക്കുന്നുണ്ട്. 'ദണ്ഡവിമോചനം' (Indulgences) എന്ന ആശയം തന്നെ പിന്നീട് ഉയർന്നുവന്നത് ആ നിലയിലാണ്. ഏതായാലും മനോഗുണ പ്രവർത്തികൾ (deeds of charity) ചെയ്യാനുള്ള കുമ്പസാര പിതാവിന്റെ നിർദ്ദേശം ഒരു പരിധിവരെ വിശ്വാസിയ്ക്ക് ആത്മധൈര്യം പകരാനും നല്ല ശീലം വളർത്താനും സഹായകമാകുമെന്നതിന് സംശയമൊന്നുമില്ല. ദൈവകൽപനകൾ പാലിക്കുന്നു എന്ന മനഃശാസ്ത്രപരമായ ബോധ്യവും നന്മയിൽ വളരുന്നതിന് അനുതപിക്കുന്ന വിശ്വാസിയെ സഹായിക്കും. ഗ്രീക്ക് സഭാപാരമ്പര്യത്തിൽ താഴെ പറയുന്നവിധത്തിൽ പ്രായശ്ചിത്ത പരിശീലനം നിർവഹിക്കുന്ന രീതി കാണുന്നുണ്ട്. 1. മറ്റാരേയും കുറ്റപ്പെടുത്താതിരിക്കുക. 2. മറ്റുള്ളവരോട് വ്യവസ്ഥ കൂടാതെ ക്ഷമിക്കുക. 3. വിനയം ശീലിക്കുക. 4. സത്യവിശ്വാസം മനസിലാക്കി പാലിക്കുക. 5. കരയുക. 6. പ്രാർത്ഥിക്കുക. 7. ദാനധർമ്മം, ജീവകാരുണ്യപ്രവർത്തനം എന്നിവ നടത്തുക. 8. രോഗവും കഷ്ടതയും സഹിക്കുക. 9. നിരന്തരമായി ദൈവത്തിൽ വസിക്കുക. 10. ജാതികളായ ഭരണകർത്താക്കളുടെ മുമ്പാകെ സത്യവിശ്വാസം ഏറ്റുപറയുക.

സ്രൂഗിലെ യാക്കോബ് പറയുന്നു, 'നിനക്ക് കരച്ചിൽ വരുന്നില്ലെങ്കിൽ, മറ്റുള്ളവരുടെ ദുഃഖം നീ വാങ്ങിക്കുക.' നമ്മുടെ സമ്പാദ്യം കൊണ്ടും സുഖസൗകര്യങ്ങൾ കൊണ്ടും നമുക്ക് ദുഃഖിക്കാൻ കഴിയാതെ വരുന്നെങ്കിൽ, അവയെ ദരിദ്രന്മാർക്ക് നൽകി, അവരുടെ ദുഃഖം പകരം വാങ്ങി യഥാർത്ഥ അനുതാപജീവിതം നയിക്കുക. ജീവകാരുണ്യപ്രവർത്തനം പാപത്തെ നിഗ്രഹിക്കുന്നു എന്നാണ് ഒരു എത്യോപ്യൻ പ്രാർത്ഥനയിൽ കാണുന്നത്.

## 4) വിലാപാവസ്ഥ (Compunction)

**a) തുടർച്ചയായ അനുതാപം:** "ഇപ്പോൾ കരയുന്ന നിങ്ങൾ ഭാഗ്യവാന്മാർ, നിങ്ങൾ ചിരിക്കും" (മത്തായി 5:4) എന്ന ഭാഗ്യാവസ്ഥയെ അക്ഷരാർത്ഥത്തിൽ തന്നെയെടുത്തുകൊണ്ട് ആത്മീയ വളർച്ചയ്ക്ക് 'വിലപിച്ചിരിക്കുന്ന' അവസ്ഥയാണ് നല്ലതെന്ന് താപസപിതാക്കന്മാർ പലരും കണ്ടെത്തി. സുറിയാനി സഭാപാരമ്പര്യത്തിൽ 'ആബീലന്മാർ' എന്ന പേരി

ലറിയപ്പെടുന്നവർ ആത്മീയ ലക്ഷ്യപ്രാപ്തിക്കായി 'വിലപിച്ചും കരഞ്ഞും' കൊണ്ട് ജീവിച്ചവരാണ്. പാപമോചനം പ്രാപിക്കുക വഴി, മനുഷ്യമനസ്സിലുണ്ടാകുന്ന 'മ്ലാനത' മാറ്റപ്പെടുന്നുണ്ടെങ്കിലും പാപാവസ്ഥയെപ്പറ്റിയുള്ള ഓർമ്മ മാഞ്ഞുപോകാതെ സൂക്ഷിക്കണമെന്നും, അങ്ങനെ വരുമ്പോൾ അതെപ്പറ്റിയുള്ള ചിന്ത മനസ്സിൽ നിന്നും മായാതെ, ലോകപ്രകാരം ദുഃഖിക്കുന്നവരായി കഴിയുന്നതാണ് പാപം വീണ്ടും കടന്നുവരാതിരിക്കാനുള്ള എളുപ്പമാർഗമെന്നും അവർ കരുതുന്നു. നാം നമ്മുടെ പാപങ്ങൾ ഓർത്തിരുന്നാൽ, ദൈവം അവ മറന്നുകളയും, നാം നമ്മുടെ പാപാവസ്ഥയെ മറന്നുകളഞ്ഞാൽ ദൈവം അവ ഓർത്തിരിക്കും. ആകയാൽ, നമ്മുടെ പാപങ്ങൾ ദൈവം മറന്നുകളയാനായി, നാം അവയെ എപ്പോഴും ഓർത്ത് കരുതലോടെ ജീവിക്കുന്നതാണ് ഉത്തമം. 'എന്റെ പാപങ്ങൾ എപ്പോഴും എന്റെ നേരെയിരിക്കുന്നു' എന്ന് 51-ാം സങ്കീർത്തനത്തിൽ ദാവീദ് വിലപിച്ചു പാടുന്നുണ്ട്.

മോചിക്കപ്പെട്ട പാപത്തെപ്പറ്റി ഓർത്ത് ദുഃഖിച്ചിരിക്കുന്നത് മനഃശാസ്ത്രപരമായും ആത്മീയമായും നല്ല പതിവല്ല. എന്നാൽ 'പാപാവസ്ഥ', 'പാപിയാണെന്ന അവസ്ഥ', 'എപ്പോൾ വേണമെങ്കിലും പാപത്തിൽ വീഴാൻ സാദ്ധ്യതയുണ്ടെന്ന അവസ്ഥ' - ഇവയെപ്പറ്റി മനുഷ്യൻ ബോധവാനായിരിക്കുന്നതും അതിനെതിരെ ജാഗ്രത പുലർത്തുന്നതും ആത്മീയ വളർച്ചയ്ക്ക് അത്യാവശ്യം തന്നെയാണ്. അനുതാപം എന്നത് താല്കാലികമായി അവസാനിക്കാതെ, ഒറ്റപ്പെട്ട ഒരു പ്രവൃത്തിയായി കണക്കാക്കാതെ, നീണ്ടുനിൽക്കുന്ന ഒരു ജീവിതാവസ്ഥയായി മാറുമ്പോഴാണ് 'വിലാപാവസ്ഥ'യുടെ പ്രസക്തി മനസ്സിലാക്കാൻ കഴിയുന്നത്. ജീവിതത്തിലെ ഭൂരിഭാഗം സമയവും 'വിലാപത്തിൽ' കഴിഞ്ഞിരുന്ന അബ്ബാ തലേലിയൂസ് (Taleleus) പറയുന്നത്, ദൈവം അനുതാപാവസ്ഥയിൽ കഴിയുവാൻ തന്നിരിക്കുന്ന സമയം പരമാവധി നാം ഉപയോഗിക്കണം എന്നാണ്. അർമ്മേനിയൻ സഭയിലും ഈ ചിന്താഗതി പുലർത്തിവരുന്ന സന്യാസപിതാക്കന്മാരുണ്ട്.

### b) വിലാപാവസ്ഥയ്ക്കുള്ള കാരണങ്ങൾ

ആഗ്രഹിച്ചത് പൂർണമായി കിട്ടാതെ വരുമ്പോൾ ആത്മാവിനുണ്ടാകുന്ന ദുഃഖമാണ് വിലാപാവസ്ഥയുടെ ഒരു കാരണമായി നിസ്സായിലെ ഗ്രീഗോറിയോസ് പറയുന്നത്. ആത്മാവ് ആഗ്രഹിക്കുന്നത് രക്ഷയുടെ പൂർണതയാണെന്നും, അത് പൂർണമായി ലഭിക്കുന്നതുവരെയും, അതെപ്പറ്റി പ്രതീക്ഷിക്കുന്ന ആത്മാവിന് ദുഃഖിക്കാതിരിപ്പാൻ കഴികയില്ലെന്നും മനസ്സിലാക്കണം. 'രക്ഷയെപ്പറ്റി' പ്രതീക്ഷയോടെ കാത്തിരിക്കുന്ന മനസ്സിൽ മാത്രമെ ഇപ്രകാരം വിലാപബോധം വരുന്നുള്ളു. ഈ ലോക

ത്തിലെ നഷ്ടങ്ങളെപ്പറ്റിയാണ് നാം ദുഃഖിക്കാറുള്ളത്, കാരണം ലോക പ്രകാരമുള്ള നേട്ടങ്ങളിലാണ് നാം ആഗ്രഹം വയ്ക്കുന്നത്. അത് ലൗകി കന്റെ ലക്ഷണമാണ്. അങ്ങനെയുള്ളവർക്ക് 'വിലാപാവസ്ഥ'യുടെ മർമ്മം മനസ്സിലാകുകയില്ല.

മൂന്നു വിധത്തിലുള്ള വിലാപാവസ്ഥയെപ്പറ്റി ഏകാന്തവാസിയായ യോഹന്നാൻ (John the Solitary) വിവരിക്കുന്നുണ്ട്:

1) ജഡിക (ലൗകിക) മനുഷ്യൻ ദൈവമുമ്പാകെ കരഞ്ഞു പ്രാർത്ഥി ക്കുന്നത് അവന്റെ ദാരിദ്ര്യം, കുട്ടികളുടെ ഭാവി, നിർഭാഗ്യാവസ്ഥകൾ, രോഗം, കഷ്ടത, ജീവിതഭാരം തുടങ്ങിയ കാര്യങ്ങൾ ഓർത്തുകൊണ്ടാ യിരിക്കും.

2) ബുദ്ധിജീവിയായ മനുഷ്യൻ: പാപത്തിന് വരാവുന്ന ശിക്ഷ, ന്യായവിധിയിലെ കാഠിന്യം, ആകുലചിന്ത, പാപത്തെപ്പറ്റിയുള്ള ഭയം, മരണത്തെപ്പറ്റിയുള്ള ഓർമ്മകൾ, മരണം വരാതെ തടഞ്ഞുനിർത്താ നുള്ള മാർഗങ്ങൾ, അതിലേക്കായി ദൈവം നൽകിയ വാഗ്ദത്തങ്ങൾ എന്നീ കാര്യങ്ങൾ ആയിരിക്കും ദുഃഖകാരണങ്ങളായി കാണുന്നത്.

3) എന്നാൽ, ആത്മീയ മനുഷ്യൻ, സ്വന്തം കാര്യം മറന്ന് ദൈവമഹത്വം കണ്ട് ദൈവത്തെ ആരാധിക്കുക, ദൈവത്തിന്റെ അപ്രമേയ ജ്ഞാന ത്തിന്റെ മുമ്പിൽ സ്വന്തം ജ്ഞാനം ഒന്നുമില്ലെന്നറിഞ്ഞ് വിശ്വാസമർപ്പി ക്കുക; ദൈവ വിശുദ്ധി ഗ്രഹിച്ച്, സ്വന്തം അശുദ്ധിയും കുറവും എപ്പോഴും കണ്ടുകൊണ്ടിരിക്കുക എന്നിവ വഴി ബാഹ്യമായി ദുഃഖാവസ്ഥയിലാകു മെന്നിരുന്നാലും ആന്തരികമായി ദൈവത്തിൽ ഉല്ലസിക്കുന്ന അനുഭവ ത്തിൽ നിലനിൽക്കുന്നവനാകും.

പാശ്ചാത്യ ചിന്തയിൽ, ക്രിസ്തുവിന്റെ കഷ്ടത ധ്യാനിച്ചുകൊണ്ട് കര യുന്നതിനുള്ള ആഹ്വാനം കാണുന്നുണ്ട്. 'യെരുശലേം പുത്രിമാരെ നിങ്ങൾ എന്നെ ചൊല്ലി കരയേണ്ട, നിങ്ങളേയും നിങ്ങളുടെ മക്കളേയും ചൊല്ലി കരയുവീൻ' എന്ന് യേശുക്രിസ്തു പറയുന്നതിൽ നിന്നും, യേശു വിന്റെ കഷ്ടതകളെ ഓർത്ത് കരയുന്നതിന് പ്രസക്തയില്ല. എന്നിരു ന്നാലും കർത്താവിന്റെ കഷ്ടാനുഭവ ചിന്തകൾ ഒരുവനെ മാനസ്സാന്തര ത്തിലേക്ക് നയിക്കുമെങ്കിൽ, അത് നിരുത്സാഹപ്പെടുത്തേണ്ടതില്ല താനും.

**c) വിലാപാവസ്ഥയുടെ ഫലങ്ങളും മാർഗ്ഗങ്ങളും** (SCE. p. 196)

ഒരു തുള്ളി കണ്ണുനീർ ഒരു വലിയ പാപക്കറയെ കഴുകി കളയുമെ ന്നാണ് ജോൺ ക്രിസോസ്റ്റം പറയുന്നത്. എല്ലാ തിന്മകളേയും ഓടിച്ചു കളയുവാൻ വിലാപാവസ്ഥയ്ക്ക് കഴിയുമെന്നാണ് അമ്മോണസ് (Ammonas) പറയുന്നത്. വി. അന്തോണിയോസ് ആന്തരികമായി വിലാ

പാവസ്ഥയിൽ നിത്യവും കഴിഞ്ഞിരുന്നതിനാൽ, ബാഹ്യമായി വളരെ ശാന്തനും സൗന്ദര്യവാനുമായി കാണപ്പെട്ടിരുന്നു എന്ന് അത്താനാസ്യോസ് അദ്ദേഹത്തെപ്പറ്റി പറയുന്നു. കണ്ണുനീരുകൊണ്ട് നനഞ്ഞിരിക്കുന്ന മുഖത്തിന് അനശ്വരമായ ഭംഗിയുണ്ടെന്നാണ് അപ്രേം പറയുന്നത്.

'വിലാപാവസ്ഥ' ദൈവത്തിന്റെ ദാനമായി തന്നോട് യാചിക്കുന്നവർക്ക് ലഭിക്കുന്ന അനുഭവമാണ്. ബാഹ്യമായി ഉണ്ടാകാവുന്ന കഷ്ടതയും ഞെരുക്കവും അപകടവും രോഗവുമെല്ലാം ഈ വിലാപാവസ്ഥയ്ക്കുള്ള മുഖാന്തരങ്ങളായി ദൈവം നൽകുന്നതാണെന്ന് കരുതി അവയെ സന്തോഷത്തോടെ സഹിക്കാൻ ദൈവവിശ്വാസമുള്ളവർക്ക് മാത്രമെ കഴിയുകയുള്ളു. ശാരീരിക ബുദ്ധിമുട്ടുകൾ ആത്മീയമായ വിലാപാവസ്ഥയ്ക്ക് മുഖാന്തരമായി സ്വീകരിക്കാൻ ശീലിക്കുക എന്നത് ആത്മീയ വളർച്ചയുടെ ഒരു ഭാഗമായി പിതാക്കന്മാർ കരുതി.

ആത്മശോധനയിലൂടെ സ്വയം കുറവുകളെ കണ്ടുപിടിച്ച്, നമ്മുടെ 'പാപാവസ്ഥയെ' പറ്റിയുള്ള ഓർമ്മ നിലനിർത്തുന്നതും വിലാപാവസ്ഥയിലായിത്തീരാൻ നമ്മെ സഹായിക്കും. ലോകപ്രകാരമുള്ള പ്രതീക്ഷകളിൽ നിന്നും മനസ്സു വിടർത്തി, ദൈവം തരാനിരിക്കുന്ന ഭാഗ്യാവസ്ഥ, പൂർണ്ണമായി പ്രാപിക്കാനുള്ള പ്രതീക്ഷയിലേക്ക് മനസ്സ് ഉയർത്താൻ ശ്രമിക്കുന്ന പരിശീലനം അനുദിനം നേടിയെടുക്കുക. സ്വന്തം സുഖസൗകര്യങ്ങൾ മറ്റുള്ളവർക്ക് (അതില്ലാത്തവർക്ക്) നൽകി, അവരുടെ ദുഃഖവും ഭാരവും തിരികെ വാങ്ങി മറ്റുള്ളവർക്ക് ആശ്വാസം പകരുക തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ വിലാപാവസ്ഥയുടെ ഫലങ്ങൾ പ്രാപിച്ച് യഥാർത്ഥമായി സന്തോഷിക്കാൻ നമുക്കും പരിശ്രമിക്കാം. ഇതാണ് സ്വർഗീയ സന്തോഷത്തിലേക്കുള്ള പാത. ലൗകിക സന്തോഷം നിത്യദുഃഖത്തിലേക്ക് നയിക്കാനിടയുള്ളതാകയാൽ അത് വിട്ടൊഴിഞ്ഞ് ദൈവിക സന്തോഷം അന്വേഷിച്ച് കണ്ടെത്താൻ പരിശ്രമിക്കുക.

## യൂണിറ്റ് 4

# പൗരസ്ത്യാദ്ധ്യാത്മികത പ്രയോഗവും പുരോഗതിയും

## പാഠം 1

## ആത്മീയ പോരാട്ടത്തിലേക്ക്

ഈലോക ജീവിതത്തിന്റെ കളങ്കമേൽക്കാതെ ജീവിക്കുവാൻ ആഗ്രഹിക്കുന്നവർ ആത്മീയ ജീവിതത്തിന്റെ ആഴത്തിലേക്കു പ്രവേശിക്കുവാൻ പരിശ്രമിക്കേണ്ടതാണ്. അതേസമയം, ആത്മീയ ജീവിതം അഭ്യസിക്കുന്നവർ നേരിടേണ്ടിവരുന്ന ആത്മീയ പോരാട്ടത്തെക്കുറിച്ച് സാമാന്യമായ ഒരു അറിവുണ്ടാകേണ്ടത് ആവശ്യമാണ്. ശാസ്ത്രീയമായി വളർച്ച പ്രാപിച്ച ഇന്നത്തെ സമൂഹത്തിൽ, സാത്താൻ, പിശാച് എന്നീ പ്രയോഗങ്ങളും സങ്കൽപങ്ങളും അത്രകണ്ടു സ്വീകാര്യമായി തോന്നാനിടയില്ലെങ്കിലും, ദൈവവിശ്വാസികളെ സംബന്ധിച്ചിടത്തോളം, പൈശാചിക പ്രവർത്തനങ്ങളെ നേരിടുക എന്നത് ഒരു ജീവിത യാഥാർത്ഥ്യം തന്നെയാണ്. ദൈവം ഉണ്ട് എന്നത് ഒരു തോന്നൽ മാത്രമുള്ളവർക്ക് പിശാചും ഒരു തോന്നൽ മാത്രമായിരിക്കാം. എന്നാൽ ദൈവികശക്തി അനുഭവിച്ചറിഞ്ഞ് ജീവിക്കുന്നവർക്ക്, അതിനെതിരായി ഈ ലോകത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പൈശാചികശക്തിയെ നിരാകരിക്കാനാവില്ല. നന്മയും തിന്മയും തെരഞ്ഞെടുത്തു വളർത്തിക്കൊണ്ടുവരുന്ന ഒരു ആത്മീയതയാണ്, വീണുപോയ മനുഷ്യന് പ്രാപിച്ചെടുക്കാനുള്ളത്. ആകയാൽ അവൻ ഈ ലോകജീവിതത്തിലായിരിക്കുന്നിടത്തോളം കാലം തിന്മയുടെ പ്രതീകമായ 'സാത്താന്റെ' പ്രവർത്തനങ്ങളെ നേരിടേണ്ടിയിരിക്കുന്നു.

### 1. സാത്താനെതിരെയുള്ള പോരാട്ടം

#### a) ദൃശ്യവും അദൃശ്യവുമായ യുദ്ധം

ആത്മാവിനെതിരെ പ്രവർത്തിക്കുന്ന ശത്രുക്കളെ നേരിട്ടു തോൽപ്പിക്കുക എന്നത് ആത്മീയ ജീവിതത്തിന്റെ പ്രധാന വശമാണ്. യേശുക്രിസ്തു തന്നെയും പത്രോസിനോട്, 'സാത്താനെ, നീ എന്റെ പിറകിൽ പോക' എന്നു പറയുന്നുണ്ട്. കാരണം അവൻ ദൈവിക പദ്ധതിക്ക് വിപരീതമായി മാനുഷിക പദ്ധതികളാണ് യേശുവിന്റെ മുമ്പാകെ അവതരിപ്പിച്ചത് (മത്തായി 16:23). ആത്മീയ ജീവിതത്തിലെ ഓരോ ഘട്ടത്തിലും ഈ പോരാട്ടം നേരിടാൻ വിശ്വാസികൾ തയ്യാറായിരിക്കണം. ഈ പോരാട്ട

ജീവിതത്തെപ്പറ്റി സന്യാസപിതാക്കന്മാർ വളരെയേറെ പറയുന്നുണ്ട്. മത്സരം (contest), മല്ലയുദ്ധം (wrestling), തർക്കം (Polemics), സമരം (Struggle), വഴക്ക് (conflict) തുടങ്ങി പല പേരുകളിൽ വിവരണങ്ങൾ നൽകുന്നു.

ശരീരത്തെ നിഴലെന്നപോലെ, ആത്മാവിനെ പിശാച് എപ്പോഴും പിന്തുടർന്നുകൊണ്ടേയിരിക്കും. ബാഹ്യമായതും ആന്തരികമായതുമായ സമരം രഹസ്യമായോ പരസ്യമായോ രാപകൽ തുടർച്ചയായി നേരിടേണ്ടി വന്നേക്കും. ദൈവപക്ഷത്തു നിന്നും മനുഷ്യനെ അകറ്റുക എന്നതാണ് പൊതുലക്ഷ്യമായി സാത്താൻ കാണുന്നത്. അതിനായി പല തന്ത്രങ്ങളും ഉപയോഗിക്കും.

**b) പോരാട്ടത്തിന്റെ ആവശ്യം**

പൈശാചിക പോരാട്ടത്തിൽ, സാത്താൻ, ലോകം, ജഡം എന്നീ വിവിധ പേരുകളിൽ, വിശ്വാസികൾ യുദ്ധം ചെയ്യേണ്ടി വരും. പരീക്ഷിക്കപ്പെടാത്ത വിജ്ഞാനം വിലയുള്ളതല്ലാത്തതുപോലെ പരീക്ഷിക്കപ്പെടാത്ത ജീവിതവും വളർച്ച പ്രാപിക്കുന്നില്ല. ഒരുവനിലുള്ള വിനയവും, വിശ്വാസവും ദൈവാശ്രയവും അവനവനും ദൈവത്തിനും ബോദ്ധ്യപ്പെടുവാൻ പരീക്ഷണങ്ങൾ സഹായിക്കുന്നു. ഉദാ: ഇയ്യോബ്. പീഡനങ്ങളാകുന്ന പരീക്ഷകൾ ദൈവത്തോടു ചോദിച്ചു വാങ്ങണമെന്നാണ് അലക്സന്ത്രിയയിലെ ക്ലിമ്മീസ് പറയുന്നത്. ഇച്ഛാശക്തിയെ കൂടുതൽ ബലപ്പെടുത്താനും, സാക്ഷ്യത്തെ ഉറപ്പിക്കാനും, ആത്മീയ പക്വത പ്രാപിക്കാനും, ആത്മീയ പോരാട്ടം അത്യാവശ്യമാണെന്നാണ് കാസിയൻ പറയുന്നത്. നടക്കാൻ പഠിക്കുമ്പോൾ വീഴുന്നതും, നീന്താൻ പഠിക്കുമ്പോൾ താഴുന്നതുമെല്ലാം പരാജയമായി കാണാതെ, ആവശ്യം വരുമ്പോൾ ഓടാനും തിരമാലകളെ കീറിമുറിച്ച് നീന്താനും ശക്തിപ്രാപിക്കുന്നതു വരെ നിർത്താതെ പരിശീലിക്കുക എന്നതാണ് പ്രധാനം എന്ന് ഡൊറേത്തിയോസ് പറയുന്നു.

പൂർണതയിലേക്ക് വളർന്നാലും ഇല്ലെങ്കിലും പോരാട്ടം ഒഴിവാക്കാൻ സാദ്ധ്യമല്ല. ആത്മീയമായി വളരുംതോറും കാഠിന്യമേറിയ പോരാട്ടമാണ് കാത്തിരിക്കുന്നത്. പോരാട്ടത്തിന്റെ കാഠിന്യമനുസരിച്ച് ആത്മീയ വളർച്ചയുടെ ആഴം നിർണയിക്കാമെന്നാണ് പിതാക്കന്മാരുടെ അഭിപ്രായം. 'പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ' എന്ന് കർത്തൃപ്രാർത്ഥനയിൽ നാം പ്രാർത്ഥിക്കുന്നത് പരീക്ഷ നേരിടാൻ ഇടയാക്കരുതെ എന്നല്ല, പരീക്ഷയിൽ അകപ്പെടാൻ, തോൽക്കുവാൻ, ഇടയാകരുതെ എന്നാണ്. പരീക്ഷ വേണം, ജയിക്കുകയും വേണം. എന്നാൽ മാത്രമെ നമ്മുടെ സാമർത്ഥ്യം, വിദ്യാഭ്യാസരംഗത്തായാലും തെളിയിക്കപ്പെടുകയുള്ളു.

### c) എതിരാളി ആര്?

1) വി. വേദപുസ്തകത്തിൽ, സാത്താൻ പല പേരുകളിലും പ്രവൃത്തികളിലും അറിയപ്പെടുന്നു. 1) എതിരാളി (1 ശമു. 29:4, 1 രാജാ. 5:4, 11:14, സങ്കീ. 38:20, 17:13), 2) ദൈവത്തിനും മനുഷ്യർക്കും എതിരാളി (ഇയ്യോബ് 1:6, 12, 2:1, സഖ. 3:1), 3) ദുഷ്ടാത്മാക്കളുടെ തലവൻ (മത്തായി 8:28, 9:34, ലൂക്കോസ് 11:18), 4) പൈശാചികശക്തി (മത്തായി 8:29), 5) ശത്രു (മത്തായി 13:39, 1 പത്രോ. 5:8), 6) കൊലപാതകൻ, നുണയൻ (യോഹ. 8:44), 7) ക്രിസ്തുവിനാൽ കീഴടക്കപ്പെട്ടവൻ (ലൂക്കോസ് 10:18, റോമർ 16:20), 8) ബേത്സബൂൽ (മത്തായി 12:37), 9) ബെലിയാൽ (2 കൊരി. 6:15), 10) പിശാച് (മത്തായി 25:41, 1 പത്രോസ് 5:8), 11) മഹാസർപ്പം (വെളി. 12), 12) തിന്മപെട്ടവൻ (എഫേ. 6:16, യോഹ. 2:13), 13) ഈ ലോകപ്രഭു (യോഹ. 16:11), 14) വായുവിൽ (ഓയാറിൽ) പതിയിരിക്കുന്ന സേനകളുടെ അധിപൻ (എഫേ. 2:2), 15) ഭൂതം - അശുദ്ധാത്മാവ് (മർക്കോസ് 5:9), 16) ദുഷ്ടാത്മസേന (മത്തായി 12:22-29), 17) ഭൂതബാധ, വിവിധതരത്തിൽ (മത്തായി 8:16, മർക്കോസ് 1:32, ലൂക്കോസ് 8:36).

ഈ വേദഭാഗങ്ങൾ കൂടി താരതമ്യം ചെയ്തു പഠിക്കുക: Demon (മത്തായി 11:18, 17:18, 7:22, 9:34, 12:24, 12:28, യോഹ. 8:49, 1 കൊരി. 10:20, 21, 1 തിമോ. 4:1, യാക്കോബ് 2:19, വെളി. 18:2). Devil (മത്തായി 4:1, 13:39, 25:41, യോഹ. 6:70, എഫേ. 4:27, 1 തിമോ. 3:7, എബ്രാ. 2:14, യാക്കോബ് 4:7, 1 പത്രോസ് 5:8, 1 യോഹ. 3:8, യൂദ 9, വെളി. 12:9).

### 2. സഭാപിതാക്കന്മാരുടെ കാഴ്ചപ്പാടിൽ

വേദപുസ്തകാടിസ്ഥാനത്തിൽ, യേശുക്രിസ്തുവിന്റെ ജീവിതവുമായി ബന്ധപ്പെടുത്തിക്കൊണ്ട് പിതാക്കന്മാർ പിശാചിനെ വിവരിക്കുന്നുണ്ട്. യേശുക്രിസ്തു ക്രൂശിക്കപ്പെട്ടത് സാത്താനെ ക്രൂശിക്കാനായിട്ടാണെന്നാണ് തിയോഡോർ പറയുന്നത്. ഈ തത്വത്തിൽ തന്നെ ക്രിസ്ത്യാനികൾക്ക് ആത്മീയജീവിതം സാത്താനോടുള്ള പോരാട്ടം തന്നെയാണ് (എഫെ. 6:12). മരുഭൂമി സാത്താന്റെ കോട്ടയായതിനാൽ, അവിടെ ചെന്ന് അവനോട് യുദ്ധം ചെയ്തു ജയിക്കുകയാണ് വേണ്ടത് എന്ന തത്വത്തിൽ പലരും മരുഭൂമിയിലാണല്ലോ സാത്താനെ നേരിട്ട് തോൽപിച്ചത് (മത്തായി 4:1).

ഈ ലോകത്തിന്റെ 'പ്രഭു' എന്ന നിലയിൽ ലോകം മുഴുവൻ സാത്താന്റെ അധീനതയിൽ ആണെന്നും, പ്രകൃതിശക്തികളെല്ലാം 'കുട്ടി' ദൈവങ്ങളാണെന്നും, ആ ദൈവങ്ങളെ ആരാധിക്കുന്നത് സാത്താനെ ആരാധിക്കുന്നതിന് തുല്യമാണെന്നും, അത് സത്യദൈവത്തിൽ നിന്നും അവന്റെ സംരക്ഷണത്തിൽ നിന്നും മനുഷ്യരെ തെറ്റിക്കുന്നു എന്നും

പിതാക്കന്മാർ, കരുതി, അപ്രകാരമുള്ള പൈശാചിക പ്രവണതകളെ ഉന്മൂലനം ചെയ്തു ഏകദൈവവിശ്വാസികളും ആരാധകരുമായിത്തീരണമെന്ന് ആഹ്വാനം ചെയ്തു.

**a) പൈശാചിക ശക്തി:** സാത്താനേയും സൈന്യങ്ങളേയും ക്രിസ്തു തോൽപിച്ചിട്ടും, അവന്റെ ശക്തി ദൈവമക്കൾക്കെതിരെ പ്രയോഗിക്കാൻ കഴിയുന്നതെങ്ങനെയാണെന്ന് സ്വയം ചോദിച്ച് ഓറിജൻ തന്നെ മറുപടിയും പറയുന്നു. ദുഷ്ടമനുഷ്യരിൽ മാത്രമെ പിശാചിന് സ്വാധീനമുള്ളു. ക്രിസ്തുവിൽ വസിക്കുന്നവരിൽ പിശാചിന് യാതൊരു ശക്തിയും പ്രയോഗിക്കാൻ കഴിയുകയില്ല. പരീക്ഷിക്കാനായി ചില സൂത്രങ്ങൾ പ്രയോഗിക്കാമെന്നല്ലാതെ ദൈവമക്കളെ ഉപദ്രവിക്കാനോ വഴിതെറ്റിക്കാനോ സാത്താന് ശക്തിയില്ല. ലോകപ്രകാരമുള്ള ആകർഷണങ്ങളിലേക്കും സുഖലോലുപതയിലേക്കും പ്രലോഭിപ്പിക്കാൻ സാത്താന് കഴിയുമെങ്കിലും, അതിലേക്ക് തള്ളിയിടാൻ അവന് ശക്തിയില്ല. ചിലപ്പോൾ, പ്രലോഭനങ്ങൾ ഫലിക്കുന്നില്ലെന്ന് കണ്ടാൽ, നിരാശയും അവിശ്വാസവും സംശയവും ഭയവും ഉളവാക്കാൻ പിശാചിന് കഴിഞ്ഞേക്കും. സാത്താന് ദൈവമക്കളായി ജീവിക്കുന്നവരുടെ ബുദ്ധിയിൽ പ്രവേശിക്കാനോ, മനസ്സിനെ സ്വാധീനിക്കാനോ, ചിന്തകളെ അറിയാനോ കഴിവില്ല. എന്നാൽ ചില തോന്നലുകളും സങ്കൽപ്പങ്ങളും (Phantacies) മായയായ വഞ്ചനകളും കാണിച്ച് മനസ്സിനെ കബളിപ്പിക്കാൻ (Deceit) സാത്താന് കഴിയും. സാത്താൻ വെളിച്ചദൂതന്റെ വേഷത്തിൽ (2 കൊരി. 11:14) മനോഹരമായ 'തോന്നലുകൾ' ഉണ്ടാക്കുവാൻ സമർത്ഥനാണ്. പ്രത്യക്ഷതയിൽ നന്മയെന്നു തോന്നുന്ന ആലോചനകൾ മുന്നോട്ട് വയ്ക്കുക, പ്രവൃത്തിയുടെ അനന്തരഫലം തിന്മയാണെന്നിരിക്കെ, 'നന്മപ്രവൃത്തി'യാണെന്ന നിലയിൽ അത് ചെയ്യിക്കുവാൻ പ്രേരിപ്പിക്കുക എന്നിവ സാത്താന്റെ കൗശലങ്ങളാണെന്ന് പിതാക്കന്മാർ പറയുന്നു (ഉദാ. മോഹം, അത്യാഗ്രഹം, അഹങ്കാരം തുടങ്ങിയവ).

ഇപ്രകാരമുള്ള പൈശാചികതന്ത്രങ്ങളെ തിരിച്ചറിയുക (Discernment of the Spirit) അതിനായി ഹൃദയത്തെ സൂക്ഷിക്കുക എന്നിവയാണ് ആത്മീയജീവിതത്തിലെ ഏറ്റവും പ്രധാന കാര്യമെന്ന് പിതാക്കന്മാർ പറയുന്നു. 'ശരീര'വും സാത്താന്റെ വഞ്ചനയ്ക്ക് ഇരയായിത്തീരുന്ന സന്ദർഭങ്ങളുമുണ്ട് (ഉദാ. അമിത ഭക്ഷണം, അശുദ്ധി). ആകയാൽ ശരീരത്തെ നിയന്ത്രിക്കുന്ന ഉപവാസം, കുമ്പിടീൽ തുടങ്ങിയ അഭ്യസനമുറകളും ആവശ്യമാണ്.

സാത്താൻ എപ്പോഴും നമ്മുടെ പ്രവൃത്തികളെയാണ് നോക്കിക്കൊണ്ടിരിക്കുന്നത്. പ്രത്യേകിച്ചും ഏകാന്തതയിൽ നാം എന്തു പ്രവൃത്തി

ക്കുന്നു എന്നതിനെ ആസ്പദമാക്കിയാണ് അവന്റെ പ്രലോഭനപദ്ധതികൾ നമ്മുടെ നേരെ അവതരിപ്പിക്കുന്നത്. കാരണം നമ്മുടെ പ്രവൃത്തികളിലൂടെ, സ്വകാര്യജീവിതത്തിൽപോലും, നമ്മുടെ മനസ്സ് പിശാച് മനസ്സിലാക്കുന്നു. അല്ലാതെ, ദൈവത്തിന് നമ്മുടെ ഹൃദയവിചാരങ്ങൾ അറിയാൻ കഴിയുന്നതുപോലെ, നമ്മുടെ ചിന്തകളെ അറിയാൻ പിശാചിന് കഴിവില്ലെന്ന് ഓർക്കണം. നമ്മുടെ പ്രവൃത്തികളാണ് നമ്മുടെ ഹൃദയവിചാരങ്ങളെപ്പറ്റിയുള്ള സൂചന നൽകുന്നത്. അതുകൊണ്ട്, തിന്മ പ്രവൃത്തിക്കുന്നവരോട് അവൻ എളുപ്പത്തിൽ അടുക്കുന്നു. നന്മ പ്രവൃത്തിക്കുന്നവരോട് അവന് അടുക്കുവാൻ എളുപ്പമല്ല. ആകയാൽ, പിശാചിനെ അകറ്റിനിർത്താനുള്ള എളുപ്പമാർഗം തിന്മ പ്രവൃത്തികളിൽ നിന്നും ഒഴിഞ്ഞ്, നന്മ മാത്രം പ്രവർത്തിച്ചുകൊണ്ടിരിക്കുക എന്നതാണ്.

ഭൂതോച്ചാടനം (Exorcism) എന്നതിന് ആദിമ ക്രൈസ്തവരിൽ വളരെ പ്രാധാന്യം കൊടുത്തു കാണുന്നു. യേശുക്രിസ്തു തന്നെ പല പ്രാവശ്യം ഭൂതങ്ങളെ പുറത്താക്കുന്നതായി നമുക്കറിയാം. വി. മാമോദീസായുടെ ഒരുക്കമായി എല്ലാവരേയും ഭൂതോച്ചാടനം നടത്തുന്നു. പ്രത്യേക ഭൂതബാധയുള്ളവരേയും ഭൂതോച്ചാടനം നടത്തുന്നു. ദൈവശക്തിയിലുള്ള വിശ്വാസവും ആശ്രയവുമാണ് ഇവിടെ നാം കാണുന്നത്. യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യം തന്നെയാണ് ദൈവവചനം, പ്രാർത്ഥനകൾ എന്നിവ ഉച്ചരിക്കുക വഴി വെളിപ്പെടുന്നത്. ആകയാൽ, പിശാചിന് ഇവ രണ്ടിനെയും ഭയമാണ്. യേശുവിന്റെ നാമം, കുരിശ്, നന്മപ്രവൃത്തികൾ ഇവയും ഭൂതോച്ചാടനപ്രക്രിയ ത്വരിതപ്പെടുത്തുന്നു. ചുരുക്കത്തിൽ, മനുഷ്യൻ ആത്മീയമായി ശക്തി പ്രാപിക്കുന്തോറും ലോകം ശുദ്ധീകരിക്കപ്പെടുകയും പൈശാചികശക്തിയിൽ നിന്ന് മോചിതമാകുകയും ചെയ്യും. ദൈവേഷ്ടം പ്രവർത്തിക്കുന്നതിന് നാം ഉറച്ചു കഴിഞ്ഞാൽ പിശാച് നമ്മിൽ നിന്നും അകന്നുപോകും. മനസ്സ് ദൈവത്തിൽ ഉറപ്പിക്കുക എന്നതാണ് ഭൂതോച്ചാടനത്തിനുള്ള എളുപ്പ വഴി.

### 2. വിചാരങ്ങൾ വഴിയുള്ള പോരാട്ടം

ആത്മീയ പോരാട്ടങ്ങൾ ശരീരത്തിലല്ല, മനസ്സിലും ചിന്തയിലുമാണ് ആരംഭിക്കുന്നതും സ്വാധീനിക്കുന്നതും എന്നതിനാൽ, ചിന്താതലത്തിലുള്ള പോരാട്ടമാണ് കൂടുതലായും നേരിടേണ്ടി വരുന്നത്. അവയെപ്പറ്റി അൽപം കൂടി വിശദമായി പരിശോധിക്കാം.

#### a) ദുഷ്ടവിചാരങ്ങൾക്കെതിരെയുള്ള പോരാട്ടം

മനുഷ്യമനസ്സിൽ നിന്നാണ് ദുഷ്ടത പുറപ്പെടുന്നതെന്ന് യേശുക്രിസ്തു പറയുന്നത് (മത്തായി 15:19) പിതാക്കന്മാർ ഗൗരവമായി കരുതുന്നുണ്ട്.

സാധാരണക്കാർക്ക് വസ്തുക്കളോടുള്ള ആസക്തിയാണ് പ്രലോഭന കാരണമാകാറുള്ളത്. എന്നാൽ സന്യാസികൾക്ക്, അവർ വസ്തുക്കളിൽ നിന്നും അകന്നു കഴിയുന്നതിനാൽ, വിചാരങ്ങൾ വഴിയാണ് പ്രലോഭന ങ്ങൾ ഉണ്ടാകുന്നത്. ബാഹ്യയുദ്ധവും ആന്തരിക യുദ്ധവും എന്ന് വേണ മെങ്കിൽ പറയാം. ആന്തരികയുദ്ധം ജയിക്കുക പ്രയാസമാണ്. ചിന്തയിൽ പൊട്ടി മുളയ്ക്കുന്ന പാപമാണ്, ശരീരത്തിലൂടെ പാപ പ്രവൃത്തിയായി പരിണമിക്കുന്നത് എന്നാണ് മാക്സിമസ് പറയുന്നത്.

ബുദ്ധിയാണ് (Intellect) മനസ്സല്ല (mind) ദുർവിചാരം ജനിപ്പിക്കുന്നത്. ബുദ്ധിയിൽ ഉദിക്കുന്ന 'വിചാരം' മനസ്സിൽ സ്വീകരിക്കപ്പെടുകയോ തിര സ്കരിക്കപ്പെടുകയോ ചെയ്യുന്നത് മനസ്സിന്റെ ഇച്ഛാശക്തി (will power) മൂലമാണ്. പഞ്ചേന്ദ്രിയങ്ങളാൽ പ്രചോദിപ്പിക്കപ്പെട്ട് ബുദ്ധിയിലുദിച്ചുയ രുന്ന "ചിന്തകൾ" ശരീരത്തെ സന്തോഷിപ്പിക്കത്തക്കവിധവും, ആത്മാ വിനെ ദുഃഖിപ്പിക്കത്തവിധവും ആകാനാണ് സാദ്ധ്യത. അങ്ങനെ വരു മ്പോൾ, ദൈവാത്മാവുമായി ബന്ധപ്പെടുന്ന മനുഷ്യാത്മാവിന്റെ നിയന്ത്ര ണങ്ങളിലാണ് 'മനസ്സ്' സ്ഥിതി ചെയ്യുന്നതെങ്കിൽ, ശരിയായ തെരഞ്ഞെ ടുപ്പും തീരുമാനവും നടത്താൻ മനുഷ്യമനസ്സ് പ്രാപ്തിയുള്ളതായിത്തീ രുന്നു. പ്രലോഭനങ്ങളെ ജയിക്കുന്ന തീരുമാനമെടുക്കണമെങ്കിൽ, ദൈവ വുമായി അടുത്ത ബന്ധത്തിൽ മനുഷ്യനെന്നും നിലകൊള്ളണം.

**b) ചിന്ത - ഭാവന - മോഹം**

എല്ലാ ചിന്തകളും അതിൽതന്നെ തിന്മയാണെന്ന് പറയാനാവില്ല; പ്രത്യക്ഷത്തിൽ നല്ലതെന്ന് തോന്നുന്നവ ഫലത്തിൽ തിന്മ പ്രവൃത്തി യിൽ കലാശിച്ചേക്കാം; അതുപോലെ പ്രത്യക്ഷത്തിൽ തിന്മയെന്ന് തോന്നുന്നവ, ഫലത്തിൽ നല്ലതാണെന്നും വന്നേക്കാം. ആയതിനാൽ, ശരിയായ 'വിചേനശക്തി' പ്രാപിക്കുക എന്നത് ആത്മീയ അഭ്യസന ത്തിലൂടെ നേടിയെടുക്കേണ്ടതാണ്. പ്രാരംഭഘട്ടത്തിൽ, അനുഭവസമ്പ ന്നരായ ആത്മീയ ഗുരുക്കന്മാരുടെ സഹായവും നിർദ്ദേശങ്ങളും സ്വീക രിക്കേണ്ടതായി വരും.

ഒരു വിചാരം തിന്മയായിത്തീരുന്നത് എങ്ങനെയാണെന്ന് മാക്സിമസ് വിവരിക്കുന്നുണ്ട്. ചിന്ത, അതിന്റെ പുറകിലുള്ള വസ്തു / അനുഭവം, അത് പ്രാപിക്കണമെന്ന ആഗ്രഹം ഈ മൂന്നു ഘട്ടങ്ങൾ കൂടിച്ചേരുന്ന താണ് ദുഷ്ടവിചാരമായി പരിണമിക്കുന്നത്. ഉദാഹരണം: മദ്യം/സ്ത്രീ, സ്വർണ്ണം - അതെപ്പറ്റിയുള്ള മനസ്സിലെ ചിത്രം അഥവാ ഭാവന അത് പ്രാപിക്കണമെന്ന മോഹം/അഭിലാഷം). ആകയാൽ വസ്തുക്കളെ മറക്കുക എന്നതാണ്, അവയുടെ ചിത്രം മനസ്സിൽ വരാതിരിക്കാനും, അവ പ്രാപിക്കണമെന്ന ആഗ്രഹം ഉണ്ടാകാതിരിക്കാനുമുള്ള എളുപ്പ

മാർഗ്ഗം. വസ്തുക്കളും, അവയുടെ ഭാവനയും മാനസികചിത്രങ്ങളുമാണ്, ദുഷ്ടവിചാരങ്ങൾ ഉത്ഭവിപ്പിക്കുന്നത്. വസ്തുക്കളൊന്നും അവയിൽ തന്നെ തിന്മയുള്ളതല്ല; അവയെ സ്വന്തമാക്കണമെന്ന ആഗ്രഹം, അഥവാ 'സ്വാർത്ഥത'യാണ് മനുഷ്യനെ തിന്മ പ്രവൃത്തിയിലേക്ക് നയിക്കുന്നത്. 'സ്വാർത്ഥത' പ്രയോഗിക്കാൻ വസ്തുക്കൾ ഇരയായിത്തീരുന്നു എന്ന് മാത്രം. വസ്തുക്കളുടെ സ്വാർത്ഥതയോടുകൂടിയ അനുഭവം, മനുഷ്യനിൽ മോഹചിന്തകളുണർത്തുകയും അതിലേക്ക് വീണ്ടും വീണ്ടും ക്ഷണിക്കുകയും ചെയ്യുന്നു. മോഹം നിറഞ്ഞ ഓർമ്മകൾ മനസ്സിൽ തലോലിക്കുമ്പോൾ അവ വളർന്ന് പാപപ്രവൃത്തിയിൽ കലാശിക്കുന്നു. മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു എന്ന് യാക്കോബ് ശ്ലീഹാ പറയുന്നുണ്ടല്ലോ (യാക്കോബ് 1:15). ചുരുക്കിപ്പറഞ്ഞാൽ, പാപം ഉത്ഭവിക്കുന്നത്, മനുഷ്യ മനസ്സിന്റെ സ്വാർത്ഥത നിറഞ്ഞ മോഹങ്ങളെ നിയന്ത്രിക്കാനുള്ള മനുഷ്യന്റെ ഇച്ഛാശക്തി പിശാചിന്റെ പ്രലോഭനങ്ങൾക്ക് അടിമപ്പെട്ടും വസ്തുക്കളോടുള്ള താൽപര്യത്തിലും വ്യാപരിക്കുന്നത് മൂലമാണ്.

### c) പ്രലോഭനങ്ങളുടെ വിവിധ ഘട്ടങ്ങൾ

പ്രലോഭനങ്ങൾക്ക് അന്ത്യ അനുവാദം നൽകുന്നതിനു മുമ്പ് പല ഘട്ടങ്ങൾ സംഭവിക്കുന്നതായി സീനായ് പാരമ്പര്യത്തിലെ സഭാപിതാക്കന്മാർ പറയുന്നു.

**1) നിർദ്ദേശം (Suggestion):** "അങ്ങനെ ആയാലെന്താ? ഇങ്ങനെ ആയാൽ പോരെ? അത്രയ്ക്ക് വേണോ?" തുടങ്ങിയ ചില നിർദ്ദേശങ്ങളാണ് പിശാച് ആദ്യം മനസ്സിൽ കൊണ്ടുവരുന്നത്. **2) അഭിപ്രായസമന്വയം (drawing near):** ആ കാര്യത്തെപ്പറ്റിത്തന്നെ കൂടുതൽ ചിന്തിച്ച്, ചിന്തിച്ച് ഏകദേശം മതിയെന്നോ, പോരാ എന്നോ ഉള്ള ഒരു ധാരണയിലെത്തുന്നു. **3) മാനസിക തീരുമാനം എടുക്കുന്നു (Decision):** നല്ലതിനാണെങ്കിലും ചീത്തയ്ക്കാണെങ്കിലും ഒരു തീരുമാനത്തിലെത്തുന്നു. **4) പ്രവർത്തിക്കുന്നു (Action):** സാഹചര്യം വന്നാലുടനെ ആ തീരുമാനം നടപ്പാക്കുന്നു. ഇവിടെ നല്ല വിചാരങ്ങളാണെങ്കിലും ചീത്തവിചാരങ്ങളാണെങ്കിലും ഈ ഘട്ടങ്ങൾ തരണം ചെയ്യുന്നുണ്ട്. ദുഷ്ടവിചാരങ്ങളാണെന്ന് ആദ്യഘട്ടത്തിൽതന്നെ തിരിച്ചറിയാനും, അത് മനസ്സിൽ മോഹം ജനിപ്പിക്കുന്നതിന് മുമ്പുതന്നെ അതിനെതിരായ തീരുമാനമെടുത്ത് മനസ്സിൽ നിന്ന് ഓടിച്ചുകളയാനും കഴിയണമെങ്കിൽ, മനസ്സ് നന്മയിൽ അഥവാ ദൈവത്തിൽ നിലനിർത്തണം.

ജോൺ (Climacus) എന്ന സഭാപിതാവ് ചിന്തകൾ പാപങ്ങളായി തീരുന്നതിനിടയ്ക്ക് താഴെ പറയുന്ന ഘട്ടങ്ങൾ (stages) വിവരിക്കുന്നു. 1)

പൈശാചിക ആക്രമണം (Assault), 2) മനസ്സുമായി സംവാദം (converse), 3) സമ്മതം (consent), 4) തടവിലകപ്പെട്ട അവസ്ഥ (Captivity), 5) പുനർവിചിന്തനം (Struggle), 6) മോഹം (Passion). തെയോഫിൻ വേറെ ചില ഘട്ടങ്ങളാണ് പറയുന്നത്. Suggestion, Attention, Delight, Desire, Resolution and Deed. ഫിലോത്തിയോസ് പറയുന്ന 4 ഘട്ടങ്ങൾ: Impact, Coupling, Captivity, Passion എന്നിവയാണ്. അഗസ്റ്റിൻ 3 ഘട്ടങ്ങൾ പറയുന്നു. Suggestion, Dialogue, Consent.

ഇവയിലേതു തരമായാലും, പ്രാരംഭഘട്ടത്തിൽ തന്നെ വിചാരങ്ങളെ തിരിച്ചറിഞ്ഞ് തീരുമാനമെടുക്കുക എന്നതാണ് ആത്മീയ വളർച്ചകൊണ്ട് മനുഷ്യന് സാധിക്കാനുള്ളത്.

**3) ഹൃദയകാവൽ (Custody of the Heart)**

'ഹൃദയം' എന്നത് മനുഷ്യന്റെ മുഴുവൻ വ്യക്തിത്വത്തേയും സൂചിപ്പിക്കുന്നതായിട്ടാണ് യഹൂദ പാരമ്പര്യത്തിലും പൗരസ്ത്യചിന്തയിലും പൊതുവായി കാണുന്നത്. വിചാരങ്ങളെ സ്ഫുടം ചെയ്യുന്നതിലും നിയന്ത്രിക്കുന്നതിലും ഹൃദയം വലിയ ഒരു പങ്ക് വഹിക്കുന്നതായിട്ടാണ് ആത്മീയ പിതാക്കന്മാർ പറയുന്നത്.

**a) ദുഷ്ടവിചാരങ്ങൾ ദൂരീകരിക്കുന്നതെങ്ങനെ?**

ദുഷ്ടവിചാരങ്ങൾക്ക് സമ്മതം കൊടുക്കാതിരിക്കുക എന്നത് വലിയ കാര്യമാണെങ്കിലും, ക്രിസ്തീയ പരിപൂർണ്ണതയ്ക്ക് അതു മാത്രം പോര. ആദ്യഘട്ടമായ പൈശാചിക ആലോചന (Suggestion) തന്നെ സ്വീകരിക്കാതിരിക്കുവാൻ മനുഷ്യന് കഴിയുമോ? ഓറിജൻ ഉത്തരം പറയുന്നത്, കഴിയണം എന്നാണ്. കാരണം ആത്മീയ പോരാട്ടത്തിലൂടെയാണ് ആത്മീയശക്തി നാം പ്രാപിക്കുന്നത്. ആകയാൽ പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ, അവയോടുള്ള നമ്മുടെ സമീപനമാണ് പ്രധാനം. അവയെ സ്വാഗതം ചെയ്യരുത്, അവയുമായി സംവാദത്തിന് പോകരുത്. അവയെ മനസ്സിൽ താലോലിക്കരുത്. എദൻതോട്ടത്തിൽ ഹവ്വ സർപ്പവുമായി സംഭാഷണത്തിന് അനുവദിച്ചതാണല്ലോ പാപത്തിൽ കലാശിച്ചത്. സർപ്പത്തിന്റെ തലയെ ചതയ്ക്കുന്ന (ഉൽപ. 3:15) വിധത്തിൽ (മുട്ടകളായിരിക്കുന്ന അവസ്ഥയിൽ തന്നെ പാമ്പിൻകുഞ്ഞുങ്ങളായി വിരിയുന്നതിന് മുമ്പ് അവയെ നശിപ്പിക്കുകയാണ് എളുപ്പം) ദുഷ്ടവിചാരങ്ങളെ കഠിനമായി പ്രാരംഭത്തിലെ തട്ടിക്കളയണം. ഹൃദയമാകുന്ന പറുദീസായിൽ കയറുവാൻ സർപ്പത്തെ അനുവദിക്കരുത്. ആ തരത്തിൽ ഹൃദയത്തിന് കാവൽ ഏർപ്പെടുത്തണം. അപ്രകാരം കാവൽ വേണമെങ്കിൽ നാം ഉണർന്നും ജാഗരിച്ചും ജീവിക്കണം. ഇവാഗ്രിയസിന്റെ അഭിപ്രായത്തിൽ ജാഗ്രതയാണ് (Prosche) പ്രാർത്ഥനയുടെ (Proseuche) മാതാവ്. മനസ്സി

ലേക്ക് ആവശ്യമില്ലാതെ കയറിവരുന്ന വിചാരങ്ങളെ, അപ്പഴപ്പോൾ ഓടിച്ചു വിടുന്നതിനുള്ള ജാഗ്രതയാണ് ഹൃദയകാവലിന് ഏറ്റവും ആവശ്യമാ യിരിക്കുന്നത്. നല്ല വിചാരങ്ങളെ സ്വീകരിക്കാനും, ദുഷ്ടവിചാരങ്ങളെ ഓടിച്ചുകളയാനുമുള്ള കഴിവുണ്ടാകുന്നതിന് ആഴമായ പരിശീലനം ആവ ശ്യമാണ്. ആത്മീയജീവിതത്തിൽ പ്രധാനമായി പരിശീലിച്ചെടുക്കേ ണ്ടതും ഇതു തന്നെയാണ്.

### b) ദുഷ്ടവിചാരങ്ങളെ എതിർക്കുന്ന രീതികൾ

പ്രാർത്ഥനയാണ് പൊതുവായ രീതി. എല്ലായ്പ്പോഴും പ്രയോഗിക്കാ വുന്ന ആയുധവും അതു തന്നെയാണ്. എന്നാൽ മറ്റു ചില രീതികൾ കൂടി പിതാക്കന്മാർ ചൂണ്ടിക്കാണിക്കുന്നുണ്ട്.

1) മറുചോദ്യങ്ങൾ വഴി തോൽപിക്കുക: മരുഭൂമിയിൽ വച്ച് യേശു ക്രിസ്തു സാത്താനെ തോൽപിച്ചത് ഇങ്ങിനെയായിരുന്നല്ലോ (മത്താ. 4:1-4). അവിടെ നമ്മുടെ ആശയങ്ങളല്ല, വേദവാക്യങ്ങളാണ് നാം പ്രയോ ഗിക്കേണ്ടത്. വചനമെന്ന വാൾ ഉപയോഗിക്കണമെങ്കിൽ, അത് ശരിയാ യവിധം അറിഞ്ഞിരിക്കണമെന്ന് പറയേണ്ടതില്ലല്ലോ. ആകയാൽ ദൈവ വചനം ശരിയായി ഗ്രഹിച്ച് സ്വായത്തമാക്കുക എന്നത് സാത്താനുമാ യുള്ള ആന്തരിക പോരാട്ടത്തിന് നമ്മെ ശക്തമാക്കുന്ന ഘടകമാണ്. ചില സന്യാസിമാർക്ക് സങ്കീർത്തനങ്ങൾ മാത്രമല്ല, മിക്കവാറും എല്ലാ വേദ ഭാഗങ്ങളും കാണാതെ ഓർത്തിരിക്കുവാൻ കഴിയുമായിരുന്നു. അതു കൊണ്ട് ശരിയായി വേദവാക്യങ്ങൾ പരസ്പരം ബന്ധപ്പെടുത്തി വ്യാഖ്യാ നിക്കാൻ കഴിഞ്ഞു എന്ന് മാത്രമല്ല; എല്ലാത്തരം പൈശാചിക ആലോ ചനകളേയും പെട്ടെന്ന് തിരിച്ചറിയാനും പ്രതികരിക്കാനും പ്രാപ്തി നേടു കയും ചെയ്തു. പ്രധാനപ്പെട്ട 8 ദുഷ്ടവിചാരങ്ങൾക്കെതിരായ വേദചിന്ത കൾ ക്രമീകരിച്ച് വേദപുസ്തകം പഠിക്കുന്ന രീതി ഇവാഗ്രിയസ് ഏർപ്പെ ടുത്തിയതിൽ ഉൽപത്തി മുതൽ വെളിപാടു വരെയുള്ള 487 വേദഭാഗ ങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

2) ലഘുപ്രാർത്ഥനകൾ ചൊല്ലിക്കൊണ്ടിരിക്കുക.

പഠിത്തമൊന്നുമില്ലാത്ത സന്യാസിമാർ, ഇവയെല്ലാം പഠിക്കാനും ഓർ ത്തിരിക്കാനും കഴിയാതെ വരുമ്പോൾ, യേശുക്രിസ്തുവിന്റെ പേര് ഉച്ച രിച്ചും, 'യേശുവെ, ദാവീദുപുത്രാ പാപിയായ എന്നോട് കരുണ ചെയ്യ ണമെ' എന്ന ലഘുപ്രാർത്ഥന (Jesus Prayer) നിരന്തരം ചൊല്ലിക്കൊണ്ടും സാത്താനെ ഓടിക്കുന്ന രീതിയുണ്ടായിരുന്നു. മറ്റു ലഘു പ്രാർത്ഥനകളും നിമിഷ പ്രാർത്ഥനകളും നടത്തി, ദൈവസാന്നിദ്ധ്യബോധത്തിൽ നില നിൽക്കുക എന്നതായിരുന്നു സാധാരണ സന്യാസികൾ ചെയ്തിരുന്നത്. ദൈവചിന്തയിൽ നിറഞ്ഞുനിൽക്കുന്ന മനസ്സിൽ പിശാചിന് അടുക്കാൻ പോലും സാധ്യമല്ലാതായിത്തീരുന്നു.

## 4. ആത്മാവിനെ തിരിച്ചറിയൽ (Discernment of the Spirit)

ദൈവശബ്ദവും ദൈവികപദ്ധതിയും തിരിച്ചറിയുക എന്നത് ആത്മീയ വളർച്ചയിലൂടെ നേടിയെടുക്കേണ്ടതാണെങ്കിലും, ദൈവസഹായം കൂടി ഇതിന് ആവശ്യമാണ്. ദൈവശബ്ദം തിരിച്ചറിഞ്ഞ്, ദൈവമനസ്സ് പ്രഖ്യാപിച്ചവരാണ് പ്രവാചകന്മാർ. പുതിയനിയമത്തിലും ആത്മാക്കളെ വിവേചിച്ചറിയുന്നതിനെപ്പറ്റി പൗലൂസ് ശ്ലീഹായും യോഹന്നാൻ ശ്ലീഹായും പ്രസ്താവിക്കുന്നുണ്ട് (1 കൊരി. 12:10; 1 യോഹ. 4:1). അന്തോണിയോസ്, ഇവാഗ്രിയസ്, കാസിയൻ തുടങ്ങിയവരെല്ലാം ആത്മാക്കളുടെ വിവേചനത്തെപ്പറ്റി സൂചനകൾ നൽകുന്നുണ്ട്.

പരിശുദ്ധാത്മാഭിഷേകത്താലാണ് പ്രകാശിതമാകുന്നതും തിരിച്ചറിവ് ലഭിക്കുന്നതുമെന്നാണ് യോഹന്നാൻ ശ്ലീഹാ പറയുന്നത് (1 യോഹ. 2:20, 27). ഡയാഡോക്കസ് പറയുന്നത്, പരിശുദ്ധാത്മാവ് ജ്ഞാനത്തിന്റെ വിളക്കാണെന്നാണ്. ദൈവം നൽകുന്ന ആത്മീയ പരിജ്ഞാനമാണ് തിരിച്ചറിവ് എന്ന് Velichkovsky പറയുന്നു. ഈ അനുഭവം നിലനിർത്തണമെങ്കിൽ സ്നേഹപ്രവൃത്തികളുണ്ടായാലേ സാധ്യമാകൂ (1 യോഹ. 2:3, ഫിലി. 1:9). ആത്മാക്കളുടെ സ്വഭാവത്തെ മനസ്സിലാക്കാനുള്ള കഴിവ് ദൈവത്തിൽ നിന്ന് ലഭിക്കുന്നതാണെന്നും, പ്രാർത്ഥനയും ശിക്ഷണവുമാണ് അതിന് അത്യാവശ്യം വേണ്ടിയിരിക്കുന്നതെന്നും അന്തോണിയോസ് പ്രസ്താവിക്കുന്നു. വളരെ ദീർഘമായ പരിശീലനവും പരിപാലനവും വഴിയാണ് ഈ തിരിച്ചറിവ് പ്രാപിക്കുന്നത്. ദൈവികം, മാനുഷികം, പൈശാചികം എന്നിങ്ങനെ വിചാരങ്ങളെ പ്രഥമഘട്ടത്തിൽ തന്നെ തിരിച്ചറിയാൻ കഴിയുമെന്നാണ് പരിശീലനം ലഭിച്ച പിതാക്കന്മാർ പറയുന്നത്.

### ആത്മാവ് പ്രവർത്തിക്കുന്നതിന്റെ മനഃശാസ്ത്ര നിയമങ്ങൾ

നല്ല ആലോചനകളും ദർശനങ്ങളും ആണെങ്കിൽ പറഞ്ഞറിയിക്കാനാവാത്ത സന്തോഷവും, ശാന്തിയും ധൈര്യവും സൽചിന്തകളും, ദൈവസ്നേഹവും അനുഭവപ്പെടും; തെറ്റായ ആലോചനയാണെങ്കിൽ ദുഃഖവും, നിരാശയും, ഭയവും, വെറുപ്പും, മടിയും, സ്വഭാവത്തിൽ അസ്ഥിരതയും ആത്മീയജീവിതത്തോട് അകൽച്ചയും, മരണത്തെക്കുറിച്ചുള്ള ഭയവുമെല്ലാം ഉണ്ടാകുമെന്നാണ് അന്തോണിയോസ് പറയുന്നത്. അശാന്തി വരുത്തുന്നതെല്ലാം പൈശാചികമാണ്.

ദൈവാത്മാവിന്റെ നൽവരങ്ങളാണെന്ന വ്യാജേന പൈശാചിക സ്വാധീനത്തിൽ 'കൃതിമ വരങ്ങൾ' പ്രവർത്തിക്കുന്നതായി തോന്നിപ്പിക്കാൻ പിശാചിനും കഴിയും. സാത്താന് വെളിച്ച ദൂതന്റെ വേഷത്തിൽ

പ്രത്യക്ഷപ്പെട്ട് മനുഷ്യനെ വഞ്ചിക്കാൻ കഴിവുണ്ടെന്ന് കാണുന്നുണ്ടല്ലോ? (2 കൊരി. 11:14). സാത്താൻ കുറച്ചു നാളത്തേക്ക് മാറിനിന്ന്, നമ്മെ നിരീക്ഷിച്ച്, നമ്മുടെ ബലഹീനവശം കണ്ടുപിടിച്ച് വീണ്ടും ആക്രമിക്കുമെന്നും ഓർത്തിരിക്കണം. ആത്മശോധനയും ആത്മ ശുദ്ധീകരണവും ക്രമമായി നടത്തുന്നത് ആത്മാവിനെ തിരിച്ചറിയുന്നതിന് നമ്മെ സഹായിക്കും. ചില സന്യാസിമാർ അവരവരുടെ ചിന്തകളും തെറ്റുകളും ഓരോ ദിവസവും എഴുതിവച്ച് ആത്മശോധന നടത്തിയിരുന്നതായി ജോൺ (Climacus) പറയുന്നുണ്ട്. ഏറ്റവും കൂടുതൽ ആവർത്തിക്കപ്പെടുന്ന ചിന്തകളേയും പാപങ്ങളേയും അതിജീവിക്കുക എന്നതാണ് ഏറ്റവും പ്രധാന ലക്ഷ്യമായി അവർ കാണുന്നത്.

## പാഠം 2

## ചിന്താതലത്തിൽ വിജയിക്കുവാൻ

### ദുഷ്ടവിചാരങ്ങൾക്കെതിരെ ജാഗ്രത

ഇന്ദ്രിയങ്ങൾകൊണ്ട് അറിയാവുന്ന ചിന്തകളാണ് പൊതുവെ സാത്താൻ നമ്മുടെ മനസ്സിലേക്ക് കൊണ്ടുവരുന്നത്. അവ വസ്തുക്കളുമായി ബന്ധപ്പെട്ടവയുമായിരിക്കും. ഇവാഗ്രിയസ്, 'Praktikos' എന്ന ഗ്രന്ഥത്തിൽ, എല്ലാ ദുഷ്ടവിചാരങ്ങളുടേയും ഉത്ഭവകാരണങ്ങളായ 8 ദുഷ്ടവിചാരങ്ങളെപ്പറ്റി പറയുന്നുണ്ട്. 1) ഭക്ഷണപ്രിയം (Gluttony), 2) ദുഷ്കാമം (Fornication), 3) ദ്രവ്യാഗ്രഹം (love of money), 4) നിരാശ, അസംതൃപ്തി (discontent), 5) കോപം (Anger), 6) അലസത (Despondency), 7) ദുരഭിമാനം (vain glory), 8) അഹങ്കാരം (Pride).

ആത്മീയ ജീവിതത്തിൽ വളർന്നുവരുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നവർ നിശ്ചയമായും അടിസ്ഥാനപരമായ ഈ എട്ട് ദുഷ്ടവിചാരങ്ങളെപ്പറ്റി ആഴത്തിൽ മനസ്സിലാക്കുകയും അവയിൽ നിന്നും പൂർണ മോചനത്തിനായി തുടർച്ചയായി ശ്രമിച്ചുകൊണ്ടേയിരിക്കുകയും ചെയ്യണം. John of Damascus, Cassian, Gregory the Great തുടങ്ങിയവർക്കുപുറമെ, 5-ാം നൂറ്റാണ്ടിൽ ജന്നേഡിയസ്, അതിന് വളരെ മുമ്പ് ഓറിജൻ എന്നിവരും ഇപ്രകാരം ദുഷ്ടവിചാരങ്ങളുടെ പട്ടിക പറയുന്നുണ്ട്. യോശുവായുടെ നേതൃത്വത്തിൽ യിസ്രായേൽ മക്കൾ കനാൻദേശം പിടിച്ചടക്കിയപ്പോൾ എട്ടു രാഷ്ട്രങ്ങളെ കീഴടക്കിയതുപോലെ (ആവ. 7:1) ഈ എട്ടു ദുഷ്ടവിചാരങ്ങളെ യുദ്ധം ചെയ്തു കീഴടക്കണമെന്നാണ് ഇവാഗ്രിയസ് പറയുന്നത്.

ഇപ്രകാരം ഒരു പട്ടികയുടെ പ്രാധാന്യം എന്താണ്? യേശുക്രിസ്തു തന്റെ മരുഭൂമിയിലെ പരീക്ഷണഘട്ടത്തിൽ ഇവയെ തോൽപിച്ച് കീഴടക്കിയെന്നും, ക്രിസ്ത്യാനികൾ പടിപടിയായി ഇവയെ കീഴടക്കാൻ ശ്രമിക്കണമെന്നുമാണ് ഇതിന്റെ ധ്വനി. ഈ പട്ടികയിൽ പറഞ്ഞിരിക്കുന്ന ക്രമത്തിൽ ആദ്യം മുതൽ അവസാനം വരെ ഓരോന്നോരോന്നായി നേരിട്ട് പൊരുതി ജയിക്കണമെന്നാണ് അദ്ദേഹം പറയുന്നത്. ആദ്യം അഹങ്കാരത്തെ ജയിക്കാൻ ശ്രമിക്കാതെ, ഭക്ഷണമോഹത്തെ ജയിക്കാൻ ശ്രമിക്കുക. പിന്നീട് ദുഷ്കാമം, പിന്നെ ദ്രവ്യാഗ്രഹം, പിന്നെ ദുഃഖം, നിരാശ, പിന്നെ കോപം, പിന്നെ അലസത, പിന്നെ വ്യർത്ഥമഹത്വം, പിന്നെ അഹങ്കാരം. ഒടുവിലത്തെ കോട്ട വരെ പിടിച്ചടക്കിയാലും കനാൻദേശത്ത് എത്തുന്നതേയുള്ളു. അവിടെ പിന്നെയും ജീവിതസൗകര്യത്തിന്നാവശ്യമായ കോട്ടമതിൽ, കോട്ടവാതിൽ, ഭവനങ്ങൾ, ഭക്ഷണസാധനങ്ങൾ തുടങ്ങി നിരവധി കാര്യങ്ങൾ ക്രമീകരിക്കാനുണ്ട്. അവയെ പറ്റിക്കൂടി നാം മനസ്സിലാക്കി വേണം ആത്മീയ പോരാട്ടത്തിന് പുറപ്പെടാൻ.

പാശ്ചാത്യ സഭകളിൽ അവസാനത്തെ രണ്ടും കൂടി ചേർത്ത് ഒന്നാക്കി, ആകെ 7 ദുഷ്ടവിചാരങ്ങൾ എന്ന തത്വം 13-ാം നൂറ്റാണ്ടു മുതൽ സാർവത്രികമായി അംഗീകരിക്കപ്പെട്ടു. ദുഃഖം, മ്ലാനത (sadness) എന്നത് അസൂയ (Envy) എന്നാണ് ചിലർ പറയുന്നത്. തത്വത്തിൽ, മറ്റുള്ളവരുടെ ഉയർച്ചയിലുണ്ടാകുന്ന ദുഃഖം തന്നെയാണ് അസൂയ എന്നതിനാൽ അവ തമ്മിൽ വലിയ വ്യത്യാസം പറയാനില്ല. ഇനിയും ഓരോന്നിനെപ്പറ്റി അൽപമായി പഠിക്കാം.

**1) ഭക്ഷണമോഹം (Gluttony)**

ഭക്ഷിക്കാൻ പാടില്ലെന്നാണ് ദൈവത്തിന്റെ ആദ്യ വിലക്ക്, ഭക്ഷിച്ചുകൊണ്ടാണ് ആദ്യപാപം മനുഷ്യൻ ചെയ്യുന്നത്. അതുകൊണ്ടുതന്നെ പാപജീവിതത്തിൽ വീഴാനാരംഭിക്കുന്നത് ഭക്ഷണമോഹം വഴിയാണ്. ഹവ്വാ മാത്രമല്ല; ഏശാവും യാക്കോബ് തയ്യാറാക്കിയ പായസം വാങ്ങി തന്റെ അവകാശം നഷ്ടപ്പെടുത്തി. നമുക്ക് ദൈവം നൽകാനാഗ്രഹിക്കുന്ന അവകാശങ്ങളും പദവികളും, ഭക്ഷണമോഹം മൂലം നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടിയിരിക്കുന്നു.

അലക്സന്ത്രിയായിലെ ക്ലിമ്മീസ് ഭക്ഷണമോഹത്തിന്റെ മൂന്നു ഘട്ടങ്ങൾ പറയുന്നു. 1) രുചികരമായ ഭക്ഷണത്തോട് പ്രത്യേകം ആഗ്രഹം (Opsophagia), 2) അമിതമായി ഭക്ഷിക്കുക (Gastrimargia), 3) ശ്വാസം മുട്ടുന്നതു വരെ തുടർച്ചയായി കഴിച്ചുകൊണ്ടേയിരിക്കുക (Laimargia). സമയത്തിനു മുമ്പുതന്നെ ഭക്ഷണത്തെ ഓർത്ത് കൊതിച്ചിരിക്കുക, അസമയങ്ങളിൽ ഭക്ഷിക്കുക, രുചികരമായ ഭക്ഷണത്തിന്നായി ആഗ്ര

ഹിക്കുക എന്നിവ 'ഭക്ഷണമോഹ'മായി കാസിയൻ പറയുന്നു. ഉപവാസം ആധുനിക മനുഷ്യന് ആവശ്യമില്ലെന്നും, ക്രിസ്ത്യാനികൾ പഴയനിയമ ഉപവാസനിയമങ്ങൾക്ക് വിധേയരല്ലെന്നും ശരീരത്തിന് ക്ഷീണവും രോഗവും വരുത്തുമെന്നും ആകയാൽ ഉപവസിക്കേണ്ടതില്ലെന്നും മനസ്സിൽ തോന്നുന്ന അനുഭവത്തെ 'ഭക്ഷണമോഹ'മായി ഇവാഗ്രിയസ് വിവരിക്കുന്നു. ഭക്ഷണത്തെപ്പറ്റിയുള്ള ഓർമ്മയും, ഭാവനയും സ്വപ്നങ്ങളുമെല്ലാം 'ഭക്ഷണമോഹം' എന്ന ദുഷ്ടവിചാരമാണെന്നാണ് Climacus പറയുന്നത്. മറ്റാരും കാണാതെ രഹസ്യത്തിൽ ഭക്ഷണം കഴിക്കാനുള്ള ആഗ്രഹവും ഭക്ഷണമോഹമായി കണക്കാക്കപ്പെടുന്നു. ഭക്ഷണത്തോട് വേണ്ട എന്നു പറയുവാൻ കഴിയാത്തവന് മറ്റ് ഒരു തിന്മയോടും 'വേണ്ട' 'അരുത്' എന്ന് പറയുവാനുള്ള ശക്തി ലഭിക്കുകയില്ലാത്തതിനാൽ, മറ്റു പാപങ്ങളെ ജയിക്കാനുള്ള ഇച്ഛാശക്തി (will power) വളർത്തിയെടുക്കുന്നതിന്നായി 'ഭക്ഷണമോഹ'ത്തെ ജയിക്കേണ്ടത് അത്യാവശ്യമാണ്. അതുകൊണ്ടാണ് സകലപാപങ്ങളേയും ജയിക്കുന്നതിനുള്ള പ്രഥമ പടിയായി 'ഉപവാസം' പരിശീലിക്കണമെന്ന് പിതാക്കന്മാർ നിഷ്കർഷിക്കുന്നത്. ആത്മീയഭക്ഷണം അന്വേഷിക്കുവാനും ആസ്വദിക്കുവാനും ശ്രമിക്കുക വഴിയാണ്, ശാരീരിക ഭക്ഷണമോഹം വെടിയുവാൻ നമുക്ക് കഴിയുന്നത്. 'നിങ്ങൾ അറിയാത്ത ആഹാരം എനിക്ക് ഉണ്ട്' (യോഹ. 4) എന്നും 'എന്റെ പിതാവിന്റെ ഇഷ്ടം നിവർത്തിക്കുന്നതാകുന്നു എന്റെ ആഹാരം' എന്നും 'മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല; ദൈവവചനം കൊണ്ടും കൂടിയാണ് ജീവിക്കുന്നത്' എന്നും (മത്തായി 4) യേശുക്രിസ്തു അരുളിച്ചെയ്യുന്നതിൽ നിന്നും വളരെയേറെ കാര്യങ്ങൾ നാം മനസ്സിലാക്കേണ്ടതുണ്ട്. 'ഈ അപ്പം തിന്നുന്നവൻ എന്നാളും ജീവിക്കും, ഞാൻ ജീവന്റെ അപ്പമാകുന്നു' (യോഹ. 6), 'നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല, നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരത്തിന്നായിട്ട് തന്നെ നിങ്ങൾ പ്രയത്നിപ്പിൻ, അത് മനുഷ്യപുത്രൻ നിങ്ങൾക്ക് നൽകും' (യോഹ. 6:27) തുടങ്ങിയ കർത്തൃവചനങ്ങളുടെ പൊരുൾ ഉൾക്കൊണ്ട് ഭക്ഷണമോഹത്തെ അതിജീവിക്കാൻ ശ്രമിക്കുക. 'ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഞങ്ങൾക്ക് തരേണമേ' ('Daily Bread' and not 'Daily Food'). ഞങ്ങൾക്ക് 'ആഹാരം' തരേണമെ എന്ന് പ്രാർത്ഥിക്കാനല്ല കർത്താവ് പഠിപ്പിച്ചത്, 'അപ്പം' തരേണമെ എന്ന് തന്നെയാണ്. ആവശ്യമുള്ള അപ്പം 'ജീവന്റെ അപ്പം' തന്നെയാണ്. അത് മനുഷ്യപുത്രൻ നിങ്ങൾക്ക് നൽകും (യോഹ. 6:27). ആ അപ്പത്തിനായുള്ള ആഗ്രഹവും ഒരുക്കവും നമ്മിലുണ്ടായാൽ, നശിച്ചുപോകുന്ന ആഹാരത്തിന്നായുള്ള 'ഭക്ഷണമോഹം' (gluttony) നമ്മിൽ നിന്നും മാറിപ്പോകും.

നിത്യജീവനെപ്പറ്റിയും അതിനാവശ്യമായ ആഹാരത്തെപ്പറ്റിയും

ബോദ്ധ്യം വരാതെ, ഭക്ഷണമോഹത്തെ ജയിക്കുക എളുപ്പമല്ല. 'നമ്മുടെ മനസ്സ് ദൈവികകാര്യങ്ങളിൽ വ്യാപരിക്കുന്നതിൽ അതിയായ സന്തോഷം കണ്ടെത്തുന്നില്ലെങ്കിൽ, നമ്മുടെ മുമ്പാകെ ലഭിക്കുന്ന ഭക്ഷണത്തെ മോഹത്തോടെ ഭക്ഷിക്കുന്നതിനെ കുറ്റപ്പെടുത്താനാവില്ല" എന്നാണ് കാസിയൻ പറയുന്നത്. ആകയാൽ ഭക്ഷണമോഹത്തെ ജയിക്കാനുള്ള മാർഗ്ഗം, ദൈവിക കാര്യങ്ങളെപ്പറ്റിയും, ദൈവം നമുക്ക് നൽകുന്ന അവ കാശങ്ങൾ, പദവികൾ എന്നിവയെപ്പറ്റിയും, ദൈവേഷ്ടം നിവൃത്തിക്കു ന്നതിനെപ്പറ്റിയും, നിത്യജീവനെപ്പറ്റിയും അതിനാവശ്യമായ ജീവന്റെ അപ്പത്തെപ്പറ്റിയുമൊക്കെ ചിന്തിച്ചും ധ്യാനിച്ചും നമ്മുടെ മനസ്സിനെ ആത്മീയ നിറവിൽ ആനന്ദിപ്പിക്കുക എന്നതാണ്.

**2) ദുഷ്കാമം (Fornication)**

ഭക്ഷണമോഹവും ദുഷ്കാമവും വളരെ ബന്ധമുണ്ട്. ശരീരത്തിലെ പല വികാരങ്ങളിലൊന്നാണ് ലൈംഗികത (sex) എന്ന് ഇവാഗ്രിസയ് പറയുന്നു. ശരീരം ആവശ്യത്തിലധികം സുപുഷ്ടമായാൽ, ഭക്ഷണസുഖ ത്തിന്നപ്പുറത്ത് ലൈംഗികസുഖം അഥവാ കാമമായി സ്വയം ആസ്വദി ക്കാനുള്ള മോഹം (lust) ജനിക്കുന്നത് സ്വാഭാവികമാണ്. ആ മോഹം ജനിച്ചാൽ അതിനെ ശമിപ്പിക്കുന്നതിനുള്ള ഉപാധികളായ സ്വയംഭോഗം, സ്വവർഗ്ഗഭോഗം, വ്യഭിചാരം തുടങ്ങിയ അനാവശ്യ പ്രവർത്തനങ്ങൾ ക്കായി മനസ്സ് ആഗ്രഹിച്ചുകൊണ്ടിരിക്കും. അത് സാധ്യമായിത്തീരുന്ന തുവരെ മനസ്സ് അസ്വസ്ഥമായിരിക്കുകയും ചെയ്യും. ഇപ്രകാരം മോഹം വർദ്ധിച്ച് അത് ശമിപ്പിക്കുന്നതായാൽ ശരീരത്തിൽ അത് ഒരു ശീലമാ യിത്തീരുകയും, സാവധാനം മനുഷ്യൻ അതിന് അടിമയായിത്തീരുകയും ചെയ്യും.

ശരീരത്തിന് 3 തരത്തിലുള്ള ചലനങ്ങൾ ഉണ്ടാകാമെന്നാണ് ഇവാ ഗ്രിയസ് പറയുന്നത്. 1) സ്വാഭാവിക ചലനങ്ങൾ (natural), 2) കൂടുതൽ ഭക്ഷിച്ചതിനാലും കുടിച്ചതിനാലുമുണ്ടാകുന്ന ചലനങ്ങൾ, 3) സാത്താന്റെ പ്രലോഭനത്താലുണ്ടാകുന്ന ചലനങ്ങൾ. സ്വാഭാവിക ചലനങ്ങൾ മാത്ര മുള്ള ശരീരത്തിൽ സാത്താന്റെ പ്രലോഭനങ്ങൾ സാധാരണ ഉണ്ടാകാ റില്ലെന്നും, ഉണ്ടായാൽ തന്നെ അവ ആത്മീയ ലക്ഷ്യത്തിൽ നിന്നും പരിശീലനത്തിൽ നിന്നും മനുഷ്യനെ ചലിപ്പിക്കാൻ ശക്തമല്ലെന്നും അദ്ദേഹം പറയുന്നു. അതേസമയം, അമിത ഭക്ഷണവും കുടിയും മനു ഷ്യനെ ശാരീരികമോഹത്തിലേക്ക് നയിക്കുമെന്ന് അറിഞ്ഞിട്ടും ഭക്ഷണ മോഹത്തിൽ കഴിയുന്ന മനുഷ്യരിൽ അവരെ നിരീക്ഷിച്ചുകൊണ്ടിരി ക്കുന്ന സാത്താന്റെ പ്രലോഭനം അവരെ ആഴത്തിൽ ചലിപ്പിച്ച് പാപ ശീലത്തിൽ അവരെ തള്ളിയിടുമെന്നും അദ്ദേഹം പറയുന്നു.

ലൈംഗിക വികാരങ്ങൾ അതിൽ തന്നെ തിന്മയല്ല, എന്നാൽ സ്വാർത്ഥ തയ്ക്കും സ്വന്തശരീരത്തിന്റെ സംതൃപ്തിക്കുമായി അവയെ ഉപയോഗി ക്കുമ്പോഴാണ് അത് ദുഷ്കാമമെന്ന പാപമായിത്തീരുന്നത്. ഭാര്യാഭർത്താ ക്കന്മാർ തമ്മിലുള്ള ലൈംഗികബന്ധത്തിലാണെങ്കിലും സ്വയം എന്തു മാത്രം എങ്ങിനെയെല്ലാം സുഖിക്കാം എന്ന വിധത്തിലല്ല, ജീവിതപങ്കാ ളിയെ എത്രമാത്രം സുഖിപ്പിക്കാമെന്നതായിരിക്കണം ഇരുവരുടെയും ലക്ഷ്യം. അല്ലാതെ വരുമ്പോൾ, അതും വ്യഭിചാര പ്രവൃത്തിയുമായി വ്യത്യാസമില്ലെന്ന് വരും.

ഭാര്യയുടെ ശരീരം ഭർത്താവിനും, ഭർത്താവിന്റെ ശരീരം ഭാര്യയ്ക്കും മാത്രം അവകാശപ്പെട്ടതാണെന്നും അവർ ഇരുവരും ഒരു ശരീരമായി ത്തീരും എന്നും പറയുന്നതിന്റെ അർത്ഥം ഈ നിലയിൽ കൂടി മനസ്സി ലാക്കേണ്ടതാണ്. ദുഷ്കാമത്തോടെ നോക്കുന്നതു പോലും വ്യഭിചാരം പോലെ തന്നെ പാപമായിട്ടാണ് യേശുക്രിസ്തു പഠിപ്പിച്ചത് (മത്തായി 5:27f, 1 കൊരി. 6:9, 2 കൊരി. 12:21, എഫേ. 5:3, കൊലോ. 3:5 എന്നീ വേദഭാഗങ്ങൾ കൂടി കാണുക).

**3) ദ്രവ്യാഗ്രഹം-ധനമോഹം**

ദ്രവ്യാഗ്രഹം സകലവിധപാപത്തിനും ഹേതുവാണ്. ദ്രവിച്ചു പോകു ന്നതെല്ലാം ദ്രവ്യമാണ്. നിത്യതയെപ്പറ്റിയും അദ്രവത്വാവസ്ഥയെപ്പറ്റിയും വിശ്വാസവും പ്രത്യാശയും ഇല്ലാതെ വരുന്നതിനാലാണ് ദ്രവ്യത്തിൽ ഭ്രമിച്ച് അതിൽ ആശ്രയം വയ്ക്കുന്നത്. ഭക്ഷണമോഹത്തിലും, കാമ മോഹത്തിലും വീണുകിടക്കുന്ന മനുഷ്യന് ഏറ്റവും ആവശ്യമായി തോന്നുന്നത് അതിനുവേണ്ടിയുള്ള പണമാണ്. പണമുണ്ടെങ്കിൽ എല്ലാ 'സുഖങ്ങളും' വാങ്ങിക്കാമെന്ന ചിന്തയാണ് ഇതിന്റെ പിറകിലുള്ളത്. മൂന്ന് കാരണങ്ങളാണ് ദ്രവ്യാഗ്രഹത്തിന്റെ പിറകിലുള്ളതായി മാക്സി മസ് (Maximus the confessor) പറയുന്നത്. 1) സുഖിക്കാനുള്ള ആഗ്രഹം 2) വ്യർത്ഥമഹത്വം 3) ദൈവവിശ്വാസമില്ലായ്മ. ഇവയിൽ മൂന്നാമത്തേ താണ് വളരെ അപകടകരമായത് എന്നും അദ്ദേഹം പറയുന്നു. ഒരു തര ത്തിലുള്ള 'അരക്ഷിതാവസ്ഥ' ജനിപ്പിക്കുകയാണ് സാത്താൻ ആദ്യം ചെയ്യുന്നത്. ദ്രവ്യാഗ്രഹത്തെ 'ബിംബാരാധാന'യായിട്ടാണ് John Climacus പറയുന്നത്. സന്യാസികളും ഏകാന്തവാസികളും സാധാരണയായി ഈ ദ്രവ്യാഗ്രഹത്തിന് അടിമകളായിത്തീരാറുണ്ട്. 'ദാനധർമ്മം' ചെയ്താലും ദ്രവ്യം കൈവിടാനുള്ള പ്രയാസത്തോടെയാണ് ചെയ്യുന്നതെങ്കിൽ അതു കൊണ്ട് ആത്മീയ വളർച്ച സാധ്യമല്ല എന്നാണ് പിതാക്കന്മാരുടെ അഭി പ്രായം. ശരിയായനിലയിൽ 'ദാനധർമ്മം' ചെയ്യാൻ കഴിയണമെങ്കിൽ, 'ദ്രവ്യാഗ്രഹം' എന്ന ദുഷ്ടവിചാരത്തിൽ നിന്നും നാം സ്വാതന്ത്ര്യം പ്രാപി ക്കണം.

എല്ലാം ദൈവത്തിന്റേതാണെന്നും, നമുക്ക് സ്വന്തമായിട്ടൊന്നും ഉണ്ടാകാൻ പാടില്ലാത്തതാണെന്നും നമ്മെ കാര്യവിചാരകന്മാരായിട്ടാണ് ദൈവം ഇവിടെ സൃഷ്ടിച്ച് ആക്കിയിരിക്കുന്നതെന്നും, നമ്മുടെ അത്യാവശ്യത്തിനുള്ളതു മാത്രം നാം ഉപയോഗിച്ച് ബാക്കി മുഴുവനും ദൈവത്തിന്റെ മറ്റു മക്കളുടെ ആവശ്യത്തിനായി വിനിയോഗിക്കേണ്ടതാണെന്നും നാം മനസ്സിലാക്കണം. നമ്മുടെ ആവശ്യങ്ങൾ ദൈവം നടത്തിത്തരുമെന്ന വിശ്വാസമുണ്ടെങ്കിലേ, നാം മറ്റുള്ളവർക്കുവേണ്ടി കരുതാനും പ്രവർത്തിക്കാനും പരിശ്രമിക്കുകയുള്ളു. ആകയാൽ ദൈവം പിതാവാണെന്നും തന്റെ മക്കളെപ്പോലെ താൻ നമ്മെ കരുതിക്കൊള്ളുമെന്നും, നമ്മുടെ ആവശ്യങ്ങളെപ്പറ്റിയൊന്നും ഭാരപ്പെടാതെ, എല്ലാം ദൈവത്തിൽ ഭരമേൽപിച്ച്, സ്വന്തം കാര്യങ്ങൾ ഒക്കെ മറന്ന്, മറ്റുള്ളവരുടെ ആവശ്യങ്ങൾക്കായി ആലോചിക്കാനും പ്രവർത്തിക്കാനും ആരംഭിക്കുമ്പോഴാണ് ദ്രവ്യാഗ്രഹം നമ്മിൽ നിന്നും മാറിപ്പോകുന്നത്.

'ധനവാൻ' സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത് പ്രയാസമാണെന്ന് കർത്താവ് പറയുന്നുണ്ട്. 'നിനക്കുള്ളത് വിറ്റ് ദരിദ്രന്മാർക്ക് കൊടുത്ത് എന്റെ പിന്നാലെ വരിക', 'ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ സമ്പാദിക്കുന്നതുകൊണ്ട് എന്തു പ്രയോജനം?' എന്നീ കർത്തൃവചനങ്ങൾ നാം ഓർക്കുന്നത് നല്ലതാണ്. 'ധനവാൻ' എന്നാൽ 'ധനം' സ്വന്ത ആവശ്യത്തിന് സമ്പാദിക്കുവാനും കൂട്ടിവയ്ക്കാനും ആഗ്രഹിക്കുന്നവൻ എന്നാണ് അർത്ഥമാക്കേണ്ടത്. ഈ അർത്ഥത്തിൽ 'ധനവാന്മാർ' സമ്പന്നരിലും ദരിദ്രരിലും ധനമോഹത്തിന് അടിമപ്പെട്ട് കഴിയുന്നവരുണ്ടാകാം. നാം ഏതു വിധത്തിലാണ് ദ്രവ്യത്തെ കാണുന്നത്? അതിനെ ആശ്രയിക്കുന്നത്? എന്ന് സ്വയം ശോധന നടത്തുന്നത് നല്ലതാണ്. ആവശ്യങ്ങളെ എത്രയും ചുരുക്കി എത്രയും ലളിതമായി ജീവിക്കുവാൻ പരിശീലിക്കുകയും, നിത്യജീവനെപ്പറ്റി കൂടുതൽ ആഴത്തിൽ മനസ്സിലാക്കി, അത് ലഭിക്കേണ്ടതിനായുള്ള ആത്മീയ അഭ്യസനത്തിന് മുൻഗണന നൽകുകയും ചെയ്താൽ ദ്രവ്യാഗ്രഹമെന്ന ദുഷ്ടവിചാരത്തിൽ നിന്നും ഒരു പരിധിവരെ ഒഴിഞ്ഞിരിക്കുവാൻ നമുക്ക് സാധിക്കും.

### 4) നിരാശ, ദുഃഖം, മ്ലാനത (Melancholy)

പ്രത്യാശ, സന്തോഷം, ആനന്ദം എന്നീ ദൈവികാനുഭവങ്ങളുടെ അഭാവമാണ് നിരാശയും ദുഃഖവും മ്ലാനതയുമായി പ്രത്യക്ഷപ്പെടുന്നത്. ദൈവിക നന്മകൾ പ്രാപിക്കാൻ പരിശ്രമിച്ചിട്ടും വേണ്ടത്ര ലഭിക്കാത്തതിനാലുണ്ടാകുന്ന അനുതാപമായി ഇതിനെ തെറ്റിദ്ധരിക്കാൻ പാടില്ല. ലൗകികവും ശാരീരികവും താൽക്കാലികവുമായ 'സുഖം' ലഭിക്കാതെ വരുന്ന അനുഭവമാണ് ഇവിടെ ദുഃഖമായി വിവരിക്കുന്നത്. ദ്രവ്യാഗ്രഹ

ത്തിന്റെ ഫലമായിട്ടുണ്ടാകുന്ന അനുഭവമാണ്. ഇത് പശ്ചാത്താപത്തിലേക്ക് നയിക്കുന്നില്ല. പിന്നെയോ, ഒന്നുകിൽ നിരാശയിലേക്കോ, അല്ലെങ്കിൽ കോപത്തിലേയ്ക്കോ അക്രമത്തിലേക്കോ നയിക്കാം. ഉദാ: യൂദാസ്കറിയോത്താ.

നിരാശയെപ്പോലെ കഠിനമായ ദുഷ്ടവിചാരം വേറെയില്ലെന്നാണ് ജോൺ ക്രിസോസ്റ്റം പറയുന്നത്. കാരണം, അത് മനസ്സിനെ ദ്രവിപ്പിച്ച്, ഇച്ഛാശക്തിയെ (will) നശിപ്പിക്കുന്നു. അത് ശരീരത്തെ മാത്രമല്ല, ആത്മാവിനേയും ആക്രമിക്കുന്നു. നാം ഇതുവരെ വളർത്തിയെടുത്ത ആത്മീയ ശക്തിയെ ചോർത്തിക്കളയുന്ന ആയുധമാണ് നിരാശ. അത് ആത്മാവിന്റെ ജീവരസത്തെ നമ്മിൽ നിന്നും ഒഴുക്കിക്കളയുന്നു.

ക്രിസ്തീയജീവിതത്തിൽ വളർന്ന് 'ദീർഘക്ഷമ' പരിശീലിച്ചെടുക്കുന്നതാണ് ഇതിനൊരു പരിഹാരമായി ജോൺ ക്രിസോസ്റ്റം പറയുന്നത്. 'അനുതാപചിന്തകൾ' വളർത്തിയെടുക്കുക എന്നതാണ് മറ്റൊരു പരിഹാരമായി Abba Isaiah നിർദ്ദേശിക്കുന്നത്. ലൗകിക ഇമ്പങ്ങളിൽ നിന്നും (world pleasures) ഓടിയൊളിക്കുന്നവനിൽ സാത്താന്റെ 'നിരാശ'യെന്ന ആക്രമണം ഏൽക്കുകയില്ലെന്ന് ഇവാഗ്രിയസ് പറയുന്നു. ലോകമോദങ്ങൾ എല്ലാം താൽക്കാലിക സന്തോഷവും നിത്യനിരാശയുമാണ് നൽകുന്നത് എന്ന് നാം ഓർത്ത് അവയിൽ നിന്നും ഒഴിഞ്ഞിരിക്കുന്നതാണ് നിരാശ വരാതിരിക്കാനുള്ള ഉത്തമ മാർഗ്ഗം. Theophane the Recluse പറയുന്നത്: ആശ്വാസവും നിരാശയും ആത്മീയ ജീവിതത്തിലെ ആന്തരിക അനുഭവങ്ങളാണ്. അവയെ ശരിയായി കൈകാര്യം ചെയ്തു ആത്മീയ വളർച്ച പ്രാപിക്കുക എന്നതാണ് നമ്മുടെ ചുമതല.

**5) കോപം (Anger)**

നമുക്കെതിരെ പ്രവർത്തിച്ചു എന്ന് കരുതുന്നവർക്കെതിരെ നമ്മുടെ ഉള്ളിൽ തന്നെ തിളച്ചുപൊങ്ങുന്ന വികാരമാണ് കോപമെന്ന് ഇവാഗ്രിയസ് പറയുന്നു. ദ്രവ്യാഗ്രഹത്തിന്റെ അനന്തരഫലങ്ങളാണ് ഒന്നുകിൽ നിരാശ അല്ലെങ്കിൽ 'കോപം.' ഇത് രണ്ടും, നമ്മുടെ സ്വാഭാവിക പ്രകൃതത്തിലുള്ളതല്ല. പുറത്തുനിന്നുള്ള 'പ്രകോപനം', പ്രേരണ, സ്വാധീനം എന്നിവ വഴിയാണ് ഇവയുളവാകുന്നത്. ബാഹ്യസ്വാധീനത്തിൽ നിന്നും അകന്നിരിക്കുക എന്നതാണ് ഒരു പരിഹാരമാർഗ്ഗം.

'കോപം' എന്നത് മറ്റ് വികാരങ്ങളെപ്പോലെ അതിൽ തന്നെ തിന്മയല്ല. തിന്മകൾക്കെതിരെ, പൈശാചിക പ്രലോഭനങ്ങൾക്കും പ്രവർത്തനങ്ങൾക്കുമെതിരെ പ്രവർത്തിക്കുവാൻ നമ്മെ ശക്തിപ്പെടുത്താനാണ് ആ വികാരം നാം ഉപയോഗിക്കേണ്ടത്. നമ്മിലുണ്ടാകുന്ന പൈശാചിക ചിന്തകളെ കോപാഗ്നികൊണ്ട് കത്തിച്ചു കളയാൻ നമുക്ക് കഴിയേണ്ടതാണ്.

യെരുശലേം ദേവാലയം ശുദ്ധീകരിക്കുന്ന സമയത്ത് യേശുവിൽ പ്രത്യക്ഷമായ 'കോപം' തിന്മയ്ക്കെതിരായ പടവാളായിട്ടാണ് നാം കാണുന്നത്. "കോപിപ്പിൻ നിങ്ങൾ പാപം ചെയ്യരുത്" (സങ്കീ. 4:4).

മനുഷ്യർക്കെതിരെ മനുഷ്യ'കോപം' പാടില്ല. ജഡിക കാര്യങ്ങളെ ചൊല്ലി കോപിക്കുന്നത് ആത്മീയ ദാരിദ്ര്യം നിമിത്തമാണ്. കോപിക്കുന്ന മനസ്സിൽ, ആത്മീയ നൽവരങ്ങൾ വളരുകയില്ല. 'കോപത്തിന്റെ ഫലം വർദ്ധിച്ച കോപം തന്നെ' എന്നാണ് ഇവാഗ്രിയസ് പറയുന്നത്. കോപം ആത്മാവിനെ ദിവസം മുഴുവനും ശല്യപ്പെടുത്തിക്കൊണ്ടിരിക്കുമെന്നും, അത് പ്രാർത്ഥനയ്ക്ക് തടസ്സമായിത്തീരുമെന്നും, ആരോട് കോപിക്കുന്നുവോ അയാളെപ്പറ്റിയുള്ള ചിന്ത കൺമുമ്പിൽ എപ്പോഴും ഉള്ളതിനാൽ വേണ്ടതൊന്നും കാണാൻ കഴിയാതെ പോകുമെന്നും, തെറ്റിദ്ധാരണകളും ദുഃസ്വപ്നങ്ങളും കൊണ്ട് മനസ്സ് നിറഞ്ഞ് മലിനമായിത്തീരുമെന്നും, ഇവയെല്ലാം ദൈവത്തെപ്പറ്റി ചിന്തിക്കാനും ധ്യാനിക്കാനുമുള്ള മനസ്സിന്റെ കഴിവിനെ ദ്രവിപ്പിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കോപത്തോട് വെറുപ്പും കൂടി ചേർന്നാൽ, മറ്റുള്ളവരിൽ നിന്നും വിട്ടുമാറിയുള്ള ഒരു ഒറ്റപ്പെട്ട അവസ്ഥയിലേക്ക് സ്വയം നാം വീണുപോകും. സ്നേഹിതരെ സ്വീകരിക്കുക, അതിഥികളെ സൽക്കരിക്കുക, വ്യവസ്ഥയില്ലാതെ ക്ഷമിക്കുവാൻ പഠിക്കുക, മറ്റുള്ളവരുടെ സാഹചര്യം മനസ്സിലാക്കാൻ ശ്രമിക്കുക, കോപം തോന്നുന്നത് നമ്മുടെ സ്വാർത്ഥ ലക്ഷ്യം നേടാൻ കഴിയാഞ്ഞതിനാലോ എന്ന് പരിശോധിച്ചറിഞ്ഞ് സ്വാർത്ഥതയിൽ നിന്നും ഒഴിഞ്ഞുമാറാൻ ശ്രമിക്കുക, ആരോടാണോ കോപം തോന്നുന്നത് ആയാൾക്കു വേണ്ടി കോപം ശമിക്കുന്നതുവരെ പ്രാർത്ഥിക്കുക, അയാളുടെ നന്മയ്ക്കായി അയാൾ അറിയാതെ തന്നെ പ്രവർത്തിക്കുക, സൂര്യൻ അസ്തമിക്കുന്നതുവരെ കോപം മനസ്സിൽ വയ്ക്കാതിരിക്കുക (എഫേ. 4:25), നാം മറ്റുള്ളവരേക്കാൾ വലിയ ആളാണെന്ന ഭാവം തീരെ ഉപേക്ഷിക്കുക, പ്രാർത്ഥനാനിരതരാകുക, വേദപഠനത്തിലേർപ്പെടുക, പ്രായശ്ചിത്തമായി ദാനധർമ്മം നടത്തുക തുടങ്ങിയ കാര്യങ്ങളിലൂടെ കോപത്തെ ശമിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

### 6) അലസത, മടി (Negligiance)

'അലസത ലേശം ബാധിച്ചാൽ, അശുഭവഴിക്ക് വശംവദനായ്, സ്വാത്മത്തെ സ്വയമേ നിഹസിക്കും' എന്ന് ആരാധനയിൽ നാം പാടുന്നുണ്ട്. ആത്മീയജീവിതത്തിൽ, ആദ്യത്തെ അഞ്ച് ദുഷ്ടവിചാരങ്ങളെയും നേരിട്ടു കഴിയുമ്പോൾ നമുക്ക് നേരിടേണ്ടിവരുന്ന പ്രത്യക്ഷത്തിൽ നർദ്ദോഷമെന്ന് തോന്നാവുന്ന ഒരു മാരകമായ ദുഷ്ടവിചാരമാണ് 'അലസത' എന്നത്. നല്ല കാര്യങ്ങൾ ചെയ്യേണ്ട എന്നല്ല, 'പിന്നീടായാലും മതി' എന്ന

ചിന്തയാണ് നമ്മെ തെറ്റിക്കുന്നത്. ഏതായാലും ഇന്നിനി നേരം പോയി, അടുത്തയാഴ്ച പള്ളിയിൽ പോകാം. രാത്രി കുറെയായി, വിശക്കുന്നു, രാവിലെ പ്രാർത്ഥിക്കാം; ഇപ്രാവശ്യം നോമ്പ് തെറ്റി, അടുത്ത വർഷം ശരിയായി ആചരിക്കാം, ഈ മാസം പണം തികയുന്നില്ല, അടുത്തമാസം ദശാംശം തന്നെ മാറ്റിവയ്ക്കാം എന്നിങ്ങനെ എല്ലാ കാര്യങ്ങളും പിന്നത്തേക്ക് മാറ്റിവയ്ക്കുന്ന പ്രവണത നാം കരുതുന്നതിലുമധികം അപകടം നിറഞ്ഞതാണ്. 'പിന്നെ മതി' എന്ന സ്വഭാവമായിക്കഴിഞ്ഞാൽ 'ഇപ്പോൾ വേണം' എന്ന മനോഭാവം ഒരിക്കലുമുണ്ടാകില്ല. ഫലമോ? യാതൊന്നും ചെയ്യുകയുമില്ല ('Sin of Ommission').

കാര്യങ്ങളെ ലഘുവായി കാണുന്നതിനാലും, അവയിൽ വേണ്ടത്ര താൽപര്യം ഇല്ലാത്തതിനാലുമാണ് അലസത നമ്മെ പിടികൂടുന്നത് (സങ്കീ. 118:28, എശാ. 61:3). അതോടൊപ്പം ആത്മധൈര്യമില്ലായ്മ (cowardice), പ്രതീക്ഷയില്ലായ്മ (dejection), മ്ലാനത (sadness) എന്നിവ കൂടി ചേരുമ്പോൾ നാം ഒരു കൂട്ടിനകത്ത് അകപ്പെട്ടുപോകുന്നു. സങ്കീർത്തനക്കാരൻ പറയുന്നതുപോലെ (90:6) പൂ വാടുന്ന അനുഭവമാണത്. ഹൃദയത്തിന്റെ വാട്ടമായും ആത്മാവിന്റെ വാട്ടമായും, മനസ്സിന്റെ വാട്ടമായുമൊക്കെ പലരും അതിനെ വ്യാഖ്യാനിക്കുന്നുണ്ട്. അലസത ഒരു ശീലമായിത്തീരുകയും പിന്നീട്, അത് ആത്മീയ പിൻമാറ്റമായി മാറുകയും ചെയ്യും. ഇങ്ങനെയായിട്ടും കുഴപ്പമൊന്നുമില്ലല്ലോ എന്നൊരു തോന്നൽ! അതാണ് ഏറ്റവും ദയനീയാവസ്ഥ!

### 7) ദുരഭിമാനം, വ്യർത്ഥമഹത്വം (Vain Glory)

വ്യർത്ഥമായവ മൂല്യങ്ങളായി തോന്നുന്ന ഒരവസ്ഥയാണിത്. അലസതയുടെ ഫലമായി ഉണ്ടാകാവുന്ന ഒരു ദുരവസ്ഥ! താൽക്കാലികമായവയുടെ സൗന്ദര്യത്തിലും സൗഭാഗ്യത്തിലും ആകൃഷ്ടരായി, ശരിയായ ശാശ്വത മൂല്യങ്ങളെ മനസ്സിലാക്കാൻ കഴിയാത്ത ഒരവസ്ഥയിൽ എത്തിക്കുക എന്നതാണ് ഈ ദുഷ്ടവിചാരത്തിന്റെ ലക്ഷ്യം. ധാർമ്മികമായും ആത്മീയമായുമുള്ള കാര്യങ്ങൾ മൂല്യമുള്ളതായി മതം ഉയർത്തിക്കാണിക്കുമ്പോൾ, ആയുനികതയും, പരിഷ്കാരവും, വിജ്ഞാനവും മറ്റ് ചില ഭൗതികമൂല്യങ്ങളിലൂന്നൽ നൽകുന്നു. ഇവ തമ്മിൽ വിവേചിച്ചറിയാനുള്ള കഴിവ് നഷ്ടപ്പെട്ട് വ്യർത്ഥമഹത്വത്തിന്റെ പിറകെ പോകുന്ന സ്വഭാവത്തിൽ വീണുപോകുന്നു.

പിശാച് യേശുവിനെ പരീക്ഷിച്ച സമയത്ത് ലോകത്തിലെ സകല മഹത്വങ്ങളും കാണിച്ചുകൊടുക്കുന്നതായും അത് ലഭിക്കേണ്ടതിന് പിശാചിനെ ഒന്ന് വണങ്ങേണ്ടതിന് ആവശ്യപ്പെടുന്നതായും നാം വായിക്കുന്നുണ്ട് (മത്തായി 4:11). ലോകത്തിന്റെ വ്യർത്ഥത അറിയുന്ന കർത്താവ്

ആ പ്രലോഭനത്തെ ജയിച്ച്, ദൈവത്തെ മാത്രമെ ആരാധിക്കാവൂ എന്ന താക്കീത് നൽകി സാത്താനെ തറ പറ്റിച്ചു. പഞ്ചേന്ദ്രിയങ്ങൾക്ക് രുചിക്കുന്നവ ആസ്വദിക്കാനുള്ള പ്രവണതയാണ് മനുഷ്യനെ പാപത്തിലാഴ്ത്തുന്നത്. ഏദൻതോട്ടത്തിലും സംഭവിച്ചത് അതുതന്നെയായിരുന്നു. 'കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ രുചിയുള്ളതും, ജ്ഞാനം പ്രാപിക്കാൻ കാമ്യമായതു'മായ പഴം സാത്താൻ ആദിമാതാപിതാക്കൾക്ക് ജീവമാർഗ്ഗമായി കാണിച്ചു കൊടുത്തു. ദൈവവചനത്തിന്റെ മൂല്യം മറന്ന്, പിശാചിന്റെ വാക്കുകൾക്ക് വിശ്വാസ്യതയും മഹത്വവും അവർ നൽകി. ഇന്നും വ്യർത്ഥമഹത്വങ്ങളുമായി, വ്യാജമൂല്യങ്ങളുമായി പിശാച് നമ്മെ സമീപിക്കുന്നുണ്ട്.

മനുഷ്യരുടെ മുമ്പിൽ ശ്രേഷ്ഠമായത് ദൈവമുമ്പാകെ അറപ്പാകുന്നു. ദൈവമുമ്പാകെ ശ്രേഷ്ഠമായത് മനുഷ്യർക്ക് ഭോഷത്വമായി തോന്നുന്നു. മഹത്വത്തിന്റെ വൈരുദ്ധ്യം ഇവിടെയാണ് നാം കാണുന്നത്. ദൈവദൃഷ്ടിയിൽ മഹത്വമായത് നമുക്ക് അനുഭവപ്പെടണമെങ്കിൽ നാമും ദൈവദർശനവും ആത്മീയവീക്ഷണവും ഉള്ളവരായി വളരണം. ആത്മീയ സുകൃതത്തിൽ വളരുംതോറും ആത്മപ്രശംസയും നമ്മിൽ വളരുവാനിടയുള്ളതിനാൽ, കരുതലോടെ ദൈവമുമ്പാകെ വിനയപ്പെട്ട് ജീവിക്കണം.

ആത്മീയ വളർച്ചയുടെ ലക്ഷണമായി, രോഗശാന്തി, ഭൂതോച്ചാടനം തുടങ്ങിയ അത്ഭുതങ്ങൾ കാണിക്കുവാനുള്ള ശക്തി മനുഷ്യർക്ക് നൽകി, യഥാർത്ഥ ദൈവവിശ്വാസം മനുഷ്യരിൽ നിന്നും അകറ്റിക്കളയാനുള്ള തന്ത്രങ്ങളും സാത്താൻ പ്രവർത്തിക്കുമെന്ന് ഓർക്കുക (മത്തായി 7:15). 'യേശു' എന്ന പേരിൽ തന്നെ പലരും പ്രത്യക്ഷപ്പെട്ട് അത്ഭുതങ്ങൾ കാണിക്കുകയും മനുഷ്യരെ വഴിതെറ്റിക്കുകയും ചെയ്യുമെന്ന് യേശുക്രിസ്തു മുൻകൂട്ടി പല പ്രാവശ്യം പറയുന്നുണ്ട് (മത്തായി 24:4, 5, 23–26, മർക്കോസ് 13:6, 21–24). അധർമ്മം പ്രവർത്തിക്കുന്നവർക്കും ഭൂതത്തെ പുറത്താക്കാനും വീര്യപ്രവൃത്തികൾ ചെയ്യാനും കഴിയും എന്നതിനാൽ (മത്തായി 7:22, 23) അത്ഭുതങ്ങളുടെ പിറകെ പോകുന്ന പ്രവണത 'വ്യർത്ഥമഹത്വം' അന്വേഷിക്കുന്നു എന്ന പാപത്തിന്റെ മറ്റൊരു രൂപമാണ് (മർക്കോസ് 8:12).

അത്ഭുതങ്ങളും വീര്യപ്രവൃത്തികളും ദൈവരാജ്യത്തിന്റെ 'അടയാള'മായി യേശുക്രിസ്തു കാണിച്ചു തന്നത്, അവ മൂലം, യഥാർത്ഥ ആത്മീയ മൂല്യത്തെ മനുഷ്യർ തിരിച്ചറിഞ്ഞ് ദൈവവിശ്വാസത്തിലേക്ക് മാനസാന്തരപ്പെട്ട്, ദൈവത്തെ അനുസരിച്ചു ജീവിച്ച്, ദൈവരാജ്യത്തിന്റെ പ്രവർത്തകരായിത്തീരാനായിട്ടായിരുന്നു. എന്നാൽ യേശുക്രിസ്തു കാണിച്ചു തന്ന 'സത്യദൈവത്തിൽ' വിശ്വസിക്കാത്തവർക്കും അത്ഭുതങ്ങളും രോഗ

സൗഖ്യവും നൽകി യേശുവിന്റെ പേരിൽ നടത്തുന്ന പ്രസ്ഥാനങ്ങൾ എല്ലാം ദൈവികമാണെന്ന 'വ്യർത്ഥചിന്ത' പിശാചിന്റെ ഒരു തന്ത്രമാകാൻ സാദ്ധ്യതയുണ്ടെന്നു മനസ്സിലാക്കി സത്യവിശ്വാസികൾ അവയുടെ പുറകെ പോകാതിരിക്കുന്നതാണ് ദൈവവിശ്വാസത്തിൽ നിലനിൽക്കുന്നതിന് സഹായകമായിട്ടുള്ളത് എന്നാണ് എനിക്ക് തോന്നുന്നത്. അത്ഭുതങ്ങളും അടയാളങ്ങളും അന്വേഷിക്കുന്ന തലമുറ കോട്ടവും വ്യഭിചാരവുമുള്ളതാണെന്നാണ് യേശുക്രിസ്തു പറഞ്ഞിരിക്കുന്നത് (മത്തായി 12:38). ദൈവരാജ്യം വന്നതിന്റെ അടയാളമായും, മശിഹായാണ് താൻ എന്ന് മനുഷ്യർക്ക് വിശ്വാസം വരുത്തുന്നതിനുമായിട്ടായിരുന്നു യേശുക്രിസ്തു അത്ഭുതങ്ങൾ പ്രവർത്തിച്ചത്. അവ അത്ഭുതങ്ങളായിട്ടല്ല ദൈവരാജ്യത്തിന്റെ അടയാളങ്ങളായിട്ടായിരുന്നു യേശു അവതരിപ്പിച്ചതും. ഓരോ അവസരത്തിലും ജനങ്ങൾ സത്യദൈവത്തിങ്കലേക്ക് മാനസാന്തരപ്പെടണമെന്നായിരുന്നു യേശുക്രിസ്തു ലക്ഷ്യമിട്ടിരുന്നത്. അത്ഭുതങ്ങൾ ദൈവവിശ്വാസികൾക്ക് ചെയ്യാൻ കഴിവില്ലെന്നല്ല; അവിശ്വാസികൾക്കും, അക്രൈസ്തവർക്കും മന്ത്രവാദികൾക്കും, മായാജാലക്കാർക്കുമെല്ലാം ചെയ്യാൻ കഴിയുന്ന 'അത്ഭുതങ്ങളാണ് വലിയ കാര്യം' എന്ന നിലയിൽ 'വ്യർത്ഥമഹത്വം' ഉണ്ടാക്കാൻ ഇടയാക്കുന്നു എന്നതാണ് 'അത്ഭുതരോഗശാന്തി' തുടങ്ങിയ പ്രസ്ഥാനങ്ങളുടെ ദോഷമായി ഞാൻ കാണുന്നത്. സത്യദൈവവിശ്വാസത്തിൽ പ്രവേശിക്കുവാൻ അത്ഭുതങ്ങൾ സഹായിക്കുമെങ്കിൽ നല്ലത്. എന്നാൽ അവ മൂലം 'വിശ്വാസം' വരാതെ പിന്നേയും പിന്നേയും അത്ഭുതങ്ങൾ തേടിപ്പോകുന്ന പ്രവണതയും അവയെ പ്രോത്സാഹിപ്പിക്കുന്ന പ്രസ്ഥാനങ്ങളും ഫലത്തിൽ ദൈവരാജ്യത്തിനും യേശുക്രിസ്തുവിനും 'ഇടർച്ചയാണെന്നു' മാത്രം പറയട്ടെ. യേശുക്രിസ്തുവിന്റെ മരണവും പുനരുത്ഥാനവും സൂചിപ്പിക്കുന്ന യോനയുടെ അടയാളമല്ലാതെ, മറ്റ് അടയാളങ്ങളൊന്നും ദൈവവിശ്വാസികൾ പ്രതീക്ഷിക്കരുത് എന്ന് യേശുക്രിസ്തു വളരെ വ്യക്തമായും ശക്തമായും പറയുന്നതിന്റെ പൊരുൾ മനസ്സിലാക്കാൻ കഴിയാതെ പോകുന്നത് വ്യർത്ഥമായ മൂല്യങ്ങളിലുള്ള ആസക്തിയാൽ നാം ആത്മീയ അന്ധരായി തീർന്നതിനാലാണ്.

### 8) അഹങ്കാരം (Pride)

'അഹങ്കാരം' ആത്യന്തികമായി ദൈവത്തോടുള്ള മത്സരമാണ്. ബാബേൽ ഗോപുര നിർമ്മാണം ദൈവം നിർത്തിവച്ചത് മനുഷ്യവംശത്തിന്റെ നിത്യമായ നന്മയ്ക്കുവേണ്ടിയായിരുന്നു. ആത്മീയജീവിതത്തിലും ബാബേൽ ഗോപുര നിർമ്മാണ പ്രവണത പലപ്പോഴും വന്നുകൂടാറുണ്ട്. ആദ്യത്തെ ഏഴു ദുഷ്ടവിചാരങ്ങളെ ജയിച്ചു കഴിഞ്ഞു എന്ന ഒരു തോന്നൽ ആണ് അഹങ്കാരത്തിലേക്ക് നമ്മെ തള്ളിയിടുന്നത്. നാം

ഏതാണ്ട് ഒക്കെയായി എന്ന ചിന്ത! അതാണ് സാത്താന്റെ ഒടുവിലത്തെ ആയുധം. അതിനെതിരെ പൊരുതി ജയിക്കുക എന്നതാണ് ഏറ്റവും പ്രയാസമുള്ളതും.

സൃഷ്ടിതമായ സകലത്തിലും ദൈവമഹത്വം ദർശിക്കുന്നതിനു പകരം മനുഷ്യമഹത്വം (Vain glory) കാണുക വഴിയാണ് അഹങ്കാരമെന്ന പാപ ചിന്ത നമ്മിലുണ്ടാകുന്നത്. സകലത്തിലും ദൈവമഹത്വം ദർശിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക എന്നതാണ് ആവശ്യമായിരിക്കുന്നത്. നമ്മുടെ സൗന്ദര്യം, ആരോഗ്യം, ശബ്ദമാധുര്യം, ബുദ്ധിസാമർത്ഥ്യം, ആത്മീയവളർച്ച, സ്വഭാവവൈശിഷ്ട്യം തുടങ്ങിയവയെല്ലാം ദൈവമഹ ത്വത്തിന്റെ പ്രകടിതഭാവങ്ങളായി കാണുവാനുള്ള ഉൾക്കാഴ്ച ലഭിക്കു കയാണാവശ്യം.

രണ്ടു വിധത്തിലാണ് അഹങ്കാരമെന്ന പാപം സാത്താൻ മനുഷ്യ മന സ്സിലുളവാക്കുന്നതെന്നാണ് Maximas the Confessor പറയുന്നത്: 'ഒന്നു കിൽ നന്മപ്രവൃത്തികളെല്ലാം തന്റെ സ്വന്ത പരിശ്രമഫലമാണെന്ന ചിന്ത മനസ്സിൽ കൊണ്ടുവരിക, അല്ലെങ്കിൽ മറ്റെല്ലാവരും തന്നെക്കാൾ മോശ ക്കാരാണെന്ന് ചിന്തിപ്പിക്കുക.' അഹങ്കരിച്ച് ഭ്രാന്തു പിടിക്കുന്ന അനു ഭവം വരെയുണ്ടാകാവുന്നതാണ്. മറ്റുള്ളവരിലെ നന്മകൾ കാണാനും, സ്വന്തം തിന്മകൾ കാണാനുമുള്ള കഴിവ് നഷ്ടപ്പെടുക എന്നതാണ് അന ന്തരഫലം. അതുകൊണ്ടു തന്നെ സമൂഹത്തിൽ ഇണങ്ങിച്ചേർന്നു പോകാനും, സ്വയം തെറ്റുകൾ ബോദ്ധ്യപ്പെട്ട് തിരുത്തപ്പെട്ട് ജീവിക്കാനും അവസരം ലഭിക്കാതെ പോകുന്നു. 'പിശാചിന്റെ ഏറ്റവും വലിയ പാപ മാണ് അഹങ്കാരം' എന്നാണ് ഓറിജൻ പറയുന്നത്. എല്ലാ പാപങ്ങളു ടേയും വേരും മാതാവുമാണ് അഹങ്കാരം എന്ന് ജോൺ ക്രിസോസ്റ്റം പറയുന്നു. ആദ്യത്തെ ഏഴു പാപങ്ങളുമായി പോരാടി ക്ഷീണിച്ചിരിക്കുന്ന സമയം നോക്കിയാണ്, 'വിജയിച്ചു' എന്ന ചിന്തയുമായി സാത്താൻ മനു ഷ്യനെ പിടിക്കുന്നത്.

നമ്മുടെ എല്ലാ നല്ല പ്രവർത്തികൾക്കും, നല്ല അനുഭവങ്ങൾക്കും ദൈവത്തിനു നന്ദിയർപ്പിക്കുക; നമ്മുടെ എല്ലാ തിന്മകൾക്കുമായി അവയെ കണ്ടുപിടിച്ച് അനുതപിച്ച് ദൈവത്തോട് ക്ഷമ ചോദിക്കുക. ഇതു രണ്ടുമാണ് അഹങ്കാരമെന്ന പാപത്തെ ജയിക്കാനുള്ള മാർഗം. ദൈവയിഷ്ടത്തിന് വിനയപ്പെടുന്ന മനസ്സിൽ പിശാചിന് കടന്ന് ഒന്നും പ്രവർത്തിക്കാനാവില്ല. അതുകൊണ്ടാണ് യേശുക്രിസ്തു ഗത്സമനയിൽ വച്ച്, 'പിതാവേ എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെ നിറവേറട്ടെ' എന്ന് സ്വയം സമർപ്പിച്ച് അന്ത്യപ്രലോഭനത്തെ ജയിച്ചത്. നമ്മൾ ചെയ്യുന്ന എല്ലാ നന്മപ്രവൃത്തികളുടേയും 'കൃത്രിമരൂപം' അവതരിപ്പി

ക്കാൻ പിശാചിനു കഴിയും. എന്നാൽ 'യഥാർത്ഥ സ്നേഹവും താഴ്മയും' അഭിനയിക്കാൻ പിശാചിന് അറിഞ്ഞുകൂടാ. ആകയാൽ മറ്റെല്ലാ സൽ പ്രവൃത്തികളേയും നമുക്ക് കണ്ണടച്ചു വിശ്വസിക്കാൻ നിവൃത്തിയില്ലെ ങ്കിലും 'യഥാർത്ഥ സ്നേഹവും വിനയവും' (Love & Humility) പാലിക്കു വാൻ നമുക്കു കഴിഞ്ഞാൽ, അവിടെ പിശാചിന് ഒന്നും ചെയ്യാൻ സാധ്യ മല്ല. കാരണം ഇവ രണ്ടും യേശുക്രിസ്തു തന്റെ ജീവിതത്തിലൂടെ നമ്മെ പഠിപ്പിച്ച്, ജീവിച്ചു കാണിച്ചു തന്ന, സുകൃതങ്ങളാണ്. അവയെ സ്പർശി ക്കാൻ സാത്താന് ഭയമാണ്.

ആകയാൽ, ദൈവാരാധനയിൽ നിന്നും, ദൈവവിശ്വാസത്തിൽ നിന്നും, ദൈവസ്നേഹത്തിൽ നിന്നും, ദൈവാനുസരണത്തിൽ നിന്നും മനുഷ്യനെ അകറ്റിനിർത്തുക എന്നതാണ് സാത്താൻ എപ്പോഴും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ദൈവത്തോട് അകന്നു നിൽക്കുന്നവരിൽ അവന് യഥേഷ്ടം പ്രവർത്തിക്കാം. ദൈവത്തോട് അടുത്തു ചെല്ലുന്നവരുടെ അടു ക്കൽ ചെല്ലാൻ പിശാചിനു പേടിയാണ്. അതുകൊണ്ടു സാത്താൻ നമ്മെ കണ്ട് ഭയപ്പെടേണ്ടതിനായിട്ട് നാം ദൈവത്തോട് അടുക്കുക, ആരാധി ക്കുക, അവന്റെ ഇഷ്ടം മാത്രം പ്രവർത്തിക്കുന്നതിന് സ്വയം താഴ്ന്നു കൊടുക്കുക, ദൈവസ്നേഹത്തിൽ നിലനിൽക്കുക എന്നീ കാര്യങ്ങൾക്കു പ്രാധാന്യം നൽകി ജീവിക്കണം. അനുതാപവും പ്രാർത്ഥനയും നമ്മി ലുള്ളിടത്തോളം, നാം ദൈവസന്നിധിയിലാകയാൽ പൈശാചിക പോരാ ട്ടങ്ങളെ അതിജീവിക്കുവാനുള്ള ശക്തിയുള്ളവരായിത്തീരും, ആയതി നായി ആത്മാർത്ഥമായി നമുക്ക് പരിശ്രമിക്കാം.

സ്വയസ്നേഹം (Love of self) ദൈവസ്നേഹത്തിൽ നിന്നും നമ്മെ അക റ്റുന്നു എന്ന് മനസ്സിലാക്കണം. നമ്മുടെ ഏതു പാപത്തെ നാം എടുത്ത് അപഗ്രഥിച്ചു നോക്കിയാലും 'ഞാൻ, എനിക്ക് എന്റെ എന്ന കേന്ദ്രബിന്ദു വിലാണ് അവ രൂപംകൊണ്ടത് എന്ന് മനസ്സിലാകും. 'ഞാൻ' എന്ന ഭാവ മില്ലെങ്കിൽ 'പാപം' ചെയ്യാൻ 'എനിക്ക് കഴികയില്ല.' ആകയാൽ സ്വയത്തെ നിഷേധിക്കുക (Denail of the self). 'തന്നെത്താൻ ത്യജിക്കുക' എന്ന് യേശു ക്രിസ്തു പറഞ്ഞത് ഓർക്കുക. യേശുക്രിസ്തുവിൽ 'സ്വാർത്ഥത'യില്ലാ യിരുന്നു. അതുകൊണ്ടുതന്നെ ക്രിസ്തുവിൽ പാപവുമില്ലായിരുന്നു. പൗലൂസ് ശ്ലീഹാ പറയുന്നതുപോലെ 'ഞാൻ ക്രിസ്തുവിനോടുകൂടി ക്രൂശി ക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല, ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു' (ഗലാ. 2:20) എന്ന് നമുക്കും പറയാൻ കഴിയണം.

വി. മാമോദീസായുടെ അനുഭവം അതാണ്. നാം ക്രിസ്തുവിനോടു കൂടെ, നമ്മുടെ സ്വയത്തെ ക്രൂശിക്കുന്നതായും വീണ്ടും ജനനം വഴി യായി യേശുക്രിസ്തു നമ്മിൽ ജീവിക്കുന്നതായുമുള്ള അനുഭവത്തിലേ

ക്കാണ് നാം വി. മാമോദീസായിലൂടെ വന്നെത്തിയിരിക്കുന്നത്. ഈ ആത്മീയ യാഥാർത്ഥ്യം മനസ്സിലാക്കി, നാം നമുക്കുള്ളവരല്ല, ക്രിസ്തുവിനുള്ളവരാണ്, നാം ദൈവത്തിന്റെ മന്ദിരമാണെന്ന നിലയിൽ നമ്മെത്തന്നെ മനസ്സിലാക്കുകയും അപ്രകാരം പ്രവർത്തിക്കാൻ തുടങ്ങുകയും ചെയ്യുമ്പോൾ സാത്താന് നമ്മെ സമീപിക്കാൻ ഭയമാണെന്നോർക്കുക. സാത്താന്റെ അധികാരത്തിൽ നിന്നും, വി. മാമോദീസാ വഴിയായി നാം മോചിതരായി, ദൈവമക്കൾ എന്ന പദവിയിലെത്തിയിരിക്കുന്നു. ഈ പദവിയ്ക്കനുയോജ്യമായ സ്വഭാവഗുണങ്ങൾ സ്വായത്തമാക്കി ദൈവമക്കളായി വളരുവാൻ നമുക്കു സാധിക്കേണ്ടതിന് സ്വയത്തെ തകർക്കുക. വെറുക്കുക, മറക്കുക, ദൈവത്തെ നമ്മുടെ മനസ്സിൽ സ്വീകരിക്കുക, പ്രതിഷ്ഠിക്കുക ആരാധിക്കുക, സ്നേഹിക്കുക. ഇപ്രകാരമൊരു തീരുമാനമെടുത്ത് ദൈവേഷ്ടത്തിന് സ്വന്തയിഷ്ടത്തെ പൂർണമായി വിധേയപ്പെടുത്തി മുന്നോട്ടു പോകുന്ന മനുഷ്യ മനസ്സിൽ സാത്താന് ഒരിക്കലും പ്രവേശനമോ സ്വാധീനമോ ഇല്ല. എന്നാൽ, ദൈവസ്നേഹം വിട്ട്, ലോകസ്നേഹത്തിലേയ്ക്ക് ആകർഷിക്കുവാൻ 'വെളിച്ചദൂതന്റെ' വേഷത്തിൽ അവൻ കടന്നു വന്നേയ്ക്കാം.' ജാഗ്രത! ജാഗ്രത! അത്യാവശ്യം!!

## പാഠം 3

# ദൈവഹിതവും സൽപ്രവൃത്തികളും

ദുഷ്ടവിചാരങ്ങളിൽ നിന്നും മനസ്സ് മോചിതമാകുന്നതിന്, ദൈവഹിതം തിരിച്ചറിഞ്ഞ്, സൽപ്രവൃത്തികളിൽ വ്യാപരിക്കുന്നത് മനസിനേയും ഇച്ഛാശക്തിയേയും സന്നദ്ധമാക്കുകയാണ് ആവശ്യമെന്ന് നാം കണ്ടു. എന്താണ് ദൈവഹിതമെന്നും, സൽപ്രവൃത്തികളെന്നും, മനസ്സിലാക്കാനുള്ള ഒരു ശ്രമമാണ് ഇവിടെ നടത്തുന്നത്. വേദപുസ്തകത്തിലും സഭാപിതാക്കന്മാരുടെ എഴുത്തുകളിലും നിരവധി ഉൾക്കാഴ്ചകൾ നമുക്ക് ലഭിക്കുന്നത് ചുരുക്കമായി പരിശോധിക്കാം.

### 1) ദൈവഹിതം (The Willl of God)

ദൈവത്തെ അനുസരിക്കുക എന്ന് പറയുമ്പോൾ നമ്മുടെ ഇഷ്ടത്തെ ദൈവയിഷ്ടത്തിന് വിധേയമാക്കുക എന്നതാണല്ലോ. ദൈവഹിതം തിരിച്ചറിയുക എന്നത് ആത്മീയജീവിതത്തിൽ പരമപ്രധാനമായ കാര്യമാണ്. ദൈവേഷ്ടത്തെ തെറ്റിദ്ധരിക്കാനിടയുള്ളതിനാൽ, അത് ശരിയായി മനസ്സിലാക്കുന്നതിന് വേണ്ടത്ര ശ്രദ്ധയും പരിശീലനവും ആവശ്യമാണെന്ന് പിതാക്കന്മാർ കരുതിയിരുന്നു. എവിടെയാണ്, എപ്പോഴാണ്, എങ്ങനെ

യാണ് ദൈവേഷ്ടം വെളിപ്പെടുത്തുന്നത് എന്ന് തിരിച്ചറിയുക എന്നതാണ് പ്രധാന സംഗതി.

ദൈവഹിതം അറിയുന്നതിന് പ്രവാചകന്മാരെയാണ് മനുഷ്യർ ആദിമ കാലങ്ങളിൽ ആശ്രയിച്ചു വന്നിരുന്നത്. എന്നാൽ 'പ്രവചനവരം നിന്നു പോകും' എന്നു പൗലൂസ് ശ്ലീഹാ പറയുന്നു (1 കൊരി. 13:18). ദൈവവും മനുഷ്യനുമായി നിലനിന്നിരുന്ന മറയും അകൽച്ചയും നീങ്ങി ദൈവമനസ്സ് തിരിച്ചറിയുവാനുള്ള അവസ്ഥയിലേക്കാണ് ദൈവമക്കളായി നാം വി. മാമോദീസായേൽക്കുന്നത് എന്നതിനാൽ, മറ്റൊരു പ്രവാചകനെ ആശ്രയിക്കാതെ തന്നെ വീണ്ടും ജനിച്ച ക്രിസ്ത്യാനികൾക്ക് ദൈവഹിതം അറിയാൻ കഴിയുമെന്നാണ് പിതാക്കന്മാരുടെ ഉപദേശം. ഓരോരുത്തരുടേയും ആത്മീയ ശക്തിക്കനുസരിച്ച് ദൈവത്തോട് അടുത്തുചെല്ലാനും ദൈവ മനസ്സ് തിരിച്ചറിഞ്ഞ്, സൽപ്രവൃത്തിയിൽ വ്യാപൃതരാകാനും വീണ്ടും ജനനവും, കൂദാശാനുഭവങ്ങളും വഴി സാധിക്കും. 'നിന്തിരുമനസ്സിനെ ഞാനറിഞ്ഞ്, ഞാൻ അതിനെ ചെയ്‌വാനായി നിൻ തിരുമനോഗുണമ തിനാലെ എനിക്ക് നീ മനോഗുണം നൽകണമെ' എന്ന് നാം പ്രാർത്ഥി ക്കുന്നതിന്റെ അടിസ്ഥാനം ഇതാണ്. എല്ലാവർക്കും ദൈവമനസ്സ് തിരിച്ച റിയാൻ സാധിക്കുമെന്നിരുന്നാലും അതിനായുള്ള പരിശീലനം ആവശ്യ മാണ്.

**a) ആത്മീയ പിതാവിനോടുള്ള വിധേയത്വം**

മോശയുടെ കൂടെയുണ്ടായിരുന്ന യെൽദാദും മേദാദും പ്രവചിക്കു വാൻ തുടങ്ങിയപ്പോൾ അവരെ വിരോധിക്കുവാൻ മോശയോട് യോശുവാ ആവശ്യപ്പെടുകയും, യഹോവയുടെ എല്ലാ ജനങ്ങളും പ്രവചിക്കുന്നവ രാകട്ടെ എന്ന് മോശ നിർദ്ദേശിക്കുകയും ചെയ്യുന്നതായി സംഖ്യ 11:28-30 എന്ന ഭാഗത്ത് കാണുന്നു. ഓരോരുത്തർക്കും അവരവരുടെ കഴിവു പോലെയാണ് ആത്മാവിന്റെ കൃപാവരങ്ങൾ നൽകുന്നതെന്നതാണ് പുതി യനിയമത്തിൽ പൊതുവായി കാണുന്നത്. ആത്മീയ നൽവരങ്ങൾ സമൃ ദ്ധിയായി ലഭിച്ച ആത്മീയ ഗുരുക്കന്മാരെ കണ്ടുപിടിക്കുക ആവശ്യമാണ്.

ആത്മീയ പിതാവ് ഒരു പുരോഹിതൻ ആയിരിക്കണമോ, മുതിർന്ന സന്യാസപിതാവായാൽ മതിയോ എന്നതിനെപ്പറ്റി അഭിപ്രായവ്യത്യാസ മുണ്ട്. കുമ്പസാരവും പാപമോചനാധികാരവും സംബന്ധിച്ച കാര്യത്തി ലാണ് ഈ വ്യത്യാസം കാണുന്നത്. ആശ്രമങ്ങളിൽ അവരവരുടെ ആത്മീയ ഗുരുക്കന്മാരെ സ്വയം തെരഞ്ഞെടുക്കുവാൻ അവകാശമുണ്ടോ ഇല്ലയോ എന്ന തർക്കത്തിൽ നിന്നാണ് ഈ വ്യത്യാസം ഉടലെടുത്തത്. വിശുദ്ധനും, പുരോഹിതനുമായ ആത്മീയ പിതാവാണ് ആദർശ പിതാവ് എന്ന അഭിപ്രായം അംഗീകൃതമായിരുന്നു. ആശ്രമത്തിന്റെ ഭരണചുമത

ലയുള്ള വ്യക്തി ആകാതിരിക്കുന്നതാണ് നല്ലത് എന്നും പൊതുവെ ധാരണയുണ്ടായിരുന്നു. എന്നിരുന്നാലും ആശ്രമത്തിലെ 'ആശ്രമാധിപൻ' ഒരു ബിഷപ്പിന്റെ സ്ഥാനത്ത് ബഹുമാനിക്കപ്പെടുകയും ആശ്രമാംഗങ്ങളാൽ അനുസരിക്കപ്പെടുകയും ചെയ്യപ്പെട്ടിരുന്നു. ആശ്രമത്തിലെ ഓരോ അംഗത്തിന്റെയും എല്ലാ കാര്യങ്ങളും സൂക്ഷ്മമായി അറിയുവാനുള്ള ചുമതലയുണ്ടായിരുന്നു. ആത്മീയ നിർദ്ദേശത്തോടൊപ്പം പ്രാർത്ഥനയും ആത്മീയ പിതാവിനോട് ശിഷ്യർ ആവശ്യപ്പെടുമായിരുന്നു. ആശ്രമത്തിലാണെങ്കിൽ; ആത്മീയഗുരുവിന്റെ അനുവാദമില്ലാതെ ചെയ്യുന്ന കാര്യങ്ങൾ ശപിക്കപ്പെട്ടതായിപോലും കണക്കാക്കി വരുന്ന രീതികൾ കാണുന്നുണ്ട്.

എഴുതപ്പെട്ട നിയമങ്ങളാണോ, ആത്മീയ പിതാവിന്റെ നിർദ്ദേശമാണോ കൂടുതൽ ആധികാരികം എന്നതിനെപ്പറ്റി രണ്ടഭിപ്രായം നിലവിലുണ്ട്. നിയമത്തിന്റെ ശരിയായ വ്യാഖ്യാനം സഭയുടെയോ, സമൂഹത്തിന്റെയോ പാരമ്പര്യങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും അനുസരണമാണെങ്കിൽ മാത്രമേ ആധികാരികമായി സ്വീകരിക്കാവൂ എന്നതാണ് പൗരസ്ത്യ പിതാക്കന്മാരുടെ പൊതുവായ ഒരു ധാരണയുള്ളത്.

### b) ദൈവിക കൽപനകളോടുള്ള അനുസരണം

ദൈവമനസ്സ്, ദൈവം വെളിപ്പെടുത്തി പ്രവാചകന്മാർ മുഖാന്തിരം മനുഷ്യർക്ക് നൽകിയതാണല്ലോ ദൈവിക കൽപനകൾ. ദൈവം അരുളിച്ചെയ്യുന്നു എന്ന് പറഞ്ഞ് പ്രവാചകന്മാർ പറയുമ്പോൾ, സ്വന്തം അഭിപ്രായങ്ങളുടെ സ്വാധീനം പലപ്പോഴും അവയിൽ കൂടിച്ചേർന്നു കാണാനിടയുണ്ട്. ആയതിനാൽ, ഒറ്റപ്പെട്ട ആശയങ്ങളായിട്ടല്ല, പരമ്പരാഗതമായി ദൈവമക്കൾ അവയെ പൊതുവായി എങ്ങനെ മനസ്സിലാക്കി എന്ന് മനസ്സിലാക്കുവാൻ സഭാപിതാക്കന്മാരുടെ വ്യാഖ്യാനങ്ങൾ കൂടി പരിശോധിക്കണം. പഴയനിയമ കാലത്തെ 10 കൽപനകൾ യഹൂദന്മാർ 633 ഉപവിഭാഗങ്ങളുണ്ടാക്കി വിപുലീകരിച്ചപ്പോൾ, യേശു അതിനെ കേവലം 2 കൽപനകളായി (ദൈവസ്നേഹം, മനുഷ്യസ്നേഹം എന്നിങ്ങനെ) ചുരുക്കുകയായിരുന്നു. കൽപനകൾ മനസ്സിലാക്കുന്നതോടൊപ്പം, അതിനപ്പുറത്ത്, കൽപന അപ്പഴപ്പോൾ അന്വേഷിക്കാതെ തന്നെ, ദൈവം ആഗ്രഹിക്കുന്നതുപോലെ, ദൈവയിഷ്ടം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവാനുള്ള പക്വത പ്രാപിക്കുകയാണാവശ്യം. കൽപനയുള്ളതു കൊണ്ടല്ല സ്നേഹിക്കേണ്ടത്, പിന്നെയോ സ്നേഹിക്കുക എന്നത് നമ്മുടെ സ്വഭാവമായിത്തീർന്നതുകൊണ്ടായിരിക്കണം. കൽപന, നിയമം അഥവാ ന്യായപ്രമാണം ഇല്ലാതെതന്നെ, അവയുള്ളതിനേക്കാൾ ഉയർന്ന നിലവാരത്തിൽ ദൈവഹിതം പ്രവർത്തിക്കുന്ന ദൈവസ്വഭാവത്തിലേക്ക് നാം വള

രണം. ആ വളർച്ചയെ സഹായിക്കുന്നതിനും, ത്വരിതപ്പെടുത്തുന്നതിനുമാണ് നിയമവും കൽപനകളും. വാർക്കകെട്ടിടങ്ങൾ പണിയുമ്പോൾ 'തട്ട്' 'തൂണ്' എന്നിവ പോലെയാണ് 'കൽപനകൾ.' വാർക്ക ഉറയ്ക്കുന്നതുവരെ അവ അത്യാവശ്യമാണ്. എന്നാൽ, വാർക്ക ഉറച്ചു കഴിഞ്ഞാൽ പിന്നെ തൂണും തട്ടും ആവശ്യമില്ലെന്ന് മാത്രമല്ല, അവ തടസ്സവും അഭംഗിയുമാണ്. ഇപ്രകാരമാണ്, വിശ്വാസത്തിൽ 'ഉറച്ച' ക്രിസ്ത്യാനിക്ക് 'ന്യായപ്രമാണം.' ശിശുപാലകന്റെ സ്ഥാനത്താണ് പൗലൂസ് ശ്ലീഹാ ന്യായപ്രമാണത്തെ കാണുന്നത് (റോമർ 3:7).

യേശുക്രിസ്തു മോശയുടെ ന്യായപ്രമാണത്തെ ഒരിക്കലും തെറ്റിച്ചില്ല. യഹൂദ റാബിമാരുടെ തെറ്റായ വ്യാഖ്യാനങ്ങളെയാണ് താൻ വെല്ലുവിളിച്ചത് (മത്തായി 5:17–48). ക്രിസ്തീയ പക്വത പ്രാപിക്കുന്നതുവരെ, ദൈവമനസ്സ് തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവാൻ പ്രാപ്തിയുണ്ടാകുന്നതുവരെ നാം ന്യായപ്രമാണങ്ങളും നിയമങ്ങളും കൽപനകളും പാലിക്കുന്നതിൽ അതീവ ശ്രദ്ധ ചെലുത്തണം. സമൂഹത്തിന്റെ ഐക്യത്തിനും ശാന്തിയ്ക്കും നിലനിൽപിനും ഇത് ആവശ്യമാണ് എന്നതിനാൽ, ഈ കാര്യത്തിൽ വീഴ്ച വരുത്തി കൂടാ.

ആത്മീയ ജീവിതം സംബന്ധിച്ച് പലതരം നിയമങ്ങൾ കാണുന്നുണ്ട്. ആശ്രമസ്ഥർക്ക്, സന്യാസിനിമാർക്ക്, പട്ടക്കാർക്ക്, സാധാരണജനങ്ങൾക്ക് എന്നിങ്ങനെ വിവിധതരം ജീവിതരീതികളും അവയോട് ചേർന്ന നിയമാവലികളും ഉണ്ടായി വന്നിട്ടുണ്ട്. എന്നാൽ അപ്രകാരമൊരു തരംതിരിവ് ആവശ്യമില്ലെന്നാണ് ജോൺ ക്രിസോസ്റ്റം പറയുന്നത്. ഇപ്രകാരമൊരു തരംതിരിവ് വേദപുസ്തകത്തിൽ കാണുന്നില്ല. വിവാഹിതരായവരും ആത്മീയ ജീവിതത്തിന്റെ അത്യുന്നത പടികളിലെത്തിച്ചേരാൻ ഒരുപോലെ വിളിക്കപ്പെട്ടവരും, അതിന് ചുമതലയുള്ളവരുമാണ്. ചിലർക്ക് ഉയർന്നതും, ചിലർക്ക് താഴ്ന്നതുമായ വിളിയാണെന്ന് അദ്ദേഹം സമ്മതിക്കുന്നില്ല. പൗരസ്ത്യ സഭാപിതാക്കന്മാർ പൊതുവെ ഈ അഭിപ്രായക്കാരാണ്.

### 2) "നന്മയുടെ പാത" (The Path of Virtue)

നന്മയിൽ വളരുന്നതിന് ധാർമ്മികമായും സന്യാസ സംബന്ധമായും പല രീതികളും ക്രിസ്തീയ സഭയിൽ വളർന്നു വന്നിട്ടുണ്ട്. തോമസ് അക്വിനാസ് തുടങ്ങിയ പാശ്ചാത്യപിതാക്കന്മാർ വളരെ ക്രമീകൃതമായ ജീവിതരീതികൾ നിർദ്ദേശിക്കുന്നുണ്ടെങ്കിലും, പൗരസ്ത്യ പിതാക്കന്മാർ അത്രയധികം ക്രമീകൃതരീതി വളർത്തിയെടുത്തിട്ടില്ല. സുശിക്ഷിതമായ ജീവിതത്തിലൂടെ ഹൃദയം ദൈവസന്നിധിയിൽ നിലനിർത്തുകയും ക്രിസ്തു കാണിച്ചുതന്ന ജീവിതരീതി പ്രമാണിക്കുകയും ചെയ്ക എന്ന

ലളിതമായ തത്വമാണ് 'നന്മയുടെ പാതയായി' അത്താനാസിയോസ് തുടങ്ങിയ പിതാക്കന്മാർ നിർദ്ദേശിക്കുന്നത്. ഒരു ശരീരത്തിലെ വിവിധ അവയവങ്ങൾ പോലെയാണ് ഓരോ നന്മയും ആത്മീയ ജീവിതത്തിന് സഹായിക്കുന്നത് എന്നാണ് Simon the New Theologian അഭിപ്രായപ്പെടുന്നത്. നന്മ ചെയ്യാനുള്ള കഴിവ് മനുഷ്യാത്മാവിൽ ദൈവം തന്നെ നിക്ഷേപിച്ചിട്ടുണ്ട്. ദൈവശക്തി പ്രാപിച്ച് മനുഷ്യന് നന്മയിൽ വളരുവാനുള്ള കഴിവ് സ്വാഭാവികമായിത്തന്നെ ഉണ്ട്. ഇവിടെ മനുഷ്യന്റെ ശക്തിയല്ല, അവനിൽ ദൈവം നിക്ഷേപിച്ച സാദ്ധ്യതയും കഴിവുമാണ് വെളിപ്പെടുന്നത് എന്നതിനാൽ ദൈവശക്തി തന്നെയാണ് വാഴ്ത്തപ്പെടുന്നത്. ആകയാൽ, മനുഷ്യൻ ചെയ്യുന്ന ഓരോ നന്മയും, മനുഷ്യനല്ല മഹത്വം കൊടുക്കുന്നത്, സ്രഷ്ടാവായ ദൈവത്തിനാണ്. അതുകൊണ്ടു തന്നെ, മനുഷ്യന്റെ നന്മ പ്രവൃത്തിമൂലം, അവന്റെ സ്രഷ്ടാവായ ദൈവനാമം മഹത്വപ്പെടുവാനിടയാകുന്നു. കർത്തൃപ്രാർത്ഥനയിൽ, "നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമെ" (മഹത്വീകരിക്കപ്പെടേണമെ) എന്ന് നാം പ്രാർത്ഥിക്കുമ്പോൾ, നമ്മുടെ നന്മപ്രവൃത്തികൾ വഴി ദൈവനാമം ഭൂലോകം മുഴുവൻ വാഴ്ത്തപ്പെടുവാനിടയാകട്ടെ എന്നാണ് അർത്ഥമാക്കുന്നത്.

### a) നന്മയുടെ പാതയും പ്രതിഫലവും

ദൈവം മാത്രം നല്ലവൻ, നന്മയുടെ ഉറവിടം ദൈവം മാത്രം, നന്മ പ്രവർത്തിക്കുന്നവർക്ക് സകലവും നന്മയ്ക്കായിത്തന്നെ കൂടി വ്യാപരിക്കുന്നു തുടങ്ങിയ ആശയങ്ങൾ വേദപുസ്തകത്തിൽ ധാരാളം കാണുന്നുണ്ട് (ഫിലി. 4:8, 1 പത്രോസ് 2:9, 2 പത്രോസ് 13, റോമർ 8:28 എന്നീ വേദഭാഗങ്ങൾ കാണുക). നന്മയിലേക്കുള്ള വഴി ഇടുങ്ങിയതും തിന്മയിലേക്കുള്ള വഴി വിശാലവുമാണെന്നും കാണുന്നു (മത്തായി 7:13). നന്മ തന്നെയാണ് നന്മയുടെ പ്രതിഫലം എന്നും നന്മയിലൂടെ പൂർണസന്തോഷത്തിലെത്തിച്ചേരാമെന്ന് ജസ്റ്റിനും, നന്മയിൽ നിലനിൽക്കുക എന്നതു തന്നെയാണ് നന്മയുടെ പ്രതിഫലം എന്ന് നാസിയാൻസിലെ ഗ്രീഗോറിയോസും പറയുന്നു (Spirituality of the Christian East By Spidlick, Thomas, Michigan, 1986, p. 290).

നന്മയിൽ വളരുന്നത് ദൈവസ്വഭാവത്തിൽ പങ്കുകാരാകുന്നതിനാണ്. കാരണം ദൈവം മാത്രമെ നല്ലവനായിട്ടുള്ളു. ക്രിസ്തുവിന്റെ സ്വഭാവത്തിൽ പങ്കുകാരാവുന്നത് നന്മ പ്രവർത്തിക്കുക വഴിയാണ്. നമ്മിലുള്ള ദൈവസ്വരൂപത്തിൽ വളർന്ന് ദൈവസാദൃശ്യത്തിലേക്ക് എത്തിച്ചേരുന്നത് നന്മയുടെ പാതയിലൂടെ മാത്രമാണ്. ദൈവത്തെ വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്ന എല്ലാ നന്മകളും സ്വായത്തമാക്കി ദൈവാനുരൂപികളായിത്തീരുവാൻ ദൈവം നമ്മോട് ആവശ്യപ്പെടുന്നു എന്നാണ് നാസിയാൻസിലെ ഗ്രീഗോറിയോസ് പറയുന്നത്. ആകയാൽ നാം എന്തുമാത്രം

ദൈവീകരിക്കപ്പെട്ടു എന്ന് നമ്മുടെ നന്മപ്രവൃത്തികളും നന്മയുടെ പാതയിലുള്ള സഞ്ചാരവും സൂചിപ്പിക്കുന്നു എന്നാണ് അദ്ദേഹം പറയുന്നത്. നന്മയുടെ മൂർത്തീകരണവും അവതാരവുമാണ് ക്രിസ്തു എന്നതിനാൽ, നാം നന്മ പ്രവർത്തിക്കുന്നതുവഴി 'ക്രിസ്തുവിലായിത്തീർന്ന്' അവനെ സ്വന്തമാക്കുകയാണ് ചെയ്യുന്നത് എന്നാണ് ഓറിജൻ പറയുന്നത്. നന്മയും ക്രിസ്തുവും തമ്മിൽ വ്യത്യാസമില്ലാത്തതിനാൽ, നന്മയിൽ വസിക്കുന്നതും ക്രിസ്തുവിൽ വസിക്കുന്നതും തമ്മിൽ വ്യത്യാസമൊന്നുമില്ലെന്നും അദ്ദേഹം പറയുന്നു.

**b) വിവിധ നന്മകൾ?** ആത്യന്തികമായ നന്മ ഒന്നു മാത്രമേയുള്ളു എന്നും എല്ലാ നന്മകളും ആ ഏകനന്മയായ ദൈവത്തിന്റെ സ്വഭാവ ഗുണങ്ങളാണെന്നും അവ ഓരോന്നും പാലിക്കുക വഴി നന്മയുടെ പൂർണ്ണതയിലേക്ക് നമുക്ക് വളരാൻ കഴിയുന്നു എന്നും പിതാക്കന്മാർ പറയുന്നു. വിവിധ നന്മകൾ വിവരിക്കുന്ന പട്ടികകളെ പോലെ തന്നെ തിന്മകളുടെ വിവരണങ്ങളും കാണുന്നുണ്ട്. 'മാനസികവും ധാർമ്മികവും' എന്നും 'ധ്യാനാത്മകവും പ്രായോഗികവും' എന്നുമുള്ള തരംതിരിവുകളും ചിലപ്പോൾ കാണുന്നുണ്ട്. നന്മയിൽ ജീവിക്കുന്നതിന് ദൈവാനുഗ്രഹവും അതോടൊപ്പം മനുഷ്യന്റെ പരിശ്രമവും ആവശ്യമാണെന്നാണ് പൗരസ്ത്യ പിതാക്കന്മാരുടെ അഭിപ്രായം. വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ സുകൃതങ്ങൾക്ക് പ്രാധാന്യം വേദപുസ്തകത്തിൽ കാണുന്നതുപോലെതന്നെ പിതാക്കന്മാരും നൽകുന്നുണ്ട്. 'ഹൃദയ വിശുദ്ധി'യാണ് ഏറ്റവും വലിയ നന്മയെന്നാണ് കാസിയന്റെ അഭിപ്രായം. ഇതിനുവേണ്ടി ഏകാന്തജീവിതവും ഉപവാസവും ജാഗരണവുമെല്ലാം നാം നടത്തണമെന്ന് അദ്ദേഹം പറയുന്നു. പൗലൂസ് ശ്ലീഹാ ഇടയലേഖനങ്ങളിൽ നന്മപ്രവൃത്തികളെപ്പറ്റി വിവരിക്കുന്നുണ്ട്. റോമിലെ ക്ലീമ്മിസ്, പോളിക്കാർപ്പോസ്, ഹെർമാസ് എന്നിവരും നന്മയുടെ വിവിധ തലങ്ങളെപ്പറ്റി വിശദമായി ചർച്ച ചെയ്തു എഴുതിയിട്ടുണ്ട്.

അലക്സന്ത്രിയായിലെ ക്ലീമിസിന്റെ എഴുത്തുകളിൽ കാണുന്നത് ഇവിടെ ചുരുക്കമായി പരിശോധിക്കാം. വിശ്വാസമാണ് രക്ഷയിലേക്ക് നയിക്കുന്ന ഒന്നാമത്തെ സുകൃതം. അതിനുശേഷം, ദൈവഭയം, പ്രത്യാശ, അനുതാപം, വർജനം, ദീർഘക്ഷമ, സ്നേഹപ്രവൃത്തികൾ എന്നിവയാണ് അദ്ദേഹം വിവരിക്കുന്ന ക്രമം. ഇവാഗ്രിയസ്, മാക്സിമസ് എന്നിവർ മറ്റൊരുവിധത്തിൽ ഈ സുകൃതങ്ങൾ തന്നെ അവതരിപ്പിക്കുന്നു. ഇവയ്ക്കെല്ലാം ഒരു പൊതു അടിസ്ഥാനമുള്ളത് ഇഗ്നാത്തിയോസ് വിവരിക്കുന്നത് ഇങ്ങനെയാണ്: 'വിശ്വാസവും സ്നേഹവുമാണ് ആത്മീയജീവിതത്തിന്റെ ആരംഭവും അവസാനവും. വിശ്വാസത്തിൽ ആരംഭിച്ച് സ്നേഹത്തിൽ അവസാനിക്കുന്നു.'

### 3) സ്നേഹവും സ്നേഹപ്രവൃത്തികളും (Charity)

#### a) സ്നേഹത്തിന്റെ മഹത്വം

'സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് സൽഗുണ പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണ പൂർണ്ണരാകുവിൻ' (മത്തായി 6:38). യേശുക്രിസ്തുവിന്റെ ഈ ആഹ്വാനമാണ് ക്രിസ്തീയ സ്നേഹ പ്രവർത്തികളിലേക്ക് നമ്മെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ക്രിസ്തീയ പരിപൂർണ്ണത എന്നത് സ്നേഹത്തിലുള്ള വളർച്ചയാണെന്ന് പിതാക്കന്മാരും പഠിപ്പിക്കുന്നു. ലൂക്കോസ് 10:2-48, മത്തായി 25:31-46, 1 കൊരി. 13, ഉത്തമഗീതം എന്നീ വേദഭാഗങ്ങളിൽ സ്നേഹവർണ്ണന നാം കാണുന്നുണ്ട്. ദൈവം സ്നേഹം തന്നെ എന്നു പറയുന്നതുപോലെ സ്നേഹം ദൈവം തന്നെയെന്നും, എവിടെ യഥാർത്ഥ സ്നേഹമുണ്ടോ അവിടെ ദൈവമുണ്ടെന്നും, സ്നേഹമില്ലാതെ മറ്റെന്തെല്ലാമുണ്ടായാലും ദൈവമില്ലാത്തതിനാൽ യാതൊരു പ്രയോജനവുമില്ലെന്ന് നാം മനസ്സിലാക്കണം. ദൈവത്തിന്റെ അദൃശ്യമർമ്മങ്ങളിലേക്ക് സ്നേഹം നമ്മെ നയിക്കുന്നു (1 യോഹ. 4:16). സ്നേഹത്തിൽ വസിക്കുന്നതിലൂടെയാണ് ദൈവത്തെ നാം അറിയുന്നതും ആശ്രയിക്കുന്നതും. ബർന്നബാസ് പറയുന്നത്, നാം സ്നേഹത്തിന്റെ മക്കളാകയാൽ നാം സ്നേഹിക്കാനായി സൃഷ്ടിക്കപ്പെട്ടവരാണെന്നാണ്. സ്നേഹമില്ലെങ്കിൽ എല്ലാം ഉപയോഗശൂന്യവും പൊള്ളയുമാണെന്നാണ് ഐറേനിയസ് പറയുന്നത്. സ്നേഹമില്ലാതെ ചെയ്യുന്ന ഒരു പ്രവൃത്തിയും നല്ലതായിരിക്കാൻ വഴിയില്ല എന്നാണ് യൂസേബിയസ് പറയുന്നത്. സകല നന്മകളുടേയും കൊടുമുടിയാണ് സ്നേഹമെന്നാണ് ക്രിസോസ്റ്റം പറയുന്നത്. ആത്മീയ ശരീരത്തിന്റെ ശിരസ്സാണ് സ്നേഹമെന്നും മറ്റെല്ലാ സുകൃതങ്ങളും അവയവങ്ങളുമാണെന്നാണ് Symeon the New Theologian പറയുന്നത് (SCE. p. 295).

**b) മൂന്നു ഭിന്നാഭിപ്രായങ്ങൾ:** (1) ബസേലിയോസിന്റെ അഭിപ്രായത്തിൽ ദീർഘക്ഷമയാണ് (temperance = സഹനം) മറ്റെല്ലാ സുകൃതങ്ങളെക്കാളും മികച്ചത് എന്നാണ്. സ്നേഹപ്രവൃത്തിയേക്കാൾ രക്തസാക്ഷിത്വത്തിന് തയ്യാറാകുന്ന സഹനശക്തി പരിശീലിക്കുകയാണ് സന്യാസികൾക്ക് ആവശ്യമെന്നും 'കന്യകാത്വം' (Virginity / celebacy) കാത്തുസൂക്ഷിക്കുന്നത് രക്തസാക്ഷിത്വത്തിന് തുല്യമാണെന്നും അദ്ദേഹം പ്രസ്താവിക്കുന്നു. (2) പൗരാണികരായ സന്യാസപിതാക്കന്മാരൊന്നും സ്നേഹപ്രവൃത്തികളെപ്പറ്റി പ്രത്യേകം എടുത്തുപറയുന്നതായി കാണുന്നില്ല. ഒരു പക്ഷെ ആശ്രമജീവിതത്തിൽ, ലോകജീവിതത്തിലെന്നപോലെ സ്നേഹപ്രകടനങ്ങൾക്ക് അവസരമോ അനുവാദമോ ഇല്ലാതിരുന്നതിനാലോ ദൈവസ്നേഹം പ്രകടിപ്പിക്കുന്നത് ആരാധന, സഹനം

എന്നിവ വഴിയാണെന്ന് ധരിച്ചതിനാലോ ആകാം പിതാക്കന്മാർ സ്നേഹ പ്രവർത്തികളെ (charity) പറ്റി കൂടുതൽ പരാമർശിക്കാതെ പോയത്. (3) മാബൂഗിലെ പീലക്സിനോസ് ദൈവിക പരിജ്ഞാനസമ്പാദനത്തി നായി നമ്മുടെ സകല കഴിവുകളും പരമാവധി ഉപയോഗിക്കണമെന്നും യോഗാത്മകതയും (contemplation) ധ്യാനജീവിതവും ശരിയായി പരി ശീലിക്കുന്നതിലൂടെ പൂർണത പ്രാപിക്കണമെന്നുമുള്ള സമീപനമാണ് സ്വീകരിക്കുന്നത്. ശരിയായ ജ്ഞാനവും സ്നേഹപ്രവൃത്തികളും വേർ തിരിക്കാനാവാത്തവിധം പരസ്പരം യോജിച്ചാണിരിക്കുന്നത് എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

**c) ഗ്രീക്കു ചിന്താഗതി:** ഹീബ്രുവിൽ “അഹേബ്” (സുറിയാനിയിൽ ഹൂബോ) എന്ന ഒരു വാക്കേ സ്നേഹത്തിന് ഉപയോഗിക്കുന്നുള്ളു. എന്നാൽ ഗ്രീക്കിൽ Storge (Family love) Eros (Sexual love), Philia (friendly love) and Agape (Divine love) ഇങ്ങനെ നാലു പദങ്ങൾ ഉപയോഗിക്കു ന്നുണ്ട്. ക്രിസ്തീയസ്നേഹം എന്നതിനെ സൂചിപ്പിക്കുവാൻ ‘Agape’ എന്ന പദമാണ് സഭാപിതാക്കന്മാർ ഉപയോഗിക്കുന്നത്.

ഗ്രീക്ക് ചിന്താഗതിയനുസരിച്ച് സ്നേഹത്തെക്കുറിച്ച് 3 തരത്തിലുള്ള സമീപനങ്ങൾ കാണുന്നുണ്ട്.

1) ദൈവം ലോകത്തെയോ മനുഷ്യനേയോ സ്നേഹിക്കുന്നില്ല. കാരണം, ദൈവത്തിന് യാതൊന്നിന്റെയും ആവശ്യമില്ലാത്തതിനാൽ ‘സ്നേഹിക്കണം’ എന്ന ആവശ്യബോധം ഇല്ല എന്നതാണ്. സ്നേഹിത രുമായി സ്നേഹത്തിൽ കഴിയാത്തതിനാൽ എന്തെങ്കിലും കുറവോ, സ്നേഹിക്കുന്നതിനാൽ എന്തെങ്കിലും നേട്ടമോ ദൈവത്തിന് സംഭവി ക്കാത്തവിധം അവൻ മാറ്റമില്ലാത്തവനും ആവശ്യങ്ങൾക്ക് അതീതനു മാകുന്നു. 2) മനുഷ്യൻ ദൈവത്തെ സ്നേഹിക്കുന്നതും ആശ്രയിക്കു ന്നതും പ്രീതിപ്പെടുത്തുന്നതും, അവന്റെ ആവശ്യത്തിനുവേണ്ടിയാണ്. സത്യം, നീതി, ബുദ്ധി, ഭംഗി, പരിജ്ഞാനം തുടങ്ങിയ ഗുണങ്ങൾ ദൈവ ത്തിൽ നിന്നും നേടിയെടുക്കുക എന്നതാണ് മനുഷ്യന്റെ ലക്ഷ്യം. അതിന് അവൻ ദൈവത്തെ സ്നേഹിക്കുന്നു. 3) ദൈവം മാത്രം സ്വയം പൂർണ്ണനാകയാൽ മനുഷ്യൻ പൂർണ്ണതയ്ക്കായി ദൈവത്തെ ആശ്രയി ക്കേണ്ടിയിരിക്കുന്നു.

**d) സ്നേഹം വേദപുസ്തക വെളിച്ചത്തിൽ**

അയൽക്കാരനെ സ്നേഹിക്കണം (ലേവ്യ 19:18), ദൈവത്തേയും അവന്റെ വിശുദ്ധന്മാരെയും സ്നേഹിക്കുക (സങ്കീ. 31:23), ദൈവ കൽപ നകളെ സ്നേഹിക്കണം (സങ്കീ. 119:127), ശത്രുക്കളെ സ്നേഹിക്കണം (മത്തായി 5:44), ദൈവത്തെ സ്നേഹിക്കുന്നത് കൽപനകൾ അനുസരി

ക്കുന്നതു വഴിയാണ് (യോഹ. 14:15), പരസ്പരം സ്നേഹിക്കുക (യോഹ. 15:17), എല്ലാത്തിനേക്കാൾ കൂടുതൽ ദൈവത്തെ സ്നേഹിക്കണം (യോഹ. 2:15), ഭാര്യാഭർത്താക്കന്മാർ സ്നേഹിക്കണം (എഫേ. കൊലോ. 3:19), ലോകത്തെയും വസ്തുക്കളെയും സ്നേഹിക്കരുത് (1 യോഹ. 2:15), വാക്കിനാലല്ല പ്രവൃത്തിയാൽ സ്നേഹിക്കണം (1 യോഹ. 3:18), ദൈവം ലോകത്തെ സ്നേഹിച്ചു (യോഹ. 3:16), പിതാവ് സ്നേഹിച്ചതുപോലെ യേശു സ്നേഹിക്കുന്നു (യോഹ. 15:9), ആദ്യം അവൻ നമ്മെ സ്നേഹിച്ചതിനാൽ നാം അവനെ സ്നേഹിപ്പാൻ കടപ്പെട്ടിരിക്കുന്നു (1 യോഹ. 4:19), യേശുവിനേക്കാൾ കൂടുതൽ മറ്റുള്ളവരെ സ്നേഹിക്കുന്നത് നല്ലതല്ല (മത്തായി 10:37), സ്വന്തജീവനെ സ്നേഹിക്കുന്നവൻ അതിനെ കളയുന്നു (യോഹ. 12:25), ദൈവം സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു (എബ്രാ. 12:6), ശിക്ഷണത്തെ സ്നേഹിക്കുന്നവൻ ജ്ഞാനത്തെ സ്നേഹിക്കുന്നു (സദൃ. 12:1), ക്രിസ്തുവിന്റെ സ്നേഹത്തിൽ വസിക്കണം (യോഹ. 15:9), സ്നേഹിതനുവേണ്ടി ജീവനെ കൊടുക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല (യോഹ. 15:13), ദൈവം നമ്മോട് സ്നേഹം പ്രകടിപ്പിക്കുന്നു (റോമ. 5:8), ദൈവസ്നേഹത്തിൽ നിന്ന് മറ്റ് യാതൊന്നും നമ്മെ വേർപെടുത്താൻ അനുവദിക്കരുത് (റോമർ 8:35), സ്നേഹം നിർവ്യാജമായിരിക്കണം (റോമർ 12:9), സ്നേഹം എല്ലാത്തിനേയും നിറയ്ക്കുന്നു (റോമർ 13:10), പരിശുദ്ധാത്മാവും നമ്മെ സ്നേഹിക്കുന്നു (റോമർ 15:30), സ്നേഹം ഏറ്റവും വലിയ വരം (1 കൊരി. 13-ാം അദ്ധ്യായം), ക്രിസ്തുവിന്റെ സ്നേഹം നമ്മെ നിയന്ത്രിക്കുന്നു (2 കൊരി. 5:14), ആത്മാവിന്റെ ഫലമാണ് സ്നേഹം (ഗലാ. 5:22), സ്നേഹം പാപത്തിന്റെ ബഹുത്വം മറയ്ക്കുന്നു (1 പത്രോസ് 4:8), ദൈവം സ്നേഹം തന്നെ (1 യോഹ. 4:8), തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു (1 യോഹ. 4:18).

### e) സ്നേഹത്തെപ്പറ്റി സഭാപിതാക്കന്മാരുടെ ഉപദേശം

ദൈവം സ്നേഹമാണെന്ന യാഥാർത്ഥ്യം യേശുക്രിസ്തുവിൽ കൂടിയാണ് നാം മനസിലാക്കുന്നത്. ദൈവസ്നേഹത്തിന്റെ പ്രകടനമായിട്ടാണ് ദൈവം സൃഷ്ടി നടത്തിയത് എന്നും; ലോകത്തെ സ്നേഹിച്ചതിനാലാണ് യേശുക്രിസ്തുവിനെ ലോകത്തെ രക്ഷിപ്പാനായി ലോകത്തിലേക്ക് അയച്ചത് എന്നും, യേശുക്രിസ്തു ദൈവസ്നേഹം ലോകത്തിന് കാണിച്ചു തരികയാണ് ചെയ്തത് എന്നും സഭാപിതാക്കന്മാർ പൊതുവായി പഠിപ്പിച്ചു. ആവശ്യം ഉണ്ടോ ഇല്ലയോ എന്ന ചോദ്യം മനുഷ്യരായ നമുക്ക് മാത്രമേ പ്രസക്തമാകുന്നുള്ളു എന്നും അങ്ങനെയൊരു ചോദ്യം സ്നേഹം തന്നെയായിരിക്കുന്ന ദൈവത്തെ സംബന്ധിച്ച് പ്രസക്തമല്ലെന്നും നാം മനസിലാക്കണം. ദൈവത്തിന്റെ ഉണ്മയെ മഹാരഹസ്യമായിട്ടാണ് പിതാക്കന്മാർ കരുതിയത്.

മനുഷ്യൻ ദൈവത്തെ സ്നേഹിക്കുന്നത്, ദൈവസ്വഭാവമായ സ്നേഹം മനുഷ്യനിലുള്ളതിനാലാണ്. അതായത് ദൈവത്തിലും മനുഷ്യരിലും കാണപ്പെടുന്ന സ്വരൂപവും സാദൃശ്യവും ദൈവസ്നേഹം പരസ്പരം കൈമാറാൻ മനുഷ്യനെ പ്രാപ്തനാക്കുന്നു. ദൈവത്തിൽ വസിക്കുക വഴിയാണ് യഥാർത്ഥമായി ദൈവത്തേയും മനുഷ്യരേയും സ്നേഹിക്കുവാൻ മനുഷ്യന് സാധിക്കുന്നത്. ഏറ്റവും പരമമായ കൽപനയും 'സ്നേഹി'ക്കണമെന്നാണല്ലോ.

സ്നേഹം പ്രാവർത്തികമാകുന്നതു വഴിയാണ് രക്ഷയുടെ അനുഭവത്തിലേക്ക് മനുഷ്യൻ വളരുന്നത്. അതിനുള്ള അവസ്ഥയിൽ നിലനിൽക്കാൻ മനുഷ്യന് കഴിയുന്നതും ദൈവം നമ്മെ സ്നേഹിക്കുന്നതിനാലാണ്. ദൈവസ്നേഹത്തിൽ നിലനിൽക്കുന്നതിനായി പരിശ്രമിക്കുക എന്നതാണ് ആത്മീയ ജീവിതത്തിന്റെ ആകെത്തുക. ദൈവസ്നേഹം നമ്മിലുണ്ടെങ്കിൽ ദൈവത്തെ നാം അനുസരിക്കുന്നവരുമായിത്തീരും. യേശുക്രിസ്തുവാണ് നമ്മുടെ ലക്ഷ്യവും മാർഗ്ഗവും.

ദൈവത്തിലുള്ള നന്മയിൽ പങ്കുചേരാനായിട്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്, ദൈവത്തിന് ആവശ്യമുണ്ടായിട്ടല്ല. മനുഷ്യനെ പങ്കുചേർക്കുക എന്നത് ദൈവസ്നേഹത്തിന്റെ സ്വഭാവമായതിനാലാണ് എന്ന് നിസ്സായിലെ ഗ്രിഗോറിയോസ് പറയുന്നുണ്ട്. മനുഷ്യൻ വസ്തുവിനാൽ നിർമ്മിക്കപ്പെട്ടവനായതുകൊണ്ട്, വസ്തുവിനോടുള്ള സ്നേഹം (Eros) അവനിലുണ്ടാകാനിടയുള്ളത് സ്വാഭാവികമാണ്. എന്നാൽ അതേസമയം തന്നെ, ദൈവസ്വരൂപം അവനിലുള്ളതിനാൽ, ദൈവസ്വഭാവമാകുന്ന സ്നേഹത്തെ (Agape) തിരിച്ചറിഞ്ഞ് അതിൽ വസിക്കുവാനും അവന് സാധിക്കും. സ്വയത്തെ മറ്റുള്ളവർക്കുവേണ്ടി ത്യജിക്കുന്നതാണ് ദൈവസ്നേഹമായി യേശുക്രിസ്തു കാണിച്ചു തരുന്നത്. നമുക്ക് എന്തു കിട്ടും എന്ന ചിന്തയോടെ സ്നേഹിക്കുന്നതും Eros ആണ്. നമുക്ക് എന്തു കൊടുക്കാൻ കഴിയും എന്ന് ചിന്തിച്ച് സ്നേഹിക്കുന്നതാണ് ദൈവസ്നേഹം. സ്നേഹിതനുവേണ്ടി ജീവനെ കൊടുക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല. ആ സ്നേഹമാണ് കാൽവറിയിൽ യേശുക്രിസ്തു നമുക്ക് ചൊരിഞ്ഞു തന്നത്.

ദൈവസ്നേഹം എന്നത് പഠിപ്പിക്കാനുള്ള ഒരു ആശയമല്ല, ചെയ്തു കാണിക്കാനുള്ള ഒരു പ്രവൃത്തിയാണ്. 'Love is a verb before it is a Noun' എന്ന ചൊല്ല് നാം ശ്രദ്ധയോടെ മനസ്സിലാക്കി, സ്നേഹിക്കണം എന്ന് പറയുന്നതിനു പകരം പ്രവർത്തിച്ച് കാണിക്കണം. ദൈവസ്നേഹത്തിൽ നാം വസിക്കുക, നിലനിൽക്കുക, ദൈവസ്വഭാവത്തിൽ നാം വളരുക, ദൈവസംസർഗ്ഗം നഷ്ടപ്പെടാതെ സൂക്ഷിക്കുക ഇവയെല്ലാമാണ്

സ്നേഹം നമ്മുടെ സ്വഭാവമായിത്തീരാനുള്ള മാർഗങ്ങൾ. 'ഈ ചെറിയവരിൽ ഒരുവന് ചെയ്തതെല്ലാം എനിക്ക് ചെയ്തു' (മത്തായി 25:35–40) എന്ന് യേശുക്രിസ്തു പറയുന്നതിൽ നിന്നും, കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നതിനുള്ള ഏകമാർഗം കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കുക എന്നതാണ്. അതിൽ കൂടെയാണ്, ദൈവസ്നേഹത്തിൽ നിലനിൽക്കുവാനും ദൈവസ്വഭാവം പ്രാപിച്ച് ദൈവസാദൃശ്യത്തിലേക്ക് വളരുവാനും നമുക്ക് സാധിക്കുന്നത്.

## പാഠം 4

# ദൈവസംസർഗം പ്രാർത്ഥനയിലൂടെ

ദൈവം സ്നേഹമാകുന്നു എന്നും, സ്നേഹത്തിൽ വസിക്കുന്നതിലൂടെയാണ് നാം ദൈവസ്വഭാവത്തിൽ പങ്കുചേർന്ന് സ്നേഹപ്രവൃത്തികൾ നടത്തുന്നതെന്നും മനസ്സിലാക്കി. എന്നാൽ എങ്ങനെയാണ് ദൈവത്തിൽ വസിക്കുന്നത്? ദൈവവുമായി ബന്ധപ്പെടുന്നത് എങ്ങനെയാണ്? നിരന്തരമായി ദൈവത്തിൽ വസിക്കുവാൻ എന്താണ് ചെയ്യേണ്ടത് എന്നീ ചോദ്യങ്ങൾക്ക് പൗരസ്ത്യ പിതാക്കന്മാർ ഉത്തരം നൽകുന്നത്, 'പ്രാർത്ഥിക്കുക നിരന്തരമായി പ്രാർത്ഥിക്കുക' എന്നാണ്. എന്താണ് പ്രാർത്ഥനയെന്നും എങ്ങനെയാണ് അത് നടത്തേണ്ടതെന്നുമുള്ള ഒരു സാമാന്യ അറിവ് നമുക്കുണ്ട്. എന്നിരുന്നാലും കുറച്ചുകൂടി അടുത്തു പരിചയപ്പെടുന്നതിനും അങ്ങനെ പ്രാർത്ഥനാജീവിതത്തിലൂടെ ദൈവവുമായി നിരന്തരബന്ധം പുലർത്തുന്നതിനും എങ്ങനെ സാധിക്കും എന്ന് പരിശോധിക്കാം.

### 1. എന്താണ് പ്രാർത്ഥന (The Essence of Prayer)

**a) നിർവചനം:** 'Prayer is the Air of the soul.' ആത്മാവിന്റെ പ്രാണവായുവാണ് പ്രാർത്ഥന. ശ്വാസോച്ഛ്വാസം വഴിയായി അശുദ്ധവായു പുറത്തുവിട്ട് ശുദ്ധവായു അകത്തേക്കു വലിച്ച് ശരീരം ശുദ്ധീകരിക്കുന്നതുപോലെ, ദൈവിക ചിന്തകൾ മനസ്സിലേക്ക് കടത്തിവിട്ട്, ലൗകിക ചിന്തകളെ പുറത്തേക്ക് തള്ളിക്കളഞ്ഞ് ദൈവിക വിശുദ്ധിയിൽ നിരന്തരം നിലനിൽക്കുന്നതിനായി മനുഷ്യൻ ദൈവസന്നിധിയിൽ നടത്തുന്ന പരിശ്രമത്തിന് പ്രാർത്ഥന എന്ന് പറയാം. ദൈവസംസർഗം നഷ്ടപ്പെടാതെ, നിരന്തരമായി ദൈവസാന്നിദ്ധ്യബോധത്തിൽ നിലനിൽക്കുവാനുള്ള പരിശീലനമാണ് പ്രാർത്ഥന മൂലം ലഭിക്കേണ്ടത്.

പ്രാർത്ഥനയ്ക്കു തുല്യമായി മറ്റൊന്നുമില്ലെന്നും, അസാദ്ധ്യമായ

തിനെ സാദ്ധ്യമാക്കിത്തീർക്കുന്നതും, ബുദ്ധിമുട്ടായതിനെ എളുപ്പമാക്കിത്തീർക്കുന്നതും പ്രാർത്ഥനയാണെന്നുമാണ് ജോൺ ക്രിസോസ്റ്റം പറയുന്നത്. ശരിയായി പ്രാർത്ഥിക്കുന്നവന് പാപത്തിൽ വീഴാൻ കഴിയില്ലെന്ന് അദ്ദേഹം പറയുന്നു. പ്രാർത്ഥനയാണ് എല്ലാമെന്നും, വിശ്വാസം മുതൽ രക്ഷ വരെയുള്ള എല്ലാ കാര്യങ്ങളുടേയും സംഗ്രഹമാണ് പ്രാർത്ഥന എന്നുമാണ് തെയോഫിൻ പറയുന്നത്. പരിശുദ്ധാത്മാവിലുള്ള ജീവന്റെ അടയാളമാണ് പ്രാർത്ഥന; ആത്മീയ ജീവിതത്തിന്റെ അളവുകോലാണ് പ്രാർത്ഥന, സഭയുടെ ജിവശ്വാസമാണ് പ്രാർത്ഥന; ദൈവികതത്വചിന്തയാണ് പ്രാർത്ഥന, എല്ലാ ശാസ്ത്രങ്ങളുടെയും ശാസ്ത്രമാണ് പ്രാർത്ഥന, ദൈവവുമായുള്ള സംഭാഷണമാണ് പ്രാർത്ഥന. ഇങ്ങനെ അനേകം നിർവചനങ്ങൾ പ്രാർത്ഥനയെപ്പറ്റി പലരും നൽകിയിട്ടുണ്ട്.

പൗരാണിക ആരാധനാരീതിയനുസരിച്ച് പിതാവിനോട്, പുത്രനിലൂടെ പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കുക എന്നതാണ് പതിവ്. ക്രിസ്തുവിനോടല്ല, ക്രിസ്തുവിൽ കൂടിയാണ് നാം പ്രാർത്ഥിക്കേണ്ടത് എന്ന് ഓറിജൻ എടുത്തു പറയുന്നു. പരിശുദ്ധന്മാരും മദ്ധ്യസ്ഥന്മാരും വഴിയുള്ള പ്രാർത്ഥന പിന്നീടു വളർന്നു വന്ന രീതിയാണ്.

മനുഷ്യാത്മാവിനെ പ്രാർത്ഥിക്കാൻ സഹായിക്കുന്നത് ദൈവാത്മാവാണ്. വേണ്ടുംവിധം പ്രാർത്ഥിക്കേണ്ടത് എങ്ങനെ എന്ന് പരിശുദ്ധാത്മാവ് നമ്മെ പഠിപ്പിക്കുന്നു (യോഹ. 14), ദൈവാത്മാവിലല്ലാതെ നാം പ്രാർത്ഥിക്കുമ്പോൾ, നാം യാചിക്കുന്ന കാര്യങ്ങൾ ദൈവേഷ്ടത്തിന് ചേർന്നതല്ലാതാകാൻ സാദ്ധ്യതയുണ്ട്. നമ്മുടെ പ്രാർത്ഥന സഭയുടെ പ്രാർത്ഥനയുമായി ചേർന്നുപോകുന്നതായിരിക്കണം. യേശുക്രിസ്തുവിന്റെ ശരീരമായ 'സഭ' പ്രാർത്ഥിക്കുന്നത്, ഒരു വിധത്തിൽ പറഞ്ഞാൽ, യേശുക്രിസ്തുവിന്റെ മഹാപുരോഹിത പ്രാർത്ഥന തന്നെയാണ് (യോഹ. 17). ആ പ്രാർത്ഥനയുടെ അന്തസത്തയോട് ചേർന്ന് പ്രാർത്ഥിക്കുകയാണ് 'സഭ'യും സഭാംഗങ്ങളും ആരാധന വഴി നിർവഹിക്കുന്നത്. ദൃശ്യവും അദൃശ്യവുമായ സഭയിൽ ജീവനോടിരിക്കുന്നവരും വാങ്ങിപ്പോയവരുമായ എല്ലാവരും ചേർന്നു നടത്തുന്ന പ്രാർത്ഥനയുടെ പൊരുളും ഘടനയും ഒക്കെത്തന്നെയാണ് വ്യക്തികളുടെ പ്രാർത്ഥനയിലും ദൃശ്യമാകേണ്ടത്. സ്വന്തം കാര്യസാധ്യത്തിനായി, ദൈവയിഷ്ടം അറിയാനും അതിനായി കാത്തിരിക്കാനും ശ്രമിക്കാതെ, പ്രാർത്ഥിക്കുന്ന രീതി യഥാർത്ഥ ദൈവവിശ്വാസികൾക്ക് ചേർന്നതല്ല.

**b) പ്രാർത്ഥനയുടെ ലക്ഷ്യം:** ലൗകിക ചിന്തകളെ നശിപ്പിക്കുന്ന ഒരു മാനസികാവസ്ഥയാണ് പ്രാർത്ഥനയിലൂടെ സ്വായത്തമാക്കേണ്ടത്. എല്ലാത്തിലും ദൈവമഹത്വം ദർശിക്കാനുള്ള ഉൾക്കാഴ്ചയാണ് പ്രാർത്ഥന വഴി

ലഭിക്കേണ്ടത്. ദൈവസാന്നിധ്യം എല്ലായിടത്തും അനുഭവപ്പെടുന്ന അവസ്ഥയിലെത്തിച്ചേരുക എന്നതാണ് പ്രാർത്ഥന ലക്ഷ്യമാക്കുന്നത്. മനസ്സിനെ ദൈവസന്നിധിയിൽ നിരന്തരം നിലനിർത്തുകയും ദൈവേഷ്ടം തിരിച്ചറിഞ്ഞ്, അവ പ്രാവർത്തികമാക്കാനുള്ള ഇച്ഛാശക്തി വർദ്ധിപ്പിക്കുകയുമാണ് പ്രാർത്ഥനകൊണ്ട് സാധിക്കേണ്ടത്. ദൈവം ഇഷ്ടപ്പെടുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് തിരിച്ചറിഞ്ഞ് അവയെ പ്രാപിക്കുവാനുള്ള ആഗ്രഹം ഉണ്ടാകേണ്ടതിനായിട്ടാണ് നാം പ്രാർത്ഥിക്കേണ്ടത്. 'ഉദ്ദിഷ്ഠ കാര്യസാധ്യം' എന്നത് പ്രാർത്ഥനയുടെ ലക്ഷ്യമായി ഒരിക്കലും കാണരുത്. അത് ദൈവേഷ്ടത്തിന് വിരുദ്ധമായ സമീപനമാണ്, ദൈവനിഷേധമാണ്, ശിക്ഷാർഹവുമാണ്. വിശ്വാസിക്കു ദൈവേഷ്ടമല്ലാതെ മറ്റൊരിഷ്ടം സ്വന്തമായിട്ടുണ്ടാകാൻ പാടുള്ളതല്ല.

**c) യേശു പഠിപ്പിച്ച പ്രാർത്ഥന** (മത്തായി 6, ലൂക്കോസ് 11): കർത്തൃ പ്രാർത്ഥന (Lords prayer) എന്ന് നാം സാധാരണ പറയാറുണ്ടെങ്കിലും, കർത്താവ് ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥനയാകയാൽ ശിഷ്യരുടെ പ്രാർത്ഥന (Disciple's prayer) എന്ന് പറയുന്നതായിരിക്കും കൂടുതൽ ശരി. കാരണം കർത്താവിന്റെ പ്രാർത്ഥന യോഹ. 17–ാം അദ്ധ്യായത്തിൽ നാം കാണുന്നുണ്ട് (High priestly prayer). അതും നമുക്ക് മാതൃകയാണ്. യേശുവിന്റെ ശിഷ്യത്വം ആഗ്രഹിക്കുന്നവർക്കും ശിഷ്യന്മാർക്കും മാത്രം പ്രാർത്ഥിക്കാൻ കഴിയുന്നവിധത്തിലാണ് യേശു പ്രാർത്ഥിക്കാൻ പഠിപ്പിച്ചത്. ഈ പ്രാർത്ഥനയെപ്പറ്റി വളരെയേറെ പറയാമെങ്കിലും ചുരുക്കമായി ചില സൂചനകൾ ചേർക്കുന്നു. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ' എന്ന സംബോധനയിൽ, ദൈവമക്കൾ, ദൈവത്തോട് പിതാവിനെ വിളിച്ച് കാര്യം പറയുന്ന സ്വാതന്ത്ര്യത്തോടെ പ്രാർത്ഥിക്കാമെന്ന് യേശു നമ്മെ പഠിപ്പിച്ചു. 'എന്റെ' പിതാവല്ല; 'ഞങ്ങളുടെ' പിതാവാണ്. നാം എല്ലാവരും ദൈവമക്കളും അതേസമയം സഹോദരങ്ങളുമാണ്. ഈ ആശയം ശരിയായി ഗ്രഹിച്ചു കഴിഞ്ഞാൽ മാത്രമെ അടുത്ത അപേക്ഷകളിലേക്ക് കടക്കാൻ സാധിക്കൂ. പ്രാർത്ഥനയുടെ ആരംഭത്തിൽ തന്നെ നമ്മുടെ ചിന്ത ഭൂമിയിൽ നിന്നും സ്വർഗത്തിലേക്ക് ഉയർത്തണമെന്ന കാര്യവും ആ സംബോധനയിൽ നാം കാണുന്നു.

തുടർന്ന് 6 അപേക്ഷകളാണുള്ളത്. അവ തന്നെ രണ്ടായി തരംതിരിക്കാം. ആദ്യത്തെ 3 അപേക്ഷകൾ ദൈവത്തെ സംബന്ധിക്കുന്നവയും രണ്ടാമത്തെ 3 അപേക്ഷകൾ മനുഷ്യരെ സംബന്ധിക്കുന്നവയുമാണ്. 'മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പീൻ, അതോടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും' (മത്തായി 6:33) എന്ന് യേശു പഠിപ്പിച്ച ക്രമത്തിൽ തന്നെയാണ് പ്രാർത്ഥിക്കാനും താൻ പഠിപ്പിച്ചത്. (1) *'നിന്റെ തിരുമാനം പരിശുദ്ധമാക്കപ്പെടേണമെ'* ഇതാണ് ഒന്നാമത്തെ പ്രാർത്ഥന.

ദൈവനാമം മഹത്വപ്പെടുന്നത് എങ്ങനെയാണ്? നമ്മുടെ സൽപ്രവർത്തികളിലൂടെ ആയിരിക്കണം. നാം തിന്മ പ്രവർത്തിക്കുമ്പോൾ ജാതികളുടെയിടയിൽ ദൈവനാമം ദുഷിക്കപ്പെടുന്നു എന്ന് ഓർക്കുക. സൽപ്രവൃത്തികൾ ചെയ്യുന്നതിലൂടെയുള്ള ദൈവനാമ മഹത്വമാണ് നമ്മുടെ പ്രാർത്ഥനയുടെ പ്രഥമ ലക്ഷ്യം. (2) *'നിന്റെ രാജ്യം വരേണമെ.'* ദൈവരാജ്യം വരുത്തുവാൻ ദൈവത്തിന് നമ്മുടെ അനുവാദമോ സഹായമോ ആവശ്യമാണെന്നാണോ? മനുഷ്യന്റെ വിശ്വാസപൂർവ്വമായ സഹകരണത്തോടെ തന്നെയാണ് ദൈവരാജ്യം ഈ ലോകത്തിൽ സ്ഥാപിക്കുവാൻ ദൈവം ആഗ്രഹിക്കുന്നത്. അതിലേക്ക് നാം സഹകരിക്കുന്നെങ്കിൽ, നാമും അതിൽ പങ്കുകാരാകും. നമ്മുടെ സ്വാതന്ത്ര്യമാണ് ദൈവം അനുവദിച്ചു തരുന്നത്. ദൈവരാജ്യം നമ്മിൽകൂടി സ്ഥാപിക്കാനിടയാകണമെ എന്ന് പ്രാർത്ഥിക്കുവാനാണ് യേശുക്രിസ്തു പഠിപ്പിച്ചത്. ഈ പ്രാർത്ഥന നാം പ്രാർത്ഥിക്കുമ്പോൾ ദൈവരാജ്യ വളർച്ചയ്ക്കായി പ്രവർത്തിക്കുവാൻ നമുക്ക് കടപ്പാടുണ്ടെന്ന് ഓർക്കുക. ദൈവരാജ്യവളർച്ചയെ തടസ്സപ്പെടുത്തുന്ന സകല പൈശാചിക പ്രവർത്തനങ്ങളിൽ നിന്നും മാറി നിൽക്കുക എന്നതും പ്രധാനമാണ്. 3) *'നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ.'* ദൈവേഷ്ടം നടപ്പാക്കുവാൻ നമ്മുടെ സമ്മതം ആവശ്യമാണോ? നമ്മിൽ കൂടി നടപ്പാക്കണമെങ്കിൽ നമ്മുടെ സമ്മതം ദൈവം ആവശ്യപ്പെടുന്നുണ്ട്. നാം അതിനുള്ള സമ്മതം നൽകുകയാണ് ഈ പ്രാർത്ഥനയിലൂടെ. അങ്ങനെയെങ്കിൽ 'നമ്മുടെ ഇഷ്ടം ഭൂമിയിലെപ്പോലെ സ്വർഗത്തിലും ആകണമെ' എന്ന തലതിരിഞ്ഞ പ്രാർത്ഥന നടത്തുവാൻ നമുക്കവകാശമില്ല തന്നെ. ദൈവേഷ്ടം മനസ്സിലാക്കി പ്രവർത്തിക്കുവാൻ നമ്മുടെ ഇച്ഛാശക്തിയെ (will) സന്നദ്ധമാക്കുക എന്നതാണ് ആവശ്യമായിരിക്കുന്നത്.

രണ്ടാമത്തെ 3 അപേക്ഷകൾ കൂടി പരിശോധിക്കാം. ആദ്യത്തെ മൂന്ന് അപേക്ഷകൾ വഴി, ദൈവത്തെ മഹത്വപ്പെടുത്തുന്നവരായും, ദൈവരാജ്യത്തിന്റെ പ്രവർത്തകരായും ദൈവേഷ്ടത്തിന് വിധേയരായും തീർന്ന ശേഷം മാത്രമേ പിന്നീട് പറയുന്ന 3 അപേക്ഷകൾ പ്രാർത്ഥിക്കാൻ നമുക്ക് അവകാശമുള്ളു. നിശ്ചിതയോഗ്യതയില്ലാതെ ജോലിക്ക് അപേക്ഷിച്ചാൽ, അപേക്ഷ പരിഗണിക്കുക പോലുമില്ലല്ലോ. അതുപോലെയാണ്, ആദ്യത്തെ 3 അപേക്ഷകൾ ശരിയായി നടത്തുവാനുള്ള 'മാനസാന്തരം' വന്നെങ്കിലേ പിന്നീടുള്ള 3 അപേക്ഷകൾ ദൈവം പരിഗണിക്കുകയുള്ളു.

മനുഷ്യന്റെ ശരീരം, മനസ്സ്, ആത്മാവ്, എന്നീ മൂന്ന് കാര്യങ്ങൾക്കുമായി, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രിയേകദൈവത്തോട്, വർത്തമാനം, ഭൂതം, ഭാവി എന്നീ ത്രിവിധ കാലങ്ങളിലെ ആവശ്യങ്ങൾ

ക്കായുള്ള സമഗ്രമായ ഒരു പ്രാർത്ഥനയാണ് ഈ മൂന്ന് അപേക്ഷക ളിൽ നാം കാണുന്നത്. (1) *'ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം (Bread, not food) ഞങ്ങൾക്ക് തരണമെ.'* ശരീരത്തിന്റെ ആവശ്യമായ ആഹാ രത്തെ സൂചിപ്പിക്കുന്നെങ്കിലും 'ജീവന്റെ അപ്പം' എന്നതാണ് 'ആവശ്യ മുള്ള അപ്പം' എന്ന പ്രയോഗത്തിലൂടെ അർത്ഥമാക്കുന്നത് എന്ന് പിതാ ക്കന്മാർ വ്യാഖ്യാനിക്കുന്നുണ്ട് (യോഹ. 6:34). സ്രഷ്ടാവായ പിതാവി നോട്, ഇന്നത്തെ ആവശ്യം, ശരീരത്തിന്റെ ആവശ്യം നാം അറിയിക്കുന്നു.

(2) *'ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കണമെ.'* ഭൂതകാലത്തെ തെറ്റു കുറ്റങ്ങൾ മനസ്സിനെ ദുഃഖിപ്പിക്കുന്നതിനാൽ, പാപമോചകനായ പുത്രൻ തമ്പുരാനോടുള്ള യാചനയാണ്. മറ്റുള്ളവരോട് ക്ഷമിക്കാതെ, ഈ പ്രാർ ത്ഥന പ്രാർത്ഥിക്കുവാൻ നമുക്ക് അവകാശമില്ലെന്ന് ഓർക്കുക. *(3) 'പരീ ക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കാതെ ദുഷ്ടനിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമെ.'* ഭാവിയിൽ വീഴ്ചകൾ വരാതെ, ഞങ്ങളുടെ ആത്മാവ് നിത്യജീവിതത്തിലെത്തിച്ചേരുന്നതുവരേയും ഭാവികാലം മുഴുവൻ 'ഞങ്ങളെ കാത്തുകൊള്ളുവാൻ' പരിശുദ്ധാത്മാവിനോടുള്ള യാചനയാ ണിവിടെ കാണുന്നത്. പരീക്ഷകൾ പാടില്ലെന്നല്ല, അവയിൽ തോറ്റു പോകാതിരിക്കാനുള്ള ആത്മീയശക്തി നൽകി സഹായിക്കേണമെ എന്നാണ് ഇവിടെ നാം പ്രാർത്ഥിക്കുന്നത്.

ഒടുവിൽ, *'രാജ്യവും ശക്തിയും മഹത്വവും നിനക്കുള്ളതാകുന്നു'* എന്ന സമാപനത്തോടെ സർവ്വസ്വവും ദൈവത്തിന് സമർപ്പിക്കുന്ന അനുഭവ ത്തിൽ നാം എത്തിച്ചേരുന്നു.

### d) പ്രാർത്ഥനയുടെ വിവിധ ഘടകങ്ങൾ (Pray)

**(1) സ്തുതിപ്പ് (Praising):** ദൈവത്തെ മഹത്വപ്പെടുത്തുക, ദൈവത്തെ സ്തുതിക്കുക, ദൈവത്തിന്റെ നന്മകൾക്കായി നന്ദി കരേ റ്റുക ഇവയെല്ലാമാണ് പ്രാർത്ഥനയുടെ ഒന്നാമത്തെ ഘടകം (P. for Praising). **(2) അനുതാപം:** (R= Repentance) ദൈവമഹത്വം ശരിയായി ദർശി ക്കാൻ കഴിഞ്ഞാൽ നമ്മിലുണ്ടാകുന്ന അനുഭവമാണ് മാനസാന്തരം, അഥവാ അനുതാപം എന്നത്. ദൈവമഹത്വം ദർശിച്ചപ്പോഴാണല്ലോ താൻ അശുദ്ധനാണെന്ന ബോദ്ധ്യം യെശയ്യാ പ്രവാചകനുണ്ടായത് (യെശ. 6:1). ദൈവത്തിന്റെ മഹത്വവും ബലവും വിശുദ്ധിയും നാം അറിയു ന്തോറും നാം ബലഹീനരാണ്, അശുദ്ധരാണ് എന്ന അനുതാപചിന്ത യുണ്ടാകും. (3) *യാചന (A = for Asking):* യഥാർത്ഥ അനുതാപമുണ്ടാ യിക്കഴിഞ്ഞാൽ, നാം യാചിക്കുന്നത് ദൈവേഷ്ടം മാത്രമായിരിക്കും. നമ്മുടെ മനസ്സ് ദൈവമനസ്സുമായി രൂപാന്തരപ്പെട്ട് കഴിയുമ്പോൾ, ദൈവം

ആഗ്രഹിക്കുന്നതും ഇഷ്ടപ്പെടുന്നതുമായ കാര്യങ്ങൾ ചോദിക്കാനേ നമുക്ക് കഴിയൂ. അല്ലാതെ യാചിക്കുന്നത് അസ്ഥാനത്ത് ആകയാൽ പ്രതിഫലം ലഭിക്കാനിടയില്ല. നിങ്ങൾ "വല്ലാതെ യാചിക്കുന്നതിനാൽ" എന്ന പ്രയോഗം (യാക്കോബ് 4:3) ഇവിടെ പ്രസക്തമായിത്തീരുന്നു. (4) *സമർപ്പണം (Y = for yielding):* ദൈവതിരുമുമ്പാകെ നമ്മെ മുഴുവനുമായി സമർപ്പിക്കുക എന്നതാണ് പ്രാർത്ഥനയുടെ പരിസമാപ്തി. ദൈവത്തിന് പൂർണ്ണമായി വിധേയപ്പെട്ട്, താഴ്ന്നു കൊടുക്കുന്ന അനുഭവം. ഇതാ ഞാൻ അവിടുത്തെ ദാസി, അവിടുത്തെ ഇഷ്ടംപോലെ എനിക്കു ഭവിക്കട്ടെ എന്ന് കന്യകമറിയം സമർപ്പിച്ച അനുഭവമാണ് പ്രാർത്ഥനയുടെ ഫലസിദ്ധിയായി നാം പ്രതീക്ഷിക്കേണ്ടത്. 'Yield' എന്നതിന് 'വിളവ്' എന്നും അർത്ഥമുള്ളതിനാൽ, 30 ഉം 60 ഉം നൂറും മേനി ഫലം പുറപ്പെടുവിക്കുന്നവരായിത്തീരണമെന്നും പറയാം. ദൈവത്തെ സ്തുതിച്ചുകൊണ്ട് ആരംഭിക്കുന്ന പ്രാർത്ഥന അനുതാപത്തിലൂടെ യാചനകൾ സമർപ്പിച്ച് ദൈവമുമ്പാകെ വിനയപ്പെട്ട്, നല്ല ഫലങ്ങൾ കായിക്കുന്നവരായിത്തീരുവാൻ നമുക്കും പരിശ്രമിക്കാം.

**e) പ്രാർത്ഥന: വേദപുസ്തക വെളിച്ചത്തിൽ**

*പഴയനിയമത്തിൽ* മോശയുടെ പ്രാർത്ഥന ഒരു മദ്ധ്യസ്ഥ പ്രാർത്ഥനയായിട്ട് മനസ്സിലാക്കാവുന്നതാണ് (പുറ. 32:11–13, സംഖ്യ 11:11–15, ആവ. 9:18–21). ഉടമ്പടിയുടെ അടിസ്ഥാനത്തിലുള്ള പ്രാർത്ഥനകളാണ് സങ്കീർത്തനങ്ങളിൽ കാണുന്നത്. ദേവാലയവും ബലിയുമായി ബന്ധപ്പെട്ട പ്രാർത്ഥനകളും നാം കാണുന്നുണ്ട് (ഉൽപ. 12:8, 26:25, 1 രാജാ. 8:30, 32, സങ്കീ. 5:7).

*പുതിയനിയമത്തിൽ:* യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കണമെന്നും (യോഹ. 15:16, 14:13) ദൈവത്തെ പിതാവെ എന്ന് വിളിച്ച് പ്രാർത്ഥിക്കണമെന്നും (മത്തായി 6; ഗലാ. 4:1–7) പരിശുദ്ധാത്മാവ് പ്രാർത്ഥനയ്ക്ക് തുണയ്ക്കുന്നു എന്നും (റോമ. 8:15, 16, 26:27) പ്രത്യേക ക്രമങ്ങൾ ഉപയോഗിക്കാമെന്നും (മത്തായി 6:9–13, 26:30, ലൂക്കോസ് 23:46) സന്ദർഭത്തിനനുസരിച്ചും പ്രാർത്ഥിക്കാമെന്നും (യോഹ. 17, ലൂക്കോസ് 18:13, 1 തിമോ. 5:17) സമൂഹമായും (അ. പ്ര. 1:14) വ്യക്തിയായും (മത്തായി 14:23, ഫിലമോൻ 4; മത്തായി 6:6) പ്രാർത്ഥിക്കാമെന്നും പ്രാർത്ഥനയ്ക്ക് പ്രത്യേകം സ്ഥലവും സമയവും നിശ്ചയിക്കാമെന്നും (അ. പ്ര. 2:42, 6:4, 16:13) എല്ലാ സ്ഥലത്തും എല്ലാ സമയത്തും പ്രാർത്ഥിക്കാമെന്നും (എഫേ. 6:18, 1 തിമോ. 2:8; 1 തെസ. 5:17) നാം കാണുന്നുണ്ട്.

പ്രാർത്ഥനയുടെ രീതിയെപ്പറ്റി പറയുമ്പോൾ, കൈകൾ ഉയർത്തിക്കൊണ്ടും (സങ്കീ. 28:1, 1 തിമോ. 2:8) മുട്ടുകുത്തിക്കൊണ്ടും (1 രാജാ.

8:54, അ.പ്ര. 9:40) സാഷ്ടാംഗപ്രണാമം നടത്തിക്കൊണ്ടും (മത്തായി 26:39) നിന്നുകൊണ്ടും (മത്തായി 6:5) പ്രാർത്ഥിക്കാമെന്ന് കാണുന്നു.

### 2) പ്രാർത്ഥനാരീതികളും തരങ്ങളും

മനുഷ്യനിലുള്ള ആത്മീയവും ശാരീരികവുമായ എല്ലാ കഴിവുകളും പരമാവധി ഉപയോഗിച്ചാണ് പ്രാർത്ഥിക്കേണ്ടത്. ബാഹ്യപ്രാർത്ഥനയും ആന്തരിക പ്രാർത്ഥനകളും എന്നിങ്ങനെ രണ്ടു പ്രധാന തരംതിരിവ് പിതാക്കന്മാർ നടത്തുന്നുണ്ട്. Theophane the Recluse നാലു തരത്തിലാണ് വിഭജിക്കുന്നത്. (1) ശാരീരിക പ്രാർത്ഥന: അധരങ്ങളും മറ്റ് ഇന്ദ്രിയങ്ങളും പങ്കെടുക്കുന്ന പ്രാർത്ഥനയാണിത്. (2) മനഃപ്രാർത്ഥന (Mental Prayer): ബോധതലത്തിൽ ദൈവസംസർഗ്ഗം നടത്തുന്ന അനുഭവം. (3) ഹൃദയ പ്രാർത്ഥന (Prayer of the Heart): ഹൃദയമിടിപ്പ് പോലെ അനസ്യൂതം, മനഃപൂർവമല്ലാതെ തന്നെ പ്രാർത്ഥന തുടർന്നുകൊണ്ടിരിക്കുന്ന അനുഭവം. (4) ആത്മീയ അനുഭൂതി (Spiritual or Contemplative Prayer).

**a) ശാരീരിക പ്രാർത്ഥന:** മറ്റു മൂന്നുതരം ഉയർന്ന പ്രാർത്ഥനാരീതികളിലേക്ക് വളരുവാൻ നമ്മെ സഹായിക്കുന്നവയായിരിക്കണം എന്ന് പിതാക്കന്മാർ നിഷ്കർഷിക്കുന്നു. അങ്ങനെ ഉയരുവാനും പ്രാർത്ഥനാജീവിതത്തിൽ നിരന്തരമായി നിലനിൽക്കാനും ശാരീരിക പ്രാർത്ഥന സഹായകമാകുന്നില്ലെങ്കിൽ അതിന്റെ ഘടനയിലോ, ഉള്ളടക്കത്തിലോ, ആചരണരീതിയിലോ കാര്യമായ തകരാറുണ്ട് എന്ന് മനസ്സിലാക്കി അത് തിരുത്തുവാൻ നാം തയ്യാറാകണം. ഒരു ചെടി ശാരീരികമായി മുളയ്ക്കുന്നത് ഇലകൾ, പൂക്കൾ, ഫലങ്ങൾ എന്നിവ പുറപ്പെടുവിക്കാനാണല്ലോ. ഇതൊന്നും ഇല്ലെങ്കിൽ പിന്നെ എന്തിനാണ് ചെടി മുളയ്ക്കുന്നത്. ഇതുപോലെ ഉയർന്ന തലങ്ങളിലുള്ള പ്രാർത്ഥനകളാകുന്ന ഇലയും, പൂക്കളും, ഫലങ്ങളും ഉണ്ടാകുവാനാണ് ശാരീരിക പ്രാർത്ഥനയാകുന്ന ചെടിയെ നാം സംരക്ഷിച്ച് വളർത്തുന്നത്. പ്രയോജനമില്ലാത്തതാണെങ്കിൽ വേറെ 'ചെടി' നട്ടു പിടിപ്പിക്കണം.

'ചെടി' അഥവാ ശാരീരിക പ്രാർത്ഥന നല്ലതാണെങ്കിലും അതിന് വളം, വെള്ളം, പ്രകാശം, സംരക്ഷണം എന്നിവ ലഭിക്കുന്നില്ലെങ്കിൽ, കൃഷിക്കാരനാണ് കുറ്റക്കാരൻ. അവൻ സ്വയം തിരുത്തുകയാണ് ആവശ്യം. അല്ലെങ്കിൽ, ഏതു നല്ല ചെടിയായാലും, അവന്റെ കയ്യിൽ കിട്ടിയാൽ ഫലം പുറപ്പെടുവിക്കാനിടയില്ലാതെ വരും. നല്ല ഫലം കായ്ക്കാൻ സാധ്യതയുള്ള ചെടികളേതെന്ന് അനുഭവസ്ഥരായ കർഷകരോട് ചോദിച്ചറിഞ്ഞ് വേണ്ടവിധത്തിൽ കൃഷി ചെയ്ത് ഫലം പുറപ്പെടുവിക്കുകയാണ് നല്ല കർഷകൻ ചെയ്യുന്നത്. നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ഫലങ്ങൾ പുറപ്പെടുവിക്കാൻ കഴിവുള്ള വിത്തുകളാണ്

ദൈവവചനം. എന്നാൽ “കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ രുചിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യമായതുമായ” (ഉല്പ. 3:6) ഫലങ്ങൾ പുറപ്പെടുവിക്കുവാൻ ആണ് സാത്താൻ നമ്മെ പ്രേരിപ്പിക്കുന്നത്. ഇവിടെ നാം പ്രത്യേകം കരുതലുള്ളവരാകണം. ‘വിളയും കളയും’ തിരിച്ചറിയാത്തവിധം സാത്താൻ നമ്മെ പ്രലോഭിപ്പിക്കും. പ്രാർത്ഥനയുടെ ‘ഫലം’ നല്ലതാണോ അല്ലയോ എന്ന് തീരുമാനിക്കുന്നതിന് ദൈവിക മാനദണ്ഡം ഉപയോഗിക്കണം. പൈശാചിക കണ്ണുകൊണ്ട് നോക്കിയാൽ ദൈവിക കാര്യങ്ങൾ മനസ്സിലാകുകയില്ലെന്ന് ഓർക്കുക. പിശാച് പ്രേരിപ്പിക്കുന്ന രീതികൾ ദൈവമുമ്പാകെ സ്വീകാര്യമല്ലെന്നും കരുതുക.

ആകയാൽ, നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്ക് ആകർഷകമായവിധത്തിലുള്ള രീതികളും, ഉള്ളടക്കവും, ഫലവുമല്ല ശാരീരിക പ്രാർത്ഥനയ്ക്കായി ക്രമീകരിക്കേണ്ടത്. മാനസികതലത്തിലേക്ക് ഉയർന്ന്, ഹൃദയതലത്തിൽ നിലനിന്ന് ആത്മീയ നിർവൃതിയിൽ ആന്തരികമായി എത്തിച്ചേരുക, ദൈവസംസർഗ്ഗം നിരന്തരമായി അനുഭവിക്കുന്ന അവസ്ഥ പ്രാപിക്കുക എന്നിവയായിരിക്കണം നമ്മുടെ ശാരീരിക പ്രാർത്ഥനയുടെ മുഖ്യലക്ഷ്യം.

ഇപ്രകാരം ലക്ഷ്യംവച്ചുകൊണ്ട് നാം നടത്തുന്ന പ്രാർത്ഥനകൾക്ക് പലതരത്തിലുള്ള തടസ്സങ്ങൾ സൃഷ്ടിക്കാൻ സാത്താൻ കിണഞ്ഞു പരിശ്രമിക്കുന്നുണ്ടെന്ന് എപ്പോഴും ഓർത്തിരിക്കണം. ഉറക്കം, അലസത, അവിശ്വാസം, സമയമില്ലായ്മ, താൽപര്യമില്ലായ്മ, ആവശ്യബോധമില്ലായ്മ അങ്ങനെ പലതരം തടസ്സങ്ങൾ പ്രാർത്ഥനയ്ക്ക് ഉണ്ടാകാറുള്ളത് മുൻകൂട്ടി കണ്ട് അവയെ ഒഴിച്ചുനിർത്തി ശരിയായ നിലയിൽ പ്രാർത്ഥിക്കാൻ പരിശീലിക്കുക.

ശാരീരിക പ്രാർത്ഥന രഹസ്യത്തിൽ വ്യക്തിപരമായും പരസ്യമായി സമൂഹമായും നടത്താവുന്നതാണ്. വ്യക്തിപരമായി പ്രാർത്ഥിക്കുന്ന അനുഭവമുള്ളവർ കൂടുന്ന സമൂഹങ്ങളിലാണ് ശരിയായ പ്രാർത്ഥന നടക്കുന്നത്. അതുപോലെതന്നെ, സമൂഹമായി ഒന്നിച്ച് പ്രാർത്ഥിച്ച് ശീലമുള്ളവർക്കാണ് വ്യക്തിപരമായി പ്രാർത്ഥിക്കാനും കഴിയുന്നത്. ഇവ രണ്ടും പരസ്പരപൂരകങ്ങളാണ്. “രണ്ടോ മൂന്നോ പേർ എവിടെ കൂടിയാലും ഞാൻ അവരുടെ മദ്ധ്യേയുണ്ട്” (മത്തായി 18:22) എന്ന് യേശുക്രിസ്തു അരുളിചെയ്തത് ഓർക്കുമ്പോൾ നാം കൂടുന്ന സ്ഥലങ്ങളിൽ യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യം നമ്മോടൊപ്പമുണ്ടെന്ന കാര്യം നാം വിസ്മരിക്കരുത്.

**a) ആന്തരിക പ്രാർത്ഥനകൾ**

Mental Prayer, Prayer of the heart, Prayer in the spirit എന്നിങ്ങനെ മൂന്നു

തലങ്ങളിൽ ആന്തരിക പ്രാർത്ഥനകളെ വിവരിക്കുന്നുണ്ട്. ഇവയെപ്പറ്റി യുള്ള വിശദമായ പഠനം അടുത്ത അദ്ധ്യായത്തിൽ നടത്താവുന്നതാണ്.

**b) ആരാധന, സഭയുടെ ജീവൻ (Liturgical Prayer)**

ആരാധനയാണ് സഭയുടെ ജീവൻ. ആരാധിക്കുന്നില്ലെങ്കിൽ, 'സഭ' എന്ന പേരിനുപോലും അർഹതയില്ല. കർത്തൃശരീരവുമായി ബന്ധപ്പെ ടുന്നത് ആരാധനയിലൂടെയാണ്. ആരാധനയിൽ നിന്നും മാറി നിൽക്കുന്ന വ്യക്തി യേശുക്രിസ്തുവിൽ നിന്നുതന്നെ വിട്ടുനിൽക്കുകയാണെന്ന് ഓർക്കണം. വ്യക്തിപരമായ നമ്മുടെ പ്രാർത്ഥന, ആരാധനാനുഭവത്തി ലേക്ക് നമ്മെ നയിക്കുന്നില്ലെങ്കിൽ, അതുകൊണ്ട് പ്രയോജനമില്ലെന്ന് ഓർക്കണം.

ആരാധനാപാരമ്പര്യം രണ്ടുവിധത്തിൽ സഭയിൽ വളർന്നു വന്നിട്ടുണ്ട്. പാശ്ചാത്യവും പൗരസ്ത്യവുമെന്ന് പൊതുവെ പറയാമെങ്കിലും രണ്ടു രീതിയിലും പൊതുവായ പല ഘടകങ്ങളുമുണ്ട് (ആരാധനയെപ്പറ്റി വിശ ദമായ പഠനം ആവശ്യമാണ്. അത് വേറെ ഒരു വിഷയമായതിനാലും ഈ ഗ്രന്ഥത്തിന്റെ പരിമിതിയിൽ ഒതുക്കാനാവില്ലാത്തതിനാലും അതി ലേക്കു കടക്കുന്നില്ല.).

പൗരസ്ത്യ ആരാധനയിലെ ചില സമീപനങ്ങൾ മാത്രം വളരെ ചുരു ക്കമായി സൂചിപ്പിക്കട്ടെ.

**1) സമൂഹാരാധന (Corporate Worship):** "ഞങ്ങൾ" എന്ന ഊന്ന ലാണ്. 'ഞാൻ' എന്ന വ്യക്തിഗതമായ സമീപനത്തിന് പൊതു ആരാധ നയിൽ സ്ഥാനമില്ല. സഭ മുഴുവനായിട്ടാണ് ആരാധിക്കുന്നത്. പട്ടക്കാ രൻ മാത്രമായോ ജനങ്ങൾ മാത്രമായോ യാതൊരു ആരാധനയും പൗര സ്ത്യസഭകളിൽ പതിവില്ല.

**2) രഹസ്യാത്മകവും കൂദാശാധിഷ്ഠിതവുമാണ്:** വി. കുർബാന യുടെ പൂർത്തീകരണത്തോടെ നടത്തപ്പെടുന്ന കൂദാശാനുഷ്ഠാനങ്ങളി ലാണ് ആരാധനയുടെ പൂർണതയും രഹസ്യാത്മകതയും നിലകൊള്ളു ന്നത്.

**3) ആരാധനക്രമങ്ങൾ:** പൊതു ആരാധനയ്ക്ക് സഭയുടെ പൊതു ആവശ്യങ്ങൾ ക്രോഡീകരിച്ചതും പൊതു അംഗീകാരമുള്ളതുമായ ആരാ ധനക്രമങ്ങൾ ഉപയോഗിക്കുന്നു. മനസ്സിൽ തോന്നുന്നവിധം പൊതു ആരാ ധന നടത്താൻ പൗരസ്ത്യ സഭയിൽ ആർക്കും അവകാശമില്ല. 'ആരാ ധനാഘടന' പാലിച്ചുകൊണ്ട് ആരാധനക്രമങ്ങൾ ക്രോഡീകരിക്കുവാൻ മെത്രാപ്പോലീത്താമാർക്ക് അനുവാദവും ചുമതലയുമുണ്ട്.

**4) ആരാധനാ സ്ഥലങ്ങൾ:** പൊതു ആരാധന നടത്തുന്നതിനായി പ്രത്യേകം വേർതിരിക്കപ്പെട്ട, കൂദാശ ചെയ്യപ്പെട്ട ദേവാലയങ്ങൾ ആവശ്യമാണ്. എവിടെ നിന്നു പ്രാർത്ഥിച്ചാലും ദൈവം കേൾക്കുമെങ്കിലും, പ്രത്യേകം വേർതിരിക്കപ്പെട്ട സ്ഥലത്ത് പ്രത്യേക ദൈവികസാന്നിധ്യമുണ്ടെന്നാണ് പൗരസ്ത്യ സഭാപിതാക്കന്മാർ പഠിപ്പിക്കുന്നത്. സ്ഥലത്തെയും പ്രാർത്ഥന ശുദ്ധീകരിക്കുന്നു.

**5) ആരാധനാ സമയങ്ങൾ:** യേശുക്രിസ്തുവിന്റെ ജീവിതവും ശുശ്രൂഷയുമായി ബന്ധപ്പെട്ടുകൊണ്ട് ആരാധനാവർഷം ക്രമീകരിച്ചിട്ടുണ്ട്. അതിനു പുറമെ ഓരോ ആഴ്ചയും ഓരോ ദിവസവും എഴു നേരവും പ്രാർത്ഥനാ സമയങ്ങളായി പിതാക്കന്മാർ ക്രമീകരിച്ചിട്ടുണ്ട്. സമയം പ്രാർത്ഥന വഴി ശുദ്ധീകരിക്കപ്പെടുന്നു എന്നാണ് പൗരസ്ത്യർ വിശ്വസിക്കുന്നത്.

**6) ആരാധന പ്രതീകങ്ങൾ വഴി:** ചിത്രങ്ങൾ, ഐക്കണുകൾ, രൂപങ്ങൾ തുടങ്ങിയ പ്രതീകങ്ങൾ വഴിയായി 'ചിന്തകൾ' ദൈവസന്നിധിയിൽ നിലനിർത്തുവാൻ എളുപ്പമാണെന്ന തത്വത്തിലാണ് പൗരസ്ത്യ ആരാധനയിൽ പ്രതീകങ്ങൾ ഉപയോഗിക്കുന്നത്.

**7) ശരീര മനസ്സുകളുടെ പൂർണ്ണ പങ്കാളിത്തം**

മനസ്സ് ദൈവത്തിൽ ഉറപ്പിക്കുന്നതിനായി ശരീരത്തിന്റെ പൂർണ്ണ പങ്കാളിത്തം ആരാധനയിൽ ആവശ്യമാണ്. പ്രതീകങ്ങൾ കണ്ടുകൊണ്ട്, പ്രാർത്ഥനകൾ കേട്ടുകൊണ്ട്, ഗാനങ്ങളും പ്രതിവാക്യങ്ങളും ചൊല്ലിക്കൊണ്ട്, ധൂപം മണത്തുകൊണ്ട്, ദിവ്യസമാധാനം നൽകി പരസ്പരം സ്പർശിച്ചുകൊണ്ടുള്ള ആരാധനയിൽ ശരീരത്തിന്റെ പഞ്ചേന്ദ്രിയങ്ങളും പങ്കെടുക്കുന്നു.

### 3) നിരന്തരമായ പ്രാർത്ഥന (Unceasing Prayer)

തുടർച്ചയായി ജോലി ചെയ്യണമെന്നോ, ജാഗരിക്കണമെന്നോ, ഉപവസിക്കണമെന്നോ ദൈവം കല്പിച്ചിട്ടില്ല. എന്നാൽ നിരന്തരമായി പ്രാർത്ഥിക്കണമെന്ന് കല്പിച്ചിട്ടുണ്ട് (1 തെസ. 5:17). പ്രാർത്ഥിക്കാൻ വേണ്ടിയാണ് മനസ്സ് സൃഷ്ടിക്കപ്പെട്ടത് എന്നാണ് ഇവാഗ്രിയസ് പറയുന്നത്. മനുഷ്യനാൽ അസാദ്ധ്യമായതൊന്നും പ്രവർത്തിക്കാൻ വേദപുസ്തകം പറയുന്നില്ലാത്തതിനാൽ, നിർത്താതെ പ്രാർത്ഥിക്കണമെന്ന് പറയുന്നതും അസാദ്ധ്യമായ കാര്യമല്ല എന്നാണ് മാക്സിമസ് പറയുന്നത്. ശാരീരിക പ്രവൃത്തികളുപേക്ഷിച്ച് പ്രാർത്ഥിക്കണമെന്നല്ല ഇത് അർത്ഥമാക്കുന്നത്. പല ഗ്രൂപ്പുകളായി തിരിഞ്ഞ് "അഖണ്ഡ പ്രാർത്ഥന" നടത്തുന്നതുമല്ല ഇവിടെ വിവക്ഷിക്കുന്നത്.

**a) യാമപ്രാർത്ഥനകൾ:** നല്ല പ്രവൃത്തി ചെയ്യുമ്പോഴും നല്ല പ്രവൃത്തി ചെയ്യാൻ ഒരുങ്ങുമ്പോഴും പ്രാർത്ഥനയോടെ മനസ്സ് നിലനിർത്തുക എന്നതാണ് ആവശ്യം എന്നാണ് ഓറിജൻ പറയുന്നത്. ഒരു വിശുദ്ധന്റെ ജീവിതം മുഴുവനും ഒറ്റ പ്രാർത്ഥനയായി പരിഗണിക്കാവുന്നതാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. നിരന്തരമായ പ്രാർത്ഥനയും യാമപ്രാർത്ഥനകളും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെയാണ്? ദിവസം മൂന്നുനേരം പ്രാർത്ഥിച്ചാൽ മതിയെന്ന് ഓറിജനും, അല്ല 24 പ്രാവശ്യം (മണിക്കൂറുകൾ തോറും) പ്രാർത്ഥിക്കണമെന്ന് അലക്സാണ്ടറും നിർദ്ദേശിക്കുകയുണ്ടായി (SCE. p. 315). എന്നാൽ ഏഴു നേരം ദിവസംതോറും പ്രത്യേക യാമപ്രാർത്ഥനകൾ നടത്തണമെന്ന് പൊതുവെ സഭ നിശ്ചയിച്ച് നടപ്പാക്കിയിട്ടുണ്ട്.

**b) നിമിഷ പ്രാർത്ഥനകൾ:** നിരന്തരം പ്രാർത്ഥിക്കുന്നതിനുള്ള ഓർമ്മയും, ശീലവും ശക്തിയും ലഭിക്കേണ്ടത് യാമപ്രാർത്ഥനകൾ വഴിയാണ്. യാമപ്രാർത്ഥനകളിൽ പോലും മനസ്സ് പതറിയും ശ്രദ്ധ മാറിയും പോകാതെ പരിശീലിക്കുവാൻ കഴിയുന്നില്ലെങ്കിൽ, നിരന്തരപ്രാർത്ഥന നടത്താൻ സാധിക്കാതെ പോകും. മനസ്സിനെ നിയന്ത്രിക്കാൻ പിതാക്കന്മാർ നിർദ്ദേശിക്കുന്ന മാർഗ്ഗമാണിത്. ഏതെങ്കിലും ഒരു പ്രാർത്ഥനാശകലം ആവർത്തിച്ച് പ്രാർത്ഥിക്കുന്ന രീതിയാണിത്. ഉദാ. “ദൈവമേ എന്നെ സഹായിപ്പാൻ വേഗം വരേണമെ; എന്നെ വിടുവിപ്പാൻ താമസിക്കരുതേ” (സങ്കീ. 69:1). “അവനോ വളരേണം, ഞാനോ കുറയേണം” എന്ന സ്നാപക യോഹന്നാന്റെ പ്രസ്താവന ശ്വാസം വലിക്കുമ്പോഴും വിടുമ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരിക്കുക - ഇങ്ങനെ ചെറിയ ചെറിയ പ്രാർത്ഥനകളും ദൈവികചിന്തകളും മനസ്സിൽ ആവർത്തിച്ച് നിലനിർത്തുകവഴി ശ്രദ്ധ പതറിപ്പോകാതെ ദൈവത്തിൽ നിലനിർത്താൻ സഹായിക്കും. ഇതിന് Ejaculatiory Prayer എന്നാണ് പിതാക്കന്മാർ പറയുന്നത്. നിമിഷ പ്രാർത്ഥന എന്നു വേണമെങ്കിൽ പറയാം.

**c) ഹൃദയ പ്രാർത്ഥന (യേശുജപം / Jesus Prayer)**

പലതരം പ്രാർത്ഥനകൾ നിമിഷ പ്രാർത്ഥനയ്ക്ക് ഉപയോഗിക്കുന്നതിനു പകരം “കർത്താവായ യേശുക്രിസ്തുവെ പാപിയായ എന്നോട് കരുണ ചെയ്യേണമേ” എന്ന പ്രാർത്ഥന തുടർച്ചയായി ചൊല്ലിക്കൊണ്ടിരിക്കുന്ന പതിവ് രൂപംകൊണ്ടു വന്നു. “Lord Jesus Christ, Son of God have mercy upon me” (“A Sinner”എന്നു കൂടി റഷ്യക്കാർ കൂട്ടിച്ചൊല്ലുന്നു). “മോറാനേശുമശിഹാ - എസറാഹാം മേലായ്” എന്ന് (മോറാൻ എസറാഹാം മേലായ്) സുറിയാനിയിലും ചൊല്ലാവുന്നതാണ്. ‘പ്രാർത്ഥനയുടെ ഹൃദയ’മെന്നാണ് ഈ പ്രാർത്ഥനയെ ഓർത്തഡോക്സ് സഭകൾ

പൊതുവെ കരുതുന്നത്. റഷ്യയിലേയും ബൈസന്റെൻ സഭകളിലേയും സഭാപിതാക്കന്മാർ കൊന്തമണി (Rosary) കൂടി ഉപയോഗിച്ച് ഈ പ്രാർത്ഥന ചൊല്ലാറുണ്ട്. "കണ്ണു തുറന്നിരിക്കുമ്പോഴൊക്കെയും" ഈ പ്രാർത്ഥന ചൊല്ലിക്കൊണ്ടിരിക്കണമെന്നാണ് തെയോഫിൻ പറയുന്നത്. കണ്ണിലേക്കു സൂര്യപ്രകാശം കയറുവാൻ കണ്ണു തുറന്നിരിക്കുന്നതുപോലെ, യേശുവാകുന്ന നീതിസൂര്യനിൽനിന്നും ആത്മീയ കണ്ണുകളിലേക്ക് ദിവ്യപ്രകാശം വന്ന് ഉൾക്കാഴ്ച ലഭിക്കേണ്ടതിന് ഈ പ്രാർത്ഥന നിരന്തരമായി നടത്തണമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

ഈ പ്രാർത്ഥനയ്ക്ക് 3 ഘട്ടങ്ങൾ ഉണ്ട്. 1) അധരംവഴി, 2) മനസ്സിലൂടെ, 3) ഹൃദയത്തിൽ. അധരംകൊണ്ട് പതുക്കെ ഉച്ചരിക്കുന്ന രീതിയാണ് ഒന്നാമത്തെ പടി. മറ്റാരും കേൾക്കാത്തവിധം ചുണ്ടുമാത്രം ചലിപ്പിച്ചുകൊണ്ട് ഇത് പ്രാർത്ഥിക്കാം. അനുതാപചിന്തയും ക്രിസ്തുവിലുള്ള പ്രത്യാശയും മനസ്സിൽ നിലനിർത്താൻ ഈ രീതി വളരെ പേരെ സഹായിക്കും. മനസ്സുകൊണ്ടു പ്രാർത്ഥിക്കുകയും ഹൃദയത്തിൽ സംഗ്രഹിക്കുകയും ചെയ്യുക വഴി, നമ്മുടെ എല്ലാ ഹൃദയവിചാരങ്ങളും ദൈവത്തിങ്കലേക്ക് ഉയർത്തപ്പെടുന്നു. മനസ്സും (ബുദ്ധിയും) ഹൃദയവും (ഭക്തിവികാരവും) തമ്മിലുള്ള അകലം കുറയുവാനും, ബുദ്ധിയും ഭക്തിയും ഒന്നിച്ച് പക്വതയോടെ പ്രവർത്തിക്കുവാനും ഈ പ്രാർത്ഥന നമ്മെ സഹായിക്കും. അങ്ങനെ മനസ്സിന്റെ ഇച്ഛാശക്തി ബലപ്പെടുകയും ആത്മാവിന്റേയും ശരീരത്തിന്റേയും ചലനങ്ങളെ ശരിയായി നിയന്ത്രിച്ച് നിരാശയിലേക്കു വീണുപോകാതെ, ദൈവത്തിലുള്ള വിശ്വാസത്തിലും ധൈര്യത്തിലും പ്രത്യാശയിലും നിലനിന്ന്, യഥാർത്ഥമായ ആത്മീയ വളർച്ച പ്രാപിക്കാൻ ഇടയാക്കുകയും ചെയ്യുന്നു. ഈ പ്രാർത്ഥന പരിശീലിച്ചെടുക്കുക എന്നത് വലിയ ഒരു നേട്ടം തന്നെയാണ്.

ആരംഭത്തിൽ, നിമിഷ പ്രാർത്ഥന, അരോചകമായും അസാദ്ധ്യമായും തോന്നാനിടയുണ്ട്. എന്നാൽ കുറെനാൾ തുടർച്ചയായി പരിശീലിക്കാൻ കഴിയുമെങ്കിൽ, പ്രാർത്ഥനാജീവിതത്തിൽ സന്തോഷവും താൽപര്യവും ആനന്ദവും കണ്ടെത്താൻ നമുക്ക് സാധിക്കും. പറഞ്ഞറിയിക്കാൻ കഴിയാത്ത ആന്തരിക സന്തോഷം നമുക്ക് ലഭിക്കും. പൈശാചിക ഇടർച്ചകളെ ഒഴിവാക്കാൻ എളുപ്പമായി തോന്നും. ശ്രദ്ധ പതറിപ്പോകാതെ പ്രാർത്ഥിക്കാൻ കഴിയും. ദൈവസ്നേഹം നമ്മിൽ വർദ്ധിക്കുക വഴി, സഹോദരസ്നേഹം നമ്മുടെ സ്വഭാവമായിത്തീരും. പ്രകാശത്തിന്റെ അനുഭവത്തിൽ എത്തിച്ചേരുന്ന പ്രതീതിയുണ്ടാകും. അന്ധകാരശക്തികളോടുള്ള ഭയം നീങ്ങിപ്പോകും. ക്രിസ്തീയ ജീവിതം സാധാരണ ജീവിത സ്വഭാവമായിത്തീരും.

The way of Pilgrim (സാധകന്റെ സഞ്ചാരം) എന്ന റഷ്യൻ ഗ്രന്ഥത്തിൽ ഈ പ്രാർത്ഥനയുടെ ഫലമായുണ്ടാകുന്ന ആത്മീയ വളർച്ചയാണ് പ്രതി

പാദിക്കുന്നത്. ദിവസം 3000, 6000, 12000 എന്നീ ക്രമത്തിൽ ഈ പ്രാർത്ഥന പ്രാർത്ഥിക്കുന്ന രീതി അദ്ദേഹം പരിശീലിച്ചെടുത്തു. അധരങ്ങൾ ചലിപ്പിക്കാതെ നാവ് മാത്രം ചലിപ്പിച്ച് പ്രാർത്ഥിക്കാൻ തുടങ്ങി. പിന്നീട് നാവു പോലും ചലിപ്പിക്കാതെ മനസ്സിൽ പ്രാർത്ഥിക്കാൻ തുടങ്ങി. പിന്നീടത്, ഹൃദയമിടിപ്പിന്റെ ക്രമത്തിൽ മനസ്സറിയാതെ തന്നെ നിരന്തര പ്രാർത്ഥനയിലാകാൻ അദ്ദേഹത്തെ പ്രാപ്തനാക്കി. താൻ നിലനിൽക്കുന്നതു തന്നെ പ്രാർത്ഥന മൂലമാണെന്നും ദൈവസംസർഗം മൂലമാണെന്നും, ദൈവസന്നിധിയിലാണെന്നും, ദൈവശക്തിയാലാണെന്നും നിരന്തരമായ അനുഭവത്തിൽ അങ്ങനെ എത്തിച്ചേരുന്നു - ദൈവത്തിങ്കലേക്കുള്ള നേരായ പാതയിൽ സഞ്ചരിക്കുന്ന ബോദ്ധ്യം സാധകന് ലഭിച്ചതങ്ങനെയാണ്.

വ്യക്തിപരമായി നമ്മുടെ ഓരോരുത്തരുടെ ആത്മീയജീവിതത്തിലും പൊതു ആരാധന, വ്യക്തിപരമായ പ്രാർത്ഥന, യാമപ്രാർത്ഥന, രഹസ്യപ്രാർത്ഥന, നിമിഷ പ്രാർത്ഥന എന്നിവയെല്ലാം പരിശീലിക്കുവാനുള്ള ആത്മാർത്ഥമായ ശ്രമം നടത്താൻ ലഭിക്കുന്ന അവസരങ്ങൾ പാഴാക്കാനിടയാകരുത്. പ്രത്യേകമായ അവസരങ്ങൾ കണ്ടെത്തി, ആത്മീയ ആഴങ്ങളിലെ ദിവ്യാനുഭവങ്ങൾ സ്വയം കണ്ടെത്തുവാനും, മറ്റുള്ളവർക്കു കാണിച്ചു കൊടുക്കുവാനും നമുക്ക് പരിശ്രമിക്കാം. വേണ്ടുംപോലെ പ്രാർത്ഥിക്കുവാനായി പരിശുദ്ധാത്മ സഹായം തേടുകയും ചെയ്യാം. നിരന്തരമായ പരിശുദ്ധാത്മ സഹായം തേടുകയും ചെയ്യാം. നിരന്തരമായ പ്രാർത്ഥനാനുഭവം ജീവിതം മുഴുവൻ നിറഞ്ഞു നിൽക്കുവാൻ നമുക്ക് ആഗ്രഹിക്കാം. അതിനായി അദ്ധ്വാനിക്കാം.

**പാഠം 5**

## ധ്യാനാത്മക ജീവിതം: ലക്ഷ്യങ്ങളും മാർഗങ്ങളും

പ്രാർത്ഥനയുടെ വിവിധ വശങ്ങളെപ്പറ്റി നാം മനസ്സിലാക്കി. ബാഹ്യമായ പ്രാർത്ഥനാജീവിതരീതികളും ക്രമങ്ങളുമാണ് നാം കൂടുതലായും കണ്ടത്. ആന്തരിക പ്രാർത്ഥനാനുഭവം മാനസികതലത്തിലും (intellectual level) ഹൃദയതലത്തിലും (mental or emotional) ആത്മീയതലത്തിലും (spiritual level) സാധ്യമാക്കിത്തീർക്കുന്നത് എങ്ങിനെയെന്ന് വിശദീകരിക്കുകയാണ് ഇവിടെ ചെയ്യുന്നത്.

### 1) ധ്യാനാത്മകജീവിതം (Contemplation)

**a) അർത്ഥവ്യാപ്തി:** Contemplation എന്ന പദം പല തരത്തിലാണ്

പലരും മനസ്സിലാക്കുന്നത്. "Templum" എന്ന ലത്തീൻ പദത്തിൽ നിന്നാണ് 'Temple' (ദേവാലയം) ഉത്ഭവിച്ചത്. ദൈവസാന്നിദ്ധ്യമുള്ള അഥവാ ദൈവദർശനം ലഭിക്കുന്ന അവസ്ഥയെയാണ് 'Con-temple' അർത്ഥമാക്കുന്നത്. ദൈവസന്നിധിയിൽ, ദൈവത്തെ അറിഞ്ഞ് ജീവിക്കുന്ന അനുഭവമാണ് Contemplation. എല്ലാത്തിലും ദൈവത്തെ ദർശിക്കാൻ കഴിയുന്ന ഒരവസ്ഥയായിട്ടാണ് പൗരസ്ത്യ ക്രൈസ്തവ സഭാപിതാക്കന്മാർ ഇതിനെ കാണുന്നത്. പ്രാർത്ഥനയും ധ്യാനവും ഒന്ന് തന്നെയാണോ? അതോ രണ്ടും വേറെ വേറെ കാര്യങ്ങളാണോ എന്ന ചർച്ചയും രംഗത്തുണ്ട്. പ്രാർത്ഥനയിൽ വളരുംതോറും ദൈവപരിജ്ഞാനത്തിൽ ഉയരുമെന്ന് എല്ലാവരും സമ്മതിക്കുന്നു. ധ്യാനാത്മകജീവിതത്തിലൂടെ കൂടുതൽ ആഴത്തിലുള്ള ദൈവിക മർമ്മങ്ങൾ ഗ്രഹിക്കാൻ കഴിയുന്നു.

വിജ്ഞാനം പ്രാപിക്കുവാൻ പ്രാർത്ഥന സഹായിക്കുമെങ്കിലും, അതിനെപ്പറ്റി കൂടുതൽ മനനം ചെയ്ത്, ഒരു സ്ഥിരമായ കാഴ്ചപ്പാടും തീരുമാനവും എടുക്കാൻ നമ്മെ സഹായിക്കുന്നത് ആന്തരികമായ ബൗദ്ധിക-മാനസിക-ആത്മീയ തലത്തിലൂടെയുള്ള ധ്യാനാത്മക ജീവിതം വഴിയാണെന്നാണ് സഭാപിതാക്കന്മാർ പൊതുവെ പറയുന്നത്. "ഇവൻ ദൈവപുത്രൻ തന്നെ സത്യം" (ലൂക്കോസ് 23:47) എന്ന തീരുമാനത്തിൽ ശതാധിപൻ എത്തിച്ചേർന്ന അനുഭവമായി ഇതിനെ ചൂണ്ടിക്കാണിക്കാവുന്നതാണ്. ദൃഢവിശ്വാസത്തിലെത്തിച്ചേരുന്നതിനും, അതിൽ ഉറച്ചു തന്നെ നിൽക്കുന്നതിനുമുള്ള ആന്തരികബലം സമ്പാദിക്കുക എന്നതാണ് ഇത് വഴി സാധിക്കേണ്ടത്. ഈ കാര്യത്തിൽ പൊതുവെ പാശ്ചാത്യ പൗരസ്ത്യ സമീപനം യോജിക്കുമെങ്കിലും ഇത് നടപ്പാക്കുന്ന വിധത്തെ സംബന്ധിച്ച് രണ്ടു സമീപനങ്ങളാണ് കാണുന്നത്.

### b) പാശ്ചാത്യ പൗരസ്ത്യ സമീപനങ്ങൾ

"മാർത്തയും മറിയയും" എന്ന പോലെയുള്ള സമീപനമാണ് പാശ്ചാത്യരും പൗരസ്ത്യരും സ്വീകരിക്കുന്നത്. മാർത്തയുടെ പ്രവൃത്തിയിലൂടെയുള്ള സമീപനം പാശ്ചാത്യർ സ്വീകരിക്കുമ്പോൾ, ദൈവസന്നിധിയിലായിരിക്കുന്നതിലൂടെയുള്ള മറിയയുടെ സമീപനമാണ് പൗരസ്ത്യർ സ്വീകരിക്കുന്നത്. അതുകൊണ്ട്, പാശ്ചാത്യരും പൗരസ്ത്യരും ധ്യാനാത്മകജീവിതവീക്ഷണത്തിലും സാരമായ വ്യത്യാസം പുലർത്തുന്നുണ്ട്.

സ്വർഗത്തിന്റെ മുൻകൂട്ടിയുള്ള രുചിച്ചറിവായും, പറുദീസായുടെ അനുഭവത്തിലേക്കുള്ള തിരിച്ചുപോക്കായും ആണ് പൗരസ്ത്യർ ഇതിനെ കാണുന്നത്. ദൈവത്തേക്കാൾ അധികം മറ്റൊന്നിലും സൗന്ദര്യം കാണാതെ, ദൈവത്തെ മാത്രം സ്നേഹിച്ചുകൊണ്ടിരിക്കുന്ന ഒരു ജീവി

താവസ്ഥയാണിത്. ദൈവത്തെ വേണ്ടവിധം മനസ്സിലാക്കുന്നതിലൂടെ മാത്രമെ, പാപം തിരിച്ചറിഞ്ഞ് വിട്ടൊഴിഞ്ഞ് ജീവിക്കാൻ സാധിക്കുകയുള്ളു. ആയതിനാൽ, പാപമില്ലാതെ വിശുദ്ധജീവിതം നയിക്കുന്നതിന് ഈ ജീവിതാവസ്ഥയാണ് മനുഷ്യൻ തെരഞ്ഞെടുക്കേണ്ടത്.

ധ്യാനാത്മകജീവിതം എന്ന പേരിൽ പൗരസ്ത്യർ അലസരാണെന്ന കുറ്റം പാശ്ചാത്യർ പറയാറുണ്ട്. ദൈവകൽപന അനുസരിച്ച് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതാണ് യഥാർത്ഥ ജീവിതസാഫല്യമെന്നും, ദൈവദർശനം എന്നുംപറഞ്ഞ് വെറുതെയിരുന്ന് സമയം പാഴാക്കരുതെന്നും പാശ്ചാത്യർ പൗരസ്ത്യരെ ഉപദേശിക്കാറുണ്ട്.

ശരിയായ ദൈവദർശനത്തോടെ ഒരു കാര്യം പ്രവർത്തിക്കുന്നതാണ്, വേണ്ടത്ര ദർശനമില്ലാതെ പല കാര്യങ്ങൾ പ്രവൃത്തിച്ച് സംതൃപ്തിയടയുന്നതിനേക്കാൾ ഉത്തമമെന്ന് പൗരസ്ത്യർ തിരിച്ചും പറയാറുണ്ട്. കേവലം പ്രവൃത്തി നോക്കിയല്ല, മനുഷ്യന്റെ 'അകം' നോക്കിയാണ് ദൈവം നമ്മുടെ പ്രവൃത്തിയെ വിലയിരുത്തുന്നത് എന്നതിനാൽ, എന്തു മാത്രം ആന്തരിക വിശുദ്ധിക്കായി പരിശ്രമിച്ചാലും അവയൊന്നും പാഴാകുകയില്ല; നേരെമറിച്ച്, ആന്തരികശുദ്ധില്ലാതെ എന്തെല്ലാം പ്രവർത്തിച്ചാലും അവയെല്ലാം പാഴ്വേലയാണെന്നും പൗരസ്ത്യർ കരുതുന്നു. "മാർത്തയെ മാർത്തയെ, നീ പലതിനെ ചൊല്ലി പരിതപിക്കുന്നു. ആവശ്യമുള്ളത് ഒന്നേയുള്ളു. മറിയ നല്ല അംശം തെരഞ്ഞെടുത്തിരിക്കുന്നു" എന്ന യേശുക്രിസ്തുവിന്റെ വാക്കുകളാണ് പൗരസ്ത്യർക്ക് ചൂണ്ടിക്കാണിക്കാനുള്ളത് (ലൂക്കോസ് 10:44).

നല്ല അംശം തെരഞ്ഞെടുക്കാനുള്ള കഴിവ് ലഭിക്കുന്നതും ധ്യാനാത്മക ജീവിതത്തിലൂടെ ആകയാൽ ആയതിന് എല്ലാവരേയും പ്രേരിപ്പിക്കണമെന്നാണ് പൗരസ്ത്യർ വാദിക്കുന്നത്.

### 2) ധ്യാനാത്മക ജീവിത ലക്ഷ്യങ്ങൾ

വിജ്ഞാനം അന്വേഷിച്ചു പോകുന്ന മനസ്സ്, പഞ്ചേന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന അറിവ് വച്ചുകൊണ്ട് വളരെ പെട്ടെന്ന് നിഗമനങ്ങളിലും അഭിപ്രായ രൂപീകരണങ്ങളിലും എത്തിച്ചേരാറുണ്ട്. അപ്രകാരമുള്ള അറിവുകളെ അടിസ്ഥാനമാക്കി, പുതിയ പുതിയ പരീക്ഷണങ്ങളും (Experiments) നിഗമനങ്ങളും (Thesis) തീരുമാനങ്ങളും (Conclusions) സത്യങ്ങളും (Truths) കണ്ടെത്താറുമുണ്ട്. എന്നാൽ പഞ്ചേന്ദ്രിയങ്ങളിലൂടെ, വസ്തുനിഷ്ഠമായി ലഭിക്കുന്ന അറിവ് പരിമിതങ്ങളാണെന്നും, യഥാർത്ഥ സത്യം ഇന്ദ്രിയങ്ങൾക്കും വസ്തുക്കൾക്കും അപ്പുറത്താണെന്നും സഭാപിതാക്കന്മാർ കരുതി. "Truth is beyond perception." കാണപ്പെടുന്ന സക

ലതിനും അടിസ്ഥാനമായി കാണപ്പെടാനാവാത്ത യാഥാർത്ഥ്യങ്ങൾ ഉണ്ടെന്ന് അവർ മനസ്സിലാക്കി. ഒരു വസ്തുവിനെ, അപ്രകാരം നില നിർത്തുന്ന ശക്തിയെന്താണെന്നും എത്രയാണെന്നും അളന്നു തിട്ടപ്പെടുത്തുവാൻ ആധുനിക ശാസ്ത്രീയരീതികൾക്ക് സാധിക്കുന്നതല്ല എന്ന് ശാസ്ത്രജ്ഞന്മാർ സമ്മതിച്ചു തുടങ്ങിയിട്ടുണ്ട്. ഈ കാണുന്നതെല്ലാം വസ്തുവാണോ (matter) ഊർജമാണോ? (Energy) ഇതിന് വ്യക്തമായ ഒരു ഉത്തരം കണ്ടെത്താനാകാതെ ശാസ്ത്രജ്ഞന്മാർ വിഷമിക്കുകയാണ്. പല പരീക്ഷണങ്ങളും നിഗമനങ്ങളും ഉണ്ടാകുന്നുണ്ടെങ്കിലും വസ്തുവിനെ നിർമ്മിക്കാനോ, നശിപ്പിക്കാനോ സാധിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഉള്ളത് കണ്ടുപിടിക്കാം, ഒരു വസ്തുവിനെ മറ്റൊരു വസ്തുവാക്കി മാറ്റാം എന്നത് ശാസ്ത്രത്തിന്റെ നേട്ടമായിരിക്കാം. ഇത്രയും നാളും അതിന് കഴിയാതിരുന്നു എന്ന മനുഷ്യന്റെ കഴിവില്ലായ്മയും ദൈവസൃഷ്ടിയുടെ അഗാധതയും മഹത്വവും ആണ് ഓരോ പുതിയ ശാസ്ത്രീയ കണ്ടുപിടിത്തങ്ങളും തെളിയിക്കുന്നത്. അങ്ങനെ ചിന്തിച്ചാൽ ശാസ്ത്രീയ വളർച്ചയിലൂടെ മനുഷ്യൻ തന്റെ പരിമിതികളേയും ദൈവത്തിന്റെ അപരിമിതികളേയും തിരിച്ചറിഞ്ഞ് ദൈവ ഇഷ്ടത്തിന് വിധേയപ്പെട്ട്, വിനയപ്പെട്ട് ദൈവത്തെ മഹത്വപ്പെടുത്തി ജീവിക്കുകയാണ് വേണ്ടത്. നിർഭാഗ്യവശാൽ അപ്രകാരമല്ല സംഭവിക്കുന്നത് എന്ന് മാത്രം പറയട്ടെ.

ഈ സാഹചര്യത്തിലാണ്, ദൈവത്തിൽ മനസ്സുറപ്പിച്ചുകൊണ്ട് പഞ്ചേന്ദ്രിയങ്ങൾ വഴി ലഭിക്കുന്ന വിജ്ഞാനത്തെ ദൈവമഹത്വം മനസ്സിലാക്കാനുള്ള മാധ്യമമായി ഉപയോഗിക്കുന്ന ധ്യാനാത്മക സമീപനം പ്രസക്തമാകുന്നത്.

ഒരു വസ്തുവിനെ അത് കാണപ്പെടുന്ന അവസ്ഥയ്ക്കുമപ്പുറത്തുള്ള അതിന്റെ യഥാർത്ഥ തനിമയിൽ മനസ്സിലാക്കാനുള്ള ശ്രമമാണ് ധ്യാനാത്മക സമീപനം ലക്ഷ്യമാക്കുന്നത്. ഹിന്ദുമതത്തിൽ "മായ" എന്ന പ്രതിഭാസമുള്ളതിനാൽ, കാണപ്പെടുന്നതൊന്നും യാഥാർത്ഥ്യമല്ലെന്ന ധ്വനിയുണ്ട്. എന്നാൽ ക്രിസ്തീയ വീക്ഷണത്തിൽ, കാണപ്പെടുന്നതിന്റെ യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ട് തന്നെ, അത് അർത്ഥമാക്കുന്നതെന്താണ് എന്ന് ദൈവിക കാഴ്ചപ്പാടിൽ മനസ്സിലാക്കി അവയോട് പ്രതികരിക്കുക എന്നതാണ് ധ്യാനാത്മകജീവിതം ലക്ഷ്യമാക്കുന്നത്. ഈ വിധത്തിലുള്ള ദൈവിക കാഴ്ചപ്പാട് ലഭിച്ചാലേ ലോകജീവിതം ദൈവഹിത പ്രകാരം നയിക്കുവാൻ മനുഷ്യന് പ്രാപ്തിയുണ്ടാകുകയുള്ളു. വസ്തുക്കളുടെ പ്രത്യക്ഷാർത്ഥം മാത്രം ഗ്രഹിക്കുന്നവൻ വസ്തുക്കളിൽ ആകർഷിക്കപ്പെട്ട്, അവയുടെ സ്രഷ്ടാവിനെ മനസ്സിലാക്കാതെ ജീവിക്കുന്നു. എന്നാൽ വസ്തുക്കളുടെ ആന്തരീകാർത്ഥം ധ്യാനാത്മകജീവിതത്തി

ലൂടെ ഗ്രഹിക്കുന്ന മനുഷ്യൻ അവയിൽ ദൈവമഹത്വം ദർശിച്ച്, ദൈവാരാധനയ്ക്കായി ബോധപൂർവ്വം അടുത്തുവരികയും ദൈവേഷ്ടത്തിന് പരമ പ്രാധാന്യം നൽകുകയും ചെയ്യുന്നു. ലൗകികതയിൽ നിന്നും ആത്മീയതയിലേക്ക് ഉയർന്ന് ജീവിക്കാൻ പ്രാപ്തിയുണ്ടാകുന്നത് ധ്യാനാത്മക ജീവിതം വഴിയാണെന്ന് ചുരുക്കം.

എല്ലാ വസ്തുക്കളും ദൈവം സൃഷ്ടിച്ചതും, ദൈവിക ഉദ്ദേശ്യമുള്ളതുമാണ്. ആകയാൽ, ദൈവവുമായുള്ള ബന്ധത്തിലായിരിക്കണം വസ്തുക്കളെ കാണേണ്ടതും ബന്ധപ്പെടേണ്ടതും. സകല സൃഷ്ടിയിലും വ്യാപരിക്കുന്ന ഏക തത്വമാണ് "വചനം" (Logos. യോഹ. 1:1). ആകയാൽ, സകല സൃഷ്ടിയിലുമുള്ള സത്യത്തെ തിരിച്ചറിയുന്നതിന് "വചനം ജഡമായി"ത്തീർന്ന യേശുക്രിസ്തുവിനെ തിരിച്ചറിയുക ആവശ്യമാണ്. വസ്തുക്കളുടെ നാനാത്വം, സൃഷ്ടിയുടെ സാർവ്വത്രീകത എന്നിവ യേശുക്രിസ്തുവിൽ സമ്മേളിക്കുന്നതിനാൽ, യേശുക്രിസ്തുവിനെ അറിയുക എന്നതാണ് ധ്യാനാത്മക ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം. ക്രിസ്തുവിനെ നാം അറിയുന്നുണ്ടെങ്കിലും അറിയേണ്ടതുപോലെ ഇനിയും അറിഞ്ഞിട്ടില്ലാത്തതിനാൽ, ദൈവസന്നിധിയിൽ വിനയത്തോടെ, വിശുദ്ധിയോടെ അടുത്തു ചെല്ലുന്ന അനുഭവമാണ് ധ്യാനാത്മകജീവിതം ലക്ഷ്യമാക്കുന്നത്. 'ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു' എന്നരുളിചെയ്ത കർത്തൃവചനം ശരിയായി മനസ്സിലാക്കി, അതിനെ അനുധാവനം ചെയ്യുന്ന അക്ഷീണപരിശ്രമമാണ് ധ്യാനാത്മക ജീവിതലക്ഷ്യമായി നേടാനുള്ളത്. ആ അന്വേഷണഫലമായി ഈ പ്രപഞ്ചം മുഴുവൻ നിറഞ്ഞുനിൽക്കുന്ന ദൈവസാന്നിദ്ധ്യം തിരിച്ചറിയാനും, ദൈവരാജ്യമായി ഈ ലോകത്തെ രൂപാന്തരപ്പെടുത്താനും ഈ തിരിച്ചറിവ് നമ്മെ സഹായിക്കുന്നു.

ലോകത്തേയും വസ്തുക്കളേയും തിരിച്ചറിയാൻ കഴിയുന്നതുപോലെ തന്നെ വേദവാക്യങ്ങളേയും അവയുടെ യഥാർത്ഥ അർത്ഥത്തേയും തിരിച്ചറിയാനും വ്യാഖ്യാനിക്കാനുമുള്ള ഉൾക്കാഴ്ച ലഭിക്കുന്നതിനും ധ്യാനാത്മകജീവിതം സഹായകമാണ്.

### 3. ധ്യാനാത്മകജീവിത മാർഗങ്ങൾ

a) പഞ്ചേന്ദ്രിയങ്ങൾ വഴിയാണ് ധ്യാനാത്മക ജീവിതത്തിന്റെ ആരംഭം കുറിക്കുന്നത്. ദൈവത്തെ സംബന്ധിച്ച ശരിയായ അറിവല്ല പഞ്ചേന്ദ്രിയങ്ങൾ നൽകുന്നത്. എന്നിരുന്നാലും ദൈവിക നന്മയുടെ ഒരു പ്രതിബിംബമായി അല്ലെങ്കിൽ നിഴലായി ഈ ജ്ഞാനത്തെ പരിഗണിക്കാം. അദ്ധ്യാപകർ കുട്ടികളെ അക്ഷരം പഠിപ്പിക്കുന്നതുപോലെ മാത്രമെ ആകുന്നുള്ളു പഞ്ചേന്ദ്രിയങ്ങളിൽ കൂടി ലഭിക്കുന്ന വിജ്ഞാനം. അക്ഷരങ്ങൾ

കൂട്ടിവായിക്കാൻ വരെ അറിഞ്ഞേക്കാം. എന്നാൽ വ്യാകരണമോ അർത്ഥമോ മനസ്സിലാക്കണമെങ്കിൽ ദൈവിക പരിജ്ഞാനം തന്നെ വേണം.

"മനസ്സിന്റെ കണ്ണു തുറന്നു നോക്കിയാൽ ദൈവത്തെ കാണാം" എന്നാണ് Celsus പറയുന്നത്. പഞ്ചേന്ദ്രിയങ്ങളുടെ വിജ്ഞാനം ദൈവത്തിൽ നിന്നും അകലെയാകയാൽ ആ വാതിലുകൾ അടയ്ക്കുകയാണു നല്ലതെന്നാണ് നാസിയാൻസിലെ ഗ്രീഗോറിയോസ് പറയുന്നത്. ഏതായാലും പഞ്ചേന്ദ്രിയങ്ങൾ നൽകുന്ന വിജ്ഞാനം തള്ളിക്കളയാതെ, ദൈവിക ജ്ഞാനത്തിന് വിധേയപ്പെടുത്തിയെടുക്കുന്നതാണ് നല്ലത്.

b) മനസ്സ് (nous - mind) ദൈവമനസ്സിനെ തിരിച്ചറിയാനായി ദൈവം തന്നെ മനുഷ്യനിൽ സ്ഥാപിച്ചതാകയാൽ ദൈവമനസ്സുമായി ബന്ധപ്പെട്ട് വിജ്ഞാനം സമ്പാദിക്കാൻ മനുഷ്യന് സാധിക്കും. ദൈവിക യാഥാർത്ഥ്യങ്ങളെ തിരിച്ചറിയാനുള്ള ആറാമത്തെ ഇന്ദ്രിയമാണ് മനസ്സ് എന്നു പറയാം. പഞ്ചേന്ദ്രിയങ്ങൾ വഴി ലഭിക്കുന്ന ജ്ഞാനം ബുദ്ധിയാണ് (intellect or reasoing) സ്വീകരിക്കുന്നതും അപഗ്രഥിക്കുന്നതും. എന്നാൽ മനസ്സിലുദിക്കുന്ന ദർശനങ്ങൾ, ഉൾക്കാഴ്ചകൾ എന്നിവ വെളിപാടുകൾ (intutions) കൂടി സ്വീകരിച്ച് മറ്റു യാഥാർത്ഥ്യങ്ങളുമായി ഒത്തുനോക്കുവാൻ മനസ്സ് തയ്യാറാകണം. ഹൃദയത്തിലെ വികാര-വിചാരങ്ങൾ ബുദ്ധിയുടെ വിജ്ഞാനവുമായി ചേർന്നുപോകുന്ന ഒരനുഭവമാണുണ്ടാകേണ്ടത്. ബുദ്ധിയോടു കൂടി ഭക്തി, അഥവാ, ഭക്തിയോടുകൂടിയ ബുദ്ധി. ഇതു സമ്മേളിക്കുന്നത് ദൈവവുമായി ബന്ധത്തിൽ നിലനിൽക്കുന്ന മനുഷ്യമനസ്സിലാണ്. ഈ മാനസിക ബന്ധമാണ് ഒന്നാമത്തെ ഘട്ടം.

ദൈവിക വെളിപാടുകൾ മനസ്സിലാക്കാൻ കഴിയുന്ന മനസ്സ് ദൈവദാനമാണ്. മനുഷ്യനിലെ ദൈവസ്വരൂപം തന്നെയാണ് ആ ദാനം എന്നു പറയാം. ദൈവമനസ്സ് തിരിച്ചറിയാനുള്ള കഴിവാണത്. ദൈവത്തെ ശരിയായി അറിയണമെങ്കിൽ ഹൃദയവിശുദ്ധി അത്യാവശ്യമാണ്. അപ്പോൾ വിശുദ്ധീകരണമില്ലാതെ യഥാർത്ഥ പരിജ്ഞാനം സാധ്യമല്ലെന്ന് വരുന്നു. ശരീരം, മനസ്സ്, ബുദ്ധി, ഹൃദയം തുടങ്ങിയ എല്ലാ ഘടകങ്ങളും വിശുദ്ധിയിൽ നിലനിർത്തുവാൻ കഴിയുമ്പോൾ മാത്രമെ യഥാർത്ഥ 'ദൈവമനസ്സ്' വെളിപ്പെട്ടു കിട്ടുകയുള്ളു. ഇവിടെയാണ് ധ്യാനാത്മകജീവിതത്തിന്റെ രണ്ടാമത്തെ ഘട്ടം.

ഈ ഘട്ടം കടന്നു കഴിയുമ്പോൾ, ബുദ്ധിക്കപ്പുറമായ യാഥാർത്ഥ്യങ്ങൾ ബോദ്ധ്യപ്പെടുകയും, മനുഷ്യബുദ്ധിയിലൂടെ മനനം ചെയ്തെടുക്കാവുന്ന ഒരു ഉൽപന്നമല്ല ദൈവമെന്നും, ബുദ്ധിക്കപ്പുറത്ത് വിവരിക്കാനാവാത്ത ഒരനുഭവമാണ് ദൈവമെന്നും തിരിച്ചറിയുക എന്നതാണ് മൂന്നാമത്തെ ഘട്ടം.

c) മറ്റു ചില മാർഗങ്ങൾ: നിനവയിലെ ഇസഹാക്ക് ധ്യാനാത്മക ജീവിത ഘട്ടങ്ങളെ മൂന്നു വിധത്തിൽ വിവരിക്കുന്നത് മറ്റൊരു രീതിയിലാണ്.

1) Corperal step: ശാരീരിക വികാരങ്ങളെ ജയിക്കുക.
2) Psychic step: മാനസിക വിചാരങ്ങളെ തോൽപ്പിക്കുക.
3) Spiritual step: ആത്മാവിന് പൂർണമായി വിധേയപ്പെടുക.

പ്രവൃത്തി വഴിയായി (Praxis) അറിവിലെത്തിച്ചേരുക, അറിവ് (Theory) നേടി പ്രവർത്തിക്കുക എന്നീ രണ്ടുവിധത്തിൽ ദൈവിക പരിജ്ഞാനത്തിലെത്താമെന്നാണ് ഓറിജൻ അഭിപ്രായപ്പെടുന്നത്.

നന്മകൾ വിജ്ഞാനത്തിലേക്കു നയിക്കുന്നു. കല്പനകൾ അനുസരിക്കുക വഴി വിജ്ഞാനം ലഭിക്കുന്നു; ദൈവഭയം വിജ്ഞാനം നൽകുന്നു. യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു; പ്രാർത്ഥനവഴി ദൈവ വിജ്ഞാനം ലഭിക്കുന്നു, എന്നിങ്ങനെ പല വിധത്തിൽ ദൈവിക പരിജ്ഞാനത്തിൽ വളർന്നുവരാൻ മാർഗങ്ങൾ നിർദേശിക്കപ്പെടുന്നുണ്ട്. ഇവയെല്ലാം ധ്യാനാത്മക ജീവിതത്തിന്റെ വിവിധ വശങ്ങളാണ്.

സ്നേഹപ്രവൃത്തികൾ ദൈവവിജ്ഞാനത്തിലേക്കുള്ള വഴിയാണ്. ദൈവം സ്നേഹം തന്നെയാകയാൽ, സ്നേഹമില്ലാതെ ദൈവത്തെ മനസ്സിലാക്കാൻ സാധ്യമല്ല (1 യോഹ. 4:8, 16). സ്നേഹഭാവമില്ലാതെ ദൈവത്തെ അറിയാൻ ശ്രമിക്കുന്നത് മൗഢ്യമാകയാൽ, ധ്യാനാത്മകജീവിതത്തിന്റെ പ്രധാന വശമാണ് ദൈവസ്നേഹവും സഹോദരസ്നേഹവും.

സ്നേഹം പോലെ തന്നെ ദൈവത്തെ അറിയുന്നതിനുള്ള മാർഗമാണ് വിശ്വാസം എന്നതും. യഥാർത്ഥ വിശ്വാസമില്ലാതെ ദൈവത്തെ സ്നേഹിപ്പാൻ കഴികയില്ല. ദൈവത്തെ അറിയാനും കഴികയില്ല. അങ്ങനെ വരുമ്പോൾ വിശ്വാസം എന്നതും സ്നേഹമെന്നതും ദൈവത്തെ അറിയാനുള്ള പ്രധാന മാർഗങ്ങളായി കരുതി ധ്യാനാത്മകജീവിതത്തിലൂടെ ഇവയെ സ്വായത്തമാക്കാൻ കഴിയണം.

## പാഠം 6

# ധ്യാനാത്മകജീവിതം: പുരോഗതിയും ഫലപ്രാപ്തിയും

### 1. ധ്യാനാത്മക ജീവിത പുരോഗതി

ധ്യാനാത്മക ജീവിതം പുരോഗതി പ്രാപിക്കുന്നതും എത്രത്തോളമായി എന്ന് നിരീക്ഷിക്കേണ്ടതും ആവശ്യമാണ്. പലവിധത്തിലുള്ള സമീപനങ്ങളാണ് പിതാക്കന്മാർ സ്വീകരിക്കുന്നത്.

**a) വിവിധ തലങ്ങൾ:** പഞ്ചേന്ദ്രിയജ്ഞാനം ആത്മാവിൽ നാം സ്വീകരിച്ച് ദൈവിക യാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടിലെത്തിച്ചേരുന്നു എന്നാണ് ഓറിജൻ പറയുന്നത്. ലോകവിജ്ഞാനത്തിലൂടെ ദൈവപരിജ്ഞാനം പ്രാപിക്കണമെന്നാണ് ഇവാഗ്രിയസ് വിവരിക്കുന്നത്. അഞ്ചു തലങ്ങളിലൂടെയാണ് വിജ്ഞാനം പൂർണ്ണമാകുന്നത് എന്നാണ് മറ്റൊരു പട്ടികയിൽ കാണുന്നത്. 1) വി. ത്രിത്വത്തെപ്പറ്റിയുള്ള ഉൾക്കാഴ്ച, 2) അദൃശ്യ ലോക യാഥാർത്ഥ്യങ്ങളെപ്പറ്റിയുള്ള അറിവ്, 3) ദൃശ്യലോക വിജ്ഞാനം, 4) ന്യായവിധിയെപ്പറ്റിയുള്ള ബോദ്ധ്യം, 5) ദൈവപരിപാലനത്തെപ്പറ്റിയുള്ള ഉറപ്പ്.

ദൈവം മോശയ്ക്ക് പ്രകാശത്തിൽ പ്രത്യക്ഷപ്പെട്ടു; മേഘത്തിൽ സംസാരിച്ചു, അന്ധകാരത്തിൽ മറഞ്ഞു. ഇപ്രകാരം 3 തലങ്ങളിലാണ് ദൈവവിജ്ഞാനം വളരുന്നതെന്നാണ് നിസ്സായിലെ ഗ്രീഗോറിയോസ് പറയുന്നത്.

**b) ദൃശ്യവും അദൃശ്യവുമായ ലോകങ്ങൾ:** സൃഷ്ടിയിൽ കൂടി, പ്രകൃതിയിൽ കൂടി, ദൈവമഹത്വം ദർശിച്ച് ദൈവത്തെ അറിയാൻ കഴിയുന്നു എന്ന് എല്ലാ സഭാപിതാക്കന്മാരും സമ്മതിക്കുന്നുണ്ട്. ദൈവത്തെ അറിയുന്നവർക്ക് ലോകം ഒരു 'തുറന്ന പുസ്തകവും' 'ആത്മാവിന്റെ സ്കൂളും' ആണ്. ആകാശത്തിലെ പറവകളും വയലിലെ ലില്ലികളുമൊക്കെ ചൂണ്ടിക്കാണിച്ചാണല്ലോ യേശുക്രിസ്തു ദൈവമഹത്വത്തെപ്പറ്റി പഠിപ്പിച്ചത്. ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ അറിയിക്കുന്നു എന്ന് ദാവീദ് പാടി. പക്ഷെ, യഥാർത്ഥ ദൈവവിജ്ഞാനം പ്രാപിച്ചവർക്കേ ഈ വിധ പഠനം സാധ്യമാകയുള്ളു. ആകയാൽ, ധ്യാനാത്മകജീവിതത്തിലൂടെ ദൈവവിജ്ഞാനം സമ്പാദിക്കുക എന്നതാണ് ഏറ്റവും പ്രധാന കാര്യം.

അദൃശ്യലോകത്തെപ്പറ്റിയും, മാലാഖമാർ, പിശാചുക്കൾ എന്നീ അദൃശ്യാത്മാക്കളുടെ പ്രവർത്തനങ്ങളെപ്പറ്റിയുമൊക്കെയുള്ള വിജ്ഞാനം

ലഭിക്കുന്നതിനും ദൈവിക കാഴ്ചപ്പാട് ആവശ്യമാണ്. ലൗകിക വിജ്ഞാനം വഴി ഇത് സാധ്യമാകുന്നില്ലെന്ന് മാത്രമല്ല; ഭോഷത്വമായി ചിത്രീകരിക്കപ്പെടാനും സാദ്ധ്യതയുണ്ട്. വരുവാനിരിക്കുന്ന രാജ്യത്തെ പ്പറ്റിയുള്ള വിശ്വാസവും പ്രത്യാശയും കാത്തിരിപ്പും ഈ വിജ്ഞാനത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. 'പുനരുത്ഥാനം' എന്ന വിശ്വാസം ഇല്ലെങ്കിൽ ക്രിസ്തീയ വിശ്വാസത്തിന് അടിസ്ഥാനമില്ല. പുനരുത്ഥാനം, ന്യായവിധി, നരകം, സ്വർഗം എന്നീ കാര്യങ്ങൾ വിശ്വാസത്തോടെ പ്രതീക്ഷിക്കാൻ കഴിയണമെങ്കിൽ, അദൃശ്യലോക യാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള വിജ്ഞാനം സമ്പാദിക്കണം. ആയതിന് മനുഷ്യനെ സഹായിക്കുന്നതാണ് ധ്യാനാത്മക ജീവിതം.

ദൃശ്യമായ ലോകത്തിൽ, ദൃശ്യമായ ശരീരത്തിൽ വസിച്ചുകൊണ്ട് അദൃശ്യലോകത്തെക്കുറിച്ചും അദൃശ്യശക്തികളെക്കുറിച്ചുമുള്ള അറിവ് സമ്പാദിക്കുക എന്നതാണ് ധ്യാനാത്മക ജീവിതം വഴി മനുഷ്യന് സാധിക്കാനുള്ളത്. ഈ ലോകജീവിതത്തിൽ മനുഷ്യന് അനുഭവിക്കേണ്ടി വരുന്ന എല്ലാ അനുഗ്രഹങ്ങളും ശിക്ഷകളും കഷ്ടതകളും യഥാർത്ഥ ദൈവവിജ്ഞാനത്തിലേക്ക് മനുഷ്യനെ നയിക്കുന്നതിനുള്ള ദൈവികപരിപാലനമായി കാണാൻ കഴിവുണ്ടാകുന്നതും ധ്യാനാത്മക ജീവിതം വഴിയാണ്. ചുരുക്കത്തിൽ, ഈ ലോകജീവിതത്തിന്റെ അർത്ഥം ഗ്രഹിക്കുവാൻ ധ്യാനാത്മകജീവിതം പരിശീലിക്കണം, ഇല്ലെങ്കിൽ ദൈവിക പദ്ധതികൾ മനസ്സിലാക്കാനാകാതെ, നിരാശയിലും, അവിശ്വാസത്തിലും, അധർമ്മത്തിലും ജീവിക്കാനിടയാകും.

### c) ദൈവവിജ്ഞാനം (Theologia)

Theos, Logos എന്നീ രണ്ട് ഗ്രീക്ക് പദങ്ങൾ കൂടി ചേർന്നാണ് Theology എന്ന ഇംഗ്ലീഷ് വാക്ക് ഉണ്ടായത്. "വചനം" (Logos) "ദൈവം" (Theos) – 'വചനം ദൈവമാണ്' എന്ന പ്രഖ്യാപനമാണ് ദൈവശാസ്ത്രം. വി. യോഹന്നാൻ ശ്ലീഹായാണ് ഇത് ആദ്യമായി പ്രസ്താവിച്ചത് (യോഹ. 1:1f). ഇതുമൂലം വി. ത്രിത്വവിശ്വാസമാണ് ഊന്നിപ്പറയാൻ ആരംഭിക്കുന്നത്. ലൗകിക വിജ്ഞാനതലത്തിൽ മനസ്സിലാക്കാനും വിവരിക്കാനും കഴിയാത്ത വിജ്ഞാനമാണ് ദൈവവിജ്ഞാനം. ബുദ്ധിക്കപ്പുറത്ത് 'വിശ്വാസ'മെന്ന അളവുകോലാണ് ദൈവികകാര്യങ്ങൾ മനസ്സിലാക്കാൻ നാം ഉപയോഗിക്കേണ്ടത്.

ദൈവവിജ്ഞാനം എന്നത്, ദൈവത്തിന്റെ ഉണ്മ (Essence) അറിയാനുള്ളതാണെന്ന് പിതാക്കന്മാർ ആരും പറയുന്നില്ല. ദൈവത്തിന്റെ സാന്നിധ്യം, ദൈവത്തിന്റെ ശക്തി, ദൈവത്തിന്റെ മഹത്വം എന്നിവ ദൈവിക പ്രവർത്തികളിലൂടെ (Energy) മനസ്സിലാക്കാം എന്നു മാത്രമെ

യുള്ളു. പുറപ്പാട് 24:9–11 വരെയുള്ള ഭാഗങ്ങളിൽ വിവരിക്കുന്ന ദൈവ ദർശനം, മനുഷ്യമനസ്സിന്റെ പ്രതിഫലനമാകാമെന്നാണ് ഇവാഗ്രിയസ് സൂചിപ്പിക്കുന്നത്.

ദൈവദർശനം മനുഷ്യന് നേരിട്ട് അനുഭവവേദ്യമാകണമെങ്കിൽ ഒന്നുകിൽ തന്റെ മഹത്വം സൃഷ്ടിയിൽ അവതരിപ്പിക്കണം. അതാണ് യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലൂടെ സംഭവിച്ചത്. അതല്ല എങ്കിൽ, മനുഷ്യൻ ദൈവസാദൃശ്യത്തിലേക്ക് ഉയരണം. ദൈവത്തിന്റെ മനുഷ്യാവതാരവും, മനുഷ്യന്റെ ദൈവീകരണവും (Incarnation of God and Devinisation of man) ദൈവവിജ്ഞാനത്തിന്റെ രണ്ടു പ്രധാന വശങ്ങളാണ്.

മനുഷ്യാവതാരം ചെയ്ത യേശുക്രിസ്തുവിനെ ശരിയായി മനസ്സിലാക്കാനും, ദൈവീകരിക്കപ്പെടുന്ന മനുഷ്യന്റെ അവസ്ഥയെപ്പറ്റി ശരിയായി മനസ്സിലാക്കാനും ധ്യാനാത്മകജീവിതം മനുഷ്യനെ സഹായിക്കുന്നു.

### d) ഹർഷോന്മാദം (Ecstacy)

അക്രൈസ്തവരിൽ ഹർഷോന്മാദാനുഭവത്തിന് പല ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ടാകും. കാവടി തുള്ളൽ, പാമ്പുതുള്ളൽ, കുന്തം ശരീരത്തിൽ തുളച്ചു കയറ്റൽ, ഗരുഡൻ പറക്കൽ, തീവിളയാട്ടം ഇങ്ങനെ അസാധാരണമായ പല അനുഷ്ഠാനങ്ങൾ ഹിന്ദുമതത്തിലും മറ്റു പ്രാകൃത മതങ്ങളിലും കണ്ടുവരുന്നത് ഹർഷോന്മാദത്തിന് ഉദാഹരണങ്ങളായി പറയാവുന്നതാണ്. എന്നാൽ ക്രിസ്തീയ വീക്ഷണത്തിൽ ഇപ്രകാരമുള്ള അനുഭവങ്ങൾക്ക് എന്തെങ്കിലും സ്ഥാനമുണ്ടോ? ധ്യാനാത്മകജീവിതം വഴി ഇത്തരം അനുഭവങ്ങൾ ഉണ്ടാകുമോ എന്നീ കാര്യങ്ങൾ ചിന്തിക്കാം.

വേദപുസ്തകത്തിൽ ഇത്തരം അനുഭവങ്ങളെപ്പറ്റി കാര്യമായ പരാമർശമൊന്നും കാണുന്നില്ല. എല്ലാ പ്രവചനങ്ങൾക്കും പിറകിൽ ദൈവിക പ്രചോദനം (Inspiration) ലഭിക്കുമെന്നത് ശരിയാണെങ്കിലും അവ ഹർഷോന്മാദം (Ecstacy) എന്ന നിലയിൽ മനസ്സിലാക്കാൻ പ്രയാസമാണ്. പരിശുദ്ധാത്മ പ്രേരിതരായി കന്യകമറിയം, സഖറിയ പുരോഹിതൻ, ശെമവൂൻ, ഹന്ന എന്നിവർ പാടുന്നതും സംസാരിക്കുന്നതും ചൂണ്ടിക്കാണിക്കാമെങ്കിലും ഹർഷോന്മാദമായി വിവരിക്കുക പ്രയാസമാണ്.

പെന്തിക്കൊസ്തിയുടെ അനുഭവത്തിൽ (അ.പ്ര. 2:1ff) ശിഷ്യന്മാർ പരിശുദ്ധാത്മാവിൽ 'മത്തുപിടിച്ചവരായി' കാണപ്പെടുന്നുണ്ട്. രണ്ടാം നൂറ്റാണ്ടിൽ, മൊണ്ടാന മതത്തിൽ ഹർഷോന്മാദത്തിന്റെ പരാമർശം

കാണുന്നുണ്ട്. മനുഷ്യനിലെ സാധാരണ പ്രവർത്തനം നിലച്ച് അസാധാരണമായ ബാഹ്യശക്തിക്ക് വിധേയനായി പ്രവർത്തിക്കുന്ന ഒരു പ്രതീതിയാണ് ഹർഷോന്മാദം ജനിപ്പിക്കുന്നത്.

സന്യാസ പിതാക്കന്മാർ, ദൈവദർശനത്തിന്റെ ഉയർന്ന മേഖലകളിലേക്ക് പോകുന്നുണ്ടെങ്കിലും ശരീരപ്രകാരം പ്രകടമായ ഭാവവ്യത്യാസങ്ങൾ കാണിച്ച് 'തുള്ളി'ക്കളിക്കുന്നതായി കാണുന്നില്ല. ശരീരവും മനസ്സും, ചിന്തയുമെല്ലാം നിശ്ചലമായി, ആത്മീയതയിൽ നിറഞ്ഞു നിൽക്കുന്ന വിവരിക്കാനാവാത്ത 'ആന്തരീക സന്തോഷം' നിറയുന്നത് ധ്യാനാത്മകജീവിതത്തിൽ സാധാരണമാണ്. ദൈവാത്മാവിൽ നിറയുമ്പോൾ, ശരീരവും, മനസ്സും നിശ്ചലമാകുകയാണ് വേണ്ടത്. ശരീരവും മനസ്സും തുള്ളുന്നത് വൈകാരികമായ സമതുലനാവസ്ഥ നഷ്ടപ്പെടുന്നതിനാലാണ്. പോപ്പ് മ്യൂസിക്, ഡിസ്കോ തുടങ്ങിയ സംഗീതനിശകളിൽ കിടന്ന് തുള്ളുന്നത് വൈകാരിക തള്ളൽ മൂലമാണ്. സാധാരണയിൽ നിന്നും അസാധാരണമായ പെരുമാറ്റത്തിന് Ecstacy എന്ന് പറയാം. Stand out of one self എന്നാണ് അതിന്റെ അർത്ഥം. ഇത് വികാരത്തള്ളൽ മൂലം ബാഹ്യമായ ശാരീരിക പ്രകടനങ്ങളായും, ആത്മീയ പ്രചോദനത്താൽ ആന്തരിക അനുഭവമായും, ചിലപ്പോൾ രണ്ടുംകൂടി ചേർന്ന അനുഭവമായും പ്രത്യക്ഷപ്പെടാൻ സാദ്ധ്യതയുണ്ട്. ആകയാൽ ആത്മീയ ഹർഷോന്മാദം (Spiritual Ecstacy) എന്താണെന്ന് തിരിച്ചറിയേണ്ടത് ആവശ്യമാണ്.

### e) ആത്മീയ ഭക്ത്യാനുഭൂതി (Spiritual Ecstacy)

ആത്മീയ ഭക്ത്യാനുഭൂതിയാണെങ്കിൽ ദൈവവുമായുള്ള കാര്യങ്ങൾ മാത്രം ഓർക്കുകയും മറ്റെല്ലാം മറക്കുകയും ചെയ്യുന്ന അനുഭവമാണ്. ലോകചിന്തകളിൽ നിന്നുള്ള വിടുതലായി, ദുഷ്വിചാരങ്ങളിൽ നിന്നുള്ള മോചനമായി, ദുർവികാരങ്ങളിൻമേലുള്ള വിജയമായിട്ടൊക്കെയാണ് സുറിയാനി സഭാപിതാക്കന്മാർ ഈ ആന്തരികാനുഭവത്തെ വിലയിരുത്തുന്നത്.

ഇവാഗ്രിയസ് ആത്മീയ ഭക്ത്യാനുഭൂതി വിവരിക്കുന്നത് ഇങ്ങനെയാണ്. ദൈവസ്വരൂപത്തിൽ വളർച്ച പ്രാപിച്ച് ദൈവസാദൃശ്യം പ്രാപിക്കുംതോറും ദൈവിക വിജ്ഞാനത്തിന്റെ പാരമ്യത്തിലേക്ക് മനുഷ്യമനസ്സ് (Nous) ഉയർത്തപ്പെടുന്നു; അവിടെ വിശുദ്ധ ത്രിത്വത്തിന്റെ ജ്ഞാനമാകുന്ന ദിവ്യവെളിച്ചം പ്രാപിച്ച് സന്തോഷത്തിലാറാടുന്നു. വിമാനം 'റൺവെ'യിൽ കൂടി വലിയ വേഗതയിലോടി പെട്ടെന്ന് ഉയരുമ്പോഴുണ്ടാകുന്ന അനുഭവമാണ് മനസ്സിന് ദൈവദർശനത്തിന്റെ പ്രകാശം ലഭിക്കുമ്പോൾ ഉണ്ടാകുന്നത്. ഉയരങ്ങളിലേക്ക് പറന്നു പൊങ്ങുന്ന അനുഭവം!!

അന്ധകാരത്തിലേക്ക് എത്തിച്ചേരുന്ന അനുഭവമായിട്ടാണ് നിസ്സായിലെ ഗ്രീഗോറിയോസ് വിവരിക്കുന്നത്. 1) ദൈവിക വിജ്ഞാനമാകുന്ന വെളിച്ചം പ്രാപിക്കുന്നതിലൂടെ മനസ്സ് ശുദ്ധീകരിക്കപ്പെട്ട് സുതാര്യമായി അനുഭവപ്പെടുന്നു. 2) കൂടുതൽ ഉയരുംതോറും, മേഘത്തിലെന്നപോലെ ദൈവിക മർമ്മങ്ങൾ സാധാരണബുദ്ധിക്ക് മങ്ങിക്കൊണ്ടിരിക്കുന്നു. 3) മൂന്നാം ഘട്ടത്തിൽ മനസ്സ് തികഞ്ഞ അന്ധകാരത്തിൽ എത്തി വഴിമുട്ടി നിൽക്കുന്നു. പിന്നീടങ്ങോട്ട് 'സ്നേഹചിറകുകൾ' വഴി പറക്കുകയാണ് മനസ്സ്!! ഗ്രഹിക്കാനാവാത്ത, വർണ്ണിക്കാനാവാത്തവിധത്തിലുള്ള ആനന്ദാനുഭൂതി!! മാനസികതലത്തിൽ ഇത് ഒരു 'going out of oneself' ഹർഷോന്മാദം തന്നെയാണ്. ദൈവത്തെ തീവ്രമായി അറിയുന്നു – ദൈവം സ്നേഹമാണെന്ന്! സ്നേഹം തന്നെ ദൈവമാണെന്ന് മനസ്സിലാക്കുന്നു. സ്നേഹം തന്നെ സ്വഭാവമായിത്തീരുന്നു. പിന്നീട് പ്രവർത്തിക്കുന്നതെല്ലാം സ്നേഹത്തിന്റെ മാത്രം പ്രകടനങ്ങളായിത്തീരുന്നു. ധ്യാനാത്മകജീവിതത്തിന്റെ പരമകാഷ്ഠയായി ഈ അനുഭവത്തെ വിവരിക്കാവുന്നതാണ്.

Theophane Recluse ആത്മീയ ഭക്ത്യാനുഭൂതിയെ വിവരിക്കുന്നത് മറ്റൊരുവിധത്തിലാണ്.

മനുഷ്യമനസ്സിന്റെ (mind) എല്ലാ കഴിവുകളും നിശ്ചലവും നിർവീര്യവുമാക്കപ്പെടുകയും, ആത്മാവിന്റെ (soul) പ്രവർത്തനശക്തി മാത്രം നിലനിൽക്കുകയും ചെയ്യുന്നു. മനഃശാസ്ത്രപരമായി പറഞ്ഞാൽ മനസ്സിന്റെ ഉണർന്നിരിക്കുന്ന നിദ്രാവസ്ഥ (wakeful Sleep) എന്നർത്ഥം. സാധാരണ ഉറക്കത്തിൽ, മനുഷ്യമനസ്സ് ഉണർന്നിരുന്ന് സ്വപ്നം കാണാറുണ്ടല്ലോ. സ്വപ്നം കാണുന്ന സമയത്ത് അവയെല്ലാം യാഥാർത്ഥ്യമാണെന്ന് നമുക്ക് തോന്നുകയും ചെയ്യും. ഈ പ്രതിഭാസം തന്നെ ആത്മീയതലത്തിലും നടക്കുന്നതാണ് ആത്മീയ ഭക്ത്യാനുഭൂതിയായി തെയോഫിൻ വിവരിക്കുന്നത്. ഇവിടെ, മനുഷ്യമനസ്സ് രംഗത്തില്ലാത്തവിധം നിശ്ചലമാണ് (Inactive). മനുഷ്യാത്മാവാണ് ഉറങ്ങുന്നതും സ്വപ്നം കാണുന്നതും. ദൈവാത്മാവാണ് സ്വപ്നം നിർമ്മിക്കുന്നതും നിയന്ത്രിക്കുന്നതും. വസ്തുനിഷ്ഠമായവയ്ക്കപ്പുറത്തുള്ള ദൈവികമായ അദൃശ്യകാര്യങ്ങളാണ് സ്വപ്നവിഷയം. ഇവിടെ മനുഷ്യൻ ദൈവദർശനത്തിന്റെ പാരമ്യത്തിലെത്തുമെങ്കിലും, മനസ്സിനും ബുദ്ധിക്കും അതിൽ പങ്കില്ലാത്തതിനാൽ, അപ്രകാരം ഉണ്ടാകുന്ന 'ആത്മീയ ഭക്ത്യാനുഭൂതിയെ' ആത്മാവിൽ രുചിച്ചറിയുവാനല്ലാതെ, ബുദ്ധികൊണ്ട് വിവരിക്കാൻ കഴിയുന്നതല്ല.

ആയതിനാൽ ധ്യാനാത്മകജീവിതത്തിന്റെ (contemplative Life) പാരമ്യമെന്താണെന്ന് വിവരിക്കാനാവാത്തവിധം അഗാധമാണ്. അവ ധ്യാനാത്മകജീവിതത്തിലൂടെ രുചിച്ചറിയാനേ നിവൃത്തിയുള്ളു.

## 2. ധ്യാനാത്മകജീവിതത്തിന്റെ ഫലങ്ങൾ

മുകളിൽ വിവരിച്ചതുപോലെ ധ്യാനാത്മകജീവിതത്തിന്റെ അനുഭവങ്ങൾ മുഴുവനായി വിവരിക്കാൻ സാദ്ധ്യമല്ലെന്ന് നാം മനസ്സിലാക്കുന്നതോടൊപ്പം എന്തെല്ലാമാണ് അറിയാവുന്ന ഫലങ്ങൾ എന്നു കൂടി ചുരുക്കമായി പരിശോധിക്കാം.

### a) ദൈവത്തെപ്പറ്റിയുള്ള നിരന്തരമായ ഓർമ്മ

ദൈവത്തെ മറന്ന് ജീവിക്കാനുള്ള സാഹചര്യങ്ങൾ നിറഞ്ഞു നിൽക്കുന്ന ഈ ലോക ജീവിതത്തിൽ സദായിപ്പോഴും, ദൈവത്തെ ഓർത്തിരിക്കാൻ കഴിയുക എന്നത് വലിയ കാര്യമാണ്. ദൈവവുമായുള്ള ബന്ധം നിലനിർത്താനും, എല്ലാ കാര്യങ്ങളും ദൈവിക മാനദണ്ഡത്തിൽ ബന്ധപ്പെടുവാനും വിലയിരുത്തുവാനും കഴിവുണ്ടാകുക എന്നത് ചെറിയ കാര്യമല്ല. എല്ലാവരിലും, എല്ലാ സൃഷ്ടിയിലും ദൈവസാന്നിദ്ധ്യം ദർശിച്ച് ആദരിക്കുവാൻ സാധിക്കുന്നത് വലിയ കാര്യം തന്നെ. വല്ലപ്പോഴുമൊക്കെ ദൈവത്തെ ഓർക്കാൻ ധ്യാനാത്മകജീവിത പരിശീലനമൊന്നും ആവശ്യമില്ല. നാം ഒന്ന് 'മനസ്സ്' വയ്ക്കണമെന്നേയുള്ളു. എന്നാൽ മനസ്സ് വയ്ക്കാതെ തന്നെ, പ്രത്യേക പരിശ്രമം കൂടാതെ തന്നെ ദൈവസന്നിധിയിൽ നിലകൊള്ളാനും ദൈവിക കാഴ്ചപ്പാടിൽ പ്രവർത്തിക്കാനും പ്രാപ്തി ലഭിക്കണമെങ്കിൽ ധ്യാനാത്മകജീവിതാനുഭവത്തിലേക്ക് നാം വളർന്നുകൊണ്ടിരിക്കണം. ക്രിസ്ത്യാനികളുടെ ഈ ലോക ജീവിത സാഫല്യം അതാണ്. അത് സന്യാസികൾക്ക് മാത്രമല്ല, എല്ലാ ജീവിത തുറയിലുള്ളവർക്കും സ്വായത്തമാക്കാവുന്ന ജീവിതാവസ്ഥയാണ് എന്നും ഓർക്കുക. ദൈവത്തെ പ്രസാദിപ്പിക്കാനുള്ള തീവ്രമായ അഭിലാഷം എല്ലാ പ്രവൃത്തിയിലും നിരന്തരമായി ഉണ്ടാകുവാൻ പര്യാപ്തമായ ഒരു ഉത്തമ മനഃസാക്ഷി (Con-science) യുടെ ഉടമയായിത്തീരുക എന്നത് എല്ലാവർക്കും സാധിക്കേണ്ടതു തന്നെയാണ്. ഇപ്രകാരമൊരവസ്ഥ സ്വായത്തമാക്കി നിരന്തരമായി നിലനിർത്തുന്നതിന് ധ്യാനാത്മകജീവിത പരിശീലനമല്ലാതെ മറ്റൊന്നും നിർദ്ദേശിക്കാനില്ല.

### 3) വിശുദ്ധീകരണവും രൂപാന്തരവും

ദൈവത്തെപറ്റി ധ്യാനിക്കുന്തോറും നാം ദൈവത്തിന്റെ വിശുദ്ധിയിലേക്ക് അടുക്കുകയും രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും. അതേസമയം തന്നെ ദൈവത്തിൽ നിന്നും അകറ്റുന്ന ലൗകികചിന്തകളിൽ നിന്നും ഒഴിഞ്ഞിരിക്കാനും ലൗകികകാര്യങ്ങളിൽ സ്വാഭാവികമായ അകൽച്ചയും സംരക്ഷിക്കാൻ എളുപ്പമായിത്തീരുന്നു. തിന്മ ചെയ്യാനുള്ള ചായ്‌വും ലോകമോഹവും നശിക്കുന്നതിനാൽ, ആന്തരിക സ്വാതന്ത്ര്യവും

ഭാരമില്ലായ്മയും ലഭിക്കുന്നു. ധ്യാനാത്മകജീവിതത്തിലേക്ക് നയിക്കുന്ന നന്മപ്രവർത്തികളാണ് വിശുദ്ധീകരിക്കപ്പെടുന്നതിന്റെ മാനദണ്ഡം എന്ന് നാം മറക്കരുത്. ദൈവത്തിന്റെ ഗുണങ്ങളെപ്പറ്റി എത്രമാത്രം ആഴത്തിൽ അറിയുവാൻ കഴിയുന്നുവോ, അത്രയും ദൈവസ്വഭാവത്തിലേക്ക് വളർന്ന് ദൈവസാദൃശ്യമുള്ളവരായിത്തീരുവാനുള്ള സാദ്ധ്യതയാണ് എല്ലാ മനുഷ്യരിലും 'ദൈവസ്വരൂപമായി' ദൈവം നിക്ഷേപിച്ചത്. ഈ സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തി യേശുക്രിസ്തുവിൽ വെളിപ്പെട്ട ദൈവ സാദൃശ്യത്തിലേക്ക് "ക്രിസ്തുവാകുന്ന തലയോളം" വളർന്ന് സ്വർഗസ്ഥ പിതാവിന്റെ സൽഗുണ സമ്പൂർണത കൈവരിക്കുക വഴിയായി വിശുദ്ധീകരണവും ദൈവീകരണത്തിലേക്കുള്ള രൂപാന്തരവും സാധ്യമായിത്തീരുന്നു. അത് ധ്യാനാത്മകജീവിതത്തിന്റെ പ്രധാനപ്പെട്ട മറ്റൊരു ഫലമാണ്. വി. മാമോദീസായിലൂടെ 'ദൈവപുത്രത്വം' പ്രാപിച്ച എല്ലാവർക്കും സാധിക്കാവുന്നതും സാധിക്കേണ്ടതുമായ അനുഭവമാണിത്.

### 4) ദൈവമഹത്വം

സൃഷ്ടി മുഴുവനും നിറഞ്ഞു നിൽക്കുന്ന ദൈവമഹത്വത്തെ കൺ തുറന്ന് കാണുവാനും, ഉള്ളു തുറന്ന് ദൈവത്തെ മഹത്വപ്പെടുത്തുന്നതിൽ ആനന്ദിക്കുവാനും കഴിയുന്നു. 'എന്റെ ആത്മാവ്' ദൈവത്തിൽ സന്തോഷിക്കുന്നു; എന്ന് കന്യകമറിയം പാടിയതുപോലെ ദൈവികദാനങ്ങളുടെ മഹത്വം മനസ്സിലാക്കി, ആത്മാർത്ഥമായി ദൈവാരാധനയിൽ സന്തോഷം കണ്ടെത്താനും, ദൈവ ഇഷ്ടത്തിന് സമർപ്പിച്ച് ജീവിക്കുന്നതിൽ സായൂജ്യമടയാനും കഴിയുന്നത് ധ്യാനാത്മക ജീവിതാനുഭവത്തിലൂടെയാണ്. ദൈവമഹത്വം കൂടുതൽ മനസ്സിലാക്കുംതോറും ലോകമഹത്വങ്ങളെക്കുറിച്ച് വെറുപ്പും, സ്വന്തമഹത്വത്തെപ്പറ്റി അറപ്പും ഉളവാകുന്നതിനാൽ, ദൈവാശ്രയത്തിൽ സന്തോഷത്തോടെ നിലനിൽക്കാൻ നമുക്ക് സാധിക്കുന്നു.

ദൈവമഹത്വം ദർശിക്കുക മാത്രമല്ല, അതിൽ പങ്കുചേരുക എന്ന അവകാശവും കൂടി ദൈവം നമുക്ക് തരുന്നുണ്ട്. മാലാഖമാർക്കടുത്ത ജീവിതത്തിലേക്ക് നാം പ്രവേശിച്ച് സദാ ദൈവത്തെ സ്തുതിക്കുന്ന അനുഭവത്തിൽ, ദൈവിക മഹത്വത്തിൽ പങ്കുകാരായി ദൈവീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന് ഓർക്കണം. ഈ ലോകത്തിൽ വസിച്ചുകൊണ്ട് തന്നെ സ്വർഗത്തിന്റെ അനുഭവത്തിലെത്തി ദൈവത്തെ മഹത്വപ്പെടുത്തി നിത്യസന്തോഷത്തിൽ നിലനിൽക്കുവാൻ നമുക്ക് പ്രാപ്തി ലഭിക്കുന്നു.

"ഞങ്ങൾ ഇടവിടാതെ നിനക്കും നിന്റെ ഏകപുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേറ്റുവാനായിട്ട് തന്നെ; ആയത്

ഇപ്പോഴും എല്ലായ്പ്പോഴും എന്നന്നേക്കും തന്നെ. ... ആമ്മീൻ" എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കാൻ നമുക്ക് സാധിക്കുന്നു.

### 5) ആന്തരിക സന്തോഷവും സമാധാനവും ലഭിക്കുന്നു

ധ്യാനാത്മകജീവിതത്തിന്റെ പ്രധാനവശം, മാനസ്സിക ചിന്തകളിൽ നിന്നും മോചനം പ്രാപിച്ച് ആത്മീയതലത്തിൽ ലയിച്ചുചേരുകയാണല്ലോ. യാതൊന്നും നമ്മെ ഭാരപ്പെടുത്താനില്ലാത്ത അവസ്ഥയിൽ നാം എത്തിച്ചേരുന്നതിനാൽ യഥാർത്ഥമായും നിലനിൽക്കുന്ന സന്തോഷവും പറഞ്ഞറിയിക്കാനാവാത്ത ദൈവിക സമാധാനവും കൊണ്ട് നാം നിറയുന്നു. മറ്റൊന്നിലും സന്തോഷം കാണാൻ കഴിയാത്തവിധം നമ്മുടെ മനസ്സ് ദൈവിക സന്തോഷത്തിൽ ലയിച്ചു ചേരുന്നതിനാൽ, ലൗകിക സന്തോഷങ്ങളിലേക്കും ശാരീരികമോഹങ്ങളിലേയ്ക്കും ചാഞ്ഞുപോകാതെ മനസ്സ് ദൈവത്തിൽ സ്വസ്ഥമായി വിശ്രമിക്കാൻ ഇടയാകുന്നു.

### 6) ഇച്ഛാശക്തി ദൈവേച്ഛയുമായി താദാത്മ്യപ്പെടുന്നു

'ധ്യാനം' (Meditation) വഴി ലൗകികചിന്തകളെ അകറ്റിനിർത്തി ദൈവവാക്യങ്ങളോ ദൈവിക ചിന്തകളോ 'മനസ്സിൽ' സംരക്ഷിക്കുവാൻ ശ്രമിക്കുകയും അവയെപ്പറ്റിയുള്ള ഉൾക്കാഴ്ചകൾ പ്രാപിക്കാൻ മനസ്സ് പരിശ്രമിക്കുകയുമാണ് ചെയ്യുന്നത്. എന്നാൽ ധ്യാനാത്മകജീവിതത്തിൽ (Contemplation) മനസ്സു പൂർണമായും നിശ്ചലമായി യാതൊരു കാര്യങ്ങളും ചിന്തിക്കാതെ ആത്മാവിന്റെ നിയന്ത്രണത്തിൽ ദൈവാത്മാവുമായി ബന്ധപ്പെടുന്നതിനാൽ പൂർണ്ണമായി ദൈവത്തിൽ ലയിച്ചു ചേരുകയും, ദൈവം ചിന്തിക്കുന്നതുപോലെ ചിന്തിക്കാനും ദൈവം തീരുമാനിക്കുന്നത് മനസ്സിലാക്കി അതോട് ചേർന്ന തീരുമാനം എടുക്കാനും അതിൽ ഉറച്ചുനിൽക്കാനുമുള്ള 'ഇച്ഛാശക്തി'യും ലഭിക്കുന്നു. നന്മ പ്രവർത്തിച്ചുകൊണ്ടിരിക്കുവാനും, ആവശ്യം വന്നാൽ രക്തസാക്ഷി മരണം വരെ പ്രാപിക്കാനും ധൈര്യം നൽകുന്ന ഇച്ഛാശക്തി (will power) നമുക്ക് ലഭിക്കുന്നു. ആദിമസഭയിൽ ഉണ്ടായിരുന്ന ഈ ആത്മീയാനുഭവം ലഭിക്കുന്നതിന്, എന്തു വില കൊടുത്തും ജീവിക്കാൻ നമുക്കും പരിശ്രമിക്കാം. 'ദൈവമക്കളായി' നന്മ മാത്രം ചെയ്യുന്ന അവസ്ഥയിലേക്ക്, 'നന്മയും തിന്മയും' തെരഞ്ഞെടുക്കാൻ ആവശ്യം വരാതെ, നന്മയിൽ മാത്രം ആയിത്തീരുന്ന ദൈവസ്വഭാവത്തിലേക്ക് രൂപാന്തരം പ്രാപിക്കാൻ നമ്മെയും ദൈവം സഹായിക്കട്ടെ.

### ഉപസംഹാരം

ക്രൈസ്തവ ആദ്ധ്യാത്മികതയുടെ ആഴവും പരപ്പും അളന്നു തിട്ടപ്പെടുത്തുവാനും ഗ്രഹിപ്പാനും മനുഷ്യമനസ്സിന് കഴിവില്ല. അതേസമയം

ആത്മീയാനുഭവങ്ങളിൽ ജീവിച്ച് ധ്യാനാത്മകതയിലൂടെ ദൈവസാന്നി ധ്യത്തിലെത്തിച്ചേർന്ന അനുഭവം സിദ്ധിക്കുവാൻ ആദ്ധ്യാത്മിക ജീവിതം പ്രയോജനപ്പെടുത്തണം. അത് ബുദ്ധിപരമായ അറിവിനേക്കാൾ ബുദ്ധി ക്കതീതമായ അനുഭൂതി (feeling) ആയി അനുഭവപ്പെടണം. ദൈവ ത്തോടും മനുഷ്യരോടും സകല സൃഷ്ടികളോടുമുള്ള അകലം കുറഞ്ഞ് വന്ന് സകലവും ഒന്നായിത്തീരുന്ന അനുഭവം! ദൈവത്തിന്റെ ആഗോള നിയന്ത്രണത്തിന് പൂർണ്ണ വിധേയമാകുമ്പോഴുണ്ടാകുന്ന ഭാരമില്ലായ്മ യുടെ സ്വാതന്ത്ര്യം! എന്നിലെ 'ഞാൻ' ഇല്ലാതെയായി, എന്നിൽ 'ക്രിസ്തു' നിറഞ്ഞു നിൽക്കുന്ന സംതൃപ്തി! ഞാൻ ദൈവത്തിലും ദൈവം എന്നിലും ആയിത്തീരുന്ന സായൂജ്യം! ദൈവത്തിലല്ലാതെ മറ്റൊ ന്നിലും നിലനിൽപില്ലെന്ന ആശ്രയ മനോഭാവം! ദൈവത്തിൽ നിന്നും നമ്മെ അകറ്റുന്ന എല്ലാത്തിനോടും അകൽച്ചയും വെറുപ്പും, ദൈവത്തി ങ്കലേക്ക് ആകർഷിക്കുന്ന എല്ലാത്തിനേടും അടുപ്പവും സ്നേഹവും സ്വയമേ തോന്നുമ്പോഴുണ്ടാകുന്ന ആത്മനിർവൃതി! പ്രലോഭനങ്ങളെയും പ്രതിസന്ധികളെയും ദൈവാശ്രയത്തോടെ നേരിടാനുള്ള ധൈര്യം! വിശു ദ്ധീകരണവും രൂപാന്തരവും പ്രാപിച്ച് ക്രിസ്തീയ പൂർണതയിലേക്ക് വള ർന്നുകൊണ്ടിരിക്കുമ്പോഴുണ്ടാകുന്ന സന്തോഷം! ദൈവമഹത്വം വെളി പ്പെടുത്തുവാൻ പരിശ്രമിക്കവെ സ്വന്ത മഹത്വം മറക്കുമ്പോഴുണ്ടാകുന്ന സമാധാനം! സ്വന്തം കുറവുകളെ ഓർക്കുന്നതിലൂടെ അനുതാപചിന്ത നൽകുന്ന ആന്തരിക സ്വസ്ഥത! ദൈവിക പദ്ധതികളെ സ്വാഗതം ചെയ്ത് അവയോട് സഹകരിച്ച് പ്രവർത്തിക്കുമ്പോഴുണ്ടാകുന്ന പരിപൂർണത! ദൈവിക 'മനസ്സ്' കണ്ടെത്തി, സ്വന്ത മനസ്സുമായി സംയോജിക്കുമ്പോ ഴുണ്ടാകുന്ന "മാനസ്സാന്തരം"! സ്വന്ത ഇഷ്ടത്തെ ദൈവേഷ്ടത്തിനായി മാറ്റിവയ്ക്കുന്ന ത്യാഗ മനോഭാവം! യേശുക്രിസ്തുവിന്റെ ഇഷ്ടവും പ്രവൃത്തിയും നമ്മുടെ മനസ്സിലൂടെയും ശരീരത്തിലൂടെയും സദാ നിവൃ ത്തിക്കപ്പെടുമ്പോഴുണ്ടാകുന്ന സർവ്വ സമ്പൂർണത!!

ഇതാണ് ക്രൈസ്തവ ആദ്ധ്യാത്മികതയിലൂടെ പ്രാപിച്ചെടുക്കേണ്ടത്. പിതാവായ ദൈവത്തിന്റെ ഇഷ്ടം പുത്രപദവിയിൽ ഈ ലോകത്തിൽ നിവൃത്തിക്കുവാനായി കാൽവറിക്രൂശിൽ യാഗമായിത്തീർന്ന യേശു ക്രിസ്തുവിന്റെ കാൽപാടുകൾ പിന്തുടർന്ന്, ക്രിസ്തുവിനെപ്പോലെ ദൈവമക്കളായി ജീവിക്കുന്നതിനും മരിക്കുന്നതിനും ഉയിർത്തെഴുന്നേ ൽക്കുന്നതിനും മേൽപറഞ്ഞ അനുഭവങ്ങൾ നാം സ്വായത്തമാക്കേണ്ടി യിരിക്കുന്നു. ഒരു പരിധിവരെ ഈ പഠനം നമ്മെ സഹായിക്കാതിരിക്കില്ല. സർവ്വോപരി, സകലത്തേയും ജീവിപ്പിക്കുന്ന ദൈവാത്മാവിന്റെ നിരന്ത രമായ ആവാസം നമ്മെ ക്രൈസ്തവ ആദ്ധ്യാത്മികതയുടെ പൂർണത യിലേക്ക് വഴി നടത്തട്ടെ.

# Bibliography


1. *Mystical Theology of the Eastern Church*, Vladimir Lossky, London, 1957.
2. *Orthodox Spirituality*, A Monk of the Eastern Church, London, 1945.
3. *The Fathers of the Greek Church*, Godman, S (tr) Newyork, 1959.
4. *Orthodox Spirituality and Protestant and Anglican Spirituality*, Newyork, 1956.
5. *In the Image and likeness of God*, V. Lossky, Newyork, 1974.
6. *The Philosophy of the Church Farthes*, Wolfson, H. A, Cambridge, 1956.
7. *Byzantine Theology*, J. Meyendorff; Newyork, 1974.
8. *The Philokalia*, ed. G. E. H. Palmer, London, 1979.
9. *Byzantine Legacy in the Orthodox Church*, J. Meyendorf, Newyork,1982.
10. *Monks & Monasteries of the Egyptian Deserts,* Meinardus, O. Cairo, 1961.
11. *History of Asceticism in the Syrian Orient*, A. Voobus, Louvain, 1958.
12. *Lives and legends of Gregorian Saints*, David Marshall Lang, London, 1956.
13. *The Russian Religious mind*, Georgy P. Fedotov, Cambridge, 1946.
14. *A Treasurry of Russian Spirituality*, London, 1950.
15. *The wisdom of God*, Sergius Bulgakov, London, 1937.
16. *A Patristic Greek Lexicon*, Lampe, G. W. H., Oxford.
17. *The Holy Spirit in the Theology of Sergius Bulgakov*, Charles Grave, Geneva, 1972.
18. *Christ in Christian tradition,* A. Grillmeir, 1975.
19. *The Patristic Doctrine of Redemption*, Turner, 1965.
20. *In the Image and likeness of God*, V. Lossky, 1974.
21. *Creation and Redemption*, Georgy Florovsky, Belmont.

22. *Christ in Eastern Christian Thought*, J. Meyendorf, 1975.

23. *The Imitation of Christ*, Thomas A Kempis.

24. *God in Patristic Thought*, G. L. Prestige, London.

25. *The Doctrine of Man's Deification in Gregory Palamas*, Thessaloniya, 1975.

26. *The Cosmic Man*, Paulos Gregorios, Delhi, 1980.

27. *The Human Presense*, Paulos Gregorios, Geneva, 1978.

28. *Freedom and Authority*, Paulos Gregorios, CLS, 1974.

29. *Mysticism and the Eastern Church*, A. Chambers.

30. *The idea of Christian Perfection In Christian Theology*, R. Newton Flew, London, 1934.

31. *The Doctrine of Christian Perfection in the writings of Clement of Alexandria*, Louis Ville, 1954.

32. *Microcosm and Mediator*: *Theological Anthropology of Maximus the Confessor*, Lars Thunberg, Lund, 1965.

33. *God and World in Early Christian Theology: A study in Justian Martyr*, *Ireneus, Tertullian and Origen*, Richard A. Norris, London, 1965.

34. *The Seven Deadly Sins*, M. Bloomfiled, 1952.

35. *The Orthodox Church*, Sergius Bulgakov, London, 1935.

36. *For the life of the world: Sacraments and Orthodoxy*, A. Schemmeman, Newyork, 1973.

37. *Theology of Early Greek Philosophers*, Werner Jaeger.

38. *Ecstacy: A way of knowing*, Andrew M. Greeley.

39. The Spirituality of the Christian East (SEC), Spidlik Thomas, Michigan, Cistercian Publications, INC 1980.

40. The West minister Dictionary of Christian Spirituality, Gordon S. Wakefield (ed), Philiphines, Claritian, 1983.

41. *Indian Christian Spiritulity*, D. S. Amalorpavadas (ed), Bangalore, NBCLC, 1982.

42 *East Syrian Spirituality*, Fr. Augstine Thottakkara, Bangalore, Dharmaram, 1990.

43. Anchoritic Spirituality, Savage, Anne & Nicholas Waston, New York, Paulist Press, 1991.

44. *African Spirituality*, Alward Shorter (ed), New york, ORBIS, 1980.

45. *Spirituality & Ecumenism*, Tantur / Jerusalem, Ecumenical Institute, 1980.

46. *Christian Spirituality in Yogic discipline and Meditation*, Bombay, St. Paul's, 1993.

47. *Call to Holiness*, New Frontiers in Spirituality for Todays Religious, Renato Perin, St. Pauls, 1987.

48. *Christian Spirituality and Sacramental Community*, Wolfhart Pannenberg, London, D.L.T, 1984.

49. *Spirituality and Emptiness*, D.W. Mitchel, 1991.

50. *To live the word, Inspired and Incarnate*, Dicharry, Warren, Bombay, St. Paul's, 1985.

51. *Spiritual wisdom and practices in Early Christianity*, Goeltmann, Greenwood, 1991.

52. *Christisn Spirituality,* Vol. I, II & III, Bernard M. C. Ginn & J. Meyendorff, Newyork, 1992.

53. *The Spirituality of the New Testament and the Fathers*, Bouyer, Louis, Newyork, 1960.

54. *The Silent Roots*, Fr. Dr. K. M. George, Geneva, 1996.